# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

### 2018 മാർച്ച് 23, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 17

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 23, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

548/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം.എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ<br>എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും<br>വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും<br>വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു<br>സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും<br>വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ** *പേജ്*

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...85

**II അടിയന്തരപ്രമേയം**

ശിക്ഷ ഇളവുചെയ്യൽ ...416

(അവതരണാനുമതി നിഷേധിച്ചു.)

III **ശ്രദ്ധ ക്ഷണിക്കൽ**

(1) ജനസംഖ്യാനുപാതിക സംവരണം

– ശ്രീ. സി.കെ. ശശീന്ദ്രൻ ...429

(2) ഭൂമി ഏറ്റെടുക്കൽ

– ശ്രീ. പി. കെ. അബ്ദു റബ്ബ് ...431

**IV സബ്മിഷൻ**

(1) ചോദ്യപേപ്പർ ചോർച്ച

– പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...439

(2) സ്പെഷ്യൽ റൂൾസ്

– ശ്രീ. റ്റി. വി. രാജേഷ് ...441

(3) സർക്കാർവക സ്ഥലം ഉപയോഗപ്പെടുത്തൽ

– ശ്രീ. കെ. സി. ജോസഫ് ...442

(4) അണകെട്ടുന്നത് സംബന്ധിച്ച്

– ശ്രീ. കെ. കൃഷ്ണൻകുട്ടി ...444

പേജ്

(5) ബാലനീതി നിയമം

— ശ്രീ. രാജു എബ്രഹാം ...446

(6) ബദൽ റോഡ് നിർമ്മാണം

— ശ്രീ. എൻ. ഷംസുദ്ദീൻ ...448

(7) മെഡിക്കൽ ക്യാമ്പ്

— ശ്രീ. റോഷി അഗസ്റ്റിൻ ...451

(8) ചുഴപ്പ്-നെടിയോരം റോഡ് നിർമ്മാണം

— ശ്രീമതി ഇ. എസ്. ബിജിമോൾ ...452

**V റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...453

(2) 2018-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ...453

**VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് പരിഗണന ...454

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള

രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

— ശ്രീ. റ്റി. വി. രാജേഷ് നോട്ടീസ് നൽകിയത് ...454

(ii) 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

-പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നോട്ടീസ് നൽകിയത് ...463

*പേജ്*

(iii) 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

– ശ്രീ. പി. ടി. തോമസ് നോട്ടീസ് നൽകിയത്...467

(iv) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

– ശ്രീ. ആർ. രാജേഷ് നോട്ടീസ് നൽകിയത് ...473

(v) 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലത്തുമുള്ള മദ്യപാനം തടയൽ ബിൽ

– ശ്രീമതി യു. പ്രതിഭ ഹരി നോട്ടീസ് നൽകിയത് ...475

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

– ശ്രീ. എം. സ്വരാജ് നോട്ടീസ് നൽകിയത് ...478

(ii) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

– ശ്രീ. കെ. രാജൻ നോട്ടീസ് നൽകിയത് ...479

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 23, വെള്ളി*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2018 മാർച്ച് മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ..........ഓർഡർ.......ഓർഡർ........ചോദ്യം നമ്പർ *481.

### മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

1 (*481) ശ്രീ. സി. കെ. നാണു:

ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ നടത്തുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനം ഇപ്പോൾ എങ്ങനെയാണ് നടത്തുന്നത്; അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽനിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കുന്നത് സ്ഥാപനങ്ങളുടെ ഗുണമേന്മ ഉയർത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പ്രവേശന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ഇതിന് സംസ്ഥാനാടിസ്ഥാനത്തിൽ പരസ്യം ചെയ്യാറുണ്ടോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ അതിന്റെ ചുമതലകൾ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ഒന്നോ രണ്ടോ അദ്ധ്യാപകർക്കുകൂടി നൽകാൻ ശ്രദ്ധിക്കുമോ;

(ഇ)കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ പരിശോധന നടത്താൻ ആരോഗ്യ വകുപ്പിനെയും അടുക്കള ഭക്ഷണ ശുചിത്വം പരിശോധിക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പിനെയും ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ&ബി) കേരള പട്ടികജാതി പട്ടികവർഗ്ഗ റെസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്.) പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 20 എം.ആർ.എസ്.-കളും പട്ടികജാതി വിദ്യർത്ഥികൾക്കായി ഒരു സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 9 എം.ആർ.എസ്.-കളുമാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 2 എണ്ണം സി.ബി.എസ്.ഇ. സ്കൂളുകളാണ്. സംസ്ഥാന സിലബസ് പഠിപ്പിക്കുന്ന 18 സ്കൂളുകളിൽ 11 ഹയർ സെക്കണ്ടറി സ്കൂളും 6 ഹൈസ്കൂളും ഒരു പ്രൈമറി സ്കൂളും ഉൾപ്പെടും.

പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള 9 സ്കൂളുകളിൽ ഒരു സ്പോർട്സ് ഹയർ സെക്കണ്ടറി സ്കൂൾ, 7 ഹയർ സെക്കണ്ടറി സ്കൂൾ, 2 ഹൈസ്കൂളുകൾ എന്നിവ ഉൾപ്പെടും.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയ്ക്ക് അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. അദ്ധ്യാപക തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് വ്യവസ്ഥയില്ല.

ഓരോ അധ്യയന വർഷാരംഭത്തിലും ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കാറുണ്ട്. ഒഴിവുള്ള തസ്തികകളിലേക്ക് അപേക്ഷ നൽകുന്ന അദ്ധ്യാപകരിൽനിന്ന് ഇന്റർവ്യൂ നടത്തിയാണ് നിയമനം

നൽകിവരുന്നത്. വിദ്യാഭ്യാസ വകുപ്പിൽനിന്ന് അദ്ധ്യാപകരെ ലഭിക്കാത്ത തസ്തികകളിലേക്ക് മാത്രം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ഇന്റർവ്യൂ ബോർഡാണ് കരാർ നിയമനത്തിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നത്. രണ്ട് തരത്തിലുള്ള നിയമന രീതികളിലും അദ്ധ്യാപകരുടെ ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഇത് സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരവർദ്ധനയ്ക്കും കാരണമായിട്ടുണ്ട്. അദ്ധ്യാപകേതര ജീവനക്കാരെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ് നിയമിക്കുന്നത്.

(സി) ഓരോ വർഷവും സംസ്ഥാനതലത്തിൽ നടത്തുന്ന മത്സരപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേക്കുള്ള പ്രവേശനം നടത്തുന്നത്. കുടുംബ വാർഷിക വരുമാനത്തിന്റെ ഉയർന്ന പരിധി ഒരു ലക്ഷം രൂപയാണ്. സാധാരണഗതിയിൽ 5-ാം ക്ലാസ്സിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഇടുക്കി, പൂക്കോട് എം.ആർ.എസ്.-കളിൽ 6-ാം ക്ലാസിലേയ്ക്കാണ് പ്രവേശനം നൽകുന്നത്. കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ എന്നീ അതീവ ദുർബ്ബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷ എഴുതേണ്ടതില്ല.

സി.ബി.എസ്.ഇ. സ്കൂളുകളിൽ 1-ാം ക്ലാസിലേയ്ക്ക് അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലേക്ക് ജില്ലാതലത്തിൽ നടത്തുന്ന കായികക്ഷമതാ പരിശോധനയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകിവരുന്നത്. പ്രവേശന പരീക്ഷകൾ സംബന്ധിച്ചും കായികക്ഷമതാ പരിശോധന സംബന്ധിച്ചും എല്ലാ പത്രങ്ങളിലും സംസ്ഥാനാടിസ്ഥാനത്തിൽ അറിയിപ്പ് നൽകാറുണ്ട്.

(ഡി) ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പ്രൈമറി വിഭാഗത്തിൽ 3 വീതവും ഹൈസ്കൂൾ വിഭാഗത്തിൽ കണക്ക്, സയൻസ്, സാമൂഹ്യശാസ്ത്രം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾക്ക് പ്രത്യേകം പ്രത്യേകം ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനുള്ള വ്യക്തിപരമായ ഇടപെടലുകൾ നടത്തുന്നതിനും എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള കൗൺസലർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഹോസ്റ്റലുകളിൽ അധ്യാപന യോഗ്യതയുള്ള റെസിഡന്റ് ട്യൂട്ടർമാരെയും നിയമിച്ചിട്ടുണ്ട്. കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ചുമതല നൽകേണ്ടതിന്റെ ആവശ്യം ഇപ്പോൾ ഇല്ല.

(ഇ) അതത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ പീരിയോഡിക്കലായി ഹോസ്റ്റലുകൾ സന്ദർശിച്ച് കുട്ടികളുടെ വൈദ്യപരിശോധന നടത്തിവരുന്നുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മയും പരിസരശുചിത്വവും ആരോഗ്യ വകുപ്പിലെ ജീവനക്കാർ പരിശോധിച്ചുവരുന്നുണ്ട്. മെച്ചപ്പെട്ട ശുചിത്വ സംവിധാനങ്ങൾ എല്ലാ ഹോസ്റ്റലുകളിലും ഒരുക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റലുകളിലെയും എം.ആർ.എസ്.കളിലെയും അടുക്കളകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സർട്ടിഫിക്കറ്റുകളോടുകൂടിയാണ് പ്രവർത്തിക്കുന്നത്.

<u>ശ്രീ. സി. കെ. നാണു</u>: സർ, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകൾ ഇപ്പോൾ മെച്ചപ്പെട്ട നിലവാരത്തിലാണ് പ്രവർത്തിക്കുന്നത്. പക്ഷേ പഴക്കംചെന്ന ഈ ഹോസ്റ്റലുകൾ പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. ഉദാഹരണമായി വടകര എസ്.പി. ഓഫീസിനടുത്തുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഹോസ്റ്റലിൽ അത്രയും കുട്ടികൾക്ക് താമസിക്കാനുള്ള സൗകര്യമില്ല. ആ കുട്ടികൾക്ക് കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ പഠനം നടത്താനാവശ്യമായ സംവിധാനമുണ്ടാക്കണം. അവിടെ സന്ദർശിച്ചപ്പോൾ, മറ്റ് സ്ഥലത്തെ കുട്ടികളെപ്പോലെ അവിടെയുള്ള കുട്ടികളും ടൂർ പോകുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട സി. കെ. നാണു സൂചിപ്പിച്ചത് വടകരയിലെ പുതുപ്പണം ഹോസ്റ്റലിനെ സംബന്ധിച്ചാണ്. അവിടെ സ്ഥലപരിമിതിയുണ്ട്. അതിന്റെ പശ്ചാത്തല സൗകര്യവികസനത്തിന് ഏറ്റവും പ്രധാനമായത് സ്ഥലലഭ്യതയാണ്. സ്ഥലലഭ്യതക്കുറവ് പലയിടത്തുമുണ്ടെങ്കിലും ലഭ്യമായ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. ഓരോ ഹോസ്റ്റലും സന്ദർശിച്ചാൽ ഒരു രക്ഷിതാവിനും അസംതൃപ്തി തോന്നില്ല. സ്ഥലലഭ്യത പരിഹരിക്കുന്നതിന് ആ സ്ഥാപനത്തെ വേറെ സ്ഥലത്തേയ്ക്ക് മാറ്റേണ്ടിവരും. പുതുപ്പണത്തെ ഹോസ്റ്റൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റാൻ സാധിക്കില്ല. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക ടൂർ പ്രോഗ്രാം വിദ്യാഭ്യാസ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി നടത്തുന്നുണ്ട്. എം.ആർ.എസ്. മാത്രം കേന്ദ്രീകരിച്ചുള്ള ടൂർ പ്രോഗ്രാമിനെക്കുറിച്ച് ആലോചിക്കാം.

<u>ശ്രീ. സി. കെ. നാണു</u>: സർ, സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ടവർ മക്കളെ ഹോസ്റ്റലുകളിൽ താമസിപ്പിക്കാൻ താൽപ്പര്യപ്പെടുന്നില്ല. കാരണം അവിടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ യോഗ്യത നേടാൻ സൗകര്യം ലഭിക്കുന്നില്ല. അത് എങ്ങനെ പരിഹരിക്കാൻ സാധിക്കും?

ശ്രീ. എ. കെ. ബാലൻ: സർ, കേരളത്തിൽ 245 ഹോസ്റ്റലുകളിലായി 16538 കുട്ടികളാണ് പഠിക്കുന്നത്. അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസവും നല്ല ഭക്ഷണവും അനുബന്ധ സൗകര്യങ്ങളുമെല്ലാം ഇന്ന് ഹോസ്റ്റലുകളിൽ ലഭ്യമാണ്. അതുകൊണ്ടുതന്നെ ഒരു കാലഘട്ടത്തിലുമില്ലാത്ത തരത്തിൽ ക്രമാനുഗതമായി അവരുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് എം.ആർ.എസ്.-ൽ പഠിക്കുന്ന കുട്ടികളോട് കോംപീറ്റ് ചെയ്യാൻ ഇപ്പോഴുള്ള എയ്ഡഡ് സ്ഥാപനങ്ങളിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ മറ്റ് സ്ഥാപനങ്ങളിലോ ഉള്ള വിദ്യാർത്ഥികൾക്കുപോലും സാധിക്കില്ല. അത്രത്തോളം മെച്ചപ്പെട്ട സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവുമാണ് എം.ആർ.എസ്.-കളിൽ ഇപ്പോഴുള്ളത്. ഇവിടെ എഴുത്തും വായനയും അറിയാത്ത കുട്ടികളെയാണ് അഞ്ചാം തരത്തിൽ ചേർക്കുന്നത്. പത്താം ക്ലാസ്സിലെത്തുമ്പോൾ ആ കുട്ടികളുടെ നിലവാരം നമുക്ക് ഊഹിക്കാൻ സാധിക്കാത്ത നിലയിലായിരിക്കും. ആ നിലയിലുള്ള ശിക്ഷണം അവിടെ കൊടുക്കുന്നുണ്ട്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ആവശ്യമുള്ളപക്ഷം പിന്നീട് ആലോചിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കിഫ്ബി മുഖേന എന്തൊക്കെ പ്രവൃത്തികളാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഹോസ്റ്റലുകൾ, സ്കൂളുകൾ എന്നിവയ്ക്കായി ചെയ്യാൻ ഉദ്ദേശിക്കുന്നത്? 5-ാം ക്ലാസ് മുതലാണ് പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ അഡ്മിഷൻ ലഭിക്കുന്നത് എന്നതുകൊണ്ട് നഴ്സറി മുതൽ അഞ്ചാം ക്ലാസ് വരെ അവർക്ക് പ്രത്യേക പരിശീലനം കൊടുക്കാതിരുന്നാൽ അവർ മറ്റ് കുട്ടികളോടൊപ്പം എത്താനുള്ള സാഹചര്യമുണ്ടാകില്ല. അക്കാര്യംകൂടി പരിഗണിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, കിഫ്ബിയുടെ ഭാഗമായി ഏതാണ്ട് 255 കോടി രൂപയുടെ പദ്ധതികളാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ളത്. അതിൽ 84.68 കോടി രൂപയുടെ അംഗീകാരം ഇപ്പോൾ കിട്ടിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ പത്ത് സ്ഥാപനങ്ങൾക്ക് 28.25 കോടി രൂപയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 56.43 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളതിന്റെ പ്രൊപ്പോസൽ കിഫ്ബിയുടെ മുന്നിലുണ്ട്. അംഗീകാരം കിട്ടിയ പദ്ധതിയിൽ വളരെ പ്രധാനപ്പെട്ടതാണ് ആറളം എം.ആർ.എസ്., 18,60,00,000 രൂപയുടെ പദ്ധതി അംഗീകരിച്ചു. ബദിയഡുക്ക പ്രീ-മെട്രിക് ഹോസ്റ്റൽ- 4,70,00,000 രൂപ, കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റൽ-4,20,00,000 രൂപ, അച്ചൻകോവിൽ പ്രീ-മെട്രിക് ഹോസ്റ്റൽ-5 കോടി രൂപ, അരിവിളച്ചാൽ പ്രീ-മെട്രിക് ഹോസ്റ്റൽ ഇടുക്കി-

3,63,00,000 രൂപ, നേര്യമംഗലം പോസ്റ്റ് മെട്രിക് ഹോസ്റ്റൽ-5 കോടി രൂപ, ഇടുക്കി കോടാനിപ്പാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - 3,91,00,000 രൂപ, വി.ടി.സി. അക്കാദമിക് ബ്ലോക്ക് ഇടുക്കി-4 കോടി രൂപ, വി.ടി.സി. ഹോസ്റ്റൽ ഇടുക്കി- 3,42,00,000 രൂപ, പാലോട് യൂത്ത് ഹോസ്റ്റൽ- 3,94,00,000 രൂപ. പട്ടികജാതി വിഭാഗത്തിൽ പത്ത് പദ്ധതികളുണ്ട്. എല്ലാം ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. അതിൽ എം.ആർ.എസ്. ഹോസ്റ്റൽ കാസർഗോഡ്-5 കോടി രൂപ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആലുവ-5 കോടി രൂപ, കൊഴിഞ്ഞാംപാറ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ- 5.3 കോടി രൂപ, കണ്ണൂർ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ-2 കോടി രൂപ, മണ്ണന്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ- 1,95,00,000 രൂപ, പ്രീ-മെട്രിക് ഹോസ്റ്റൽ തലശ്ശേരി- 2 കോടി രൂപ, വി.ഇ.ടി.സി. കണ്ണൂർ -1,30,00,000 രൂപ, മണ്ണന്തല ക്വാർട്ടേഴ്സ് -1,95,00,000 രൂപ, ഐ.ടി.ഐ. വെട്ടിക്കവല- 1,43,00,000 രൂപ, ഐ.ടി.ഐ. ആറ്റിപ്ര - 2.32 കോടി രൂപ. ബാക്കിയുള്ളത് കിഫ്ബിയുടെ മുമ്പാകെയുണ്ട്. വിദ്യാഭ്യാസ രംഗത്ത് കിഫ്ബിയുടേതായ സഹായം കിട്ടുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കേരളത്തിലെ എല്ലാ എം.ആർ.എസ്.-കളും കഴിഞ്ഞ കാലങ്ങളെക്കാൾ വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരികയാണ്. നിയമസഭാ സമിതി പല സ്കൂളുകളും സന്ദർശിച്ചപ്പോൾ മനസ്സിലായത് അവിടത്തെ കുട്ടികൾക്ക് വേണ്ടത്ര എഡ്യൂക്കേഷൻ പ്രോഗ്രസ് ഉണ്ടാകുന്നില്ല എന്നതാണ്. അത് പൊതുവെയുള്ള ഒരു സ്ഥിതിയാണ്. എന്നാലും ചാലക്കുടി, വയനാട് അടക്കമുള്ള സ്കൂളുകളിലെ വിജയം 100 ശതമാനമാണ്. മറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനെക്കാൾ കൂടുതലായി ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എം.ആർ.എസ്.കളിൽ എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം വിജയമാണ്. അത് മറ്റ് സ്ഥാപനങ്ങളിലും 100 ശതമാനമാണ്. അതിൽ പ്രത്യേകത ഇല്ല. പ്ലസ് ടു-ന് 88 ശതമാനമാണ് പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽ എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനവും പ്ലസ് ടു-ന് 97 ശതമാനവുമാണ്. അവരുടെ വിദ്യാഭ്യാസ നിലവാരം ഓരോ വർഷവും കൂടിക്കൂടി വരികയാണ്. ഹോസ്റ്റലുകളിലുള്ള കുട്ടികൾക്ക് പ്രീമെട്രിക് മെസ് അലവൻസ് 2,000 രൂപയായിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 2,500 രൂപയാക്കി. പോസ്റ്റ് മെട്രിക് മെസ് അലവൻസ് 2,300 രൂപയായിരുന്നത് 2825 രൂപയാക്കി. ഇപ്പോൾ മെസ്സുകളിൽ ബെസ്റ്റ് മെനുവാണ്. കുട്ടികൾക്ക് ഇഷ്ടമില്ലാത്ത മെനുവുണ്ടെങ്കിൽ അത് ഒഴിവാക്കും. മൂന്നുനാല് ദിവസം നോൺവെജിറ്റേറിയൻ,

മൂന്ന് ദിവസം വെജിറ്റേറിയൻ, മാസത്തിലൊരിക്കൽ ബിരിയാണി എന്നിങ്ങനെയാണ് മെനു. ഞാൻ കാസർഗോഡ് ഒരു ഹോസ്റ്റലിൽ പോയപ്പോൾ കുട്ടികളുടെ കൂടെയിരുന്നാണ് ഭക്ഷണം കഴിച്ചത്. നല്ല ടേസ്റ്റുള്ള ഭക്ഷണമാണ്. ഞാൻ പോയ ദിവസം മാത്രമല്ല എല്ലാ ദിവസവും നല്ല ഭക്ഷണമാണെന്നാണ് കുട്ടികൾ പറഞ്ഞത്. ഭക്ഷണത്തെ സംബന്ധിച്ച് ഞാൻ കുട്ടികളോട് പത്രക്കാരുടെ മുമ്പിൽ വച്ച് ചോദിച്ചു. നല്ല മെനുവാണ്, നല്ല പോഷകാഹാരമുള്ള ഭക്ഷണമാണ് എന്ന് കുട്ടികൾ പറഞ്ഞു. മാസത്തിലൊരിക്കൽ പായസംകൂടി വേണമെന്ന് കുട്ടികൾ പറഞ്ഞു. അതും റെഡിയാക്കാമെന്ന് ഞാൻ പറഞ്ഞു. ഇതിനുപുറമെ യൂണിഫോം/ നോട്ട് ബുക്ക് അലവൻസ്, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, സോപ്പ്, ടവ്വൽ, കണ്ണാടി, മുടിവെട്ടുന്നതിനുള്ള കാശ്, സ്പോർട്സ് ഉപകരണങ്ങൾ, മെഡിക്കൽ അലവൻസ്, വാഷിംഗ് അലവൻസ് എന്നിവയെല്ലാം കൊടുക്കുകയാണ്. ഹോസ്റ്റലുകളിൽ പൊതുവെ താരതമ്യേന മെച്ചപ്പെട്ട സ്ഥിതിയാണുള്ളത്.

ശ്രീ. കെ. ബി. ഗണേഷ് കുമാറിനുവേണ്ടി ശ്രീ. ചിറ്റയം ഗോപകുമാർ: സർ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് എല്ലാ വർഷവും ബജറ്റിൽ പണം വകയിരുത്താറുണ്ട്. കഴിഞ്ഞ രണ്ടുവർഷം വകയിരുത്തിയ പണം പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കുമോ; പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പഠിക്കുന്ന ഐ.ടി.ഐ./ഐ.ടി.സി.കളെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെപ്പോലെ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടിയുണ്ടാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഉണ്ടായിരുന്നില്ല എന്നതാണ് ഐ.ടി.ഐ.-കൾക്കുണ്ടായിരുന്ന ഒരു പ്രശ്നം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവർക്ക് പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഉറപ്പുവരുത്തി. സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതുകൊണ്ട് യഥാർത്ഥത്തിൽ അത്രയധികം മെസ് അലവൻസ് ഇപ്പോൾ വേണ്ട. പല സ്ഥലത്തും 2,000-2,300 രൂപ വരെ മതിയാകും. ഇപ്പോൾ നമ്മൾ 2875 രൂപ വരെ കൊടുക്കുന്നുണ്ട്. അതിന്റെ ബാക്കിവരുന്ന തുകയല്ലാതെ ലാപ്സാകുന്ന പ്രശ്നം അതിലില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ 25 ശതമാനം തുക വർദ്ധിപ്പിച്ചു. ഇപ്പോൾ വീണ്ടും 25 ശതമാനം വർദ്ധിപ്പിച്ചു. മെസ് അലവൻസ് വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല. അത്രയും തുക ചെലവഴിക്കപ്പെടുന്നില്ല. അതുകൊണ്ട് കുട്ടികളെ സംബന്ധിച്ചിടത്തോളം കാശില്ലാത്ത പ്രശ്നമില്ല, തുക ലാപ്സാകുന്ന പ്രശ്നവുമില്ല. യഥാർത്ഥത്തിൽ എം.ആർ.എസ്.-കളുടേത് എക്സസാണ്. തുകയൊന്നും ലാപ്സായിട്ടില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിലെ പല ജില്ലകളിലും പ്രീ-മെട്രിക് ഹോസ്റ്റലുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ ബത്തേരിയിൽ പ്രവർത്തിക്കേണ്ട ഹോസ്റ്റൽ മീനങ്ങാടിയിലെ ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഞാൻ ഇക്കാര്യം രണ്ടുമൂന്ന് മാസം മുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെ ആവശ്യമായ ടോയ്‌ലെറ്റോ വായനാമുറിയോ ഇല്ല. കുട്ടികളുടെ പഠനോപകരണങ്ങൾ, യൂണിഫോം, സോപ്പ്, എണ്ണ, സ്പോർട്സ് കിറ്റ്, പാത്രങ്ങൾ എന്നിവ സൂക്ഷിക്കാൻപോലും സൗകര്യമില്ല. പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള അസൗകര്യങ്ങളുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചോ അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുത്തോ കുട്ടികളെ താമസിപ്പിക്കാനുള്ള സാഹചര്യങ്ങളൊരുക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഈ വിഷയം കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ഐ. സി. ബാലകൃഷ്ണൻ സൂചിപ്പിച്ചതാണ്. മീനങ്ങാടി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം ഒരു സ്ഥിരം കെട്ടിടത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വാടകക്കെട്ടിടങ്ങൾ പരമാവധി ഒഴിവാക്കി സ്ഥാപനങ്ങൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീ. ബി. സത്യൻ: സർ, 1996-2001 കാലയളവിൽ ആരംഭിച്ചതാണ് വെങ്ങാനൂരിലെ അയ്യങ്കാളി സ്പോർട്സ് സ്കൂൾ. വെള്ളായണി കാർഷിക സർവ്വകലാശാലയുടെ സ്ഥലം അയ്യങ്കാളി സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി നൽകിയപ്പോൾ ചില നിബന്ധനകളുണ്ടായിരുന്നു. അവിടത്തെ ഡീൻ ആണ് സ്പോർട്സ് സ്കൂളിന്റെ നടത്തിപ്പിൽ മുഖ്യ പങ്കുവഹിക്കുന്നത്. അവിടെ അഡ്മിനിസ്ട്രേഷൻ, അക്കാദമിക് കാര്യങ്ങൾ, സ്പോർട്സ് എന്നീ മൂന്ന് വിഭാഗങ്ങളെ ഏകോപിപ്പിക്കേണ്ടതുണ്ട്. സ്ഥലപരിമിതിമൂലം ഹോസ്റ്റലും ക്ലാസും അടുത്തടുത്താണ് പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പരിശീലിപ്പിക്കാനുള്ള പരിശീലന കേന്ദ്രമായ ഒരു മോഡൽ സ്പോർട്സ് സ്കൂളായി ആ സ്ഥാപനം വികസിപ്പിച്ചെടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ വളരെ മാതൃകാപരമായി നടക്കുന്ന ഒരു സ്ഥാപനമാണ്. അവിടെ പശ്ചാത്തല സൗകര്യ വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുമ്പും

ഇടപെടൽ നടത്തിയിട്ടുണ്ട്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലഘട്ടത്തിൽ 10 കോടി രൂപയോളം ചെലവിൽ സ്പോർട്സ്സുമായി ബന്ധപ്പെട്ട പശ്ചാത്തല സൗകര്യമൊരുക്കി. കാർഷിക കോളേജിന്റെ നിയന്ത്രണം ഈ സ്ഥാപനത്തിന്മേലുണ്ടെങ്കിലും അവിടെ പ്രശ്നങ്ങളൊന്നുമില്ല. അവിടെ സ്ഥലം ലഭിക്കാൻ ബുദ്ധിമുട്ടാണ്. ലഭ്യമായ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് നല്ല രീതിയിലാണ് അത് നടന്നുവരുന്നത്. കേരളത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്പോർട്സ് സ്കൂളാണത്. ശ്രദ്ധേയരായ കായികതാരങ്ങളെ അവിടെനിന്നും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ഥലത്തിന്റെ കാര്യത്തെ സംബന്ധിച്ച് ആലോചിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ എം.ആർ.എസ്.-കൾ നന്നായി പ്രവർത്തിക്കുന്നവയാണ്. ചില എം.ആർ.എസ്.-കളിൽ പോകാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അവിടെ ചില പ്രശ്നങ്ങളുണ്ട്. ഫുഡിന്റെ ക്വാളിറ്റിയെപ്പറ്റിയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയെക്കുറിച്ചുമൊക്കെ കുട്ടികൾ പരാതി പറയാറുണ്ട്. എം.ആർ.എസ്.-കൾക്ക് കേന്ദ്ര സഹായം ലഭ്യമാണ്. 1996-ൽ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ആരംഭിച്ചതാണിത്. ഇപ്പോൾ കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമാണോ ഇതിന് പണം ചെലവഴിക്കുന്നത്; എം.ആർ.എസ്.-കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി അപര്യാപ്തതകൾ പരിഹരിക്കാൻവേണ്ട സമഗ്രമായ പദ്ധതിയെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, എം.ആർ.എസ്.-കളെ അടിസ്ഥാനപ്പെടുത്തി എം.എൽ.എ.-മാർ ചെയർമാന്മാരും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ കൺവീനർമാരുമായുള്ള ഉപദേശക സമിതികളുണ്ട്. പല സ്ഥലത്തും സമിതി യോഗം ചേരുന്നുണ്ട്. അതുകൊണ്ട് ഒരു പ്രത്യേക കമ്മിറ്റിയുടെ ആവശ്യമില്ല. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റിൽനിന്നും ഒരുപരിധിവരെ ലഭിക്കുന്നുണ്ട്, പൂർണ്ണമായും കിട്ടുന്നില്ല. കാരണം ഇവിടെ പരിധിയില്ലാതെയാണ് പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നത്. കേന്ദ്രഗവൺമെന്റിന് സാമ്പത്തികമായ സീലിംഗുണ്ട്. അതിനപ്പുറത്തുള്ള തുക അവർ നൽകില്ല. സാധാരണ നിലയിലുള്ള സാമ്പത്തിക സഹായം രണ്ടര ലക്ഷമാണെന്നാണ് എനിക്ക് തോന്നുന്നത്. അതിന് താഴെയുള്ളത് പരിപൂർണ്ണമായും കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ട്. ഭക്ഷണവുമായി ബന്ധപ്പെട്ട പരാതിയൊന്നും എനിക്ക് ലഭിച്ചിട്ടില്ല. ഏറ്റവും നല്ല മെനുവാണുള്ളത്.

പ്രഭാതഭക്ഷണമായി അപ്പം, കടലക്കറി, പാൽ, വാഴപ്പഴം എന്നിവയാണ് നൽകുന്നത്. 11 മണിക്ക് ഒരു ഇലയട കൊടുക്കും. ഉച്ചയ്ക്ക് ചോറ്, എരിശ്ശേരി, ചിക്കൻ, തോരൻ, രസം എന്നിവ കൊടുക്കുന്നുണ്ട്. നാലുമണിയാകുമ്പോൾ രണ്ട് പഴം പൊരിയും 200 മില്ലിലിറ്റർ പാലും കൊടുക്കും. അത്താഴമായി ചോറ്, പുളിശ്ശേരി, ചെറുപയർ തോരൻ, അച്ചാർ എന്നിവയാണ് നൽകുന്നത്. ഇതിൽ ചെറിയ മാറ്റങ്ങളുണ്ടാകും. എന്നും ഇതേ സീരിയോടൈപ്പ് ആയിരിക്കില്ല, പിറ്റേദിവസം എന്തെങ്കിലും മാറ്റമുണ്ടാകും. ഏറ്റവും ഫലപ്രദമായ മെനുവാണുള്ളത്. എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് മാറ്റാം.

ശ്രീമതി സി. കെ. ആശ: സർ, പി.എസ്.സി. ആപ്ലിക്കേഷൻ വിളിച്ച് അപ്പോയ്മെന്റ് നടത്തുമ്പോൾ എസ്.സി/എസ്.ടി. ഒഴിവുകൾ പലപ്പോഴും എൻ.സി.എ. (Non-Candidate Available) ആയാണ് കിടക്കുന്നത്. ആപ്ലിക്കേഷൻ വിളിക്കുന്നത് പലപ്പോഴും ഈ കുട്ടികൾ അറിയുന്നില്ല എന്നതാണ് വാസ്തവം. ഈ സാഹചര്യത്തിൽ, പി.എസ്.സി. പരീക്ഷകളെപ്പറ്റി അവർക്ക് അറിവ് നൽകുന്നതിനും സിവിൽ സർവ്വീസ് പോലുള്ള പരീക്ഷകൾക്ക് കോച്ചിംഗ് ലഭ്യമാക്കുന്നതിനും അപേക്ഷകൾ അയയ്ക്കുന്നതിനും കൂടുതൽ ജോലി സാധ്യതകളുണ്ടാക്കുന്നതിനും കൂടുതൽ അപ്പോയ്മെന്റ് നടത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുമോ;

ശ്രീ. എ. കെ. ബാലൻ: സർ, മെമ്പർ പറഞ്ഞത് കറക്ടാണ്. എൻ.സി.എ. പ്രശ്നം എസ്.ടി. വിഭാഗത്തിലുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് നടത്തിയത്. ഒഴിവുകൾ പരിപൂർണ്ണമായും നികത്തുന്നതിനുള്ള നടപടി ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇതിന് ബോധവൽക്കരണം ആവശ്യമാണ്. അതിനായി പ്രൊമോട്ടർമാരെയും പ്രോജക്ട് ഓഫീസേഴ്സിനെയും ടി.ഇ.ഒ.-മാരെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രചരണ സംവിധാനങ്ങൾ ഒരുക്കുന്നുണ്ട്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ള ഒട്ടേറെ പരിശീലനങ്ങൾ ഇവർക്ക് നൽകുന്നുണ്ട്. എൻ.റ്റി.റ്റി.എഫ്.-ന്റെ കീഴിൽ എന്റെ മണ്ഡലത്തിൽ 20 കുട്ടികൾക്കുള്ള ഒരു പ്രത്യേക സ്ഥാപനമുണ്ട്. അവിടെ പഠിച്ച് പാസ്സാകുന്ന കുട്ടികൾക്ക് അപ്പോൾത്തന്നെ ജോലി കിട്ടുന്നുമുണ്ട്. കെ.എ.എസ്.ഇ., എത്തിയോസ്, ഇംഗ്ലീഷ് ലാംഗ്വേജ് അക്കാദമി, കുറ്റുകാരൻ ഇൻസ്റ്റിറ്റ്യൂട്ട്, ജെ.ഡി.ടി. ഇസ്ലാം, സെന്റർ ഫോർ പോളിമർ സയൻസ് എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം 2350 കുട്ടികൾക്ക് പരിശീലനം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ഏറെക്കുറെ എല്ലാവർക്കും പ്ലേസ്മെന്റും ആയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ മുക്കാലി മോഡൽ റെസിഡൻഷ്യൽ സ്കൂളുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ കുറെ വർഷങ്ങളായി 100 ശതമാനം വിജയമുള്ള സ്കൂളാണത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എം.എൽ.എ.മാർ ചെയർമാനായുള്ള കമ്മിറ്റിയുണ്ട്. അട്ടപ്പാടിയിലെ ഹോസ്റ്റലുകളെ സംബന്ധിച്ച് നടത്തിയ റിവ്യൂവിൽ കാണാൻ കഴിഞ്ഞത് ഹോസ്റ്റലുകൾക്ക് അനുവദിച്ചിട്ടുള്ള സ്ട്രെങ്ത്തിന്റെ രണ്ടിരട്ടി വരെ കുട്ടികൾ നിലവിൽ ഓരോ ഹോസ്റ്റലിലും താമസിക്കുന്നുണ്ട് എന്നുള്ളതാണ്. 40 കുട്ടികളെ പാർപ്പിക്കാവുന്ന ഹോസ്റ്റലിൽ 80 മുതൽ 105 കുട്ടികൾ വരെയുണ്ട്. അത് ആ വിഭാഗത്തിനിടയിൽ വിദ്യാഭ്യാസ രംഗത്ത് നൽകുന്ന പ്രോത്സാഹനംമൂലമാണ്. ആദിവാസി കുട്ടികൾ ഹോസ്റ്റലിൽ താമസിച്ചാണ് പഠിക്കുന്നത്. ദിവസവും ഊരിൽ പോയി വരുന്നതിനോട് അവർക്ക് താൽപ്പര്യമില്ല. അത്തരമൊരു സാഹചര്യത്തിൽ അട്ടപ്പാടിയിൽ മൂന്ന് പുതിയ ഹോസ്റ്റലുകളെങ്കിലും വേണം. നിലവിലുള്ള ഹോസ്റ്റലുകളിൽ പുതിയ കെട്ടിടവും റെനവേഷനും ആവശ്യമായി വന്നിട്ടുണ്ട്. ഇതിന് ഒരു പ്രൊപ്പോസൽ ഞാൻ സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് കുറെ കാര്യങ്ങൾ നേരിട്ട് അറിവുള്ളതുമാണ്. ആ നിലയ്ക്ക് അട്ടപ്പാടിയിൽ പുതിയ ഹോസ്റ്റലുകൾ അനുവദിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഈ ഹോസ്റ്റലുകളിൽ പോകുകയും പരിശോധിക്കുകയും ചെയ്യുന്ന ഒരാളാണ്. ഒരു ജനപ്രതിനിധി എന്ന നിലയിൽ മാതൃകാപരമായ സമീപനമാണ് അട്ടപ്പാടിയിൽ അദ്ദേഹം സ്വീകരിച്ചുവരുന്നത്. അനുവദിക്കപ്പെട്ട സ്ട്രെങ്ത്തിനെക്കാൾ കൂടുതൽ കുട്ടികൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അവിടെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ അദ്ദേഹം ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടിയെടുക്കും. ഒരു എം.ആർ.എസ്. സ്പോർട്സ് സ്കൂൾ തുടങ്ങാൻ സാധ്യതയുള്ള പ്രദേശം കൂടിയാണത്. നല്ല സ്പോർട്സ് താരങ്ങളെ അട്ടപ്പാടി മേഖലയിൽനിന്നും സൃഷ്ടിച്ചെടുക്കാൻ കഴിയും. അക്കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പട്ടികജാതി വകുപ്പ് സഹായം നൽകുന്ന ചില ഹോസ്റ്റലുകളുണ്ട്. ഗുരുവായൂരിൽ പ്രവർത്തിക്കുന്ന കസ്തൂർബാ ബാലികാ സദനം പട്ടികജാതി വിദ്യാർത്ഥിനികൾ മാത്രമുള്ളതാണ്. അത്തരം ഹോസ്റ്റലുകൾക്കുള്ള അലവൻസ് തലയെണ്ണിയാണ് ഓരോ കുട്ടിക്കും വകുപ്പ് കൊടുക്കുന്നത്. അത് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണത്തിനായി ഇപ്പോൾ 1500 രൂപയാണ് കൊടുക്കുന്നതെന്ന് തോന്നുന്നു, ആവശ്യമുണ്ടെങ്കിൽ വർദ്ധിപ്പിക്കാം, അത് പരിശോധിക്കാം. ഇപ്പോൾ പരാതിയൊന്നും വന്നിട്ടില്ല. ഗവൺമെന്റ് ഹോസ്റ്റലുകളിലോ അല്ലെങ്കിൽ മറ്റ് ഹോസ്റ്റലുകളിലോ പ്രവേശനം കിട്ടാത്ത കുട്ടികൾ സ്വകാര്യ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുമ്പോൾ ഭക്ഷണത്തിനാവശ്യമായ കാശ് കിട്ടുന്നില്ല, ഹോസ്റ്റൽ ഫീസ് കൊടുക്കാൻ കഴിയുന്നില്ല എന്നിങ്ങനെയുള്ള ഒരു ആക്ഷേപവും വന്നിട്ടില്ല. കസ്തൂർബാ ബാലികാ സദനം എന്ന സ്ഥാപനത്തിൽ എന്തെങ്കിലും കുറവുണ്ടോയെന്ന് അറിയില്ല. എന്തെങ്കിലും കുറവുണ്ടെങ്കിൽ പരിഹരിക്കാം. പ്രൈവറ്റ് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്കുള്ള അലവൻസ് എൻഹാൻസ് ചെയ്യണമെന്നാണെങ്കിൽ അതും പരിശോധിക്കാം.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള വെള്ളായണിയിലെ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുകയും താമസിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് പരിക്കുപറ്റുകയോ അർദ്ധരാത്രി അസുഖങ്ങൾ ഉണ്ടാകുകയോ ചെയ്താൽ വാടകയ്ക്ക് വാഹനങ്ങൾ വിളിച്ചാണ് ആശുപത്രിയിൽ കൊണ്ടുപോകുന്നത്. പ്രത്യേകിച്ച് പെൺകുട്ടികൾക്ക് അസുഖമുണ്ടാകുമ്പോൾ അപരിചിതരായ ഡ്രൈവർമാരെ വിളിച്ചുകൊണ്ടുപോകേണ്ട സാഹചര്യമുണ്ട്. അതുകൊണ്ട് കുട്ടികളെ ആശുപത്രിയിലും മറ്റും കൊണ്ടുപോകുന്നതിനുവേണ്ടി ഇത്തരം സ്കൂളുകൾക്ക് പ്രത്യേകമായി വാഹനങ്ങൾ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

ശ്രീ. എ. കെ. ബാലൻ: സർ, അത് പരിശോധിക്കാം. അതോടൊപ്പംതന്നെ ഡോ. എം. കെ. മുനീർ ഇന്നലെ പറഞ്ഞു, അദ്ദേഹത്തിന്റെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ 100 ശതമാനവും ഉപയോഗിച്ച് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനമടക്കം വാങ്ങിക്കൊടുക്കാൻ തയ്യാറാകുന്നുവെന്ന്. ആ മാതൃക ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്കും സ്വീകരിക്കാം. ഇക്കാര്യവും പരിശോധിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിൽ മൂന്ന് പട്ടികവർഗ്ഗ കോളനികളുണ്ട്. അവിടെ ഒരു റെസിഡൻഷ്യൽ സ്കൂളുമുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രികൂടിയായ പുനലൂർ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ്. ഒരു സ്കൂളിൽ എന്റെ ആസ്തി വികസന ഫണ്ടിൽനിന്നും വാഹനം വാങ്ങിക്കൊടുത്തു. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് യാത്രാക്കൂലി കൊടുക്കാനുള്ള സംവിധാനം വകുപ്പിനുണ്ടായിരുന്നു. വാഹനം വാങ്ങിക്കൊടുത്താൽ അതിന്റെ ഇന്ധനം

കൊടുക്കാനുള്ള സംവിധാനം വകുപ്പിനില്ല. അതൊരു പ്രതിസന്ധിയായി ഞാൻ മന്ത്രിയോട് പറഞ്ഞിരുന്നു, മന്ത്രി ഇടപെട്ടു. പട്ടികജാതി-പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ വരുന്ന കുട്ടികൾക്ക് അവരുടെ വീടും സംസ്കാരവുമായുള്ള ബന്ധമില്ലാതെ വരുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന ഒരു അസ്വസ്ഥതയുണ്ട്. അത് പരിഹരിക്കാനാവുന്ന തരത്തിൽ സാധാരണ സ്കൂളുകളിൽ ഇല്ലാത്തതുപോലെ അവരുടെ വിശ്രമസമയം അവരുടെ സംസ്കാരവുമായും ജീവിതവുമായും ബന്ധപ്പെടുത്തിയില്ലെങ്കിൽ അവർ കൊഴിഞ്ഞുപോകും. അതുകൊണ്ടാണ് പ്രതിഭ വളരാത്തതും അവരുടെ കൂട്ടത്തിൽനിന്നും കേരളത്തിൽ ഐ.എ.എസ്., ഐ.പി.എസ്. പോലുള്ള സിവിൽ സർവ്വീസിലേയ്ക്ക് വരാൻ അറയ്ക്കുന്നതും. അതുകൊണ്ട് ഇത് പരിഹരിക്കാനുള്ള, അവരുടെ സംസ്കാരം ആധുനിക ജീവിതവുമായി ബന്ധപ്പെടുന്ന തരത്തിൽ അവരുടെ വിശ്രമസമയവും ജീവിതവും റെസിഡൻഷ്യൽ സ്കൂളിൽ ക്രമപ്പെടുത്തുന്ന ഒരു സംവിധാനമുണ്ടാക്കുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, അത് പരിശോധിക്കാം. ഇപ്പോൾ അവിടെ പഠിക്കുന്ന കുട്ടികൾക്ക് അന്യഥാബോധമോ ഒറ്റപ്പെട്ടുപോയി എന്ന തോന്നലോ ഇല്ല. മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് ബിരുദമുള്ള കൗൺസലേഴ്സിനെ 20,000 രൂപ വേതനത്തിൽ നിയമിച്ച് സ്കൂളിലെ പഠനത്തോടൊപ്പംതന്നെ ആ കുട്ടികൾക്ക് പ്രത്യേക ട്യൂഷനും ഉപദേശവും കൊടുക്കുന്നുണ്ട്. ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പുറത്തുപോകുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. രക്ഷിതാക്കൾ ഹോസ്റ്റലിൽ വരുമ്പോൾ അവർക്ക് ടി.എ.-യും ഭക്ഷണവും കൊടുക്കുന്നുണ്ട്. ഇടയ്ക്കിടക്ക് കുട്ടികളെ വന്നുകാണുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. കുടുംബത്തിൽനിന്നും ഒറ്റപ്പെട്ടുപോയി എന്ന തോന്നൽ ഇപ്പോഴില്ല.

**ഗ്രീൻ ഇന്ത്യാ മിഷൻ**

2 (*482) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനും സംരക്ഷിത വനമേഖലയുടെ സംരക്ഷണത്തിനും വനം വകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സിറ്റിസൺ കൺസർവേറ്റർ, കുട്ടിവനം, ഇക്കോ കാഡറ്റ് തുടങ്ങിയ നവീന പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഗ്രീൻ ഇന്ത്യാ മിഷൻവഴി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) നഗരങ്ങളിൽ വൃക്ഷങ്ങൾ വ്യാപിപ്പിക്കുന്നതിനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ഇ) കണ്ടലുകളും കാവുകളും സംരക്ഷിക്കാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണത്തിനായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്‌ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളിലൂടെ ജൈവവൈവിധ്യ സംരക്ഷണം, വന്യജീവി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ, മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങൾ എന്നിവ ചെയ്യുന്നുണ്ട്.

സാമൂഹ്യ വനവൽക്കരണ വിഭാഗംവഴി ഹരിത കേരളം പദ്ധതിയും കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു. കൂടാതെ നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്തിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, കണ്ടലുകൾ, കാവുകൾ എന്നിവയ്ക്ക് ധനസഹായം, വനമിത്ര അവാർഡ്, സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസ്സുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സിറ്റിസൺ കൺസർവേറ്റർ പദ്ധതി. ഇതിനായി വിവിധ ഡിവിഷനുകളിൽ സിറ്റിസൺ കൺസർവേറ്റർമാരെ തെരഞ്ഞെടുക്കുകയും ജൈവവൈവിധ്യ സംരക്ഷണങ്ങളിൽ പങ്കാളികളാക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലും തരിശുഭൂമി കണ്ടെത്തി

അവിടെ വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയാണ് കുട്ടിവനം പദ്ധതി പ്രകാരം ചെയ്യുന്നത്. സ്വകാര്യ വ്യക്തികൾക്ക് അവരുടെ സ്ഥലങ്ങളിൽ വനത്തിന്റെ മാതൃക സൃഷ്ടിക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനം ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ വ്യതിയാനം വരുത്തുമെന്നും സർവ്വോപരി ജനജീവിതത്തെയും നിലനിൽപ്പിനെയും സാരമായി ബാധിക്കുമെന്ന തിരിച്ചറിവാണ് ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതിക്ക് നിദാനം. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, വനങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, സോഷ്യൽ ഫോറസ്ട്രി-ആഗ്രോ ഫോറസ്ട്രി പ്രവർത്തനങ്ങൾ വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം ജനങ്ങളുടെ ജീവിതനിലവാര വർദ്ധനവ്, കാവുകളുടെ സംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

(ഡി) നഗരങ്ങളിൽ വൃക്ഷങ്ങൾ വ്യാപിപ്പിക്കുന്നതിനായി നഗര വനവത്കരണ പദ്ധതി (അർബൻ ഫോറസ്ട്രി), വഴിയോരത്തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നീ പദ്ധതികൾ പ്രകാരം പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയും സ്വമേധയാ മരങ്ങൾ വച്ചുപിടിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

(ഇ) കണ്ണൂർ ജില്ലയിലെ സർക്കാർ ഉടമസ്ഥതയിലുള്ള 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിലെ 2.82 ഹെക്ടറും മലപ്പുറം ജില്ലയിലെ 20.78 ഹെക്ടറും കാസർഗോഡ് ജില്ലയിലെ 54.69521 ഹെക്ടറും തൃശ്ശൂർ ജില്ലയിലെ 3.3853 ഹെക്ടറും പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായും 1961-ലെ കേരള വനസംരക്ഷണ നിയമപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. ഇവ സംരക്ഷിച്ച് പരിപാലിച്ചുവരുന്നുണ്ട്. ഇതുകൂടാതെ സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി വ്യക്തികൾക്ക് ഏക്കറിന് 4,000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഗ്രീൻ ഇന്ത്യാ മിഷൻ, വെറ്റ്ലാന്റ് കൺസർവേഷൻ എന്നീ പരിപാടികളിലൂടെ കൂടുതൽ സ്ഥലങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കാവ് സംരക്ഷണത്തിനായി വർഷംതോറും അപേക്ഷ ക്ഷണിച്ച് തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാൻ അംഗീകരിച്ച് ധനസഹായം ചെയ്തുവരുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, പരിസ്ഥിതി സംരക്ഷണവും മെച്ചപ്പെട്ട ഉപജീവനവും ഭക്ഷ്യ സുരക്ഷയുമെല്ലാം ഉറപ്പുവരുത്തുന്നതിന് വനവത്കരണം അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും വനം വകുപ്പും പ്രത്യേകം ശ്രദ്ധപതിപ്പിക്കുന്ന എന്നത് അഭിനന്ദനാർഹമാണ്. അതോടൊപ്പം തന്നെ, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയുടെ പ്രയോജനം ഉറപ്പുവരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. വനവിസ്തൃതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണെന്നും ചില ജില്ലകളിൽ ഇക്കാര്യത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുണ്ട്. മുൻകാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതിരുന്നിട്ടുണ്ടോ; ഇക്കാര്യം അങ്ങ് പ്രത്യേകമായി പരിശോധിക്കുമോ?

ശ്രീ. കെ. രാജു: സർ, കേരളം മൂന്നാം സ്ഥാനത്ത് എന്നുപറയുമ്പോൾ കേരളത്തിന്റെ ഭൂവിസ്തൃതിയും അതുമായി ബന്ധപ്പെട്ടുവരും. വനത്തിന് പുറത്ത് ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും വനവികസന ഏജൻസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഇപ്പോൾ സ്വീകരിച്ചുകഴിഞ്ഞു. ഗ്രീൻ ഇന്ത്യ മിഷൻവഴി വനത്തിനു പുറത്ത് നടപ്പാക്കുന്ന പദ്ധതികളായ വൃക്ഷവത്കരണം, കണ്ടൽ സംരക്ഷണം, ജലസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ജനങ്ങളുടെ കൂട്ടായ്മയായ ഹരിത സമിതികൾ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. അങ്ങനെ രൂപീകരിച്ചിട്ടുള്ള ഹരിത സമിതികളെ ജില്ലാതലത്തിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള വനവികസന ഏജൻസിയുടെകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ഏകോപിപ്പിക്കും. ജനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വബോധം സൃഷ്ടിക്കുന്നതിന് ഇത്തരത്തിലുള്ള സംഘടനകളുടെ പ്രവർത്തനം സഹായകരമാണ്. ജനങ്ങൾക്ക് ആവശ്യമായ ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവയും ഗ്രീൻ ഇന്ത്യാ മിഷന്റെ ഭാഗമായി സ്വകാര്യ ഭൂമികളിൽ നട്ടുപിടിപ്പിക്കാനുള്ള സഹായവും ചെയ്യുന്നുണ്ട്. കർഷകർക്ക് താല്പര്യമുള്ള ഔഷധ ഗുണമുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും അവരുടെ കൂട്ടായ്മയായ ഹരിത സമിതികൾ മുഖാന്തിരം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയിൽ ജലലഭ്യത വർദ്ധിപ്പിക്കുന്ന പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ജലാശയങ്ങൾ ശുദ്ധീകരിക്കുന്ന ജോലികൾ ഇതിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. ജില്ലകളിൽ കാവുകളോടനുബന്ധിച്ചുള്ള ജലാശയങ്ങൾ ശുദ്ധീകരിക്കുന്നതിന് ആവശ്യമായ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയാണ്. ഓരോ ജില്ലയിലും നിർദ്ദേശിക്കപ്പെടുന്ന അഞ്ച് കുളങ്ങളിലെ മണ്ണും മാലിന്യവും നീക്കംചെയ്യുന്ന പദ്ധതിയും സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ

നടപ്പിലാക്കി വരുന്നുണ്ട്. മുൻഗവൺമെന്റിന്റെ കാലഘട്ടങ്ങളിലും ഗ്രീൻ ഇന്ത്യ മിഷൻ പരിപാടികൾ നടന്നിട്ടുണ്ടെങ്കിലും ഇപ്പോൾ കുറച്ചുകൂടി കാര്യക്ഷമമായി നടക്കുന്നു എന്നുള്ളതാണ് വ്യക്തമാകുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, ലഭ്യമാകുന്ന വനപ്രദേശങ്ങളിലും നഗരങ്ങളിലും നാട്ടിൻപുറങ്ങളിലുമെല്ലാം വനവത്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വ്യാപകമായി ഫലവൃക്ഷത്തൈകളും മറ്റ് ചെടികളുമെല്ലാം വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഇതിൽ സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും മുൻകയ്യെടുത്ത് പ്രത്യേകമുണ്ടാക്കുന്ന പദ്ധതികളുമുണ്ട്. ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിയാൽ അതിന് സർക്കാരിന്റെ പ്രത്യേക സഹായം ലഭ്യമാക്കുമോ?

ശ്രീ. കെ. രാജു: സർ, ഇത്തരം പദ്ധതികൾ നമ്മുടെ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി ചേർന്ന് നടപ്പിലാക്കാവുന്നതേയുള്ളൂ. ഇപ്പോൾത്തന്നെ നടപ്പിലാക്കുന്ന നഗരവത്കരണ പരിപാടികളുടെ ഭാഗമായി വലിയ ചട്ടികളിൽ വൃക്ഷത്തൈകൾ നട്ട് പരിപാലിപ്പിക്കുന്ന ഒരു സംവിധാനമുണ്ട്. ഇതിന് ചെലവ് കൂടുതലാണ്. എങ്കിലും വിപുലമായ രീതിയിൽ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകളും മറ്റും മുന്നോട്ടുവന്നാൽ അവരുമായി ചേർന്ന് പാതവക്കിലും വീതിയുള്ള റോഡുകളുടെ സൈഡിലുമൊക്കെ കൂടുതൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ കഴിയും. അതിനുവേണ്ടി മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകളുമായി ചേർന്ന് ആ പ്രവർത്തനം ഏറ്റെടുക്കാൻ തയ്യാറാണ്. സാമൂഹ്യ വനവത്കരണ വിഭാഗം നൽകുന്ന ബോധവൽക്കരണ പരിപാടികളിൽ സന്നദ്ധ സംഘടനകളെ വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾ പറയാറുണ്ട്. കൂടാതെ വനം വകുപ്പുമായി ബന്ധപ്പെടുന്ന വ്യക്തികൾക്ക് ഇക്കാര്യത്തിൽ അറിവ് പകർന്നുനൽകുന്നതിന് ആവശ്യമായ മറ്റ് സംവിധാനങ്ങളുമുണ്ട്. ഇത്തരം കാര്യങ്ങൾ റേഡിയോ സന്ദേശങ്ങളായും നൽകുന്നുണ്ട്. പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ മാത്രം വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് വരുംവർഷങ്ങളിലും കൂടുതൽ പ്രചരണം നടത്തി കൂടുതൽ ആളുകളെ വനവത്കരണവുമായി ബന്ധപ്പെടുത്തി വനത്തിന് വെളിയിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി ശ്രീ. കെ. ബാബു: സർ, കാടാണ് ജലം, ജലമാണ് കാട്. ജൈവവൈവിദ്ധ്യമാർന്ന കാനനഭംഗി ആസ്വദിക്കാനും കാടിന്റെ മക്കളുടെ ജീവിതം നേരിട്ടറിയാനും കാട്ടുചോലയും കാട്ടുമൃഗങ്ങളും കൺനിറയെ കാണാനും നിയമസഭാ സാമാജികർക്കായി 'കാടറിയൽ' പരിപാടിക്ക് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെയും അതിന് അനുവാദം നൽകുകയും അതിൽ പങ്കെടുക്കുകയുംചെയ്ത ബഹുമാനപ്പെട്ട സ്പീക്കറെയും എം.എൽ.എ.-മാരെയും ഞാൻ അഭിനന്ദിക്കുകയാണ്.

ജൂൺ 5-ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിവിധ വകുപ്പുകളെ സമന്വയിപ്പിച്ച് 3 കോടി വൃക്ഷത്തൈകൾ നട്ടുവളർത്തുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ചോദ്യം ഇതാണ്, സാമൂഹ്യ വനവത്കരണ വിഭാഗം നടപ്പിലാക്കിവരുന്ന 'എന്റെ മരം' ഉൾപ്പെടെയുള്ള വൃക്ഷവത്കരണ പദ്ധതി സംസ്ഥാനത്ത് എത്രകണ്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; അത്തരത്തിൽ നട്ടുവളർത്തിയ വൃക്ഷത്തൈകളെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വനത്തെ സംബന്ധിച്ച് അറിയാൻ താല്പര്യമുള്ള ജനപ്രതിനിധികൾക്ക് നല്ലൊരു അവസരമായിരുന്നു അത്. ബഹുമാനപ്പെട്ട സ്പീക്കർ അടക്കം 25 പേരാണ് അതിൽ പങ്കെടുത്തത്. ആ രണ്ടുദിവസം രാത്രിയും പകലുമെല്ലാം ആനയെയും ആനക്കൂട്ടത്തെയും പുലിയെയും മറ്റ് ചെറിയ മൃഗങ്ങളെയുമൊക്കെ നേരിൽ കാണാനും ആദിവാസി സമൂഹത്തിന്റെ ജീവിതരീതി പഠിക്കാനും കഴിഞ്ഞു. പറമ്പിക്കുളത്ത് ആദിവാസികൾ സ്വയം സംരംഭകർ എന്ന നിലയിൽ വനവിഭവങ്ങൾകൊണ്ട് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കാണാനും ആവശ്യമുള്ളവർക്ക് വാങ്ങാനും കഴിഞ്ഞു. എല്ലാ തരത്തിലും അതൊരു നല്ല പരിപാടിയായിരുന്നു. അതിൽ പങ്കെടുക്കാതിരുന്ന എം.എൽ.എ.-മാർക്ക് ഒരു നഷ്ടബോധം ഇപ്പോൾ തോന്നുന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചത്, സാമൂഹിക വനവത്കരണ വിഭാഗം വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ പരിപാലനത്തെ സംബന്ധിച്ചാണ്. വളരെ പ്രധാനമാണത്. കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ 72 ലക്ഷം വൃക്ഷത്തൈകളാണ് വനം വകുപ്പ് ഉല്പാദിപ്പിച്ചുകൊടുത്തത്. കൂടാതെ കൃഷി വകുപ്പും കുടുംബശ്രീയുമെല്ലാം ഉല്പാദിപ്പിച്ച വൃക്ഷത്തൈകളുമുണ്ടായിരുന്നു. അങ്ങനെ ഒരു കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് കുട്ടികളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും വിതരണം നടത്തി. ആ വൃക്ഷത്തൈകളുടെ പരിപാലനം വളരെ പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനകം യോഗം വിളിച്ചുകൂട്ടി അടുത്ത പരിസ്ഥിതി ദിനത്തിൽ 3 കോടി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച്

വിതരണം ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. വനം വകുപ്പുതന്നെ വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾ വഴിയാണ് അത് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഓരോ കുട്ടിക്കും സ്കൂളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ/വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനും അതുപോലെ വീട്ടിൽക്കൊണ്ടുപോയി അവ നട്ടാൽ സംരക്ഷിക്കുന്നതിനുമാവശ്യമായ ബോധവൽക്കരണം നൽകുകയാണ്. കുട്ടികൾ അതിൽ തല്പരരാണ്. ഞാൻ വളർത്തുന്ന മരമായിരിക്കണം ഏറ്റവും പെട്ടന്ന് വളർന്നുവരേണ്ടതെന്നുകരുതി അവർ വാശിയോടുകൂടി അതിനെ സംരക്ഷിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡുകൾ നേടിയെടുക്കണമെന്ന് ആഗ്രഹവും അവർക്കുണ്ട്. ആ രീതിയിൽ നിരവധി സ്ഥാപനങ്ങൾ, സംഘടനകൾ, വിദ്യാലയങ്ങൾ എന്നിവവഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ അതിജീവന ശതമാനം അതായത്, എത്രയെണ്ണം നശിച്ചുപോയി ഇനിയെത്ര ബാക്കിയുണ്ട് എന്ന കണക്കെടുപ്പ് നടത്തുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. അത്തരത്തിലാണ് ആലോചിക്കുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പിനുവേണ്ടി <u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, രാജ്യത്ത് വനവിസ്തൃതിയിൽ മൂന്നാം സ്ഥാനത്താണ് കേരളം എന്നറിഞ്ഞതിൽ അങ്ങയെ അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിൽ വെള്ളം കിട്ടാത്തതുമൂലം ആനകൾ കാട്ടിൽനിന്നും നാട്ടിലേയ്ക്ക് ഇറങ്ങിവരികയാണ്. അവിടെ ഫല വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നുണ്ട്. അവിടെയൊന്ന് വരാൻ പറഞ്ഞിട്ട് മന്ത്രി വന്നില്ല. സംരക്ഷിത വനങ്ങളൊന്നുമില്ലാത്ത കുട്ടനാട് മേഖലയിൽ പരിസ്ഥിതി സംരക്ഷണം മുൻനിർത്തി വനം വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. രാജു:</u> സർ, കുട്ടനാട് മേഖലയിലെ സമഗ്രമായ പാരിസ്ഥിതിക സംരക്ഷണം മുൻനിർത്തി 2011 മുതൽ 'കുട്ടനാട് പാക്കേജ്' എന്നൊരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ആഗ്രോ ഫോറസ്ട്രിക്ക് ആവശ്യമായ വൃക്ഷത്തൈകൾ വിതരണം ചെയ്യുക, കാവുകളുടെ സംരക്ഷണം, തണ്ണീർത്തട സംരക്ഷണം, കണ്ടൽ തൈ വിതരണം, മണ്ണ് സംരക്ഷണത്തിനായി രാമച്ച തൈകൾ, ജലാശയത്തിലെ മാലിന്യ നിർമ്മാർജ്ജനം, മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, പക്ഷി സമ്പത്ത് വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾ, ശുദ്ധജലം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിലേയ്ക്ക് റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നിവയാണ് ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ കുട്ടനാട് മേഖലയിൽ കാര്യക്ഷമമായി

നടക്കുന്നില്ലെന്നാണ് അന്വേഷണത്തിൽ മനസ്സിലാകുന്നത്. ആ പാക്കേജ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ആലോചനകൾ നടത്തുന്നതാണെന്നാണ് കുട്ടനാട് മേഖലയിലെ ജനപ്രതിനിധി അല്ലെങ്കിലും ചോദ്യകർത്താവായ അങ്ങയോടും കുട്ടനാട് മേഖലയിലെ മറ്റ് ജനപ്രതിനിധികളോടും എനിക്ക് സൂചിപ്പിക്കാനുള്ളത്.

അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല ആനകളുള്ളത്. ആനകളും വന്യജീവികളും ഇപ്പോഴത്തെ പ്രത്യേക ആവാസവ്യവസ്ഥ അനുസരിച്ച് ചൂട് കൂടിയ ഈ സമയത്ത് വനത്തിൽ നിന്ന് കൂടുതലായി പുറത്തോട്ടിറങ്ങുന്നുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അവയെ പരമാവധി കാടിനുള്ളിലേയ്ക്ക് കയറ്റി വിടുന്നതിനാവശ്യമായ എല്ലാവിധ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. എന്നാലത് പൂർണ്ണമായും വിജയിക്കുന്നില്ല. വനത്തിലേയ്ക്ക് കയറിപ്പോകുന്ന ആനകൾ വീണ്ടും തിരിച്ചുവന്ന് ഒരാഴ്ചയോളം ആൾപ്പാർപ്പുള്ള മേഖലയിൽ നിന്ന സ്ഥിതിയുമുണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർ ബഹുജന പങ്കാളിത്തത്തോടെ വന്യജീവികളെ വനത്തിനുള്ളിൽത്തന്നെ നിലനിർത്തുന്നതിനാവശ്യമായ ശ്രമകരമായ ജോലി ചെയ്യുന്നുണ്ട്. അതോടൊപ്പംതന്നെ കൂടുതൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനും ജലാശയങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 360-ലധികം ജലാശയങ്ങൾ ഇക്കഴിഞ്ഞ വർഷംതന്നെ വനത്തിനകത്ത് സൃഷ്ടിക്കുകയുണ്ടായി. ആ ജലാശയങ്ങളിലും വെള്ളമില്ലാത്ത സ്ഥിതിയുണ്ട്. വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, പശ്ചിമഘട്ടം സംരക്ഷിക്കണമെന്ന് എല്ലാവരും ചിന്തിക്കുന്നു. നമ്മൾ അതിന് വളരെയേറെ ശ്രമിക്കുന്നവരുമാണ്. 2010-ൽ കെ.ഡി.എച്ച്. വില്ലേജിലെ 14000 ഹെക്ടർ വനം സംരക്ഷിക്കാൻ വകുപ്പിനെ ഏൽപ്പിച്ചിരുന്നു. അവിടെ മിക്ക സ്ഥലങ്ങളിലും യൂക്കാലിയും അക്കേഷ്യയും പോലെയുള്ള മരങ്ങളാണ് എച്ച്.എം.എൽ വച്ചു പിടിപ്പിച്ചിരിക്കുന്നത്. യൂക്കാലിയിലും ഗ്രാന്റീസ് തോട്ടങ്ങളിലും അടിക്കാടുകൾ ഉണ്ടാകില്ല. അത് മണ്ണിന്റെ ഘടനയെ തകർക്കുന്ന മരങ്ങളാണ്. ചിന്നക്കനാൽ, മൂന്നാർ, വട്ടവട, കാന്തല്ലൂർ എന്നിവിടങ്ങളിൽ ഇത്തരത്തിലുള്ള മരങ്ങളുണ്ട്. അടിക്കാടുകൾ ഉണ്ടെങ്കിലേ ജൈവ സംരക്ഷണം ഉണ്ടാകുകയുള്ളൂ. ഇത് വളരെ പ്രധാനമാണ്. എറണാകുളത്ത് കുടിക്കാൻ വെള്ളമില്ലെന്നു പറഞ്ഞാണ് ബഹളമുണ്ടാക്കുന്നത്. അവർക്ക് വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് രണ്ടുമൂന്നു തവണ ചർച്ചകൾ നടത്തിയത്. ആ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരും പങ്കെടുത്തിരുന്നു. പതിനേഴായിരം ഹെക്ടർ സ്ഥലത്ത് 100 ഏക്കറിൽപോലും ബയോ ഡൈവേഴ്സിറ്റിയുടെ ഗാർഡൻ അല്ലെങ്കിൽ അടിക്കാടുകൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി വിട്ടുകൊടുക്കുകയില്ലെന്നു പറഞ്ഞാൽ ഇന്നത്തെ സാഹചര്യം മനസ്സിലാക്കാൻ വനംവകുപ്പിലെ ചില ഉദ്യോഗസ്ഥർക്കുപോലും കഴിയുന്നില്ലെന്ന വസ്തുതയുണ്ട്. അതുകൊണ്ട് അടിക്കാടുകൾ വെട്ടുന്ന പദ്ധതി

ഉപേക്ഷിക്കാനും ചോല മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കാനും അങ്ങയുടെ വകുപ്പ് ശ്രദ്ധിക്കുമോ? അങ്ങ് ഉറപ്പായി ശ്രദ്ധിക്കുന്നുണ്ടെന്ന് എനിക്കറിയാം; എന്നിരുന്നാലും കുറെക്കൂടി താല്പര്യമെടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജു: സർ, ഇക്കാര്യം നേരത്തെയും പല പ്രാവശ്യം നിയമസഭയിൽ ഉയർന്നുവന്നതാണ്. ഗവൺമെന്റിന്റെ നയത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞിട്ടുള്ളതുമാണ്. അദ്ദേഹം പറഞ്ഞതുപോലെ വിദേശ വൃക്ഷങ്ങളായ യൂക്കാലിപ്റ്റസ്, മാഞ്ചിയം, ഗ്രാന്റീസ് തുടങ്ങിയ വൃക്ഷങ്ങളാണ് വച്ചുപിടിപ്പിച്ചത്. ആ വൃക്ഷങ്ങൾ തുടർന്ന് വച്ചുപിടിപ്പിക്കേണ്ടതില്ല. നേരത്തെ അത് പ്ലാന്റ് ചെയ്തിട്ടുണ്ട്. അങ്ങനെ പ്ലാന്റ് ചെയ്യാനിടയായ സാഹചര്യവും മെമ്പർക്ക് അറിയാവുന്നതാണ്. സംസ്ഥാനത്തടക്കം സോഫ്റ്റ് വുഡുകൾ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളുണ്ട്. അവയുടെ നിലനിൽപ്പിനാവശ്യമായ സോഫ്റ്റ് വുഡുകൾ കൊടുക്കാനുള്ള ബാധ്യത കരാറനുസരിച്ച് സർക്കാരിനുണ്ട്. ആ കരാർ കാലാവധി തീരുന്ന മുറയ്ക്ക് പുതിയത് വച്ചുപിടിപ്പിക്കാതെ അവിടെ സ്വാഭാവിക വനങ്ങളും വൃക്ഷങ്ങളും വളർന്നു വളരുന്നതിനാവശ്യമായ നയമായിരിക്കണം തീരുമാനിക്കേണ്ടതെന്ന് വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

മി. സ്പീക്കർ: ഫ്ലോറിൽ വന്ന രണ്ട് ചോദ്യങ്ങൾക്കുതന്നെ 19 മിനിട്ട് എടുത്തിരിക്കുകയാണ്. അതുകൊണ്ട് ഈ ചോദ്യത്തിന് ഉപചോദ്യങ്ങളില്ല.

### പിന്നോക്ക വിഭാഗ വികസന പദ്ധതികൾ

3(*483) ശ്രീ. വി. ജോയി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന പ്രൊഫഷണലുകൾക്ക് മുൻഗണന നൽകിക്കൊണ്ട് തൊഴിൽ സംരംഭങ്ങൾക്കായി സബ്സിഡിയോടെ വായ്പ നൽകാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കായി നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2011 നവംബറിൽ പിന്നോക്ക വകുപ്പ് രൂപീകരിച്ചതിനുശേഷം ആദ്യമായാണ് അതുസംബന്ധിച്ച് ഒരു സ്റ്റാർഡ് ക്വസ്റ്റ്യൻ ഈ സഭയിൽ വരുന്നത്.

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പും പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി പിന്നോക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കുന്നതിനായി 2017-18 മുതൽ ആവിഷ്കരിച്ചിട്ടുള്ള വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ് വായ്പാ പദ്ധതി. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതിക്കാവശ്യമായ തുക വായ്പയായി അനുവദിക്കുമ്പോൾ 20% തുക അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപവരെ പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കുന്നു. പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കുന്നതാണ്. ഗ്രാമപ്രദേശത്ത് 98,000 രൂപ വരെയും നഗരപ്രദേശത്ത് 1,20,000 രൂപ വരെയും വാർഷിക വരുമാനമുള്ളവർക്ക് 5 ലക്ഷം രൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 20 ലക്ഷം രൂപ വരെ 7% പലിശ നിരക്കിലും വായ്പ ലഭിക്കും. തിരിച്ചടവ് കാലയളവ് 84 മാസമാണ്. അപേക്ഷകർ സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരും ബിരുദ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (MBBS, BDS, BAMS, B.Tech, BHMS, B.Arch, MBA, LLB, Hotel Management, Tourism Management മുതലായവ) വിജയകരമായി പൂർത്തീകരിച്ചവരുമായിരിക്കണം. പ്രായം 40 വയസ്സ് കവിയാൻ പാടില്ല. വായ്പത്തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നോക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപയാണ് പിന്നോക്ക വിഭാഗ വികസന വകുപ്പ് നീക്കിവച്ചിട്ടുള്ളത്.

(ബി) പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും സ്വയംതൊഴിൽ സംരംഭകരുടെ സംരംഭകത്വം വളർത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിംഗ് സർവ്വീസ്, യു.ജി.സി/നെറ്റ്/ഗേറ്റ്/മാറ്റ് എന്നീ മത്സര പരീക്ഷാ പരിശീലനത്തിന് ടി സ്കീം വഴി ആനുകൂല്യം അനുവദിക്കുന്നു.

വയനാട്ടിലെ അരിവാൾകോശ രോഗബാധിതർക്കും ഒ.ബി.സി. പ്രൊഫഷണലുകൾക്കും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ പദ്ധതികൾ.

ടി പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ശ്രീ. വി. ജോയി: സർ, പിന്നോക്ക വിഭാഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും സാമൂഹികവും സാമ്പത്തികവുമായ ഉന്നമനമാണ് ഇതിന്റെ ലക്ഷ്യമായി പറയുന്നത്. പ്രത്യേകിച്ചും വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവരുടെ പെൻഷൻ 500 രൂപയിൽ നിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്. പ്രവാസികൾക്കും വനിതകൾക്കുമായി എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, രണ്ട് ദിവസം മുമ്പാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പുതിയ സംരംഭം പിന്നോക്ക വികസന കോർപ്പറേഷന്റെ ഭാഗമായി ഉദ്ഘാടനം ചെയ്തത്. അതിലെ റിട്ടേൺ പദ്ധതി പ്രധാനമായ ഒന്നാണ്. ന്യൂനപക്ഷ വിഭാഗത്തിന് 30 ലക്ഷം രൂപയും പിന്നോക്ക വിഭാഗത്തിന് 20 ലക്ഷം രൂപയുമാണ് നൽകുന്നത്. അത് നോർക്കയുമായി ബന്ധപ്പെട്ടാണ് ചെയ്യുന്നത്. നോർക്ക 3 ലക്ഷം രൂപ സബ്സിഡിയായി നൽകും. 20 ലക്ഷം രൂപ വായ്പ വാങ്ങിയാൽ 4 മുതൽ 6 ശതമാനം വരെ മാത്രമേ പലിശയുള്ളൂ. 17 ലക്ഷത്തിന് മാത്രമേ പലിശ കൊടുക്കേണ്ടതുള്ളൂ. ഏറ്റവും ഫലപ്രദമായ ഒരു പദ്ധതിയാണിത്. അതുപോലെ പ്രൊഫഷണലുകൾക്കുവേണ്ടി സ്റ്റാർട്ടപ്പ് പദ്ധതിയുണ്ട്, അതിന് 20 ലക്ഷമാണ് കോർപ്പറേഷൻ നൽകുന്നത്. 2 ലക്ഷം രൂപ പിന്നോക്ക വികസന വകുപ്പ് സബ്സിഡിയായി നൽകും. 84 മാസം കാലാവധിയും 6 ശതമാനം പലിശയുമാണുള്ളത്. ഈ രണ്ട് പദ്ധതികൾക്കുപുറമെ കഴിഞ്ഞ വർഷം ആരംഭിച്ച മൈക്രോ ഫിനാൻസ് തുടരുകയാണ്. ഒരു കോടി രൂപ വീതം സ്വയംസഹായ സംഘങ്ങൾക്ക് നൽകുന്ന പദ്ധതിയാണത്. ഈ മൂന്ന് പദ്ധതികളും ഇപ്പോൾ ഫലപ്രദമായി നടക്കുകയാണ്. ഏറ്റവും ഡിമാന്റുള്ള ഒരു വായ്പാ പദ്ധതിയാണിത്. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ഭാഗമായ വായ്പകൾ ഉപയോഗപ്പെടുത്തിയാണിത് ചെയ്യുന്നത്. വായ്പ ലക്ഷ്യത്തെക്കാൾ കവിഞ്ഞു. കഴിഞ്ഞ പ്രാവശ്യം 350 കോടി രൂപയായിരുന്നു വായ്പാ ലക്ഷ്യം. ഇപ്പോൾ 400 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഇതിന്റെ ഉദ്ഘാടനം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. പലർക്കും ഇക്കാര്യങ്ങളൊന്നും അറിയില്ലെന്നതാണ് പ്രശ്നം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, പിന്നോക്ക മതന്യൂനപക്ഷ വിഭാഗങ്ങൾ സംസ്ഥാനത്തെ ജനസംഖ്യയുടെ ഏതാണ്ട് 75 ശതമാനത്തോളം വരും. അവരുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബജറ്റ് തുക പര്യാപ്തമാണോ എന്നതും ഈ വർഷം എത്ര തുക ചെലവഴിച്ചുവെന്നും പറയാമോ?

ശ്രീ. എ. കെ. ബാലൻ: സർ, പിന്നോക്ക വകുപ്പിന് കഴിഞ്ഞ വർഷം സംസ്ഥാന പദ്ധതി വിഹിതമായി നീക്കിവച്ച 182.40 കോടി രൂപയിൽ 169.79 കോടി രൂപ ചെലവഴിച്ചു. അതായത് 93 ശതമാനം ചെലവഴിച്ചു. അത് 100 ശതമാനത്തിലെത്താൻ പോകുകയാണ്. ഇന്നത്തെ കണക്ക് എടുത്തിട്ടില്ല. 100 ശതമാനമായിരിക്കും പിന്നോക്ക വിഭാഗ വകുപ്പിന്റെ എക്സ്പെൻഡിച്ചർ.

ശ്രീ. പി. ടി. എ. റഹീം: സർ, പാർശ്വവൽക്കരിക്കപ്പെട്ടവരെ ക്ഷേത്രങ്ങളിൽ പൂജാരിമാരാക്കുന്നതുൾപ്പെടെയുള്ള വിപ്ലവകരമായ തീരുമാനങ്ങളാണ് ഇപ്പോൾ ഇടതുപക്ഷ സർക്കാർ എടുത്തിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള വിഹിതത്തെ സംബന്ധിച്ച് കൃത്യമായി മോണിറ്റർ ചെയ്യുകയും പരിശോധിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ നോൺ-പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിക്കുന്ന പണത്തെ സംബന്ധിച്ച് ഇങ്ങനെയൊരു വിഭജനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ എണ്ണം 200-ൽ താഴെയാണ്. ഒരുപാട് വിപ്ലവകരമായ തീരുമാനങ്ങൾക്ക് തുടക്കംകുറിച്ച ഇടതുപക്ഷ സർക്കാരിന് ഇക്കാര്യത്തിൽ ഒരു സമവായമുണ്ടാക്കാൻ സാധിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. എ. കെ. ബാലൻ: സർ, അത് കറക്ടാണ്. പ്ലാൻ ഫണ്ട് എക്സ്പെൻഡിച്ചറുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കൃത്യമായി നടത്തുന്നു. പക്ഷേ നോൺ-പ്ലാനുമായി ബന്ധപ്പെട്ട സമഗ്ര പരിശോധന നടത്തുന്നില്ല. പിന്നോക്ക വിഭാഗത്തിന്റെ പ്രത്യേകിച്ച് മതന്യൂനപക്ഷ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ നോൺ-പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്നതിനെക്കുറിച്ച് പരിശോധന നടത്താറില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്, അത് പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു മേഖലയാണെന്നാണ് തോന്നുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഈ വർഷത്തെ പദ്ധതി വിഹിതം എത്ര രൂപയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചു? പട്ടികജാതി കോളനി നവീകരണത്തിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന് 40 കുടുംബങ്ങൾ ആവശ്യമാണ്. പല കോളനികളും പരിശോധിക്കുമ്പോൾ ഒന്നോ രണ്ടോ കുടുംബത്തിന്റെ വ്യത്യാസം കാണുന്നുണ്ട്. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അത് അർഹതപ്പെട്ട പട്ടികജാതി കോളനി നിവാസികൾക്ക് കിട്ടുന്നില്ല, അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് പിന്നോക്ക വിഭാഗവുമായി ബന്ധപ്പെട്ട ചോദ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ടുള്ള കോളനി നവീകരണത്തിന്റെ നിബന്ധനകൾ സംബന്ധിച്ചാണ്. നിലവിൽ കോളനി നവീകരണത്തിന് മിനിമം 50 വീടുകൾ വേണമായിരുന്നു. അംബേദ്കർ കോളനിയെന്നാണ് അതിന് പേരിട്ടിരുന്നത്. ഇപ്പോഴത് 40 ആക്കിയിട്ടുണ്ട്, ആ മണ്ഡലത്തിൽ 40-ഉം കിട്ടുന്നില്ലെങ്കിൽ വേണമെങ്കിൽ അത് റിലാക്സ് ചെയ്യാം, അതിന് ബുദ്ധിമുട്ടൊന്നുമില്ല.

ശ്രീ. എം. നൗഷാദിനുവേണ്ടി ശ്രീ. പി. കെ. ശശി: സർ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; കഴിഞ്ഞ പിരീഡിൽ എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇന്ത്യയ്ക്ക് അകത്തും പുറത്തും പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വായ്പ കൊടുക്കുന്ന ഫലപ്രദമായ പദ്ധതിയാണുള്ളത്. നാഷണലൈസ്ഡ് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും വായ്പ കിട്ടാത്ത എത്രയോ ആളുകൾക്ക് അത്താണിയായി ഈ സ്ഥാപനം മാറിയിരിക്കുന്നു. ഇന്ത്യയ്ക്കകത്ത് പഠനം നടത്തുന്നതിന് 10 ലക്ഷം രൂപയും പുറത്ത് പഠനം നടത്തുന്നതിന് 20 ലക്ഷം രൂപവരെയും 4 ശതമാനം പലിശ നിരക്കിൽ ലളിതമായ വ്യവസ്ഥയിലാണ് വായ്പ കൊടുക്കുന്നത്. ഈ വർഷം പിന്നോക്ക വിഭാഗക്കാരിൽ 23 പേർക്ക് 85 ലക്ഷം രൂപ നൽകിയിരുന്നു. ഉന്നത പഠനം ആഗ്രഹിക്കുന്നവർക്ക് ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഒരു സ്കീമാണിത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ സിക്കിൾസെൽ അനീമിയ രോഗികളുള്ള ജില്ലയാണ് വയനാട്. അതിൽ പിന്നോക്ക വിഭാഗമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തോടൊപ്പം വയനാടൻ ചെട്ടി വിഭാഗങ്ങളുമുണ്ട്. എപ്പോഴാണ് രോഗം വരികയെന്നറിയില്ല. അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സബ്സിഡിയോടുകൂടിയ പലിശരഹിത വായ്പ നൽകാനുള്ള പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പരിപാടിയിൽ ഒരു പുതിയ സഹായ പദ്ധതിയാണ് സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സ്വയം തൊഴിൽ പദ്ധതി. വയനാട്ടിലെ വയനാടൻ ചെട്ടി, മൗണ്ടാടൻ ചെട്ടി, ഇടനാടൻ ചെട്ടി, കുണ്ടുവടിയൻ എന്നീ സമുദായങ്ങൾക്കാണ് ഇത്തരത്തിലൊരു പദ്ധതികൊണ്ട് പ്രയോജനം ലഭിക്കാൻ

പോകുന്നത്. വളരെ ക്ലേശകരമായ സാമൂഹ്യസാഹചര്യങ്ങളിൽ ജീവിക്കുന്ന രോഗികൾ വളരെയേറെ അവശത അനുഭവിക്കുന്നുണ്ട്. ഈ രോഗികൾക്ക് കഠിനമായ ശാരീരികാദ്ധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യാൻ സാധിക്കുന്നില്ല. 45-50 വയസ്സുവരെ മാത്രമേ ഇവർ പരമാവധി ജീവിച്ചിരിക്കുന്നുള്ളൂ. ഈ രോഗം ബാധിച്ചവരുടെ കുടുംബങ്ങൾക്ക് പലപ്പോഴും സാമൂഹിക ഭ്രഷ്ടും കല്പിക്കാറുണ്ട്. സ്വയംതൊഴിൽ പദ്ധതിയിലൂടെ ഇവരുടെ കുടുംബങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. അതിപ്പോൾ പുതിയ സ്കീമായി നടപ്പിലാക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുകയാണ്. സ്റ്റേഷനറി, ഡി.റ്റി.പി. സെന്റർ, പശുവളർത്തൽ, കോഴിഫാം, കരകൗശലവസ്തുക്കളുടെ നിർമ്മാണ-വിപണനം, ചെറുകിട ഹോട്ടൽ, പിക്കപ്പ് ഓട്ടോറിക്ഷ ഇതൊക്കെയാണ് ഈ സംരംഭവുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, കേരളത്തിൽ നടപ്പാക്കുന്ന അംബേദ്കർ സ്വയംപര്യാപ്ത പദ്ധതി പട്ടികജാതി കോളനി നവീകരണത്തിന്റെയും വികസനത്തിന്റെയും മുന്നോട്ടുള്ള കാൽവയ്പാണ്. എഫ്.ഐ.ടി. എന്ന ഏജൻസി ഏറ്റെടുത്ത തളിക്കുളം പഞ്ചായത്തിലെ പുനരധിവാസ കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾ രണ്ടരവർഷമായിട്ടും പൂർത്തീകരിക്കാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുകയാണ്. ഇത്തരം വിഭാഗത്തിന് നൽകുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് ഇതുപോലുള്ള ഏജൻസികളുടെ പ്രവർത്തനംമൂലം സാധിക്കുന്നില്ല. പ്രസ്തുത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കാനും സമയബന്ധിതമായി വർക്ക് പൂർത്തീകരിക്കാനും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ട വിഷയമല്ല. സമഗ്ര ഊര് വികസന പദ്ധതിയുമായി ബന്ധപ്പെട്ട വർക്കുകൾ ഗവൺമെന്റ് അപ്രൂവ്ഡ് ഏജൻസിക്കാണ് മുൻസർക്കാർ നൽകിയത്. അവരുടെ കയ്യിൽനിന്ന് പെട്ടെന്ന് അത് മാറ്റുന്നത് പ്രായോഗികമല്ല, അവരെക്കൊണ്ടുതന്നെ ചെയ്യിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു യോഗം വിളിച്ചുചേർത്തിരുന്നു, ഇപ്പോൾ എഫ്.ഐ.ടി. വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്, കുറേ പ്രശ്നങ്ങൾ ആദ്യമുണ്ടായിരുന്നു. ബന്ധപ്പെട്ട കളക്ടർമാർ ഗവൺമെന്റ് അപ്രൂവ്ഡ് ഏജൻസികളുടെ യോഗം വിളിച്ചുചേർത്ത് ഇത് പ്രാവർത്തികമാക്കാനുള്ള ശക്തമായ നിലപാടാണെടുക്കുന്നത്. പണി പൂർത്തീകരിച്ചില്ലെങ്കിൽ ആ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ നന്നായി പ്രവൃത്തികൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ പ്രശ്നമുണ്ടെങ്കിൽ പ്രത്യേകിച്ച് പരിശോധിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് വളർത്തുവാൻ അനുവാദമില്ലാത്ത മരങ്ങൾ

4(*484) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം മരങ്ങൾ വച്ചുപിടിപ്പിച്ച് വളർത്തുവാൻ പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ;

(സി) ഇതിന്റെ പേരിൽ വനം വകുപ്പ് നിയമനടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സ്വന്തം പറമ്പുകളിൽ വാണിജ്യാടിസ്ഥാനത്തിലല്ലാതെ ഇത്തരം മരങ്ങൾ വളർത്തുകയും പാകമായാൽ സ്വന്തം ആവശ്യത്തിനുപോലും മുറിച്ച് ഉപയോഗിക്കാനാവാതെ നിയമക്കുരുക്കിൽപ്പെടുകയും ചെയ്യുന്നവരെ സഹായിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ-സി) സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ മരങ്ങൾ വളർത്താനും സംരക്ഷിക്കാനും തടസ്സങ്ങളില്ല.

(ഡി) നിയമപ്രകാരം അനുവദിക്കാൻ കഴിയുന്ന സ്ഥലങ്ങളിലെ സർക്കാരിൽ നിക്ഷിപ്തമല്ലാത്ത ഭൂമിയിൽ ചന്ദനമരമൊഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് യാതൊരുവിധ തടസ്സങ്ങളും ഉന്നയിക്കുന്നില്ല. എന്നാൽ ചന്ദനമരത്തിന്റെ കാര്യത്തിൽ 2012-ലെ കേരള ഫോറസ്റ്റ് (റെസ്ട്രിക്ഷൻ ഓൺ കട്ടിംഗ് & സെല്ലിംഗ് ഓഫ് സാൻഡൽ ട്രീസ് ആന്റ് ഗ്രാന്റ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആന്റ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽ വുഡ് ഓയിൽ) ചട്ടങ്ങളിലെ ചട്ടം 5-ൽ അനുശാസിക്കുന്ന പ്രകാരം ഉടമസ്ഥൻ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതും വനം വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തി മുറിക്കാവുന്ന ചന്ദനമരം മുറിച്ച് ഡിപ്പോയിലെത്തിച്ച് ലേലം നടത്തി ചെലവ് കിഴിച്ചുള്ള ലേലത്തുക ഉടമസ്ഥന് കൈമാറേണ്ടതുമാണ്.

2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 6(1) വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യാത്ത വില്ലേജുകളിലെ വനേതര പ്രദേശത്തെ സ്ഥല ഉടമയ്ക്ക് ചന്ദനം ഒഴികെ ഏതുമരവും മുറിക്കുന്നതിനോ കൊണ്ടുപോകുന്നതിനോ കാര്യമായ നിയന്ത്രണങ്ങളില്ല. എന്നാൽ തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, വെള്ളകിൽ, കരിമരം എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിക്കേണ്ടിവരുമ്പോൾ നിയമാനുസൃതമായി ഒരു പ്രതിജ്ഞാപത്രം ഓതറൈസ്ഡ് ഓഫീസറായ റെയിഞ്ചാഫീസർക്ക് നേരിട്ട് നൽകുകയോ രജിസ്റ്റേർഡ് പോസ്റ്റ് അയയ്ക്കുകയോ ചെയ്ത് കൈപ്പറ്റ് വാങ്ങേണ്ടതാണ്. 20 ദിവസത്തിനകം ഓതറൈസ്ഡ് ഓഫീസർ പരിശോധന നടത്തി പെർമിറ്റ് നൽകാതിരുന്നാൽപ്പോലും മരം മുറിച്ച് പ്രതിജ്ഞാപത്രത്തിന്റെ കൈപ്പറ്റ് രസീതുമായി തടി കൊണ്ടുപോകാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പട്ടയത്തിൽ റിസർവ് ചെയ്തതോ മറ്റേതെങ്കിലും നിയമപ്രകാരം സർക്കാർ ബാദ്ധ്യതയുള്ളതോ ആയ മരങ്ങളിന്മേൽ അവകാശം ഉന്നയിക്കാൻ കഴിയുകയില്ല.

മേൽനിയമപ്രകാരം വിജ്ഞാപനംചെയ്ത 50 വില്ലേജുകളിൽ മരം മുറിക്ക് ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്ന ചില നിയന്ത്രണങ്ങളുണ്ട്.

1986-ലെ വൃക്ഷസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ മരം മുറിക്കുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്.

**ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പരിപാടികൾ**

5(*485) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, ഭക്ഷണസുരക്ഷ, പാർപ്പിട സൗകര്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കിക്കൊണ്ട് സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹ്യ ഉന്നതിക്ക് സമാന തോതിൽ എത്തിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഉദാരീകരണ നയങ്ങളുടെ ഫലമായി സർക്കാർ മേഖലയിലും പൊതുമേഖലയിലുമുള്ള തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്നത് അവസര സമത്വം ഉറപ്പിക്കാനായി നൽകിവരുന്ന തൊഴിൽ സംവരണം ദുർബലപ്പെടുത്തുന്നത് കണക്കിലെടുത്ത് എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലുംകൂടി തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) ജനങ്ങളെ ജാതീയമായി ഭിന്നിപ്പിച്ച് നിർത്താൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുത്താൻവേണ്ട ഇടപെടൽ ഉണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, പാർപ്പിട സൗകര്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവയ്ക്കാണ് വകുപ്പിൽനിന്ന് ധനസഹായം അനുവദിച്ചുവരുന്നത്. ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

തൊഴിൽ

പട്ടികവർഗ്ഗ വികസന വകുപ്പ് ടി.ടി.സി./ബി.എഡ്. പാസ്സായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി 'ഗോത്രബന്ധു' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ ട്യൂട്ടർമാരായി നിയമിച്ചു.

സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിക്കായി (സമഗ്ര) അഭ്യസ്തവിദ്യരായ 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സാക്ഷരതാ പ്രേരക്മാരായി നിയമിച്ചിട്ടുണ്ട്.

എം.എ. സോഷ്യോളജി, എം.എ ആന്ത്രോപോളജി, എം.എസ്.ഡബ്ല്യു. എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്. 140 പേരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായും നിയമിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷ

ഭൂരിപക്ഷം പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ. കാർഡ് ലഭിച്ചിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നു. ഇതിനുപുറമെ ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണം ചെയ്യുന്നു.

കമ്മ്യൂണിറ്റി കിച്ചൻ

193 കമ്മ്യൂണിറ്റി കിച്ചനുകളിലായി 16715 പട്ടികവർഗ്ഗക്കാർക്ക് പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്തുവരുന്നു.

മില്ലറ്റ് വില്ലേജ് - അട്ടപ്പാടി

അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18-ൽ അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി (6.87 കോടി രൂപ) അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു.

പാർപ്പിട സൗകര്യം

2011-12 മുതൽ 2015-16 വരെ മുൻവർഷങ്ങളിൽ അനുവദിച്ച 17605 വീടുകളിൽ നാളിതുവരെ 6792 വീടുകൾ പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നാളിതുവരെ 4128 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 713 വീടുകൾ ഭവന പുനരുദ്ധാരണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

ആരോഗ്യ പരിപാലനം

പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 വർഷം 29614 പേർക്ക് 16 കോടി രൂപയും 2017-18 വർഷം 19.31 കോടി രൂപയും ചെലവഴിച്ചു. അട്ടപ്പാടിയിലെ കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കായി 1.25 കോടി രൂപ അനുവദിച്ചു.

വിവിധ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പുതുതായി പ്രവർത്തിപ്പിക്കുന്നതിന് 5.16 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

ജനനി ജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിനായി 2016-17 വർഷം 11880 പേർക്ക് 10 കോടി രൂപയും 2017-18 വർഷം 11880 പേർക്ക് 10.02 കോടി രൂപയും ചെലവഴിച്ചു.

2016-17 വർഷം 652 സിക്കിൾസെൽ അനീമിയ രോഗികൾക്ക് 1.59 കോടി രൂപയും 2017-18 വർഷം 711 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2,500 രൂപ നിരക്കിൽ 1.65 കോടി രൂപയും ചെലവഴിച്ചു.

പാരമ്പര്യ വൈദ്യന്മാർക്ക് വാർഷിക ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17, 2017-18 വർഷങ്ങളിൽ ഒരാൾക്ക് 10,000 രൂപ നിരക്കിൽ 250 പേർക്ക് വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

<u>വിദ്യാഭ്യാസം</u>

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനായുള്ള സ്കൂൾ, ഹോസ്റ്റലുകൾ, പെരിപതറ്റിക് സെന്ററുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ തുക വകയിരുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ 100 സാമൂഹിക പഠനമുറിക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 യുവാക്കളെ തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ വീതം ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി ട്യൂട്ടർമാരായി നിയമിച്ചു.

പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2016-17 വർഷം 76495 കുട്ടികൾക്ക് 16.45 കോടി രൂപയും 2017-18 വർഷം 77215 കുട്ടികൾക്ക് 16.50 കോടി രൂപയും ചെലവഴിച്ചു.

പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2016-17 വർഷം 16007 കുട്ടികൾക്ക് 25.00 കോടി രൂപയും 2017-18 വർഷം 16134 കുട്ടികൾക്ക് 27.00 കോടിയും രൂപയും ചെലവഴിച്ചു.

ട്രൈബൽ സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം വിതരണത്തിനായി 2016-17 വർഷം 2328 കുട്ടികൾക്ക് 11.64 ലക്ഷം രൂപയും 2017-18 വർഷം 2600 കുട്ടികൾക്ക് 13 ലക്ഷം രൂപയും ചെലവഴിച്ചു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി. പട്ടികവർഗ്ഗ കുട്ടികൾക്കായി പാരാമെഡിക്കൽ കോഴ്സ് പഠിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചു.

തെരഞ്ഞെടുത്ത പോസ്റ്റ്മെട്രിക് കോഴ്സുകളിൽ 2016-17 വർഷം 199 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 0.74 കോടി രൂപയും 2017-18-ൽ 225 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 1 കോടി രൂപയും ചെലവഴിച്ച് ലാപ്ടോപ് വിതരണം ചെയ്തു.

പ്രീമെട്രിക് - പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തിവരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിച്ചു.

പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 56 കുട്ടികൾക്ക് പ്രാരംഭ ചെലവുകൾക്കായി 2016-17 വർഷം 4.05 ലക്ഷവും 2017-18 വർഷത്തിൽ 81 കുട്ടികൾക്ക് 4.05 ലക്ഷം രൂപയും ചെലവഴിച്ചു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി നടപ്പിലാക്കിവരുന്നു.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി.

(ബി) പരിശോധിക്കുന്നതാണ്.

(സി) അത്തരം ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## മിഷൻ മോഡ് അംബ്രല്ല പ്രോഗ്രാം

6(*486) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ക്ഷീര കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ യുവജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വിവിധ ഏജൻസികളെയും പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ട് മിഷൻ മോഡ് അംബ്രല്ല പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി 2017-18-ൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിയതോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ പതിനായിരം കന്നുകുട്ടികളെക്കൂടി 2017-18-ൽ എൻറോൾ ചെയ്തിട്ടുണ്ട്. ആയതിന് ആറ് കോടി പത്തുലക്ഷത്തി അമ്പതിനായിരം രൂപ (6,10,50,000) ചെലവാക്കി. 2017-18-ൽ ആകെ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിലേയ്ക്ക് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടിയിൽനിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു.

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം 2017-18-ൽ നിലവിലുള്ള 12 കോടിയിൽനിന്നും 15 കോടി രൂപയായും 2018-19 വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു.

- 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽനിന്നും 85 ആയി വർദ്ധിച്ചു. 2018-19-ൽ ഇത് 20 ബ്ലോക്കുകളിൽക്കൂടി അധികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശുവളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുൽപ്പന്നങ്ങളുടെ ഉത്പാദനം എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽപേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

- മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽക്കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവയന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000 രൂപ സബ്സിഡി നിരക്കിൽ 696 പേർക്ക് 2016-17-ൽ സഹായം നൽകി. ഈ വർഷം 184 പേർക്ക് ധനസഹായം ലഭ്യമാക്കിവരുന്നു. പദ്ധതി നടത്തിപ്പ് അന്തിമഘട്ടത്തിലാണ്.

- കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്ക് ഈ സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിതരണം പൂർത്തിയായിട്ടുണ്ട്.

- അകിടുവീക്ക രോഗനിയന്ത്രണ പരിപാടി - സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുവീക്കരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18-ൽ 35000 കർഷകർക്ക് സഹായം നൽകി. ഇതിലേയ്ക്ക് 75 ലക്ഷം രൂപ ചെലവായി.

- 2017-18-ൽ പശുക്കുട്ടികൾക്ക് വിരമരുന്ന് വാങ്ങി നൽകുന്നതിനുവേണ്ടി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വിരമരുന്ന് വിതരണം നടന്നുവരുന്നു.

- മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജാധാന സൗകര്യം സൗജന്യമായി സർക്കാർ നൽകുന്നു. കറവപ്പശുക്കളുടെ വിരയിളക്കലിനും ധാതുമിശ്രിത സപ്ലിമെന്റ് നൽകുന്നതിനും 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുകൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സ, രോഗനിർണ്ണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.

- സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി. ബോർഡ് എത്തിക്കുന്നു. കൂടാതെ ജനിതക മേന്മയേറിയ വിത്തുകാളകളുടെ 37250 ബീജമാത്രകളും ലിംഗനിർണ്ണയം നടത്തിയ 1500 ബീജമാത്രകളും വിദേശത്തുനിന്ന് ഇറക്കുമതിചെയ്ത് കെ.എൽ.ഡി. ബോർഡ് മുഖേന നടപ്പ് സാമ്പത്തിക വർഷം വിതരണം നടത്തുന്നുണ്ട്.

- മൃഗാരോഗ്യ സംരക്ഷണം, കൃത്യമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതുമൂലം കുളമ്പുരോഗം, മറ്റ് സാംക്രമിക

രോഗബാധകൾ എന്നിവ നിയന്ത്രിക്കാനും രോഗങ്ങൾ, മരണ നിരക്ക് എന്നിവ കുറയ്ക്കാനും അതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം വളരെയേറെ കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

- കറവയന്ത്രങ്ങൾ വിതരണം നടത്തുന്നതുവഴി ശുദ്ധമായ പാൽ ഉത്പാദിപ്പിക്കാനും അകിടുവീക്കം പോലുള്ള രോഗങ്ങളുടെ വ്യാപനം തടയാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുന്നുണ്ട്.
- ചാണകക്കുഴി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 12,500 രൂപ നിരക്കിൽ 400 പേർക്ക് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) യുവജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുന്നതിന് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.

(സി) ഇല്ല.

**വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച പഠനം**

7(*487) ശ്രീ. കെ. എം. ഷാജി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എങ്കിൽ അതിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുവാനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ&ബി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറുമായി 1-2-2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 04/2011/വനം പ്രകാരം പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി 3-5-2011-ൽ സർക്കാരിന് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കമ്മിറ്റി മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളായി കണ്ടെത്തിയിരിക്കുന്നത് ചുവടെ പറയുന്ന കാര്യങ്ങളാണ്:

1. വന്യജീവികളുടെ ആവാസസ്ഥലത്തിന്റെ തുടർച്ച നഷ്ടപ്പെടുകയും അവ പല ചെറിയ ഭാഗങ്ങളായി മുറിഞ്ഞുപോയതും കാരണം വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സം നേരിടുകയും വന്യജീവികൾ നാട്ടിലിറങ്ങുന്നതിനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്തു.

2. വനമേഖലകൾ കയ്യേറിയും വനങ്ങൾക്കടുത്തായി പുതുതായി കൃഷിസ്ഥലങ്ങൾ രൂപീകരിച്ചതും വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ അവലംബിച്ചതും മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനുള്ള കാരണമായി.

3. ആനത്താരകൾ മുറിഞ്ഞതും അവയുടെ തുടർച്ച നഷ്ടപ്പെട്ടതും മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ആഘാതം കൂട്ടുന്നുണ്ട്.

4. കാട്ടുപാതകളിൽ അനിയന്ത്രിതമായുണ്ടാകുന്ന അടിക്കാടുകളുടെ വളർച്ചമൂലം വന്യജീവികൾക്ക് അവയുടെ സഞ്ചാരപാതകൾ കൃത്യമായി കാണാൻ കഴിയാതെ വരുന്നതുകൊണ്ട്.

5. വനാതിർത്തി പ്രദേശങ്ങളിൽ ജൈവമാലിന്യങ്ങളുടെ നിക്ഷേപം വന്യജീവികളെ ജനവാസ മേഖലകളിലേയ്ക്ക് ആകർഷിക്കാൻ ഇടയാക്കുന്നു.

6. മാൻ, ആന, കാട്ടുപോത്ത്, കാട്ടുപന്നി, മയിൽ ഉൾപ്പെടെയുള്ള സസ്യഭുക്കുകളായ വന്യജീവികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്.

7. അയൽ സംസ്ഥാനങ്ങളിൽനിന്നും ജലവും ഭക്ഷണവും തേടി ആനകൾ സംസ്ഥാനത്തെ കാടുകളിൽ എത്തുന്നത്.

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുന്നതിന് നടപടി

8(*488) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഇവയുടെ നവീകരണത്തിനും ആധുനീകരണത്തിനുമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) തൊഴിലന്വേഷകർക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കരസ്ഥമാക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് അസംഘടിത മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്താനായി ആവിഷ്കരിച്ചിട്ടുള്ള വിവിധോദ്ദേശ്യ തൊഴിൽ ക്ലബുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനം വിശദമാക്കാമോ; ഇവയെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ

തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരമുണ്ടാക്കി കൊടുക്കുന്നുണ്ട്.

സ്വന്തമായി കെട്ടിടമുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നത്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ നിലവിലെ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും പരിശീലനങ്ങൾ, എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കത്തക്ക രീതിയിൽ പരിഷ്കരിക്കുകയും കൂടാതെ ടി സെന്ററുകൾ മുഖേന രജിസ്ട്രേഷൻ, പരിശീലനം, അസസ്സ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് മികച്ച ശേഷിയോടുകൂടിയ ഹാർഡ്വെയറും ഇതിനുപുറമെ ഓൺലൈൻ രജിസ്ട്രേഷൻ, കമ്പ്യൂട്ടറൈസ്ഡ് ആപ്റ്റിട്യൂഡ് ടെസ്റ്റ്, വിവിധ നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിന് സോഫ്റ്റ്വെയറും ആവശ്യമാണ്. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ കേരള സർക്കാർ സ്ഥാപനമായി KASE മുഖേന പൊതു- സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകിവരുന്നുണ്ട്. ഇതിനുപുറമെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് സംഘടിപ്പിച്ചു വരുന്ന നിയുക്തി മെഗാ ജോബ് ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും മോഡൽ കരിയർ സെന്ററുകൾ മുഖേനയും സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

(സി) ഉണ്ട്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുവേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ പത്ത് ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. 21-നും 45-നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. മറ്റ് പിന്നോക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധി ഇളവ് ലഭിക്കും. ഹോംനഴ്സ്, ഹോംമെയ്ഡ് എന്നീ

ക്ലബ്ബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. എല്ലാ പ്രവൃത്തിദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കുശേഷം ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച് അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പത്തുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വായ്പത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ടതാണ്.

(ഡി) സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരെഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽനില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ് എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവ്വകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കരിയർ കോൺഫറൻസുകൾ, പ്രദർശനങ്ങൾ, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വേണ്ടിയുള്ള ഗൈഡൻസ് പരിപാടികൾ, കരിയർ എക്സിബിഷനുകൾ, കരിയർ സെമിനാറുകൾ, വിവിധ മത്സര പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലന പരിപാടികൾ, നൈപുണ്യ പരിശീലന പരിപാടികൾ എന്നിവയെല്ലാം വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് നിയുക്തി എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. ഇവയെ ശാക്തീകരിക്കുന്നതിന് പദ്ധതിയുണ്ട്. 2017-18 സാമ്പത്തിക വർഷം സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിക്കായി 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുകയും പ്രസ്തുത തുക വിനിയോഗിച്ച് വിവിധ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേന മേൽപ്പറഞ്ഞ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു.

## കേരള പൂരക്കളി അക്കാദമി

9(*489) ശ്രീ. എം. നൗഷാദ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനും ജനകീയമാക്കുന്നതിനും സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂരിലെ പയ്യന്നൂർ കേന്ദ്രമായി ആരംഭിച്ച കേരള പൂരക്കളി അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) അക്കാദമിക്ക് സ്ഥിരമായി ഒരു ആസ്ഥാനം കണ്ടെത്തുന്നതിനുള്ള നടപടി ഏത് ഘട്ടംവരെയായെന്ന് അറിയിക്കുമോ;

(സി) അക്കാദമിയുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ട പൂരക്കളി മഹോത്സവത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അക്കാദമിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനവ്യാപകമാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പാരമ്പര്യ കലാരൂപങ്ങൾ വീണ്ടെടുക്കുന്നതിനും ജനകീയമാക്കുന്നതിനും സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് കണ്ണൂരിലെ പയ്യന്നൂർ ആസ്ഥാനമായി പൂരക്കളി അക്കാദമി രൂപീകരിച്ചത്. 26-12-2016-ലെ സ.ഉ. (സാധാ) നമ്പർ 449/2016/സാം.കാ.വ. പ്രകാരം പുതിയ ഭരണ സമിതി രൂപീകരിച്ചിട്ടുണ്ട്. പൂരക്കളി അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതിനകം ആകെ 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അക്കാദമിയുടെ പ്രവർത്തനം പൂർണ്ണ സജ്ജമാക്കുന്ന പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ പെരുമ്പയിലാണ് ഇതിന്റെ ആസ്ഥാനം പ്രവർത്തിക്കുന്നത്. സ്ഥിരമായി ഒരു ആസ്ഥാന മന്ദിരവും അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കുന്നതിനാവശ്യമായ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി) പൂരക്കളി അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തിക വർഷം 31 കേന്ദ്രങ്ങളിൽ പൂരക്കളി മഹോത്സവം സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 12 സെമിനാറുകൾ, 31 മറുത്തുകളി, 85 പൂരക്കളി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. സംസ്കൃത പണ്ഡിതന്മാരായ 62 പൂരക്കളി പണിക്കന്മാർ മറുത്തുകളിയുടെ ഭാഗമായി പുരാണേതിഹാസ കഥകളുടെയും സംസ്കൃത ഭാഷാധിഷ്ഠിതമായ തർക്ക വ്യാകരണാദി ശാസ്ത്ര ചർച്ചകളും ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി. 85 പൂരക്കളി സംഘങ്ങളിലായി 2450 പൂരക്കളി കലാകാരന്മാരെ പൂരക്കളി അവതരിപ്പിക്കുന്നതിന് അണിനിരത്താൻ കഴിഞ്ഞു. പതിനായിരക്കണക്കിനാളുകൾക്ക് ഈ കലയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്താനും പ്രോത്സാഹനം നൽകാനും കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം അണിക്കരയിൽ 'ഗുരുസാഗരം' എന്ന പേരിലാണ് പരിപാടി നടത്തിയത്. ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയുടെ 130-ാം വാർഷികം പ്രമാണിച്ചാണ് ഈ പരിപാടി നടത്തിയത്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ പ്രമുഖർ ടി പരിപാടിയിൽ പങ്കെടുത്തു.

(ഡി) അക്കാദമിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇതിനകം പരിപാടികൾ നടത്തിയിട്ടുണ്ട്. എറണാകുളം തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ പൂരക്കളി മഹോത്സവത്തിന്റെ ഭാഗമായി പരിപാടി സംഘടിപ്പിച്ചു.

സംഗീത നാടക അക്കാദമി, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്ത ഗ്രന്ഥശാലകൾ വഴി പൂരക്കളി പരിശീലനത്തിന് പ്രോത്സാഹനം നൽകിവരുന്നു.

**പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ**

10(*490) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ഉൾപ്പെടെ അത്യാവശ്യ തസ്തികയിലെ ജീവനക്കാരുടെ കുറവ് വന സംരക്ഷണത്തിനും വന്യജീവി പ്രതിരോധത്തിനും തടസ്സമാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് മുന്നിൽക്കണ്ട് സംസ്ഥാനത്ത് പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് സർക്കാർ നേരത്തെ ഭരണാനുമതി നൽകിയിരുന്നോ;

(സി) പിന്നീടത് മരവിപ്പിക്കുകയുണ്ടായോ; എങ്കിൽ മരവിപ്പിക്കാനുണ്ടായ കാരണമെന്ത്;

(ഡി) ഭരണാനുമതി മരവിപ്പിച്ച നടപടി പുനഃപരിശോധിക്കുമോ; അതുവഴി ഫോറസ്റ്റ് സ്റ്റേഷനുകളാരംഭിക്കാനുള്ള സാഹചര്യമൊരുക്കുമോ; വിശദാംശങ്ങൾ നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വനസംരക്ഷണം, വന്യജീവി പ്രതിരോധ പ്രവർത്തനം തുടങ്ങിയവ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് ആവശ്യമായ തസ്തികകൾ അനുവദിക്കപ്പെടാത്തതിനെ തുടർന്ന് ഭരണപരമായ കാരണങ്ങളാൽ ഇത് റദ്ദ് ചെയ്തിട്ടുണ്ട്.

(ഡി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

## കിണറുകളെയും ചെറുജലസ്രോതസ്സുകളെയും പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ

11(*491) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പകുതിയിലധികം ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസ്സെന്ന നിലയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേകം പ്രാധാന്യം നൽകുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പദ്ധതി എത്രമാത്രം ഫലപ്രദമായെന്ന് അവലോകനം ചെയ്തിരുന്നോ;വിശദമാക്കാമോ;

(ബി) നിലവിലുള്ള ഗ്രാമപഞ്ചായത്ത് പദ്ധതികളും ജല അതോറിറ്റി പദ്ധതികളും പുനരുദ്ധരിച്ച് ജലവിതരണം കാര്യക്ഷമമാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) കുളങ്ങൾ ഉൾപ്പെടെയുള്ള ചെറു ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് ജല സംഭരണത്തിന് ആവിഷ്കരിച്ച പദ്ധതി പ്രാവർത്തികമായോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്നകിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി ജല അതോറിറ്റിയുടെ പുനരുദ്ധാരണവും വിപുലീകരണവും ആവശ്യമായ പദ്ധതികളിൽ അത്തരം പ്രവൃത്തികൾ പണലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. നിലവിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം താഴെച്ചേർക്കുന്നു:

സംസ്ഥാനത്തെ 148 സ്കീമുകളിലെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകി.

കൂടാതെ സ്റ്റേറ്റ് പ്ലാനിലെ ഒപ്ടിമൈസേഷൻ ഓഫ് പ്രൊഡക്ഷൻ & ട്രാൻസ്മിഷൻ എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, പൈപ്പ് ലൈൻ നീട്ടൽ, കേടായ പമ്പ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, ജല ശുദ്ധീകരണശാല പുനരുദ്ധരിക്കൽ മുതലായ പ്രവൃത്തികൾക്ക് 2016-17-ൽ 94.59 കോടി രൂപയുടെയും 2017-18-ൽ 162.47 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 140 കോടി രൂപയുടെ വിവിധ പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കാനും പുനരുദ്ധരിക്കാനും ഹരിത കേരളം പ്ലാൻ സ്കീമുകൾ, സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു*.) പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി താൽക്കാലികമായി ബണ്ടുകളും കിഫ്ബിയുടെ ധനസഹായത്തോടെ റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആദിവാസി മേഖലയിലെ സ്കൂളുകളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

12(*492) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ സ്കൂളുകളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വിദ്യാഭ്യാസ കാര്യങ്ങളിൽ അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വിഘാതമായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ പരിതാപകരമായ അവസ്ഥ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളെക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; അതുമൂലം കുട്ടികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള മാറ്റം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാലാണ് കൊഴിഞ്ഞുപോക്ക് സംഭവിക്കുന്നത്.

- വിദൂര കോളനികളിൽനിന്നുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട്
- ഭാഷാപ്രശ്നങ്ങൾ
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശിക്ഷണത്തിന്റെ കുറവ്.

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് 'ഗോത്രസാരഥി പദ്ധതി'
- സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി./ബി.എഡ്./ ടി.എഡ് പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന 'ഗോത്രബന്ധു പദ്ധതി'.
- പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠനനിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന 'സാമൂഹ്യപഠനമുറി പദ്ധതി'.

(സി) വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

കിഫ്ബി മുഖേന 5 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

താൽക്കാലികമായി വാടകക്കെട്ടിടത്തിൽ 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ സംസ്ഥാനത്തൊട്ടാകെ 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ സ്കൂളുകളിൽ താമസിച്ച്, മികച്ച വിദ്യാഭ്യാസം നൽകി, അവരെ വിദ്യാസമ്പന്നരും പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി - വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി

2. സ്പെഷ്യൽ ട്യൂഷൻ പദ്ധതി - ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതി

3. യോഗ പരിശീലനം - വിദ്യാർത്ഥികൾക്ക് മാനസികവും ആരോഗ്യവുമായ ഉന്മേഷം ലഭിക്കുന്നതിന് പഠനക്രമമനുസരിച്ച് യോഗ പരിശീലനം നൽകിവരുന്നു.

4. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി - വിദ്യാർത്ഥികളിൽ സാമൂഹികാവബോധം, നീതിനിർവ്വഹണബോധം എന്നിവയിലൂടെ പോലീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതി.

5. സർഗ്ഗോത്സവം - 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയും 106 പ്രീമെട്രിക് ഹോസ്റ്റലുകളിലേയും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഒരു കലോത്സവം 'സർഗോത്സവം' എന്ന പേരിൽ ഒരു കേന്ദ്രീകൃത കലാവേദി 2013-14 അദ്ധ്യയന വർഷം മുതൽ നടപ്പാക്കിവരുന്നു.

6. സഹവാസ ക്യാമ്പ് - എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയും എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും വ്യക്തിത്വ വികസനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സഹവാസ ക്യാമ്പുകൾ വർഷംതോറും നടത്തിവരുന്നു.

7. സ്റ്റുഡന്റ്സ് കൗൺസിലേഴ്സ് - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിലെ മികച്ച വിജയം കൈവരിക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി മാനസികമായി പ്രാപ്തരാക്കുന്നതിന് വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകുന്നതിന് കരാറടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 49 വ്യക്തികളെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിയമിച്ചുവരുന്നു.

8. നാഷണൽ സർവ്വീസ് സ്കീം - സാമൂഹിക സേവന പ്രവൃത്തികളിലൂടെ സാമൂഹിക പ്രതിബന്ധത വളർത്തി ജനനന്മയും വ്യക്തിഗുണവും ഉറപ്പാക്കി ഉന്നതമൂല്യമുള്ള പൗരന്മാരാക്കി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളെ വളർത്തിക്കൊണ്ട് വരാനുള്ള പദ്ധതി

9. അഡീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി - തെരഞ്ഞെടുക്കപ്പെട്ട എട്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

10. കളിക്കളം - പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാന കായികമേള 'കളിക്കളം ' എന്ന പേരിൽ 2015-16 അദ്ധ്യയന വർഷം മുതൽ നടത്തിവരുന്നു.

11. വിദ്യാവിസ്മയം - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ശുഭാപ്തിവിശ്വാസം, ജീവിത മൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും വിദ്യാർത്ഥികളിൽ സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി വിദ്യാവിസ്മയം എന്ന പദ്ധതി നടത്തിവരുന്നു.

12. ശാസ്ത്ര ബോധിനി - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയങ്ങളിലുള്ള താൽപ്പര്യം വളർത്തുന്നതിനും ശാസ്ത്ര സാങ്കേതിക മേഖലകളിൽ കൂടുതൽ അറിവ് നേടുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതി.

13. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ, വൈകാരിക, മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്താൻ വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി.

14. കരിയർ ഗൈഡൻസ് - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി തുടർപഠനത്തിന് അനുയോജ്യമായവിധം കോഴ്സുകളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനുള്ള പദ്ധതി.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ

1. സ്മാർട്ട് ക്ലാസ്റൂം - വകുപ്പിനുകീഴിലുള്ള 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിച്ചിട്ടുണ്ട്. ആയതിന് 94,89,865 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. കമ്പ്യൂട്ടർ ലാബ് - വകുപ്പിനുകീഴിലുള്ള 11 എം.ആർ.എസ്.-കളിൽ ഒരേ സമയം 40 കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

3. സയൻസ് ലാബ് - വകുപ്പിനുകീഴിലുള്ള 18 എം.ആർ.എസ്-കളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. 2017-18 വർഷം 32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ലാംഗ്വേജ് ലാബ് - വകുപ്പിനുകീഴിലുള്ള 5 എം.ആർ.എസ്.-കളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ആയതിനായി 48.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. സ്കൂൾ റേഡിയോ - മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയവിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 10 എം.ആർ.എസ്.-കളിൽ 1,46,56,340 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

6. സി.സി. ടി.വി.- എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 2,37,77,297 രൂപ ചെലവഴിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

7. സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി - 13 എം.ആർ.എസ്-കളിൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി 5 എം.ആർ.എസ്.-കളിൽ 4,70,85,096 രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 8 എം.ആർ.എസ്.-കളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 8,44,00,910 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ 8 എം.ആർ.എസ്.-കളിൽ പുരോഗമിച്ചുവരുന്നു.

8. എം.ആർ.എസ്.-കളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി - എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകം ചെയ്യുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 16 എം.ആർ.എസ്.-കളിൽ 2,60,52,432 രൂപ ചെലവഴിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

9. മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട് - എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്, ഹാൻഡ്ബോൾ, ഖോഖോ, കബഡി എന്നീ കളികളുടെ പരിശീലനത്തിനായി മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട് സ്ഥാപിക്കുന്നു. 3,26,58,940 രൂപ ചെലവഴിച്ച് 4 എം.ആർ.എസ്.-കളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

10. മിനി മാസ്റ്റ് ലൈറ്റ് - 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 1,15,27,863 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു.

11. ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ് - മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖരദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കുന്നത്. ഞാറനീലി സി.ബി.എസ്.ഇ. സ്കൂളിൽ 84,13,400 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു.

12. ജലശുദ്ധീകരണ പദ്ധതി - 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പാചകത്തിനും വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനുമായി ശുദ്ധമായ ജലം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 80,96,904 രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

13. നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി - 13 എം.ആർ.എസ്.-കളിലെയും 39 പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെയും വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 13 എം.ആർ.എസ്.-കളിലേയ്ക്ക് 13,39,424 രൂപയും 40 ഹോസ്റ്റലുകളിലേയ്ക്ക് 17,52,960 രൂപയും ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

## ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ സ്വീകരിച്ച നടപടികൾ

13(*493) ശ്രീ. എ. എം. ആരിഫ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകൾ, തോടുകൾ, കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ പകുതിയിലധികവും മലിനമായതിനാൽ ഉപയോഗയോഗ്യമല്ലാത്തത് കണക്കിലെടുത്ത് ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) മലിനജലനിർമ്മാർജ്ജന സൗകര്യമില്ലാത്തതാണ് കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ മുഖ്യകാരണമെന്നതിനാൽ മലിനജല നിർമ്മാർജ്ജനത്തിന് കേരള വാട്ടർ അതോറിറ്റിയും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസിയും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ജലശുദ്ധി പരിശോധിക്കാനായി എന്തൊക്കെ സംവിധാന ങ്ങളാണുള്ളത്; സ്വകാര്യ കുടിവെള്ള വില്പനക്കാർ ടാങ്കറിലും ജാറിലും വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധി ഉറപ്പാക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ജലമലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർ ക്കെതിരെയുള്ള നടപടികൾ/ശിക്ഷ കൂടുതൽ കർശനമാ ക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി ചെയ്ത് ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപവരെ പിഴയോ മൂന്നുവർഷം വരെ തടവോ രണ്ടും കൂടിയോ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്ന വ്യവസ്ഥ കൂട്ടിച്ചേർത്തിട്ടുണ്ട്. (ഓർഡിനൻസ് നമ്പർ 27/2017, 2017 ഡിസംബർ 7 നോട്ടിഫിക്കേഷൻ നമ്പർ 24395/ലെജി. എഫ്2/2017/നിയമം)

നഗരപ്രദേശങ്ങളിൽ നദികൾ/തോടുകൾ എന്നിവയിലെ പാലങ്ങൾ ഒരു പ്രധാന മാലിന്യ നിക്ഷേപകേന്ദ്രമാണ്. ഇത് തടയുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലങ്ങളുടെ ഇരുവശങ്ങളിലും കമ്പിവേലി നിർമ്മിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. ഇത് ഫലപ്രദമായ ഒരു മാർഗ്ഗമായി വിലയിരുത്തുന്നു.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നു വെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, കൊച്ചി എന്നീ സ്ഥലങ്ങളിൽ ഭാഗികമായി മലിനജല നിർമ്മാർജ്ജനത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ സ്വിവറേജ് സംവിധാനം നിലവിലുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്വിവറേജ് സംവിധാനം പൂർത്തിയായിവരുന്നു. തിരുവനന്തപുരത്തും കൊച്ചിയിലും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് സ്വിവറേജ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ 'അമൃത്' പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിൽ കേരള സുസ്ഥിര നഗരവികസന പദ്ധതി (KSUDP)-യിൽ ഉൾപ്പെടുത്തി സ്വിവറേജ് സംവിധാനത്തിന്റെ നിർമ്മാണം വാട്ടർ അതോറിറ്റി ഏറ്റെടുത്തിരുന്നുവെങ്കിലും ഗ്രീൻ ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നതിനാലും പ്രാദേശികമായ എതിർപ്പുകൾമൂലവും പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി, ജലനിധി പദ്ധതിയിലെ കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളായ പൈപ്പ് കമ്പോസ്റ്റ്, ഗാർഹിക പൊതു ബയോഗ്യാസ് പ്ലാന്റുകൾ, പൊതു ശൗചാലയങ്ങൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ എന്നിവ നിർമ്മിച്ച് നൽകുന്നുണ്ട്. ജലനിധി പദ്ധതികളിലെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഓടകളും നിർമ്മിച്ച് നൽകുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കായി 21 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുകയും 18 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. Open Defecation Free (ODF)

പ്രവർത്തനങ്ങളുടെ ഭാഗമായി ജലനിധി പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ 36,498 ഗാർഹിക കക്കൂസുകൾ 56 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ജലനിധി പദ്ധതിയുടെ കുടിവെള്ള സ്രോതസ്സുകളെല്ലാം ആവശ്യമായ മുൻകരുതലെടുത്ത് മാലിന്യം കലരുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. തുറന്ന കിണറുകളെ സംരക്ഷിച്ചുകൊണ്ട് ഡ്രെയിനേജ് സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ National Rural Drinking Water Programme (NRDWP) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളായ കിണറുകൾ, ട്യൂബ്‌വെല്ലുകൾ എന്നിവയിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധന ഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിവരുന്നു.

ജലനിധി പദ്ധതികളിൽ ജലശുദ്ധി ഉറപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നൽകുന്നു. മാത്രവുമല്ല പദ്ധതികളിലെ ജലം അതത് ഗുണഭോക്തൃ സമിതി അംഗങ്ങൾ ജലപരിശോധന കിറ്റ് ഉപയോഗിച്ച് പരിശോധിക്കുന്നുമുണ്ട്.

ജലഗുണനിലവാരം നിർണ്ണയിക്കുന്നതിനായി കോഴിക്കോട് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് വാട്ടർ ക്വാളിറ്റി ഡിവിഷനിൽ എൻ.എ.ബി.എൽ. അംഗീകാരമുള്ള ലബോറട്ടറി സംവിധാനങ്ങളുണ്ട്. സി.ഡബ്ല്യൂ.ആർ.ഡി.എം. കേരളത്തിലെ വിവിധ ജില്ലകളിൽ മൊബൈൽ വാട്ടർ അനാലിസിസ് ലബോറട്ടറി സേവനം നൽകിവരുന്നുണ്ട്. ജലസാമ്പിളുകളിലെ വിവിധ രാസഭൗതിക ഘടകങ്ങളും ബാക്ടീരിയകളുടെ സാന്നിധ്യവും പരിശോധിച്ച് പൂർത്തിയാക്കിയശേഷം വിശകലന റിപ്പോർട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കൂടാതെ ഗുണനിലവാര ഘടകങ്ങളുടെ സാന്ദ്രത വാട്ടർ കാർഡിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

സ്വകാര്യ കുടിവെള്ള വിൽപ്പനക്കാർ വിതരണം ചെയ്യുന്ന ജലത്തിന്റെ ശുദ്ധി ജലവിഭവ വകുപ്പ് പരിശോധിക്കുന്നില്ല.

## കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

14(*494) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും സാംസ്കാരിക വകുപ്പ് വഹിക്കുന്ന പങ്ക് വിശദമാക്കുമോ;

(ബി) ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകന്മാരുടെ പേരിൽ കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനകം എത്ര സ്ഥാപനങ്ങളുടെ പണി പൂർത്തിയായി;

(സി) കിഫ്ബിയിൽനിന്നും ഇക്കാര്യത്തിനായി എന്ത് ഫണ്ട് അനുവദിച്ചുവെന്നും എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും സാംസ്കാരിക വകുപ്പ് വളരെ വലിയ ഇടപെടൽ നടത്തുന്നുണ്ട്. നവോത്ഥാന മൂല്യങ്ങൾ പരിരക്ഷിക്കുവാനും ബഹുസ്വരതയിൽ അധിഷ്ഠിതമായ അഭിപ്രായ സ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും നിലനിൽക്കുന്ന സമത്വ ഭാവനയിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥയുടെ സൃഷ്ടിക്കും കേരള സംസ്കാരത്തിന്റെ പരിപോഷണത്തിനും ഉതകുന്ന ശ്രമങ്ങളാണ് സാംസ്കാരിക വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ആവിഷ്കാരത്തിനുള്ള പൊതു ഇടങ്ങൾ വളർത്തിക്കൊണ്ട് വരികയെന്ന ലക്ഷ്യത്തോടെ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വകുപ്പിനുകീഴിലെ സാംസ്കാരിക സ്ഥാപനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, മത്സ്യത്തൊഴിലാളികൾ, ആദിവാസി തുടങ്ങി സമസ്ത മേഖലകളിലേയ്ക്കും ഇറങ്ങിച്ചെന്ന് ചർച്ചകളും സെമിനാറുകളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുകയും മൂല്യവത്തായ കൃതികൾ പ്രസിദ്ധീകരിക്കുകയും ഭാഷാ പഠനത്തിന് ഊന്നൽ നൽകുകയും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ്

നടത്തിവരുന്നത്. നമ്മുടെ പുതുതലമുറയ്ക്ക് തനത് കലാരൂപങ്ങളിൽ ആഭിമുഖ്യം ജനിപ്പിക്കാനും നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആയിരം യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ് അനുവദിക്കുന്ന പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത യുവകലാകാരന്മാരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാമൂഹിക കേന്ദ്രങ്ങളിലും സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലും വിന്യസിച്ച് കലാവിഷയങ്ങളിൽ പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ' നാട്ടരങ്ങ് ' എന്ന പുതിയ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതാണ്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്തെ ചരിത്ര മുഹൂർത്തങ്ങളുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനായി ശ്രീനാരായണഗുരുദേവന്റെ നമുക്ക് ജാതിയില്ല വിളംബരം, സഹോദരൻ അയ്യപ്പന്റെ മിശ്രഭോജന പ്രസ്ഥാനം എന്നിവയുടെ നൂറാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം എന്നിവ സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രചരണ പരിപാടികളാണ്.

കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും രാജ്യത്ത് തന്നെ ഇദംപ്രഥമമായി ജില്ലകൾതോറും ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വിപുലമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുന്ന സമുച്ചയങ്ങൾ സംസ്ഥാനത്തിന്റെ സാംസ്കാരിക രംഗത്ത് വമ്പിച്ച മാറ്റങ്ങൾക്ക് ഇടയാക്കുന്നതാണ്. കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ കലാ-സാംസ്കാരിക സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾക്ക് ഏകോപനവും സമന്വയവും ഉറപ്പാക്കാനായി ഒരു ഉന്നത സാംസ്കാരിക കൗൺസിൽ രൂപീകരിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

(ബി) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന ഏതാണ്ട് 5 ഏക്കർ സ്ഥലത്ത് സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവ

ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയാക്കി ടെണ്ടർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) കിഫ്ബി (KIIFB)-ൽനിന്നും ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കലാണ് നിശ്ചയിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2,65,00,000 രൂപ (രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷം രൂപ) സെന്റേജ് ചാർജ്ജായി കിഫ്ബി പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എസ്.എഫ്.ഡി.സി.) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സെന്റേജ് ചാർജായി അനുവദിച്ച തുകയിൽനിന്നും ഡി.പി.ആർ. തയ്യാറാക്കൽ, പ്രാരംഭ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവ് നിർവ്വഹിക്കുന്നതാണ്. ടെണ്ടർ ചെയ്യുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതും പദ്ധതിക്കാവശ്യമായ തുക കിഫ്ബിയിൽനിന്നും ലഭ്യമാവുന്നതുമാണ്.

**പാൽ പരിശോധനാ ലാബുകളും ഹൈടെക് ഡെയറി ഫാമുകളും**

15(*495) ശ്രീ. എൽദോ എബ്രഹാം:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമപാൽ, വ്യാജപാൽ എന്നിവ കടന്നുവരുന്ന സാഹചര്യത്തിൽ ഇത് പിടികൂടുന്നതിനും നശിപ്പിക്കുന്നതിനും സംവിധാനം നിലവിലുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന വ്യാജപാൽ ചെക്ക് പോസ്റ്റിൽത്തന്നെ പരിശോധിച്ച് തിരിച്ചയയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ;

(സി) കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പാൽ പരിശോധനാ ലാബുകളുണ്ടോ; ഇല്ലെങ്കിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ സർക്കാർ മേഖലയിൽ ഹൈടെക് ഡെയറി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഇത്തരത്തിലുള്ള കൂടുതൽ ഹൈടെക് ഡെയറി ഫാമുകൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) നിലവിലുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഗുണനിയന്ത്രണ ഓഫീസർമാരുടെകീഴിൽ പാൽ പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഇതരസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാൽ പരിശോധിക്കുന്നതിന് ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ആര്യങ്കാവിലും ചെക്ക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ചെക്ക്പോസ്റ്റും ലബോറട്ടറിയും ആരംഭിക്കുന്നതാണ്. ആലത്തൂർ, കോട്ടയം എന്നിവിടങ്ങളിൽ ഓരോ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിശദ പരിശോധന നടത്തുന്നതിനായി NABL അക്രഡിറ്റേഷനോടുകൂടിയ "സ്റ്റേറ്റ് ഡെയറി ലാബ്" തിരുവനന്തപുരത്ത് ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് റീജിയണൽ ലാബിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധന നടത്തി വ്യാജമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവാരം കുറഞ്ഞ പാൽ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വ്യാജ പാൽ, കൃത്രിമ പാൽ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല.

(ബി) ക്ഷീരവികസന വകുപ്പിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിൽ മാത്രമാണ് പാൽ പരിശോധന ലാബുള്ളത്. ഇവിടത്തെ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതും മായം കലർന്നതുമായ പാൽ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറാറുണ്ട്.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ നിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയാൽ സംസ്ഥാനത്തിനകത്ത് കടത്തിവിടുന്നത് തടയുന്നുണ്ട്. വ്യാജപാൽ, കൃത്രിമ പാൽ എന്നിവ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളിൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല.

(സി) ഉണ്ട്. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെയറി ലാബ് NABL (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷൻ ഉള്ളതാണ്. കേരളത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള NABL അക്രഡിറ്റേഷനുള്ള ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിൽ പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

മിൽമ ഡെയറികളുടെ ലബോറട്ടറികളിൽ സാധാരണ ടെസ്റ്റുകൾക്ക് പുറമെ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) ഉണ്ട്. കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ കുരിയോട്ടുമല ഹൈടെക് ഡെയറി ഫാം പ്രവർത്തിക്കുന്നുണ്ട്.

(ഇ) കുരിയോട്ടുമല ഹൈടെക് ഡെയറി ഫാമിന്റെ പ്രവർത്തനം മൃഗസംരക്ഷണ വകുപ്പ് വിശദമായി പഠിച്ചുവരികയാണ്. കൂടുതൽ ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നകാര്യം വിശദമായ പഠന റിപ്പോർട്ട് വിശകലനം ചെയ്തശേഷം തീരുമാനിക്കുന്നതാണ്.

**ലഹരി ഉപയോഗ വ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ**

16(*496) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വ്യാജമദ്യ വില്പന തടയുന്നതിനും ലഹരിക്കായി അലോപ്പതി മരുന്നുകളും ആയുർവ്വേദ മരുന്നുകളും ഉപയോഗിക്കുന്നത് തടയുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്;

(സി) സംസ്ഥാനത്ത് എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) രാത്രികാലങ്ങളിൽ വാഹന പരിശോധന സുഗമമായി നടത്തുന്നതിലേയ്ക്കായി 25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ ഹൈമാസ്റ്റ് ലൈറ്റുകളും വൈദ്യുതി ചെന്നെത്താത്ത 2 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ എക്സൈസ് ചെക്ക്പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, കുടകൾ, ഫ്ലൂറസന്റ് ജാക്കറ്റുകൾ, ട്രാഫിക് കോണുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. റെയിൻകോട്ട് വിതരണത്തിന് നടപടി സ്വീകരിച്ചുവരുന്നു. വാഹനമില്ലാതിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ 160 സി.സി. ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സി.സി.ടി.വി. സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്.

(ബി) എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി നിരന്തരം റെയ്ഡുകളും രഹസ്യ നിരീക്ഷണവും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ് തലങ്ങളിലും പഞ്ചായത്തുകളിലും കുടുംബശ്രീ, മറ്റ് സംഘടനകളുമായി ചേർന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതും ലഭിക്കുന്ന പരാതികളിൽ മേൽനടപടി സ്വീകരിച്ചുവരുന്നതുമാണ്. അതിർത്തി എക്സൈസ് ചെക്ക്പോസ്റ്റുകളിൽ വ്യാജമദ്യം കടത്ത് തടയുന്നതിന് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ലഹരിക്കായി അലോപ്പതി മരുന്നുകളും ആയുർവേദ മരുന്നുകളും ഉപയോഗിക്കുന്നത് തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിലും ആയുർവേദ സ്ഥാപനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തി അരിഷ്ടാസവങ്ങളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി നടപടിയെടുത്ത് വരുന്നതുമാണ്. മെഡിക്കൽ സ്റ്റോറുകളിലും ആയുർവേദ മരുന്ന് വിൽപ്പന നടത്തുന്ന സ്ഥലങ്ങളിലും ലഹരിക്കായി ഉപയോഗിക്കുന്ന മരുന്നുകൾ വിൽപ്പന നടത്തുന്ന കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സൈസ് റെയ്ഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് ഓഫീസ്, എക്സൈസ് ഡിവിഷൻ ഓഫീസ് തുടങ്ങിയ ജില്ലകളിലെ വിവിധ ഓഫീസുകൾ, മേഖല ഓഫീസ് എന്നിവ ഒരു കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എൻഫോഴ്സ്മെന്റ്

പ്രവർത്തനങ്ങൾക്ക് വളരെയേറെ സഹായകരമാണ്. ഈ ഓഫീസുകളോട് ചേർന്ന് ജില്ലാ വിമുക്തി ഓഫീസ്, കോൺഫറൻസ് ഹാൾ, വീഡിയോ കോൺഫറൻസ് ഹാൾ എന്നിവകൂടി നിർമ്മിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ മൊത്തത്തിൽ ഏകോപിപ്പിക്കുവാൻ ഉപകരിക്കുന്നതാണ്.

## കുടിവെള്ള സ്രോതസ്സുകൾ വറ്റിവരളുമെന്നുള്ള മുന്നറിയിപ്പ്

17(*497) ശ്രീ. അൻവർ സാദത്ത്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജനങ്ങൾക്കും പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക എന്ന 13-ാം പഞ്ചവത്സരപദ്ധതിയുടെ സമീപനരേഖ പ്രാവർത്തികമാക്കുന്നതിന് ജലവിഭവ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) കിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ജലസ്രോതസ്സുകളുടെ അടിസ്ഥാനം മഴയാണെന്നിരിക്കെ മഴലഭ്യതയിൽ ഉണ്ടാകുന്ന കുറവുകൾ സംസ്ഥാനത്തിന്റെ കുടിവെള്ള വിതരണത്തെ പ്രതികൂലമായി ബാധിക്കുമോ;

(ഡി) ഈ വർഷം വേനൽ കടുക്കുമെന്നും കുടിവെള്ള സ്രോതസ്സുകൾ വറ്റിവരളുമെന്നുമുള്ള മുന്നറിയിപ്പുകളെ ജലവിഭവ വകുപ്പ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;എങ്കിൽ ഇതിനെ നേരിടുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) 2017-ൽ തെക്ക് പടിഞ്ഞാറൻ മൺസൂണിൽ ലഭിച്ച മഴയുടെ കുറവ് ഭൂഗർഭ ജലത്തിന്റെ അളവിൽ വ്യതിയാനം ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) 13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-2022) സമീപന രേഖ പ്രകാരം സംസ്ഥാനത്തെ മുഴവൻ ജനങ്ങൾക്കും കുടിവെള്ളം വിതരണം ചെയ്യുന്നതിന് രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. നഗരങ്ങളിലെ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതും കൂടാതെ ജലവിതരണ പദ്ധതികളിലെ വിതരണ

നഷ്ടം കുറയ്ക്കുന്നതിനായി JICA പദ്ധതികളില്ലാത്ത ജില്ലകളായ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ലാ പദ്ധതി (CDP) 2016-ൽ വിഭാവന ചെയ്തിരുന്നു. നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം, ശുദ്ധജല ലഭ്യതയില്ലാത്ത പ്രദേശങ്ങൾ, ഗുണനിലവാര ബാധിത പ്രദേശങ്ങൾ, ഭാഗികമായി മാത്രം ജലലഭ്യതയുള്ള പ്രദേശങ്ങൾ, നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം, ഉത്പാദന ഘടകങ്ങൾ ഉള്ളവയും എന്നാൽ വിതരണശൃംഖല ഇല്ലാത്തതുമായ പദ്ധതികൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വിവിധ പദ്ധതികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) മഴലഭ്യതയിലെ ഏറ്റക്കുറച്ചിൽ ഭൂജല വ്യതിയാനത്തിന് ഇടയാക്കുകയും ഡാമുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളെ ബാധിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മഴലഭ്യതയിലെ കുറവുമൂലമുണ്ടാകുന്ന ജലക്ഷാമം കുടിവെള്ള വിതരണത്തെ ബാധിക്കാതിരിക്കാൻ കഴിയുന്നത്ര മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വേനൽമഴയിൽ കുറവ് സംഭവിക്കാമെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാമുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ ലഭ്യമായിട്ടുള്ള ജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ശാസ്ത്രീയമായ ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരുവെള്ളം കയറി ജലസ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിനുള്ള ഓരുമുട്ടുകൾ/തടയണകൾ നിർമ്മിക്കുന്നതിന് മുഖ്യ പരിഗണന നൽകണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ മൂന്ന് അവലോകന യോഗങ്ങൾ നടത്തിയിരുന്നു.

നദികളെ തന്നെ സംഭരണികളാക്കി മാറ്റുകയെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി

ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ കേരള ജല അതോറിറ്റി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു:

ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകളെ സംരക്ഷിച്ച് വരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയാൻ 'ബ്ലൂ ബ്രിഗേഡ് ' സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. മഴവെള്ള സംഭരണം വഴിയുള്ള ജല സംരക്ഷണ പ്രവൃത്തികൾ നടത്തി വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി 'നീരുറവ' എന്ന കർമ്മ പരിപാടിക്ക് തുടക്കമിട്ടിട്ടുണ്ട്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കി മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, കുഴൽക്കിണർ കൈപമ്പ് പദ്ധതികൾ, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ, ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണൽ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണവും ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലനിധി കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ പഞ്ചായത്തുകളിൽ ആവിഷ്കരിക്കുകയും ജലശേഷി പരിശോധന (യീൽഡ് ടെസ്റ്റ്) നടത്തി സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ എന്നിവയുടെ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് സമയം ക്രമീകരിച്ചും കുറഞ്ഞ അളവിൽ (40 Ipcd-70 Ipcd) ജലവിതരണം പരിമിതപ്പെടുത്താനായും നിർദ്ദേശങ്ങൾ നൽകിവരുന്നു. പമ്പിംഗ് യീൽഡ് ഇല്ലാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകിവരുന്നു. കൂടാതെ, ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്; 2016 വർഷത്തിൽ ലഭ്യമായ വാർഷിക മഴയുടെ തോത് 1891 മില്ലീമീറ്ററായിരുന്നു. ഇത് സംസ്ഥാനത്തിൽ സാധാരണയായി ലഭിക്കുന്ന ശരാശരി (3000 മില്ലീമീറ്റർ) മഴയേക്കാൾ 36% കുറവായിരുന്നു. 2017 വർഷത്തിൽ 2681 മില്ലീമീറ്റർ മഴ ലഭിക്കുകയുണ്ടായി. ഇത് കഴിഞ്ഞ വർഷത്തിൽ ലഭ്യമായ മഴയുടെ തോതിനേക്കാൾ കൂടുതലാണ്. എന്നാൽ ശരാശരി മഴയുടെ അളവിനേക്കാൾ കുറവാണ്. ഭൂജലവകുപ്പ് സംസ്ഥാനത്ത് ഭൂജല വിതാനം നിരീക്ഷിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഭൂജലവിതാനം ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു. ഇതിൽ 377 തുറന്ന കിണറുകളും 341 ബോർവെല്ലുകളും 38 ട്യൂബ് വെല്ലുകളും ഉൾപ്പെടുന്നു. ജനുവരി 2018-ലെ ഭൂജലവിതാനം ജനുവരി 2017-ലെ ഭൂജലവിതാനവുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 18% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ 13% കുഴൽക്കിണറുകളിലും തീരപ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ (ട്യൂബ് വെൽ) 18.4% ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ജനുവരി 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017)-യുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 45% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ 51% കിണറുകളിലും തീരപ്രദേശങ്ങളിലെ 21% ട്യൂബ് വെല്ലുകളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു.

## പട്ടികഗോത്ര വർഗ്ഗക്കാർക്കായുള്ള വികസന പദ്ധതികൾ

18(*498) ശ്രീ. പി. വി. അൻവർ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിലുണ്ടായിരുന്ന പോഷകാഹാരക്കുറവുമൂലമുള്ള ശിശുമരണം ഇല്ലാതാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികഗോത്രവർഗ്ഗക്കാരുടെയിടയിലെ ഭക്ഷ്യ, ആരോഗ്യ, പാർപ്പിട, വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) പ്രസ്തുത വിഭാഗക്കാർക്കുള്ള വികസന പദ്ധതികൾ സുസ്ഥിര വികസന ഫലം കാണാത്തതിന്റെ മുഖ്യകാരണം പദ്ധതികളുടെ ആസൂത്രണത്തിൽ പട്ടികഗോത്രവർഗ്ഗക്കാരുടെ സജീവ പങ്കാളിത്തം ഇല്ലാത്തതായതിനാൽ അത് പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ)

- അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങൾക്കുപുറമെ കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:
    - അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
    - വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
    - പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി
    - സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
    - അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ
    - ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി
    - സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി
    - വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി
    - അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

- പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസിക രോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

(ബി)

- പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, അട്ടപ്പാടി മേഖലയലിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

- സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ, ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

- അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് ' മില്ലറ്റ് വില്ലേജ് ' എന്ന പദ്ധതി നടപ്പിലാക്കുന്നു.

- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച

വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട്, കൊല്ലം, ഇടുക്കി, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റുകൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

- അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitaiton Centre)-കൾ പ്രവർത്തിക്കുന്നു.

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി വകുപ്പ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കിവരുന്നു. ആയത് പ്രകാരം ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, വനബന്ധു കല്യാൺ യോജന പദ്ധതി, എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും വീടുകൾ അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പ് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ മികച്ച വിദ്യാഭ്യാസം പട്ടികവർഗ്ഗക്കാർക്ക് നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. പട്ടികവർഗ്ഗ വികസന

വകുപ്പിന്റെകീഴിലുള്ള സ്ഥാപനങ്ങളിൽ മികച്ച വിദ്യാഭ്യാസ സൗകര്യമൊരുക്കിയും വിവിധയിനം സ്കോളർഷിപ്പുകളും ഗ്രാന്റുകളും നൽകിയും വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചുമാണ് ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നത്.

<u>സ്ഥാപനങ്ങൾ</u>

- മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ - 20 എണ്ണം
- ഹോസ്റ്റലുകൾ (പ്രീമെട്രിക് - 106, പോസ്റ്റ്മെട്രിക് - 4)
- പ്രീപ്രൈമറി സ്ഥാപനങ്ങൾ (നഴ്സറി സ്കൂളുകൾ - 13, ബാലവാടി/ കിന്റർഗാർട്ടൻ/വികാസ്‌വാടി/ബാലവിജ്ഞാന കേന്ദ്രങ്ങൾ - 17)
- പ്രൈമറി സ്ഥാപനങ്ങൾ (പെരിപ്പതറ്റിക് സെന്ററുകൾ - 7, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ - 23)
- ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - 2
- വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ - 11.

<u>സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ</u>

- എസ്.എസ്.എൽ.സി.വരെയുള്ള കുട്ടികൾക്ക് സംസ്ഥാന സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പ്.
- 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ താഴെയുള്ളവർക്ക് കേന്ദ്ര സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പ്.
- പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ.
- അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന "അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്രവിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ് ', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്ര (ഭാരത ദർശൻ),

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.

- മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഭാഷാ പ്രശ്നം ലഘൂകരിക്കാനും പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി.
- പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകുന്നതിന് സാമൂഹ്യ പഠനമുറി പദ്ധതി.
- വിദൂരവും ദുർഘടവുമായ കോളനികളിലെ കുട്ടികളെ വാഹനത്തിൽ സ്കൂളിൽ എത്തിക്കുന്നതിന് ഗോത്രസാരഥി പദ്ധതി.
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനം.
- തെരഞ്ഞെടുത്ത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ് വിതരണം.
- നവോദയ സ്കൂൾ, സൈനിക സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം.
- സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് ധനസഹായം.

(സി)

- പട്ടികവർഗ്ഗക്കാർക്കുവേണ്ടി വകുപ്പ് മുഖേനയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കുന്ന പദ്ധതികൾ ഊരുകൂട്ടങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആസൂത്രണം ചെയ്തുവരുന്നത്.
- പട്ടികവർഗ്ഗ വിഭാഗത്തിനായി ജില്ലകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തിയാണ് ജില്ലാ പദ്ധതികൾ രൂപീകരിക്കുന്നത്.
- കൂടാതെ സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗക്കാരെയും ഉൾപ്പെടുത്തിയുള്ള പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് വിശദചർച്ചകൾ നടത്തിയശേഷമാണ് വാർഷിക പദ്ധതികൾ അംഗീകരിക്കപ്പെടുന്നത്.

## സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ശമ്പള പരിഷ്കരണം

19(*499) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ഉറപ്പുകൾ ഈ സർക്കാർ പാലിക്കാത്തതുമൂലം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ കൂട്ട അവധിയെടുത്ത് പ്രതിഷേധിക്കുവാൻ തീരുമാനിച്ചതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നഴ്സുമാർക്ക് അർഹമായ ശമ്പളം നൽകാതെ കഷ്ടപ്പെടുത്തുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ തൊഴിൽ വകുപ്പിന് എന്തൊക്കെ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) 2017 ജൂലൈ മാസത്തിൽ ശമ്പള പരിഷ്കരണം നടപ്പാക്കുമെന്ന് നഴ്സുമാർക്ക് സർക്കാർ ഉറപ്പ് നൽകിയെങ്കിലും ഇത് നടപ്പാക്കാനാവാത്തത് എന്തുകൊണ്ടാണ് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം സംബന്ധിച്ച അന്തിമ വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റിഷൻ എന്നിവ ഫയൽ ചെയ്ത് നിയമലംഘനത്തിനെതിരെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം 16-11-2017-ൽത്തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനം സംബന്ധിച്ച് ലഭ്യമായ അഭിപ്രായങ്ങളുടെയും ആക്ഷേപങ്ങളുടെയും അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനത്തിനായുള്ള ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതി ആയതിന്മേൽ ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യം പകർന്നുനൽകുന്നതിനുള്ള പദ്ധതികൾ**

20(*500) ശ്രീ. എസ്. ശർമ്മ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഫലമായി സർവമേഖലയിലും തൊഴിൽ നഷ്ടമുണ്ടായെന്ന സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലും സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി മദ്ധ്യേഷ്യൻ രാജ്യങ്ങളിലെ ദേശസാൽക്കരണം കാരണം പ്രവാസികളായ അവിദഗ്ദ്ധ തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിനിടയാക്കുന്നതും പരിഗണിച്ച് തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യം പകർന്നുനൽകുന്നതിനും ഇത്തരം തൊഴിലാളികൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുമായി പദ്ധതിയുണ്ടോ;

(ബി) സ്കിൽ ഡെവലപ്മെന്റ് മിഷൻ വഴി ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) 'ഇൻഡ്യ സ്കിൽസ് കേരള'യുടെ വിശദാംശവും ലക്ഷ്യവും അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) സംസ്ഥാന നൈപുണ്യ വികസന മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേന്ദ്രീകൃത മാക്കുന്നതിനുമുള്ള ഭരണ സംബന്ധമായ ചട്ടക്കൂട് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ ഭരണ സംബന്ധമായ ചട്ടക്കൂടിന്റെ രൂപീകരണത്തിനുശേഷം ദീർഘകാലത്തെ പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ചെത്തുന്ന തൊഴിലാളികൾക്ക് അവരുടെ പ്രവൃത്തി പരിചയം തിരിച്ചറിഞ്ഞും അംഗീകരിച്ചും റെക്കഗ്നിഷൻ ഓഫ് പ്രയർ ലേണിംഗ് (RPL) സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) തൊഴിൽദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇതുമായി ബന്ധപ്പെട്ട മറ്റ് സേവനദാതാക്കളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന തൊഴിൽ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന വിവിധ ഡയറക്ടറേറ്റുകളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ സ്റ്റേറ്റ് ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) റഷ്യയിലെ ഖസാനിൽവച്ച് നടക്കുന്ന അന്താരാഷ്ട്ര നൈപുണ്യ മത്സരമായ വേൾഡ് സ്കിൽസ് ഖസാൻ 2019-ന് മുന്നോടിയായി സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന വകുപ്പും സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും സംയുക്തമായി സംഘടിപ്പിക്കുന്ന നൈപുണ്യ മത്സരമാണ് ഇന്ത്യാ സ്കിൽസ് കേരള 2018. നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുക എന്നതാണ് ഇന്ത്യാ സ്കിൽസ് കേരള 2018-ന്റെ ലക്ഷ്യം. വേൾഡ് സ്കിൽസ് 2019 മത്സരത്തിന്റെ അതേ മാതൃകയിലാണ് ഇന്ത്യാ സ്കിൽസ് കേരള 2018-ന്റെ മത്സരങ്ങളും നടത്തുന്നത്. ജില്ലാ, മേഖലാ തല മത്സരങ്ങളുടെ വിജയികളാകുന്നവർക്കാണ് കൊച്ചി മറൈൻഡ്രൈവ് ഗ്രൗണ്ടിൽ വച്ച് നടക്കുന്ന ഇന്ത്യാ സ്കിൽസ് കേരള 2018 എന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. ഇന്ത്യാ സ്കിൽസ് കേരള 2018-ലെ വിജയിക്കൾക്ക് മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് സംഘടിപ്പിക്കുന്ന ദേശീയ തല മത്സരത്തിൽ പങ്കെടുക്കുന്നതിനും അതിൽ വിജയികളാകുന്നവർക്ക് 2019-ൽ റഷ്യയിലെ ഖസാനിൽവച്ച് നടക്കുന്ന അന്താരാഷ്ട്ര നൈപുണ്യ മത്സരത്തിലും പങ്കെടുക്കുന്നതിനുള്ള അവസരം ലഭിക്കും.

## ഭൂഗർഭജല വികസനവും പര്യവേഷണവും

21(*501) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജല വികസനത്തിനും പര്യവേഷണത്തിനുമായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഭൂഗർഭജല സ്രോതസ്സുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂഗർഭ ജലത്തിൽനിന്നും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ;

(ഡി) കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഭൂഗർഭ ജല പരിരക്ഷയും പുനരുജ്ജീവനവും നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ വിവിധതരം കിണറുകളുടെ (തുറന്ന കിണർ, ബോർ വെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റുവെൽ) ഭൂജല പര്യവേഷണത്തിനായി നിശ്ചിത തുക ഈടാക്കി അപേക്ഷകൾ സ്വീകരിച്ചുവരുന്നു. ഭൂജലപര്യവേഷണത്തിനുശേഷം ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യക്കാർക്ക് വിശദമായ എസ്റ്റിമേറ്റ് നൽകി കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള തുക ഈടാക്കി കുഴൽക്കിണറുകൾ നിർമ്മിച്ച് നൽകുന്നു. സേവനാവകാശ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാക്രമത്തിലാണ് ഇത്തരം അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നത്.

(ബി) ഭൂഗർഭജല സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ഹൈഡ്രോ ജിയോളജിക്കൽ, ജിയോഫിസിക്കൽ തുടങ്ങിയ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാനനിർണ്ണയം നടത്തുകയും ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണം നടത്തിവരികയും ചെയ്യുന്നു.

(സി) കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ ഭൂഗർഭ ജലത്തിൽനിന്നും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്.

(ഡി) ഭൂജല വകുപ്പ് ' ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

**വനസമ്പത്ത് സംരക്ഷിക്കുന്നതിന് ബൃഹത് പദ്ധതി**

22(*502) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസമ്പത്ത് സംരക്ഷിക്കുന്നതിനും ആയതിന്റെ നീതിപൂർവ്വമായ ഉപയോഗത്തിനും ഉതകുന്ന തരത്തിൽ ബൃഹത് പദ്ധതികൾക്ക് രൂപംനൽകുമോ;

(ബി) മുൻകാലങ്ങളെ അപേക്ഷിച്ച് ചന്ദനം കൊള്ള തടയുന്നതിൽ ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) വനവിഭവങ്ങൾ ശേഖരിക്കുന്നതിനും അവയുടെ നിയമാനുസൃത വിതരണത്തിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

(ഡി) വന സംരക്ഷണത്തിനും പരിപാലനത്തിനും വനവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വനസമ്പത്ത് സംരക്ഷിക്കുന്നതിനും ആയതിന്റെ നീതിപൂർവ്വമായ ഉപയോഗത്തിനും ഉതകുന്ന തരത്തിലാണ് വനം വകുപ്പിന്റെ നിലവിലുള്ള ബൃഹത് പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും.

(ബി) കേരളത്തിൽ ഏറ്റവും കൂടുതൽ ചന്ദനമരങ്ങളുള്ള മറയൂർ മേഖലയുൾപ്പെടുന്ന ഹൈറേഞ്ച് സർക്കിളിൽ ചന്ദനക്കൊള്ള കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2015-ൽ 27 കേസുകളും 2016-ൽ 14 കേസുകളും 2017-ൽ 16 കേസുകളും 2018-ൽ ഇതുവരെ 2 കേസുകളും മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിലെമ്പാടും ചന്ദനക്കൊള്ള വളരെയധികം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) അതെ. നിലവിൽ വനത്തിൽനിന്നും ലഭ്യമായ വന വിഭവങ്ങൾ ആദിവാസികൾ ശേഖരിച്ച് പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സൊസൈറ്റികൾ വഴിയും വനശ്രീ പദ്ധതിവഴിയും വിൽപ്പന നടത്തിവരുന്നു. ഇത് ആദിവാസികളുടെ തൊഴിൽ വർദ്ധനവിനും അതിലൂടെ ജീവിതോപാധി വർദ്ധനവിനും കാര്യമായ സംഭാവനകൾ ചെയ്യുന്നുണ്ട്. ആദിവാസികൾ വനവിഭവങ്ങൾ ശേഖരിക്കുന്നത് തങ്ങളുടെ തനത് അറിവിന്റെ വെളിച്ചത്തിലാണ്. എന്നാൽ ശാസ്ത്രീയമായ രീതിയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നത് ടി വിഭവങ്ങളുടെ പരമാവധി ലഭ്യത ഉറപ്പുവരുത്തുന്നതിനും ടി വിഭവങ്ങൾ അന്യംനിന്നുപോകാതിരിക്കുന്നതിനും ഉതകും എന്നതിനാൽ വനവിഭവ ശേഖരണത്തിൽ ഏർപ്പെട്ടിട്ടുള്ള ആദിവാസികൾക്ക് ശാസ്ത്രീയ ശേഖരണം, സംസ്കരണം, വിപണനം എന്നിവയിൽ പരിശീലന പരിപാടികൾ വനം വകുപ്പ് ഏർപ്പെടുത്തി വരുന്നുണ്ട്. കൂടാതെ തങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ഉയർന്ന അടിസ്ഥാന വില ലഭിക്കുന്നതിനും കൂടുതൽ വിപണി ലഭിക്കുന്നതിനുമായി ട്രൈബൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡെവലപ്മെന്റ് ഫെഡറേഷൻ ഓഫ് ഇൻഡ്യ (TRIFED) എന്ന കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൻകീഴിൽ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) 1988 മുതൽ സംസ്ഥാനത്ത് പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും ധനസഹായത്തോടെയുള്ള വിവിധ വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. ഇതവർക്ക് കൂടുതൽ തൊഴിലവസരങ്ങളും ഒപ്പം ജീവനോപാധി വർദ്ധനവും സാധ്യമാക്കുന്നു.

**അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗ പ്രശ്നങ്ങൾ**

23(*503) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പട്ടികഗോത്രവർഗ്ഗ കുടുംബങ്ങളിലെ മുഴുവൻ പേരുടെയും പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിച്ച് പരിഹാരം കാണാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ കുടുംബങ്ങളുടെ ആകെ പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്ന തരത്തിൽ വിപുലീകരിക്കുമോ;

(ബി) അട്ടപ്പാടിയിൽ പട്ടയം ലഭിക്കാനുള്ള എല്ലാ പട്ടികഗോത്രവർഗ്ഗക്കാർക്കും മേയ് മാസം പട്ടയ വിതരണം പൂർത്തിയാക്കാനും റാഗി, ചോളം തുടങ്ങിയവ കൃഷിചെയ്യുന്നതിനുള്ള പ്രോത്സാഹനത്തിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) പട്ടികഗോത്രവർഗ്ഗക്കാർ നേരിടുന്ന ഭൂമിപ്രശ്നം പരിഹരിക്കാൻ വനാവകാശ നിയമ പ്രകാരം ഭൂമി ലഭ്യമാക്കാനും റ്റി.ആർ.ഡി.എം. വഴി പുനരധിവസിപ്പിക്കാനും പദ്ധതിയുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹം ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ സമീപനം. വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, ഭൂമി, തൊഴിൽ, നൈപുണ്യ വികസനം, നിയമസംരക്ഷണം എന്നീ മേഖലകളിൽ പദ്ധതികൾക്ക് രൂപംനൽകി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം നിലവിൽ ഭൂരഹിതരെന്ന് കണ്ടെത്തിയിട്ടുള്ള 842 പേർക്ക് സമയബന്ധിതമായി പട്ടയം അനുവദിച്ച് നൽകുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. റാഗി, ചോളം എന്നീ ധാന്യവിളകൾ കൃഷി ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത 45 ഊരുകളിൽ കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി 'മില്ലറ്റ് വില്ലേജ്' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗക്കാർ നേരിടുന്ന ഭൂമിപ്രശ്നം പരിഹരിക്കാൻ വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും ആദിവാസി പുനരധിവാസ വികസന മിഷൻ വഴി ഭൂമി നൽകി പുനരധിവസിപ്പിക്കാനുമുള്ള പദ്ധതി നടപ്പിലാക്കിവരികയാണ്.

### ആദിവാസി ക്ഷേമപ്രവർത്തനങ്ങളിൽ വനം വകുപ്പിന്റെ പങ്ക്

24(*504) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമ പ്രവർത്തനങ്ങളിൽ വനം വകുപ്പിന്റെ പങ്ക് വിശദമാക്കുമോ;

(ബി) ആദിവാസി യുവാക്കൾക്ക് ഇക്കോട്ടൂറിസം മേഖലകളിൽ തൊഴിൽ നല്കുന്നുണ്ടോ; കൂടുതൽ ആദിവാസി വിഭാഗങ്ങൾക്ക് ഈ മേഖലയിൽ തൊഴിൽ നല്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) ആദിവാസി വിഭാഗത്തിൽ നിന്നും ഫോറസ്റ്റ് വാച്ചർമാരായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) തുടർന്നും കൂടുതൽ ആദിവാസി വിഭാഗങ്ങൾക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ആദിവാസി സമൂഹത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി വനം വകുപ്പ് വിവിധ പദ്ധതികളും പരിപാടികളും നടപ്പാക്കിവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും ധനസഹായത്തോടെയുള്ള വിവിധ വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ, വനശ്രീ, ഇക്കോടൂറിസം തുടങ്ങിയ പരിപാടികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തത്തോടെ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി നടപ്പാക്കുന്നതിലൂടെ തൊഴിലും ജീവിതോപാധി വർദ്ധനവും വനവിഭവ ശേഖരണ, മൂല്യവർദ്ധനവിൽ പരിശീലനം, ഇക്കോടൂറിസം ഗൈഡുമാർക്ക് വിദഗ്ദ്ധ പരിശീലനം, ആദിവാസി ഊരുകളിൽ സർവ്വേ നടത്തി റോഡ്, അംഗൻവാടി, കുടിവെള്ള ലഭ്യത, വൈദ്യുതീകരണം, ടോയ്ലെറ്റ് സംവിധാനങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യവികസനത്തിനുള്ള സംവിധാനങ്ങളൊരുക്കി. ഊരുമിത്ര പദ്ധതി വഴി വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങളെ സംബന്ധിച്ച അവബോധം ഉണ്ടാക്കുവാനും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സഹായസഹകരണങ്ങൾ നൽകിവരുന്നു. ആദിവാസികളുടെ കൃഷിക്കും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി സൗരോർജ്ജവേലികൾ, ജൈവവേലികൾ, നഷ്ടപരിഹാരം, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവ ഏർപ്പെടുത്തി. പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയുള്ള പദ്ധതികൾ നടപ്പാക്കി. വിവിധ പദ്ധതികളിലൂടെ വിദ്യാഭ്യാസ സഹായം, പഠനോപകരണങ്ങളുടെ വിതരണം നടത്തൽ തുടങ്ങിയവ നടപ്പാക്കുന്നു. ആദിവാസികൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകിവരുന്നു. സ്കൂൾ, ആശുപത്രി, മറ്റ് അടിയന്തര ആവശ്യങ്ങൾക്കായി വാഹന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. വീട് നിർമ്മാണം, അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം എന്നിവയ്ക്ക് സഹായം നൽകുന്നു. ഈറ, മുള എന്നിവ സൗജന്യമായി നൽകുകയും ഇവ ഉപയോഗിച്ചുള്ള ക്രാഫ്റ്റ് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. ഇത്തരം പ്രവൃത്തികളിലൂടെ ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും ഒപ്പം ജീവനോപാധി വർദ്ധനവും അടിസ്ഥാന സൗകര്യവികസനവും സാദ്ധ്യമാക്കുന്നു.

(ബി) ഉണ്ട്. ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലെ അംഗങ്ങളായവരും പ്രധാനമായും ആദിവാസി വിഭാഗത്തിൽപ്പെട്ടതുമായ യുവതീയുവാക്കളെയാണ് ഇക്കോടൂറിസം മേഖലകളിൽ ഗൈഡുകളായി നിയോഗിക്കാറുള്ളത്. ഇവർക്ക് ഇക്കോടൂറിസത്തിൽ ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. ഇത്തരത്തിൽ ഏകദേശം 100 യുവതീ-യുവാക്കൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ സ്റ്റഡീസ് (KITS) വഴി പരിശീലനം നൽകിയിട്ടുണ്ട്.

ഇനിയും കൂടുതൽ പേർക്ക് പരിശീലനം നൽകാൻ പദ്ധതിയുണ്ട്. ഏകദേശം 600 യുവതീയുവാക്കൾ നിലവിൽ ഇക്കോട്ടൂറിസം മേഖലയിൽ ഗൈഡുകളായി പ്രവർത്തിക്കുന്നുണ്ട്. പരിസ്ഥിതിക്കിണങ്ങുന്ന തരത്തിൽ കൂടുതൽ ഇക്കോട്ടൂറിസം പദ്ധതികൾ നടപ്പാക്കാൻ കഴിയുന്നമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) വനം വകുപ്പിൽ 700 ആദിവാസി വാച്ചർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം പ്രത്യേക നിയമനം നൽകിയിട്ടുണ്ട്.

(ഡി) കൂടുതൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമിക്കുന്നതിന് സർക്കാർ ആലോചിക്കുന്നതാണ്.

## സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കാനുള്ള നടപടികൾ

25(*505) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) മേയ് ഒന്നു മുതൽ ഇത് നടപ്പിൽവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) നോക്കുകൂലി ഭരണഘടനാവിരുദ്ധമാണെന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്തേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് നോക്കുകൂലി ഒരു തടസ്സമാണെന്ന് കരുതുന്നുണ്ടോ; അതിന്റെ ഭാഗമായിട്ടാണോ 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസിലൂടെ ഇത്തരം ഒരു ഭേദഗതി കൊണ്ടുവന്നത് എന്ന് വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>): (എ) അമിതമായ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. കോൾ സെന്റർ വഴിയോ നേരിട്ടോ ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി

തിരികെ വാങ്ങി നൽകുകയും കർശന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുവാനും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്തുവെന്ന രീതിയിലുള്ള പരാതികൾ ലഭിച്ചാൽ ആയവ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഏകീകൃത ചുമട്ട് കൂലി പ്രാബല്യത്തിൽ വരുത്തുകയും അത് 11 ജില്ലകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. ചുമട്ടുതൊഴിൽ മേഖലയിൽ ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽനിന്ന് തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

(ബി) നോക്കുകൂലി സംബന്ധിച്ച വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-3-2018-ൽ വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ചുമട്ടുതൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ മേയ് 1 മുതൽ പൂർണ്ണമായി അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നോക്കുകൂലി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് പൈനാടത്ത് ഗ്രാനൈറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽചെയ്ത 24706/2016 നമ്പർ റിട്ട് പെറ്റീഷൻ മേലുള്ള 19-12-2016 തീയതിയിലെ കോടതി വിധിന്യായത്തിൽ നോക്കുകൂലി ഭരണഘടനാവിരുദ്ധമാണെന്നുള്ളത് പരാമർശിച്ചിട്ടുണ്ട്.

(ഡി) നോക്കുകൂലി, വ്യവസായങ്ങൾ ആരംഭിക്കുന്നതിനോ നിക്ഷേപകരെ ആകർഷിക്കുന്നതിനോ തടസ്സമാണെന്നോ ആയതുമൂലം ഏതെങ്കിലും വ്യവസായങ്ങൾ പൂട്ടിപ്പോയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തേയ്ക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിലെ ചട്ടങ്ങൾ വ്യവസായ നിയമങ്ങളനുസരിച്ച് നവീകരണം

നടപ്പാക്കാനാവശ്യമായ പഠനം നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻവേണ്ടി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്കരിച്ച് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് കൊണ്ടുവന്നത്.

## വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

26(*506) ശ്രീ. എം. മുകേഷ്:
ശ്രീ. പി. കെ. ശശി:
ശ്രീ. ബി.സത്യൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി-തൊഴിലുടമ ബന്ധം ചൂഷണാധിഷ്ഠിതമല്ലാതാക്കി തീർക്കുന്നതിന് വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഗ്രേഡിംഗ് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമാണോ അതോ ഐച്ഛികമാണോ; ഗ്രേഡിംഗ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഗാർഹിക തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങി വളരെ കുറവ് വേതനം ലഭിക്കുന്ന തൊഴിലാളികളെ തൊഴിൽ നൽകുന്ന ഏജൻസികൾ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതായും പരാതിപ്പെടാൻ പോലും പറ്റാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിശോധനാ വിധേയമാക്കുമോ; വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ഉണ്ട്. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ-റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഗ്രേഡിംഗ് എല്ലാ സ്ഥാപനങ്ങൾക്കും നിർബന്ധമല്ല. ഇരുപതിൽക്കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് സ്വമേധയാ ഗ്രേഡിംഗിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

1. മികച്ച തൊഴിൽദാതാവ്
2. സംതൃപ്തകരമായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ.

(സി) സെക്യൂരിറ്റി ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ജില്ലാതലത്തിൽ സ്ക്വാഡ് പരിശോധനകളും സ്പെഷ്യൽ പരിശോധനകളും നടത്തിവരുന്നു. ഇത്തരത്തിൽ 2017-ൽ സംസ്ഥാനത്തെ സെക്യൂരിറ്റി മേഖലയിൽ സ്പെഷ്യൽ പരിശോധന നടത്തുകയും 9 പ്രോസിക്യൂഷനുകളും 2 ക്ലെയിം പെറ്റിഷനുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**അടച്ചുപൂട്ടിയ ബാറുകൾ തുറക്കാനുള്ള തീരുമാനം**

27(*507) ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്തുണ്ടായ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻ സർക്കാർ അടച്ചുപൂട്ടിയ ബാറുകൾ തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) മദ്യം സമൂഹത്തിലുണ്ടാക്കുന്ന വിപത്തുകൾ മനസ്സിലാക്കി ഈ തീരുമാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) തീരുമാനിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിന്യായമനുസരിച്ച് വ്യക്തിഗത അപേക്ഷകൾ പരിഗണിക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിച്ച് 16-3-2018-ലെ ജി.ഒ.(എം.എസ്)23/2018/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ അന്തസ്സത്ത മാനിച്ചും സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്തുമാണ് വ്യക്തിഗത മദ്യ ലൈസൻസ് നൽകുന്നതിന് പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇത് പുനഃപരിശോധിക്കേണ്ടതില്ല.

## ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

28(*508) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിലെ ശുചിത്വമില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പിൽ സംവിധാനം ഏർപ്പെടുത്തുമോ;

(സി) അപ്നാ ഘർ പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഹോസ്റ്റലുകൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; പ്രസ്തുത ഹോസ്റ്റലുകളുടെ വാടക നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിത സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ലെ സ.ഉ. (സാധാ.) 960/2016/ തൊഴിൽ നമ്പർ പ്രകാരം

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും തൊഴിൽ വകുപ്പ് സൗകര്യം ഏർപ്പെടുത്തിവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്ന ഘർ' പദ്ധതി. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം/എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല. അപ്നാ ഘർ പദ്ധതിയുടെ പാലക്കാടുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസത്തിന് നൽകുന്നതിനുള്ള അനുബന്ധ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഒരാളിൽനിന്നും 800 രൂപ എന്ന പ്രതിമാസ നിരക്കിൽ വാടക ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള തുടർപഠന പദ്ധതി

29(*509) ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കുക, പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആദ്യ ഘട്ടത്തിൽ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെയും അധ്യാപകരെയും കണ്ടെത്തുന്ന മാർഗങ്ങളും പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിവരുന്ന പത്താംതരം/പന്ത്രണ്ടാംതരം തുല്യതാ കോഴ്സിൽ രജിസ്റ്റർചെയ്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ പഠിതാക്കൾക്ക് പൂർണ്ണമായും ഫീസ് സൗജന്യം നൽകിവരുന്നു. പട്ടികജാതി വിഭാഗക്കാർക്കിടയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ആവിഷ്കരിച്ച് സർക്കാർ ഭരണാനുമതിയോടുകൂടി 'നവചേതന' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ താമസിച്ചുവരുന്ന കോളനികളിൽ പ്രത്യേക സാക്ഷരത തുല്യതാ പരിപാടി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പതിനാല് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജില്ലകളിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. അതത് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഈ കോളനികളെ തെരഞ്ഞെടുത്ത് നൽകിയിട്ടുള്ളത്. ആദ്യഘട്ട പ്രവർത്തനം അഞ്ച് മാസക്കാലയളവാണ്. ഈ ഘട്ടത്തിൽ സർവ്വേയിലൂടെ കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാ ക്ലാസ്സുകൾ നൽകും.

(ബി) കേരളത്തിലെ 14 ജില്ലകളിലുമായി വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന 100 പട്ടികജാതി വിഭാഗക്കാരുടെ കോളനികളിലാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്.

(സി) ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിൽ സർവ്വേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ക്ലാസ് നൽകുന്നതിനായി അതത് കോളനികളിൽനിന്നും അർഹമായ വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് കോളനികൾ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾ മുഖേന ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുക്കുന്നത്. വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം, സാക്ഷരത തുല്യതാ ക്ലാസ്, സാമൂഹ്യസാക്ഷരതാ പരിപാടിയുടെ സംഘാടനം, ക്ലാസ് നയിക്കൽ എന്നിവയാണ് ഓരോ ഇൻസ്ട്രക്ടർമാരുടെയും ചുമതല. 20 മുതൽ 25 പഠിതാക്കൾക്ക് ഒരു ഇൻസ്ട്രക്ടർ എന്ന രീതിയിലാണ് ഇപ്പോൾ ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നത്.

## അന്യാധീനപ്പെടുന്ന പുഴകളും തോടുകളും

30(*510) ശ്രീ. പി. ജെ. ജോസഫ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും തോടുകളും കയ്യേറ്റത്തിന്റെയും മാലിന്യ നിക്ഷേപത്തിന്റെയും ഫലമായി അന്യാധീനപ്പെട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുഴകളുടെയും തോടുകളുടെയും സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പുഴകളുടെയും തോടുകളുടെയും വീതി, നീളം, ആഴം എന്നിവ സംബന്ധിച്ച പട്ടികയോ ആസ്തി രജിസ്റ്ററോ വകുപ്പിൽ ലഭ്യമാണോ; ഇല്ലായെങ്കിൽ തദ്ദേശ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവയുമായി സഹകരിച്ച് ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ഉണ്ട്. നഗരവത്കരണവും ജനസംഖ്യയിലുണ്ടായിട്ടുള്ള വർദ്ധനവും വിവിധ തരത്തിലുള്ള വികസന പ്രവർത്തനങ്ങളും ചേർന്നാണ് ജലാശയങ്ങളുടെ വിസ്തൃതിയിൽ കുറവ് വരുത്തുന്നത്. ഇതോടൊപ്പം ഖര-ദ്രവ മാലിന്യങ്ങളും വിവിധ സ്രോതസ്സുകളിൽനിന്നും ജലാശയങ്ങളിൽനിന്നും എത്തിച്ചേരുന്നത് ജലഗുണ നിലവാരത്തെയും സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പുഴകളുടെ (44 എണ്ണം) നീളം സംബന്ധിച്ച് 1974-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പുസ്തകത്തിൽ (Water Resources of Kerala, PWD, 1974) വിശദീകരിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് - (ജലസേചനം) പ്രസിദ്ധീകരണം. എന്നാൽ വീതി, ആഴം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തോടുകൾ സംബന്ധിച്ച രജിസ്റ്റർ ജലസേചന വകുപ്പിൽ ലഭ്യമല്ല. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട മാസ്റ്റർ പ്ലാനിൽ ഓരോ ഗ്രാമപഞ്ചായത്തിലെയും തോടുകൾ സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്ത് നീർത്തട പ്ലാനിൽ ഓരോ തദ്ദേശഭരണ സ്ഥാപന പരിധിയിലും വരുന്ന വിവിധ ജലസ്രോതസ്സുകളുടെ പട്ടിക തയ്യാറാക്കാനും വിശദാംശങ്ങൾ ഉൾപ്പെടുത്താനും ലക്ഷ്യമിട്ടിട്ടുണ്ട്.

വാട്ടർ റിസോഴ്സസ് ഓഫ് കേരള എന്ന പ്രസിദ്ധീകരണത്തെ ആധാരമാക്കി ജലവിഭവ വികസന വിനിയോഗ കേന്ദ്രം (Centre for Water Resources Development and Management) തയ്യാറാക്കിയ വാട്ടർ അറ്റ്ലസ് ഓഫ് കേരള (Water Atlas of Kerala) പ്രകാരം കേരളത്തിലെ 44 നദികളുടെ നീളം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആദിവാസി യുവാവ് മതിയായ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം

1(4869) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ജനറൽ ആശുപത്രിയിൽ രാജു എന്ന ആദിവാസി യുവാവ് മതിയായ ചികിത്സ ലഭിക്കാതെ മരിക്കാനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരിട്ടി ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സ തേടിയ ഇദ്ദേഹത്തെ നില ഗുരുതരമായതിനാൽ തലശ്ശേരി ജനറൽ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 27-2-2018 ന് (ചൊവ്വാഴ്ച) ഉച്ചക്ക് 12 മണിക്ക് പ്രസ്തുത ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തിന് ബുധനാഴ്ച പുലർച്ചെ 5 മണി വരെ ചികിത്സ ലഭിച്ചില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) ബുധനാഴ്ച രാവിലെ 6.30-ന് മരണപ്പെട്ട ഇദ്ദേഹത്തിന്റെ മൃതദേഹം ആറ് മണിക്കൂർ വാർഡിൽ തന്നെ കിടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവ് ഇട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) രാജു എന്ന ആദിവാസി യുവാവ് തലശ്ശേരി ജനറൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 23-2-2018-ൽ രാജു ജോലിക്കിടെ വീണതിനെത്തുടർന്ന് കയ്യുടെ എല്ല് ഒടിയുകയും ഇരിട്ടി താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. ചികിത്സയ്ക്കുശേഷം 26-2-2018-ൽ വീട്ടിലെത്തിയ രാജുവിന് പനിയും ശ്വാസതടസ്സവും അനുഭവപ്പെട്ടതിനെ തുടർന്ന് വീണ്ടും ഇരിട്ടി താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റാക്കുകയും ശ്വാസതടസ്സം മൂർച്ഛിച്ചതിനെത്തുടർന്ന് 27-2-2018-ൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ അഡ്മിറ്റാക്കുകയുമാണുണ്ടായത്.

(സി) രാജുവിന് മതിയായ ചികിത്സ ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബന്ധുക്കൾ എത്തിയശേഷം മൃതശരീരം കൊണ്ടുപോകുമെന്ന് രാജുവിന്റെ കൂട്ടിരിപ്പുകാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മൃതദേഹം മോർച്ചറിയിലേയ്ക്ക് കൊണ്ടുപോകാതെ ആശുപത്രിയിൽ സൂക്ഷിക്കുകയും പിന്നീട് ബന്ധുക്കൾ വന്ന് ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്.

(ഇ) കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല.

**മിശ്രവിവാഹ ധനസഹായം**

2(4870) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മിശ്രവിവാഹ ധനസഹായത്തിനായി എത്ര ലക്ഷം രൂപ തൃശ്ശൂർ ജില്ലയിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിശ്രവിവാഹ ധനസഹായത്തിനായി തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച 1,75,00,000 രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

**ക്രീമിലെയർ**

3(4871) ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ക്രീമിലെയർ ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം ഏതെങ്കിലും പഠനത്തിന്റേയോ, നിർദ്ദേശത്തിന്റേയോ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കുമോ;

(സി) ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

**അട്ടപ്പാടി പഠന റിപ്പോർട്ട്**

4(4872) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയ അട്ടപ്പാടി പഠന റിപ്പോർട്ട് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്; വിശദമാക്കുമോ;

(സി) ടി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടശേഷം ആയത് പരിഗണിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പഠന റിപ്പോർട്ട് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) അട്ടപ്പാടിയിലെ ആദിവാസി പ്രശ്നങ്ങളിന്മേൽ ശാശ്വത പരിഹാരം ഉദ്ദേശിച്ച് ഒരു സമഗ്ര വികസന പ്രോജക്ട് നടപ്പിലാക്കുന്നതിനായി നബാർഡ് കൺസൾട്ടൻസിയായ നാബ്കോൺ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ സമഗ്രമായ പ്രത്യേകിച്ചും സാമൂഹ്യ, സാമ്പത്തിക, കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ രംഗങ്ങളിലെ പുരോഗതിക്കുതകുന്നവിധം പദ്ധതികൾക്കായുള്ള നിരവധി നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളെപ്പറ്റിയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ പഠന റിപ്പോർട്ടിലുണ്ട്.

പ്രസ്തുത റിപ്പോർട്ട് അട്ടപ്പാടി സമഗ്ര വികസന പ്രോജക്ടിനായുള്ള ഒരു മാസ്റ്റർ പ്ലാൻ എന്ന നിലയിലാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. റിപ്പോർട്ടിന്മേൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം

5(4873) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയതിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

- കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയായാൽ അത്തരം കുടുംബങ്ങൾക്ക് 50,000 രൂപ ധനസഹായം അനുവദിക്കുന്നു.
- കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു.

- മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.

- തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

- സഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- മരണം, തീപിടുത്തം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് തഹസീൽദാരുടെ സാക്ഷ്യപത്രം ഹാജരാക്കണം.

- പട്ടികജാതിക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ t-grantz സോഫ്റ്റ്‌വെയറിലൂടെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ടി സേവനം അക്ഷയകേന്ദ്രങ്ങൾ മുഖേന സൗജന്യമാണ്.

- ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

## സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രം

6(4874) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിലുൾപ്പെടുന്ന അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ഉദ്യോഗം കരസ്ഥമാക്കുന്നതിന് ആവശ്യമായ പഠനം നടത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു സൗജന്യ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രം വർക്കലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഇത്തരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ വകുപ്പിന്റെ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പി.എസ്.സി. പരിശീലനം നൽകുന്നതിനായി ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. വർക്കലയിൽ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും നിലവിലില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി നാല് പി.ഇ.ടി.സി.-കൾ പ്രവർത്തിച്ചുവരുന്നു.

## ഗദ്ദിക പരിപാടി

7(4875) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സ്ഥലങ്ങളിലാണ് ഗദ്ദിക പരിപാടി നടത്തിയതെന്നറിയിക്കാമോ; പരിപാടിയിലൂടെ എത്ര തുകയാണ് വിറ്റുവരവായി ലഭിച്ചിട്ടുള്ളത്;

(ബി) ഗദ്ദിക പരിപാടിയിലൂടെ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഏതൊക്കെ തരത്തിലുള്ള വികസനമാണ് ലക്ഷ്യമിടുന്നതെന്നറിയിക്കാമോ;

(സി) ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ അടുത്ത വർഷം ബാലുശ്ശേരിയിൽ ഗദ്ദിക പരിപാടി നടത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ)

1. 2016 ഡിസംബർ 19 മുതൽ 28 വരെ പാലക്കാട് വടക്കാഞ്ചേരിയിൽ മംഗലംപാലത്തിന് സമീപത്തുള്ള മൈതാനം.
2. 2017 ജനുവരി 21 മുതൽ 30 വരെ കോഴിക്കോട് ജില്ലയിലെ വളയം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ.
3. 2017 ഒക്ടോബർ 23 മുതൽ നവംബർ 1 വരെ കൊല്ലം പത്തനാപുരം മഞ്ചള്ളൂർ.
4. 2018 ജനുവരി 11 മുതൽ 20 വരെ മലപ്പുറം ജില്ലയിലെ പൊന്നാനി എ.വി.എച്ച്.എസ്.എസ്. ഗ്രൗണ്ട് എന്നിവിടങ്ങളിൽവച്ച് 'ഗദ്ദിക' നടത്തുകയുണ്ടായി. നാല് പരിപാടിയിലുംകൂടി ഏകദേശം ഒന്നരക്കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുള്ളതായി കണക്കാക്കുന്നു.

(ബി) അന്യംനിന്നുകൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനത് കലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പൈതൃകമയി പകർന്ന് കിട്ടിയ വൈദ്യ ചികിത്സാ രീതികളും പരമ്പരാഗത തൊഴിൽ ഉൽപ്പന്നങ്ങളും പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക ലക്ഷ്യമിടുന്നത്. കൂടാതെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വ്യക്തിഗതമായോ കൂട്ടുസംരംഭങ്ങളായോ കുടുംബശ്രീ അയൽക്കൂട്ടങ്ങളായോ സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും വിറ്റഴിക്കുകയും ചെയ്യുന്നു.

(സി) പരിശോധിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

8(4876) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി എത്ര പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രവർത്തനരഹിതമായവ ഉണ്ടെങ്കിൽ പ്രവർത്തനരഹിതമാകാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) അടഞ്ഞുകിടക്കുന്നവ പുനഃരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ**

9(4877) <u>ശ്രീ. തോമസ് ചാണ്ടി :</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി കുടുംബത്തിന് വീടുവയ്ക്കുന്നതിനുള്ള ധനസഹായം**

10(4878) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബത്തിന് വീടും സ്ഥലവും വാങ്ങുന്നതിന് എത്ര രൂപവരെ ധനസഹായം ലഭ്യമാക്കും എന്നറിയിക്കാമോ;

(ബി) പട്ടികജാതിക്കാരനായ പുരുഷൻ മിശ്രവിവാഹം നടത്തിയാൽ ഈ ധനസഹായം ലഭിക്കുമോ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(സി) കോട്ടയം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തത്തപ്പള്ളി വീട്, വെള്ളാശ്ശേരി, കടുത്തുരുത്തി താമസിക്കുന്ന സുധീഷ് ലാൽ വീടിനും സ്ഥലത്തിനും നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ എ 4/4192/2017) ടി ജില്ലാ പട്ടികജാതി വികസന ഓഫീസ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) ഈ ഫയൽ പ്രസ്തുത ഡയറക്ടറുടെ ഓഫീസിൽ 19-2-2017-ൽ ലഭ്യമാക്കിയിട്ടും നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഫയൽ നാളിതുവരെ തീരുമാനമാകാതെ കിടന്നതിന് കാരണം വ്യക്തമാക്കുമോ; അപൂർണമായ ഫയലാണ് ഡയറക്ടർക്ക് സമർപ്പിച്ചതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലെ ഫയലിന്റെ അവസ്ഥ വ്യക്തമാക്കുമോ; മൂന്നുമാസംവരെ ഫയൽ കൈവശം വച്ചതിനുശേഷം അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഫയൽ മടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) മിശ്ര വിവാഹിതനായ പട്ടികജാതിക്കാരന് വീടും വസ്തുവും വാങ്ങുന്നതിന് പട്ടിജാതി വികസന വകുപ്പിൽനിന്നും ആനുകൂല്യം ലഭ്യമാകുന്നതിന് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കാമോ. ആയത് പരിഹരിച്ച് വീടും വസ്തുവും വാങ്ങുന്നതിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പട്ടികജാതി കുടുംബത്തിന് ഭവന നിർമ്മാണത്തിനായി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 4 ലക്ഷം രൂപയും ഭൂമി വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപയും ഗ്രാന്റായി അനുവദിക്കുന്നു.

(ബി) മിശ്രവിവാഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളയാൾക്ക് പുരുഷനായാലും/സ്ത്രീയായാലും അർഹതയുടെ അടിസ്ഥാനത്തിൽ ഈ ധനസഹായം ലഭിക്കും.

(സി-ഇ) പ്രത്യേക പരിഗണന നൽകി ആനുകൂല്യം നൽകാൻ ശിപാർശ ചെയ്തുകൊണ്ടുള്ള കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ കത്ത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത് 27-12-2017-നാണ്. ശ്രീ. സുധീഷ് ലാലിന്റെ അപേക്ഷ പ്രസ്തുത കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നില്ല. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ശ്രീ. സുധീഷ് ലാലിന്റെ അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് 8-3-2018-ൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മന:പൂർവ്വമായ യാതൊരു കാലതാമസവും ഉദ്യോഗസ്ഥതലത്തിൽ നിന്നുമുണ്ടായിട്ടില്ല.

(എഫ്) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹനാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ

11(4879) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിനു വേണ്ടി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പൊതുവെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും; ഈ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്രപേരുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇതുവരെ ആനുകൂല്യങ്ങൾ ഒന്നും കൈപ്പറ്റാത്തവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തിലുണ്ടെന്ന് ജില്ലതിരിച്ചു വ്യക്തമാക്കാമോ;

(ജി) ഇവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഇത് കൈപ്പറ്റാത്ത ആളുകൾ ഉണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധിക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3. ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

4. പട്ടികജാതിവകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15,000 രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

7. 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചു.

8. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>സാമൂഹിക പഠനമുറി (6.21 കോടി)</u> - പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. <u>ഗോത്രബന്ധു (4 കോടി)</u>- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി., ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന പദ്ധതി പ്രകാരം 241 പേരെ തെരഞ്ഞെടുത്ത് വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമനം നടത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി)

(a) <u>അടിസ്ഥാന സൗകര്യങ്ങൾ</u> - അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(b) എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം - എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(c) പി.കെ. കാളൻ കുടുംബസഹായ പദ്ധതി - പി.കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരം നടത്തിവരുന്നു.

1. ഗോത്രവത്സല്യനിധി (2 കോടി) - പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി.യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

2. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം .

3. ആരോഗ്യ വിദ്യാഭ്യാസ പരിപാടി - തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കിവരുന്നു.

4. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

5. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 6 ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾകൂടി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

6. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്./ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

പിന്നോക്ക സമുദായക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം 2-ഉം 3-ഉം ആയി ചേർക്കുന്നു *.

ആനുകൂല്യങ്ങൾ ലഭിക്കേണ്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവിധ പദ്ധതികൾക്കാവശ്യമായ രേഖകൾ എന്നിവ അടങ്ങുന്ന അപേക്ഷ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി) ജില്ലതിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഇ) ആനുകൂല്യങ്ങൾ കൈപ്പറ്റാത്തവരുടെ വിവരം ശേഖരിച്ചിട്ടില്ല.

(എഫ്) ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(ജി) പട്ടികജാതി വിഭാഗം

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്കൂൾ
2. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ
   (a) ലംപ്സം ഗ്രാന്റ്
   (b) സ്റ്റൈപ്പന്റ്
   (c) 9, 10 ക്ലാസുകളിലെ കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്
   (d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള ധനസഹായം
   (e) അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീ, റീ-ഇംപേഴ്സ്മെന്റ്
   (f) ബോർഡിംഗ് സ്കൂളുകളിൽ പഠിക്കുന്നതിനുള്ള സൗകര്യം
   (g) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്
   (h) മോഡൽ റെസിഡൻഷ്യൽ സ്കൂൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(i) പ്രീമെട്രിക് ഹോസ്റ്റലുകൾ

(j) സബ്സിഡൈസ്ഡ് ഹോസ്റ്റൽ

(k) അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് റെസിഡൻഷ്യൽ സ്കൂൾ

(3) പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

(a) ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്

(b) അംഗീകൃത ഹോസ്റ്റൽ ലഭ്യമാകാത്തവർക്കുള്ള ആനുകൂല്യം

(c) വാർഷിക പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള കാഷ് അവാർഡ്, റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ

(d) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം

(e) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം

(f) എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്

(g) പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

(h) ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം

(i) സ്റ്റെതസ്കോപ് വിതരണം

(j) ബിരുദബിരുദാനന്തര കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

(k) ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

(l) ഈവനിംഗ് കോഴ്സ് പഠിക്കുന്നതിനുള്ള ധനസഹായം

(m) വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം

(n) സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർക്കുള്ള ധനസഹായം

(o) ഭാരതത്തിനുപുറത്ത് പഠിക്കുന്നതിനുള്ള ധനസഹായം

(p) പാരലൽ കോളേജ് പഠനത്തിന് ധനസഹായം

(q) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

(r) കമ്മ്യൂണിറ്റി കോളേജ്, പാലക്കാട്

(s) പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

(t) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, തിരുവനന്തപുരം

(u) പാരാമെഡിക്കൽ സ്ഥാപനങ്ങൾ

(v) മോഡൽ റെസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്

(w) ബുക്ക് ബാങ്ക് പദ്ധതി

(x) പഠന യാത്രാ പര്യടന പരിപാടി

(y) പാലക്കാട് മെഡിക്കൽ കോളേജ്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പതറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നൽകിവരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിന് പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു.

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി, കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി, ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വസ്ത്ര വിതരണ പദ്ധതി, വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ ഭാരത് ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനവും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീയുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി, വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതി എന്നിവ വകുപ്പ് നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ സമഗ്ര ആദിവാസി സാക്ഷരതാ പദ്ധതി നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിൽനിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്.-കൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി " പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി മുഖേന ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്ന പദ്ധതിയും പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ പരിശീലനം, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം, എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി മുഖേന മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

നടപ്പ് സാമ്പത്തിക വർഷം 635 വിദ്യാർത്ഥികൾ ആനുകൂല്യങ്ങൾക്കായി വേണ്ടത്ര രേഖകൾ സമർപ്പിക്കാത്തതുകൊണ്ട് അവർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ നൽകാൻ സാധിച്ചിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നതാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം

12(4880) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി എത്ര തുക അനുവദിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം 50,000 രൂപയിൽനിന്ന് 75,000 രൂപയായി ഉയർത്തുകയുണ്ടായി.

അനുവദിച്ച തുക ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 15,88,75,000 |
| കൊല്ലം | 13,26,00,000 |
| പത്തനംതിട്ട | 5,37,00,000 |
| ആലപ്പുഴ | 5,94,00,000 |
| കോട്ടയം | 3,85,20,000 |
| ഇടുക്കി | 4,83,75,000 |
| എറണാകുളം | 7,06,25,000 |
| തൃശ്ശൂർ | 9,65,75,000 |
| പാലക്കാട് | 20,32,25,000 |
| മലപ്പുറം | 7,68,45,000 |
| കോഴിക്കോട് | 3,93,75,000 |
| വയനാട് | 2,02,50,000 |
| കണ്ണൂർ | 2,26,50,000 |
| കാസർഗോഡ് | 3,52,80,000 |
| ആകെ | 1,05,62,95,000 |

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികളുടെ രക്ഷകർത്താക്കൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. കുടുംബവാർഷിക വരുമാനം 1,00,000 രൂപയിൽ അധികരിക്കാൻ പാടില്ല.
2. വിവാഹിതയാകുന്ന യുവതിയുടെ രക്ഷകർത്താക്കളാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
3. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽനിന്ന് വിവാഹധനസഹായം കൈപ്പറ്റിയിട്ടില്ലാത്തവർക്ക് മാത്രമേ വകുപ്പിൽനിന്നും ധനസഹായം നൽകാറുള്ളൂ.
4. വിവാഹം രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കണം.
5. നിശ്ചിത മാതൃകയിലുള്ള വിവാഹ ധനസഹായ അപേക്ഷ, ജാതി/ വരുമാന/വിവാഹ സർട്ടിഫിക്കറ്റുകൾ, പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), വിവാഹ ക്ഷണക്കത്ത് എന്നിവ ഉൾപ്പെടെ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ-പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
6. ഒരു കുടുംബത്തിലെ രണ്ട് പെൺകുട്ടികൾക്ക് മാത്രമേ വിവാഹ ധനസഹായം അനുവദിക്കാറുള്ളൂ.
7. ഒരു പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം നൽകുന്നത്.

**അട്ടപ്പാടിയിൽ കെയർ ഹോമുകൾ**

13(4881) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക രോഗികളായ ആദിവാസികളെ പുനരധിവസിപ്പിക്കുവാൻ അട്ടപ്പാടിയിൽ കെയർ ഹോമുകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) മാനസിക അസ്വാസ്ഥ്യമുണ്ടായിരുന്ന മധു എന്ന ചെറുപ്പക്കാരൻ ജനക്കൂട്ടത്തിന്റെ മർദ്ദനമേറ്റ് മരിച്ച സാഹചര്യത്തിലാണോ ഇത്തരം കെയർ ഹോമുകൾ തുടങ്ങുവാൻ പദ്ധതിയിട്ടത്; വ്യക്തമാക്കാമോ;

(സി) ഇതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്നും എത്ര രൂപ ഇക്കാര്യത്തിനായി അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മാനസിക രോഗികളായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന വൃദ്ധസദനം പുനരുദ്ധാരണം ചെയ്ത് 'പുനർജനി' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് മാനസിക ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് വേണ്ടിയുള്ള കെയർ ഹോമായി പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

(ബി) മധു എന്ന യുവാവിന്റെ മരണവുമായി ബന്ധപ്പെട്ട് മുക്കാലി ഫോറസ്റ്റ് ഐ.ബി.-യിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അവലോകന യോഗത്തിലെ നിർദ്ദേശപ്രകാരമാണ് ഇത്തരം കെയർ ഹോമുകൾ ആരംഭിക്കാൻ പദ്ധതിയായത്.

(സി) അട്ടപ്പാടി കാവുണ്ടിക്കൽ എന്ന സ്ഥലത്ത് അഗതികളായ പട്ടികവർഗ്ഗക്കാർക്കായി പ്രവർത്തിച്ചുവരുന്ന വൃദ്ധസദനമായ 'കാരുണ്യാശ്രമം' പുനരുദ്ധാരണം നടത്തി 'പുനർജനി' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് കെയർ ഹോമായി പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു.

## ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി

14(4882) ശ്രീ. ആർ. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വരുമാനദായകമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നതെന്നും എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(സി) പ്രസ്തുത പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതുവരെ 250 സങ്കേതങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## പ്രീ -എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

15(4883) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർവഹണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഹരിപ്പാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഇതിനായി തുക വകയിരുത്തിയിട്ടുള്ളത്; ആയത് വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നിർദ്ദിഷ്ട സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വകുപ്പിനുകീഴിൽ മുതുകുളം ബ്ലോക്ക് പരിധിയിൽ പി.ഇ.ടി.സി. സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി സ്ഥലം വകുപ്പിന് കൈമാറി കിട്ടിയിരുന്നില്ല. സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) 2017-18-ലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായുള്ള സംയുക്ത പ്രോജക്ടായി SCP ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

(സി) ഹരിപ്പാട് മുതുകുളം ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളും ആലപ്പുഴ ജില്ലാ പഞ്ചായത്തും സംയുക്തമായാണ് സ്ഥലം വാങ്ങുന്നതിനുള്ള തുക കണ്ടെത്തിയിട്ടുള്ളത്.

(ഡി) സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി ജില്ലാ പഞ്ചായത്ത് സ്വീകരിച്ചുവരികയാണ്.

**ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പദ്ധതികൾ**

16(4884) <u>ശ്രീ. ആർ. രാജേഷ് :</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത്, ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനും ജപ്തി നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള പദ്ധതിയുടെ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ വിവിധ ആവശ്യങ്ങൾക്ക് വായ്പയെടുത്ത് ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കുന്നതിന് കടാശ്വാസ പദ്ധതി നിലവിലുണ്ട്.

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ഒരു വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നു. വരുമാന പരിധി 1.5 ലക്ഷം രൂപയാണ്. ആനുകൂല്യത്തിനായി ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് നൽകേണ്ടതാണ്.

1-10-2015-ലെ സ.ഉ. (അ)നമ്പർ 71/2015/പജ/പവ.വിവ. പ്രകാരം പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. അപേക്ഷകൻ/അപേക്ഷക പട്ടികവർഗ്ഗത്തിൽപ്പെട്ട ആളായിരിക്കണം.
2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ

3. മുതൽ, പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം

4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ), വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണ പണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കുടിശ്ശികകൾ പരിഗണിക്കും (മുൻഗണനാക്രമത്തിൽ)

5. സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ

7. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.

8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 പ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.

9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻ കാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

10. അപേക്ഷകളിൽ ബന്ധപ്പെട്ട ടി.ഇ.ഒ.-യുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം.

11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തിക വർഷത്തിൽ പരിഗണിക്കുകയുള്ളൂ.

12. വായ്പാ തുക, മുതൽ, പലിശ, പിഴപ്പലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ച് വരികയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചുതീർത്ത് തെളിവ് ഹാജരാക്കുന്നപക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്.

ഈ പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നും 5 ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് 20-8-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 118/2016/ധന തീയതി പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയും നിലവിലുണ്ട്.

### വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന് ഭൂമിയും വീടും

17(4885) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിലുള്ള എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;

(ബി) വർക്കല മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിലുള്ള എത്ര കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ എത്ര പേർക്ക്;

(സി) ടി കുടുംബങ്ങൾക്ക് എത്ര പേർക്ക് ഈ സാമ്പത്തിക വർഷത്തിൽ ഭൂമിയും വീടും നല്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 617 പട്ടികജാതി കുടുംബങ്ങൾ.

(ബി) ഉണ്ട്. 633 പട്ടികജാതി കുടുംബങ്ങൾ.

(സി) ഈ സാമ്പത്തിക വർഷം വർക്കല മണ്ഡലത്തിൽ 132 പട്ടികജാതി കുടുംബങ്ങൾക്ക് ഭവനവും 88 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമിയും അനുവദിച്ചിട്ടുണ്ട്.

### പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

18(4886) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കൊണ്ടോട്ടി

മണ്ഡലത്തിലുള്ളവർക്ക് ആകെ എത്ര രൂപ അനുവദിച്ചുവെന്നും ആർക്കെല്ലാമാണ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പേർക്ക് തുക വിതരണം ചെയ്തുവെന്നും ആർക്കെല്ലാം എത്ര രൂപ വീതമാണ് വിതരണം ചെയ്തതെന്നും അറിയിക്കാമോ;

(സി) തുക അനുവദിച്ച് കാലതാമസം കൂടാതെ അത് ലഭ്യമാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) ഓൺലൈൻ വഴി അപേക്ഷ ക്രമീകരിച്ചതിന് ശേഷം അപേക്ഷകളിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടോട്ടി മണ്ഡലത്തിലുള്ള 346 പേർക്ക് 67,30,500 (അറുപത്തിയേഴ് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 311 ഗുണഭോക്താക്കൾക്ക് 64,56,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. തുക അനുവദിച്ചവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ചികിത്സാ ധനസഹായം സമയബന്ധിതമായി തീർപ്പാക്കുന്നതിനും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമായി t-grantz എന്ന പേരിൽ ഓൺലൈൻ രീതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഓൺലൈൻ വഴി അപേക്ഷ ക്രമീകരിച്ചതിനുശേഷം അപേക്ഷകളിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതി

19(4887) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ആദ്യഘട്ടതുക അനുവദിച്ചതിനുശേഷം, സഹായധനത്തിനായി തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകനോ പങ്കാളിക്കോ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ലഭിച്ചാൽ അവശേഷിക്കുന്ന ഗഡുക്കൾ നൽകേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വളരെ നിർദ്ധനരായ കുടുംബങ്ങളെയാണ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞടുക്കുന്നത് എന്നതിനാൽ, പെട്ടെന്ന് ആ കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭിച്ചാലും പകുതി പണി പൂർത്തിയായ വീടിന്റെ തുടർപ്പണികൾ തീർക്കാൻ സാധിക്കില്ലായെന്നുള്ള സാഹചര്യം പ്രത്യേകമായി പരിഗണിക്കുമോ;

(സി) ഗുണഭോക്താക്കളായി തെരഞ്ഞടുക്കപ്പെട്ടവർക്ക് സർക്കാർ ജോലി ലഭിക്കുമ്പോൾ ഇവരുടെ ശേഷിക്കുന്ന സർവ്വീസ് 10 വർഷത്തിൽ താഴെയാണെങ്കിൽ ഈ ഗുണഭോക്താക്കളെ തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നതിനായി പ്രത്യേകം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിനോ പങ്കാളിക്കോ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലി ലഭ്യമായാൽ പദ്ധതി പ്രകാരമുള്ള തുടർഗഡുക്കൾ നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളെയാണ് ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നത്. അപേക്ഷകനോ പങ്കാളിക്കോ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്ന സാഹചര്യത്തിൽ കുടുംബത്തിന്റെ വാർഷിക വരുമാനം വർദ്ധിക്കും. സമൂഹത്തിലെ സാമ്പത്തികമായി ദുർബലരായ പരമാവധി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിയുടെ സഹായം ലഭ്യമാകുന്നതിനായിട്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയിട്ടുള്ളത്.

**അംബേദ്കർ ഗ്രാമം പദ്ധതി**

20(4888) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ, ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ എന്നീ പട്ടികജാതി കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പുഞ്ചവയൽ കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പുഞ്ചവയൽ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ജില്ലാ പട്ടികജാതി വികസന ആഫീസുമായി എം.ഒ.യു.വച്ച് ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ കോളനിയുടെ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാത്സല്യനിധി പദ്ധതി**

21(4889) <u>ശ്രീമതി യു. പ്രതിഭ ഹരി :</u>

<u>പ്രൊഫ. കെ. യു. അരുണൻ :</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായുള്ള വാത്സല്യനിധി പദ്ധതി ആരുടെയെല്ലാം സഹായത്തോടെയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ് LIC of India-യുമായി സഹകരിച്ചാണ് വാത്സല്യനിധി പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരു കുട്ടിയുടെ പേരിൽ അടയ്ക്കേണ്ട പ്രീമിയം തുകയായ 1,38,000 രൂപ പട്ടികജാതി വികസന വകുപ്പാണ് നൽകുന്നത്.

**ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്ര-സംസ്ഥാന പദ്ധതികൾ**

22(4890) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉണ്ടെങ്കിലും ഉയർന്ന പദ്ധതി വിഹിതം അവർക്കായി ചെലവിടുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അവ പര്യാപ്തമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി വിവിധ പദ്ധതികളിലൂടെ ധാരാളം തുക വിനിയോഗിച്ചെങ്കിലും വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ അഴിമതിയും കെടുകാര്യസ്ഥതയും, ഈ വിഭാഗങ്ങളുടെ അറിവില്ലായ്മയും മൂലമാണെന്നുള്ള യാഥാർഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നാളിതുവരെയായി നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ പ്രസ്തുത വിഭാഗങ്ങൾക്കുണ്ടായ നേട്ടങ്ങളും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ആയതിൻ പ്രകാരം ഓരോ പദ്ധതികളും കൃത്യമായി മോണിട്ടർ ചെയ്യുന്നുണ്ടോ;

(ഇ) എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കഴിഞ്ഞ 8 വർഷമായി നടപ്പിലാക്കിയ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളും അവയുടെ നടത്തിപ്പും ഓരോ മേഖലയിലും ഉണ്ടായ നേട്ടങ്ങളും സംബന്ധിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്തായിരുന്നു; വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ പരിശോധിക്കുന്നതിന് സ്ഥിരമായ മോണിട്ടറിംഗ് സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും, തദ്വാരാ സർക്കാരിന്റെ പദ്ധതികൾ അർഹതപ്പെട്ടവരിൽ കൃത്യമായി എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അടിയന്തരമായി സംസ്ഥാന-ജില്ല തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികവിഭാഗക്കാർ ഇതര വിഭാഗങ്ങളോടൊപ്പം വികസന മുന്നേറ്റം ഉണ്ടാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ പദ്ധതികളിൽ ഓരോ വർഷത്തേയും ആകെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നുണ്ട്. കേരളത്തിൽ ജനസംഖ്യാനുപാതികമായതിനേക്കാൾ ഉയർന്ന നിരക്കിൽ പദ്ധതി വിഹിതം വകയിരുത്തുന്നുമുണ്ട്. ഈ തുക പൂർണ്ണമായും അവരുടെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിക്കുതന്നെയാണ് ചെലവഴിച്ചുവരുന്നത്. പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതമൂലമല്ല മറിച്ച് പൊതുസമൂഹത്തിന്റെ ചൂഷണം, അജ്ഞത, തനത് സംസ്കാരങ്ങളിലും വിശ്വാസങ്ങളിലും ഊന്നിയുള്ള ജീവിതരീതി, പൊതുധാരയിലെത്തുന്നതിനുള്ള വിമുഖത, ടി വിഭാഗങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസപരവും തൊഴിലധിഷ്ഠിതപരവുമായ പിന്നോക്കാവസ്ഥ എന്നിവ ടി വിഭാഗങ്ങളെ മുഖ്യധാരാ ജനസമൂഹത്തിൽനിന്നും ഒരുപടി പിന്നോട്ട് നയിച്ചിട്ടുണ്ട്. ഏഴുലക്ഷത്തോളം പട്ടികവിഭാഗം വിദ്യാർത്ഥികൾ കേരളത്തിലെ വിദ്യാലയങ്ങളിൽ പഠനം നടത്തി വരികയാണ്. ഇവരുടെ പഠനത്തിനാണ് വലിയ പങ്ക് തുകയും ചെലവഴിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇതിലേയ്ക്ക് ബ്ലോക്ക്/ജില്ലാ/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസ പദ്ധതി അവലോകന യോഗങ്ങൾ നടത്തിവരുന്നു. ടി യോഗങ്ങളിൽ പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കിവരുന്നു. ഇതിലുപരിയായി സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രിതലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുംവേണ്ടി ഡയറക്ടറേറ്റുതലത്തിൽ വീഡിയോ കോൺഫറൻസുകളും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തി കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻവേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

(ഇ&എഫ്) ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ വിലയിരുത്തുന്നതിനായി സ്ഥിരമായ മോണിറ്ററിംഗ് സംവിധാനമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പെയ്സും നിലവിലുണ്ട്. നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

## പരപ്പ കേന്ദ്രമാക്കി ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ്

23(4891) <u>ശ്രീ. കെ. കുഞ്ഞിരാമൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലായ സാഹചര്യത്തിൽ കാഞ്ഞങ്ങാട് പരപ്പ കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(സി) ഇതുസംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കാസർഗോഡ് ജില്ലയിൽ പരപ്പ ആസ്ഥാനമാക്കി ഒരു ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## പട്ടികവർഗ്ഗ വകുപ്പിന്റെ മൊബൈൽ ആരോഗ്യ കേന്ദ്രങ്ങൾ

24(4892) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പിന്റെ എത്ര മൊബൈൽ ആരോഗ്യ കേന്ദ്രങ്ങളാണ് പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നത്; ആരാണ് ഇവക്ക് മേൽനോട്ടം നടത്തുന്നത്; വ്യക്തമാക്കുമോ;

(ബി) എല്ലാ കോളനിയിലും ഇവർ എത്തുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവരുടെ യാത്രാ ഷെഡ്യൂളിന്റെ കോപ്പിയും ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷം സമർപ്പിച്ച റിപ്പോർട്ടുകളും ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## റേഷൻ ഭക്ഷ്യവസ്തുക്കൾ നേരിട്ട് എത്തിക്കുന്നതിനുള്ള നടപടി

25(4893) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ കോളനികളിൽ റേഷൻ ഭക്ഷ്യവസ്തുക്കൾ നേരിട്ട് എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി, കോടശ്ശേരി എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ കോളനികളിൽ ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ വകുപ്പിന്റെകീഴിൽ ഫോറസ്റ്റ് വകുപ്പുമായി സഹകരിച്ച് സംസ്ഥാനതലത്തിൽ നടത്തിവരുന്ന മൊബൈൽ റേഷനിംഗ് തൃശ്ശൂർ ജില്ലയിൽ ഉദ്ഘാടനം നടത്തി. ചാലക്കുടി മണ്ഡലത്തിൽ ഉദ്ഘാടനത്തിന്റെ നടപടികൾ പൂർത്തീകരിച്ച് വരുന്നു.

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ 9 കോളനികളിലേയ്ക്ക് റേഷൻ ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

**ആദിവാസി ഊരുകളിൽ സഞ്ചരിക്കുന്ന റേഷൻ കട**

26(4894) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ റേഷൻ ഭക്ഷ്യ വസ്തുക്കൾ നേരിട്ടെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി' ഇപ്പോൾ എല്ലാ ആദിവാസിമേഖലകളിലും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിച്ചുവരുന്നത്; മുഴുവൻ മേഖലകളിലും പ്രവർത്തിക്കുന്നതിന് തടസമായ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ആദിവാസി സമൂഹത്തിനാവശ്യമായ ഔഷധങ്ങൾ കൃത്യമായി എത്തിക്കുന്നതിനും വനാവകാശങ്ങൾ നിലനിർത്തിക്കൊണ്ട് അവരെ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ;

(ഡി) ആദിവാസി പദ്ധതികളുടെ ഫണ്ടുകളുടെ ദുരുപയോഗം തടയുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം പരിഗണനയിലുണ്ടോ?

ഉത്തരം

(എ&ബി) തൃശ്ശൂർ ജില്ലയിലെ കുമര വെള്ളച്ചാൽ, മണിയൻ കിണർ, ഒളകര എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് സഞ്ചരിക്കുന്ന റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നത്. മറ്റിടങ്ങളിൽ നടപ്പാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് 10,000 രൂപ വരെയുള്ള സൗജന്യ ചികിത്സയും മരുന്നുകളും എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCH മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. HLL മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലും ഓരോ ട്രൈബൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്തൊട്ടാകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

അർഹരായ എല്ലാപേർക്കും വനാവകാശ നിയമപ്രകാരമുള്ള വ്യക്തിഗത കൈവശാവകാശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാമൂഹിക അവകാശങ്ങൾ നൽകി അവരെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിനായി എല്ലാ എഫ്.ആർ.സി. മുഖേനയും സാമൂഹിക വനാവകാശത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള നിർദ്ദേശം എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) ആദിവാസികളുടെ ഫണ്ടുകളിൽ ഡി.ബി.റ്റി. മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നു. ആദിവാസി ഫണ്ടുകളുടെ ദുരുപയോഗം തടയുന്നതിന് ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്നതിനുള്ള കാര്യം പരിശോധിച്ചുവരുന്നു.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്താൻ നടപടി**

27(4895) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതിയിനത്തിൽ 607.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ തുക ഏതൊക്കെ മേഖലകളിലാണ് ചെലവഴിച്ചത്;

(സി) ഇത്രയും തുക ചെലവഴിച്ചിട്ടും പട്ടികവർഗ്ഗ വിഭാഗത്തിന്റെ സ്ഥിതി പരിതാപകരമാണെന്ന വസ്തുതയും ഭക്ഷണത്തിനുവേണ്ടി മധുവിനെ പോലുള്ളവർ മോഷണം നടത്തേണ്ട സാഹചര്യവും പരിഗണിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തെക്കൊണ്ട് സമഗ്രമായ ഒരു പരിശോധന ഈ മേഖലയിലെ ഫണ്ട് വിനിയോഗത്തെപ്പറ്റി നടത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതിയിനത്തിൽ 687.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എല്ലാ സർക്കാർ വകുപ്പിലേയുംപോലെ പട്ടികവർഗ്ഗ വികസന വകുപ്പിലും ഓഡിറ്റ് സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും ഫിനാൻസ് ഓഫീസറുടെ നേരിട്ടുള്ള ആഭ്യന്തര ഓഡിറ്റ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സാമ്പത്തിക വർഷാവസാനം അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റും വകുപ്പിൽ നടക്കുന്നുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിജയപരാജയങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി വകുപ്പിന് പുറമെയുള്ള സർക്കാർ ഏജൻസികളെക്കൊണ്ട് വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ പരിഹരിച്ച് മുന്നോട്ട് പോകുന്നുണ്ട്. മധു ഏറെ വർഷങ്ങളായി വീട്ടിൽനിന്നും മാറി ഉൾവനത്തിൽ താമസിച്ച് വരികയായിരുന്നു. മധുവിന്റെ വീട്ടിൽ സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

## ആദിവാസി ക്ഷേമ പദ്ധതികൾ

28(4896) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമപദ്ധതികളുടെ പുരോഗതി യഥാസമയം വിലയിരുത്താറുണ്ടോ; എങ്കിൽ ഇത്തരം പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ആദിവാസിക്ഷേമ പദ്ധതികളിലെ പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ എത്ര തവണ ആദിവാസി ഊരുകളിൽ സന്ദർശനം നടത്തിയിട്ടുണ്ട്; എങ്കിൽ ഏതെല്ലാം ഊരുകളാണ് സന്ദർശിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി ക്ഷേമത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്;ചെലവഴിക്കാതെ ബാക്കിയുള്ള തുക എത്രയാണ്; വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ മൊബൈൽ ആരോഗ്യ കേന്ദ്രങ്ങൾ**

29(4897) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വകുപ്പിന്റെ എത്ര മൊബൈൽ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്നും ആരാണ് ഇവരുടെ മേൽനോട്ടം വഹിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) എല്ലാ കോളനികളിലും ഇവർ എത്തുന്നുയെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇവരുടെ യാത്രാ ഷെഡ്യൂളിന്റെ പകർപ്പ്, സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കാമോ;

(ഡി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ ചെലവാക്കിയെന്നും ഈ സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹിന്ദുസ്ഥാൻ ലാറ്റെക്സ് ഫാമിലി പ്ലാനിംഗ് പ്രൊമോഷൻ ട്രസ്റ്റിന്റെ സഹകരണത്തോടെ മൊബൈൽ മെഡിക്കൽ യൂണിറ്റ് 2016-17 സാമ്പത്തിക വർഷം വിജയകരമായി നടപ്പാക്കിയിരുന്നു.

(ബി) ജില്ലാ പട്ടികജാതി വികസന ഓഫീസർ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുമായി ബന്ധപ്പെട്ട് പദ്ധതി മോണിറ്റർ ചെയ്തിട്ടുള്ളതാണ്.

(സി) സ്ഥാപനം 2/17, 9/17 മാസങ്ങളിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* മറ്റ് മാസങ്ങളിലെ റിപ്പോർട്ട് ലഭ്യമല്ല.

(ഡി) പാലക്കാട് ജില്ലയിൽ 2016-17 സാമ്പത്തിക വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുന്നതിലേയ്ക്കായി 24,66,932 രൂപ HLFPPT-ക്ക് അനുവദിക്കുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണം

30(4898) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;വിശദമാക്കുമോ;

(ബി) ഇത്തരം കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിന് ആവിഷ്കരിച്ച പ്രത്യേക പദ്ധതിയിലൂടെ പ്രസ്തുത കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയ മൈക്രോ പ്ലാനുകൾ പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിനും അവരുടെ ബഹുമുഖമായ വളർച്ചയ്ക്കുമായി പി. കെ. കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കിടയിൽ നടത്തിയ സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ അംഗീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. കൂടാതെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിച്ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായുള്ള മൈക്രോ പ്ലാനുകൾ ഈ നടപ്പ് സാമ്പത്തിക വർഷം പൂർത്തീകരിക്കും. മറ്റുള്ള ജില്ലകളിലെയും മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

31(4899) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ആദിവാസികൾക്ക് 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അട്ടപ്പാടിയിൽ വിതരണം ചെയ്യുന്ന റേഷൻ നിലവാരം കുറഞ്ഞതാണെന്ന പരാതി പരിഹരിക്കുന്നതിന് ആദിവാസികൾക്ക് താല്പര്യമുള്ള ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഓരോ ആദിവാസികളുടെയും ജീവിതം നിരീക്ഷിച്ച് സഹായം ഉറപ്പ് വരുത്തുന്ന രീതിയിൽ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ എണ്ണം

32(4900) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി എത്ര പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ എണ്ണം സ്ത്രീ-പുരുഷൻ എന്ന നിലയിൽ വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2013 -ൽ പ്രസിദ്ധീകരിച്ച പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4762 പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്.

(ബി) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ എണ്ണം സ്ത്രീ-പുരുഷൻ എന്ന നിലയിൽ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ആകെ ജനസംഖ്യ | 484839 |
| പുരുഷൻമാർ | 238203 |
| സ്ത്രീകൾ | 246636 |

(സി) 2011-ലെ സെൻസസ് പ്രകാരം ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർക്കുന്നു.

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരേക്കർ ഭൂമി

33(4901) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരേക്കർ ഭൂമി നൽകുന്ന പദ്ധതി എവിടെയൊക്കെ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ആരാണ് കോടതിയലക്ഷ്യ കേസ് നൽകിയത്; അപ്രകാരം കോടതിയിൽനിന്നും വിധിയുണ്ടായോ;

(സി) പദ്ധതി നടപ്പാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആരെയാണെന്ന് വ്യക്തമാക്കാമോ; ഇത് സമഗ്രമായി നടപ്പാക്കാൻ സർക്കാരിന്റെ മുന്നിലുള്ള കർമ്മ പദ്ധതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ലഭിച്ച 19002 ഏക്കർ നിക്ഷിപ്ത വനഭൂമി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ വിതരണം ചെയ്യുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് 150 പേർക്ക് 75 ഏക്കർ, പാലക്കാട് 517 പേർക്ക് 483 ഏക്കർ എന്നിങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്തിട്ടുണ്ട്. വിതരണത്തിന് അനുയോജ്യമായ ബാക്കി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷന്റെകീഴിൽ 10002 ഏക്കർ ഭൂമി സർവ്വേ ചെയ്യുന്നതിനുവേണ്ടി 43.08 ലക്ഷം രൂപ മണ്ണാർക്കാട് സബ് കളക്ടർക്ക് നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിലുള്ള ഭൂമി റവന്യൂ വകുപ്പിന് കൈമാറി നൽകുവാൻ വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചുകഴിഞ്ഞു. തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടില്ല.

**ചികിത്സാ സഹായം**

34(4902) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ ആദിവാസി/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരായവർക്കായി എത്ര തുകയുടെ ചികിത്സ സഹായം നല്കിയെന്നും രോഗികൾക്കായി നല്കിയ മറ്റ് സഹായങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുക കഴിഞ്ഞ സർക്കാർ വകയിരുത്തി; എത്ര തുകയുടെ ചെലവ് നടത്തി; എത്ര പേർക്ക് ധനസഹായം ഉൾപ്പെടെ മറ്റ് സഹായങ്ങൾ ലഭ്യമാക്കിയെന്ന് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഈ സർക്കാർ കാലയളവിലെ പ്രവർത്തനങ്ങളുടേയും ധനസഹായം ഉൾപ്പെടെയുള്ള ചികിത്സാ സഹായങ്ങളുടേയും വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ചോദ്യം എ, ബി, സി എന്നിവയുടെ പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. രോഗികൾക്ക് ചികിത്സാ ധനസഹായം അല്ലാതെ മറ്റു സഹായങ്ങളൊന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്നില്ല.

കഴിഞ്ഞ സർക്കാർ കാലയളവിൽ പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങൾക്കായി ചികിത്സാ സഹായം എന്ന ഇനത്തിലും ജനനി ജന്മരക്ഷ പദ്ധതി പ്രകാരവും അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം എന്ന ഇനത്തിലും ചുവടെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി - 28.49 കോടി രൂപ.
2. ജനനീ ജന്മരക്ഷ – 12.2 കോടി രൂപ.
3. അരിവാൾ രോഗികൾക്കുള്ള സമാശ്വാസ ധനസഹായം - 2.56 കോടി രൂപ.

കൂടാതെ രോഗികളെ താമസ സ്ഥലത്തുനിന്ന് ആശുപത്രിയിലേയ്ക്കും തിരികെയും കൊണ്ടുപോകുന്നതിന് സൗജന്യ ആംബുലൻസ് സേവനം, മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, കോളനികളിൽ നടത്തപ്പെടുന്ന മെഡിക്കൽ ക്യാമ്പുകൾ, ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ക്ലിനിക്കുകൾ, എ.എൻ.എം. (Auxiliary Nurse and Midwifery) സെന്ററുകൾ എന്നിവ മുഖേനയും സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ആരോഗ്യ പദ്ധതികൾക്കായി കഴിഞ്ഞ സർക്കാർ വകയിരുത്തിയ തുക, ചെലവഴിച്ച തുക,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | 28.5 കോടി രൂപ | 28.49 കോടി രൂപ | 125000 |
| ജനനി ജന്മരക്ഷാ | 12.2 കോടി രൂപ | 12.2 കോടി രൂപ | 23339 |
| അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം | 3.16 കോടി രൂപ | 2.56 കോടി രൂപ | 1819 |

(സി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ടാഫീസർമാർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിനുകീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ കാലയളവിൽ വിവിധ പദ്ധതികൾ മുഖേന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി | 35,00,00,000 | 34.93 കോടി രൂപ | 59942 |
| ജനനി ജന്മരക്ഷാ | 25,00,00,000 | 22.50 കോടി രൂപ | 22300 |
| അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം | 3,25,00,000 | 3.25 കോടി രൂപ | 1363 |

### കൊയിലാണ്ടി മണ്ഡലത്തിലെ ചികിത്സാ സഹായം

35(4903) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായത്തിനായി കൊയിലാണ്ടി മണ്ഡലത്തിൽനിന്നും 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓൺലൈനായും അല്ലാതെയും ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര പേർക്ക് ഇതിനോടകം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്;

(സി) എത്ര പേർക്ക് ഇനിയും ചികിത്സാസഹായം നൽകാനുണ്ടെന്നും ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ഓൺലൈൻ മുഖേന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നില്ല. നേരിട്ട് 43 അപേക്ഷകൾ ലഭിച്ചിരുന്നു.

2017-18 സാമ്പത്തിക വർഷം ഓൺലൈൻ മുഖേന 8 അപേക്ഷകളും നേരിട്ട് 37 അപേക്ഷകളും ലഭ്യമായിട്ടുണ്ട്.

(ബി) 78 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 10 അപേക്ഷകൾ ബാക്കിയുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചികിത്സാ സഹായം**

36(4904) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായ കേസുകളിൽ ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ഇത്തരത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവായ എത്ര പേർക്ക് ഇനി ധനസഹായം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് മുൻകാലത്ത് വലിയ കാലതാമസമുണ്ടായിരുന്നു.ഇത് പരിഹരിക്കുവാൻ ടി-ഗ്രാന്റ്സ് സോഫ്റ്റ്‌വെയറിലൂടെ ഓൺലൈനായി അപേക്ഷ സ്വീകരിച്ച് ധനസഹായം വിതരണം ചെയ്തുവരികയാണ്. ഇപ്പോൾ വളരെവേഗം ധനസഹായം അനുവദിക്കാൻ കഴിയുന്നുണ്ട്.

(ബി) ധനസഹായം അനുവദിച്ച് ഉത്തരവായ 90 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്.

## മാനസിക അസ്വാസ്ഥ്യമുള്ള ആദിവാസികൾക്കും മറ്റ് പട്ടികവിഭാഗക്കാർക്കും ചികിത്സ

37(4905) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക അസ്വാസ്ഥ്യംമൂലം അലഞ്ഞുതിരിഞ്ഞു നടക്കുന്ന ആദിവാസികളെയും മറ്റ് പട്ടിക വിഭാഗക്കാരെയും കണ്ടെത്തി ചികിത്സ നൽകി സംരക്ഷിക്കുന്നതിന് വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇത്തരത്തിൽപ്പെട്ടവരെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) മാനസിക രോഗത്തിന് ചികിത്സ ലഭ്യമായിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽപ്പെടുത്തി മാനസിക അസ്വാസ്ഥ്യമുള്ള പട്ടികവർഗ്ഗക്കാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട മാനസിക അസ്വാസ്ഥ്യ മനുഭവിക്കുന്നവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന് സമർപ്പിച്ച പദ്ധതിക്ക് ഭരണാനുമതി നൽകുകയും ഈ പദ്ധതിക്കായി 24,60,000 രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ചു നൽകുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട മാനസിക അസ്വാസ്ഥ്യമനുഭവിക്കുന്നവരുൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ പട്ടികവർഗ്ഗ വികസന വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം അട്ടപ്പാടിയിലെ കാവുണ്ടിക്കൽ എന്ന സ്ഥലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 'കാരുണ്യാശ്രമം' എന്ന അഗതി മന്ദിരം പുനരുദ്ധാരണം ചെയ്ത് 'പുനർജനി' എന്ന പേരിൽ മാനസിക ആരോഗ്യ പ്രശ്നമുള്ളവർക്കുവേണ്ടിയുള്ള കെയർ ഹോം ആയി പ്രവർത്തനം ആരംഭിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച ശിപാർശ പരിശോധിച്ചു വരുന്നു.

## ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ

38(4906) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന നൽകണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എം.എൽ.എ.-മാർക്ക് ലഭിക്കുന്ന അപേക്ഷ ഓൺലൈൻ മുഖേന അല്ലാതെ ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി മുഖേന നേരിട്ട് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം

39(4907) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽനിന്നും 2016 - 17, 2017 - 18 എന്നീ വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സ ധനസഹായത്തിനായി ഓൺലൈൻ മുഖേനയും അല്ലാതെയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി അവയിൽ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഇനി എത്ര എണ്ണം ബാക്കിയുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ 2016-17 സാമ്പത്തിക വർഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി 293 അപേക്ഷകളും 2017-18 സാമ്പത്തിക വർഷം ഓൺലൈൻ മുഖേന 170 അപേക്ഷകളും അല്ലാതെ 544 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ചികിത്സാ ധനസഹായത്തിനായി 5 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന ടി-ഗ്രാന്റ്സ് സംവിധാനം ഈ വകുപ്പിൽ ആരംഭിച്ചിട്ടില്ല.

(ബി) പട്ടികജാതി വിഭാഗത്തിൽ ഓൺലൈനായി 94 അപേക്ഷകർക്കും അല്ലാതെയുള്ള 819 അപേക്ഷകർക്കുമായി യഥാക്രമം 11,95,000 രൂപയും 1,34,51,700 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി 94 അപേക്ഷകളിൽ തുക അനുവദിക്കാനുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ 5 അപേക്ഷകർക്കായി 75,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ അപേക്ഷകൾ ഒന്നുംതന്നെ ബാക്കിയില്ല.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ചികിത്സാസഹായ അപേക്ഷകൾ**

40(4908) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും പട്ടികജാതി വകുപ്പ് ഡയറക്ടറേറ്റിൽ ചികിത്സ സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിശദമായ വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയമസഭാ മണ്ഡലത്തിൽ നിന്നും 2016-17 വർഷം 10 അപേക്ഷകളും 2017-18 വർഷം 20 അപേക്ഷകളും ഈ ഓഫീസിൽ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 4-4-2017, 12-6-2017 എന്നീ തീയതികളിലെ എം10-17440/16 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ഓൺലൈൻ ആയി 54 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) ഓൺലൈനായും അല്ലാതെയും ലഭിച്ചിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

41(4909) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) പോസ്റ്റ്-മെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; എത്ര കിലോമീറ്റർ ദൂരപരിധിയിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ആവശ്യമായ സ്ഥലം ലഭ്യമാണെങ്കിൽ പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പോസ്റ്റ്-മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലുകളിൽ താമസസൗകര്യം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായാണ് പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ചുവരുന്നത്. 8 കിലോ മീറ്ററിലധികം ദൂരത്തുനിന്ന് വിദ്യാലയങ്ങളിലേയ്ക്ക് വരുന്നവരായിരിക്കണം വിദ്യാർത്ഥികൾ. കുറഞ്ഞത് 30 കുട്ടികളും പരമാവധി 120 കുട്ടികൾക്കും താമസിച്ച് പഠനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലിനുവേണ്ടി നിർമ്മിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്ന് PWD സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, ഗതാഗതസൗകര്യം, ജലലഭ്യത മുതലായവ കണക്കിലെടുത്താണ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഉത്തരവ് ലഭ്യമാക്കുന്നത്. സ്ഥല വിസ്തൃതി സംബന്ധിച്ച് പ്രത്യേക ഉത്തരവ് നിലവിലില്ല. എന്നാൽ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലം ആവശ്യമാണ്. PWD, മറ്റ് സർക്കാർ ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്.

(ബി) ഹോസ്റ്റൽ കെട്ടിടത്തിന്റെ സ്ഥലസൗകര്യം അനുസരിച്ച് 30 മുതൽ 120 വരെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ പ്രവേശനം അനുവദിച്ചുവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം അനുവദിച്ചുവരുന്നത്. 68% സീറ്റുകൾ പട്ടികജാതിക്കാർക്കും 17% സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും 5% ഒ.ബി.സി. വിഭാഗത്തിനും 10% മറ്റ് വിഭാഗക്കാർക്കുമാണ്. 8 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധിയിലുള്ള വിദ്യാർത്ഥികൾക്കാണ് പോസ്റ്റ്-മെട്രിക് ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കുന്നത്.

(സി) സ്ഥല ലഭ്യത, ഗതാഗത സൗകര്യം, ജലലഭ്യത, ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ഉറപ്പാക്കിയതിനുശേഷം ആവശ്യകത അനുസരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകിയ ഭൂമി**

42(4910) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകിയ ഭൂമിയിൽ അവർ സ്ഥിരതാമസം ആരംഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത ഭൂമിയിൽ കൃഷിയിറക്കാൻ പ്രോൽസാഹിപ്പിക്കുന്ന എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആദിവാസി ഭൂമി അനർഹമായി തട്ടിയെടുത്ത് കൈവശംവച്ചവരെ കണ്ടെത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗക്കാർക്ക് പതിച്ചുനൽകിയ ഭൂമിയിൽ എല്ലാ പ്ലോട്ടുകളിലും സ്ഥിരതാമസം ആരംഭിച്ചിട്ടില്ല. കൃഷിക്കും മറ്റുമായി വന്നുപോകുന്നവരുണ്ട്. കൃഷി/സ്ഥിരതാമസത്തിലേയ്ക്ക് കുടുംബങ്ങളെ നയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവിധ തരത്തിലുള്ള കാർഷിക പദ്ധതികൾ വകുപ്പ് മുഖേന സാമ്പത്തിക സഹായങ്ങൾ ചെയ്ത് നടപ്പിലാക്കിവരുന്നു. ജാതി, വാഴ, തെങ്ങ്, റബ്ബർ മറ്റ് വിളകൾക്കുള്ള കൃഷി എന്നിവയ്ക്കായി ധനസഹായം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ റാഗി, ചോളം, തിന എന്നീ ധാന്യവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അട്ടപ്പാടി മേഖലയിലെ 45 ഊരുകളെ തെരഞ്ഞെടുത്ത് 'മില്ലറ്റ് വില്ലേജ്'എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(സി) ആദിവാസി ഭൂമി കയ്യേറ്റം ചെയ്യുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയ്യേറ്റഭൂമിയിൽനിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തി കർശന നടപടി സ്വീകരിക്കുന്നതാണ്.

**ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി**

43(4911) <u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി പ്രകാരം കാസർഗോഡ് താലൂക്കിലെ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; ഇവരുടെ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ;

(സി) സ്ഥലപരിശോധന നടത്തി ജില്ലാ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലേക്ക് അയയ്ക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ ആദിവാസികൾ നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന നടത്തി ജില്ലാ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിലേക്ക് അയച്ച് ഇവർക്ക് ഭൂമി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ഭൂമി

44(4912) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിൽ ഭൂമിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ അളവെത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഭൂമി നിലവിൽ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഭൂമി ഉണ്ട്.

(ബി) 64 സെന്റ്.

(സി) പ്രസ്തുത ഭൂമിയിൽ വകുപ്പിന്റെ ITI പ്രവർത്തിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാസയോഗ്യമായ ഭവനം

45 (4913) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ധനസഹായം നേരിട്ട് നൽകുമ്പോൾ ധനവിനിയോഗത്തിലെ സൂക്ഷ്മതക്കുറവുകൊണ്ട് അവർ പണം നഷ്ടപ്പെടുത്തി കളയുകയും അത് കാരണം കടക്കെണിയിൽ പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പണം നൽകുന്നതിന് പകരം ഭവന നിർമ്മാണ വകുപ്പ് വാസയോഗ്യമായ ഭവനം, ഹാബിറ്റാറ്റും മറ്റ് സർക്കാർ ഏജൻസികളും വഴി അവർക്ക് നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. ടി തുക 4 ഗഡുക്കളായി 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി നൽകുന്നു. ലഭ്യമാകുന്ന നിശ്ചിത ഗഡു തുക ഉപയോഗിച്ച് നിശ്ചിത ഘട്ടം പണി പൂർത്തിയാക്കുന്നമുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നൽകുന്നു. നിശ്ചിത ഘട്ടം പണി പൂർത്തിയാകാതെ അവശേഷിക്കുന്ന 2007-08 വർഷം മുതലുള്ള ഗുണഭോക്താക്കൾക്ക് സ്പിൽഓവർ പദ്ധതി പ്രകാരം തുടർന്നുള്ള ഗഡുക്കൾ നൽകുന്നുണ്ട്. 2007-08 മുതൽ 2013-14 വർഷം വരെ തെരഞ്ഞെടുക്കപ്പെട്ടവരിൽ പഴയ നിരക്കിൽ (2 ലക്ഷം രൂപ വരെ) നിശ്ചിത ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിക്കാത്തവർക്ക് പണി പൂർത്തീകരിക്കുന്നതിന് ഒടുവിൽ വാങ്ങിയ നിശ്ചിത ഗഡു തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായവും നൽകിവരുന്നുണ്ട്. കൂടാതെ സ്പിൽ ഓവർ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നേരിട്ട് നൽകുമ്പോൾ ധനവിനിയോഗത്തിലെ സൂക്ഷ്മത കുറവുകൊണ്ട് പണം നഷ്ടപ്പെടുത്തിക്കളയുകയും അത് കാരണം കടക്കെണിയിൽപ്പെടുകയും ചേയ്യേണ്ടുന്ന സാഹചര്യം നിലവിലില്ല. മാത്രവുമല്ല, ഭവനരഹിതർക്ക് അവരവരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് ധനസഹായം നൽകിവരുന്നത് എന്നതിനാൽ സ്വന്തമായി വീട് എന്ന സ്വപ്നം പൂർത്തീകരിക്കുന്നതിന് ഇത് ഏറെ പ്രയോജനപ്പെടുകയും ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതി**

46(4914) <u>ശ്രീ. അടൂർ പ്രകാശ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാത്രം ഏതെങ്കിലും ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 25-5-2016-ന് ശേഷം ഇതുവരെ ഈ ഓരോ വിഭാഗത്തിനും ഭവനനിർമ്മാണത്തിനായി എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകൾ അനുവദിച്ചു; അതിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയായി; പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര പുതിയ വീടുകൾ അനുവദിച്ചു;അതിലെത്രയെണ്ണം പൂർത്തിയായി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2 വർഷങ്ങളിലായി പട്ടികജാതി വിഭാഗത്തിന് 22000 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിന് 6709 വീടുകളും അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായം 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വിവിധ ഭാഗങ്ങളിൽ വാസയോഗ്യമായ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി വിസ്തീർണ്ണം 400 square feet-ഉം ചെലവ് 6 ലക്ഷം രൂപയിലും പരിമിതപ്പെടുത്തി വ്യക്തിഗത ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനും Life Mission മുഖേന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമേ 2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തിയാകാതെയുള്ള വീടുകൾ പൂർത്തീകരിക്കാൻ ഒരു ഗഡു സംഖ്യ അധികമായി അനുവദിക്കുന്ന ഒരു പ്രത്യേക പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

(ബി) 25-5-2016-നുശേഷം നാളിതുവരെ ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക ഇപ്രകാരമാണ്.

| | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|
| 2016-17 | 234,50,09,800 | 238,70,00,000 |
| 2017-18 | 308,09,05,510 | 150,37,00,000 |

(സി)

| | പട്ടികജാതി വികസന വകുപ്പ് | | പട്ടികവർഗ്ഗ വികസന വകുപ്പ് | |
|---|---|---|---|---|
| | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് |
| 2016-17 | 14946 | 7435 | 6709 | 31 |
| 2017-18 | 7000 | 314 | -- | -- |

ഇതിലുപരിയായി പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചതിൽ സ്പിൽ ഓവറായുണ്ടായിരുന്ന 16360 വീടുകളിൽ 6308 സ്പിൽഓവർ വീടുകളുടെ നിർമ്മാണവും ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

### പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം

47(4915) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ധനസഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ൽ 14946 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2017-18-ൽ ഇതുവരെ 6882 പേർക്ക് ധനസഹായം നൽകി.

ഭവനനിർമ്മാണത്തിനായി നാളിതുവരെ 5,42,59,15,316 രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത 50,000 രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4,00,000 രൂപ ധനസഹായം നൽകുന്നു. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു. സർക്കാർ ഏജൻസികളിൽ നിന്ന് മുമ്പ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെട്ടവർക്കാണ് ധനസഹായം നൽകുന്നത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും തിരിച്ചറിയൽ രേഖകളും മുമ്പ് ഇതേ ആവശ്യത്തിന് ധനസഹായം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്ത ഇടങ്ങളിൽ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ചും വകുപ്പ് മുഖേന ഭൂമി ലഭിച്ചവരിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നുണ്ട്.

## പട്ടികജാതിക്കാർക്ക് ഭവനനിർമ്മാണ ധനസഹായം

48(4916) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിലൂടെ പട്ടികജാതിക്കാർക്ക് ലഭ്യമായ ഭവനനിർമ്മാണ ധനസഹായം പരിമിതമായതിനാൽ വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിക്കാതെ ചെറ്റക്കുടിലിൽ കുടുംബങ്ങൾ നരകയാതന അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻപ് ധനസഹായം ലഭിച്ചെന്ന പേരിൽ പുതിയ പദ്ധതികളിൽനിന്നും പ്രസ്തുത കുടുംബങ്ങളെ ഒഴിവാക്കുന്നുണ്ടോ;

(സി) ലൈഫ് പദ്ധതി പ്രകാരം മുൻപ് നൽകിയ തുകയുടെ ബാക്കി തുകയാണോ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് നൽകുന്നത്; സാധന സാമഗ്രികളുടെ വില ഉയർന്നതിനാൽ അനുവദിക്കുന്ന തുക കൊണ്ട് പണി പൂർത്തിയാക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇത്തരം ഭവനങ്ങൾ പൂർത്തിയാക്കുന്നതിന് നിലവിലെ സാഹചര്യത്തിന് അനുസൃതമായ തുക അനുവദിക്കുമോ?

### ഉത്തരം

(എ) 31-3-2016 വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ കിടന്നിരുന്ന 16360 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക പാക്കേജ് നടപ്പിലാക്കുകയുണ്ടായി. ഇതുപ്രകാരം ഒരു ഗഡു സംഖ്യകൂടി അധികമായി നൽകുകയുണ്ടായി. ഇതിനുപുറമെ ഇത്തരത്തിലുള്ള വീടുകളുടെ നിർമ്മാണ പൂർത്തീകരണത്തിനായി യൂണിറ്റ് കോസ്റ്റ് 9-2-2018-ലെ സ.ഉ.(കൈ.) 15/2018/പജപവവിവ. പ്രകാരം നാലു ലക്ഷമായി

വർദ്ധിപ്പിച്ച് ആനുപാതികമായ തുക അനുവദിച്ചിട്ടുണ്ട്. അപ്രകാരം spill over വീടുകളിൽ 6308 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. 3 മാസത്തിനകം ബാക്കിയുള്ള വീടുകളുടെ 60% പൂർത്തീകരിക്കുന്നതാണ്.

(ബി) മുമ്പ് ധനസഹായം അനുവദിക്കുകയും എന്നാൽ പണി പൂർത്തിയാക്കാതെ വരികയും ചെയ്ത വീടുകൾക്ക് മുകളിൽ പറഞ്ഞ പ്രകാരം സഹായം അനുവദിക്കുന്നുണ്ട്. എന്നാൽ പണി ആരംഭിക്കാത്തവരെ പുതിയ ലിസ്റ്റിൽ പരിഗണിക്കുന്നതാണ്.

(സി) നിലവിൽ വകുപ്പ് മുഖേനയുള്ള പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി നൽകി വരുന്നു. നിലവിൽ വിവിധ ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്നവർക്ക് തുടർന്നുള്ള ഗഡുക്കൾ 4 ലക്ഷം രൂപയ്ക്ക് ആനുപാതിക ഗഡുക്കളായി നൽകുന്നു. നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി തുടർന്നു നൽകേണ്ട ഗഡുവിന്റെ 50% വരെ മുൻകൂറായി നൽകുന്നതിനും ലൈഫ് മിഷൻ പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി**

49(4917) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ എത്ര കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ആയതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിലുൾപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്നും 16 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ സമഗ്ര വികസനം

50(4918) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക ജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഗ്രാമവികസന പദ്ധതിയുടെ ഭാഗമായി വരുമാനദായക സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു നിയോജക മണ്ഡലത്തിൽനിന്നും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന രണ്ട് കോളനികളെ വീതം എം.എൽ.എ.-യുടെ ശിപാർശ പ്രകാരം തെരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ സങ്കേതത്തിന്റെ സമഗ്ര വികസനത്തിനുതകുന്നവിധത്തിൽ താഴെപ്പറയുന്ന ഇനം പ്രവൃത്തികൾ ചെയ്യാവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം.

6. സോളാർ തെരുവ് വിളക്ക്

7. സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി).

(സി) ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ വരുമാനദായക സംരംഭങ്ങളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) എന്നിവ പദ്ധതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്തിവരുന്നു.

**ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം**

51(4919) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർഘടമായ ജീവിത സാഹചര്യങ്ങൾകൊണ്ട് പൊതുസമൂഹത്തിന്റെ

ഭാഗമാകുവാൻ കഴിയാതെ പോയ ആദിവാസി വിഭാഗത്തെ അവരുടെ സാംസ്കാരിക തനിമ നിലനിർത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; ഇതിന്റെ ഫലമായി ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) ആദിവാസി യുവാവ് വിശപ്പുമൂലം ചെയ്ത ചെറിയ തെറ്റിന് ജനക്കൂട്ടം വലിയ ശിക്ഷ നൽകിയത് ലോകത്തിന് മുമ്പിൽ സംസ്ഥാനത്തിന് തല കുനിക്കേണ്ട അവസ്ഥയുണ്ടാക്കിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കാത്ത ഒരാൾപോലും കേരളത്തിൽ ഉണ്ടാകില്ല എന്ന പ്രകടന പത്രികയിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ആദിവാസി വിഭാഗത്തിന്റെ പട്ടിണി മാറ്റുന്നതിന് പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർ പദ്ധതികൾക്കു പുറമെ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| **ആകെ** | **100** |

50 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഗോത്രബന്ധു - 4.00 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രൈമറി സ്കൂളുകളിൽ ടി.ടി.സി./ബി.എഡ്. യോഗ്യതയുള്ളതും ഗോത്രഭാഷ അറിയുന്നതുമായ 241 പട്ടികവർഗ്ഗ അദ്ധ്യാപകരെ വയനാട് ജില്ലയിലെ വിവിധ സ്കൂളുകളിൽ നിയമനം നടത്തി. അട്ടപ്പാടിയിൽ 26 സ്കൂളുകളിൽകൂടി ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം- 100.00 കോടി രൂപ

എ) അടിസ്ഥാന സൗകര്യങ്ങൾ

ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽ നിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ

തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 43 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. സങ്കേതങ്ങളുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുന്ന തിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 58 ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്. - 100 + പദ്ധതി

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി പരിഗണനയിലാണ്. ഇതിന്റെ വിവരശേഖരണം നടന്നുവരുന്നു. ടി വിവരശേഖരണം പൂർത്തിയാക്കുന്നമുറയ്ക്ക് ഫണ്ട് എം.ജി.എൻ.ആർ.ജി.എ. സ്റ്റേറ്റ് മിഷന് കൈമാറുന്നതാണ്. കുടുംബശ്രീ, തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.

സി) പി. കെ. കാളൻ കുടുംബസഹായ പദ്ധതി

പി. കെ. കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാടൻ സമുദായങ്ങൾക്കിടയിൽ നടത്തിയ സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.-യുമായി സഹകരിച്ച് ഗോത്രവാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2.00 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സംരംഭത്തിലൂടെ സ്വയം തൊഴിലിനു വരുമാനത്തോടൊപ്പം സ്ത്രീശാക്തീകരണവും ലക്ഷ്യമിടുന്നു.

6. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

9. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവകുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

10. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 8 പ്രോജക്ടുകൾക്ക് 56.43 കോടി രൂപ KIIFB അനുവദിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം നടത്തിവരുന്നു. ആർട്ടിക്കിൾ 275 (1) പദ്ധതി പ്രകാരം 300 ലക്ഷം രൂപ ഹോസ്റ്റലുകളുടെ നിർമ്മാണത്തിന് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിന് തുക ജില്ലകൾക്ക് അനുവദിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

ഈ സാമ്പത്തിക വർഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കാവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽനിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 43 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. സങ്കേതങ്ങളുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 58 ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അട്ടപ്പാടിയിൽ മധു എന്ന ആദിവാസി യുവാവിനെ ഒരു കൂട്ടം ആളുകൾ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും പോലീസ് അറസ്റ്റുചെയ്ത് റിമാന്റിലാക്കിയിട്ടുണ്ട്.

(ഡി) ഒരു നേരമെങ്കിലും ഒരാൾക്കുപോലും ഭക്ഷണം കിട്ടാത്ത അവസ്ഥ ഉണ്ടാവാതിരിക്കാനുള്ള ശ്രമങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

വനവാസ മേഖലയിൽ പട്ടിണിയും ദാരിദ്ര്യവും ഒഴിവാക്കുന്നതിനും മൺസൂൺ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ഭക്ഷ്യസഹായ പദ്ധതി ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നടപ്പിലാക്കിവരുന്നു. ഭക്ഷ്യസഹായ പദ്ധതി പ്രകാരം അരി - 15kg, ചെറുപയർ/വൻപയർ -1 kg, കടല -1 kg, വെളിച്ചെണ്ണ -1 ലിറ്റർ എന്നിവ വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ എല്ലാ കുടുംബങ്ങൾക്കും റേഷൻ സംവിധാനം വഴി അരി എല്ലാ മാസവും വിതരണം ചെയ്യുന്നു. അട്ടപ്പാടി മേഖലയിലെ പ്രത്യേക സാഹചര്യം പ്രമാണിച്ച് 193 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിൽ ഒരു നേരം പാകം ചെയ്ത ഭക്ഷണം നൽകുന്നു. ഈ പദ്ധതി വയനാട് ജില്ലയിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതാണ്.

(ഇ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന തുടർപദ്ധതിയായ ഭക്ഷ്യസഹായ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയ പദ്ധതികളോടൊപ്പം 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാരമ്പര്യ ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി എന്നിവയുടെ കൃഷി വികസനം, തേനീച്ചക്കൃഷി, ധാന്യ സംഭരണം, വിപണനം, സംസ്കരണ യൂണിറ്റ്, റിവോൾവിംഗ് ഫണ്ട്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിപണനവും, നിർവ്വഹണ ചെലവ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. മൂന്ന് വർഷങ്ങളിലായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ആകെ ചെലവ് 687.00 ലക്ഷം രൂപയാണ്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു.

## കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

52(4920) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽനിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ എന്തെല്ലാം പ്രവൃത്തികൾ ആണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ പദ്ധതിയുടെ ഭാഗമായി പ്രസ്തുത കോളനികളിൽ എന്തെങ്കിലും പ്രവൃത്തികൾക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളിൽ ഗതാഗത സൗകര്യം, കുടിവെള്ള വിതരണം, ശുചിത്വസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് അംബേദ്കർ ഗ്രാമപദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) കോതമംഗലം മണ്ഡലത്തിൽനിന്നും മുണ്ടൂർ കോളനി, ഏറുപുരം കോളനി എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) മുണ്ടൂർ കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

1. Construction of well
2. Construction of water tank
3. Pumb House
4. Renovation Vinjanvadi
5. Bitumious road work
6. House Maintenance
7. Retaining Wall.

ഏറുപുരം കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

1. Construction of Culvert
2. Concrete road
3. Dry Rubble protection wall
4. Improvement of existing pond
5. Construction of weir
6. House Maintenance.

(ഡി) കോളനികളുടെ എസ്റ്റിമേറ്റ് PRICE software-ൽ നൽകുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം എസ്റ്റിമേറ്റിന് അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് കോളനി റോഡ്**

53(4921) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് പട്ടികവർഗ്ഗ കോളനി റോഡ് നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ചിട്ടും കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ റോഡിന്റെ പണി പൂർത്തീകരണത്തിനായി എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) ഈ റോഡിന്റെ പണി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തരമായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട് പട്ടികവർഗ്ഗ കോളനി റോഡ് നബാർഡ് RIDF 20 പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി റോഡ് ഉൾപ്പെടെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് (KSCC) നിർമ്മാണാനുമതിയുള്ള റോഡുകളുടെയെല്ലാം നിർമ്മാണ പൂർത്തീകരണ കാലാവധി 31-12-2017 വരെയായിരുന്നു. ടി റോഡ് നിർമ്മാണം സംബന്ധിച്ച് വനാവകാശ നിയമപ്രകാരമുള്ള വനം വകുപ്പിന്റെ അനുമതി ലഭിച്ചത് 2017 സെപ്റ്റംബർ മാസത്തിലാണ്. ടി സാഹചര്യത്തിൽ ടെണ്ടറിംഗ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് 8 മാസത്തോളം ആവശ്യമായി വരുമെന്നും സമയപരിധി നീട്ടികൊടുക്കണമെന്നും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിരവധി പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വർക്കിന് മാത്രമായി കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് ഉചിതമല്ലായെന്ന് കണ്ടതിനാൽ 2017 ഡിസംബർ 15-ന് ശേഷം പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി പരിശോധിച്ച് കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കാമെന്ന് വകുപ്പ് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് കാലാവധി നീട്ടിനൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) ടി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

54(4922) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിൽനിന്നും പുതിയതായി ഏതൊക്കെ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ കോളനികളിലെ പ്രവൃത്തികൾ ഏത് നിർവ്വഹണ ഏജൻസി മുഖേനയാണ് ചെയ്യുന്നതെന്നും പ്രവൃത്തികൾ ഏപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽനിന്നും നെടുങ്ങരൻകാട്, പനമ്പഴക്കാട് എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഈ കോളനിയിലെ പ്രവൃത്തികൾ പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് ചെയ്യുന്നത്. നെടുങ്ങരൻകാട് കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പനമ്പഴക്കാട് കോളനിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതും അതിന് അംഗീകാരം നൽകുന്നതിനനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

## പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

55(4923) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം സുലഭമായി ലഭിക്കാത്തവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ ഫണ്ട് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 48 സങ്കേതങ്ങൾ.

(ബി) 2016-17-ൽ അനുമതി നൽകിയതിൽ പൂർത്തീകരിക്കാത്ത പദ്ധതികൾക്ക് 2017-18 വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ വർക്കല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ കുന്നത്തുമല കോളനി കുടിവെള്ള പദ്ധതിക്ക് 14.9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ എം.എൽ.എ.-യുടെ ശിപാർശ പ്രകാരം വർക്കല നിയോജക മണ്ഡലത്തിൽനിന്നും ഇ.പി. കോളനി, പുളിയറക്കോണം-കൈപ്പടക്കോണം എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. രണ്ട് കോളനികളിലും അടിസ്ഥാന സൗകര്യങ്ങളൊരുക്കുവാൻ കർമ്മപദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

56(4924) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം എന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ പള്ളിത്തറ കോളനിയെ തെരഞ്ഞെടുക്കുകയും താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

1. റോഡ് ടാറിംഗ്
2. റോഡ് കോൺക്രീറ്റിംഗ്
3. വീട് മെയിന്റനൻസ്
4. വാട്ടർ ടാങ്ക്
5. സ്ട്രീറ്റ് ലൈറ്റ്
6. പൈപ്പ് ലൈൻ, ഹൗസ് കണക്ഷൻ
7. സാംസ്കാരിക നിലയം.

(ബി)

1. റോഡ് കോൺക്രീറ്റിംഗ്

2. റോഡ് ടാറിംഗ്

3. വീട് മെയിന്റനൻസ്

4. വാട്ടർ ടാങ്ക് സ്ഥാപിക്കൽ.

(സി)

1. സ്ട്രീറ്റ്ലൈറ്റ്

2. പൈപ്പ് ലൈൻ ഹൗസ് കണക്ഷൻ

3. സാംസ്കാരിക നിലയം.

നിർമ്മാണ ഏജൻസിയുടെ ഉദാസീനതകൊണ്ടാണ് പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്.

**സർക്കാർ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ**

57(4925) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്നറിയിക്കാമോ; ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പ്രസ്തുത സ്കൂളുകൾക്ക് കഴിയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ അക്കാദമിക, അക്കാദമികേതര കഴിവുകൾ വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ബോധനം അദ്ധ്യാപകരുടെ ഭാഗത്തുനിന്നും ലഭ്യമാവുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ തുടർന്നുകൊണ്ടിരിക്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിദഗ്ദ്ധരായ അദ്ധ്യാപകരെ എം.ആർ.എസ്.-ൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുടുംബങ്ങളിലെ മിടുക്കരായ കുട്ടികളെ കണ്ടെത്തി അവർക്ക് നവോദയവിദ്യാലയയുടെ മാതൃകയിൽ താമസ സൗകര്യത്തോടുകൂടി ലഭിക്കാവുന്നതിൽവച്ച് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും സാമൂഹ്യ ചുറ്റുപാടുകളെക്കുറിച്ച് ബോധവാൻമാരാക്കി മെച്ചപ്പെട്ട ഒരു ഭാവിയിലേയ്ക്ക് അവരെ നയിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പട്ടികജാതി വികസന വകുപ്പിനുകീഴിൽ എം.ആർ.എസ്.-കൾ അനുവദിച്ചിട്ടുള്ളത്. വകുപ്പിനുകീഴിലുള്ള എല്ലാ എം.ആർ.എസ്.-കളും മികച്ച നിലവാരം പുലർത്തിവരുന്നവയാണ്. 2016-17 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയുണ്ടായി. ആലപ്പുഴയിൽ പ്രവർത്തിക്കുന്ന പുന്നപ്ര എം.ആർ.എസിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. മറ്റുള്ള എം.ആർ.എസ്.-കളിലും സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുഖ്യധാരാ സമൂഹത്തിൽനിന്നും ഒറ്റപ്പെട്ടു കഴിയുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കി, മികച്ച വ്യക്തിത്വ വികാസത്തിലൂടെ സമൂഹത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കുകയെന്നതാണ് പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചതിന്റെ ഉദ്ദേശ്യം.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, താമസിച്ച്, മികച്ച വിദ്യാഭ്യാസം നൽകി, അവരെ വിദ്യാസമ്പന്നരും പൊതുസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി പട്ടികവർഗ്ഗ സമൂഹത്തിന്റെ ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കാനുമാണ് ലക്ഷ്യമിടുന്നത്.

എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ പഠന പുരോഗതിയും കാലാനുസൃതമായി നടത്തപ്പെടേണ്ട മാറ്റങ്ങളും മാസം തോറുമുള്ള പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ മീറ്റിംഗുകളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം Centre for Management Development (CMD), Thiruvananthapuram വഴി വിലയിരുത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾക്ക് മുന്നോട്ടുപോകാൻ കഴിയുന്നത് വിദഗ്ദ്ധരായ അദ്ധ്യാപകൻമാരുടെ സേവനം ലഭ്യമായതിനാലാണ്.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ അദ്ധ്യാപന ശൈലി മാസം തോറും നടക്കുന്ന പ്രിൻസിപ്പാൾ, ഹെഡ് മാസ്റ്റർ, സീനിയർ സൂപ്രണ്ട്, അദ്ധ്യാപകർ എന്നിവരുടെ യോഗത്തിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ എം.എൽ.എ. അദ്ധ്യക്ഷനായുള്ള സ്കൂൾ ഉപദേശക സമിതി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ സ്കൂൾതലങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡി സംസ്ഥാനതലത്തിലും എം.ആർ.എസ്.-കളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള അദ്ധ്യാപകരുടെ പ്രവർത്തനങ്ങൾ വളരെ തൃപ്തികരമായ നിലയിലാണ്. ആയതിനാൽ നിലവിലെ സ്ഥിതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശമില്ല.

(സി) വിദഗ്ദ്ധരായ അദ്ധ്യാപകരെ തന്നെയാണ് എം.ആർ.എസ്.-കളിൽ നിയമിച്ചിട്ടുള്ളത്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണം സ്റ്റേറ്റ് സിലബസിലും 2 എണ്ണം സി.ബി.എസ്.ഇ. സിലബസിലും ആണ് പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് സിലബസിൽ പ്രവർത്തിക്കുന്ന 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 11 എണ്ണത്തിലാണ് ഹയർ സെക്കണ്ടറി തലം വരെ ക്ലാസ്സുകൾ ഉള്ളത്. ടി സ്കൂളുകളിലെ ഹൈസ്കൂൾ തലംവരെയുള്ള അദ്ധ്യാപക തസ്തികകളിൽ ഒഴിവുള്ളതിലേയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അദ്ധ്യാപകരിൽനിന്നും അപേക്ഷ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഡയറക്ടർ (പബ്ലിക് ഇൻസ്ട്രക്ഷൻ), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഡി.പി.ഐ.), എസ്.സി.ഇ.ആർ.ടി.-യിൽ നിന്നുള്ള വിദ്യാഭ്യാസ വിദഗ്ദ്ധൻ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം, പട്ടികവർഗ്ഗ വികസന വകുപ്പ്) എന്നിവരുൾപ്പെട്ട വിദഗ്ദ്ധ പാനൽ ഇന്റർവ്യൂ നടത്തി ഒഴിവുകൾ നികത്തുകയുമാണ് ചെയ്യുന്നത്. ഹയർ സെക്കണ്ടറി തലത്തിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിന്റ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം, പട്ടികവർഗ്ഗ വികസന വകുപ്പ്), വിദ്യാഭ്യാസ വിദഗ്ധൻ എന്നിവരുൾപ്പെട്ട വിദഗ്ധ പാനൽ ഇന്റർവ്യൂ നടത്തി ഒഴിവുകൾ നികത്തുന്നു.

മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെട്ടതിനുശേഷം ഒഴിവുവരുന്ന ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ച് ജില്ലാ കളക്ടർ, ജോയിന്റ് സെക്രട്ടറി/അണ്ടർ സെക്രട്ടറി (പട്ടികവർഗ്ഗ വികസന വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിന്റ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൊതുവിദ്യാഭ്യാസ വകുപ്പ്), ബന്ധപ്പെട്ട മോഡൽ റെസിഡൻഷ്യൽ സ്കൂൾ/മോഡൽ റെസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ നടത്തിയാണ് നിയമിക്കുന്നത്.

സി.ബി.എസ്.ഇ. സിലബസിലുള്ള ഞാറനീലി (+2 വരെ), കുറ്റിച്ചൽ (4-ാം ക്ലാസ്സ്‌വരെ) എന്നീ സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപക തസ്തിക നിലവിലില്ല. ആയതിനാൽ അപേക്ഷ ക്ഷണിച്ച് ജില്ലാ കളക്ടർ, അഡീഷണൽ സെക്രട്ടറി/അണ്ടർ സെക്രട്ടറി (പട്ടികവർഗ്ഗ വികസന വകുപ്പ്), ഡയറക്ടർ (പട്ടികവർഗ്ഗ വികസന വകുപ്പ്), ജോയിന്റ് ഡയറക്ടർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ (പൊതുവിദ്യാഭ്യാസ വകുപ്പ്), ഡെപ്യൂട്ടി ഡയറക്ടർ (ജില്ലാ വിദ്യാഭ്യാസം), പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട മോഡൽ റെസിഡൻഷ്യൽ സ്കൂൾ/മോഡൽ റെസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ, കേന്ദ്രീയ വിദ്യാലയ/നവോദയ സ്കൂൾ പ്രിൻസിപ്പാൾ എന്നിവരുൾപ്പെട്ട വിദഗ്ധ പാനൽ നടത്തുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന വിദഗ്ധരായ അദ്ധ്യാപകരെയാണ് ടി സ്കൂളുകളിൽ നിയമിക്കുന്നത്.

## സാമൂഹിക പഠന മുറികൾ

58(4926) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആദിവാസി ഊരുകളിൽ സാമൂഹിക പഠന മുറികൾ തയ്യാറാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആദിവാസി ഊരുകളിൽ സാമൂഹ്യ പഠന മുറി എന്ന പദ്ധതി നിലവിലുണ്ട്. കോളനികളിൽ തന്നെയുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 100 കേന്ദ്രങ്ങൾ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കോളനികളിൽ തന്നെയുള്ള കമ്മ്യൂണിറ്റി ഹാളുകളോ സമാന കെട്ടിടങ്ങളോ ആണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 സാമൂഹ്യ പഠന മുറികൾക്കായി കേന്ദ്രങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. അവയിൽ 50 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി ഫെസിലിറ്റേറ്റർമാർക്ക് DIET വയനാട് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ വിദഗ്ദ്ധ പരിശീലന പരിപാടി തിരുവനന്തപുരം, വയനാട് എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2 എണ്ണം), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1), എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

59(4927) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ തൃശ്ശൂർ ജില്ലയിൽ എത്ര മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ വിദ്യാലയങ്ങളിൽ പ്ലസ് ടു കോഴ്സ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ തൃശ്ശൂർ ജില്ലയിൽ 2 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. (വടക്കാഞ്ചേരി, ചേലക്കര)

(ബി) നിലവിൽ 2 എം.ആർ.എസ്.-കളിലും +2 കോഴ്സ് ആരംഭിച്ചിട്ടില്ല.

## പട്ടികജാതി വിഭാഗം കുട്ടികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

60(4928) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ;

(ബി) മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; സ്കൂൾ പ്രവേശനത്തിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള വിദ്യാർത്ഥികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ആവശ്യമായ സ്ഥലം ലഭ്യമാണെങ്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.സി. ജനസംഖ്യ, കുട്ടികളുടെ ലഭ്യത, സ്ഥലലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലും എം.ആർ.എസ്. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. സ്കൂൾ, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ്, കളിസ്ഥലം എന്നിവ നിർമ്മിക്കാനുള്ള സ്ഥലം ആവശ്യമാണ്. സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) എം.ആർ.എസ്.-കളിലെ ഓരോ ക്ലാസിലും പരമാവധി 35 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. 5-ാം ക്ലാസ്സുമുതലാണ് എം.ആർ.എസ്.-കളിൽ പ്രവേശനം നടത്തുന്നത്. നാലാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സരപരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി, താമസ സൗകര്യത്തോടുകൂടി ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകിയാണ് എം.ആർ.എസ്സുകൾ പ്രവർത്തിക്കുന്നത്.

(സി) എം.ആർ.എസ്.-കളിലെ അഡ്മിഷൻ സംസ്ഥാനതലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷ അടിസ്ഥാനമാക്കിയാണ്.

(ഡി) ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

61(4929) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് ഏതെങ്കിലും സ്കോളർഷിപ്പുകളോ, ധനസഹായമോ നൽകുന്നുണ്ടോ; വിശദ വിവരം നൽകാമോ?

<u>ഉത്തരം</u>

പൊതു പ്രവേശന പരീക്ഷയിലൂടെ മെറിറ്റ് സീറ്റുകളിലും റിസർവേഷൻ സീറ്റുകളിലും പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ഇ-ഗ്രാന്റ്സ് മുഖേന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, ABLC, ഇംപ്രൂവ്മെന്റ് ഫീസ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, കണ്ടിൻജൻസി ഗ്രാന്റ്, പ്രോജക്ട് അലവൻസ്, പോക്കറ്റ് മണി, പേയിംഗ് ഗസ്റ്റ് ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അർഹതയുള്ളവർക്ക് അനുവദിച്ചുവരുന്നുണ്ട്. കേരളത്തിനകത്ത് ലഭ്യമല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനുപുറത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സർക്കാർ/ യൂണിവേഴ്സിറ്റി അംഗീകരിച്ച നിരക്കിൽ മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ഗവൺമെന്റ് ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശമനുസരിച്ച് അനുവദിച്ചുവരുന്നു. വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ ബിരുദാനന്തര പഠനത്തിനും മാർഗ്ഗരേഖകൾക്കു വിധേയമായി സഹായം നൽകിവരുന്നുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്**

62(4930) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് 2009 -ൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു എങ്കിലും നാളിതു വരെ വർദ്ധിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എത്ര രൂപയാണ് സ്റ്റൈപ്പന്റ് നൽകുന്നത്;

(ബി) പട്ടികജാതി വികസന വകുപ്പും ന്യൂനപക്ഷ വകുപ്പും നടത്തുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെൻററിൽ വർഷങ്ങളായി രണ്ടു വിഭാഗങ്ങളിലെയും അധ്യാപകർക്ക് നൽകുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ ട്രെയിനിംഗ് സെന്ററിൽ ക്ലാസ് എടുക്കുന്ന അധ്യാപകർക്ക് മണിക്കൂറിന് നൽകുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള അധ്യാപകർക്ക് മണിക്കൂറിന് നൽകുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) ന്യൂനപക്ഷ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽമാരുടെ ശമ്പളം എത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-7-2016-ലെ സ.ഉ(പി) നമ്പർ 04/2016/പജപവവിവ. പ്രകാരം സ്റ്റൈപ്പന്റ് നിരക്ക് വർദ്ധിപ്പിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം 8 കിലോമീറ്ററിനുള്ളിൽ 630 രൂപയും, 8 കിലോമീറ്ററിനുമുകളിൽ 750 രൂപയുമാണ് പ്രതിമാസ സ്റ്റൈപ്പന്റ് നിരക്ക്.

(ബി&സി) പട്ടികജാതി വികസന വകുപ്പിന്റെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ സേവനമനുഷ്ഠിക്കുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് മണിക്കൂറിന് 300 രൂപ നിരക്കിലും കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാർക്ക് ആദ്യ മണിക്കൂറിന് 175 രൂപയും തുടർന്നുള്ള മണിക്കൂറിന് 140 രൂപ ക്രമത്തിലും പരമാവധി പ്രതിമാസം 14000 രൂപ വരെ നൽകിവരുന്നു.

ന്യൂനപക്ഷ യുവജനങ്ങളെ പി.എസ്.സി., യു.പി.എസ്.സി. മുതലായ മത്സരപ്പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായുള്ള പരിശീലന കേന്ദ്രങ്ങളാണ് ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നത്. ടി പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് 2010 മുതൽ മണിക്കൂറിന് 300 രൂപയും 3-3-2016-ൽ മണിക്കൂറിന് 400 രൂപയും 10-7-2017 മുതൽ മണിക്കൂറിന് 500 രൂപയുമാണ് നൽകിവരുന്നത്.

(ഡി) മണിക്കൂർ കണക്കിന് ഫീസ് നൽകപ്പെടുന്ന അദ്ധ്യാപകൻ വകുപ്പിന്റെ കീഴിലില്ല.

(ഇ) 28-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 56/2017/ധന. പ്രകാരം ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽമാർക്ക് 41,475 രൂപയാണ് കരാർ വേതനമായി നൽകിവരുന്നത്.

## ഓച്ചിറ ഐ.ടി.ഐ.-യോടനുബന്ധിച്ചുള്ള ഹോസ്റ്റലിന്റെ പ്രവർത്തനം

63(4931) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന ഓച്ചിറ ഐ.ടി.ഐ.-യോടനുബന്ധിച്ചുള്ള ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ വിവിധ കോഴ്സുകൾക്ക് സർക്കാരിന്റെയും പി.എസ്.സി. -യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ടി സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഓച്ചിറ ഐ.റ്റി.ഐ.-യോടനുബന്ധിച്ച് നിർമ്മിച്ച ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കെയർടേക്കർ, ഫുൾ ടൈം സ്വീപ്പർ എന്നീ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് ഇന്റർവ്യൂ നടത്തി കെയർടേക്കറെയും ഫുൾടൈം സ്വീപ്പറെയും നിയമിച്ചുകൊണ്ട് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഓച്ചിറ ഐ.റ്റി.ഐ.-യിൽ നിലവിലുള്ള കോഴ്സുകളായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നിവയ്ക്ക് സർക്കാരിന്റെയും പി.എസ്.സി.-യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി)

1) ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ - 1

2) ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡി/സിവിൽ) -2

3) ട്രെയിനിംഗ് ഇൻസ്ട്രക്ടർ (പ്ലംബർ) - 1

4) എ.സി.ഡി. ഇൻസ്ട്രക്ടർ (ഗസ്റ്റ്) - 1

5) ആഫീസ് അറ്റൻഡന്റ് - 1

6) സ്വീപ്പർ-കം-വാച്ച്മാൻ - 1 (ദിവസ വേതനം)

**മാടായിലെ ഐ.ടി.ഐ.**

64(4932) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതിവികസന വകുപ്പിനുകീഴിൽ കണ്ണൂർ ജില്ലയിലെ മാടായി വെങ്ങരയിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ - യിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; ഏതൊക്കെ ട്രേഡുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഐ. ടി. ഐ.- യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പുതിയ ട്രേഡുകൾ തുടങ്ങുന്നതിനും സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ പ്ലംബർ, പെയിന്റർ എന്നിങ്ങനെ രണ്ട് ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. പ്ലംബർ ട്രേഡിൽ 18 വിദ്യാർത്ഥികളും പെയിന്റർ ജനറൽ ട്രേഡിൽ 28 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 46 പേർ പരിശീലനത്തിലുണ്ട്.

(ബി) നിലവിലുള്ള ട്രേഡുകൾക്കൊപ്പം പുതുതായി ഫിറ്റർ, മെക്കാനിക് (മോട്ടോർ സൈക്കിൾ) എന്നീ എൻ.സി.വി.റ്റി. ട്രേഡുകൾ തുടങ്ങാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 3,10,00,000 രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടെ പ്രവൃത്തി നടത്തുന്നതിനുള്ള ഭരണാനുമതിക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനങ്ങൾ

65(4933) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സർക്കാരിന്റെ ഇടപെടൽ മൂലം മുൻകാലങ്ങളെ അപേക്ഷിച്ച് ഏതെല്ലാം കാര്യങ്ങളിലാണ് പ്രവർത്തന പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി 2018-19 ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിൻകീഴിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഹോസ്റ്റലുകളുടെയും എം.ആർ.എസുകളുടേയും പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എം.ആർ.എസ്. പ്രവർത്തിച്ചു വരുന്നത് കേരള പട്ടികജാതി പട്ടികവർഗ്ഗ റെസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ്. പ്രസ്തുത സൊസൈറ്റിക്ക് സംസ്ഥാനതലത്തിൽ എസ്.സി./എസ്.റ്റി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഗവേണിംഗ് ബോഡിയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ പ്രസിഡന്റായ എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർമാർ, പട്ടിക വികസന ആഫീസർമാർ എന്നിവർ ഹോസ്റ്റലുകൾ എല്ലാ മാസവും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുകയും ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടേയും 109 ഹോസ്റ്റലുകളുടേയും പ്രവർത്തനങ്ങൾ മാസംതോറും നടക്കുന്ന പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവരുടെ മീറ്റിംഗിൽ വിലയിരുത്താറുണ്ട്. ഈ മീറ്റിംഗുകളുടെ അടിസ്ഥാനത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും പ്രവർത്തനങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം Centre for Management Development (CMD), Thiruvananthapuram വഴി വിലയിരുത്തിയിട്ടുണ്ട്. കൂടാതെ എം.എൽ.എ. അദ്ധ്യക്ഷനായുള്ള സ്കൂൾ ഉപദേശക സമിതി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ സ്കൂൾ തലങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോഡി സംസ്ഥാനതലത്തിലും എം.ആർ.എസ്.-കളിലേയും ഹോസ്റ്റലുകളിലേയും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ ഹോസ്റ്റലുകളുടെയും എം.ആർ.എസ്.-കളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹോസ്റ്റൽ, എം.ആർ.എസ്. എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കാവശ്യമായ സാധനങ്ങൾ ഹോസ്റ്റലുകളിൽ വാങ്ങി നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. പ്രീമെട്രിക്, പോസ്റ്റ്മെട്രിക്, ഹോസ്റ്റലുകളിലേയും എം.ആർ.എസ്. കളിലേയും മെസ്ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസ്.കളിലും വിദ്യാർത്ഥികളെ പഠന കാര്യങ്ങളിൽ സഹായിക്കുന്നതിന് മേട്രൻ കം റെസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 4 എം.ആർ.എസ്.-കളും 1 എം.ആർ.എസ്. ഹോസ്റ്റലും 1 പ്രീമെട്രിക് ഹോസ്റ്റലും നിർമ്മിക്കുന്നതിന് KIIFB-യിൽ നിന്നും അംഗീകാര ഉത്തരവ് ലഭിച്ചിട്ടുണ്ട്. ഹോസ്റ്റലുകളും എം.ആർ.എസ്.-കളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിനായി എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരിൽ നിന്നും അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണപ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കി വിവിധ നവീകരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി</u>

   വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാനൈപുണ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

2. <u>സ്പെഷ്യൽ ട്യൂഷൻ പദ്ധതി</u>

   ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

3. <u>യോഗ പരിശീലനം</u>

   വിദ്യാർത്ഥികൾക്ക് മാനസികവും ആരോഗ്യവുമായ ഉന്മേഷം ലഭിക്കുന്നതിന് പഠനക്രമമനുസരിച്ച് യോഗ പരിശീലനം നൽകിവരുന്നു.

4. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

വിദ്യാർത്ഥികളിൽ സാമൂഹികാവബോധം, നീതിവിർവ്വഹണ ബോധം എന്നിവയിലൂടെ പോലീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതി.

5. സർഗ്ഗോത്സവം

18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയും 106 പ്രീമെട്രിക് ഹോസ്റ്റലുകളിലെയും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഒരു കലോത്സവം " സർഗോത്സവം" എന്ന പേരിൽ ഒരു കേന്ദ്രീകൃത കലാവേദി 2013-14 അദ്ധ്യയന വർഷം മുതൽ നടപ്പാക്കി വരുന്നു.

6. സഹവാസ ക്യാമ്പ്

എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലേയും എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും വ്യക്തിത്വ വികസനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സഹവാസ ക്യാമ്പുകൾ വർഷംതോറും നടത്തിവരുന്നു.

7. സ്റ്റുഡൻസ് കൗൺസിലേഴ്സ്

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിലെ മികച്ച വിജയം കൈവരിക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി മാനസികമായി പ്രാപ്തരാക്കുന്നതിന് വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് കരാർ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 49 വ്യക്തികളെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിയമിച്ചു വരുന്നു.

8. നാഷണൽ സർവ്വീസ് സ്കീം

സാമൂഹിക സേവന പ്രവൃത്തികളിലൂടെ സാമൂഹിക പ്രതിബദ്ധത വളർത്തി ജന നന്മയും വ്യക്തിഗുണവും ഉറപ്പാക്കി ഉന്നതമൂല്യമുള്ള പൗരന്മാരാക്കി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളെ വളർത്തിക്കൊണ്ടുവരാനുള്ള പദ്ധതി.

9. <u>അഡീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി</u>

തെരഞ്ഞെടുക്കപ്പെട്ട 8 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

10. <u>കളിക്കളം</u>

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സംസ്ഥാന കായികമേള "കളിക്കളം" എന്ന പേരിൽ 2015-16 അദ്ധ്യയന വർഷം മുതൽ നടത്തിവരുന്നു.

11. <u>വിദ്യാവിസ്മയം</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ശുഭാപ്തി വിശ്വാസം, ജീവിത മൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും വിദ്യാർത്ഥികളിൽ സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി വിദ്യാവിസ്മയം എന്ന പദ്ധതി നടത്തിവരുന്നു.

12. <u>ശാസ്ത്ര ബോധിനി</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര വിഷയങ്ങളിലുള്ള താല്പര്യം വളർത്തുന്നതിനും ശാസ്ത്ര സാങ്കേതിക മേഖലകളിൽ കൂടുതൽ അറിവ് നേടുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതി

13. <u>ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി)</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ, വൈകാരിക, മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ധ പരിചരണം ഉറപ്പ് വരുത്തുവാൻ വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി.

14. കരിയർ ഗൈഡൻസ്

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി തുടർ പഠനത്തിന് അനുയോജ്യമായ വിധം കോഴ്സുകളെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനുള്ള പദ്ധതി.

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ

1. സ്മാർട്ട് ക്ലാസ്സ് റൂം

വകുപ്പിന് കീഴിലുള്ള 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിച്ചിട്ടുണ്ട്. ആയതിന് 94,89,865 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. കമ്പ്യൂട്ടർ ലാബ്

വകുപ്പിന് കീഴിലുള്ള എല്ലാ എം.ആർ.എസ്.-കളിലും ഒരേ സമയം 40 കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

3. സയൻസ് ലാബ്

വകുപ്പിനുകീഴിലുള്ള 18 എം.ആർ.എസ്.-കളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. 2017-18 വർഷം 32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ലാംഗ്വേജ് ലാബ്

വകുപ്പിന് കീഴിലുള്ള 5 എം.ആർ.എസ്.-കളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ആയതിനായി 48.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. സ്കൂൾ റേഡിയോ

മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 10 എം.ആർ.എസ്.-കളിൽ 1,46,56,340 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

6. സി.സി.ടി.വി.

എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 2,37,77,297 രൂപ ചെലവഴിച്ച് ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

7. സോളാർ പവർപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി

എം.ആർ.എസ്.-കളിലെ വൈദ്യുത പ്രവാഹം തടസ്സപ്പെടുന്ന അവസ്ഥയും വൈദ്യുതി ലഭിക്കാതിരിക്കുന്ന അവസ്ഥയും ഒഴിവാക്കാനായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി 5 എം.ആർ.എസ്.-കളിൽ 4,70,85,096 രൂപ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 8 എം.ആർ.എസ്.-കളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 8,44,00,910 രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ 8 എം.ആർ.എസ്.-കളിൽ പുരോഗമിച്ചു വരുന്നു.

8. എം.ആർ.എസ്.-കളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി

എം.ആർ.എസ്സുകളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകം ചെയ്യുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 16 എം.ആർ.എസ്.-കളിൽ 2,60,52,432 രൂപ ചെലവഴിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

9. മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്

എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്, ഹാൻഡ്ബോൾ, ഖോഖോ, കബഡി എന്നീ കളികളുടെ പരിശീലനത്തിനായാണ് 3,26,58,940 രൂപ ചെലവഴിച്ച് 4 എം.ആർ.എസ്. സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

10. മിനി മാസ്റ്റ് ലൈറ്റ്

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 1,15,27,863 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു.

11. <u>മിന്നൽ രക്ഷാചാലകം</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെട്ടിടങ്ങളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് മിന്നൽ രക്ഷാചാലകം സ്ഥാപിക്കുന്നതിനുള്ള പദ്ധതി. എം.ആർ.എസ്സ്.-കളിൽ 46,20,000 രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നു.

12. <u>ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖര ദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള പദ്ധതി. ഞാറനീലി സി.ബി.എസ്.ഇ. സ്കൂളിൽ 84,13,400 രൂപയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

13. <u>ജലശുദ്ധീകരണ പദ്ധതി</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ പാചകത്തിനും വിദ്യാർത്ഥികൾക്ക് കുടിവെള്ളത്തിനുമായി ശുദ്ധമായ ജലം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 18 എം.ആർ.എസ്.-കളിൽ 80,96,904 രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

14. <u>നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

13 എം.ആർ.എസ്.-കളിലേയും 39 പ്രീമെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെയും വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 13 എം.ആർ.എസ്.-കളിലേയ്ക്ക് 13,39,424 രൂപയും 40 ഹോസ്റ്റലുകളിലേയ്ക്ക് 17,52,960 രൂപയും ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൻകീഴിൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഇനിയും അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവ ആവശ്യമായ കെട്ടിടങ്ങൾക്ക് പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനും ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വെയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ബയോഗ്യാസ് പ്ലാന്റുകൾ, സി.സി.റ്റി.വി. ക്യാമറകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ പോസ്റ്റ്മെട്രിക്

ഹോസ്റ്റലുകളിലും റെസിഡന്റ് ട്യൂട്ടർമാരേയും ലൈബ്രേറിയൻമാരെ നിയമിക്കുന്നതിനും ഇ-ലൈബ്രറികൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ എം.ആർ.എസ്.-കളിലും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. 2018-19-ലെ ബജറ്റിൽ എം.ആർ.എസ്.-കൾക്ക് 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവൃത്തികൾക്കായി 4225-01-800-89 (പി) ശീർഷകത്തിൽ 500 ലക്ഷം രൂപയും ഹോസ്റ്റൽ പ്രവർത്തനത്തിനായി 2225-01-277-57-34(പി) ശീർഷകത്തിൽ 30549 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ശീർഷകങ്ങളിൽനിന്നും എം.ആർ.എസ്.-കളുടേയും ഹോസ്റ്റലുകളുടേയും പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും പഠനം മെച്ചപ്പെടുത്തുന്നതിനും തുക കണ്ടെത്തുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാനായി വിവിധ പദ്ധതികൾ 2018-19 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാനസികാരോഗ്യത്തോടൊപ്പം ശാരീരിക ആരോഗ്യത്തിനും പ്രാമുഖ്യം നൽകുവാനും കൂടാതെ വിദ്യാർത്ഥികളിൽ അന്തർലീനമായ കായിക കഴിവുകളെ പുറത്തുകൊണ്ടുവരുന്നതിനും കേരള യുവജന കാര്യവകുപ്പ് ഡയറക്ടറേറ്റ്, കേരള സ്പോർട്സ് കൗൺസിൽ എന്നീ വകുപ്പുകളുടെ സാങ്കേതിക സഹായത്തോടെ കളിക്കളം എന്ന പേരിൽ കായിക മേള നടത്തുകയും ഇതിൽ മികവ് കാട്ടുന്ന കായിക പ്രതിഭകളെ സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കേരളത്തിലെ പ്രാദേശിക കേന്ദ്രമായ എൽ.എൻ.സി.പി.-യുടെ വിദഗ്ദ്ധർ വഴി കണ്ടെത്തുകയും എൽ.എൻ.സി.പി.-യുടെ സഹായത്തോടെ ശാസ്ത്രീയമായ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുവാനുള്ള പദ്ധതിയും വിഭാവന ചെയ്തിട്ടുണ്ട്.

   സ്ഥലസൗകര്യം ലഭ്യമായിട്ടുള്ള എല്ലാ എം.ആർ.എസ്.-കളുടെ കളിസ്ഥലങ്ങൾ ഉന്നത നിലവാരത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ, ടെന്നീസ്, ഹാന്റ് ബോൾ, ഖോഖോ, കബഡി എന്നീ കായിക ഇനങ്ങൾ പരിശീലിക്കാനായി മൾട്ടി പർപ്പസ് പ്ലേ ഗ്രൗണ്ട് എല്ലാ എം.ആർ.എസ്.-കളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

3. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രഹണ ശക്തിയും ഉച്ചാരണവും മെച്ചപ്പെടുത്തുന്നതിനായി വിവിധ ഭാഷകളിലുള്ള നൈപുണ്യം വികസിപ്പിക്കുന്നതിനുമായും ലാംഗ്വേജ് ലാബ് എല്ലാ എം.ആർ.എസ്സുകളിലും സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

4. എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയവിനിമയം എന്നിവ വളർത്തുന്നതിന് സ്കൂൾ റേഡിയോ പദ്ധതി എല്ലാ എം.ആർ.എസുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

5. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖര, ദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്ത് ആവശ്യാനുസരണം ഉപയോഗിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഞാറനീലി സി.ബി.എസ്.സി. സ്കൂളിൽ നടന്നുവരുന്നു. മറ്റ് എം.ആർ.എസുകളിൽ കൂടി അടുത്ത അദ്ധ്യയന വർഷം ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

6. എം.ആർ.എസ്സുകളിലെ ലൈബ്രറികൾ ആധുനികവത്ക്കരിക്കുകയും വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

2018-19 ബജറ്റിൽ എം.ആർ.എസുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പുകൾ

66(4934) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി ഉൾപ്പെടെ നടത്തുന്ന വിവിധ പരീക്ഷകളിൽ സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതുമൂലം അവരുടെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആദിവാസി മേഖലകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും അവർക്ക് ഇക്കാര്യത്തിൽ അറിവ് നല്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലന്വേഷണം നടത്തുന്നതിനും പി.എസ്.സി. വൺടൈം രജിസ്ട്രേഷൻ നടത്തുന്നതിനും പ്രയോജനപ്രദമാകത്തക്ക രീതിയിൽ ഓൺലൈൻ സഹായ കേന്ദ്രങ്ങൾ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും പ്രവർത്തിച്ചുവരുന്നു. പി.എസ്.സി. ഇറക്കുന്ന വിജ്ഞാപനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേനയും ട്രൈബൽ പ്രൊമോട്ടർമാർ മുഖേനയും മുഴുവൻ കോളനികളിലെയും ഉദ്യോഗാർത്ഥികളെ അറിയിക്കുകയും ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്തുവരുന്നു.

**ആലപ്പുഴ ജില്ലയിൽ കോർപ്പസ് ഫണ്ട്**

67(4935) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ നടത്തിയ പ്രവൃത്തികൾ നിയോജകമണ്ഡലംതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുവദിച്ച പ്രവൃത്തികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**വർക്കല മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

68(4936) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ വർക്കല മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദവിവരം നൽകാമോ;

(ബി) ടി പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2016-17, 2017-18 വർഷങ്ങളിൽ വർക്കല മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

**ആറളം ഫാം ആദിവാസി പുനരധിവാസ മേഖല**

69(4937) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാം ആദിവാസി പുനരധിവാസ മേഖലയിൽ ആകെ എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്നും, എ.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾ എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ പലർക്കും സ്വന്തമായി വീടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആറളം ഫാം ആദിവാസി പുനരധിവാസ മേഖലയിൽ നിലവിൽ 1693 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇതിൽ 4 കുടുംബങ്ങൾ എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്.

(ബി) 4 പേരിൽ 3 ആളുകൾക്ക് ഭവനമുണ്ട്. ഒരാളുടെ ഭവന നിർമ്മാണം നടന്നുവരുന്നു.

**പി. കെ. കാളൻ കുടുംബപദ്ധതി**

70(4938) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പി. കെ. കാളൻ കുടുംബപദ്ധതി നടപ്പിലാക്കി തുടങ്ങിയോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ആദിവാസി മേഖലയ്ക്ക് പുറത്ത് എല്ലാ ജില്ലകളിലും താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളുടെ സംരക്ഷണത്തിനും അവരുടെ ബഹുമുഖമായ വളർച്ചയ്ക്കുമായി പി. കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗകുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾക്കും പി. കെ. കാളൻ കുടുംബ പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കും അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. മലമ്പുഴ പഞ്ചായത്തിലെയും മറ്റ് ജില്ലകളിൽ ചിന്നിച്ചിതറി കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെയും സമഗ്രവികസനത്തിനായുള്ള മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി പുനരധിവാസ വികസന മിഷൻ**

71(4939) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രഖ്യാപിത ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിൽ ഉണ്ടായ തടസ്സങ്ങൾ ഏതെല്ലാമാണ്;

(സി) മിഷന്റെ പ്രവർത്തനത്തിലെ വീഴ്ചകൾ ഒഴിവാക്കി ആദിവാസികളുടെ ജീവിത ദുരിതങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും

അഞ്ച് ഏക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. നാളിതുവരെ 7817 പേർക്ക് 9747.39 ഏക്കർ റവന്യൂ ഭൂമി, പ്രോജക്റ്റ്വക ഭൂമി എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 819 പേർക്ക് 304.89 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 25188 പേർക്ക് 33829.71 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകുവാനും ആദിവാസി പുനരധിവാസ വികസന മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്.

(ബി) ആദ്യഘട്ടത്തിൽ ഭൂരഹിതരായി കണ്ടെത്തിയ 22052 പേർക്കും ഒരേക്കറിൽ താഴെ ഭൂമി ഉള്ളതായി കണ്ടെത്തിയ 32131 പേർക്കും കുറഞ്ഞത് ഒരേക്കർ വീതം വിതരണം ചെയ്യുന്നതിന് ആവശ്യമായി വരുന്ന റവന്യൂ ഭൂമിയില്ലാത്തതിനാൽ 7693 ഹെക്ടർ നിക്ഷിപ്ത വനഭൂമി വിതരണത്തിനായി ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഈ ഭൂമി കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലായിരുന്നു. മറ്റ് ജില്ലകളിൽ ഒരേക്കർ വീതം നൽകുവാനുള്ള റവന്യൂ ഭൂമി ലഭ്യമല്ലാത്തതിനാൽ ടി സ്ഥലങ്ങളിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കേണ്ടിവന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി ഇനി വിതരണത്തിന് അവശേഷിക്കുന്നത് വിതരണം ചെയ്യുന്നതിന് സ്പെഷ്യൽ ടീമിനെ നിയമിച്ചു. അതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ (150 പേർക്ക് 75 ഏക്കർ), പാലക്കാട് ജില്ലയിൽ (517 പേർക്ക് 483 ഏക്കർ) എന്നിങ്ങനെ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുകയുണ്ടായി. വാസയോഗ്യവും കൃഷി യോഗ്യവുമായി അവശേഷിക്കുന്ന നിക്ഷിപ്ത വനഭൂമി ഒരു വർഷത്തിനകം പൂർണ്ണമായി വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടാണ് പ്രവർത്തനം നടത്തുന്നത്.

ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലെ അപാകതകൾ പരിഹരിച്ച് ലാന്റ് ബാങ്ക് സൃഷ്ടിച്ച് വിതരണം ചെയ്യുന്നതിന് ഈ സർക്കാർ വന്നതിനുശേഷം നടപടി സ്വീകരിച്ചു. അതിൻപ്രകാരം 3000 പേർക്ക് ഭൂമി വാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം മിഷന്റെ ഭാഗത്തുനിന്നും നടത്തിവരുന്നു.

## ആദിവാസി പുനരധിവാസ വികസന മിഷൻ

72(4940) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ (റ്റി.ആർ.ഡി.എം) മുഖേന പുനരധിവസിപ്പിച്ച കുടുംബങ്ങളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ആവശ്യത്തിനായി ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ പുനരധിവസിപ്പിച്ച കുടുംബങ്ങളിൽ പുനരധിവാസ ഭൂമിയിലേക്ക് മാറിതാമസിക്കാൻ തയ്യാറാകാത്ത കുടുംബങ്ങളുടെ വിവരം, ഭൂമി സംബന്ധിച്ച വിവരം എന്നിവ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ പുനരധിവാസ ഭൂമിയിലേക്ക് മാറിതാമസിക്കാൻ പട്ടികവർഗ്ഗ കുടുംബങ്ങൾ വൈമുഖ്യം കാണിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ (റ്റി.ആർ.ഡി.എം.) മുഖേന ഭൂമി നൽകി പുനരധിവസിപ്പിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | 2016-17-ൽ ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം | 2017-18-ൽ ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം | നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തത് | റവന്യൂ പട്ടയം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | പത്തനംതിട്ട | 19 | 9 | | |
| 2 | കോട്ടയം | 10 | 23 | | |
| 3 | ഇടുക്കി | 9 | 10 | | |
| 4 | എറണാകുളം | 4 | 7 | | 99(10 സെന്റ് വീതം ) |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 5 | പാലക്കാട് | 22 | 14 | 517 (483 ഏക്കർ) | |
| 6 | മലപ്പുറം | 10 | ... | | |
| 7 | കണ്ണൂർ | 93 | .. | | |
| 8 | വയനാട് | 7 | ... | | |
| 9 | കാസർഗോഡ് | ... | 30 | 150 (75 ഏക്കർ) | |
| ആകെ | | 174 | 93 | 667 | 99 |

(സി) ബാധകമല്ല.

(ഡി) അനുവദിച്ച ഭൂമിയിൽ വന്യമൃഗശല്യം, ഗതാഗത സൗകര്യത്തിന്റെ കുറവ്, ഉപജീവനത്തിനായി തൊഴിൽ ലഭ്യതക്കുറവ്, കുടിവെള്ള ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ മുൻകാലങ്ങളിൽ ചില ഗുണഭോക്താക്കൾ താമസിക്കുവാൻ വൈമുഖ്യം കാണിച്ചിട്ടുണ്ട്. അതൊക്കെ പരിഗണിച്ച് ഇപ്പോൾ വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി മാത്രം വിതരണം ചെയ്യുന്നതിനാണ് നടപടി സ്വീകരിച്ചു വരുന്നത്.

## ആദിവാസി ഊരുകളിൽ നടന്നുവരുന്ന ഭൂമി കയ്യേറ്റങ്ങളും ചൂഷണങ്ങളും

73(4941) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ നടന്നുവരുന്ന ഭൂമി കയ്യേറ്റങ്ങളും മറ്റുതരത്തിലുള്ള ചൂഷണങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികൾക്കായി സർക്കാർ അനുവദിച്ചുനൽകുന്ന സഹായങ്ങൾ അവർക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ആദിവാസി ക്ഷേമത്തിനായി അനുവദിച്ച തുകയിൽ എത്ര രൂപ യഥാർത്ഥത്തിൽ അവർക്ക് ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;

(സി) ആദിവാസികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആദിവാസി ക്ഷേമത്തിൽ അനുവദിക്കുന്ന തുക യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ ക്ഷേമത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ ക്ഷേമ പദ്ധതികളിൽപ്പെടുത്തി നൽകുന്ന സഹായങ്ങൾ കൃത്യമായി പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടെ പട്ടികവർഗ്ഗ വികസന പദ്ധതികൾക്ക് അനുവദിച്ച ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി * ചേർക്കുന്നു.

(സി) ആദിവാസികളെ ചൂഷണം ചെയ്യുന്നവർക്കെതിരെ അനുബന്ധം II * -ൽ ചേർത്ത പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നത് സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

### വനാവകാശ നിയമപ്രകാരം റെക്കോർഡ് ഓഫ് റൈറ്റ്സ്

74(4842) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം റെക്കോർഡ് ഓഫ് റൈറ്റ്സ് നൽകിയിട്ടുള്ള കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമപ്രകാരം നൽകിയ വികസനാവശ്യ രേഖകൾ (ഡെവലപ്പ്മെന്റ് റൈറ്റ്സ്) എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമപ്രകാരം അനുവദിച്ച സാമൂഹ്യ വനാവകാശ രേഖകൾ (കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് മാനേജ്മെന്റ് റൈറ്റ്സ്) സംബന്ധിച്ച് വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇത് പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ് മാനേജ്മെന്റ് കമ്മറ്റികൾ സംബന്ധിച്ച വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം റെക്കോർഡ് ഓഫ് റൈറ്റ്സ് നൽകിയിട്ടുള്ള കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| പത്തനംതിട്ട | 93 |
| ഇടുക്കി | 19 |
| എറണാകുളം | 122 |
| പാലക്കാട് | 28 |
| **ആകെ** | **262** |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം നൽകിയ വികസന അവകാശങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 8 |
| എറണാകുളം | 5 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 1 |
| മലപ്പുറം | 4 |
| **ആകെ** | **24** |

(സി) സാമൂഹിക അവകാശങ്ങൾക്ക് കൈവശരേഖകളൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

## പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

75(4943) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായി നിലവിൽ എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വകുപ്പിൽ ഇതിനുമുൻപ് ഇവർക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ; പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കായി മുൻപ് നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുടർപ്രവർത്തനം വകുപ്പ് മുഖേന നടത്തിവരുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) 2017-18 വർഷം പി.വി.ടി.ജി (സി.സി.ഡി.) പ്ലാനിൽ ഉൾപ്പെടുത്തി 7 കോടി രൂപയുടെ പ്രൊപ്പോസൽ അനുമതി ലഭ്യമാക്കുന്നതിനായി 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പി.വി.ടി.ജി. മേഖലകളിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി 2 കോടി രൂപയും കുടിവെള്ള പദ്ധതിക്കായി 1 കോടി രൂപയും കോളനികളിൽ സാമൂഹ്യപഠന മുറികൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപയും ഉൾപ്പെടെയുള്ള പ്രൊപ്പോസലാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. അനുമതി ലഭിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ വികസനത്തിനായി 2008-09 സാമ്പത്തിക വർഷത്തിൽ സി.സി.ഡി. പ്ലാനിൽ 9.60 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിരുന്നു. ഇതിൽ 50% തുക ഭവന നിർമ്മാണത്തിനും 50% തുക ജീവനോപാധി പ്രവർത്തനങ്ങൾക്കുമായാണ് വകയിരുത്തിയത്. ഇതുകൂടാതെ പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കുംവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് പി.വി.ടി.ജി. പ്രോജക്ട് എന്ന പേരിൽ (2011-2016) ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പി.വി.ടി.ജി. പദ്ധതിക്കായി 133.20 കോടി രൂപ

കേന്ദ്രസഹായവും 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. ഇതുകൂടാതെ പി.വി.ടി.ജി വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി കൺസർവേഷൻ-കം-ഡെവലപ്മെന്റ് (സി.സി.ഡി.) പദ്ധതിയും പി.വി.ടി.ജി. പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. സി.സി.ഡി. പദ്ധതിക്കായി 12.10 കോടി രൂപ ലഭിച്ചിരുന്നു. പി.വി.ടി.ജി. പദ്ധതിയുടെ കാലാവധി 31-3-2016-ൽ അവസാനിച്ചിരിക്കുകയാണ്.

## ഊരുമിത്രം പദ്ധതി

76(4944) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന ഊരുമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആദിവാസി മേഖലയിൽ മാതൃ-ശിശു മരണം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഊരുമിത്രത്തെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) പ്രസ്തുുത മാനദണ്ഡത്തിനനുസരിച്ച് ഊരുമിത്രത്തെ ലഭിക്കാത്ത സഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19-4-2017-ലെ G.O(Rt) No.1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം.) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17-ൽ ആരംഭിച്ചത്. ഗോത്രവർഗ്ഗ കോളനികളിൽ സ്ഥിരതാമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾതന്നെ തെരഞ്ഞെടുക്കുകയും തീവ്രപരിശീലനത്തിലൂടെ അവരെ ആരോഗ്യ പ്രവർത്തകരായി മാറ്റുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

(ബി) സംസ്ഥാനത്തിലെ മാതൃ-ശിശു സേവന മേഖലകൾ മികവുറ്റതാക്കുവാനായി കൂടുതൽ സജ്ജീകരണങ്ങളും പരിശീലനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു. കേരളത്തിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ മാതൃ-ശിശു മരണനിരക്ക് സമയബന്ധിതമായി കുറയ്ക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഈ മേഖലയിൽ വരുന്ന സമൂലമായ മാറ്റങ്ങളും പരിശീലനങ്ങളും സേവന മികവും മാറുന്ന മുറയ്ക്ക് കേരളത്തിലെ മാതൃ-ശിശുമരണ നിരക്ക് 2020 - ഓടെ ഗണ്യമായി കുറയ്ക്കാനാണ് ലക്ഷ്യമിടുന്നത്. ഊരുമിത്രം പദ്ധതി ഇതിലെ ഒരു ഘടകം മാത്രമാണ്.

(സി) വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ, കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അങ്കണവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽ വച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽനിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടുപേരിൽനിന്നും ദ്വിദിന പരിശീലന/തെരഞ്ഞെടുപ്പ് പ്രക്രിയയിൽനിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനുംവേണ്ടി തെരഞ്ഞെടുക്കുന്നു.

- അതേ ഗോത്രത്തിൽപ്പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.
- എഴുത്തും വായനയും അറിഞ്ഞിരിക്കണം.
- സന്നദ്ധ സേവനതല്പരയായിരിക്കണം.
- വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## കുറുംബഗോത്ര വിഭാഗത്തിന്റെ സമഗ്രവികസനം

77(4945) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കുറുംബഗോത്ര വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി ആകെ എത്ര രൂപയുടെ കേന്ദ്ര

സഹായമാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിനിയോഗിക്കാത്ത തുക എത്രയാണ്;

(ബി) സമഗ്രവികസന പദ്ധതി പ്രകാരം ഏതെല്ലാം തരത്തിലുള്ള വികസന പദ്ധതികളാണ് നടത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയിൽ ഭൂരിഭാഗവും റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനും മാത്രമാണ് ചെലവഴിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആദിവാസികളുടെയും ആദിവാസി ഊരുകളുടെയും സമഗ്രവികസനം വിഭാവനം ചെയ്യുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുറുംബ ഗോത്ര വിഭാഗത്തിന് സമഗ്രവികസനം നടപ്പിലാക്കുന്നതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

## അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം

78(4946) <u>ശ്രീ. സണ്ണി ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി സമൂഹത്തിന് നടപ്പിലാക്കിയ പദ്ധതികൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരാതിരുന്നത് അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ടാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) വിവിധ വകുപ്പുകൾ അട്ടപ്പാടിയിലെ പട്ടികവർഗ്ഗങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിലൂടെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ആദിവാസി സമൂഹത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ അർഹതപ്പെട്ടവരിൽ തന്നെയാണ് എത്തിച്ചേരുന്നത്. വിദ്യാഭ്യാസ, സാമ്പത്തിക, ആരോഗ്യ മേഖലകളിലുണ്ടായ നേട്ടം ഇതിനുള്ള ഉത്തമ ദൃഷ്ടാന്തമാണ്.

(ബി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗങ്ങൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിൽ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുവരെ ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥനാണ് അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിന്റെ അധിക ചുമതല വഹിച്ചിരുന്നത്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തസ്തിക സൃഷ്ടിക്കുകവഴി ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുന്നതിലൂടെ ആദിവാസി സമൂഹത്തിന് സമയബന്ധിതമായി സഹായം നൽകാൻ സാധിക്കുന്നതാണ്.

**ആദിവാസികൾക്കുള്ള പദ്ധതിനടത്തിപ്പിലെ കാലതാമസം**

79(4947) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ യഥാസമയം പൂർത്തിയാക്കാത്തത് സംബന്ധിച്ചും ഫണ്ട് വിനിയോഗം കാര്യക്ഷമമല്ലെന്നത് സംബന്ധിച്ചുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ അവരുടെ കൃത്യനിർവ്വഹണം സംബന്ധിച്ച് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ;

(സി) ആദിവാസി വിഭാഗങ്ങളുടെ പ്രാധാന്യവും സർക്കാരും ഭരണഘടനയും അവർക്ക് നൽകുന്ന അവകാശങ്ങൾ സംബന്ധിച്ചും പൊതുജനത്തിന് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ജില്ലാ ഡെവലപ്പ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതിയിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്.

സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു. കൂടാതെ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും ജില്ലകൾ സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നു. ഡയറക്ടറേറ്റിൽനിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

17-7-2012-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1013/12/പജജവവിവ. പ്രകാരം പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

(സി) ആദിവാസി വിഭാഗങ്ങളുടെ പ്രാധാന്യവും സർക്കാരും ഭരണഘടനയും അവർക്ക് നൽകുന്ന അവകാശങ്ങൾ സംബന്ധിച്ച് പൊതുജനത്തിന് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കുളത്തൂർ പഞ്ചായത്തിലെ ദേവർപുരം സർക്കാർ ഹരിജൻ ക്ഷേമവിദ്യാലയം

80(4948) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ദേവർപുരം സർക്കാർ ഹരിജൻ ക്ഷേമവിദ്യാലയം പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലാണോ എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 1957-ൽ ആരംഭിച്ച ദേവർപുരം സർക്കാർ ഹരിജന ക്ഷേമ വിദ്യാലയത്തിന് പട്ടികജാതി വകുപ്പിന്റെ ഏതെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; എങ്കിൽ ഏതു വർഷം വരെ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ദേവർപുരം സർക്കാർ ഹരിജന ക്ഷേമവിദ്യാലയം പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ ദേവർപുരം സർക്കാർ വെൽഫെയർ സ്കൂൾ പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലല്ല പ്രവർത്തിക്കുന്നത്. എൽ.പി. സ്കൂൾ ആയതിനാൽ സ്ഥാപനം തദ്ദേശസ്വയംഭരണ സ്ഥാപനമായ കുളത്തൂർ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) വിദ്യാലയത്തിലെ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

(സി) പരിഗണനയിലില്ല.

## പാലക്കാട് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ

81(4949) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ കുടുംബങ്ങളുടെ എണ്ണം, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ എണ്ണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചതെന്ന വിശദാംശം അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ പട്ടികജാതിക്കാരുടെ കുടുംബങ്ങളുടെ എണ്ണം, പട്ടികജാതിക്കാരുടെ എണ്ണം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പട്ടികജാതി ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ 1,77,34,55,305 രൂപ ചെലവഴിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**പാലക്കാട് മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ**

82(4950) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് എന്ന കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

പാലക്കാട് നിയോജകമണ്ഡലത്തിൽ ഭവനരഹിതരായുള്ള 217 പട്ടികജാതി കുടുംബങ്ങളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | | |
|---|---|---|
| പാലക്കാട് മുനിസിപ്പാലിറ്റി | - | 59 |
| പിരായിരി ഗ്രാമപഞ്ചായത്ത് | - | 33 |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | - | 50 |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | - | 75 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ

83(4951) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട എത്ര കുടുംബങ്ങൾ അധിവസിക്കുന്നുണ്ടെന്നും ഇവരുടെ ആകെ ജനസംഖ്യ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ട ഏതൊക്കെ വിഭാഗങ്ങളാണ് ജില്ലയിൽ അധിവസിക്കുന്നതെന്നും ഇവരുടെ ഓരോ വിഭാഗത്തിലേയും ജാതിതിരിച്ചുള്ള ജനസംഖ്യ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) KILA യും പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തിയ സർവ്വേ പ്രകാരം കാസർഗോഡ് ജില്ലയിൽ ആകെ 10,087 പട്ടികജാതി വിഭാഗ കുടുംബങ്ങളുണ്ട്. 2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി ജനസംഖ്യ 53283 ആണ്.

(ബി) കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൊഗർ, നൽക്കദയ, പുലയ, വണ്ണാൻ, ബാക്കുഡ തുടങ്ങിയവരാണുള്ളത്. ഇവരിലെ ഓരോ വിഭാഗത്തിന്റെയും ജാതി തിരിച്ചുള്ള കണക്കുകൾ വകുപ്പ് നാളിതുവരെയും ശേഖരിച്ചിട്ടില്ല.

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

84(4952) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന സംഘങ്ങൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം; പ്രവർത്തന രഹിതമാകുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സംഘങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിൽ 4 പട്ടികജാതി സഹകരണ സംഘങ്ങളാണുള്ളത്. അതിൽ തിരുവാഴിയോട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.836 മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

1. കരിമ്പുഴ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.921
2. ശ്രീകൃഷ്ണപുരം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.976
3. കടമ്പഴിപ്പുറം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.835 എന്നീ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്.

സംഘത്തിന്റെ അംഗങ്ങൾ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും താൽപ്പര്യം കാണിക്കാത്തതാണ് പ്രവർത്തന രഹിതമാകാനുള്ള കാരണം.

(സി) സംഘത്തിന്റെ മുൻഭരണസമിതി അംഗങ്ങളെയും നിലവിലുള്ള അംഗങ്ങളെയും പലതവണ വിളിച്ചുകൂട്ടി സംഘം പുനരുദ്ധാരണത്തിന് സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും അവ പ്രായോഗികമാക്കുന്നതിന് സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമം നടന്നുവരികയാണ്.

## പ്രീമെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനം

85(4953) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഉള്ളത്; അവ സ്ഥിതി ചെയ്യുന്നതെവിടെയെല്ലാം; സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം; ഓരോ ഹോസ്റ്റലിലും എത്ര അന്തേവാസികൾക്ക് വീതമാണ് സൗകര്യം ഉള്ളത്; എന്നിവ വ്യക്തമാക്കാമോ;

(ബി) ബഹുഭൂരിപക്ഷം ഹോസ്റ്റലുകളിലെയും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷങ്ങളിലായി പ്രസ്തുത ഹോസ്റ്റലുകളിൽ നടപ്പാക്കിയ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും , ഇതിനായി ചെലവഴിച്ച തുക എത്രയെന്നും ഹോസ്റ്റലുകളുടെ പേരുകൾ സഹിതം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ 87 പ്രീമെട്രിക് ഹോസ്റ്റലുകളും 17 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലുകൾ സ്ഥിതിചെയ്യുന്ന സ്ഥലം ഓരോ ഹോസ്റ്റലിലും പ്രവേശിപ്പിക്കാവുന്ന പരമാവധി അന്തേവാസികളുടെ എണ്ണം, സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ തുടങ്ങിയ വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ഹോസ്റ്റലുകളുടെ വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു*.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ, നവീകരണം എന്നിവ ആവശ്യമായ ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചറുകൾ, ബെഡ്, തലയിണ, ബെഡ്ഷീറ്റ്, ടി.വി., മിക്സി, ഫ്രിഡ്ജ്, ഗ്രൈന്റർ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ, മറ്റ് അത്യാവശ്യ സാധനങ്ങൾ വാങ്ങൽ എന്നിവയും പെയിന്റിംഗ്, ജലലഭ്യത ഉറപ്പുവരുത്തൽ, മറ്റ് അത്യാവശ്യ വർക്കുകൾ എന്നിവയും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനനുസരിച്ച് അനുമതി ഉത്തരവ് നൽകിവരുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിലേയ്ക്കായി പട്ടികജാതി പട്ടികവർഗ്ഗ വികസന പ്രിൻസിപ്പൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം സംബന്ധിച്ച പ്രൊഫോർമ തയ്യാറാക്കി എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകുകയും ആയതുപ്രകാരം പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഹോസ്റ്റലുകളിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 2016-17, 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭ്യമാകുന്ന പൊതു സേവനത്തിന്റെ അളവും ഗുണനിലവാരവും

86(4954) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭ്യമാകുന്ന പൊതു സേവനത്തിന്റെ തോതും, ഗുണനിലവാരവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് മെച്ചപ്പെടുത്തുന്നതിനായി പരിഗണനയിലുള്ള നൂതനാശയങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വികസനത്തിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങളിലും മാർഗ്ഗരേഖകളിലും ഏതെങ്കിലും തരത്തിലുള്ള അനുരഞ്ജനമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പദ്ധതി പ്രവർത്തനത്തെ ബാധിക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള മാർഗ്ഗരേഖകളിലും മാനദണ്ഡങ്ങളിലും അനുരഞ്ജനം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**മറ്റ് പിന്നോക്ക വിഭാഗക്കാരുടെ സമഗ്ര വികസനം**

87(4955) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മറ്റ് പിന്നോക്ക വിഭാഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഈ ലക്ഷ്യം നിറവേറ്റുന്നതിനായി രൂപീകരിച്ചിട്ടുള്ള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(സി) പ്രസ്തുത കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും (ഒ.ബി.സി.), മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമ്പത്തിക, വിദ്യാഭ്യാസ, സാമൂഹിക ഉന്നമനത്തിനുവേണ്ടി വിവിധ വായ്പാ പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലും സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നുണ്ട്. വായ്പാ പദ്ധതികൾക്ക് പുറമേ

തൊഴിലധിഷ്ഠിത പരിശീലനം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പ്രദർശന വിപണന മേളകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. അതോടൊപ്പം ലക്ഷ്യവിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ പദ്ധതികളും സ്കോളർഷിപ്പ് പദ്ധതികളും പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(ഡി) 23-2-2017-ൽ ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ക്രാഫ്റ്റ് വില്ലേജ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര പഞ്ചായത്തിൽ ടി ആവശ്യത്തിനായി 5.10 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം പദ്ധതി നടപ്പിലാക്കുന്നതിന് വിട്ടുനൽകുന്നതിന് കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് സംരംഭം തുടങ്ങിയ ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് ഒരു സ്ഥിരം വിപണന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉൽപ്പന്നങ്ങളുടെ തൽസമയ നിർമ്മിതി, വിപണനം എന്നീ സൗകര്യത്തിനുപുറമേ ഒ.ബി.സി. വിഭാഗങ്ങളുടെ തനതുകലകളുടെ പ്രദർശനം ഉൾപ്പെടെ സന്ദർശകരെ ആകർഷിക്കുന്ന രീതിയിലുള്ള വിനോദത്തിനും വിജ്ഞാനത്തിനും വിശ്രമത്തിനുമുള്ള ഉപാധികൾകൂടി ഇവിടെ ഏർപ്പെടുത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച സാധ്യതാപഠനം നടത്തുന്നതിനുവേണ്ടി സർക്കാർ ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ കിറ്റ്കോ സാധ്യതാപഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കിറ്റ്കോ-യുടെ സാധ്യതാ പഠന റിപ്പോർട്ടുപ്രകാരം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് ആകെ 3502.17 ലക്ഷം രൂപ ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

## ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർഭൂമി

88(4956) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശംവച്ചിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് നിയമ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

നിയമ വകുപ്പിൽ, ഭരണവകുപ്പിൽനിന്നും അയയ്ക്കുന്ന നിയമോപദേശം, നിയമ നിർമ്മാണം മുതലായവ സംബന്ധിച്ച ഫയലുകളിൽ അഭിപ്രായം നൽകുക എന്ന ചുമതലയാണ് നിക്ഷിപ്തമായിട്ടുള്ളത്. ചോദ്യത്തിൽ പരാമർശിച്ചപ്രകാരം ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് നിയമ വകുപ്പിന്റെ അധികാര പരിധിയിൽപ്പെടുന്നതല്ല. ആയത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നത് നിയമവകുപ്പിൽനിന്നും അല്ല. ബന്ധപ്പെട്ട ഭരണവകുപ്പാണ് അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

## അഭിഭാഷകരുടെ ക്ഷേമത്തിനായി നടപടിക്രമങ്ങൾ

89(4957) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) എൻറോൾമെന്റ് കഴിഞ്ഞ് പ്രാക്ടീസ് ആരംഭിക്കുന്ന പുതിയ അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14,285 രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽനിന്നും അനുവദിച്ചുവന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000 രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിക്കോ അനുവദിക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ കാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കുംവേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.

4. 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

## ഫിലിം ഓപ്പറേറ്റർമാരുടെ യോഗ്യത

90(4958) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിനിമാ തീയേറ്ററുകളിലും മാളുകളിലും സിനിമ പ്രദർശിപ്പിക്കുന്നവർക്ക് എന്തെങ്കിലും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എല്ലാ തീയേറ്ററുകളിലും സിനിമാ മാളുകളിലും ഇവ പാലിച്ചിട്ടാണോ തൊഴിലാളികളെ വച്ചിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കോഴ്സ് കഴിഞ്ഞ, ഫിലിം ഓപ്പറേറ്റർമാരെ മാളുകളിലും, സിനിമ തിയേറ്ററുകളിലും ഫിലിം ഓപ്പറേറ്റർമാരായി നിയമിക്കാൻ സർക്കാർ നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നേരത്തെ ഫിലിം ഓപ്പറേറ്റർമാരായി ജോലി ചെയ്തവരും, ഇപ്പോൾ ജോലി നഷ്ടപ്പെട്ടവരുമായവർക്ക് ജോലി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാവുമോ?

<u>ഉത്തരം</u>

(എ&ബി) പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിനുകീഴിലുള്ള സിനിമ ഓപ്പറേറ്റേഴ്സ് പരീക്ഷാ ബോർഡ്, കേരള സിനിമാസ് (റെഗുലേഷൻ) റൂൾ 1988 റൂൾ 50 പ്രകാരം നൽകുന്ന ലൈസൻസ്, കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് എന്നിവയുള്ളവരെ സിനിമാ ഓപ്പറേറ്ററായി നിയമിച്ചാൽ മാത്രമേ സിനിമ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് ആവശ്യമായ

D-Certificate അനുവദിക്കുകയുള്ളൂ. സർക്കാരിന്റെ നിയന്ത്രണത്തിനുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കുന്നവർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. 7-ാം ക്ലാസ് (new), സംസ്ഥാന സർക്കാരിന്റെ ലൈസൻസിംഗ് ബോർഡ് നൽകുന്ന സിനിമാ ഓപ്പറേറ്റേഴ്സ് ലൈസൻസ്, 35mm പ്രൊജക്ഷൻ സ്വതന്ത്രമായി പ്രവർത്തിപ്പിച്ചിട്ടുള്ള ഒരു വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യതായി നിശ്ചയിച്ചിരിക്കുന്നത്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അവശരായ നാടക കലാകാരന്മാർക്കും മറ്റ് സ്റ്റേജ് ആർട്ടിസ്റ്റുകൾക്കും ക്ഷേമനിധി

91(4959) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശരായ നാടക കലാകാരൻമാർക്ക് പെൻഷൻ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ, ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) അവശരായ നാടക കലാകാരൻമാർക്കും മറ്റ് സ്റ്റേജ് ആർട്ടിസ്റ്റുകൾക്കും സമഗ്ര ചികിത്സാ പദ്ധതിയും മെച്ചപ്പെട്ട തുക പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പ് മുഖേന നൽകിവരുന്ന സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയിലും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള അവശരായ നാടക കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നു.

(ബി) 2010-ലെ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ ഉപവകുപ്പ് 2(ഡി)-യിൽ നാടക വിഭാഗത്തെ ഉൾപ്പെടുത്തി ക്ഷേമനിധി അംഗത്വം നൽകിവരുന്നുണ്ട്. ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം 50 രൂപ ഫീസ് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് നേരിട്ട് പണമായോ സെക്രട്ടറിയുടെ പേരിൽ ഡി.ഡി. ആയോ അടയ്ക്കാവുന്നതാണ്. മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായവർക്ക് ഈ

ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ടായിരിക്കില്ല. 60 വയസ്സ് കഴിഞ്ഞവർക്ക് പ്രതിമാസം 3,000 രൂപ പെൻഷൻ നൽകിവരുന്നുണ്ട്.

(സി) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് സാംസ്കാരിക വകുപ്പ് മുഖേന അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതിയിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലും മാനദണ്ഡപ്രകാരം അർഹതയുള്ള അവശരായ നാടക കലാകാരന്മാരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന കലാകാര പെൻഷൻ പദ്ധതിയിലും കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുഖേനയുള്ള പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള സംസ്ഥാനത്തെ അവശരായ നാടക കലാകാരന്മാർക്ക് മെച്ചപ്പെട്ട തുക പെൻഷനായി നൽകിവരുന്നു. കേരള സംഗീത നാടക അക്കാദമി ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന അപകട വൈദ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക്, സർക്കസ് തുടങ്ങിയ വിഭാഗങ്ങളിലെ കാലകാരന്മാർക്ക് സമഗ്ര ചികിത്സാ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

**പ്രാദേശിക നാടകങ്ങൾക്ക് ധനസഹായം**

92(4960) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്ന സ്കീമിന് സംഗീത നാടക അക്കാദമി രൂപം നൽകുമെന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യാപനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് കേരള സംഗീത നാടക അക്കാദമി രൂപംനൽകുന്നതിന് ധനസഹായം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള സംഗീത നാടക അക്കാദമി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് പ്രാദേശികമായി അവതരിപ്പിക്കുന്ന നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി കേരള സംഗീത നാടക അക്കാദമി മുഖേന നടപ്പിലാക്കുന്നതാണ്.

## സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യ പ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത

93(4961) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യപ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത കേരളത്തിലും ഉടലെടുക്കുന്ന കാര്യം വകുപ്പുതല ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ തടയുന്ന തരത്തിലുള്ള ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ&ബി) സാംസ്കാരിക പ്രവർത്തകർക്കും സാമൂഹ്യ പ്രവർത്തകർക്കും നേരെ ഫാസിസ്റ്റ് ഭീകരത കേരളത്തിലും ഉടലെടുക്കുന്ന കാര്യം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല, കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന ഒരു സമൂഹ സൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരികയാണ്. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തിസ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും കടന്നുകയറ്റത്തിനെതിരെയുള്ള ചെറുത്തുനിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷം, വിവേകാനന്ദ സ്പർശം, ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം- രക്തസാക്ഷ്യം 2018 എന്നിവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ ഏതാനും ചില പരിപാടികളാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ നമുക്ക് ജാതിയില്ലാ വിളംബരം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവ സമുചിതമായി ആഘോഷിക്കുകവഴി ശക്തമായ സന്ദേശം നൽകുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്ഷസാക്ഷിത്വം വരിച്ച മഹാത്മഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ നടപ്പിലാക്കുകയാണ്.

മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ, സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ്, സർക്കാരിന്റെ നേതൃത്വത്തിൽ ജാതീയ ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി. കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെതിരായ ആക്രമണം ആവിഷ്കാരസ്വതന്ത്ര്യത്തിന് നേരെയുള്ള വെല്ലുവിളിയായിട്ടാണ് സർക്കാർ കാണുന്നത്. ആർട്ടിസ്റ്റ് അശാന്തന്റെ ഭൗതികശരീരം ലളിതകല അക്കാദമി ഗാലറിക്കുള്ളിൽ പൊതുദർശനത്തിന് വയ്ക്കുന്നതിനെതിരെ ഫാസിസ്റ്റ് ശക്തികൾ നടത്തിയ ഭീഷണികളും ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. വ്യത്യസ്ത ചിന്താഗതികളോടുള്ള അസഹിഷ്ണതയാണ് ഈ അക്രമങ്ങൾക്ക് അടിസ്ഥാനം. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളും സംവാദങ്ങളും ജനാധിപത്യപരമായ വിയോജിപ്പുകളും പ്രകടിപ്പിക്കുവാൻ എല്ലാവർക്കും അവകാശമുണ്ട്. ഈ ആശയങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിർത്താനാവശ്യമായ ചർച്ചകളും സെമിനാറുകളും കലാവിഷ്കാരങ്ങളും സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്.

## നെയ്യാറ്റിൻകര ടൗൺ എൽ.പി. സ്കൂൾ ആർട്ട് ഗാലറി

94(4962) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ എൽ.പി.സ്കൂളിൽ സ്വദേശാഭിമാനി രാമകൃഷ്ണ

പിള്ളയുടെ പേരിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിന് വേണ്ടി 2017 ആഗസ്റ്റിൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആർട്ട് ഗ്യാലറിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ആർട്ട് ഗ്യാലറി സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ടൗൺ എൽ.പി. സ്കൂളിൽ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ പേരിൽ ആർട്ട് ഗാലറി സ്ഥാപിക്കുന്നതിനുള്ള കെട്ടിട സൗകര്യം നെയ്യാറ്റിൻകര ടൗൺ എൽ.പി. സ്കൂളിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. 1350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിട ഭാഗം കേരള ലളിതകല അക്കാദമിക്ക് ലഭിക്കുന്നമുറയ്ക്ക് ഗാലറിയായി പരിവർത്തനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ആർട്ട് ഗാലറിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ലളിതകല അക്കാദമിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) 2017-18 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ആർട്ട് ഗാലറി സ്ഥാപിച്ചിട്ടില്ല.

**ഭാരത് ഭവൻ വഴി കലാ-സാംസ്കാരിക കൂട്ടായ്മ**

95(4963) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കലാ-സാംസ്കാരിക രംഗത്തു വിവിധ മേഖലകളിൽ കഴിവുതെളിയിച്ച ഇരുന്നൂറിൽപ്പരം വ്യക്തിത്വങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന കൂട്ടായ്മയ്ക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കാമോ;

(ബി) കലാ-സാംസ്കാരിക കൂട്ടായ്മയ്ക്ക് ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരം കൂട്ടായ്മയ്ക്ക് എന്തെങ്കിലും ധനസഹായം 2017-18 കാലയളവിൽ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നൽകി എന്ന് വ്യക്തമാക്കാമോ;

(ഡി) ഭാരത് ഭവൻ വഴി കലാ-സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിക്കാൻ ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോ; നഗരപ്രദേശങ്ങളിൽ ഇത്തരം കൂട്ടായ്മ സംഘടിപ്പിക്കാൻ ഭാരത് ഭവന് നിർദ്ദേശം നല്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കലാ-സാംസ്കാരിക കൂട്ടായ്മയ്ക്കായി ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ എസ്റ്റിമേറ്റ് സഹിതം ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിലെ ചട്ടമനുസരിച്ച് വിവിധ സാംസ്കാരിക പരിപാടികൾ/ കൂട്ടായ്മകൾക്ക് പരമാവധി അനുവദിക്കുന്ന തുക 25,000 രൂപയാണ്. ആയത് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ പരിപാടിയുടെ പ്രാധാന്യമനുസരിച്ച് പരമാവധി 5 ലക്ഷം രൂപവരെ ഇത്തരം പരിപാടികൾക്ക് ചട്ടങ്ങളിൽ ഇളവുവരുത്തി അനുവദിക്കാറുണ്ട്.

(സി) ഉണ്ട്. പരിപാടിയുടെ പ്രാധാന്യമനുസരിച്ച് പരമാവധി 5 ലക്ഷം രൂപവരെ ചട്ടങ്ങളിൽ ഇളവുവരുത്തി അനുവദിക്കാറുണ്ട്.

(ഡി) സാംസ്കാരിക വിനിമയ അവതരണങ്ങൾ ജനകീയമാക്കുന്നതിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ഭാരത് ഭവൻ സാംസ്കാരിക രംഗാവതരണങ്ങൾ സംഘടിപ്പിച്ചുവരുന്നു. നെയ്യാറ്റിൻകരയിൽ പത്ത് സംസ്ഥാനങ്ങളിലെ വിവിധങ്ങളായ കലാരൂപങ്ങൾ കോർത്തിണക്കിയ ഭാരതീയ രംഗോത്സവവും 2017 സെപ്റ്റംബറിൽ നെയ്യാർ മേളയോടനുബന്ധിച്ച് 12 സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങളുടെ അവതരണമായ ഇന്ത്യൻ വസന്തോത്സവവും ഭാരത് ഭവൻ സംഘടിപ്പിച്ചിരുന്നു. ഇത്തരത്തിലുള്ള കലാ- സാംസ്കാരിക കൂട്ടായ്മകൾ തുടർന്നും ഭാരത് ഭവൻ ആവശ്യാനുസരണം സംഘടിപ്പിക്കുന്നതാണ്.

## പാലക്കാട് ഫോക്‌ലോർ അക്കാദമി

96(4964) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഫോക് ലോർ അക്കാദമിയുടെ നവീകരണ പ്രവർത്തനങ്ങളുടെ തത് സ്ഥിതി വിശദമാക്കാമോ?

ഉത്തരം

ഫോക്‌ലോർ അക്കാദമിക്ക് ക്ഷേത്രകലയേയും വാദ്യോപകരണങ്ങളെയും കുറിച്ച് പഠനം നടത്തുന്നതിന് ഒരു കേന്ദ്രം പാലക്കാട് തുറക്കുന്നതുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റിന്റെ 2011-12-ലെ ബജറ്റ് പ്രസംഗമനുസരിച്ച് ഡി.ടി.പി.സി.-യുടെ അധീനതയിലുള്ള കൽപ്പാത്തിയിലുള്ള മണി അയ്യർ ഓഡിറ്റോറിയം പ്രതിമാസം 2,000 രൂപയ്ക്ക് വാടകയ്ക്കെടുക്കുകയും വാദ്യകലാ ഉപകരണ മ്യൂസിയം ആരംഭിക്കുകയും ചെയ്തു. ഈ സ്ഥലം പിന്നീട് ഡി.ടി.പി.സി. 99 വർഷത്തേയ്ക്ക് ഫോക്‌ലോർ അക്കാദമിക്ക് ലീസിന് നൽകുകയും ചെയ്തു.

2014-ൽ ഈ മ്യൂസിയത്തെ പൈതൃകമ്യൂസിയമായി മാറ്റിയെടുക്കണമെന്ന് തീരുമാനിക്കുകയും മ്യൂസിയം അധികാരികളും സാംസ്കാരിക വകുപ്പും ഫോക്‌ലോർ അക്കാദമിയും ചേർന്നുള്ള സംയുക്ത തീരുമാനത്തിന്റെ ഭാഗമായി പാലക്കാട് ഹെറിറ്റേജ് മ്യൂസിയം സ്ഥാപിക്കാൻ മണി അയ്യർ ഓഡിറ്റോറിയം പുരാവസ്തു വകുപ്പിന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. പുരാവസ്തു വകുപ്പ് മ്യൂസിയത്തിന്റെ നിർമ്മാണം ഏറ്റെടുത്ത് കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി മ്യൂസിയം സമിതിയുടെ ശിപാർശ മാനിച്ച് താൽപ്പര്യപത്രം വിളിച്ച് ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

## ആലത്തൂരിൽ പുതിയ സാംസ്കാരിക സമുച്ചയം

97(4965) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനിയും മുൻ എം.എൽ.എ.-യുമായ ആർ. കൃഷ്ണന്റെ നാമധേയത്തിൽ ആലത്തൂരിൽ ഒരു സാംസ്കാരിക സമുച്ചയം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിവേദനം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിന്മേൽ എന്തു തീരുമാനം എടുത്തുവെന്നറിയിക്കാമോ;

(സി) ആലത്തൂരിൽ സാംസ്കാരിക കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

## കായംകുളത്ത് സാംസ്കാരിക വിനോദകേന്ദ്രം

98(4966) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരത്ത് നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്ന സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള ലളിതകലാ അക്കാദമിയുടെ കീഴിലുള്ള കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയത്തിന് സമീപത്തായി കായംകുളം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബഹുമാനപ്പെട്ട മുൻഎം.എൽ.എ. ശ്രീ. സി. കെ. സദാശിവന്റെ ആസ്തി വികസന ഫണ്ടുപയോഗിച്ച് പി.ഡബ്ല്യു.ഡി.-യുടെ ആഭിമുഖ്യത്തിൽ സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ളതല്ല. പ്രസ്തുത സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ശില്പനിർമ്മാണവും ഇലക്ട്രിക്കൽ പ്രവൃത്തികളും നടന്നുവരുന്നു. നിയമനകാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് സാംസ്കാരിക വകുപ്പിൽ നിന്നുമല്ല.

## വെഞ്ഞാറമൂട്ടിൽ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയം

99(4967) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിൽ വെഞ്ഞാറമൂട്ടിൽ കെ.എസ്.എഫ്.ഡി.സി.-യുടെകീഴിൽ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഡി.സി.-യുടെ തിയറ്റർ നിർമ്മാണ പദ്ധതിക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഡി. കെ. മുരളി നിർദ്ദേശിച്ച നെല്ലനാട് ഗ്രാമപഞ്ചായത്തുവക സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരുന്നു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ കാരണം ടി സ്ഥലം പ്രസ്തുത പദ്ധതിക്കായി വിട്ടുനൽകുവാൻ കഴിയില്ലെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അറിയിച്ചതിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിക്കുവാൻ കെ.എസ്.എഫ്.ഡി.സി.-ക്ക് കഴിഞ്ഞിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ തിയറ്റർ നിർമ്മാണ പദ്ധതിയിൽ ടി സ്ഥലവും ഉൾപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

## സർക്കാർ ഗ്രാന്റ് ലഭിക്കുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ സ്ഥാപനങ്ങൾ

100(4968) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നും, 2016-17 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഇനങ്ങളിലായി എത്ര തുക വീതം പ്രസ്തുത സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

വൈപ്പിൻ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചെറായി സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് ആവർത്തന/ വാർഷിക ഗ്രാന്റായി 1,00,000 രൂപ അനുവദിച്ചുവരുന്നുണ്ട്. ഇതുകൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ ടി സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 5,50,000 (അഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ) രൂപയും 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ) രൂപയും ടി സ്മാരകത്തിന് അനുവദിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം**

101(4969) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ എഴുപതാം വാർഷികം ആഘോഷിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ജില്ലകൾ തോറും എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരിക്കുന്നത്;

(സി) പ്രസ്തുത പരിപാടിക്കായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സമാപന പരിപാടി എന്നത്തേക്ക് നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 30-1-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽവച്ച് നിർവ്വഹിക്കുകയുണ്ടായി. പരിപാടികളുടെ സംഘാടനത്തിനായി സംസ്ഥാന ജില്ലാ പ്രാദേശികതലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലുമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച പയ്യന്നൂർ, പാലക്കാട് ശബരി ആശ്രമം, വൈക്കം, തവന്നൂർ,

ഗുരുവായൂർ, വെങ്ങാനൂർ എന്നീ 6 സ്ഥലങ്ങളിലാണ് സംസ്ഥാനതല കോർ കമ്മിറ്റി നേരിട്ട് പരിപാടികൾ സംഘടിപ്പിക്കുന്നത്. ജില്ലാ പ്രാദേശികതല പരിപാടികൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയും സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കായി സ്കൂൾ/കോളേജ് തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ഗാന്ധിജിയുടെ ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ ആത്മകഥ, രക്തസാക്ഷിത്വം എന്നിവ വിഷയമായി കാലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്നതിനായി 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളുടെ സമാപന പരിപാടി 2019 ജനുവരി 30-ന് തിരുവനന്തപുരത്തുവച്ച് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

### ഗ്രാമീണമേഖലയിൽ തിയേറ്റർ കോംപ്ലക്സുകൾ

102(4970) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയുടെ നവതി ആഘോഷിക്കുന്നവേളയിൽ ഗ്രാമങ്ങളിലുള്ള സാധാരണക്കാർക്ക് ലോക സിനിമയിലെയും ഇന്ത്യൻ സിനിമയിലെയും മികച്ച ചിത്രങ്ങൾ കാണാൻ അവസരം ലഭിക്കും വിധത്തിൽ ഫിലിം സൊസൈറ്റികളുടെ പങ്കാളിത്തത്തോടെ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ ചലചിത്രമേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നല്ല സിനിമകളുടെ പ്രദർശനം ഗ്രാമീണ മേഖലയിലും എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഗ്രാമീണ മേഖലയിൽ തിയേറ്റർ കോംപ്ലക്സുകൾ പണിയും എന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഞ്ചരിക്കുന്ന സിനിമാ പ്രദർശന സൗകര്യം ഉപയോഗിച്ച് ഫിലിം സൊസൈറ്റികളുടെ സഹായത്തോടെ ഗ്രാമീണ മേഖലയിലും സിനിമ പ്രദർശനങ്ങൾ നടത്തിവരുന്നുണ്ട്.

(സി) കിഫ്ബി ഫണ്ടിൽനിന്നും 100 കോടി രൂപ കണ്ടെത്തി സിനിമാ തിയറ്ററുകൾ നിർമ്മിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്. ഇതിനുവേണ്ട വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) കൺസൾട്ടിംഗ് സ്ഥാപനമായ കിറ്റ്കോ തയ്യാറാക്കിവരികയാണ്.

## മൂന്നാറിൽ കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിൽ സിനിമാ തിയറ്റർ

103(4971) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിൽ സിനിമ തിയേറ്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി പരിഗണിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളാണ്?

ഉത്തരം

(എ) മൂന്നാറിൽ തിയറ്റർ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനം/വകുപ്പുകൾ മുഖാന്തരം ലഭ്യമാക്കുകയാണെങ്കിൽ കെ.എസ്.എഫ്.ഡി.സി. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) കെ.എസ്.എഫ്.ഡി.സി. ടി പദ്ധതിക്കായി മൂന്ന് സ്ഥലങ്ങൾ പരിശോധിച്ചു. ആയതിൽ മൂന്നാർ ടൗണിലുള്ള ഡി.റ്റി.പി.സി.-യുടെ സ്ഥലമാണ് ഏറ്റവും അനുയോജ്യമെന്ന് സ്ഥലം പരിശോധിച്ച ഉദ്യോഗസ്ഥസംഘം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## വനം-വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്ര സഹായം

104(4972) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം എത്ര; വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്ര സഹായം കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്രഫണ്ട് ലഭ്യമാകാത്തതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം-വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ട്. പ്രോജക്ട് ടൈഗർ ഒഴികെ മറ്റ് പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60 ശതമാനവും റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50 ശതമാനവുമാണ് കേന്ദ്ര വിഹിതം.

2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കേന്ദ്രസഹായം കൃത്യമായി ലഭിക്കുന്നുണ്ട്.

(സി) വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന കേന്ദ്ര സഹായ പദ്ധതികളിൽ മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്ന തുക കുറവായിരുന്നെങ്കിലും ടി പദ്ധതികളിൽ ബജറ്റിൽ അംഗീകരിച്ച സംസ്ഥാന വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിരുന്നു. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

(ഡി) വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ് എന്നിവയ്ക്കും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനുമായി ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് പദ്ധതിക്കും ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിക്കും വനവിഭവ ശേഖരണ വിതരണവുമായി ബന്ധപ്പെട്ട് ട്രൈബൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ആന്റ് ഡെവലപ്മെന്റ് പദ്ധതിക്കും കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വന്തം പുരയിടത്തിൽ വളർത്താനും സംരക്ഷിക്കാനും പാടില്ലാത്ത മരങ്ങൾ

105(4973) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തം പുരയിടത്തിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സ്വന്തം പറമ്പിലും പുരയിടങ്ങളിലും നട്ടുവളർത്തുന്ന ഇത്തരം മരങ്ങളെ സംരക്ഷിച്ചതിന്റെ പേരിൽ ഉടമസ്ഥർ നിയമനടപടികൾ നേരിടുന്ന കാര്യം വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വന്തം പറമ്പിൽ ഇത്തരം മരങ്ങൾ വളർത്തുവാൻ പാടില്ലെന്ന എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ;

(ഡി) ഇത്തരം മരങ്ങൾ നട്ടുവളർത്തിയതിന്റെ പേരിലുള്ള നിയമ നടപടികൾ നേരിടുന്നത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വന്തം പുരയിടത്തിൽ വളർത്താനും സംരക്ഷിക്കാനും പാടില്ലാത്ത മരങ്ങൾ ഒന്നും തന്നെ ഇല്ല.

(ബി) സ്വന്തം പറമ്പിലും പുരയിടങ്ങളിലും നട്ടുവളർത്തുന്ന മരങ്ങളെ സംരക്ഷിച്ചതിന്റെ പേരിൽ ഉടമസ്ഥർ നിയമനടപടികൾ നേരിടുന്ന കാര്യം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചന്ദനമരം വളർത്തുന്നതിൽ തടസ്സമൊന്നുമില്ലെങ്കിലും സ്വന്തമായി മുറിച്ച് വിൽപ്പന നടത്തുന്നത് നിരോധിച്ചിട്ടുള്ളതാണ്. ഉടമസ്ഥൻ അധികാരപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥന് യഥാവിധി അപേക്ഷ സമർപ്പിക്കേണ്ടതും ടി ഉദ്യോഗസ്ഥർ ചന്ദനമരം പരിശോധിച്ച് മുറിക്കാൻ അനുവദനീയമായവ മുറിച്ച് മറയൂർ ചന്ദന ഡിപ്പോയിലെത്തിച്ച് വിൽപ്പന നടത്തി ചെലവ് കഴിച്ചുള്ള ലേലത്തുക ഉടമസ്ഥന് നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) മരങ്ങൾ നട്ടുവളർത്തിയതിന്റെ പേരിൽ നിയമനടപടികൾ നേരിടുന്നതായി വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വനാവകാശ നിയമം 2006

106(4974) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) വനവാസികളുടെ ക്ഷേമത്തിനും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള വ്യക്തി ഗതാവകാശങ്ങളോ സാമൂഹികാവകാശങ്ങളോ വനവാസികൾക്ക് നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനുവദിച്ച നൽകിയ ടൈറ്റിലുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട് എന്നറിയിക്കാമോ?

### ഉത്തരം

(എ) വനാവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ വികസന വകുപ്പും റവന്യൂ വകുപ്പും വനം വകുപ്പും സംയുക്തമായിട്ടാണ്. പട്ടികവർഗ്ഗ വികസന വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസി. ഈ നിയമം നടപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക എന്നതാണ് വനം വകുപ്പിന്റെ ചുമതല. വനാവകാശനിയമം നടപ്പാക്കുന്നതിന്റെ നടപടികൾ തുടങ്ങേണ്ടുന്നത് ഊര് അടിസ്ഥാനമാക്കിയുള്ള ഊരുകൂട്ടങ്ങളാണ് (ഗ്രാമസഭ). ഗ്രാമസഭ യോഗംകൂടി 10-നും 15-നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (F.R.C) തെരഞ്ഞെടുക്കുന്നു. ഇത്തരത്തിൽ സംസ്ഥാനത്താകെ 596 സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സമിതികൾ അംഗീകരിക്കുന്ന അപേക്ഷകളിന്മേൽ തുടർനടപടികൾ കൈക്കൊള്ളുന്നതിനായി റവന്യൂ ഡിവിഷൻതലത്തിൽ ആർ.ഡി.ഒ. ചെയർമാനായി സബ് ഡിവിഷണൽ ലെവൽ കമ്മിറ്റികൾ (എസ്.ഡി.എൽ.സി.) രൂപീകരിച്ചു. എസ്.ഡി.എൽ.സി. അംഗീകരിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ഡിവിഷണൽ ലെവൽ കമ്മിറ്റികൾ (ഡി.എൽ.സി.)

രൂപീകരിച്ചു. വ്യക്തിഗതം, സാമൂഹികം, വികസനം എന്നീ മൂന്ന് തരത്തിലുള്ള അവകാശങ്ങളാണ് വനാവകാശനിയമപ്രകാരം നൽകിവരുന്നത്. 31-1-2018 വരെ വ്യക്തിഗത അവകാശങ്ങൾക്കായി വനാവകാശ നിർണ്ണയ കമ്മിറ്റി ശിപാർശ ചെയ്ത 35387 അപേക്ഷകളിൽ 26906 എണ്ണം പാസ്സാക്കുകയും 3987 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 25109 ടൈറ്റിലുകൾ നൽകി. സാമൂഹികാവകാശങ്ങൾക്കായി ലഭിച്ച 976 അപേക്ഷകളിൽ 339 എണ്ണം പാസ്സാക്കി. 164 എണ്ണത്തിന് ടൈറ്റിലുകൾ നൽകി. വികസനാവശ്യങ്ങൾക്കായി വനം വകുപ്പിന് ലഭിച്ച 756 അപേക്ഷകളിൽ 609 എണ്ണം പാസ്സാക്കി 458 എണ്ണത്തിലും വനാവകാശം നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ തീർപ്പാക്കിയിട്ടില്ലാത്ത അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വനവാസികളായുള്ളവരുടെ ക്ഷേമം ലക്ഷ്യമിട്ട് കേരളത്തിൽ പങ്കാളിത്ത വനപരിപാലനം നടപ്പാക്കിവരുന്നു. ഇത്തരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സാമ്പത്തിക സഹായത്തോടെ പരിസ്ഥിതി-ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ ഊന്നിയുള്ള വിവിധ പദ്ധതികൾ, ഇക്കോടൂറിസം, വനശ്രീ തുടങ്ങിയവയിൽ പങ്കാളികളാകുകവഴി അവർക്ക് തൊഴിലും ജീവിതോപാധി വർദ്ധനവും ഉണ്ടാകുന്നു. കൂടാതെ ശാസ്ത്രീയ വനവിഭവ ശേഖരണം, ഇക്കോടൂറിസം പ്രവർത്തനങ്ങൾ, തൊഴിൽ നൈപുണ്യം തുടങ്ങിയ പരിശീലനങ്ങളും വനവാസികൾക്കായി വനം വകുപ്പ് ചെയ്തുവരുന്നു. ഈ പ്രവൃത്തികൾ വനവിഭവ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും വനവാസികളുടെ ക്ഷേമത്തിനും ഒരുപോലെ ഉതകുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) വനാവകാശ നിയമപ്രകാരം അനുവദിച്ചിട്ടുള്ള അവകാശങ്ങൾ വനവാസികൾക്ക് നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടില്ല. വനാവകാശങ്ങൾക്കായി വനം വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ടൈഗർ റിസർവ് വനങ്ങളിൽനിന്നും ആദിവാസികളെ ഒഴിപ്പിക്കുന്ന നടപടി

107(4975) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈഗർ റിസർവ് വനങ്ങളിൽനിന്നും ആദിവാസികളെ ഒഴിപ്പിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ ആദിവാസികളെ ഒഴിപ്പിക്കുന്നതിന് നിയമം ഉണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഒഴിപ്പിക്കപ്പെടുന്ന ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ; എന്തൊക്കെയാണ് നഷ്ടപരിഹാരമായി വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ടൈഗർ റിസർവ് വനങ്ങളിൽനിന്നും ആദിവാസികളെ ഒഴിപ്പിച്ചിട്ടില്ല.

(ബി) ഉണ്ട്. ടൈഗർ റിസർവിനുള്ളിൽനിന്നും പുനരധിവാസത്തിന് സ്വയം സന്നദ്ധരാകുന്ന ആദിവാസികളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 38 V(5)-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) നഷ്ടപരിഹാരം നൽകുന്നതിന് പല വ്യവസ്ഥകളുണ്ട്. കേരളത്തിൽ വയനാട് വന്യജീവി സങ്കേതത്തിൽ ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നൽകിയാണ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നത്.

**വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയ സംരക്ഷിത വനഭൂമി**

108(T 4976) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കോന്നി, അരുവാപ്പുലം വില്ലേജുകളിൽ 350 ഏക്കറോളമുള്ള സംരക്ഷിതവനം വ്യാജരേഖ ചമച്ച് കൈവശപ്പെടുത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ പട്ടയം റദ്ദാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) നടുവത്തുമൂഴി റെയ്ഞ്ചിൽ ഉൾപ്പെട്ടുവരുന്ന അരുവാപ്പുലം വില്ലേജിലെ സ്ഥലം വ്യാജരേഖകൾ ചമച്ച് പോക്കുവരവ് ചെയ്ത നടപടി സംബന്ധിച്ച് തിരുവനന്തപുരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ന്റെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുകയും തെറ്റായി പോക്കുവരവ് നടത്തിയ ടി സ്ഥലം ഉൾപ്പെടുന്ന ഭാഗം 11-7-2017-ൽ 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റഡ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം നിക്ഷിപ്ത വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചുവരികയും ചെയ്യുന്നു. വിജിലൻസ് അന്വേഷണത്തിന്റെ ഘട്ടം സംബന്ധിച്ച വിവരം സമാഹരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം ചില വിലയാധാരങ്ങളുടെ മറവിലാണ് പോക്കുവരവ് ചെയ്യാൻ ശ്രമിച്ചത്. ടി പോക്കുവരവ് റവന്യൂ വകുപ്പ് റദ്ദ് ചെയ്തിട്ടുള്ളതാണ്.

**ദേവികുളം താലൂക്കിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി**

109(4977) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ ഹിൽസ് ആക്ട് പ്രകാരം ദേവികുളം താലൂക്കിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ വനനിയമത്തിലെ ഏതെല്ലാം വകുപ്പ് പ്രകാരം എത്ര ഏക്കർ ഭൂമി ഏതെല്ലാം വർഷം നോട്ടിഫൈ ചെയ്തിട്ടുണ്ട്; പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) മാങ്കുളം ബംഗ്ലാവുതറയിൽ 1126, 1127 എന്നീ പ്ലോട്ടുകളിൽ വനം വകുപ്പിന് ക്യാമ്പ് ഷെഡ് പണിയുന്നതിന് 1965 -ലെ ഫോറസ്റ്റ് സെറ്റിൽമെന്റ് റൂൾ പ്രകാരമോ മാങ്കുളം പ്രൊപ്പോസ്ഡ് റിസർവ്വിന്റെ സർക്കാർ അംഗീകരിച്ച് സെറ്റിൽമെന്റ് ഓഫീസർക്ക് നൽകിയ മാപ്പ് പ്രകാരമോ സർക്കാരോ സെറ്റിൽമെന്റ് ഓഫീസറോ സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇടുക്കി ജില്ലയിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പ് ജണ്ടകെട്ടുന്നതിനുള്ള റേറ്റ്, സ്പെസിഫിക്കേഷൻ, ഡി.എഫ്.ഒ.-യ്ക്ക് നേരിട്ട് നൽകാവുന്ന ക്വട്ടേഷൻ തുക എന്നിവയുടേയും ജണ്ട നിർമ്മാണ സമയത്ത് ടെക്നിക്കൽ ഓഫീസർ, ഓൺ ദി സ്പോട്ട് ഓഫീസർ എന്നീ ഉദ്യോഗസ്ഥരുടെ യോഗ്യത, പദവി എന്നിവയുടേയും ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൻ ദേവൻ ഹിൽസ് ആക്ട് പ്രകാരം ദേവികുളം താലൂക്കിൽ സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ 39319.86 ഏക്കർ ഭൂമി 2007, 2010 വർഷങ്ങളിലായി വനനിയമത്തിലെ സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. 16-5-2007-ൽ മാങ്കുളത്ത് 22253.37 ഏക്കറും 8-10-2010-ൽ മൂന്നാർ ദേവികുളത്ത് 17066.49 ഏക്കറുമാണ് ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളത്. നോട്ടിഫിക്കേഷന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മാങ്കുളം ബംഗ്ലാവുതറയിൽ 1126, 1127 എന്നീ പ്ലോട്ടുകളിൽ ഉള്ളതായിട്ടുള്ള രേഖകൾ വനം വകുപ്പിൽ ലഭ്യമല്ല.

(സി) ഇടുക്കി ജില്ലയിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പ് ജണ്ടകെട്ടുന്നതിനുള്ള റേറ്റ്, സ്പെസിഫിക്കേഷൻ യഥാക്രമം 9,524 രൂപ, 9,650 രൂപ എന്നിങ്ങനെയാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പാസ്സാക്കാൻ കഴിയുന്ന പരമാവധി അടങ്കൽ തുക 2,00,000 രൂപയാണ്. ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിലാണ് ജണ്ട നിർമ്മാണം നടത്തിവരുന്നത്. ആയതിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടവും ഉണ്ടായിരിക്കുന്നതാണ്. കേരള ഫോറസ്റ്റ് കോഡ് പ്രകാരമാണ് ഇവരെ ഈ വർക്ക് ചെയ്യാൻ അധികാരപ്പെടുത്തിയിരിക്കുന്നത്. പ്രസക്ത ഭാഗത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്വാഭാവിക വന സംരക്ഷണം

110(4978) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വന പ്രദേശം എത്രയുണ്ട് എന്നും ആയവ സംരക്ഷിക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(ബി) വനസംരക്ഷണത്തിനായി ഈ സർക്കാർ കാലയളവിൽ എത്ര തുക വകയിരുത്തി; നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്രത്തോളം സ്വാഭാവിക വനസംരക്ഷണം നടത്താൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വാഭാവിക വനവിസ്തൃതി വർദ്ധിപ്പിക്കാനും നിലവിലുള്ളത് സംരക്ഷിക്കാനുമായി എന്ത് തുടർനടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനപ്രദേശം 11309.5032 ച.കി.മീ. ആണ്. സ്വാഭാവിക വനങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട, സംസ്ഥാനത്തെ വനം കൊള്ളയും വന്യമൃഗ വേട്ടയും കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു. വനം വകുപ്പിന്റെ കൈവശമുള്ളതും മറ്റു വകുപ്പുകളിൽനിന്നും ലഭിച്ചതുമായ കണ്ടൽക്കാടുകൾ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സംരക്ഷിക്കുന്നതിന് നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലെ അഴിമതിക്കെതിരെ വനം വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) പദ്ധതിയിനത്തിൽ വിവിധ ശീർഷകങ്ങളിൽ വർഷാവർഷം ബജറ്റിൽ തുക വകയിരുത്തുകയും ലഭ്യമായ തുകയ്ക്ക് അനുസരണം വിവിധങ്ങളായ പദ്ധതികളിലൂടെയാണ് വനപരിപാലനം വനം വകുപ്പ് നടത്തിവരുന്നത്.

2016-17 സാമ്പത്തിക വർഷത്തിൽ 281.50 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയതിൽ 239.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 305 കോടി രൂപ വകയിരുത്തിയതിൽ 228.42 കോടി രൂപ അനുവദിക്കുകയും ആയതിൽ ഫെബ്രുവരി മാസം വരെ 128.39 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉത്തരം (എ) -യിൽ പറയുന്ന വനപരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തുടർന്നുവരുന്നു.

## പൊന്തൻപുഴ വനം സംബന്ധിച്ച ഹൈക്കോടതി വിധി

111(4979) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏക റിസർവ് വനമായ പൊന്തൻ പുഴയിൽ സർക്കാരിന് അവകാശമില്ലായെന്ന് കേരള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ കേരള സർക്കാർ പരാജയപ്പെട്ടതോടുകൂടി എത്ര ഏക്കർ വനഭൂമിയാണ് സ്വകാര്യ വ്യക്തികൾക്ക് ലഭിക്കുന്നത്;

(സി) സർക്കാർ വക്കീൽ ഹൈക്കോടതിയിൽ കേസ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തതിനാലാണ് ഇത്തരം ഒരു തിരിച്ചടി ഉണ്ടായതെന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) ഹൈക്കോടതി വിധി വനത്തിനകത്തും പരിസരപ്രദേശത്തുമുള്ള കർഷകരുടെ പട്ടയ സ്വപ്നങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ വിധിയിന്മേൽ റിവ്യൂ പെറ്റീഷൻ നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 10-1-2018-ലെ എം.എസ്.എ.1/81 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ വലിയകാവ്, ആലപ്ര റിസർവുകൾ വിജ്ഞാപനം ചെയ്ത സമയത്ത് ആ ഭൂമി 1961-ലെ കേരള വനം നിയമത്തിലെ 2(ജി) വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന സർക്കാർ അധീനതയിലുള്ള ഭൂമി (land at the disposal of Government) ആയിരുന്നില്ലെന്ന് തീരുമാനിക്കുകയും ഭൂമികളിന്മേലുള്ള അവകാശരേഖകളെ അംഗീകരിക്കുകയും ഭൂമി തിരിച്ചറിയുന്നത് സംബന്ധിച്ചുമുള്ള ജില്ലാ കോടതിയുടെ കണ്ടെത്തലുകൾ ശരിവച്ചുകൊണ്ടുമാണ് തീർപ്പാക്കിയിട്ടുള്ളത്. എങ്കിലും കോടതി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രദേശം നിബിഢവനമാണെന്നും ദീർഘകാലമായി സർക്കാരിന്റെ അധീനതയിൽ തുടരുന്നതാണെന്നും ആകയാൽ പ്രസ്തുത വനഭൂമി റിസർവ് വനമായി അന്തിമ വിജ്ഞാപനം വന്നിട്ടില്ലെങ്കിലും 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ പ്രസ്തുത ഭൂമി സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനുള്ള വ്യവസ്ഥകൾ ഉള്ളതിനാൽ പ്രസ്തുത ഭൂമി ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരികെ കൊടുക്കേണ്ടതില്ലെന്ന് വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഭൂമി സർക്കാർ അധീനതയിലുള്ള വനമായി തുടരും.

(ബി) പ്രസ്തുത കേസിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് പറയാനാകില്ല. 10-1-2018-ലെ എം.എസ്.എ. 1/81 നമ്പർ കേസിലെ ഹൈക്കോടതിയുടെ വിധിയിലൂടെ വനഭൂമി ഒട്ടുംതന്നെ സ്വകാര്യ വ്യക്തികൾക്ക് ലഭിച്ചിട്ടില്ല. 2520 ഏക്കർ വരുന്ന കരിക്കാട്ടൂർ റിസർവ് ഫോറസ്റ്റിന്റെ അന്തിമ വിജ്ഞാപനത്തിന്റെ നിയമസാധുത പൂർണ്ണമായും ഈ വിധിയോടെ അംഗീകരിക്കപ്പെട്ടു. അതുപോലെതന്നെ ആലപ്ര, വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വുകളുടെ കാര്യത്തിലും 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ ടി വസ്തുവകകൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ച് നൽകേണ്ടവയല്ല എന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

(സി) സർക്കാർ വക്കീൽ ഹൈക്കോടതിയിൽ കേസ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യാതിരുന്നിട്ടില്ല. എം.എസ്.എ-1/1981 കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൈകാര്യം ചെയ്തതിൽ സർക്കാർ ഭാഗത്തുനിന്നും യാതൊരുവിധ അനാസ്ഥയും ഉണ്ടായിട്ടില്ലാത്തതാണ്. 6-9-2016-ലെ ജി.ഒ.(ആർ.ടി.)നമ്പർ 362/2016/ വനം ഉത്തരവുപ്രകാരം ശ്രീ. എം. പി. പ്രകാശ്, അഡ്വക്കേറ്റിനെ ടി കേസിന്റെ മാത്രം നടത്തിപ്പിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. എം.എസ്.എ-1/1981 കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 28-11-2016 തീയതി മുതൽ തുടങ്ങി ഏകദേശം മുപ്പതിലധികം ദിവസങ്ങളിൽ വാദത്തിനായി വരികയും അന്നേ ദിവസങ്ങളിലെല്ലാം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിതനായ ശ്രീ. എം. പി. പ്രകാശ് കോടതിയിൽ ഹാജരായിട്ടുള്ളതുമാണ്. കൂടാതെ പല ദിവസങ്ങളിലും ഫോറസ്റ്റ് ലെയ്സൺ ഓഫീസറും കോടതിയിൽ ഹാജരായിട്ടുണ്ട്. എം.എസ്.എ.-1/1981 കേസ് വാദത്തിനുശേഷം വിശദമായ ആർഗ്യുമെന്റ് നോട്ടും ശ്രീ. എം. പി. പ്രകാശ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) 10-1-2018-ലെ എം.എസ്.എ.-1/1981 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിന്മേൽ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിന് 5-2-2018-ൽ ഹൈക്കോടതിയിൽ 182/18 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

## വനഭൂമിയുടെ വിസ്തീർണ്ണം

112([T] 4980) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1977-ന് മുൻപ് കയ്യേറിയതും സംയുക്തപരിശോധനയിൽ അർഹമെന്ന് കണ്ടെത്തിയതുമായ വനഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്; ജില്ല, താലൂക്ക് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പട്ടയം കൊടുക്കാമെന്നുള്ള ഭൂമിയുടെ വിസ്തീർണ്ണം എത്രയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര പേർക്ക് എത്ര അളവിൽ പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനി ഇത്തരത്തിലുള്ള പട്ടയം ലഭിക്കുന്നതിലേക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അത് എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1-1-1977-ന് മുമ്പ് കയ്യേറിയതും സംയുക്ത പരിശോധനയിൽ അർഹമെന്ന് കണ്ടെത്തിയതുമായ വനഭൂമിയുടെ ജില്ല, താലൂക്ക് തിരിച്ചുള്ള വിസ്തീർണ്ണം ചുവടെ ചേർക്കുന്നു:

| സർക്കിൾ | ജില്ല | താലൂക്ക് | കയ്യേറിയ വനഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| സതേൺ സർക്കിൾ കൊല്ലം | കൊല്ലം | പത്തനാപുരം | 18.02 |
| | | പുനലൂർ | 409.86 |
| | തിരുവനന്തപുരം | നെടുമങ്ങാട് | 63.9 |
| | പത്തനംതിട്ട | കോന്നി | 123.38 |
| | | റാന്നി | 1586.00 |
| | | കോഴഞ്ചേരി | 216.53 |
| | | മല്ലപ്പള്ളി | 104.13 |
| ഹൈറേഞ്ച് സർക്കിൾ കോട്ടയം | കോട്ടയം | താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല | 670.60648 |
| | എറണാകുളം | | 353.874 |
| | ഇടുക്കി | | 12012.928 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | തൃശ്ശൂർ | താലൂക്ക് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല | 3849.8527 |
| | എറണാകുളം | | 450.5005 |

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| | | | |
|---|---|---|---|
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | മലപ്പുറം | നിലമ്പൂർ | 0.9392 |
| | | നിലമ്പൂർ | 186.7717 |
| | | ഏറനാട് | 9.6499 |
| | പാലക്കാട് | ആലത്തൂർ | 26.3988 |
| | | ചിറ്റൂർ | 6.6242 |
| | | പാലക്കാട് | 0.3074 |
| | | മണ്ണാർക്കാട് | 228.607 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കണ്ണൂർ | ഇരിട്ടി | 9.3282 |
| | വയനാട് | വൈത്തിരി | 324.967 |
| | | സുൽത്താൻ ബത്തേരി | 7.148 |
| | | മാനന്തവാടി | 94.58395 |
| | കോഴിക്കോട് | കൊയിലാണ്ടി/ താമരശ്ശേരി | 15.30 |
| | | വടകര | 22.8085 |
| | കാസർഗോഡ് | വെള്ളരിക്കുണ്ട് | 1.052 |
| വൈൽഡ് ലൈഫ്, പാലക്കാട് | പാലക്കാട് | മണ്ണാർക്കാട് | 51.21863 |
| | മലപ്പുറം | നിലമ്പൂർ | 29.7079 |
| ആകെ (ഹെക്ടർ) | | | 20874.99406 |

(ബി) 1980-ലെ കേന്ദ്ര വനം (സംരക്ഷണ) നിയമപ്രകാരമുള്ള കേന്ദ്ര സർക്കാർ അനുമതിക്ക് വിധേയമായി 1-1-1977-ന് മുമ്പുള്ള സംയുക്ത പരിശോധനയിൽ അർഹമെന്ന് കണ്ടെത്തിയ വനഭൂമിക്ക് പട്ടയം കൊടുക്കാവുന്നതാണ്.

(സി&ഡി) പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. ആയതിനാൽ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

## വനാവകാശ നിയമം

113(4981) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വലിയതോതിൽ പ്രയോജനം ചെയ്യുന്ന വനാവകാശനിയമം എന്നാണ് നിലവിൽ വന്നത്;

(ബി) വനാവകാശ നിയമപ്രകാരം എന്തെല്ലാം ഇളവുകളും സൗകര്യങ്ങളും ആണ് വനമേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് ലഭ്യമാകുക; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2006-ലെ കേന്ദ്ര വനാവകാശനിയമം 2007 ജനുവരി 2-ന് നിലവിൽവന്നു. കേരളത്തിൽ നടപ്പിലാക്കി വരുന്നത് 01-01-2008-ൽ ഇതു സംബന്ധിച്ച കേന്ദ്ര ചട്ടങ്ങൾ നിലവിൽ വന്നതുമുതലാണ്.

(ബി) പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കും മേലുള്ള സ്വാതന്ത്ര്യം ഏതാനും നിബന്ധനകളോടുകൂടി അവകാശങ്ങളായി അംഗീകരിച്ചുകൊടുക്കുന്ന നിയമമാണ് വനാവകാശ നിയമം 2006. വനാവകാശ നിയമപ്രകാരം വനമേഖലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് താഴെപ്പറയുന്ന അവകാശങ്ങളാണ് ലഭ്യമാകുന്നത്.

- ആദിവാസികൾക്ക് അവർ തലമുറകളായി താമസിച്ചുവരുന്ന വനഭൂമി ഒരു കുടുംബത്തിന് പരമാവധി 4 ഹെക്ടർ (10 ഏക്കർ) എന്ന നിലയ്ക്കുള്ള കൈവശാവകാശം.
- ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അവകാശം.
- സമൂഹത്തിന്റെ പൊതുആവശ്യങ്ങൾക്കായി സ്കൂൾ, അങ്കണവാടി, ആശുപത്രി തുടങ്ങിയ 13 അടിസ്ഥാന വികസനാവശ്യങ്ങൾക്കുവേണ്ടി വനഭൂമി ഉപയോഗപ്പെടുത്താൻ (ഹെക്ടറിന് 75-ൽ ഏറെ മരങ്ങൾ മുറിക്കാനിടവരാത്തവിധം) ഉള്ള അവകാശം.

**പൊന്തൻപുഴയിലെ വനഭൂമി**

114(4982) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വീഴ്ചമൂലം കോടതിവിധി പ്രതികൂലമായതു് കാരണം കോട്ടയം ജില്ലയിലെ ഏക വനഭൂമി മേഖലയായ പൊന്തൻപുഴയിലെ 7000 ഏക്കർ വനം സർക്കാരിന് തിരിച്ച് കിട്ടാത്തവിധം നഷ്ടമായി എന്ന കാര്യം മനസ്സിലാക്കി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഈ കേസ്സിൽ അപ്പീൽ നൽകാൻ പദ്ധതിയുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ വനഭൂമി മേഖലയായ പൊന്തൻപുഴയിലെ 7000 ഏക്കർ വനം സർക്കാരിന് തിരിച്ച് കിട്ടാത്തവിധം നഷ്ടമായിട്ടില്ല. ഇക്കാര്യത്തിൽ സർക്കാരിന് വീഴ്ചയുണ്ടായിട്ടില്ല. ഹൈക്കോടതിയുടെ 10-1-2018-ലെ എം.എസ്.എ.1/ 81 നമ്പർ കേസിലെ വിധിയിൽ വലിയകാവ്, ആലപ്ര റിസർവുകൾ വിജ്ഞാപനം ചെയ്ത സമയത്ത് സർക്കാർ അധീനതയിലുള്ള ഭൂമി ആയിരുന്നില്ലെന്ന് തീരുമാനിക്കുകയും ഭൂമികളിന്മേലുള്ള അവകാശരേഖകളെ അംഗീകരിക്കുകയും ഭൂമി തിരിച്ചറിയുന്നത് സംബന്ധിച്ച ജില്ലാ കോടതിയുടെ കണ്ടെത്തലുകൾ ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതേ സമയം 2520 ഏക്കർ വിസ്തൃതി വരുന്ന കരിക്കാട്ടൂർ റിസർവ്വിന്റെ അന്തിമ വിജ്ഞാപനത്തിന്റെ നിയമസാധുത പൂർണ്ണമായും അംഗീകരിക്കുകയും 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട്, 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്) ആക്ട് എന്നിവയിൽ ടി വസ്തുവകകൾ സ്വാഭാവികമായിത്തന്നെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള വ്യവസ്ഥകളുള്ളതിനാൽ ടി സ്ഥലങ്ങൾ ക്ലെയിം ചെയ്തിട്ടുള്ളവർക്ക് തിരിച്ചു നൽകേണ്ടവയല്ല എന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

10-1-2018-ലെ എം.എസ്.എ. 1/81 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിലെ സർക്കാർ താൽപ്പര്യത്തിന് വിരുദ്ധമായ പരാമർശങ്ങൾ പുനഃപരിശോധിക്കുന്നതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) 10-1-2018-ലെ എം.എസ്.എ. 1/81 നമ്പർ കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയിൽ ഭൂമികളിന്മേലുള്ള മുൻകാല അവകാശ രേഖകൾ അംഗീകരിച്ചതിനെതിരെ 5-2-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 182/2018 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ വിധി അനുകൂലമല്ലെങ്കിൽ അപ്പീൽ ഫയൽ ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വനം കയ്യേറ്റം**

115(4983) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1971 ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 1-1-1977-നുശേഷം 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം | |
|---|---|---|---|---|
| | | | (ഹെക്ടറിൽ) | (ഏക്കറിൽ) |
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| | | റാന്നി | 1.13 | 2.79223 |
| കൊല്ലം | | തെന്മല | 7.24 | 17.89004 |
| ആകെ | | | 18.96 | 46.85016 |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| ആകെ | | | 1727.2 | 4267.9112 |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| | | തൃശ്ശൂർ | 147.04 | 363.33584 |
| എറണാകുളം | | മലയാറ്റൂർ | 129.29 | 319.47559 |
| ആകെ | | | 276.33 | 682.81143 |

| | | | | |
|---|---|---|---|---|
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| പാലക്കാട് | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| ആകെ | | | 3819.73 | 9438.55283 |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.62754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർഗോഡ് | | കാസർഗോഡ് | 0 | 0 |
| ആകെ | | | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| ആകെ | | | 5.4061 | 13.3584731 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| ആകെ | | | 193.02 | 476.95242 |
| ആകെ | | | 7801.1 | 19276.5181 |

വനം കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നത് സംബന്ധിച്ച നിർണ്ണായക തീയതി 1-1-1977 ആയതിനാൽ ആ തീയതിക്കുശേഷമുള്ള കണക്കുകളാണ് വനം വകുപ്പിൽ ലഭ്യമായിട്ടുള്ളത്.

(ബി) 1961-ലെ കേരള വനനിയമം, 1971-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് എന്നിവപ്രകാരം വനം കയ്യേറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ അന്വേഷണം നടത്തി ബന്ധപ്പെട്ട ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും അത്തരം കയ്യേറ്റം നിയമപ്രകാരം ഒഴിപ്പിക്കുകയും കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.കൂടാതെ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിലേയ്ക്കായി ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിലെ, കേസുകളിൽ പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിക്കുകയും ലെയ്സൺ ഓഫീസർ മുഖേന നിരന്തരം കേസിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഉചിതമായ നിയമോപദേശം തേടുകയും കേസ് വിജയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**വനഭൂമി കയ്യേറ്റം**

116(4984) <u>ശ്രീ. കെ. ബാബു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) വനഭൂമി കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് നെന്മാറ നിയോജക മണ്ഡലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(സി) പ്രസ്തുത നിയോജക മണ്ഡലത്തിലെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനഭൂമി കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു.

(ബി) നെന്മാറ വനം ഡിവിഷനിൽ വനഭൂമി കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട് വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ നിർമ്മിക്കുകയും കാര്യക്ഷമമായ ഫീൽഡ് പരിശോധനകൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്.

(സി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് 19 കേസുകളാണ് നിലവിലുള്ളത്.

**വനവികസനത്തിനും കയ്യേറ്റം ഒഴിവാക്കുന്നതിനും നടപടി**

117(4985) <u>ശ്രീ. പി. ടി. തോമസ് :</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u>
<u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വനങ്ങളുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) യാതൊരുവിധ കയ്യേറ്റവും അനുവദിക്കില്ലായെന്ന് പ്രഖ്യാപിക്കുമ്പോഴും വൻകിടക്കാരുടെ വനം കയ്യേറ്റങ്ങൾ കണ്ടില്ലായെന്ന് നടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊട്ടക്കമ്പൂരിൽ നടക്കുന്ന വനം കയ്യേറ്റങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പശ്ചാത്തലത്തിൽ ഒരു തരത്തിലുമുള്ള വനം കയ്യേറ്റവും അനുവദിക്കുകയില്ലായെന്ന തീരുമാനം നടപ്പിലാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനങ്ങളുടെ സംരക്ഷണവും വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വനംകൊള്ളയും വന്യമൃഗവേട്ടയും കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു. വനം വകുപ്പിന്റെ

കൈവശമുള്ളതും മറ്റ് വകുപ്പുകളിൽനിന്നും ലഭിച്ചതുമായ കണ്ടൽക്കാടുകൾ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സംരക്ഷിക്കുന്നതിന് നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പുതുതായി കയ്യേറ്റങ്ങൾ ഒന്നുംതന്നെ അനുവദിക്കാത്തതിനാൽ അത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊട്ടക്കമ്പൂർ വില്ലേജിൽ വനഭൂമിയുടെ സർവ്വേ നടപടികൾ നടന്നുവരുന്നു. ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറുടെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ ഒഴിപ്പിക്കുന്നതാണ്.

(ഡി) ഒരു തരത്തിലുള്ള വനം കയ്യേറ്റവും അനുവദിക്കുകയില്ലെന്ന തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധിപ്രകാരം അനധികൃതമായി വനം കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ ഒഴിപ്പിക്കാറുണ്ട്.

## പറമ്പിക്കുളം വനമേഖലയിലേയ്ക്കുള്ള റോഡ്

118(4986) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം വനമേഖലയിലേക്ക് യാത്ര ചെയ്യുന്നതിന് നമ്മുടെ സംസ്ഥാനത്തെ വനമേഖലയിലൂടെ റോഡ് നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നമ്മുടെ സംസ്ഥാനത്തിലൂടെ പറമ്പിക്കുളത്ത് എത്തുന്നതിന് റോഡ് നിർമ്മിക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നമ്മുടെ സംസ്ഥാനത്തിലൂടെ പറമ്പിക്കുളത്ത് എത്തുന്നതിന് റോഡ് നിർമ്മിക്കാൻ തേക്കടി-കീരപ്പാടി-നെല്ലിയാമ്പതി വഴി കടന്നുവരാനുള്ള നിർദ്ദിഷ്ട റോഡിനെക്കുറിച്ച് പഠനം നടത്തുകയുണ്ടായെങ്കിലും ഈ റോഡ് വന്യജീവികളുടെ സ്വൈര വിഹാരത്തിനും പറമ്പിക്കുളം കടുവാ സങ്കേതത്തിനും പ്രതികൂലമാകും എന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ചു.

## വനംകൊള്ള തടയുന്നതിനും വനസംരക്ഷണത്തിനും വേണ്ടിയുള്ള നടപടികൾ

119(4987) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം കൊള്ള തടയുന്നതിനും വനസംരക്ഷണത്തിനും വേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ വനംകൊള്ളയും കയ്യേറ്റശ്രമങ്ങളും തടയുന്നതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തി തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെയും വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനസംരക്ഷണത്തിന്റെ ഭാഗമായി വനമേഖലകളിൽ ക്യാമറാട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി വനമേഖലയ്ക്കുചുറ്റും കമ്പിവേലി നിർമ്മിച്ച് സംരക്ഷിച്ചുവരുന്നു. വനസംരക്ഷണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിക്കാറുണ്ട്. വനമേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ചെക്കുഡാമുകളും കുളങ്ങളും മറ്റും നിർമ്മിക്കാറുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലേയ്ക്കായി പ്രകൃതി പഠന ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

**വനാതിർത്തി സംരക്ഷണം**

120(4988) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്ന ഉദ്യമം പൂർത്തിയായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എത്ര കിലോമീറ്റർ വനാതിർത്തി ഈ സർക്കാർ വന്നശേഷം ജണ്ടകെട്ടി സംരക്ഷിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത വനമേഖലയിൽ അവ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ ഇപ്രകാരം സ്ഥാപിച്ച എന്നറിയിക്കാമോ;

(ഇ) വനത്തിൽ ക്യാമറ സ്ഥാപിച്ച് നിരീക്ഷിക്കുന്ന പദ്ധതി പ്രകാരം ക്യാമറകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ;

(എഫ്) വനമേഖലയിലെ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്ന ഉദ്യമം ദ്രുതഗതിയിൽ നടത്തിവരുന്നു. ബാക്കിയുള്ള ഏകദേശം 2090 കിലോമീറ്റർ ദൂരം അതിർത്തി വേർതിരിക്കുന്നതിലേയ്ക്കായി 43900 ജണ്ടകൾകൂടി നിർമ്മിക്കേണ്ടതുണ്ട്. അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഈ ഉദ്യമം കഴിവതും പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) മേയ് 2016 മുതൽ ഫെബ്രുവരി 2018 വരെ ഏകദേശം 1175 കിലോമീറ്ററോളം വനാതിർത്തി ജണ്ട കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാനത്തെ ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത വനമേഖലയിൽ അവ സ്ഥാപിക്കുന്ന നടപടി പൂർത്തിയായിട്ടില്ല. 1988 കാലയളവ് മുതൽ നാളിതുവരെ 124 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ഇ) വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന നടപടി തുടർന്നുവരുന്നു.

(എഫ്) വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് സിം കാർഡുകൾ നൽകിയിട്ടുണ്ട്. വയർലെസ്സ് സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. വനത്തിനുള്ളിൽ കാട്ടുതീ ഉണ്ടായാൽ വിവരം ലഭ്യമാക്കുന്നതിലേയ്ക്കായി ഉപഗ്രഹത്തിന്റെ സഹായത്തോടുകൂടിയുള്ള നൂതന സംവിധാനം ഉപയോഗിച്ചുവരുന്നു. കൂടാതെ കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രതാ മുന്നറിയിപ്പ് നൽകാനും ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ മേൽപ്പറഞ്ഞ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്.

## കാട്ടുതീമൂലമുണ്ടായ നാശനഷ്ടം

121(4989) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാട്ടുതീമൂലം ഉണ്ടായ നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കാട്ടുതീമൂലം നഷ്ടപ്പെടുന്ന വനസമ്പത്തും ജൈവസമ്പത്തും വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുതീമൂലം ഉണ്ടായ നാശനഷ്ടത്തിന്റെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കിൾ | കാട്ടുതീയുടെ എണ്ണം | വിസ്തൃതി (ഹെക്ടർ) | സാമ്പത്തിക നഷ്ടം (രൂപയിൽ) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | സതേൺ സർക്കിൾ, കൊല്ലം | 153 | 854.58 | 17148 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 258 | 1643.55 | 35910 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 143 | 587.54 | 180000 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 202 | 672.56 | 38100 |
| 5 | നേർത്തേൺ സർക്കിൾ, കണ്ണൂർ | 44 | 225.46 | 5000 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 26 | 43.31 | - |
| 7 | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം | 64 | 454.39 | - |
| 8 | ഫീൽഡ് ഡയറക്ടർ, വൈൽഡ് ലൈഫ്, പാലക്കാട് | 81 | 273.88 | - |
| | ആകെ | 971 | 4755.27 | 276158 |

(ബി) വനത്തിനകത്തുതന്നെ മഴവെള്ളം സംഭരിച്ചുനിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കുവാനും വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴം കൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും പുതുതായി ചെക്കുഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.

(സി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

## കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി ആക്ട്

122(4990) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകുന്നതിന് പകരം ലഭിക്കുന്ന പരിഹാര വനവൽക്കരണത്തിനായുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആൻഡ് പ്ലാനിംഗ് അതോറിറ്റി ആക്ട് പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കാമോ;

(ബി) കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട് 2016 നിലവിൽ വരാത്ത സാഹചര്യത്തിൽ അഡ്ഹോക് ക്യാമ്പയിൽ ലഭിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത നിയമപ്രകാരം സംസ്ഥാനതല അതോറിറ്റിയും സംസ്ഥാന പരിഹാര വനവത്കരണ നിധിയും രൂപീകരിക്കാത്തതുമൂലം എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി ആക്ട് പ്രകാരം സംസ്ഥാനത്ത് പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ആവശ്യങ്ങൾക്ക് അഡ്ഹോക് ക്യാമ്പ് പ്രകാരം സംസ്ഥാനത്തിന് ലഭിച്ച ഫണ്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | അംഗീകരിച്ച ആന്വൽ പ്ലാൻ ഓപ്പറേഷൻ തുക | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 2009-10 | 175.09 | 133 | 129.72 |
| 2010-11 | 136.52 | 136.52 | 119.25 |
| 2011-12 | 156.97 | 156.97 | 146.27 |

<table>
<tr><td>(1)</td><td>(2)</td><td>(3)</td><td>(4)</td></tr>
<tr><td>2012-13</td><td>147</td><td>147</td><td>125.41</td></tr>
<tr><td>2013-14</td><td>150</td><td>150</td><td>125.36</td></tr>
<tr><td>2014-15</td><td>300</td><td rowspan="2">800</td><td rowspan="2">ഫണ്ട് വിനിയോഗം നടന്നുവരുന്നു. (ഫണ്ട് ലഭ്യമായത് 18-12-2017 ലാണ്)</td></tr>
<tr><td>2015-16</td><td>500</td></tr>
</table>

(സി) പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടിട്ടില്ല.

**റോഡരികുകളിൽ മരം വച്ചുപിടിപ്പിക്കാൻ നടപടി**

123(4991) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ചൂട് കൂടിവരുന്നു എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യവന വിഭാഗത്തെ ശക്തിപ്പെടുത്തി ഗ്രാമീണ മേഖലയിലെ റോഡരികിലും പൊതുമരാമത്ത് റോഡരികിലും റോഡുകൾക്ക് ദോഷകരമാകാത്ത വിധത്തിലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെകീഴിൽ ഗ്രാമീണ മേഖലയിലെ റോഡരികിലും പൊതുമരാമത്ത് റോഡരികിലും റോഡുകൾക്ക് ദോഷകരമാകാത്ത രീതിയിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചുവരുന്നുണ്ട്. ഈ വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി മുഖേനയും റോഡ് വക്കിലും പൊതുസ്ഥലങ്ങളിലും തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കാവുന്നതാണ്.

(ബി) ഓരോ ബ്ലോക്ക് തലത്തിലും പങ്കാളിത്ത ഹരിത സമിതികൾ രൂപീകരിച്ച് ഓരോ പഞ്ചായത്ത് അധികൃതരുമായും കൂടിയാലോചിച്ച് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും എൻ.ആർ.ഇ.ജി.എസ്. മുഖേനയും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വിതരണം**

124(4992) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം ഏത് വർഷം മുതലാണ് ആരംഭിച്ചത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ഡി) വിതരണംചെയ്ത വൃക്ഷത്തൈകൾ അതിജീവിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ വനവത്കരണ വിഭാഗം 2006-2007 വർഷം മുതൽ ആണ് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിപുലമായ രീതിയിൽ വൃക്ഷത്തൈ നടീൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തൈകൾ ഉത്പാദിപ്പിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും മതസംഘടനകൾ, രാഷ്ട്രീയ-യുവജന പ്രവസ്ഥാനങ്ങൾ, മാധ്യമങ്ങൾ, മറ്റിതര വകുപ്പുകൾ, സർക്കാരിതര സംഘടനകൾ എന്നിവർക്ക് വിതരണം നടത്തി അവർ മുഖേന നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

(ബി)

| വർഷം | തുക (ലക്ഷം) |
|---|---|
| 2007-2008 | 37.54 |
| 2008-2009 | 50.79 |
| 2009-2010 | 64.21 |
| 2010-2011 | 458.52 |
| 2011-2012 | 677.92 |
| 2012-2013 | 783.98 |
| 2013-2014 | 856.11 |
| 2014-2015 | 918.47 |
| 2015-2016 | 803.77 |
| 2016-2017 | 949.35 |
| 2017-2018 | 830.31 |
| ആകെ | 6430.97 |

(സി)

| വർഷം | തുക (ലക്ഷം) |
|---|---|
| 2007-2008 | 13.17 |
| 2008-2009 | 16.64 |
| 2009-2010 | 25.29 |
| 2010-2011 | 55.93 |
| 2011-2012 | 121.22 |
| 2012-2013 | 83.06 |
| 2013-2014 | 73.19 |
| 2014-2015 | 70.73 |
| 2015-2016 | 58.37 |
| 2016-2017 | 57.61 |
| 2017-2018 | 62.43 |
| ആകെ | 637.64 |

(ഡി) വിതരണം നടത്തുന്ന തൈകളുടെ ഉത്പാദനവും വിതരണവുമാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവവഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവന ശതമാനം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ അടിസ്ഥാനമാക്കി സ്കൂൾതലത്തിലും പഞ്ചായത്ത് തലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പരിശോധിച്ചുവരുന്നത്. വിതരണം ചെയ്യുന്ന തൈകൾ നട്ടുപരിപാലിക്കേണ്ട ചുമതല വൃക്ഷത്തൈകൾ വനം വകുപ്പിൽനിന്നും സ്വീകരിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമാണ്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് നിലവിൽ ഇവയുടെ അതിജീവന ശതമാനം നേരിൽ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് സംവിധാനങ്ങളില്ല. എന്നാൽ വഴിയോരത്തണൽ പദ്ധതി പ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഗണ്യമായ അതിജീവന ശതമാനം കണ്ടുവരുന്നുണ്ട്. കൂടാതെ 2016-17, 2017-18 വർഷങ്ങളിൽ ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വിദ്യാലയങ്ങൾക്കും വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കണക്കെടുത്തുവരുന്നു.

## സാമൂഹ്യ വനവൽക്കരണ പദ്ധതി

125(4993) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; വിവിധ വകുപ്പുകൾക്ക് നൽകിയ തുക എത്ര; ഓരോ വകുപ്പിനും നൽകിയ വൃക്ഷത്തൈകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയിൻകീഴിൽ ഈ കാലയളവിൽ വച്ചുപിടിപ്പിച്ച മരങ്ങളുടെ സംരക്ഷണം ആരാണ് ചെയ്യുന്നത്; വച്ച് പിടിപ്പിച്ച മരങ്ങളിൽ എത്ര ശതമാനം ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഈ വർഷം പദ്ധതിയിൻകീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ വനവൽക്കരണ പദ്ധതിക്കുവേണ്ടി എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ സർക്കാർ ഇതര സ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എന്റെ മരം, നമ്മുടെ മരം പദ്ധതി പ്രകാരം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതി, വനമിത്ര അവാർഡ്, നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, കാവ് സംരക്ഷണം, സ്വകാര്യ ഭൂമിയിൽ 10 ഇനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും കണ്ടൽവച്ചുപിടിപ്പിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റേഷൻ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഇതര സംഘടനകൾ എന്നിവയുമായി സംയോജിതമായി നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ, കണ്ടൽ വനവൽക്കരണം, ഹെർബൽ ഗാർഡൻ, തീരദേശ വനവൽക്കരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവത്കരണ ക്ലാസുകൾ, നാട്ടാനപരിപാലനം തുടങ്ങിയ വിവിധ പരിപാടികളും നടത്തിവരുന്നു. കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നു. ഔഷധസസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവ സ്കൂൾ-കോളേജ് തലത്തിൽ ഫോറസ്ട്രി ക്ലബ്ബിന്റെ ഭാഗമായി ചെയ്തുവരുന്നു. കൂടാതെ ജലാശയ പുനരുദ്ധാരണവും മറ്റ് പരിസ്ഥിതി ശുദ്ധീകരണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതും വികസന പ്രവർത്തനങ്ങൾക്കായി

മരങ്ങൾ മുറിക്കേണ്ട ഘട്ടങ്ങളിലും വില നിശ്ചയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു. കൂടാതെ സോഷ്യൽ ഫോറസ്ട്രി വന വികസന ഏജൻസികളുടെ മേൽനോട്ടത്തോടെ ഇക്കോ ടൂറിസം പദ്ധതിയും നടപ്പാക്കുന്നു.

(ബി) 2016-2017, 2017-2018 വർഷങ്ങളിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു:

| റീജിയൺ | 2016-17 (രൂപ ലക്ഷത്തിൽ) | 2017-18 (രൂപ ലക്ഷത്തിൽ) |
|---|---|---|
| തുക | 1024.29 | 894.46 |

ടി പദ്ധതികൾക്കായി മറ്റ് വകുപ്പുകൾക്ക് തുകകൾ ഒന്നും വനം വകുപ്പ് നൽകിയിട്ടില്ല. ഓരോ വകുപ്പിനും നൽകിയ വൃക്ഷത്തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വകുപ്പ് | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനം | 2245056 |
| വിദ്യാഭ്യാസ സ്ഥാപനം | 4163253 |
| മറ്റ് വകുപ്പുകൾ | 3616837 |
| **ആകെ** | **10025146** |

(സി) തൈകളുടെ ഉത്പാദനവും വിതരണവുമാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെയ്തുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവവഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവന ശതമാനം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ പ്രകാരം സ്കൂൾതലത്തിലും പഞ്ചായത്തുതലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പരിശോധിച്ചുവരുന്നത്. വിതരണം ചെയ്യുന്ന തൈകൾ നട്ടുപരിപാലിക്കേണ്ട ചുമതല വൃക്ഷത്തൈകൾ വനം വകുപ്പിൽനിന്നും സ്വീകരിക്കുന്ന വകുപ്പുകൾക്കും/സ്ഥാപനങ്ങൾക്കും/ പ്രസ്ഥാനങ്ങൾക്കുമാണ്. വഴിയോരത്തണൽ പദ്ധതി പ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഗണ്യമായ അതിജീവന ശതമാനം കണ്ടുവരുന്നുണ്ട്.

കൂടാതെ 2016-17, 2017-18 വർഷങ്ങളിൽ ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും സംഘടനകൾക്കും

വിദ്യാലയങ്ങൾക്കും വിതരണംചെയ്ത വൃക്ഷത്തൈകളുടെ അതിജീവന ശതമാനം കണക്കാക്കുന്നതിന് തെരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കണക്കെടുത്തുവരുന്നു.

(ഡി) ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് വിവിധ ഇനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി ഹരിത കേരളം പദ്ധതി നടപ്പിലാക്കിവരുന്നു. എന്റെ മരം, നമ്മുടെ മരം, സ്വകാര്യ ഭൂമിയിൽ 10 ഇനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായുള്ള ധനസഹായം, നദീ തീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, ഹെർബൽ ഗാർഡൻ, പക്ഷി സർവെ, നാട്ടാന പരിപാലനം സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, കാവുകൾക്കുള്ള ധനസഹായം, വഴിയോരത്തണൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് മുതലായ പദ്ധതികളും പ്രകൃതി പഠന ക്ലാസ്സുകൾ, ബോധവത്കരണ ക്ലാസ്സുകൾ, കാട്ടുതീ ബോധവത്കരണ ക്ലാസുകൾ തുടങ്ങിയ പദ്ധതികളും ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കണ്ടൽ-തണ്ണീർത്തട സംരക്ഷണ പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്നു. അക്കേഷ്യ തുടങ്ങിയ വിദേശീയ മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശീയ ഇനത്തിൽപ്പെട്ട വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നു. കൂടാതെ രാജകീയ വൃക്ഷങ്ങളായ തേക്ക്, ഈട്ടി, ചന്ദനം എന്നിവ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക സ്കീം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

### പെരിയാർ ടൈഗർ റിസർവിൽ ഗസ്റ്റ് ഹൗസ്

126(4994) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് ശബരിമലയിൽ പെരിയാർ ടൈഗർ റിസർവ്വിൽ ഗസ്റ്റ് ഹൗസ് പണിയുന്നതിന് ഏതെങ്കിലും അറിയിപ്പോ അനുമതിയോ വനം വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ മന്ദിരം പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണോ; എങ്കിൽ സന്നിധാനത്ത് എവിടെയാണ് ഇത് പണിയുന്നതിന് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; വനം നിയമപ്രകാരമാണോ ഇത്തരം പ്രവർത്തനങ്ങൾ എന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ശബരിമലയിൽ പെരിയാർ ടൈഗർ റിസർവ്വിൽ ഗസ്റ്റ് ഹൗസ് പണിയുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വനം വകുപ്പിന്റെ പക്കലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വനം വകുപ്പ് എന്ത് നടപടിയാണ് ഈ വിഷയത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് പണിയുന്നത് വനം വകുപ്പ് ദേവസ്വത്തിന് ലീസിന് നൽകിയ ഭൂമിയിലാണോ ; വിശദാംശം ലഭ്യമാക്കാമോ; ഈ മന്ദിരം പണിയുന്നതിന്റെ ഭാഗമായി എത്ര മരങ്ങളാണ് പെരിയാർ ടൈഗർ റിസർവ് വനത്തിൽനിന്നും മുറിച്ച് മാറ്റുന്നതെന്നും, വനം വകുപ്പ് ഇതിനായി നൽകിയ അനുമതിപത്രത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത മന്ദിരം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം സബ് ലീസിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ;

(എഫ്) ഇവിടെ ഇത്തരം കെട്ടിടങ്ങൾ പണിയുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണെന്ന അഭിപ്രായം സംസ്ഥാന വനം വകുപ്പിന് ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ജി) ഈ മന്ദിരത്തിൽ ജീവനക്കാർക്കും ശബരിമല ദർശനത്തിന് വരുന്ന വി.ഐ.പി.-കൾക്കും മറ്റ് ഭക്തർക്കും താമസിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ജി) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം ശബരിമലയിൽ വിനോദസഞ്ചാരത്തിന്റെ ഭാഗമായി ഗസ്റ്റ് ഹൗസ് പണിയാൻ കഴിയില്ല. ആയതിനാൽ ഗസ്റ്റ് ഹൗസ് പണിയാൻ സംസ്ഥാന ടൂറിസം വകുപ്പ് ഉൾപ്പെടെ വനം വകുപ്പ് ആർക്കും അനുമതി നൽകിയിട്ടില്ല.

പെരിയാർ ടൈഗർ റിസർവ്വിൽ കെട്ടിടങ്ങൾ പണിയുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

**ഇടുക്കിയിലെ ആന സവാരി കേന്ദ്രങ്ങൾ**

127(4995) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആനസവാരിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര ആനകളുണ്ടെന്നും അവയുടെ ഉടമസ്ഥർ ആരാണെന്നും അറിയിക്കുമോ;

(സി) ഇത്തരം സവാരി കേന്ദ്രങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിച്ച് നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കിയിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആന സവാരി കേന്ദ്രങ്ങൾക്ക് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ നാട്ടാന പരിപാലന ചട്ടലംഘനം ഉണ്ടായാൽ നിയമ നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു. 2012-ലെ നാട്ടാന പരിപാലന ചട്ടത്തിൽ ആനകളുടെ പുറത്തുകയറ്റാവുന്ന ഭാരത്തിന്റെ അളവ് ഉയരത്തിന് ആനുപാതികമായി രേഖപ്പെടുത്തിയിട്ടുണ്ട്. അനുവദനീയമായതിൽ കൂടുതൽ ഭാരം കയറ്റി സവാരി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വനം വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇടുക്കി ജില്ലയിൽ 9 ആന സവാരി കേന്ദ്രങ്ങളിലായി 43 ആനകളെ സവാരിക്കായി ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സീസൺ അനുസരിച്ച് ആനകളുടെ എണ്ണത്തിൽ വ്യത്യാസം വരാറുണ്ട്. സവാരിക്കായി ഉപയോഗിക്കുന്ന ആനകൾ കേരളത്തിലെ വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആനകളെ സവാരിക്കായി മാറിമാറി ഉപയോഗിക്കുന്നതായി കാണുന്നുണ്ട്. നിലവിലെ ആനകളുടെയും ഉടമസ്ഥരുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നാട്ടാന പരിപാലന ചട്ടത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വനം വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ആന സവാരി പെർഫോമിംഗ് ആനിമൽ വിഭാഗത്തിൽപ്പെടുന്നതിനാൽ ഇതിനായി ഉപയോഗിക്കുന്ന ആനകളെ 2001-ലെ പെർഫോമിംഗ് ആനിമൽസ് (രജിസ്ട്രേഷൻ) ചട്ടപ്രകാരം ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയിൽ രജിസ്റ്റർ ചെയ്യേണ്ടതും അനുമതി ലഭിക്കേണ്ടതുമാണ്. മേൽനടപടിയിൽ വീഴ്ച കാണുന്നപക്ഷം നിയമ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ കളക്ടറാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നീലക്കുറിഞ്ഞി മേഖലയുടെ സംരക്ഷണത്തിനായി നടപടികൾ

128(T4996) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വ സസ്യ സംരക്ഷണത്തിനായി സംസ്ഥാനത്ത് ആദ്യമായി രൂപീകരിച്ച നീലക്കുറിഞ്ഞി മേഖലയുടെ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2006 ഒക്ടോബർ 7- ാം തീയതി നീലക്കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം ഉണ്ടായത് ഭൂപതിവ് നിയമ പ്രകാരം പട്ടയം ലഭിച്ച ഭൂമിയെ ഇതിൽ നിന്നും ഒഴിവാക്കിയായിരുന്നോ എന്നറിയിക്കാമോ ;

(സി) വ്യാജ പട്ടയം ഉപയോഗിച്ചുള്ള കയ്യേറ്റവും അനധികൃത ഭൂമി കയ്യേറ്റങ്ങളും ഒഴിപ്പിച്ച് നടപടികൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം ഇറക്കുവാൻ ദേവികുളം സബ്കളക്ടറെ 2007-ൽ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; അന്തിമ വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പ്രാദേശീക രാഷ്ട്രീയ പാർട്ടികളുടെ എതിർപ്പ് മൂലം ഭൂരേഖകൾ പരിശോധിച്ച് യഥാർത്ഥ പട്ടയമുള്ള കർഷകരെ കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഇ) മുൻ ദേവികുളം സബ് കളക്ടർ ഭൂരേഖകൾ പരിശോധിക്കുവാൻ നടത്തിയ ശ്രമം, കർഷക സംഘം ദേവികുളം ആർ.ഡി.ഒ. ഓഫീസിന് മുന്നിൽ സമരം നടത്തി പരാജയപ്പെടുത്തിയിരുന്നോ;

(എഫ്) കുറിഞ്ഞി ഉദ്യാനത്തിൽ വ്യാപകമായി ഭൂമികയ്യേറ്റം ഉണ്ടായിട്ടുള്ളതായി, ദേശീയ ഹരിത ട്രൈബ്യൂണലിൽ ദേവികുളം സബ് കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

---

T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ പരിപാലനത്തിനായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, വൈദേശീയ കള നിർമ്മാർജ്ജനം, കഞ്ചാവ് റെയ്ഡുകൾ, പ്രൊട്ടക്ഷൻ ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ അനുശാസിക്കുന്നവിധം സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

കൂടാതെ ടി പ്രദേശത്തിന്റെ സംരക്ഷണം, കയ്യേറ്റമൊഴിപ്പിക്കൽ, ഭൂമിയുമായി ബന്ധപ്പെട്ട മറ്റ് പരിശോധനകൾ എന്നിവ നടത്തുന്നതിനായി 3-5-2014-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 177/14/റവ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നിവേദിത പി. ഹരന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് സർക്കാർ 16-2-2015-ൽ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ69/15/റവ. പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി ഉത്തരവുപ്രകാരം ടി മേഖലയിലെ എല്ലാ തണ്ടപ്പേരുകളുടെയും പരിശോധന ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസ് മുഖേന നടത്തിവരുന്നു.

(ബി) നീലക്കുറിഞ്ഞി ഉദ്യാന പ്രഖ്യാപനം വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 62, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 എന്നിവ ഉൾപ്പെടെ 32 ച.കി.മീ. സ്ഥലം ഉൾപ്പെടുത്തിയാണ് നടത്തിയത്. ഉദ്ദേശം 3200 ഹെക്ടർ കുറിഞ്ഞിമല വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഇൻഡക്ഷൻ നോട്ടിഫിക്കേഷനിൽ പട്ടയമുള്ള സ്ഥലങ്ങൾ ഒഴിവാക്കിയിരുന്നു. എങ്കിലും അതിരളവുകൾ പൂർത്തിയായാൽ മാത്രമേ ഇക്കാര്യം വ്യക്തമാവുകയുള്ളൂ.

(സി) നടപടികൾ പൂർത്തിയാക്കി അന്തിമവിജ്ഞാപനം ഇറക്കുവാൻ ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ ഭാഗമായി അവകാശവാദങ്ങൾ തീർപ്പാക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. സബ് കളക്ടർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെയും പ്രദേശ വാസികളുടെയും കരിദിനം ആചരിക്കൽ അടക്കമുള്ള വ്യാപക പ്രതിഷേധം ഉണ്ടാകുകയും ക്രമസമാധാന പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തതിനാൽ പട്ടയത്തിന്റെ സാധുത സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ കക്ഷികളെ നേരിൽ കേൾക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള നടപടികൾ തടസ്സപ്പെട്ടിരുന്നു.

(ഇ) ഭൂരേഖകൾ പരിശോധിക്കുവാൻ ശ്രമം നടത്തിയപ്പോൾ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിനുമുമ്പിൽ സമരം നടക്കുകയുണ്ടായി.

(എഫ്) അത്തരത്തിലൊരു റിപ്പോർട്ട് നൽകിയിട്ടില്ല.

**നീലക്കുറിഞ്ഞി സങ്കേതവുമായി ബന്ധപ്പെട്ടുള്ള നടപടികൾ**

129 (T4997) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി സങ്കേതമായി വിജ്ഞാപനം ചെയ്തിട്ടുള്ള മൂന്നാറിലെ പ്രദേശങ്ങളിൽ പട്ടയഭൂമിയുണ്ടോ, ഭൂമികയ്യേറ്റം നടത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിന് സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ദേവികുളം സബ്കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സർവ്വേ നടപടികൾക്ക് പ്രദേശവാസികളുടെയും, രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്; കയ്യേറ്റഭൂമി എത്രയുണ്ട്; കൈവശ സ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ; ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങളുണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തരമായി തീർപ്പാക്കാനും ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റവന്യൂ, വനം, പോലീസ് എന്നീ വകുപ്പുദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23-11-2017-ലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥലം നേരിൽ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരുടെ ഒരു യോഗം നടത്തുന്നതിനും റവന്യൂ, വനം, വൈദ്യുതി എന്നീ വകുപ്പുമന്ത്രിമാരെ നിയോഗിച്ചിരുന്നു. പ്രസ്തുത മന്ത്രിമാർ 11-12-2017-ൽ കുറിഞ്ഞിമല സന്ദർശിക്കുകയും 12-12-2017-ൽ വിവിധ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഓരോ മന്ത്രിമാരും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വനം വകുപ്പിലെ താത്കാലിക ജീവനക്കാർ

130 (4998) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; ഏതെല്ലാം തസ്തികകളിലാണ് ഇവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും, ഇവർ ആരെല്ലാമാണെന്നുമുള്ള വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ ഒരു താൽക്കാലിക ജീവനക്കാരിയെ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടും 13 താല്ക്കാലിക വാച്ചർമാരെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ടും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി സി. സി. സരസമ്മാൾ | പാർട്ട് -ടൈം സ്വീപ്പർ |
| 2 | ശ്രീ. കെ. ബാലസുബ്രഹ്മണ്യൻ | വാച്ചർ |
| 3 | ശ്രീ. റ്റി. ആർ. രമേശ് | വാച്ചർ |
| 4 | ശ്രീ. കെ. ചന്ദ്രൻ | വാച്ചർ |
| 5 | ശ്രീ. ടി. വി. അജി | വാച്ചർ |
| 6 | ശ്രീ. ശേഖർ | വാച്ചർ |
| 7 | ശ്രീ. ജി. ഗംഗാധരൻ | വാച്ചർ |
| 8 | ശ്രീ. ബി. തുളസീധരൻ | വാച്ചർ |
| 9 | ശ്രീ. ചന്ദ്രൻ കാണി | വാച്ചർ |
| 10 | ശ്രീ. അനിൽ കുമാർ | വാച്ചർ |
| 11 | ശ്രീ. പി. സൈമൻ | വാച്ചർ |
| 12 | ശ്രീ. ആർ. ഉണ്ണിക്കൃഷ്ണപിള്ള | വാച്ചർ |
| 13 | ശ്രീ. അബ്ബാസ് എ. കെ. | വാച്ചർ |
| 14 | ശ്രീ. കെ. എം. പ്രകാശൻ | വാച്ചർ |

## വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ വർക്കിംഗ് അറേഞ്ച്മെന്റിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ

131 (4999) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമന ഉത്തരവ് നൽകി; ഇവരിൽ എത്രപേർ ഏതൊക്കെ സെക്ഷനുകളിൽ നിലവിൽ ജോലിചെയ്യുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിചെയ്യുന്നതിന് വനം വകുപ്പുദ്യോഗസ്ഥരുടെ പാനൽ തയ്യാറാക്കിയിരുന്നുവോ; ഇല്ലെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം ലഭിച്ചവരുടെ ആദ്യം ഉണ്ടായിരുന്ന തസ്തികകളിൽ പുതുതായി നിയമനം നടത്തിയിട്ടുണ്ടോ; നടത്തിയിട്ടില്ലെങ്കിൽ ഇതുമൂലം വനം വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) 4 പേർക്ക് നിയമന ഉത്തരവ് നൽകി. വനം വകുപ്പ് ആസ്ഥാനത്തെ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് ഓഫീസിനുകീഴിൽ വരുന്ന ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ 2 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി.) ഓഫീസിലും വനം വകുപ്പ് ആസ്ഥാനത്തെ എസ്റ്റേറ്റ് ഓഫീസിലും ഓരോ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തുവരുന്നു.

(ബി) പാനൽ തയ്യാറാക്കിയിട്ടില്ല. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 15-10-1992-ലെ 1015/D2/92/P&ARD നമ്പർ സർക്കുലർ പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും ചില പ്രത്യേക സാഹചര്യങ്ങളിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് വർക്കിംഗ് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുള്ളത്.

(സി) ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ലാവണം അവർ ജോലി നോക്കിയിരുന്ന ഓഫീസുകളിൽ തന്നെ തുടരുന്നതിനാൽ പകരം നിയമനം നടത്താറില്ല. നിലവിൽ മറ്റ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനം കൊണ്ട് ബുദ്ധിമുട്ടില്ലാത്ത പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## ഡ്രാഫ്റ്റ്സ്മാൻ (ഡി-മാൻ) തസ്തികയിലെ ഒഴിവുകൾ

132 (5000) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ (ഡി-മാൻ) ഗ്രേഡ് I, ഗ്രേഡ്- II തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരം നിയമനം ലഭിച്ച എത്ര പേർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികകളിൽ താൽകാലികാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ ആകെ 20 ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ സ്ഥിര നിയമനം ലഭിച്ച 10 പേർ ജോലി ചെയ്തുവരുന്നു.

(സി) ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ നിയമനം അന്യത്ര സേവന വ്യവസ്ഥയിലാണ് നടത്തുന്നത്. ആയതിനാൽ ഒഴിവുകളെല്ലാം പൊതുമരാമത്ത് വകുപ്പ്, ഭരണവിഭാഗം ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ താല്കാലികാടിസ്ഥാനത്തിൽ 9 പേർ ജോലി ചെയ്തുവരുന്നുണ്ട്.

## കാവ് സംരക്ഷണം

133 (5001) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാവുകൾ സംരക്ഷിക്കാൻ ഏതെങ്കിലും ഫണ്ട് വനം വകുപ്പിന്റെ ഭാഗത്തുനിന്നും നീക്കിവെയ്ക്കാറുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരം കാവുകളുടെ സംരക്ഷണത്തിനായി ഭാവിയിൽ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാവുകൾ മാത്രമായി സംരക്ഷിക്കുന്നതിന് ഫണ്ടുകൾ നീക്കിവച്ചിട്ടില്ലാത്തതാണ്. എന്നാൽ 2406-02-110-68-Conservation Biodiversity എന്ന ബജറ്റ് ശീർഷകത്തിൽനിന്നും ക്ഷേത്രവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ കാവുകളുടെ സംരക്ഷണത്തിനായി എല്ലാ വർഷവും ഫണ്ട് ലഭ്യമാക്കാറുണ്ട്. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ കാവുകളുടെ ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകൾ സോഷ്യൽ ഫോറസ്ട്രി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർപേഴ്സണായും ഡയറക്ടർ, കെ.എഫ്.ആർ.ഐ., പീച്ചി, ഡയറക്ടർ, റ്റി.ബി.ജി.ആർ.ഐ., പാലോട്, പ്രൊഫ. ശോഭീന്ദ്രൻ, എൻവയോൺമെന്റലിസ്റ്റ്, പ്രൊഫ. ഇ. കുഞ്ഞികൃഷ്ണൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ്, അയ്യപ്പ സേവാ സംഘം പ്രസിഡന്റ് എന്നിവർ അംഗങ്ങളായുള്ള സംസ്ഥാനതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കാവുകൾ സംരക്ഷിക്കുന്നതിനായി ധനസഹായം നൽകിവരുന്നു.

(ബി) വരുംവർഷങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മേൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ തുടർന്നും കാവുകളെ സംരക്ഷിക്കുന്നതാണ്.

## വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

134 (5002) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇപ്പോഴും ചന്ദന മോഷണവും കാട്ടുതടികൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നതുമായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പ് ചന്ദന മോഷണ കേസുകളും വൈൽഡ് ലൈഫ് കേസുകളും മറ്റ് വനം കേസുകളും ഉൾപ്പെടെ ആകെ 1637 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നം. | സർക്കിൾ | ചന്ദനം സംബന്ധിച്ചുള്ള കേസുകൾ (എണ്ണം) | കാട്ടുതടികൾ സംബന്ധിച്ചുള്ള കേസുകൾ (എണ്ണം) |
|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 30 | 52 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 18 | 143 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 25 | 63 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 57 | 28 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 38 | 38 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 0 | 0 |
| 7 | ഫീൽഡ് ഡയറക്ടർ, കോട്ടയം | 3 | 0 |
| 8 | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ, പാലക്കാട് | 4 | 9 |
| | **ആകെ** | **175** | **333** |

## പാറശ്ശാല നിയോജകമണ്ഡലത്തിലെ റിസർവ്ഡ് വനമേഖല

135 (5003) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ റിസർവ്ഡ് വനമേഖലയായി എത്ര പ്രദേശമാണ് ഉള്ളതെന്നും അത് ഏതൊക്കെ പഞ്ചായത്തിലാണെന്നും അറിയിക്കാമോ ;

(ബി) അമ്പൂരി പഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഭൂമി ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ ;

(സി) പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമി മറ്റ് ഏതെങ്കിലും വകുപ്പുകൾക്ക് പാട്ടവ്യവസ്ഥ പ്രകാരം നൽകിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ റിസർവ്ഡ് വനമേഖലയായി 89.26 ച.കി.മീ. പ്രദേശമാണുള്ളത്. പ്രസ്തുത പ്രദേശം കള്ളിക്കാട്, അമ്പൂരി, വെള്ളറട എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ്.

(ബി) അമ്പൂരി പഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ 32 ച.കി.മീ. വനഭൂമി നിലവിലുണ്ട്.

(സി) പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഒരു വകുപ്പുകൾക്കും പാട്ടവ്യവസ്ഥ പ്രകാരം നൽകിയിട്ടില്ല.

## കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതി

136 (5004) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതിയിൽ വർദ്ധനവ് വന്നിട്ടുണ്ടോ;

(ബി) നിലവിൽ ജില്ലയിൽ എത്ര ഹെക്ടർ വനം ഉണ്ടെന്നും വന വിസ്തൃതിയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്നും അറിയിക്കാമോ;

(സി) വേനൽക്കാലത്ത് കാട്ടുതീ പോലുള്ള വിപത്തുകൾ തടയാൻവേണ്ടി ജില്ലയിൽ എന്തൊക്കെ മുൻകരുതലുകളാണെടുത്തതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ കോഴിക്കോട് ജില്ലയിലെ വനം വിസ്തൃതിയിൽ മാറ്റം വന്നിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിലെ വനവിസ്തൃതി 30905.60 ഹെക്ടർ ആണ്. ജില്ലയിലെ വനം വിസ്തൃതിയിൽ മാറ്റം വന്നിട്ടില്ല.

(സി) കോഴിക്കോട് ഡിവിഷനിലെ വനഭാഗങ്ങളിൽ ഭൂരിഭാഗവും നിത്യഹരിത/അർദ്ധ നിത്യഹരിത വനങ്ങളാണ്. അതുകൊണ്ട് കാട്ടുതീ കുറവായ വനപ്രദേശങ്ങളാണിവിടെയുള്ളത്. കാട്ടുതീ തടയുന്നതിനാവശ്യമായ ഫയർ ലൈൻ രൂപീകരിക്കുകയും ആവശ്യമായ ദിവസ വേതനക്കാരെ വനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫയർ വാച്ചർമാരായി നിയോഗിച്ചിട്ടുമുണ്ട്. ജീവനക്കാർക്ക് കാട്ടുതീ തടയുന്നതിനാവശ്യമായ പരിശീലനം ഫയർ & റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്. കൂടാതെ വനത്തോട് ചേർന്നിടങ്ങളിൽ താമസിക്കുന്നവർക്കിടയിൽ കാട്ടുതീ തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.

## പറമ്പിക്കുളം സുങ്കം ആദിവാസി കോളനി

137 (5005) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം സുങ്കം ആദിവാസി കോളനിക്കാർ താമസത്തിനും മറ്റും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) നിലവിൽ സുങ്കം കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും ഇതിനായി ഇവർക്ക് എത്ര ഭൂമിയാണ് അനുവദിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ;

(സി) ഇവിടെയുള്ള കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി ഭൂമി നൽകാൻ ആവശ്യമായ എന്തെങ്കിലും പദ്ധതി വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടില്ല.

(ബി) നിലവിൽ സുങ്കം കോളനിയിൽ 97-ലധികം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവർക്ക് ആകെ 2.188 ഹെക്ടർ വനഭൂമിയാണ് അനുവദിച്ചിട്ടുള്ളത്.

(സി) സുങ്കം കോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനായി ഭൂമി നൽകുന്ന പദ്ധതിയൊന്നും വനം വകുപ്പ് നിലവിൽ ആവിഷ്കരിച്ചിട്ടില്ല.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും സംരക്ഷണം

138 (T 5006) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണമടഞ്ഞ ആളുകൾ എത്രയെന്നും പരിക്കേറ്റവർ എത്രയെന്നും നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഇങ്ങനെയുള്ള ഉപദ്രവകാരികളായ വന്യജീവികളെ ജനങ്ങൾക്ക് കൊല്ലുവാൻ ആവശ്യമായ ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണമടഞ്ഞ ആളുകൾ എത്രയെന്നും പരിക്കേറ്റവർ എത്രയെന്നും നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | മരണമടഞ്ഞവർ (എണ്ണം) | | പരിക്കേറ്റവർ (എണ്ണം) | നഷ്ടപരിഹാരം (രൂപയിൽ |
|---|---|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി | | |
| തിരുവനന്തപുരം | 5 | 9 | 42 | 28,21,290 |
| കൊല്ലം | 1 | 11 | 94 | 30,89,724 |
| പത്തനംതിട്ട | 1 | 19 | 101 | 45,30,779 |
| ആലപ്പുഴ | 0 | 10 | 0 | 10,00,000 |
| കോട്ടയം | 0 | 9 | 27 | 12,38,426 |
| ഇടുക്കി | 0 | 2 | 37 | 6,27,323 |
| എറണാകുളം | 13 | 8 | 93 | 76,47,003 |
| തൃശ്ശൂർ | 1 | 28 | 176 | 84,32,000 |
| പാലക്കാട് | 15 | 51 | 144 | 1,78,71,605 |
| മലപ്പുറം | 5 | 17 | 59 | 66,95,000 |
| കോഴിക്കോട് | 0 | 3 | 10 | 16,07,000 |
| വയനാട് | 13 | 2 | 69 | 91,19,384 |
| കണ്ണൂർ | 4 | 15 | 488 | 1,10,39,500 |
| കാസർഗോഡ് | 0 | 3 | 191 | 65,02,200 |
| | 58 | 187 | 1531 | 8,22,21,234 |

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളിൽനിന്നും സംരക്ഷണം നൽകാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
2. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.
10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(സി) നിലവിലില്ല.

**വന്യമൃഗ സംരക്ഷണം**

139 (5007) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങി കൃഷിയും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വനമേഖലയിലെ നീർത്തടങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും വന്യജീവികളുടെ ആഹാരലഭ്യത വനങ്ങളിൽത്തന്നെ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി കൃഷിയും മറ്റും നശിപ്പിക്കുന്നത് കണക്കിലെടുത്ത് വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസുകൾ (Waterhole, Vayals, Water spread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പ് പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറയ്ക്കുകയുണ്ടായി. ആവശ്യമുള്ളപക്ഷം ഈ വർഷവും ഇത്തരം പ്രവൃത്തികൾ തുടരുന്നതാണ്.

**ഏറനാട് മണ്ഡലത്തിൽ വന്യജീവി ആക്രമണം**

140 (5008) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്തവരുടെ കുടുംബാംഗങ്ങൾക്ക് ആനുകൂല്യങ്ങളും നഷ്ടപരിഹാര തുകകളും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിക്കും വീടുകൾക്കും മനുഷ്യജീവനും നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റ രണ്ടുപേർക്ക് നഷ്ടപരിഹാരമായി 1,16,650 രൂപ നൽകിയിട്ടുണ്ട്.

(ബി) ഏറനാട് നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിക്കും വീടുകൾക്കും മനുഷ്യജീവനും നഷ്ടം സംഭവിക്കുന്നത് ലഘൂകരിക്കുന്നതിനായി സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**വന്യജീവി ആക്രമണം**

141 (5009) <u>ശ്രീ. എൻ . എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് എത്ര തുക നഷ്ട പരിഹാരമായി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരമായി നൽകിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി നൽകിയ തുക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി നൽകിയ തുക എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി നൽകിയ തുക ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 34.00 |
| കൊല്ലം | 48.00 |
| പത്തനംതിട്ട | 15.00 |
| ആലപ്പുഴ | 28.00 |
| കോട്ടയം | 23.00 |
| ഇടുക്കി | 66.00 |
| എറണാകുളം | 39.00 |
| തൃശ്ശൂർ | 100.00 |
| പാലക്കാട് | 157.00 |
| മലപ്പുറം | 56.00 |
| കോഴിക്കോട് | 33.00 |
| വയനാട് | 64.00 |
| കണ്ണൂർ | 76.00 |
| കാസർഗോഡ് | 24.00 |
| ആകെ | 763.00 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നാളിതുവരെ നൽകിയ നഷ്ടപരിഹാരം (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 24.25 |
| കൊല്ലം | 18.50 |
| പത്തനംതിട്ട | 11.00 |
| ആലപ്പുഴ | 10.00 |
| കോട്ടയം | 8.00 |
| ഇടുക്കി | 22.00 |
| എറണാകുളം | 19.90 |
| തൃശ്ശൂർ | 45.00 |
| പാലക്കാട് | 107.00 |
| മലപ്പുറം | 29.00 |
| കോഴിക്കോട് | 13.00 |
| വയനാട് | 41.00 |
| കണ്ണൂർ | 25.00 |
| കാസർഗോഡ് | 3.00 |
| ആകെ | 376.65 |

(സി) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരമായി നൽകിവരുന്ന തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ | 22-3-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 32/ 2013/ വനം. |
| 2 | വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000 രൂപ. പട്ടിക വർഗ്ഗ ക്കാർക്ക് പരിധി യില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) | |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി 75,000 രൂപ) | |
| 4 | വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി 75,000 രൂപ) | 22-3-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 32/2013/വനം. 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 2/2015/ വനം |

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും ജീവഹാനി സംഭവിച്ചവർക്കും നഷ്ടപരിഹാരമായി നൽകിയ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നൽകിയ നഷ്ടപരിഹാരം (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 28.75 |
| കൊല്ലം | 26.85 |
| പത്തനംതിട്ട | 17.45 |
| ആലപ്പുഴ | 17.16 |
| കോട്ടയം | 13.56 |
| ഇടുക്കി | 75.61 |
| എറണാകുളം | 44.59 |
| തൃശ്ശൂർ | 51.53 |
| പാലക്കാട് | 215.84 |
| മലപ്പുറം | 136.53 |
| കോഴിക്കോട് | 60.99 |
| വയനാട് | 2050.12 |
| കണ്ണൂർ | 307.63 |
| കാസർഗോഡ് | 101.48 |
| ആകെ | 3148.09 |

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരമായി നൽകിയ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | കൃഷിനാശം സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നാളിതുവരെ നൽകിയ നഷ്ടപരിഹാരം (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 44.54 |
| കൊല്ലം | 42.51 |
| പത്തനംതിട്ട | 16.80 |
| ആലപ്പുഴ | 29.57 |
| കോട്ടയം | 6.82 |
| ഇടുക്കി | 32.90 |
| എറണാകുളം | 58.89 |
| തൃശ്ശൂർ | 76.56 |
| പാലക്കാട് | 154.34 |
| മലപ്പുറം | 60.07 |
| കോഴിക്കോട് | 50.67 |
| വയനാട് | 240.62 |
| കണ്ണൂർ | 130.77 |
| കാസർഗോഡ് | 59.92 |
| ആകെ | 1004.98 |

## വന്യമൃഗങ്ങളുടെ ആക്രമണംമൂലം വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം

142 (5010) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകൾ തീർപ്പുകല്പിച്ചിട്ടുണ്ട്; എത്ര തുകയാണ് നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ് എന്നീ കൃഷിവിളകൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം നല്കുന്നത്;

(സി) പ്രസ്തുത വിളകൾക്കുള്ള നഷ്ടപരിഹാരം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 466 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. ആയതിൽ 172 അപേക്ഷകൾ തീർപ്പുകല്പിച്ചിട്ടുണ്ട്. 14,30,286 രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക്, കശുമാവ് എന്നീ കൃഷി വിളകൾക്ക് നഷ്ടപരിഹാരമായി 8-5-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം ചുവടെ പറയും പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തുവരുന്നു:

| | |
|---|---|
| തെങ്ങ് കുലച്ചത് | 770 രൂപ |
| തെങ്ങ് കുലയ്ക്കാത്തത് | 385 രൂപ |
| തെങ്ങ് 1 വർഷം വരെ പ്രായമായത് | 110 രൂപ |
| കവുങ്ങ് കായ്ക്കുന്നത് | 165 രൂപ |
| കവുങ്ങ് കായ്ക്കാത്തത് | 110 രൂപ |
| റബ്ബർ കറയെടുക്കുന്നത് | 330 രൂപ |
| റബ്ബർ കറ എടുക്കാത്തത് | 220 രൂപ |
| കുരുമുളക് കായ്ക്കുന്നത് | 83 രൂപ |
| കശുമാവ് കായ്ക്കുന്നത് | 165 രൂപ |
| കശുമാവ് 3 വർഷത്തിന് മുകളിൽ കായ്ക്കാത്തത് | 110 രൂപ |

(സി) കാർഷിക വിളകൾക്ക് നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലുണ്ട്.

## വന്യജീവികളുടെ ആക്രമണം

143 (5011) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി നശിപ്പിച്ച് ശല്യം ചെയ്യുന്ന കാട്ടുമൃഗങ്ങളെ കൊല്ലുന്നതിന് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | മരണമടഞ്ഞവരുടെ എണ്ണം | |
|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി |
| തിരുവനന്തപുരം | 5 | 9 |
| കൊല്ലം | 1 | 11 |
| പത്തനംതിട്ട | 1 | 19 |
| ആലപ്പുഴ | 0 | 10 |
| കോട്ടയം | 0 | 9 |
| ഇടുക്കി | 0 | 2 |
| എറണാകുളം | 13 | 8 |
| തൃശ്ശൂർ | 1 | 28 |
| പാലക്കാട് | 15 | 51 |
| മലപ്പുറം | 5 | 17 |
| കോഴിക്കോട് | 0 | 3 |
| വയനാട് | 13 | 2 |
| കണ്ണൂർ | 4 | 15 |
| കാസർഗോഡ് | 0 | 3 |
| **ആകെ** | **58** | **187** |

(ബി) വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതവും വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ വീതവുമാണ് നിലവിലെ ചട്ടപ്രകാരം നഷ്ടപരിഹാരമായി നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവികളുടെ ആക്രമണത്തിന് ഇരയായി സംസ്ഥാനത്ത് നാളിതുവരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക്, ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 377.00 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ ലഭിച്ച അപേക്ഷകളും ഇതിൽ ഉൾപ്പെടും.

(സി) ഇത്തരം ഉത്തരവുകളൊന്നും നിലവിലില്ല.

## വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം

144 (5012) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം എത്ര രൂപ വിതരണം ചെയ്തു; എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുള്ളത്;

(ബി) 2017-18 സാമ്പത്തിക വർഷം ഇതേവരെ എത്ര കോടി രൂപ വിതരണം ചെയ്തു;

(സി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 9,63,89,552 രൂപ വിതരണം ചെയ്തു. 7765 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

(ബി) 2017-18 സാമ്പത്തിക വർഷം ഇതുവരെ 7,45,00,311 രൂപ വിതരണം ചെയ്തു.

(സി) 6369 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽപരിക്കേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം

145 (5013) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽ പരിക്കേൽക്കുന്നവർക്ക് വനം വകുപ്പ് നൽകിവരുന്ന നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിന് നിയമക്കുരുക്കുകളാൽ കാലതാമസമുണ്ടാകുന്നുവെന്ന പരാതികൾ ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) അപേക്ഷ ലഭിച്ചശേഷം ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ഇപ്പോൾ ശരാശരി എത്ര സമയം എടുക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷ അക്ഷയകേന്ദ്രം മുഖേന ഇ-ഡിസ്ട്രിക്ട് വഴി ഓൺലൈനായി ബന്ധപ്പെട്ട ഫോറസ്റ്റ് റെയിഞ്ചാഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യമായ പരിശോധന നടത്തി അതാത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്ക് സമർപ്പിക്കുകയും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ നഷ്ടപരിഹാര തുക നിജപ്പെടുത്തി അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(സി) ആവശ്യമുള്ള രേഖകളോടൊപ്പം ലഭിക്കുന്ന അപേക്ഷയിന്മേൽ വനം വകുപ്പുദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തി നഷ്ടപരിഹാരത്തിന് അർഹതയുണ്ടെന്ന് കാണുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 30 ദിവസത്തിനുള്ളിൽ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്.

## പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം

146 (5014) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം എത്രയാണ്;

(ബി) 24-4-2014 ന് പാമ്പുകടിയേറ്റ് മരണപ്പെട്ട ബിജുവിന്റെ മാതാവ് തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗണേശമംഗലം പി.ഒ.യിൽ കിഴക്കേപ്പാട്ട് വീട്ടിൽ ശ്രീമതി മല്ലികയ്ക്ക് അനുവദിച്ച ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ. മുഖേന സമർപ്പിച്ച അപേക്ഷ പ്രകാരം ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1980-ലെ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ്-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 17-11-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) 96/2014/വനം പ്രകാരം വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നയാളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും വനത്തിനുള്ളിൽവച്ച് പാമ്പുകടിയേറ്റോ വന്യജീവികളുടെ ആക്രമണത്തിലോ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗണേശമംഗലം -പി.ഒ.-യിൽ കിഴക്കേപ്പാട്ട് വീട്ടിൽ ശ്രീമതി മല്ലികയുടെ മകൻ ബിജു, 24-4-2014-ന് പാമ്പുകടിയേറ്റ് മരണപ്പെട്ടത് വനത്തിന് പുറത്തുവച്ചാണ്. നിലവിലെ ചട്ടപ്രകാരം പരേതന്റെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം വനം വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകാൻ നിലവിലെ ചട്ടപ്രകാരം വ്യവസ്ഥയില്ല.

## വന്യജീവികൾ നാട്ടിലിറങ്ങുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് പഠനം

147 (5015) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങുന്നതിനുള്ള സാഹചര്യങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നം സംബന്ധിച്ച് ആധികാരിക പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് മുൻകൂട്ടി കണ്ട് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറുമായി 1-2-2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 04/2011/ വനം പ്രകാരം പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മിറ്റി 3-5-2011-ൽ സർക്കാരിന് ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

**ചെക്ക് പോസ്റ്റുകളിൽ കന്നുകാലികൾക്ക് ആരോഗ്യ പരിശോധന**

148 (5016) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കായി ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന കന്നുകാലികളുടെ ആരോഗ്യ പരിശോധന ചെക്ക് പോസ്റ്റുകളിൽ നിലവിൽ നടത്തിവരുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് മൃഗസംരക്ഷണ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

1. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിക്കാൻ വിവിധ ജില്ലകളിലായി സംസ്ഥാന അതിർത്തികളിൽ 18 ചെക്ക് പോസ്റ്റുകൾ 24 മണിക്കൂർ നേരവും പ്രവർത്തിച്ചുവരുന്നു.
2. എല്ലാ ചെക്ക് പോസ്റ്റുകളിലും ഒരു ഫീൽഡ് ഓഫീസർ, മൂന്ന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, രണ്ട് അറ്റന്റർ എന്നിവർ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ചെക്ക് പോസ്റ്റുവഴി കടന്നുവരുന്ന ഉരുക്കളെ ഭൗതിക പരിശോധന നടത്തി അവർ നൽകുന്ന AWBI നിർദ്ദേശ പ്രകാരമുള്ള ആരോഗ്യ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലാണ് രണ്ട് രൂപ പരിശോധന ഫീസ് ഈടാക്കി ഓരോ ഉരുക്കളെയും കടത്തിവിടുന്നത്.

4. പക്ഷിപ്പനി, കുളമ്പുരോഗം തുടങ്ങിയവ സംസ്ഥാനത്തോ അന്യ സംസ്ഥാനങ്ങളിലോ ഉണ്ടെന്ന് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് രക്തപരിശോധനയും ചെക്ക് പോസ്റ്റിൽ നടത്തിവരുന്നു.

5. രോഗമുണ്ടെന്ന് പ്രഥമദൃഷ്ട്യാ സംശയിക്കുന്ന ഉരുക്കളെ കയറ്റിവരുന്ന വണ്ടികളെയും അനുവദനീയമായതിൽ കൂടുതൽ ഉരുക്കളെ തിക്കിത്തിരക്കി ആരോഗ്യ സർട്ടിഫിക്കറ്റില്ലാതെ വരുന്ന വണ്ടികളെയും തിരിച്ചുവിടാറുണ്ട്.

**മൃഗസംരക്ഷണത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ഫണ്ട്**

149 (5017) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിൽനിന്നും 2014-15 മുതൽ 2017-18 വരെ മൃഗസംരക്ഷണത്തിനായി എത്ര തുക ഫണ്ട് ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര ചെലവഴിച്ചു; ഫണ്ട് മുഴുവൻ ഗഡുവും ലഭ്യമായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

ഉത്തരം

2014-15 മുതൽ 2017-18 വരെ മൃഗസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും വിവിധ പദ്ധതികൾക്കായി 2259.60 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ലഭ്യമായ എല്ലാ തുകയും ചെലവഴിച്ചിട്ടുണ്ട്. ഫണ്ട് മുഴുവൻ ഗഡുവും ലഭ്യമാക്കിയിട്ടുണ്ട്.

**കന്നുകാലി സെൻസസ്**

150 (5018) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് അവസാനമായി നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്തെ വളർത്തുപശുക്കളുടെ എണ്ണം എത്രയായിരുന്നു;

(ബി) ഈ കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ വളർത്തുപശുക്കളുടെ എണ്ണത്തിൽ വ്യാപകമായ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കന്നുകാലി സെൻസസ് അവസാനമായി നടത്തിയത് എന്നാണ്; അതിൻപ്രകാരം കന്നുകാലികളുടെ എണ്ണം എത്രയായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2012-ലെ അവസാനത്തെ കന്നുകാലി സെൻസസ് പ്രകാരം 1328630 വളർത്തുപശുക്കളെയാണ് കേരളത്തിൽ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. 2012-ലെ കന്നുകാലി സെൻസസിനുമുമ്പ് 2007-ലാണ് കന്നുകാലി സെൻസസ് നടത്തിയിട്ടുള്ളത്. 2007-ലെ സെൻസസ് പ്രകാരം 1740120 വളർത്തുപശുക്കൾ കേരളത്തിൽ എണ്ണിത്തിട്ടപ്പെടുത്തിയിരുന്നു. വളർത്തു പശുക്കളുടെ എണ്ണത്തിൽനിന്നും 23.65 ശതമാനം കുറവാണ് 2012-ലെ സെൻസസിലെ വളർത്തുപശുക്കളുടെ എണ്ണത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് അവസാനമായി കന്നുകാലി സെൻസസ് നടത്തിയിട്ടുള്ളത് 2012-ലാണ്. ആയതുപ്രകാരമുള്ള കന്നുകാലികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പശുക്കൾ/കാളകൾ | - | 1328630 |
| എരുമകൾ/പോത്തുകൾ | - | 102270 |
| ആകെ കന്നുകാലികൾ | - | 1430900 |

**ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

151 (5019) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) കൂടുതൽ യുവാക്കളെ ഇതിലേക്ക് ആകർഷിക്കുന്നതിലേക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പാറശ്ശാല, അട്ടപ്പാടി, കൊമ്മേരി എന്നിവിടങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ആട് ഫാമുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ജേഴ്സി ഫാം, വിതുര, ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ, കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, ഹൈടെക് ഡെയറി ഫാം, കുരിയോട്ടുമല എന്നീ കന്നുകാലി ഫാമുകളോടനുബന്ധിച്ച് ആട് വളർത്തൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ആട്ടിൻകുട്ടികളെ കർഷകരുടെ ആവശ്യാനുസരണം മുൻകൂർ ബുക്കിംഗിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം യൂണിറ്റൊന്നിന് (5 പെണ്ണാട് + 1 മുട്ടനാട്) 25,000 രൂപ വീതം സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 920 സാറ്റലൈറ്റ് ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ചു. 2018-19 സാമ്പത്തിക വർഷം യൂണിറ്റൊന്നിന് (5 പെണ്ണാട് + 1 മുട്ടനാട്) 25,000 രൂപ വീതം സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 1200 സാറ്റലൈറ്റ് ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകരുടെ ആവശ്യാനുസരണം വിതരണം നടത്തുന്നതാണ്. 2018-19-ൽ അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് എന്ന നൂതന പദ്ധതി പ്രകാരം യൂണിറ്റൊന്നിന് (19 പെണ്ണാട് + 1 മുട്ടനാട്) ഏകദേശം 1 ലക്ഷം രൂപ സബ്സിഡി നൽകി സംസ്ഥാനമൊട്ടാകെ 200-ഓളം യൂണിറ്റുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള ആട് വളർത്തലിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനായി സെമിനാറൊന്നിന് 1,05,000 രൂപ ചെലവഴിച്ച് 22 സംരംഭക സെമിനാറുകൾ 2017-18 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ നടത്തി. 2018-19 നടപ്പുസാമ്പത്തിക വർഷത്തെ മാതൃകയിൽ തന്നെ സംരംഭക സെമിനാറുകൾ നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള 9 ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ വഴി ആടുവളർത്തലിൽ സൗജന്യ പരിശീലന പരിപാടികൾ സംരംഭകർക്കായി നൽകിവരുന്നു.

**കേരളത്തിലെ കോഴി കർഷകരുടെ പ്രശ്നങ്ങൾ**

152 (5020) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോഴിക്കർഷകരെയും ഫാമുകളെയും ഇല്ലാതാക്കാനുള്ള ആസൂത്രിത നീക്കത്തിന്റെ ഭാഗമായി, കോഴിക്കുഞ്ഞിനും കോഴിത്തീറ്റയ്ക്കും വിലവർദ്ധിപ്പിക്കുന്നതിനും കോഴി ഇറച്ചിയുടെ വില കുറയ്ക്കുന്നതിനും അന്യ സംസ്ഥാന ലോബികൾ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കൃഷിക്കായി പ്രവാസി ലോണുകൾ എടുത്തതിനെ തുടർന്ന് ജപ്തി നടപടികൾ നേരിടുന്ന കർഷകർക്കായി ഏതെങ്കിലും ആശ്വാസ പദ്ധതികൾ ആരംഭിക്കുന്നുണ്ടോ;

(സി) ആവശ്യമായ കോഴിയും കോഴിത്തീറ്റയും സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(ഡി) സംസ്ഥാനത്ത് കോഴിയുടെ വില ഏകീകരണം സാധ്യമാക്കുമോ;

(ഇ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അന്യസംസ്ഥാനക്കാർ കേരളത്തിൽ കയ്യടക്കിയിട്ടുള്ള ഫാമുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(സി) മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടി ഒരു സെൻട്രൽ ഹാച്ചറിയും 6 മേഖലാ കോഴി വളർത്തൽ കേന്ദ്രങ്ങളും 2 ജില്ലാ കോഴി വളർത്തൽ കേന്ദ്രങ്ങളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രങ്ങൾ വഴി ഗുണമേന്മയുള്ള കോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികൾ വഴി സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്തുവരുന്നു. കൂടാതെ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിരണത്ത് ഒരു താറാവ് വളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നു. ഈ കേന്ദ്രത്തിൽനിന്ന് ഗുണമേന്മയുള്ള താറാവിൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളിലൂടെയും നേരിട്ടും കർഷകർക്ക് വിതരണം ചെയ്യുന്നു. കോഴി കുഞ്ഞുങ്ങളുടെ ഉല്പാദനം കൂട്ടുന്നതിന് മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലയിലെ ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂർ തോട്ടത്തറ ഹാച്ചറി 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കും. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ ആതവനാട് കോഴി വളർത്തൽ കേന്ദ്രത്തിൽ ഹാച്ചറി പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിത്തീറ്റയുടെ ഉല്പാദന സംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിലാണ് നിലവിലുള്ളത്.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകൃത നിരക്കിലാണ് സർക്കാർ അംഗീകൃത നഴ്സറികൾക്ക് വിതരണം ചെയ്യുന്നത്. ഈ നഴ്സറികളിൽ വളർത്തുന്ന കോഴി കുഞ്ഞുങ്ങളെ പ്രായമനുസരിച്ച് മൃഗസംരക്ഷണ വകുപ്പ് അംഗീകരിച്ച നിരക്കിലാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനം പ്രധാനമായും സ്വകാര്യ മേഖലയിൽ നടത്തുന്നതിനാൽ മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് വിലയിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നുണ്ട്. അതുകൊണ്ട് ബ്രോയിലർ കുഞ്ഞുങ്ങളുടെ വില ഏകീകരിക്കുവാൻ കഴിയുകയില്ല.

(ഇ) അന്യസംസ്ഥാനക്കാർ കേരളത്തിൽ ഫാമുകൾ കയ്യടക്കിയിട്ടുള്ളതായ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

**സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ**

153 (5021) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ ആധുനികവത്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവ വളർത്തുന്നതിന് കൂടുതൽ ആളുകളെ പ്രേരിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ നടപ്പിലാക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ഡി) മികച്ചയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിലെ ഹാച്ചറി സൗകര്യം വിപുലീകരിക്കുന്നതിന് 4,98,000 രൂപ ചെലവഴിച്ച് സെറ്റർ വാങ്ങുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂർ തോട്ടത്തറ ഹാച്ചറി 5.82 കോടി രൂപ ചെലവഴിച്ച് ഉല്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കുന്നതിനും മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ ഹാച്ചറി പ്രവർത്തനം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി-ഡി) മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെകീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിലും കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പുവർഷം നടപ്പാക്കിവരുന്നു. കൂടാതെ 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സ്ഥാപിച്ച് മുട്ട ഉല്പാദനം കൂട്ടുവാൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു.

ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി 1000 കോഴികളടങ്ങുന്ന യൂണിറ്റുകൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആകെ 20 യൂണിറ്റുകൾ നടപ്പിലാക്കിവരുന്നു. പൈലറ്റ് പ്രോജക്ടിന്റെ അവലോകനശേഷം പദ്ധതി വ്യാപിപ്പിച്ച് സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

**കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ നടപടി**

154 (5022) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോഴിവളർത്തൽ കർഷകർക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോഴിയുടെ ഭക്ഷ്യയോഗ്യമല്ലാത്ത ഭാഗങ്ങൾ ഉപയോഗിച്ച് ഉപോത്പന്നങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എന്തൊക്കെ ഉപോത്പന്നങ്ങളാണ് ഇപ്രകാരം നിർമ്മിക്കാൻ കഴിയുന്നതെന്ന് അറിയിക്കുമോ;

(ഇ) ഇവ ഉത്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെകീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു.

കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിലും കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പുവർഷം നടപ്പിലാക്കുന്നതാണ് . കൂടാതെ 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സ്ഥാപിച്ച് മുട്ട ഉല്പാദനം കൂട്ടുവാൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു.

ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി 1000 കോഴികളടങ്ങുന്ന യൂണിറ്റുകൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആകെ 20 യൂണിറ്റുകൾ നടപ്പിലാക്കിവരുന്നു. പൈലറ്റ് പ്രോജക്ടിന്റെ അവലോകനശേഷം പദ്ധതി വ്യാപിപ്പിച്ച് സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

(ബി)

1. സംസ്ഥാനത്തെ 905 സ്കൂളുകളിലെ 50 കുട്ടികൾക്ക് 5 കോഴി കുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. ആകെ നൽകുന്ന കോഴിക്കുഞ്ഞുങ്ങൾ 226250 എണ്ണം. ഈ ഇനത്തിൽ 330 ലക്ഷം രൂപ ചെലവഴിക്കുന്നു.

2. താറാവ് വളർത്തൽ പദ്ധതി. 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നു. ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക 48.7 ലക്ഷം.

3. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതിയിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് ആകെ 56000 മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ഈ ഇനത്തിൽ 57.84 ലക്ഷം രൂപ ചെലവഴിക്കുന്നു.

4. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിലെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾക്ക് ചെലവഴിക്കുന്ന തുക 25 ലക്ഷം.

(സി) ഇല്ല.

(ഡി) വളം, ഔഷധ നിർമ്മാണം, ആഹാര വ്യവസായം എന്നിവയ്ക്ക് ആവശ്യമായ വസ്തുക്കൾ നിർമ്മിക്കാൻ കഴിയും.

(ഇ) മണ്ണുത്തി വെറ്ററിനറി കോളേജിൽ ഒരു Rendering Plant സ്ഥാപിച്ചിട്ടുണ്ട്.

## മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

155 (5023) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ;

(ബി) മൃഗഡോക്ടർമാരുടെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 2937 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 150 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 125 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലല്ല.

## ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

156 (5024) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്ഷീരവികസന വകുപ്പുമുഖേന ക്ഷീരകർഷക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് തീറ്റപ്പുൽ കൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP), ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദന ക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി, ആർ.കെ.വി.വൈ. ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്ന സ്പെഷ്യൽ ഗോവർദ്ധിനി എന്ന പദ്ധതി, രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള പദ്ധതി, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശു വളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ ഉല്പാദനം എന്നിവയ്ക്കുള്ള പരിശീലനം എന്നിവ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- തീറ്റപ്പുൽ കൃഷി പദ്ധതി: സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി നടപ്പാക്കിവരുന്നതാണ് തീറ്റപ്പുൽ കൃഷി പദ്ധതി. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. 2017-18-ൽ 2000 ഹെക്ടർ സ്ഥലത്ത് ദീർഘകാല തീറ്റപ്പുൽ കൃഷി ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. തൻവർഷം ഈ ഇനത്തിൽ ആറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.
- കാലിത്തീറ്റ സബ്സിഡി: ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18-ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.
- മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP) : ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും ചെറുകിട ഡെയറി ഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവത്കരണത്തിനും ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തൻവർഷം ഈ ഇനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.
- ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം: കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കാൻ, ക്ഷീരസഹകരണ സംഘങ്ങളില്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈ ഇനത്തിൽ 25.85 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ: ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈ ഇനത്തിൽ 4.95 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുന്ന കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യുന്നു.

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം**

157 (5025) ശ്രീമതി ഇ.എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) 2017-18 വർഷത്തിൽ മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 വർഷം മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്;

(ഡി) ക്ഷീരോല്പാദന ചെലവ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ;

(എഫ്) കിടാരികളെ കൊണ്ടുവരുന്നതിന് നിയമപരമോ മറ്റേതെങ്കിലുമോ ആയ തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്. ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ

ആകർഷിക്കുക, നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുക, ചെറുകിട ഡെയറി ഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവത്കരണത്തിനും ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും മറ്റും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ്.

(ബി) 2017-18 വർഷം സംസ്ഥാനത്ത് വ്യക്തമായ ഡെയറി മേഖലകൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി പാലുല്പാദനത്തിൽ കൂടുതൽ സാധ്യതയുള്ള ബ്ലോക്കുകളെ തെരഞ്ഞെടുത്തുകൊണ്ട് 22 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തി 'ഡെയറി സോൺ' പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 5 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 5 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. തൻവർഷം ഈ ഇനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 2016-17 വർഷം ഒരു പശു യൂണിറ്റ് (ഗോദാനം), 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ് കൂടാതെ 5 കിടാരി, 10 കിടാരി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും പുതിയവ പണിയുന്നതിനും ഫാമുകളുടെ ആധുനികവത്കരണത്തിനും ധനസഹായം നൽകിയിട്ടുണ്ട്.

(ഡി)

- <u>കാലിത്തീറ്റ സബ്സിഡി:</u> ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം 12.5 കോടി രൂപയും 2017-18-ൽ 13 കോടി രൂപയും കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തു. 2018-19 വർഷം ഈ ഇനത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് പച്ചപ്പുൽ/വൈക്കോൽ ലഭ്യമാക്കി.

- പാലുല്പാദന ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിന് തീറ്റപ്പുൽ കൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്.

(ഇ) കൂടുതൽ ഉല്പാദനക്ഷമതയുള്ള മികച്ചയിനം കിടാരികളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് പദ്ധതിയുണ്ട്. കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(എഫ്) നിലവിൽ കിടാരികളെ കൊണ്ടുവരുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല.

**പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ**

158 (5026) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) വേനൽക്കാലത്ത് പാലുൽപ്പാദനത്തിൽ എത്ര കുറവാണുണ്ടാകുന്നത്;

(സി) ആയത് പരിഹരിക്കുന്നതിനും വേനൽക്കാലത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽ കൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP), ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) പച്ചപ്പുല്ലിന്റെയും മറ്റ് തീറ്റകളുടെയും ദൗർലഭ്യവും കാലാവസ്ഥ വ്യതിയാനവും മൂലം വേനൽക്കാലത്ത് ഏകദേശം 20 മുതൽ 30 ശതമാനം വരെ പാലിന്റെ ലഭ്യതക്കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വേനൽക്കാലത്ത് പാലുല്പാദനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കാലിത്തീറ്റ സബ്സിഡി: ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 4 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18-ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.
- ക്ഷീരസംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് പച്ചപ്പുൽ/വയ്ക്കോൽ ലഭ്യമാക്കി. 2017-18 വർഷം 155 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുൽ/വയ്ക്കോൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. വരൾച്ചാ കാലയളവിൽ ഇത് കർഷകർക്ക് വളരെ ആശ്വാസകരമായിരുന്നു. കൂടാതെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി വേനൽക്കാലത്ത് കന്നുകാലികൾക്കാവശ്യമായ പ്രത്യേക ശാസ്ത്രീയ പരിരക്ഷണ മുറകൾ കർഷകർക്ക് പകർന്ന് നൽകുന്നതിലൂടെ ഒരു പരിധിവരെ ഉല്പാദനത്തിൽ വലിയ കുറവില്ലാതെ സംരക്ഷിച്ചുപോകുന്നതിന് കഴിയാറുണ്ട്.

## പാലിന്റെ ഉല്പാദനവും ഗുണമേന്മയും

159 (5027) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ദിവസം ആവശ്യമായി വരുന്ന പാലിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നതെന്നും അങ്ങനെ കൊണ്ടുവന്ന് വിൽക്കുന്ന പായ്ക്കറ്റ് പാലിൽ ഗുണമേന്മ കുറവായതിന്റെയും കീടനാശിനികളുടെ അംശം കണ്ടതിന്റെയും കാരണത്താൽ നിരോധിക്കപ്പെട്ടവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ആവശ്യമുള്ള പാലിന്റെ 80 ശതമാനത്തോളം പാൽ സംസ്ഥാനത്തിനകത്തുനിന്ന് ഉല്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെടുന്നു.

(ബി) പ്രധാനമായും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ എത്തുന്നത്. ശ്രേഷ്ഠ, ഹെറിറ്റേജ്, ലയ എന്നീ ബ്രാൻഡുകളിലുള്ള പാക്കറ്റ് പാലുകൾ ഗുണമേന്മ കുറവായതിനാൽ നിരോധിച്ചിട്ടുണ്ടായിരുന്നു. തുടർ പരിശോധനകളിൽ നിശ്ചിത നിലവാരം പുലർത്തിയതിനാൽ ഇവയുടെ നിരോധനം നീക്കിയിട്ടുണ്ട്.

## സംസ്ഥാനത്തെ പാലുൽല്പാദനം

160 (5028) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന കഴിഞ്ഞ 3 വർഷം ഉണ്ടായ പാലുൽപ്പാദന വർധന സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാക്കറ്റ് പാലുകളിൽ ഗുണനിലവാരമില്ലാത്തവ എന്ന് കണ്ടെത്തി ഏതെങ്കിലും കമ്പനിയുടെ ഉല്പന്നങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15-ൽ 15.26 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിച്ച സ്ഥാനത്ത് 2015-16-ൽ 16.36 ലക്ഷം ലിറ്റർ സംഭരിക്കാൻ കഴിഞ്ഞു. 2015-16 -ൽ കടുത്ത വരൾച്ചയുണ്ടായ സാഹചര്യത്തിൽപ്പോലും 2016-17-ൽ സംഭരണം 16.27 ആയി നിലനിർത്താൻ കഴിഞ്ഞു.

2015 മുതൽ 2017 വരെ ഏപ്രിൽ മാസത്തിലും ഒക്ടോബർ മാസത്തിലും ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിച്ച പാലിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഏപ്രിൽ (ലക്ഷം ലിറ്റർ) | ഒക്ടോബർ (ലക്ഷം ലിറ്റർ) |
|---|---|---|
| 2015 | 46.67 | 50.32 |
| 2016 | 47.28 | 51.39 |
| 2017 | 48.86 | 56.28 |

(ബി) രേഷ്മ, ഹെറിറ്റേജ്, ലയ എന്നീ ബ്രാൻഡുകളിലുള്ള പാക്കറ്റ് പാലുകൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തി നിരോധിച്ചിട്ടുണ്ടായിരുന്നു. തുടർ പരിശോധനകളിൽ നിശ്ചിത നിലവാരം പുലർത്തിയതിനാൽ ഇവയുടെ നിരോധനം നീക്കിയിട്ടുണ്ട്.

## ക്ഷീരോല്പാദന രംഗത്ത് സ്വയംപര്യാപ്തത

161 (5029) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ലക്ഷം മെട്രിക് ടൺ പാലിന്റെ അധിക ഉല്പാദനത്തിലൂടെ ക്ഷീരോല്പാദന രംഗത്ത് കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയും എന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ആവിഷ്കരിച്ച കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽ കറക്കുന്നതിനും സംസ്കരണത്തിനും യന്ത്രവൽക്കരണം, മൃഗാരോഗ്യസംരക്ഷണം ശക്തിപ്പെടുത്തൽ എന്നീ മേഖലകളിൽ ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിലൂടെ പാലുൽപ്പാദനത്തിൽ എന്ത് നേട്ടമാണ് കൈവരിച്ചത് ;

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആധുനിക ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഇ) ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ പ്രതിവർഷം ഏകദേശം 9 ലക്ഷം മെട്രിക് ടൺ പാലിന്റെ കുറവുള്ളതായി കണക്കാക്കുന്നു. പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ പാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. 2015-16 വർഷം മിൽമ 4.7 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 1.5 ലക്ഷം ലിറ്റർ പാൽ മാത്രമാണ് ഇറക്കുമതി ചെയ്യുന്നത്.

(ബി) കേരളത്തിൽ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തീറ്റപ്പുൽ കൃഷി വികസന പദ്ധതി: കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 5000 ഹെക്ടർ സ്ഥലത്ത് കൂടുതലായി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്.

2. ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി: 2016-17 വർഷം 1250 ലക്ഷം രൂപയും 2017-18-ൽ 1300 ലക്ഷം രൂപയും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞു.

3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം: പുതുതായി കറവ പശുക്കളെ വാങ്ങുന്നതിനും കിടാരി സംരക്ഷണത്തിനും കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം, മറ്റ് ആധുനികവത്കരണ പദ്ധതികൾ ഉൾപ്പെടെ ആകെ 2016-17 വർഷം 3892 ലക്ഷം രൂപയും 2017-18 വർഷം 4179 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

4. ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവത്കരണം: പാൽ സംസ്കരണ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2016-17 വർഷം 1990 ലക്ഷം രൂപയും 2017-18-ൽ 1817 ലക്ഷം രൂപയുടെയും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ മിൽമയ്ക്ക് 700 ലക്ഷം രൂപയുടെ സഹായവും നൽകിയിട്ടുണ്ട്.

5. ഗുണനിയന്ത്രണ വിഭാഗം ശക്തിപ്പെടുത്തൽ: പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 2016-17-ൽ 450 ലക്ഷം രൂപ വികസന പ്രവർത്തനത്തിനായി ചെലവഴിക്കുകയും 2017-18-ൽ 466 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.

(സി) ക്ഷീരോല്പാദന മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴി 2017 ഏപ്രിൽ മാസം 16.28 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിച്ച സ്ഥാനത്ത് 2017 ഒക്ടോബർ മാസം 18.15 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ഡി) സ്ഥാപിച്ചിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റിനോട് അനുബന്ധിച്ച് NABL അക്രെഡിറ്റേഷനോടുകൂടിയ ആധുനിക സ്റ്റേറ്റ് ഡെയറി ലാബ് പ്രവർത്തിക്കുന്നു. ഇവിടെ പാലിൽ ചേർത്തിട്ടുള്ള രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലം, കാലിത്തീറ്റ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ നിലവിലുണ്ട്.

(ഇ) ക്ഷീരകർഷകർ പ്രാഥമിക ക്ഷീരസഹകരണ സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ പ്രകാരം ക്യാറ്റിൽ ഫീഡിംഗ് സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് എത്തിക്കുന്നതിനുള്ള ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം 1250 ലക്ഷം രൂപയും 2017-18-ൽ 1300 ലക്ഷം രൂപയും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞു.

**ക്ഷീരകർഷകർക്ക് നൽകുന്ന സഹായങ്ങൾ**

162 (5030) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് ക്ഷീരവികസന വകുപ്പ് മുഖേന ലഭ്യമാക്കുന്നത്;

(ബി) ഇവർക്ക് ക്ഷേമനിധിയോ പെൻഷനോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൂടുതൽ പാലുൽപ്പാദിപ്പിക്കാൻ കഴിയുന്ന തരം പശുക്കളെ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന ലഭ്യമാക്കുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

- <u>തീറ്റപ്പുൽ കൃഷി പദ്ധതി</u>: സംസ്ഥാനത്ത് കറവ പശുക്കളുടെ ഉല്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും പാലുല്പാദന

ചെലവ് കുറച്ച് കർഷകർക്ക് കൂടുതൽ ലാഭം ഉറപ്പാക്കുന്നതിനും തീറ്റപ്പുൽ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി നടപ്പാക്കി വരുന്നതാണ് തീറ്റപ്പുൽ കൃഷി പദ്ധതി. ഈ പദ്ധതി പ്രകാരം ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. 2017-18-ൽ 2000 ഹെക്ടർ സ്ഥലത്ത് ദീർഘകാല തീറ്റപ്പുൽ കൃഷി ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. തൻവർഷം ഈ ഇനത്തിൽ ആറ് കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ തീറ്റപ്പുൽ, വയ്ക്കോൽ തുടങ്ങിയവ നൽകുന്നതിന് 155 കോടി രൂപ ചെലവഴിച്ചു. അസോള കൃഷി യൂണിറ്റുകൾക്ക് 600 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് 94 ഹെക്ടർ തരിശുനിലം കണ്ടെത്തി ഹെക്ടറിന് 93,072 രൂപ സബ്സിഡി നൽകിക്കൊണ്ട് പുൽക്കൃഷി വ്യാപിപ്പിച്ചു. സ്വാശ്രയ/വനിതാ ഗ്രൂപ്പുകൾ മുഖേനയും ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയും കുറഞ്ഞ വിലയ്ക്ക് പുല്ല് വിതരണം ചെയ്യുന്ന പദ്ധതി 80 സംഘങ്ങളിലൂടെ നടപ്പിലാക്കി ഓരോ ഗ്രൂപ്പിനും 10,000 രൂപ വീതം ധനസഹായം നൽകി.

- കാലിത്തീറ്റ സബ്സിഡി: ക്ഷീരകർഷകർ ക്ഷീരസഹകരണ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) പ്രകാരം നൽകിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളും പരമാവധി 3 രൂപ വരെ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2017-18-ൽ 13 കോടി രൂപ കാലിത്തീറ്റ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.
- മിൽക്ക്ഷെഡ് വികസന പദ്ധതി (MSDP) : ഈ മേഖലയിലേയ്ക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും നിലവിലുള്ള ചെറുകിട കർഷകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ നിലനിർത്തുന്നതിനും പശുക്കളെയും കിടാരികളെയും വാങ്ങുന്നതിനും ചെറുകിട ഡെയറി ഫാമുകൾ ആരംഭിക്കുന്നതിനും ഫാമുകളുടെ യന്ത്രവത്കരണത്തിനും ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തൻവർഷം ഈ ഇനത്തിൽ 41.79 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ: ക്ഷീരമേഖലയിലെ ഏറ്റവും നൂതനമായ സാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനും പ്രായോഗിക പരിശീലനം ലഭ്യമാക്കുന്നതിനും ആവശ്യമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്. തൻവർഷം ഈ ഇനത്തിൽ 4.95 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുന്ന കർഷകരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യുന്നു.

- കണ്ടിൻജൻസി ഫണ്ട്: ആകസ്മികമായി കർഷകനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. പരമാവധി 10,000 രൂപ ധനസഹായം നൽകിവരുന്നു.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചുവടെ കാണുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്:

- പ്രതിമാസം 1,100 രൂപ പെൻഷൻ (ഏപ്രിൽ 2017 മുതൽ)
- അവശതാ പെൻഷൻ പ്രതിമാസം 1,100 രൂപ
- മരണപ്പെട്ട പെൻഷണർമാരുടെ നോമിനിക്ക് 150 രൂപ പ്രതിമാസ കുടുംബ പെൻഷൻ
- മരണാനന്തര ചെലവുകൾക്കായി 3,000 രൂപ ധനസഹായം
- അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000 രൂപ
- വിദ്യാഭ്യാസ ധനസഹായമായി അംഗങ്ങളുടെ മക്കൾക്ക് 1,000 രൂപ (S.S.L.C.), 1,500 രൂപ (+2), 2000 രൂപ (ബിരുദം), 2500 രൂപ (പ്രൊഫഷണൽ ബിരുദം).

- ചികിത്സാ ധനസഹായമായി പരമാവധി 15,000 രൂപ വരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000 രൂപയും ധനസഹായം നൽകിവരുന്നു.

(സി) ഉദ്ദേശിക്കുന്നില്ല.

**ക്ഷീരകർഷകർക്കുള്ള ആനുകൂല്യങ്ങൾ**

163 (5031) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കുള്ള ക്ഷേമപെൻഷൻ കുടിശ്ശികയില്ലാതെ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീരകർഷകർക്ക് വേനൽക്കാലത്ത് ക്ഷീരസംഘങ്ങൾവഴി പ്രത്യേകമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ നവംബർ 2017 വരെ (മൾട്ടിപ്പിൾ പെൻഷണേഴ്സ്, ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാത്തവർ, ആധാർ സീഡ് ചെയ്യാത്തവർ ഒഴികെ) അർഹരായ എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതൽ മാർച്ച് 2018 വരെ പെൻഷൻ കുടിശ്ശികയുണ്ട്.

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചുവടെ കാണുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.

1. പ്രതിമാസം 1,100 രൂപ പെൻഷൻ (ഏപ്രിൽ 2017 മുതൽ)
2. അവശതാ പെൻഷൻ പ്രതിമാസം 1,100 രൂപ
3. മരണപ്പെട്ട പെൻഷണർമാരുടെ നോമിനിക്ക് 150 രൂപ പ്രതിമാസ കുടുംബ പെൻഷൻ
4. മരണാനന്തര ചെലവുകൾക്കായി 3,000 രൂപ ധനസഹായം
5. അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000 രൂപ.
6. വിദ്യാഭ്യാസ ധനസഹായമായി അംഗങ്ങളുടെ മക്കൾക്ക് 1,000 രൂപ (S.S.L.C.), 1,500 രൂപ (+2), 2,000 രൂപ (ബിരുദം), 2,500 രൂപ (പ്രൊഫഷണൽ ബിരുദം).
7. ചികിത്സാ ധനസഹായമായി പരമാവധി 15,000 രൂപ വരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000 രൂപയും ധനസഹായം നൽകിവരുന്നു.

(സി) വേനൽക്കാലങ്ങളിൽ പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പച്ചപ്പുല്ലും വൈക്കോലും ശേഖരിക്കുകയും അവ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് ഒരു രൂപയും വൈക്കോലിന് കിലോയ്ക്ക് രണ്ട് രൂപ ക്രമത്തിലും ധനസഹായം അനുവദിക്കുന്നതാണ്. ഒരു കർഷകന് പരമാവധി 4,000 രൂപയുടെയും ഒരു ക്ഷീരസംഘത്തിന് പരമാവധി 80,000 രൂപയുടെയും ആനുകൂല്യമാണ് വിതരണം ചെയ്യുന്നത്. നടപ്പുവർഷം ഈ ഇനത്തിൽ 155 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മിൽമ എറണാകുളം മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന ഓരോ ലിറ്റർ പാലിനും ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെ 3 രൂപ 50 പൈസ വീതം ഇൻസെന്റീവ് നൽകിവരുന്നുണ്ട്. മലബാർ മേഖല യൂണിയൻ കർഷകർക്ക് വേനൽക്കാല സഹായമായി സൈലേജ്, വൈക്കോൽക്കട്ട തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്. സൈലേജിന് കമ്പോള വിലയായ 11 രൂപയിൽനിന്നും കർഷകന് 8 രൂപ 50 പൈസയ്ക്ക് നൽകിവരുന്നുണ്ട്. കിലോയ്ക്ക് 13 രൂപ കമ്പോള വിലയുള്ള വയ്ക്കോൽക്കട്ട 11 രൂപ നിരക്കിൽ കർഷകന് നൽകിവരുന്നുണ്ട്.

## മൃഗശാലകളുടെ നവീകരണം

164 (5032) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയ്ലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അക്വേറിയത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. സന്ദർശകർക്ക് വേണ്ടിയുള്ള ഇന്റർപ്രട്ടേഷൻ

സെന്ററിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ചിത്രശലഭങ്ങൾക്ക് വേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്ക് വേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം, ഇന്ത്യൻ കാട്ടുപോത്തിനെ പാർപ്പിക്കുന്നതിനുള്ള കൂടിന്റെ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വേറിയം നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടെയും മാൻ, ഒട്ടകപക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടെ അറ്റകുറ്റപ്പണികൾ 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് കാൺപൂർ മൃഗശാലയിൽനിന്നും കഴുതപ്പുലികളെ ലഭ്യമാക്കുകയും ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വാർ എന്നീ മൃഗങ്ങളെ മൃഗശാലയിൽ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## വൈപ്പിനിലേയ്ക്കുള്ള വെള്ളത്തിന്റെ പ്രതിദിന അളവ്

165 (5033) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര പമ്പിങ് സ്റ്റേഷനിൽനിന്നും വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലേക്ക് 2018 ജനുവരി മുതൽ നാളിതുവരെ നൽകിയ വെള്ളത്തിന്റെ പ്രതിദിന അളവ് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) യഥാർത്ഥത്തിൽ പ്രതിദിനം നൽകേണ്ട അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) വെള്ളത്തിന്റെ അളവ് കുറഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 20 mld.

(സി) അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴും വൈദ്യുതി തടസ്സംമൂലവും പമ്പിംഗിൽ കുറവ് വരാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മേജർ ജലസേചന പ്രോജക്ടുകൾ

166 (5034) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മേജർ ജലസേചന പ്രോജക്ടുകൾ എത്ര;

(ബി) അവയുടെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഇരട്ട കല്ലാർ (Twin Kallar) വിവിധോദ്ദേശ പദ്ധതിയാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം ഉപയോഗപ്പെടുത്തി ജലസേചനവും വൈദ്യുതി ഉല്പാദനവും ലക്ഷ്യമിടുന്ന ഒരു വിവിധോദ്ദേശ പദ്ധതിയാണ് ഇരട്ട കല്ലാർ പദ്ധതി. രണ്ട് കല്ലാറുകളിലെയും ജലം ഉപയോഗിച്ച് 60 മെഗാ വാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. വൈദ്യുതി ഉല്പാദനത്തിനുശേഷം അച്ചൻകോവിലാറിന്റെ വൃഷ്ടിപ്രദേശത്തുനിന്നും ഒഴുകിയെത്തുന്ന ജലവും ഉപയോഗിച്ച് അച്ചൻകോവിൽ, മണിമല നദീതടങ്ങളിലെ 11322 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

## മലമ്പുഴ ഡാമിൽനിന്ന് കിൻഫ്രയ്ക്ക് വ്യവസായ ആവശ്യത്തിന് ജലം

167 (5035) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഡാമിൽനിന്ന് ജലം വ്യവസായ ആവശ്യത്തിന് കിൻഫ്രയ്ക്ക് വില്പന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2010 മുതൽ 2017 വരെയുള്ള കാലയളവിൽ മലമ്പുഴ ഡാമിൽനിന്ന് കൃഷി ആവശ്യങ്ങൾക്കായി എത്ര ദിവസം വെള്ളം തുറന്നുവിട്ടു എന്നത് സംബന്ധിച്ച വിവരം അറിയിക്കുമോ;

(സി) 2017-18-ൽ പ്രസ്തുത ഡാമിൽ നിന്നുള്ള വെള്ളം വരൾച്ച നിവാരണത്തിന് ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-1-2015-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 90/2015/ജ.വി.വ. പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ട 96 MLD ജലത്തിൽനിന്നും കിൻഫ്രയ്ക്ക് 10 MLD ജലം വിട്ടുകൊടുക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ കുടിവെള്ള ആവശ്യത്തിനും കാർഷികാവശ്യത്തിനും വേണ്ട ജലം ഉറപ്പാക്കി മാത്രമെ വ്യാവസായിക ആവശ്യത്തിന് ജലം നൽകേണ്ടതുള്ളൂവെന്ന് പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)

| | |
|---|---|
| 2009-10 | 84 ദിവസം |
| 2010-11 | 87 ദിവസം |
| 2011-12 | 106 ദിവസം |
| 2012-13 | 71 ദിവസം |
| 2013-14 | 104 ദിവസം |
| 2014-15 | 92 ദിവസം |
| 2015-16 | 65 ദിവസം |
| 2016-17 | 27 ദിവസം |
| 2017-18 | 72 ദിവസം (ഇതിനകം) |

(സി) ഉണ്ട്. 2017-18-ൽ വരൾച്ചാ നിവാരണത്തിനായി മലമ്പുഴ ഡാമിൽ 10 $Mm^3$ വെള്ളം കരുതിവച്ചിട്ടുണ്ട്. കൂടാതെ ജൂൺ അവസാനം വരെ കുടിവെള്ള ആവശ്യത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാൻ 7.5 $Mm^3$ വെള്ളം ഉറപ്പാക്കിയിട്ടുമുണ്ട്.

**മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

168 (5036) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u>
<u>ശ്രീ. സി. കെ. നാണു :</u>
<u>ശ്രീ. കെ. ബി.ഗണേഷ് കുമാർ :</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യം അനുഭവപ്പെടുന്ന ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ മഴനിഴൽ പ്രദേശങ്ങളിലെ

ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപംനൽകുന്നതിന്റെ ഭാഗമായി, ഈ പ്രദേശങ്ങളിൽ ജലവിനിയോഗക്ഷമത കൂടിയ സ്കീമുകൾ മുൻഗണന നൽകി നടപ്പിലാക്കുന്നതിന് ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ പുഴകളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും എന്തൊക്കെ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിലേക്ക് കേന്ദ്രസഹായം നേടുന്നതിനായി ഏതൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കായലുകൾ, ശുദ്ധജല തടാകങ്ങൾ മറ്റ് സ്വാഭാവിക നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വകുപ്പ് തയ്യാറാക്കിയ കർമ്മ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) കുളങ്ങൾ, ഏരികൾ, സ്വാഭാവിക തടാകങ്ങൾ എന്നിവ ജലസംഭരണ കേന്ദ്രങ്ങളായി നിലനിർത്താനുള്ള കർമ്മ പദ്ധതികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>: ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 7 കുളങ്ങളുടെ കാടും ചെളിയും നീക്കംചെയ്ത് കുളം വൃത്തിയാക്കുന്നതിനായുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 2017-18 ബജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രകാരം ചിറ്റൂർ, കൊല്ലംകോട് ബ്ലോക്കിൽ മൂന്ന് തടയണകളുടെ നിർമ്മാണം, ഒരു തടയണയുടെ പുനരുദ്ധാരണം, രണ്ട് വി.സി.ബി.-കളുടെ നിർമ്മാണം, വടകരപ്പതി, കൊഴിഞ്ഞാമ്പാറ എന്നിവിടങ്ങളിലെ നാല് കുളങ്ങൾ ഉൾപ്പെടെ 20 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലദൗർലഭ്യം അനുഭവപ്പെടുന്ന ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേംപതി പഞ്ചായത്തുകളുടെ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിനായി ആളിയാറിൽനിന്ന് ലഭ്യമായ ജലം കോരയാറിലെ അഞ്ച് തടയണകളിൽ എത്തിച്ചിട്ടുണ്ട്. ഏപ്രിൽ ഒന്നു മുതൽ ലഭിക്കുന്ന ജലം കോരയാറിലെ ബാക്കി 11 തടയണകളിൽ നിറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

2017-18-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്ന റഗുലേറ്ററുകളിൽ ചിറ്റൂർ പുഴയിൽ വളവുപാലം, പാലത്തുള്ളി എന്നിവയുടെ പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി:</u> ചിറ്റൂർ മേഖലയിലെ മഴനിഴൽ പ്രദേശങ്ങളായ എരുത്തേമ്പതി, വടകരപ്പതി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. എലപ്പുള്ളി, നല്ലേപുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ഒന്നാംഘട്ടം - 1170 ലക്ഷം രൂപ.
2. ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിയിലേയ്ക്കും വടവന്നൂർ ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - 1500 ലക്ഷം രൂപ.

   മേൽ രണ്ട് പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
3. ഏലപ്പുള്ളി, നല്ലേപുള്ളി, പെരുമാട്ടി, പട്ടഞ്ചേരി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാംഘട്ടം - 2500 ലക്ഷം രൂപ.
4. കൊഴിഞ്ഞാമ്പാറ സമഗ്ര കുടിവെള്ള പദ്ധതി - 2900 ലക്ഷം രൂപ.
   മേൽ രണ്ട് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.
5. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കൊഴിഞ്ഞാമ്പാറ, സമീപ വില്ലേജുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയിലെ കുന്നങ്കാട്ടുപതി റോ വാട്ടർ പമ്പ് ഹൗസിൽ 75 എച്ച്.പി.-യുടെ മൂന്ന് മോട്ടോർ പമ്പ് സെറ്റുകളും മുങ്കിൽമട പ്ലാന്റിൽ 43 എച്ച്.പി. ശേഷിയുള്ള സെൻട്രി ഫ്യൂഗൽ മോട്ടോർ പമ്പ്സെറ്റുകളും ട്രാൻസ്ഫോമറുകളും സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾക്കുള്ള (88 ലക്ഷം) ടെണ്ടറിന് അനുമതി നൽകി.
6. മേൽ പദ്ധതിയിലെ നിലവിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി (750 ലക്ഷം രൂപ) ടെണ്ടർ അനുമതി നൽകി.
7. ചിറ്റൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി കുടിവെള്ള പദ്ധതിയുടെ കുന്നങ്കാട്ടുപതി, റോവാട്ടർ പമ്പ് ഹൗസുകളിൽ 90 എച്ച്.പി.-യുടെ രണ്ട് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കൂടാതെ മുങ്കിൽമട പ്ലാന്റിൽ 40 എച്ച്.പി., 20 എച്ച്.പി. എന്നീ സെൻട്രൽ ഫ്യൂഗൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നുണ്ട്.

8. വടകരപ്പതി പഞ്ചായത്തിലെ വേലന്താവളം മേനോൻപാറ, കോഴിപ്പാറ പ്രദേശങ്ങളിലേയ്ക്ക് പാലക്കാട്, പുതുശ്ശേരി പദ്ധതിയിലെ പുലാംപാറ ടാങ്കിൽനിന്ന് ബി.ആർ.ജി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

9. വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെ വിവിധ ഡെപ്പോസിറ്റ് വർക്കുകളിലായി 40 ലക്ഷത്തോളം രൂപയുടെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതികളും നടന്നുവരുന്നു.

10. 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിലുൾപ്പെടുത്തി 58.43 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ, വിവിധ മെക്കാനിക്കൽ വർക്കുകൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ ചിറ്റൂർ മേഖലയിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന കൊഴിഞ്ഞാമ്പാറ, മഴനിഴൽ പ്രദേശങ്ങളായ വടകരപ്പതി, എരുത്തേമ്പതി പ്രദേശങ്ങളിലെ ജലവിനിയോഗക്ഷമത വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി 2017 സെപ്റ്റംബർ മാസത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കൊഴിഞ്ഞാമ്പാറ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ഭൂജലവകുപ്പ്</u>: ഭൂജല വകുപ്പ് ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി പ്രദേശങ്ങളിൽ ജലക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരളത്തിലെ പുഴകളുടെ സമഗ്ര സംരക്ഷണം ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ ഉപമിഷനായ ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെകൂടെ പുഴകളുടെ സംരക്ഷണ-പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. നദികളുടെ സമഗ്ര സംരക്ഷണവും പുനരുദ്ധാരണവും കൂടാതെ നദികളുടെ പാരിസ്ഥിതിക ധർമ്മം നിറവേറ്റുന്നതിനായുള്ള നീരൊഴുക്ക് നിലനിർത്തുന്നതിനാവശ്യമായ ജലം ലഭ്യമാക്കാൻ സമഗ്ര നീർത്തട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിയ പരിസ്ഥിതി നിരീക്ഷണ കർമ്മ പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ രൂക്ഷമായി മലിനീകരണപ്പെട്ട ആറ് പുഴകളും (പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം) മൂന്ന് കായലുകളും (ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട്) തെരഞ്ഞെടുക്കുകയും ഈ പുഴകളും കായലുകളും വൃത്തിയാക്കാനും തുടർമലിനീകരണം തടയാനുമുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കാനുമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ ഐ.ഡി.ആർ.ബി. ആരംഭിച്ചുകഴിഞ്ഞു.

പമ്പാ നദിയുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പമ്പാ ആക്ഷൻ പ്ലാൻ ജലസേചന പദ്ധതി വിഭാഗം 2-നുകീഴിലാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിനുവേണ്ടി പമ്പാ ആക്ഷൻ പ്ലാൻ - രണ്ടാം ഘട്ടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാനത്തെ ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനും ഉപയോഗശൂന്യമായവ വൃത്തിയാക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ഹരിതകേരളം മിഷൻ ജലസേചന വകുപ്പ് മുഖാന്തരം വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ജലസേചന വകുപ്പിൽനിന്നും 536 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കുളങ്ങളിലെ ചെളിയും പായലും നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ കമ്പാലത്തറ, വെങ്കലക്കയം, കുന്നംപിടരി എന്നീ ഏരിയകൾ സംരക്ഷിക്കുന്നതിനായി 2.99 കോടി രൂപ തുകവരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കേരള ജല അതോറിറ്റി ജലസംരക്ഷണത്തിന്റെ ഭാഗമായി ജലസ്രോതസുകൾ സംരക്ഷിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെയും പാറശ്ശാല, പഞ്ചായത്തിൽ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളി നീക്കലും സംരക്ഷണ ഭിത്തി നിർമ്മിക്കലും സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കുകയും ചെയ്യുന്ന പ്രവൃത്തികളിൽ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ട്. മഴവെള്ള സംഭരണത്തിലൂടെ

സമീപ പ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജല ലഭ്യത ഉറപ്പുവരുത്തുകയുമാണ് ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല പരശുവയ്ക്കൽ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ. ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികളും പൂർത്തീകരിച്ച് വണ്ടിച്ചിറ കുളം മലിനീകരണമുക്തമാവുന്നതിന് ചുറ്റും വേലി നിർമ്മിക്കലും കുളത്തിലെ ചോർച്ച തടയലും ജലസംഭരണത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുകയുമാണ് വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

**തോടുകളുടെ നവീകരണത്തിന് കരിങ്കൽക്കെട്ടുകൾ**

169 (5037) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ ജനസാന്ദ്രതയുള്ള മലപ്പുറം ജില്ലയിലുൾപ്പെടെയുള്ള ഇടങ്ങളിൽ തോടുകൾ നവീകരിക്കുമ്പോൾ കരിങ്കൽക്കെട്ടുകൾക്ക് പകരം കയർ ഉയോഗിക്കുന്ന രീതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ജനസാന്ദ്രത കൂടിയ ഇത്തരം ഇടങ്ങളിൽ നവീകരണത്തിന് കരിങ്കൽ കെട്ട് ഉപയോഗിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കരിങ്കൽ കെട്ടുകൾക്ക് പകരം കയർ ഉപയോഗിക്കുന്ന രീതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടില്ല. അതത് പ്രദേശത്തെ മണ്ണിന്റെ ഘടന, വെള്ളത്തിന്റെ ഒഴുക്ക്, വശങ്ങളുടെ ഉയരം, ലഭ്യമായ സ്ഥലത്തിന്റെ അളവ് എന്നിവയ്ക്കനുയോജ്യമായ രീതിയിലുള്ള സാങ്കേതിക വിദ്യയാണ് അവലംബിക്കുന്നത്.

**തിരൂരങ്ങാടി മണ്ഡലത്തിലെ പാറയിൽ തടയണ നിർമ്മാണം**

170 (5038) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പാറയിൽ തടയണ നിർമ്മാണത്തിന് മണ്ഡലം എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുകയും അതുപ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെയും പ്രവൃത്തി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കിവരുന്നു.

## കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

171 (5039) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി സംസ്ഥാനത്ത് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ പുരോഗതി അറിയിക്കാമോ;

(സി) അസാധാരണ വരൾച്ച നേരിടുന്ന വയനാട് ജില്ലയിൽ രണ്ടാം വിളയ്ക്കായി ജലം നൽകുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നത്; നിലവിൽ എത്ര സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ചെലവായ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെയും ജലവിതരണ പദ്ധതികളുടെയും ഉന്നമനത്തിനും വികസനത്തിനുമായി കേരള സർക്കാർ രൂപീകരിച്ച കമ്പനിയാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കിഡ്ക്). കൂടാതെ, മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി 'ഹില്ലി അക്വ' എന്ന പേരിൽ

കിഡ്ക് കുപ്പിവെള്ളം ഉല്പാദിപ്പിക്കുന്നുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കൂടിയാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ.

(ബി) ജലസേചനത്തിനായി സംസ്ഥാനത്ത് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളും അവയുടെ പുരോഗതി സംബന്ധിച്ച വിശദാംശവും ചുവടെ ചേർക്കുന്നു:

1. <u>കാരാപ്പുഴ ജലസേചന പദ്ധതി</u>: കാരാപ്പുഴ ജലസേചന പദ്ധതിയുടെ റിസർവ്വോയറിൽ 2005 ഫെബ്രുവരി മുതൽ ജലം സംഭരിച്ചുതുടങ്ങി. പദ്ധതി 2010 ജൂണിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പദ്ധതിയുടെ ഉപകനാലുകളുടെ നിർമ്മാണ പ്രവൃത്തികൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കാൻ 2018-19 വർഷത്തെ ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. ഉപകനാലുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

2. <u>ബാണാസുര സാഗർ ജലസേചന പദ്ധതി</u>: 2800 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ വിഭാവനം ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതിയുടെ പ്രധാന കനാലിന്റെ 85 ശതമാനവും ബ്രാഞ്ച് കനാലിന്റെയും ഡിസ്ട്രിബ്യൂട്ടറികളുടെയും ഒരു ശതമാനം പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>മൂവാറ്റുപുഴവാലി ജലസേചന പദ്ധതി</u>: മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും ബ്രാഞ്ച് കനാൽ 99.9 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 90 ശതമാനവും പണി പൂർത്തിയായിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് 2017-18 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നേടുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

4. <u>ഇടമലയാർ ജലസേചന പദ്ധതി</u>: ഇടമലയാർ ജലസേചന പദ്ധതിയുടെ മെയിൻ കനാൽ 100 ശതമാനവും ലോ ലെവൽ കനാൽ 54.16 ശതമാനവും ലിങ്ക് കനാൽ 36.85 ശതമാനവും പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾക്ക് 2017-18 വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം നേടുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

5. പാമ്പാർ ജലസേചന പദ്ധതി: ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതോടൊപ്പം പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ, ഒറ്റമരം എന്നീ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

6. മീനച്ചിൽ നദീതട പദ്ധതി: മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന അരുണാപുരം മിനി ഡാമിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി പദ്ധതികളൊന്നുമില്ല.

(സി) നിലവിൽ ഇടതുകര കനാലിലൂടെ 6.10 കി.മീ. ദൂരവും വലതുകര കനാലിലൂടെ 7.02 കി.മീ. ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിലൂടെ 2.12 കി.മീ. ദൂരവും ജലസേചനം നടത്തിവരുന്നുണ്ട്.

(ഡി) 5221 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. നിലവിൽ 601 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

(ഇ) 28-2-2018 വരെ 320.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിൽ ജലലഭ്യത ഉറപ്പാക്കാൻ പദ്ധതികൾ**

172 (5040) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ കാലം മുന്നിൽക്കണ്ട് ജലലഭ്യത ഉറപ്പാക്കുന്നതിന് ഇറിഗേഷൻ വകുപ്പും കേരള വാട്ടർ അതോറിറ്റിയും മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജല ലഭ്യതയ്ക്കായി മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഇറിഗേഷൻ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ജലസേചനവകുപ്പ്: വിവിധ കുളങ്ങളുടെയും തോടുകളുടെയും പുനരുദ്ധാരണം വഴി സുസ്ഥിരമായ ജലസംരക്ഷണത്തിനുള്ള പദ്ധതികൾ ഹരിതകേരള മിഷന്റെ ജലഉപമിഷനിൽ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ സമഗ്രമായ നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അഞ്ച് കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഹരിതകേരളം ഹെഡ്ഡിൽ ഭരണാനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. മൂർക്കനാട് പഞ്ചായത്തിലെ മോത്തിക്കയത്ത് ത്തൂതപ്പുഴയ്ക്ക് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനും കൂട്ടിലങ്ങാടി പഞ്ചായത്തിൽ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ വിയറിന്റെ നിർമ്മാണത്തിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മങ്കട നിയോജകമണ്ഡലം എം.എൽ.എ.-യുടെ 2017-18 -ലെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് മക്കരപ്പറമ്പ് പഞ്ചായത്തിൽ വടക്കാങ്ങരയിൽ വലിയതോടിന് കുറുകെ ഒരു വി.സി.ബി. നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റി: ത്തൂതപ്പുഴയിൽ മൂർക്കനാട് പദ്ധതിയുടെ സ്രോതസ്സിനായി നിലാപ്പറമ്പ് കടവിൽ താല്കാലിക തടയണയും മക്കരപ്പറമ്പ് ചെറുപുഴയിൽ സ്ഥിരം തടയണയിൽ പലക സ്ഥാപിച്ചും ആവശ്യമായ ജലം സംഭരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരിക്കാൻ ബാക്കിയുള്ള മങ്കട, കൂട്ടിലങ്ങാടി പഞ്ചായത്തുകളിലെ വിതരണ ശൃംഖലകളുടെ പ്രവൃത്തി നടപ്പിലാക്കിവരുന്നു.

**നീർത്തട മാസ്റ്റർപ്ലാനുകൾ**

173 (5041) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീർത്തട മാസ്റ്റർപ്ലാനുകളുടെ പുതുക്കൽ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പുതുക്കിയ മാസ്റ്റർ പ്ലാനുകൾക്ക് ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നീർത്തട മാസ്റ്റർപ്ലാനുകൾ പുതുക്കുന്നതിനുവേണ്ടി പ്രത്യേകമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മണ്ണ് - ജല പരിപാലന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ/ഡിപ്പാർട്ട്മെന്റുകൾ നീർത്തട മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയൊക്കെത്തന്നെ ഏതെങ്കിലുമൊരു ചെറിയ നീർത്തടത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു എന്നതാണ് പരിമിതി. എന്നാൽ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ നീർത്തട പ്ലാനുകളുടെ പരിമിതിയായി കണക്കാക്കിയിട്ടുള്ളത് ഒരു നദീതടത്തെയോ ചെറു നീർതടത്തെയോ സമഗ്രമായിക്കണ്ട് പദ്ധതികൾ രൂപീകരിക്കാൻ കഴിഞ്ഞില്ല എന്നതാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട നീർത്തട പ്ലാനുകളും കാലാകാലങ്ങളിൽ പുതുക്കേണ്ടതാണ്. എന്നാൽ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം/ജലസമൃദ്ധി"യുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തട പ്ലാനുകളും ബ്ലോക്ക് തലത്തിൽ സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ആയതിനാവശ്യമായ മാർഗ്ഗരേഖ 23-10-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 20/2017/ ജ.വി.വ. തീയതി പ്രകാരം അംഗീകരിച്ച് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ ജലസേചന വകുപ്പ് എഞ്ചിനീയർമാർ കൺവീനർമാരായ സാങ്കേതിക സമിതികൾ രൂപീകരിച്ച് വിവരശേഖരണം, നീർത്തട നടത്തം എന്നീ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്നതാണ് സാങ്കേതിക സമിതി എന്നതുകൊണ്ടുതന്നെ സാങ്കേതിക മികവുള്ള നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്താനും റിഡ്ജ് - ടു - വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേയ്ക്ക്) സമീപനത്തോടുകൂടി പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനും കഴിയും.

(ബി) ത്രിതല തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയാണ് (ഡി.പി.സി.) നീർത്തട മാസ്റ്റർപ്ലാൻ അംഗീകരിക്കുന്നത്.

(സി) ഹരിതകേരള മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം/ ജലസമൃദ്ധി"യുടെ ഭാഗമായി തയ്യാറാക്കുന്ന നീർത്തടപ്ലാനുകളുടെ രൂപീകരണത്തിന് പ്രത്യേക ജീവനക്കാരെ നിയമിച്ചിട്ടില്ല.

## നദികളും പുഴകളും ആറുകളും പുനരുദ്ധരിക്കുന്ന പദ്ധതി

174 (5042) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് എത്ര നദികളും പുഴകളും ആറുകളുമാണ് പുനരുദ്ധരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വരട്ടാറിന്റെ രണ്ടാംഘട്ടം പുനരുദ്ധാരണ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വലുതും ചെറുതുമായ ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ വരട്ടാർ, പള്ളിക്കലാർ, കോലറയാർ, കൊടൂർ-മീനന്തറയാർ-മീനച്ചിലാർ പുനർസംയോജനം, കാനമ്പുഴയാർ എന്നിവയാണ്.

(ബി) ഉണ്ട്. വരട്ടാറിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി വരട്ടാറിന്റെ ആഴം കൂട്ടി സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കൽ, തീരങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് തീരസംരക്ഷണം, വശങ്ങളിൽ ഇന്റർലോക്ക് പാകിയ നടപ്പാത നിർമ്മാണം, ജൈവ വൈവിദ്ധ്യ വനവൽക്കരണം എന്നിവ നടത്തുന്നതിനുമായി 7.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട നടപ്പാത നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി വരികയുമാണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി നദിയിലെ എക്കലും മണ്ണും മറ്റും നീക്കം ചെയ്യുന്ന പ്രവൃത്തി പരിഗണനയിലാണ്.

വരട്ടാറിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ ഒരു പദ്ധതി തയ്യാറാക്കി സംസ്ഥാന ബജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

## കൽപ്പാത്തി പുഴ സംരക്ഷണം

175 (5043) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കൽപ്പാത്തി പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് കൽപ്പാത്തി പുഴ സംരക്ഷണ അതോറിറ്റി രൂപീകരണം സർക്കാരിന്റെ

പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഓരോ നദിക്കും ഒരു പ്രത്യേക അതോറിറ്റി അപ്രായോഗികമായതിനാൽ സംസ്ഥാനത്തെ നദികളുടെ സമഗ്ര സംരക്ഷണവും വികസനവും ലക്ഷ്യമാക്കി ഒരു പ്രത്യേക അതോറിറ്റി രൂപീകരണം എന്നത് പരിഗണനയിലുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ ജലസമൃദ്ധിയുടെ ഭാഗമായി നദീതടത്തിൽ വരുന്ന ചെറുനീർത്തടങ്ങളുടെ നീർത്തട പ്ലാൻ തയ്യാറാക്കിവരുന്നു.

**മങ്കേരി, കുറ്റിപ്പുറം ഇറിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി**

176 (5044) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ അറ്റകുറ്റ പ്രവൃത്തി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചങ്ങണക്കടവിന്റെ മുകൾ ഭാഗത്ത് മണ്ണാത്തിപ്പാറയ്ക്ക് അടുത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ ഭിത്തി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റും വിശദമായ റിപ്പോർട്ടും ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ അറ്റകുറ്റപ്പണികൾ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചങ്ങണം കടവിന് മുകൾ ഭാഗത്ത് മണ്ണാത്തിപ്പാറയ്ക്ക് സമീപം കര സംരക്ഷിക്കുന്ന ഭിത്തിയുടെ പ്രവൃത്തി തുടങ്ങിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടി വെഞ്ചാലി പാടത്തെ എക്സ്പ്രസ് കനാൽ**

177 (5045) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി വെഞ്ചാലി പാടത്തെ എക്സ്പ്രസ് കനാൽ നിർമ്മിക്കണമെന്ന ദീർഘകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്നേക്ക് പ്രാവർത്തികമാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കുണ്ടൂർ, നന്നമ്പ്ര പ്രദേശങ്ങളിലേയ്ക്ക് കാർഷികാവശ്യത്തിന് ജലം മതിയായ തോതിൽ ലഭ്യമാക്കുന്നതിന് നിലവിലെ മെയിൻ കനാലിന് സമാന്തരമായി ഒരു അഡീഷണൽ കനാലിന്റെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിശദമായ സർവ്വേ നടത്തി ആയക്കെട്ട് ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ചശേഷം മാത്രമെ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയുകയുള്ളൂ. എന്നാൽ കിഫ്ബിയിലുൾപ്പെടുത്തി കുണ്ടൂർ തോടിന്റെ നവീകരണം യാഥാർത്ഥ്യമാകുന്നപക്ഷം മേൽകനാലിന്റെ (എക്സ്പ്രസ്) ആവശ്യകതകളും വ്യാപ്തിയും പുനഃപരിശോധിക്കേണ്ടിവരും.

**തിരൂരങ്ങാടി മണ്ഡലത്തിലെ തോട് നവീകരണം**

178 (5046) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പതിനഞ്ച് കോടി രൂപ ചെലവ് വരുന്ന കുണ്ടൂർ തോട് നവീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

തിരൂരങ്ങാടി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പതിനഞ്ച് കോടി രൂപ ചെലവ് വരുന്ന കുണ്ടൂർ തോട് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുവേണ്ടി ഉള്ളടക്കം ചെയ്യേണ്ട ബാക്കി സാങ്കേതിക വിവരങ്ങൾ കെ.ഐ.ഐ.ഡി.സി. (KIIDC) തയ്യാറാക്കിവരുന്നു.

**മഴുവന്നൂർ പഞ്ചായത്തിൽ മഞ്ചനാട് തോടിന് കുറുകെ തടയണ**

179 (5047) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ മഞ്ചനാട് തോടിനു കുറുകെ കുറ്റാലിൽ പാടശേഖരത്തിൽ ഒരു തടയണ നിർമ്മിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ കൈതവേലി മഞ്ചനാട് തോടിന് കുറുകെ വി.സി.ബി. നിർമ്മാണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

## ജലസ്രോതസ്സുകളിൽ തടയണ നിർമ്മാണം

180 (5048) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച നേരിടാനും ജലസംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ അനുയോജ്യമായ ആറുകൾ, തോടുകൾ, നദികൾ തുടങ്ങിയ ജലസ്രോതസുകളിലെല്ലാം തടയണ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിലേക്കായി എല്ലാ ജില്ലകളിലും വകുപ്പിൽ നിന്നുതന്നെ ഒരു പ്രത്യേക ടീമിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ മിക്ക കുടിവെള്ള പൈപ്പുകളും കാലപ്പഴക്കം, ഗുണനിലവാരമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ നിരന്തരം പൊട്ടി കുടിവെള്ളം പാഴായി പോകുന്നതും ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കാതിരിക്കുന്നതും കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തര

(എ) സംസ്ഥാനത്ത് കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, (നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, കാസർഗോഡ് പാക്കേജ്) തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു.

കൂടാതെ റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) കാലപ്പഴക്കം കാരണം പൊട്ടുന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി മാറ്റി സ്ഥാപിക്കുന്നുണ്ട്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

181 (5049) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ അറ്റകുറ്റ പണിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചങ്ങണംകടവിന് മുകൾ ഭാഗത്ത് മണ്ണാത്തിപ്പാറയ്ക്ക് സമീപം കര സംരക്ഷിക്കുന്ന ഭിത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ അറ്റകുറ്റപ്പണിക്കും (ചെയിനേജ് 1/300 മീറ്റർ മുതൽ 1/600 മീറ്റർ വരെയുള്ള) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചങ്ങണംകടവിന് മുകൾഭാഗത്ത് മണ്ണാത്തിപ്പാറയ്ക്ക് സമീപം വലതുകര സംരക്ഷിക്കുന്ന ഭിത്തിയുടെ പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**കിള്ളിയാറിന്റെ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി**

182 (5050) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലുള്ള കിള്ളിയാറിന്റെ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി അടിയന്തരമായി നിർവ്വഹിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) കിള്ളിയാറിന്റെ ബണ്ട് ബലപ്പെടുത്തിയില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ വീടുകളിൽ വെള്ളം കയറി ദുരിതമുണ്ടാകും എന്ന കാര്യം പരിഗണിച്ച് മേജർ ഇറിഗേഷൻ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) കിള്ളിയാറിൽ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ബണ്ട് ബലപ്പെടുത്തി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നടന്നു വരികയാണ്.

## ഭൂതത്താൻകെട്ട് ബാരേജിന്റെ സംരക്ഷണം

183 (5051) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഇറിഗേഷൻ ഡിവിഷന്റെ പരിധിയിലുള്ള പെരിയാർ നദിയുടെ, തട്ടേക്കാട് ശിവക്ഷേത്രത്തിനു സമീപവും ഭൂതത്താൻകെട്ട് ബാരേജിന്റെ മുകളിലും താഴെയുള്ള ഭാഗങ്ങളിലും തീരം ഇടിഞ്ഞു പോയിട്ടുള്ളതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരം കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തീരം സംരക്ഷിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) സംരക്ഷണ ജോലിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഉണ്ട്. വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

## കടൽഭിത്തികൾ നവീകരിക്കുന്നതിന് അടിയന്തര നടപടി

184 (5052) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പൂന്തുറ, ചെറിയതുറ, ബീമാപ്പള്ളി പ്രദേശങ്ങളിൽ കാലപ്പഴക്കംമൂലം നശിച്ചിരിക്കുന്ന കടൽഭിത്തികൾ നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കടൽക്ഷോഭം രൂക്ഷമാകുന്ന മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ ഈ ഭാഗത്തെ തീരദേശവാസികളുടെ സുരക്ഷിതത്ത്വത്തിന് എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) വളരെ ഗൗരവകരമായ ഈ സാഹചര്യം നേരിടുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അടിയന്തര യോഗം വിളിച്ചുചേർക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കുന്നതാണ്.

## പൂന്തുറയിൽ പുലിമുട്ട് പുനർനിർമ്മാണം

185 (5053) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ പുലിമുട്ടുകളുടെ പുനർനിർമ്മാണത്തിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിനായി മേജർ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കടൽക്ഷോഭത്തെ ചെറുക്കുന്നതിനും തീരദേശവാസികളുടെ സംരക്ഷണത്തിനുമായി പൂന്തുറ പുലിമുട്ടുകളുടെ പുനർനിർമ്മാണം എത്രയും വേഗം സാധ്യമാക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ പുലിമുട്ടുകളുടെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## തുമ്പൂർമുഴി ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനം

186 (5054) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിക്ക് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നതുമായ തുമ്പൂർമുഴി ടൂറിസം കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ടൂറിസം വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് അംഗീകാരം നൽകിയിരുന്ന പ്രോജക്ടുകൾ സാങ്കേതിക പ്രശ്നങ്ങൾമൂലം ഇനിയും ആരംഭിക്കുവാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടസ്സങ്ങൾ നീക്കി പ്രോജക്ടിന് അനുമതി നൽകി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം

187 (5055) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ആയത് എത്രയുംവേഗം നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി അമൃത്, സ്റ്റേറ്റ് പ്ലാൻ, ജൻറം ഫേസ് 1, എം.എൽ.എ. ഫണ്ട്, എം. പി. ഫണ്ട് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി സ്വിവറേജ് ലൈനുകൾ ദീർഘിപ്പിക്കൽ, പമ്പിംഗ് മെച്ചപ്പെടുത്തൽ, പുതിയ പമ്പ് ഹൗസുകൾ നിർമ്മിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജൻറം

ഫേസ് 1-ൽ തീരദേശ മേഖലയിൽ ഉൾപ്പെട്ട പമ്പ് ഹൗസുകളായ F, G ബ്ലോക്കുകളുടെ ശേഷിക്കുന്ന പണികളുടെയും സംഗമനഗർ പമ്പ് ഹൗസിന്റെയും അനുബന്ധ സ്വിവറേജ് പൈപ്പുകൾ ഇടുന്നതിന്റെയും പണികൾ പുരോഗമിച്ചുവരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ 5MLD സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 19.16 കോടി രൂപയുടെ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

പുതുതായി ഭരണാനുമതി ലഭിച്ച ചാക്ക മുതൽ മാനവനഗർ വരെയുള്ള ഇന്റർ കണക്ഷൻ വർക്കിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

188 (5056) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മോദിക്കയത്ത് ആർ.സി.ബി. നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രൊപ്പോസലിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) കെ.ഐ.ഐ.ഡി.സി. തയ്യാറാക്കിയ പ്രൊപ്പോസലിന് പ്രാഥമിക പരിശോധനകൾ നടത്തി ഫണ്ട് അനുവദിക്കുന്നതിന് കിഫ്ബി ബോർഡിൽ നൽകുന്നതുമായി ബന്ധപ്പെട്ട് ചെയ്തുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി മെക്കാനിക്കലിന്റെയും ഇലക്ട്രിക്കലിന്റെയും ഭാഗമായുള്ള ഡിസൈനും എസ്റ്റിമേറ്റും ജലസേചന വകുപ്പ്, SPV ആയ KIIDC-ന് ലഭ്യമാക്കുന്നമുറയ്ക്ക് KIIDC ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## ഏനാമാക്കൽ റെഗുലേറ്റർ അപ്രോച്ച് റോഡ്

189 (5057) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് പി.ഡബ്ല്യൂ.ഡി. റോഡിൽ ഏനാമാക്കൽ റെഗുലേറ്റർ സ്ഥിതി ചെയ്യുന്ന ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള അപ്രോച്ച് റോഡിന്റെ നീളം എത്രയാണ്;

(ബി) അപ്രോച്ച് റോഡിന്റെ ഇരുവശവുമുള്ള പി.ഡബ്ല്യൂ .ഡി. റോഡ് ഗതാഗത യോഗ്യമായി കിടക്കുമ്പോൾ ഇറിഗേഷന്റെ കൈവശമുള്ള റോഡ് തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദിനംപ്രതി നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റഗുലേറ്ററിന്റെ മുകളിലത്തെ റോഡിന്റെ ശോച്യാവസ്ഥ റെഗുലേറ്ററിന് ബലക്ഷയം ഉണ്ടാക്കുമെന്നതുകൂടി പരിഗണിച്ച് ഈ റോഡ് അടിയന്തരമായി ടാർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ) 780 മീറ്റർ.

(ബി) ഉണ്ട്.

(സി&ഡി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി നിരവധി തവണ ഇ-ടെണ്ടർ വിളിച്ചെങ്കിലും ആരുംതന്നെ ഏറ്റെടുത്തിട്ടില്ല. തുടർന്ന് വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥന പ്രകാരം പൊതുമരാമത്ത് വകുപ്പിനോട് ഈ പ്രവൃത്തി നടപ്പിലാക്കാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 ആവശ്യപ്പെട്ടിട്ടുണ്ട്.

## പാണ്ടിക്കണ്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പണി പൂർത്തീകരിക്കാൻ നടപടി

190 (5058) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇലക്ട്രിഫിക്കേഷൻ പണി പൂർത്തീകരിക്കാൻ സാധിക്കാത്തതു കാരണം പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടും കടുത്ത വേനലിൽ വെള്ളം പൂർണ്ണമായി ശേഖരിക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മറ്റ് പ്രവൃത്തികൾ പൂർത്തിയായ സ്ഥിതിക്ക് ഇലക്ട്രിഫിക്കേഷൻ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇലക്ട്രിഫിക്കേഷൻ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഷട്ടറിന്റെ മാന്വൽ ഓപ്പറേഷൻ ബുദ്ധിമുട്ടാണ്. ആയതിനാൽ പൂർണ്ണമായി ജലസംഭരണം നടത്താൻ സാധിച്ചിട്ടില്ല. എങ്കിലും റെഗുലേറ്ററിൽ 2.5 മീറ്റർ ഉയരത്തിൽ ജലം സംഭരിച്ചുനിർത്തിയിട്ടുണ്ട്.

(സി) ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജലവിതരണ പൈപ്പുകൾ

191 (5059) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ഗ്രാമപഞ്ചായത്തിലെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കുന്നതിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ പദ്ധതിക്ക് 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മൂന്ന് സോണുകളായി തിരിച്ച് പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കാലാവധി 16-9-2017 മുതൽ 8 മാസമായിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ മറ്റ് ഏജൻസികളിൽ നിന്നുള്ള അനുമതി കിട്ടാത്തത് കാരണം 30-6-2018 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് പി.ഡബ്ല്യൂ.ഡി. റോഡുകളിലൂടെ പൈപ്പുലൈൻ സ്ഥാപിക്കുന്നതിനും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള പുഴകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും അനുമതി കിട്ടാൻ കാലതാമസമുണ്ടായി. ആയതിനുവേണ്ട അനുമതിക്കായുള്ള തുകകൾ ഇപ്പോൾ കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എ.ഐ. (National Highway Authority of India)-യുടെ പരിധിയിലുള്ള റോഡുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും ഐ.ഡബ്ല്യൂ.എ.ഐ. (Inland Waterways Authority of India)-യുടെയും അധീനതയിലുള്ള പുഴകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനും വേണ്ട അനുമതി പ്രസ്തുത വകുപ്പുകളിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്.

(ഡി) 30-6-2018-ന് ഈ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## മാവേലിക്കര മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

192 (5060) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ മാവേലിക്കര നിയോജക മണ്ഡലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തുന്നതിന് മാവേലിക്കര നിയോജക മണ്ഡലത്തിലെ എന്തൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തുന്നതിന് മാവേലിക്കര നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

193 (5061) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം (മേജർ ഇറിഗേഷൻ & മൈനർ ഇറിഗേഷൻ) ഇറിഗേഷൻ വകുപ്പ് മുഖാന്തരം നെടുമങ്ങാട് മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാകാത്തവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) വിവിധ പ്രവൃത്തികൾക്കായി നാളിതുവരെയായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി

194 (5062) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായ ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധാരണം നടത്തി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമെന്ന് 2016 സെപ്റ്റംബറിൽ എം.എൽ.എ.-യുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അധികൃതർ ഉറപ്പുനൽകിയിരുന്നെങ്കിലും നാളിതുവരെ പ്രവർത്തനം പുനരാരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പല്ലാരി മംഗലം, വാരപ്പെട്ടി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്കും കോതമംഗലം മുനിസിപ്പാലിറ്റിയുടെ വിവിധ മേഖലകൾക്കും പ്രയോജനപ്പെടുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിരവധി വർഷങ്ങളായി പ്രവർത്തനരഹിതമായ ജല അതോറിറ്റിയുടെ അധീനതയിലുള്ള ആവോലിച്ചാൽ വല്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പുനരുദ്ധാരണം നടത്തുന്നതിനായി ആവശ്യപ്പെട്ടിരുന്നു. വേനൽക്കാലത്ത് കോതമംഗലം പുഴയിൽ വെള്ളം കുറവായതിനാൽ പെരിയാറിൽനിന്നും ഏകദേശം 8 കിലോമീറ്റർ ദൂരത്തുള്ള കോതമംഗലം പുഴയിലേയ്ക്ക് വെള്ളം പമ്പ് ചെയ്ത് ഈ പുഴയിലേയ്ക്കുള്ള KWA പദ്ധതികൾക്ക് ജലലഭ്യത ഉറപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. രണ്ട് പുഴകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാകയാൽ വിശദമായ സാങ്കേതിക പഠനവും പാരിസ്ഥിതിക പഠനവും നടത്തിയതിനുശേഷമേ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പാരിസ്ഥിതിക പഠനത്തിന് ഏതെങ്കിലും ഏജൻസിയുടെ സഹായം ലഭ്യമാക്കേണ്ടിവരും. കൂടാതെ രണ്ട് പുഴകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതി ആയതിനാൽ പാരിസ്ഥിതിക പഠനത്തിന് മുൻപായി ഇത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുണ്ട്.

### കുട്ടനാട്ടിലെ പോളശല്യം പരിഹരിക്കാൻ നടപടി

195 (T5063) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ഇടതോടുകളിലും കായലുകളിലും രൂക്ഷമായ പോളശല്യംമൂലം പകർച്ചവ്യാധികൾ വ്യാപിക്കുന്നതിനാൽ പോളശല്യം ശാശ്വതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കുട്ടനാട് പ്രദേശത്തെ പോള നീക്കം ചെയ്യുന്ന പദ്ധതി, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപടി കൈക്കൊള്ളാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

196 (5064) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ അനുവദിച്ച ഇറിഗേഷൻ/വാട്ടർ അതോറിറ്റി കുടിവെള്ള,പദ്ധതികൾ ഏതെല്ലാം; അവയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മുൻസർക്കാർ കാലയളവിൽ അനുമതി നൽകിയവയും പ്രവൃത്തികൾ പൂർത്തീകരിക്കാത്തവയുമായ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ ഇവ പൂർത്തീകരിക്കാൻ കഴിയുമെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ കർഷകർക്ക് കൃഷിക്കാവശ്യമുള്ള ജലം ലഭ്യമാക്കാൻ ഇറിഗേഷൻ വകുപ്പും ജനങ്ങൾക്കാവശ്യമുള്ള കുടിവെള്ളം ലഭ്യമാക്കാൻ വാട്ടർ അതോറിറ്റിയും നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി അനുവദിച്ച ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനുംകൂടിയുള്ള കുടിവെള്ള പദ്ധതി-പാക്കേജ് - I, II & III (3500 ലക്ഷം) എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി താഴെ വിവരിക്കുന്നു.

പാക്കേജ് - I

20 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണശാലയുടെ സമ്പിന്റെ കോൺക്രീറ്റ് പ്രവൃത്തി 40 ശതമാനം പൂർത്തീകരിച്ചു. ക്ലാരിഫയറിന്റെ അസ്ഥിവാരത്തിന്റെ പ്രവൃത്തി തുടങ്ങി. 500 എം.എം.ഡി.ഐ. പൈപ്പ് 60.50 മീറ്റർ 450 എം.എം. ഡി.ഐ. പൈപ്പ് - 2728 മീറ്റർ, 300 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ - 56 ശതമാനം പൂർത്തീകരിച്ചു.

പാക്കേജ് - II

തടയണ നിർമ്മാണം 45 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

പാക്കേജ് - III

ജലശുദ്ധീകരണശാല നിർമ്മിക്കുന്ന സ്ഥലത്തെ പൈപ്പുകൾ നീക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 6 കുളങ്ങൾ വൃത്തിയാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 6 കുളങ്ങളുടെ കാടും ചെളിയും നീക്കംചെയ്ത് കുളം വൃത്തിയാക്കുന്നതിനുള്ള പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ കൃഷി ആവശ്യത്തിനായി നിലവിലുള്ള 6 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെ പമ്പിംഗ് സുഗമമാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ടി പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ മുൻസർക്കാർ കാലയളവിൽ ഭരണാനുമതി നൽകിയതും പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ താഴെ വിവരിക്കുന്നു:

1. 2015-16 വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഷൊർണ്ണൂർ കുടിവെള്ള പദ്ധതിക്കായി ഭാരതപ്പുഴയിൽ പുതിയ കിണർ നിർമ്മാണം (മുണ്ടായ) പുരോഗമിച്ചുവരുന്നു. അതിനുശേഷം പൈപ്പ് ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതാണ്. ഈ പദ്ധതി 31-5-2018-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. ചേർപ്പുളശ്ശേരിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ ഉൾപ്പെടുത്തി 27-2-2016-ൽ ഭരണാനുമതി നൽകി. എന്നാൽ പദ്ധതിക്കുള്ള കേന്ദ്രസഹായത്തിന് കാലതാമസം നേരിടുകയും ലഭിക്കാതാകുകയും ചെയ്തതുകൊണ്ട് പദ്ധതിയുടെ ഭരണാനുമതി റദ്ദുചെയ്തിരിക്കുകയാണ്. ഇപ്പോൾ ഈ പദ്ധതിയുടെ പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) കേരള ജല അതോറിറ്റി

വരൾച്ച നേരിടുന്നതിന് ഷൊർണ്ണൂർ കുടിവെള്ള പദ്ധതിക്കായി താൽക്കാലിക തടയണ നിർമ്മാണം ഇതിനോടകംതന്നെ പൂർത്തിയായിക്കഴിഞ്ഞു. അധിക ഷിഫ്റ്റ് ഏർപ്പെടുത്തിയും വാൽവ് സംവിധാനങ്ങളിലൂടെയും ജലവിതരണം മേഖല തിരിച്ച് നിയന്ത്രിച്ചും സാധ്യമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിച്ചും ജനങ്ങൾക്ക് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ ശ്രമിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി 20 എം.എൽ.ഡി. ശുദ്ധീകരണശാല പ്രവൃത്തിയും കുളപ്പുള്ളി സോൺ-2 - 450 ഡി.ഐ. പമ്പിംഗ് മെയിൻ ഇടുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറയുമ്പോൾ മലമ്പുഴ ഡാമിൽനിന്ന് വെള്ളം തുറന്നുവിട്ട് ജലലഭ്യത ഉറപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം 1

പ്രസ്തുത മണ്ഡലത്തിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര പ്രധാന കനാലിന്റെ ചെ: 33/000 കി.മീ. മുതൽ 35/400 കി.മീ. വരെയും ചെ: 44/500 കി.മീ. മുതൽ 62/000 കി.മീ. വരെയും അവയുടെ വിതരണികളും ഉൾപ്പെടുന്നുണ്ട്. അവയിലൂടെ മുൻപേ തീരുമാനിച്ച ജലവിതരണ ക്രമമനുസരിച്ച് ജലവിതരണം നടത്തിവരുന്നു.

**കൊയിലാണ്ടിയിൽ വാട്ടർ അതോറിറ്റിക്ക് ഭൂമി വിട്ടുനൽകാൻ നടപടി**

197 (5065) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടുനൽകുവാനുള്ള വാട്ടർ അതോറിറ്റിയുടെ അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് കാലതാമസം കൂടാതെ വാട്ടർ അതോറിട്ടിക്ക് എന്നത്തേക്ക് ഭൂമി വിട്ടു നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കുറ്റ്യാടി ജലസേചന പദ്ധതിക്കുവേണ്ടി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ പന്തലായിനി വില്ലേജിൽ ആകെ 0.4378 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ ഒരു ഭാഗം നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് ഓഫീസായി പ്രവർത്തിച്ചുവരുന്നതും കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിക്കായി ആവശ്യപ്പെട്ട 35 സെന്റ് സ്ഥലത്ത് ഒരു ക്വാർട്ടേഴ്സും മറ്റൊരു ക്വാർട്ടേഴ്സിന്റെ പകുതി ഭാഗവും ഉൾപ്പെടുന്നു. ജലസേചന വകുപ്പിന്റെ അധീനതയിൽപ്പെടുന്ന പ്രസ്തുത സ്ഥലം ജല അതോറിറ്റിക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ കൈമാറുന്നതിനെ സംബന്ധിച്ച വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വകുപ്പ് പ്രവൃത്തികൾ

198 (5066) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2017 - 18 സാമ്പത്തിക വർഷത്തിൽ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എത്ര വർക്കുകൾ ആണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; അതിൽ കുളങ്ങൾ ഏതെല്ലാം ആണ്; അതിന് അനുവദിച്ച തുക എത്രയാണ്;

(ബി) 2017- 18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തോടുകളിൽ മൈനർ ഇറിഗേഷൻ വർക്കുകൾ ചെയ്യുന്നുണ്ടോ; എങ്കിൽ സ്ഥലവും പേരും അതിന്റെ അടങ്കൽ തുകയും വ്യക്തമാക്കാമോ;

(സി) 2017-18 വർഷത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കുളങ്ങൾ, തോട് എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2017-18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തോടുകളുടെ എത്ര വർക്കുകളുടെ എസ്റ്റിമേറ്റ് ആണ് എടുത്തത് എന്ന് വ്യക്തമാക്കുമോ; അതിന്റെ പേരും സ്ഥലവും തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ ചെയ്തുവരുന്ന പ്രവൃത്തികൾ - 3. അതിൽ 2 കുളങ്ങൾക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

1. അതിയന്നൂർ പഞ്ചായത്തിലെ ബുധനൂർ കുളത്തിന്റെ പുനരുദ്ധാരണം - 3 ലക്ഷം
2. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കൊച്ചുകുളങ്ങര കുളത്തിന്റെ പുനരുദ്ധാരണം - 1.60 ലക്ഷം

(ബി) ഉണ്ട്. 2017-18-ൽ തോടുകളിൽ ചെയ്ത പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്: വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് പഞ്ചായത്തിലെ ചെറുമൻകര വലിയതോടിന്റെ സംരക്ഷണ പ്രവൃത്തികൾ.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | - | 12,86,701 രൂപ |
| സ്വീകരിച്ച തുക | - | 10,73,213 രൂപ |

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽ നിന്നും തോടുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വെള്ളപ്പൊക്ക കെടുതി - കാരോട് പഞ്ചായത്തിലെ വടക്കേപുളിമൂട് വാർഡിലെ ഞാർക്കാല – ഊരേക്കാൽ വിളാകം ചെറിയതോടിന്റെ സംരക്ഷണ പ്രവൃത്തികളും ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണവും - 11.50 ലക്ഷം
2. വെള്ളപ്പൊക്ക കെടുതി - നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ കുട്ടപ്പന വാർഡിലെ മരുത്തൂർ തോടിന്റെ കുട്ടപ്പന ക്ഷേത്രത്തിനടുത്തുള്ള ഭാഗത്തെ സംരക്ഷണ പ്രവൃത്തികളും പുനരുദ്ധാരണവും - 12.00 ലക്ഷം.

(ഡി) 2017-18 വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 5 തോടുകളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അങ്കമാലി മണ്ഡലത്തിലെ റോഡുകളും നടപ്പാതകളും കെട്ടിടങ്ങളും

199 (5067) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും നടപ്പാതകളുടെയും വിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര റോഡുകളാണ് തകർന്നുകിടക്കുന്നത്; ഈ റോഡുകൾ പുനരുദ്ധരിക്കുന്നതിന് എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന വികസനത്തിനും ഇത്തരം പ്രവൃത്തികൾക്കുമായി ഇറിഗേഷൻ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇറിഗേഷൻ വകുപ്പിന്റെകീഴിലുള്ള കെട്ടിടങ്ങളും റോഡുകളും തകർന്ന് കിടക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വകുപ്പിന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന്റെകീഴിലുള്ള കാലടി സെക്ഷന്റെ അധീനതയിൽ നടപ്പാതയും കനാൽബണ്ട് റോഡും ഉൾപ്പെടെ 16.60 കിലോമീറ്ററും പറവൂർ സെക്ഷന്റെ കീഴിൽ പാറക്കടവ് പഞ്ചായത്തിൽ പാറക്കടവ് നമ്പർ 1, പാറക്കടവ് നമ്പർ 2, പൂവത്തുശ്ശേരി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാൽ ബണ്ട് റോഡുകളും (നീളം 10.475 കിലോമീറ്റർ) ഉണ്ട്.

കൂടാതെ, അങ്കമാലി നിയോജകമണ്ഡലത്തിൽ ഇടമലയാർ ജലസേചന പദ്ധതിയിൽ 38.854 കിലോമീറ്റർ കനാൽ ബണ്ട് റോഡും 7.109 കിലോമീറ്റർ നടപ്പാതയും ഉണ്ട്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ 128.35 കിലോമീറ്റർ ബണ്ട് റോഡ് ഉണ്ട്.

(ബി) മൈനർ ഇറിഗേഷൻ സെക്ഷൻ പറവൂരിനുകീഴിലുള്ള പാറക്കടവ് നം. 2 എൽ.ഐ. സ്കീമിന്റെ പറയൻമൂല ജംഗ്ഷന് സമീപം 200 മീറ്റർ നീളത്തിലും പൂവത്തുശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ വലിയകുളം ഭാഗത്ത് 100 മീറ്റർ നീളത്തിലും റോഡ് നല്ല നിലവാരത്തിലല്ല. കനാൽ ബണ്ട് റോഡുകൾ ടാറിംഗ്

ഇപ്പോൾ കൂടുതലായി നടത്തിവരുന്നത് ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടുകൂടി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളാണ്. വിവിധ ഇടങ്ങളിൽ ഇപ്രകാരമുള്ള പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.

ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ ലോ ലെവൽ കനാൽ ചെ. 9525 മീ. മുതൽ ചെ. 10490 മീ. വരെയുള്ള ബണ്ട് റോഡ് തകർന്നുകിടക്കുന്നു. ഇതിന്റെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ 14.23 കിലോമീറ്റർ ബണ്ട് റോഡ് തകർന്നുകിടക്കുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ബണ്ട് റോഡിന്റെ പുനരുദ്ധാരണത്തിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ ഇവയ്ക്കായി അനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ പദ്ധതി വിഭാഗം 2-ന്റെകീഴിൽ വരുന്ന ഇടമലയാർ ജലസേചന പദ്ധതിയുടെകീഴിലുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 23 കോടി രൂപയും ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ കീഴിലുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജലസംരക്ഷണ പദ്ധതികളുടെ അപര്യാപ്തത**

200 (5068) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല സംരക്ഷണ പദ്ധതികളില്ലാത്തത് കാരണം കേരളത്തിന് ലഭിക്കേണ്ട ജലം അയൽ സംസ്ഥാനങ്ങൾ ചോർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം ശരാശരി 3000 ടി.എം.സി ജലം മഴയിലൂടെ സംസ്ഥാനത്ത് ലഭിക്കുമ്പോൾ ഉപയോഗിക്കപ്പെടുന്നത് 290 ടി.എം.സി മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കബനി നദിയിൽ നിന്ന് കേരളത്തിന് അനുവദിച്ച 21 ടി.എം.സി. ജലത്തിൽ 17 ടി.എം.സി.-യും കർണ്ണാടകയാണ് ഉപയോഗിക്കുന്നതെന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാവേരി കരാർ പ്രകാരം 30 ടി.എം.സി. ജലം കേരളത്തിനവകാശപ്പെട്ടതാണെങ്കിലും ഉപയോഗിക്കുന്നത് 5 ടി.എം.സി മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഴിഞ്ഞ 35 വർഷത്തിനിടയിൽ കേരളം പ്രധാന ജലസേചന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ ജലസമ്പത്ത് അനധികൃതമായി അയൽ സംസ്ഥാനങ്ങൾ ചോർത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ട നദീതടങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു. വിജിലൻസ് കോർഡിനേറ്ററായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ മാസവും വിജിലൻസ് ഓഫീസർമാർ സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ (2017) പുതിയതായി കേരളത്തിലെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചുകൊണ്ടുപോകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്ത് ഏകദേശം 3000 മില്ലി മീറ്റർ മഴ ലഭിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ അതിൽ 290 ടി.എം.സി. മാത്രമാണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല. കാവേരി നദീജലതർക്ക ട്രൈബ്യൂണലിന്റെ വിധി പ്രകാരം കബനി തടത്തിൽ 21 ടി.എം.സി. ജലമാണ് അനുവദിച്ചത്. കബനി ബേസിനിൽ കേരളം വിഭാവന ചെയ്തിട്ടുള്ള പദ്ധതികളും അവയ്ക്കാവശ്യമായ ജലത്തിന്റെ അളവും ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള ജലത്തിന്റെ അളവും അനുബന്ധമായി വയ്ക്കുന്നു.*

(ഡി) ഇല്ല.

(ഇ) ജലസേചന വകുപ്പിനുകീഴിൽ പഴശ്ശി, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, റെഗുലേറ്റർ കം ബ്രിഡ്ജ് തൃത്താല, കല്ലട, ചിമ്മിനി, മൂവാറ്റുപുഴവാലി എന്നിവ കഴിഞ്ഞ 35 വർഷത്തിനിടയിൽ പൂർത്തീകരിച്ച പദ്ധതികളാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസേചന പദ്ധതികളുടെ ഭാഗമായ കെട്ടിടങ്ങൾ

201 (5069) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ ഭാഗമായി നിലവിൽ എത്ര കെട്ടിടങ്ങൾ ഉണ്ട്; അവയിൽ ജീർണ്ണാവസ്ഥയിൽ ഉള്ളവ എത്ര;

(ബി) കെട്ടിടങ്ങൾ ഫലപ്രദമായി സംരക്ഷിക്കുവാൻ നടപടി കൈക്കൊള്ളുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 705 കെട്ടിടങ്ങളുണ്ട്. ജീർണ്ണാവസ്ഥയിൽ ഉള്ളവ - 194.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി

202 (5070) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ഡയറക്ട് പർച്ചേസിന് അനുമതി ലഭിച്ചിട്ടും സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷത്തെ ആക്ഷൻ പ്ലാനിൽ രണ്ട് കോടി രൂപ വകയിരുത്തിയെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസലിന് (ഫയൽ നമ്പർ 606299/Fin/I&PW-B)ധനകാര്യവകുപ്പ് ഇനിയും അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയലിൽ ധനകാര്യ വകുപ്പ് അനാവശ്യ തടസ്സങ്ങൾ നിരത്തുന്നതായുള്ള പരാതി പരിശോധിക്കുമോ; ഡയറക്ട് പർച്ചേസ് നൽകാൻ ഉത്തരവായെങ്കിലും പണം നൽകാൻ പറഞ്ഞിട്ടില്ല എന്ന വിചിത്രവാദം അനാവശ്യമായി പദ്ധതി വൈകിപ്പിക്കുന്നത് കാരണമാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട ഫയൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് പദ്ധതി പൂർത്തീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച ഡയറക്ട് പർച്ചേസിന് 28-7-2017-ലെ സ.ഉ.(സാധാ) നമ്പർ 643/17/ജ.വി.വ. പ്രകാരം അനുമതി നൽകുകയും ആവശ്യമായ തുക ആക്ഷൻ പ്ലാനിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 4700-22-800-90 വിതരണികൾ (വോട്ടു ചെയ്തത്) എന്ന ശീർഷകത്തിന്റെ ഫണ്ട് മുഴുവനും ഉപയോഗിച്ച കഴിഞ്ഞ സാഹചര്യത്തിൽ വസ്തു ഉടമകൾക്ക് നൽകുവാനുള്ള 1,02,75,448 രൂപ 4700-22-800-90 വിതരണികൾ (വോട്ട് ചെയ്തത്) എന്ന ശീർഷത്തിൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂഗർഭ ജലചൂഷണത്തിന് നിയന്ത്രണം

203 (5071) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലചൂഷണം സംബന്ധിച്ച് നിബന്ധനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) വേനൽക്കാലത്ത് ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലചൂഷണം സംബന്ധിച്ച് നിബന്ധനകൾ ഒന്നുംതന്നെ സംസ്ഥാന ഭൂജല അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ഉം 2009-ലെ കേന്ദ്രഭൂജല അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചും വ്യാവസായിക സംരംഭങ്ങൾക്ക് ജില്ലാതല അവലോകന കമ്മിറ്റിയുടെ നടപടിക്രമങ്ങൾക്ക് വിധേയമായി നിലവിൽ അനുമതി നൽകിവരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഭൂജലവകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ചെറുകിട ഇടത്തരം വ്യവസായ യൂണിറ്റുകളുടെ ആവശ്യത്തിനായുള്ള കുഴൽക്കിണർ നിർമ്മാണത്തിന് നിശ്ചിത തുക ഈടാക്കി ഭൂജലപര്യവേഷണം നടത്തുകയും ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ നിർമ്മാണത്തിന് ശിപാർശ നൽകുകയും ചെയ്യുന്നു. ഇത്തരം അപേക്ഷകളിൽ ജലക്ഷമതാ പരിശോധന ഉൾപ്പടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, വ്യവസായ വകുപ്പ്, അതത് പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസര പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അവലോകനം ചെയ്യുന്നതിനും സംവിധാനമുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി അതത് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റി അനുമതി നൽകിയ എല്ലാ വ്യാവസായിക സ്ഥാപനങ്ങൾക്കും വേനൽക്കാലത്ത് നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

**ഹരിപ്പാട് മണ്ഡലത്തിലെ കുഴൽക്കിണർ നിർമ്മാണം**

204 (5072) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കാർത്തികപള്ളി മഹാദേവി കാടിൽ ഭൂജലവകുപ്പ് മുഖേന നിർമ്മിക്കുവാൻ അനുവദിച്ചിരുന്ന കുഴൽക്കിണറിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഈ കുഴൽക്കിണറിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണമെന്താണ്;

(സി) പ്രസ്തുത കുഴൽക്കിണറിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിച്ച് സ്ഥലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) യന്ത്രങ്ങളുടെ തകരാറുമൂലമാണ് ടി കുഴൽക്കിണർ നിർമ്മാണത്തിൽ തടസ്സങ്ങൾ നേരിട്ടത്.

പ്രസ്തുത കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കൈമാറുന്നതിനുള്ള നടപടികൾ ഭൂജല വകുപ്പ് സ്വീകരിച്ചുവരുന്നു.

**കിണറുകളിലെ ജലനിരപ്പിലുണ്ടായ വ്യത്യാസം**

205 (5073) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിൽ ഈ വർഷം ജലനിരപ്പിലുണ്ടായ വ്യത്യാസം എങ്ങനെയായിരുന്നെന്ന് വ്യക്തമാക്കുമോ;

(ബി) കിണറുകളിലെ ജലനിരപ്പ് സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ അറിയിക്കാമോ;

(സി) കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി കുറയുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് വിഭാവനംചെയ്ത് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഭൂജല വകുപ്പ് സംസ്ഥാനത്ത് ഭൂജലവിതാനം നിരീക്ഷിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള 756 നിരീക്ഷണ കിണറുകളിൽ നിന്നും എല്ലാ മാസവും ഭൂജലവിതാനം ശേഖരിച്ച് വിശകലനം ചെയ്തുവരുന്നുണ്ട്. ഇതിൽ 377 തുറന്നകിണറുകളും 341 ബോർവെല്ലുകളും 38 ട്യൂബ്‌വെല്ലുകളും ഉൾപ്പെടുന്നു. ജനുവരി 2018-ലെ ഭൂജലവിതാനം ജനുവരി 2017-ലെ ഭൂജലവിതാനവുമായി താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 18 ശതമാനം കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ 13 ശതമാനം കുഴൽക്കിണറുകളിലും തീരപ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ (ട്യൂബ് വെൽ) 18.4 ശതമാനം ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ജനുവരി 2018-ലെ ഭൂജലവിതാനം ദശാബ്ദ ശരാശരി (2008-2017)-യുമായുള്ള താരതമ്യം ചെയ്തപ്പോൾ സംസ്ഥാനത്ത് തുറന്ന

കിണറുകളിൽ 45 ശതമാനം കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ കിണറുകളിൽ (ബോർവെൽ) 51 ശതമാനം കിണറുകളിലും തീരപ്രദേശങ്ങളിലെ 21 ശതമാനം ട്യൂബ്‌വെല്ലുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു.

(ബി) നിരീക്ഷണ കിണറുകളിലെ ജലനിരപ്പ് സംബന്ധിച്ച കഴിഞ്ഞ അഞ്ചു വർഷത്തെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂജല വകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്നകിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, കിണറുകളിലെ ജലനിരപ്പ് ക്രമാതീതമായി കുറയുന്നത് തടയാൻ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

## സർക്കാർ നിയന്ത്രണത്തിൽ കുപ്പിവെള്ള വിതരണം

206 (5074) ശ്രീ. എം. ഉമ്മർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ള വിതരണ മേഖല നിലവിൽ സ്വകാര്യ കമ്പനികളുടെ നിയന്ത്രണത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ നിയമ നിർമ്മാണത്തിലൂടെ സ്വകാര്യ കമ്പനികൾക്ക് യഥേഷ്ടം ഭൂഗർഭജലം ചൂഷണം ചെയ്യാൻ അനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രകൃതിസമ്പത്തിന്റെ കാര്യത്തിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ കുപ്പിവെള്ള വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ കുപ്പിവെള്ള കമ്പനികൾ ധാരാളമായി പ്രവർത്തിക്കുന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യഥേഷ്ടം ചൂഷണം ചെയ്യുന്നതിന് അനുമതി നൽകുന്നുവെന്ന രൂപത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്ന വ്യവസ്ഥകളിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി ശുദ്ധമായ കുപ്പിവെള്ളം ഉത്പാദിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിൽ മണിക്കൂറിൽ 7200 ലിറ്റർ ഉത്പാദനശേഷിയുള്ള ഒരു പ്ലാന്റ് പൈലറ്റ് പദ്ധതി എന്ന നിലയിൽ നടപ്പിലാക്കുന്നു. പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. നിർമ്മാണം പൂർത്തിയാക്കി വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും ബി.ഐ.എസ്., എഫ്.എസ്.എസ്.എ.ഐ. എന്നീ വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ KIIDC-യുടെകീഴിൽ ഹില്ലി അക്വ എന്ന പേരിൽ തൊടുപുഴയിൽ ഒരു കുപ്പിവെള്ള ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്.

**ചെറുകിട കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക**

207 (5075) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്ത ചെറുകിട കരാറുകാർക്ക് കുടിശ്ശികയായി എത്ര തുക നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായി എത്ര കരാറുകാർക്ക് എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ തുക കുടിശ്ശികയായി മാറിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| 1. | തിരുവനന്തപുരം | 18.97 |
| 2. | കൊല്ലം | 10.31 |
| 3. | പത്തനംതിട്ട | 2.73 |
| 4. | കോട്ടയം | 4.69 |
| 5. | ആലപ്പുഴ | 3.27 |
| 6. | ഇടുക്കി | 1.4 |
| 7. | എറണാകുളം | 22.19 |

| (1) | (2) | (3) |
|---|---|---|
| 8. | തൃശ്ശൂർ | 4.54 |
| 9. | പാലക്കാട് | 2.08 |
| 10. | മലപ്പുറം | 4.83 |
| 11. | കോഴിക്കോട് | 4.03 |
| 12. | വയനാട് | 1.99 |
| 13. | കണ്ണൂർ | 2.02 |
| 14. | കാസർഗോഡ് | 1.45 |
| **ആകെ** | | **84.50** |

(ബി) ഫെബ്രുവരി 2018 വരെ നൽകുവാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | കരാറുകാരുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|---|
| 1. | തിരുവനന്തപുരം | 213 | 18.97 |
| 2. | കൊല്ലം | 54 | 10.31 |
| 3. | പത്തനംതിട്ട | 39 | 2.73 |
| 4. | കോട്ടയം | 37 | 4.69 |
| 5. | ആലപ്പുഴ | 182 | 3.27 |
| 6. | ഇടുക്കി | 30 | 1.4 |
| 7. | എറണാകുളം | 184 | 22.19 |
| 8. | തൃശ്ശൂർ | 117 | 4.54 |
| 9. | പാലക്കാട് | 66 | 2.08 |
| 10. | മലപ്പുറം | 38 | 4.83 |
| 11. | കോഴിക്കോട് | 44 | 4.03 |
| 12. | വയനാട് | 20 | 1.99 |
| 13. | കണ്ണൂർ | 39 | 2.02 |
| 14. | കാസർഗോഡ് | 20 | 1.45 |
| **ആകെ** | | | **84.50** |

(സി&ഡി) കഴിഞ്ഞ കുറേക്കാലമായി വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. ഇക്കാരണത്താൽ മറ്റ് ചെലവുകളായ പെൻഷൻ കമ്മ്യൂട്ടേഷൻ, വൈദ്യുതി ചാർജ്, പെൻഷൻ പരിഷ്കരണം, ശമ്പള പരിഷ്കരണം തുടങ്ങിയവ കുടിശ്ശികയായതിനോടൊപ്പം ഒ&എം ബില്ലുകളും കുടിശ്ശികയാവുകയും ചെയ്തു. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാവുന്നതാണ്.

**കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണം**

208(5076) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ ശുചിത്വശീലങ്ങളും വിവേചനരഹിതമായ മാലിന്യ നിർമ്മാർജ്ജനവും നമ്മുടെ ഭൂരിപക്ഷം കുടിവെള്ള സ്രോതസ്സുകളെയും മലിനപ്പെടുത്തി എന്നത് വസ്തുതയല്ലേ;

(ബി) ആരോഗ്യ സാമ്പത്തിക മേഖലകളിൽ സ്വാധീനം ചെലുത്തുന്ന കുടിവെള്ള മാനേജ്മെന്റിന്റെ കാര്യത്തിൽ സംസ്ഥാനം പിന്നിൽ ആയതിന്റെ ഗൗരവം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(സി) ജലജന്യ രോഗങ്ങളിൽ പ്രതിവർഷം വർദ്ധനവ് ഉണ്ടാകുന്നുവെന്നത് ആശങ്കപ്പെടുത്തുന്ന ഒന്നാകയാൽ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും അതുവഴി ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ

പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളായ കിണറുകൾ, ട്യൂബ് വെല്ലുകൾ എന്നിവയിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് അവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം IMIS വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിവരുന്നു.

ജലസ്രോതസ്സുകളിൽ ശുദ്ധജലം ധാരാളം ലഭ്യമാക്കുന്നതിനായി ജലവിഭവ സംരക്ഷണത്തിന്റെ പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങളുടെ സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള നീർത്തട സംരക്ഷണ പദ്ധതികൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി ജലലഭ്യത വർദ്ധിപ്പിക്കാൻ സാധിക്കും. കൂടാതെ, നിയമങ്ങൾ കൂടുതൽ കർശനമാക്കി, ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003 ഭേദഗതി ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് (27/2017) സംസ്ഥാന ഗവർണർ അംഗീകരിച്ച് 8-12-2017-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (വാല്യം VI നമ്പർ 2698) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു.

## ജലസുരക്ഷയ്ക്ക് മാസ്റ്റർപ്ലാൻ

209 (5077) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസുരക്ഷയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഒരു നിശ്ചിത സ്ക്വയർ ഫീറ്റിന് മുകളിലുള്ള എല്ലാവിധ വാസഗൃഹ/കോമേഴ്സ്യൽ കെട്ടിടങ്ങളുടെയും പരിസരത്ത് മഴക്കുഴി നിർബന്ധിതമായി നിർമ്മിക്കണമെന്നുള്ളതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് വരൾച്ചയെ നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനെ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും ഉത്തരവുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) 'നീർത്തട പ്ലാൻ' തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും ജലസുരക്ഷ ഉറപ്പാക്കുന്നതിന് അതത് പ്രദേശത്ത് ലഭ്യമാകുന്ന മഴവെള്ളം പരമാവധി സംരക്ഷിക്കുകയും അതോടൊപ്പം ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. ഇതിനുള്ള ശ്രമം ഹരിതകേരളം മിഷന്റെ ഉപമിഷനായ ജല സംരക്ഷണം ജലസമൃദ്ധിയുടെ ഭാഗമായി ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നതിനും ജില്ലാ തലത്തിൽ ഇവ പരിശോധിക്കുന്നതിനുള്ള സാങ്കേതിക സമിതികൾ അനുമതിയോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ രൂപപ്പെടുത്തുന്ന നീർത്തട പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവ ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കും.

(ബി&സി) ഇത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്.

## മലപ്പുറം മണ്ഡലത്തിലെ മൈനോറിറ്റി കുടിവെള്ള പദ്ധതി

210 (5078) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൈനോറിറ്റി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന വിവിധ പ്രവൃത്തികൾ,

1. മൊറയൂർ പഞ്ചായത്തിലെ മോങ്ങം മലയത്തൊടി കുടിവെള്ള പദ്ധതി
2. പൂക്കോട്ടൂർ പഞ്ചായത്തിലെ കോടാലിപ്പറമ്പ് കുടിവെള്ള പദ്ധതി

3. മൊറയൂർ പഞ്ചായത്തിലെ വാർഡ് 14-15 കുടിവെള്ള പദ്ധതി

4. പൂക്കോട്ടൂർ പഞ്ചായത്തിലെ മാണിക്യമൂരകീഴേടത്ത് വാർഡ് (9) കുടിവെള്ള പദ്ധതി

5. പൂക്കോട്ടൂർ പഞ്ചായത്തിലെ അത്താണിക്കൽ നെച്ചിയിൽ വാർഡ് നമ്പർ 15 കുടിവെള്ള പദ്ധതി

6. പുൽപ്പറ്റ പഞ്ചായത്തിലെ ആനകണ്ട്, ചാത്തൻപറമ്പ് കുടിവെള്ള പദ്ധതി

7. ആനക്കയം പഞ്ചായത്തിലെ കരിവഞ്ചേരി ഇടവഴിപ്പടി, കുന്നംപറമ്പ്, പടിഞ്ഞാറ്റുമുറി പൈപ്പ് ലൈൻ നീട്ടൽ.

8. ആനക്കയം പഞ്ചായത്തിലെ വാർഡ് നമ്പർ 22 വടക്കുമറ്റം ഭാഗം പൈപ്പ് ലൈൻ നീട്ടൽ.

(ബി)

1. മൊറയൂർ പഞ്ചായത്തിലെ മോങ്ങം മലയത്തൊടി കുടിവെള്ള പദ്ധതി- നിലവിലെ സ്രോതസ്സായ കുഴൽക്കിണർ അനുയോജ്യമല്ലാത്തതിനാൽ ഓപ്പൺ വെല്ലിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. വിതരണ ശൃംഖലയ്ക്കുള്ള തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽനിന്നും തുക ലഭ്യമാക്കി പ്രവൃത്തി നടത്തുന്നതിനുവേണ്ടി പഞ്ചായത്ത് തീരുമാനം ലഭ്യമാക്കേണ്ടതുണ്ട്.

2. പൂക്കോട്ടൂർ പഞ്ചായത്തിലെ കോടാലിപ്പറമ്പ് കുടിവെള്ള പദ്ധതി - പ്രവൃത്തി 96 ശതമാനം പൂർത്തീകരിച്ചു. 2018 ഏപ്രിൽ മാസത്തോടെ പൂർണ്ണമാകുന്നതാണ്.

3. മൊറയൂർ പഞ്ചായത്തിലെ വാർഡ് 14-15 കുടിവെള്ള പദ്ധതി - പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. പമ്പിംഗ് മെയിനും വിതരണ ശൃംഖലയും നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റെ സമ്മതം ലഭിക്കേണ്ടതുണ്ട്.

4. പൂക്കോട്ടൂർ പഞ്ചായത്തിലെ മാണിക്യമൂരകീഴേടത്ത് വാർഡ് (9) കുടിവെള്ള പദ്ധതി - എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 12/2018-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5. പൂക്കോട്ടൂർ പഞ്ചായത്തിലെ അത്താണിക്കൽ നെച്ചിയിൽ വാർഡ് നമ്പർ 15 കുടിവെള്ള പദ്ധതി - പ്രവൃത്തി പുരോഗമിച്ചുവരുന്നു. 5/2018-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

6. പുൽപ്പറ്റ പഞ്ചായത്തിലെ ആനകണ്ട്, ചാത്തൻപറമ്പ് കുടിവെള്ള പദ്ധതി - പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്. 10/2018-ൽ പൂർത്തീകരിക്കും. കിണറിനുള്ള സ്ഥലം കൃഷിസ്ഥലമായതിനാൽ വിളവെടുപ്പിനുശേഷമേ പ്രവൃത്തി ആരംഭിക്കുകയുള്ളൂ.

7. ആനക്കയം പഞ്ചായത്തിലെ കരിവഞ്ചേരി ഇടവഴിപ്പടി, കുന്നംപറമ്പ്, പടിഞ്ഞാറ്റുമുറി പൈപ്പ് ലൈൻ നീട്ടൽ - പ്രവൃത്തി അവാർഡ് ചെയ്തു. പ്രവൃത്തി ഉടനെ ആരംഭിക്കും. 8/2018-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

8. ആനക്കയം പഞ്ചായത്തിലെ വാർഡ് നമ്പർ 22 വടക്കുമുറ്റം ഭാഗം പൈപ്പ് ലൈൻ നീട്ടൽ - പ്രവൃത്തി അവാർഡ് ചെയ്തു. ഉടനെ ആരംഭിക്കും. 8/2018-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതി**

211 (5079) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതിക്കുള്ള എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ തഴക്കര, ചെട്ടികുളങ്ങര എന്നിവയ്ക്കും വേണ്ടി സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 52.5 കോടി രൂപയുടെ (ഡി.എസ്.ആർ. 2014 പ്രകാരം) ഒരു പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

(ബി) 2018-19 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പുതുതായി കുടിവെള്ള പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

**ജലനിധി - മൂന്നാംഘട്ടം**

212 (5080) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധിയുടെ മൂന്നാം ഘട്ടത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ജലനിധിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ ഏതെല്ലാം പദ്ധതികളും പ്രവൃത്തികളുമാണ് നടത്തിയതെന്ന് പഞ്ചായത്തുകൾതിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ മൂന്നാംഘട്ടത്തിലും ഉൾപ്പെടുമോ; വ്യക്തമാക്കാമോ;

(ഡി) ജലനിധിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മൂന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ജലനിധിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ജി) മൂന്നാംഘട്ടത്തിലെ ചെലവ് എത്രയാണെന്നും ഇതിൽ ആരുടെയെല്ലാം വിഹിതമുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1007 കോടി രൂപ മൊത്തം ചെലവ് വരുന്ന പദ്ധതിയാണ് കേന്ദ്ര ധനകാര്യ വകുപ്പ്, ലോകബാങ്കിന്റെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നത്.

(ബി) ഒന്നാംഘട്ടത്തിലെ പഞ്ചായത്തുകളും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* രണ്ടാംഘട്ടത്തിലെ പഞ്ചായത്തുകളും അനുവദിച്ച പദ്ധതികളും തുകയുൾപ്പെടെ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ ബാക്കിവന്ന സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികളും ജലനിധി രണ്ടാംഘട്ടത്തിൽ പദ്ധതി നടത്തുന്നതിന് തെരഞ്ഞെടുത്ത നെടുമ്പാശ്ശേരിയും സമീപ പഞ്ചായത്തുകളും ചീക്കോടും സമീപ പഞ്ചായത്തുകളും അടങ്ങുന്ന രണ്ട് പുതിയ ബൃഹത് കുടിവെള്ള പദ്ധതികൾ ഡോളർ നിരക്കിലുണ്ടായ കുറവുമൂലം വായ്പ തുക കുറഞ്ഞതിനെത്തുടർന്ന് നടപ്പാക്കാൻ കഴിഞ്ഞില്ല. ഇത് ജലനിധിയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഗ്രാമീണ മേഖലയിലുള്ള ജനങ്ങൾക്ക് ജനപങ്കാളിത്തത്തോടുകൂടി ആവശ്യാധിഷ്ഠിതമായി കുടിവെള്ളവും ശുചിത്വ സംവിധാനങ്ങളും ലഭ്യമാക്കുകയെന്നതാണ് ജലനിധി പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതികളുടെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നീ പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ സാനിട്ടേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. മൂന്നാംഘട്ട ജലനിധി പദ്ധതി കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ലഭ്യമായ ശുദ്ധീകരിച്ച ജലം മൊത്തമായി വാങ്ങി പഞ്ചായത്തുകളുടെയും ഗുണഭോക്തൃ സമിതികളുടെയും കൂട്ടുടമസ്ഥതയിൽ വിതരണം ചെയ്ത് ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ലഭ്യമായ ശുദ്ധീകരിച്ച ജലം ഉപയോഗിച്ച് 50 പഞ്ചായത്തുകളിൽക്കൂടി പുതിയ വിതരണ ശൃംഖല വഴി കുടിവെള്ളം എത്തിക്കുന്നതിന് മൂന്നാംഘട്ട പദ്ധതി വിഭാവനം ചെയ്യുന്നു. ജലനിധി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡ പ്രകാരം തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളെയായിരിക്കും ഇതിൽ ഉൾപ്പെടുത്തുന്നത്.

(എഫ്) ജലനിധി പദ്ധതിയിൽ ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. പഞ്ചായത്തിന്റെ ഇപ്പോഴുള്ള കുടിവെള്ള ലഭ്യത
2. കുടിവെള്ളത്തിന്റെ ഗുണമേന്മ നിലവാരം
3. പഞ്ചായത്തിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം
4. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ SC/ST കുടുംബങ്ങളുടെ അനുപാതം
5. പഞ്ചായത്തിന്റെ കഴിഞ്ഞ 3 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗശേഷി

(ജി) മൂന്നാംഘട്ട പദ്ധതിക്കുവേണ്ടി 1007 കോടി രൂപയ്ക്കാണ് കേന്ദ്രാനുമതി ലഭിച്ചിരിക്കുന്നത്. ഇതിൽ 645 കോടി രൂപ ലോകബാങ്കിന്റെ സഹായവും 191 കോടി രൂപ സംസ്ഥാന വിഹിതവും, 121 കോടി രൂപ പഞ്ചായത്ത് വിഹിതവും 50 കോടി രൂപ ഗുണഭോക്തൃ വിഹിതവും കണക്കാക്കുന്നു.

## ജലനിധി പദ്ധതിയുടെ മൂന്നാംഘട്ടം

213 (5081) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ മൂന്നാംഘട്ട പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭിച്ചുവോ; പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(ബി) മൂന്നാംഘട്ട പദ്ധതിയിൽപ്പെടുത്തി കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 1007 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ജലനിധി പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡ പ്രകാരമാണ് പദ്ധതി നടപ്പാക്കേണ്ട പഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്നത്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

## കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ

214 (5082) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) രണ്ടാംഘട്ട പദ്ധതിയുടെ ആകെ അടങ്കൽ എത്ര രൂപയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഇതിന്റെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പദ്ധതി 2012 ജനുവരി മാസത്തിൽ ആരംഭിച്ചു. 2018 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 1358 കോടി രൂപ.

(സി) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ബാച്ച് 1-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി, കുലശേഖരപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചെങ്കിലും പിന്നീട് രണ്ട് ഗ്രാമപഞ്ചായത്തുകളും പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് അറിയിച്ചതിനാൽ ജലനിധി പദ്ധതികൾ ഈ രണ്ട് ഗ്രാമ പഞ്ചായത്തുകളിലും നടപ്പാക്കിയിട്ടില്ല.

**എളവള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജലനിധി പദ്ധതി**

215 (5083) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജലനിധി പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണ്;

(ബി) ഈ പദ്ധതിയിലുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്;

(സി) പ്രസ്തുത പദ്ധതിയിലുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഈ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11.3 കോടി രൂപ.

(ബി) 13563 പേർ.

(സി) കെ.എൽ.ഡി.സി. കനാലിൽ നിർമ്മിച്ചിട്ടുള്ള കളക്ഷൻ വെൽ സ്രോതസ്സായിട്ടുള്ള പദ്ധതിയിൽ ഇപ്പോൾ 13563 ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. 56 കിലോമീറ്റർ ദൂരമുള്ള ചിമ്മിനി ഡാമിൽനിന്നും കെ.എൽ.ഡി.സി. കനാലിലേയ്ക്ക് ഒഴുക്കുന്ന വെള്ളമാണ് ഈ പദ്ധതിയിലേയ്ക്കുള്ള സ്രോതസ്സിലേയ്ക്ക് എത്തേണ്ടത്. ഏപ്രിൽ, മേയ് മാസങ്ങളിൽ ഇതിൽ കുറവ് വന്നാൽ ഡാമിൽനിന്നും കൂടുതൽ ജലം ഒഴുക്കിവിടേണ്ടതുണ്ട്.

## വൈതമണി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

216 (5084) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുവാൻ പോകുകയാണ് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വേനൽമഴ ലഭിച്ചില്ലെങ്കിൽ തലസ്ഥാന ജില്ല കുടിവെള്ളത്തിനായി കഴിഞ്ഞ വർഷത്തേക്കാൾ രൂക്ഷമായ പ്രതിസന്ധി നേരിടേണ്ടി വരുന്ന സാഹചര്യമുണ്ടോ;വ്യക്തമാക്കുമോ;

(സി) തലസ്ഥാനനഗരി ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് നേരത്തേ തന്നെ വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകിയതാണെങ്കിലും വാട്ടർ അതോറിറ്റിയും സർക്കാരും ഇത് വേണ്ടത്ര ഗൗരവത്തിലെടുത്തില്ലായെന്നത് വസ്തുതയാണോ; വിശദമാക്കാമോ;

(ഡി) 1997-ൽ ശ്രീ. വൈതമണി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള നടപടികൾ ഏതെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലെ പേപ്പാറ ഡാമിലെ ജലനിരപ്പനുസരിച്ച് ഈ വരൾച്ചാക്കാലത്ത് വിതരണം ചെയ്യുന്നതിനുള്ള ജലം ലഭ്യമാണ്. ജല സ്രോതസ്സുകൾ പുനരുദ്ധരിച്ചും പമ്പ് സെറ്റുകൾ സ്ഥാപിച്ചും ഇന്റർകണക്ഷൻ വർക്കുകൾ നടത്തിയും പൈപ്പ് ലൈൻ നീട്ടിയും ടാങ്കറുകൾ വഴിയും ജല വിതരണം സുഗമമാക്കിയിട്ടുണ്ട്. അതിനാൽ കഴിഞ്ഞ വർഷത്തെപ്പോലെയുള്ള പ്രതിസന്ധി ഉണ്ടാകാനുള്ള സാഹചര്യമുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല.

(സി) നിലവിൽ പേപ്പാറ ഡാമിൽ ആവശ്യത്തിന് ജലം ശേഖരിച്ചിട്ടുള്ളതിനാൽ ഈ വർഷം കടുത്ത പ്രതിസന്ധി ഉണ്ടാകാൻ സാധ്യതയില്ല. പേപ്പാറ ഡാമിന്റെ മുഴുവൻ സംഭരണശേഷിയും ഉപയോഗിക്കാനായി ഡാമിന്റെ ഷട്ടറുകൾ താഴ്ത്തേണ്ടതുണ്ട്. ഇതിനുള്ള അനുമതിക്ക് വനം വകുപ്പിന്

അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ നെയ്യാർ സ്രോതസ്സായി 100 mld-യുടെ ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നടന്നുവരുന്നു.

(ഡി) 1997-ൽ സമർപ്പിച്ചത് വൈതമണി കമ്മീഷൻ റിപ്പോർട്ടാണ്. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പാലക്കാട് ജില്ലയിൽ വരൾച്ചയെ പ്രതിരോധിക്കാൻ മുന്നൊരുക്കങ്ങൾ**

217 (5085) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ മഴക്കുറവ് കാരണം ഈ വർഷവും വരൾച്ച രൂക്ഷമാകുമെന്ന സാഹചര്യത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമായി എന്തെല്ലാം മുന്നൊരുക്ക പ്രവർത്തനങ്ങളാണ് പ്രസ്തുത ജില്ലയിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

<u>കേരള ജല അതോറിറ്റി</u>

പാലക്കാട് ജില്ലയിൽ മഴക്കുറവ് കാരണം കുടിവെള്ളക്ഷാമം പരിഹരിക്കാനായി നിലവിലെ പദ്ധതികൾ വഴി കാര്യക്ഷമമായി എല്ലായിടത്തും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നു. പ്രധാന ജലസ്രോതസ്സുകളിൽനിന്ന് പമ്പിംഗിന് ആവശ്യമായ വെള്ളം കിട്ടുമെന്ന് ഇറിഗേഷൻ അധികൃതരുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ മാറ്റിസ്ഥാപിച്ചും വേനൽക്കാലത്ത് ആവശ്യമായ കരുതൽ ശേഖരം ഉറപ്പാക്കിയിട്ടുണ്ട്. പമ്പിംഗിന് ആവശ്യമായ മോട്ടോറുകൾ സ്ഥാപിക്കൽ, കേടുപാടുകൾ തീർക്കൽ, കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പൈപ്പ്ലൈൻ നീട്ടൽ, പുതിയ ബോർവെൽ കുഴിക്കൽ, ടാങ്കർ ലോറി വഴി വിതരണം ചെയ്യുന്നതിനുള്ള വെള്ളം നൽകൽ എന്നിവയ്ക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡെപ്പോസിറ്റ്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളും നടപ്പാക്കിവരുന്നു. ചിറ്റൂർ മേഖലയിലും മലമ്പുഴ ആദിവാസി കോളനിയിലും നിലവിലുള്ള വാട്ടർ കിയോസ്കുകളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസേചന വകുപ്പ്

വരുന്ന വേനൽക്കാല മാസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ച നേരിടുന്നതിനായും ജലവിതരണം ലഭ്യമാക്കുന്നതിനായും പാലക്കാട് ജില്ലയിലെ ജലസേചന വകുപ്പിൻകീഴിലെ എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി പ്രധാന തോടുകളുടെ സംരക്ഷണഭിത്തി കെട്ടി ചെളിയും പായലും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഭരണാനുമതി ലഭിച്ച 79 കുളങ്ങൾ നവീകരിച്ച് ആ പ്രദേശത്ത് ഭൂജലനിരപ്പ് ഉയർത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ജലദൗർലഭ്യം രൂക്ഷമായിട്ടുള്ള (മഴനിഴൽ പ്രദേശം) ചിറ്റൂർ കൊല്ലംകോട് ബ്ലോക്കിൽ ഭരണാനുമതി നൽകിയ പദ്ധതികളായ 3 തടയണകളുടെ നിർമ്മാണം, ഒരു തടയണയുടെ പുനരുദ്ധാരണം, 2 വി.സി.ബി.-കളുടെ നിർമ്മാണം, 20 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. പദ്ധതി അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ തടയണകളുടെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി ജല സംഭരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ പാലത്തുള്ളി, വളവുപാലം എന്നിവിടങ്ങളിലും ത്രുതപ്പുഴയ്ക്ക് കുറുകെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് താഴെയും റെഗുലേറ്ററുകളുടെ നിർമ്മാണം കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഭവാനി ബേസിനിൽ ഉൾപ്പെട്ട അട്ടപ്പാടി മേഖലയിൽ ചെക്ക് ഡാമുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നിവ നടപ്പിലാക്കിവരുന്നു. ഒരു പഞ്ചായത്തിൽ ഒരു മാതൃകാ മാലിന്യമുക്ത ജലാശയം എന്ന രീതിയിൽ വൃത്തിയാക്കാനുള്ള തോടുകൾ, കുളങ്ങൾ എന്നിവ കണ്ടെത്തി നിർദ്ദേശിക്കുവാൻ പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. നീർച്ചാലുകളിലെ ഇടപെടലുകൾ വഴി കൂടുതൽ ജലം സംഭരിച്ച് ഓരോ പ്രദേശത്തെയും ജലവിതാനം ഉയർത്താനും കഴിയുന്നിടത്തോളം കുളങ്ങൾ ജലസംഭരണത്തിന് പ്രാപ്തമാക്കാനും ഉദ്ദേശിക്കുന്നു.

പദ്ധതി വിഭാഗം 1

പാലക്കാട് ജില്ലയിലുള്ള ജലസേചന പദ്ധതിയായ മലമ്പുഴ അണക്കെട്ടിൽ ഈ വർഷം രണ്ടാം വിളയ്ക്ക് മുമ്പ് സംഭരിച്ച ജലത്തിൽ 10 മി.മീ.$^3$ ജലം വരൾച്ചാ നിവാരണത്തിനായി മാറ്റിവച്ചിട്ടുണ്ട്. ജല അതോറിറ്റി വഴിയുള്ള കുടിവെള്ള

വിതരണത്തിനായി ജൂൺ അവസാനം വരെ ആവശ്യമായ 7.50 മി.മീ.$^3$ ജലവും കരുതിവച്ചിട്ടുണ്ട്. ഈ വർഷവും ജലവിതരണത്തിനായി പോത്തുണ്ടി അണക്കെട്ടിൽ സംഭരിച്ച ജലത്തിൽ വരൾച്ച നിവാരണത്തിനായി 1.0 മി.മീ.$^3$ ജലവും കുടിവെള്ളാവശ്യത്തിന് ജല അതോറിറ്റിക്ക് നൽകുവാനായി 1.50 മി.മീ.$^3$ ജലവും മംഗലം അണക്കെട്ടിൽ സംഭരിച്ച ജലത്തിൽ വരൾച്ച നിവാരണത്തിനായി 1.00 മി.മീ.$^3$ ജലവും മാറ്റിവച്ചിട്ടുണ്ട്.

ഫെബ്രുവരി 27 മുതൽ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ലഭ്യമായ ജലം മൂലത്തറ വലതുകര കനാലിലൂടെ കോരയാറിലെ 5 ചെക്ക് ഡാമുകളിൽ നിറച്ചു. നിലവിലെ നിരക്കിൽ ആളിയാർ ജലം ലഭ്യമായാൽ മാർച്ച് 31-നകം ശേഷിച്ച തടയണകളിലും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ വലിയേരി, ചാമനേരി, മൂപ്പനേരി, താമരക്കുളം എന്നീ ഏരിയകളിൽ ജലം എത്തിക്കാൻ സാധിക്കും. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതി നിലവിലുള്ള മീങ്കര ഡാമിൽ ജൂൺ അവസാനം വരെ ആവശ്യമുള്ള ജലം സംഭരിക്കുന്നതിനായി മാർച്ച് 11-ാം തീയതി മുതൽ 13-ാം തീയതി വരെ കമ്പാലത്തറ ഏരിയയിൽ നിന്ന് ഇടതുകര കനാൽ വഴി ജലം വിട്ടുനൽകി. നിലവിൽ ജൂൺ അവസാനം വരെ കുടിവെള്ളാവശ്യത്തിനായുള്ള ജലം ഡാമിൽ സംഭരിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭാഗമായി 2018 ജനുവരി മുതൽ ഇടതുകര വലതുകര പ്രധാന കനാലുകളിലൂടെയും അനുബന്ധ വിതരണികളിലൂടെയും ജലവിതരണം നടത്തിവരുന്നു. കേരള ജല അതോറിറ്റിയുടെ ആവശ്യപ്രകാരം കുടിവെള്ളത്തിനും പുഴയിലൂടെയുള്ള നീരൊഴുക്കിനുമായി 4 മി.മീ.$^3$ ജലം കരുതൽ ശേഖരമായി നിലനിർത്തിയിട്ടുണ്ട്.

<u>ഭൂജലവകുപ്പ്</u>

1006 ഹാൻഡ് പമ്പ് റിപ്പയർ ചെയ്യുന്നതിനും 97 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

<u>ജലനിധി</u>

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചയെ പ്രതിരോധിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി പാലക്കാട് ജില്ലയിൽ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കി. പറളി ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജ്ജിംഗും കുളം സംരക്ഷണ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. മങ്കര ഗ്രാമപഞ്ചായത്തിൽ വെന്റഡ് ക്രോസ് ബാറുകളുടെ (VCB) നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## കുടിവെള്ള സംരക്ഷണത്തിന് നടപടി

218 (5086) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി അനുഭവപ്പെടുന്ന അത്യുഷ്ണം സംസ്ഥാനത്തെ ജലസ്രോതസ്സുകൾ അതിവേഗം വറ്റിവരളാൻ കാരണമാകുന്ന അവസ്ഥ കണക്കിലെടുത്ത് കുടിവെള്ള സംരക്ഷണത്തിനായി സത്വരമായി എന്തെല്ലാം മുൻകരുതലാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വർഷകാലത്ത് സാധാരണ തോതിൽ മഴ ലഭിച്ചിട്ടും ജലസ്രോതസ്സുകൾ പതിവിലും നേരത്തെ വരളാനിടയായത് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമല്ലാത്തതുകൊണ്ടായതിനാൽ മഴക്കുഴി നിർമ്മാണവും മഴവെള്ള സംഭരണ പദ്ധതികളും അവലോകനം ചെയ്ത് വേണ്ട ഇടപെടൽ നടത്തുമോ;

(സി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് ജലദുരുപയോഗം തടയാൻ വേണ്ട ശക്തമായ പ്രചരണ പരിപാടികൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ജലസേചന വകുപ്പ്

മഴയുടെ ലഭ്യതയിൽ കുറവ് വരികയും ചൂട് വർദ്ധിക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിൽ, ലഭ്യമായ ജലം സംരക്ഷിക്കുന്നതിനും ആവശ്യാനുസരണം വിനിയോഗിക്കുന്നതിനുമുള്ള പ്രവർത്തനം ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള തടയണകളുടെ നിർമ്മാണവും ഒഴുക്ക് കുറയുന്നതുകൊണ്ട് ഓരുവെള്ളം കയറുന്നത് തടയുന്നതിനായി താൽക്കാലിക തടയണകളുടെ നിർമ്മാണവും നടത്തിവരുന്നു. ഡാമുകളിലെ ജലലഭ്യതയും നീരൊഴുക്കും മോണിറ്ററിംഗ് നടത്തി മാത്രമാണ് വിതരണം നടത്തുന്നത്. ഡാമുകളുടെ ഷട്ടർ ഓപ്പറേഷൻ വളരെ ശ്രദ്ധയോടെ നിർവ്വഹിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പരമ്പരാഗത ജല സ്രോതസ്സുകളായ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും മാലിന്യം നീക്കംചെയ്യുന്നതിനുമായി ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ജലസമൃദ്ധിയിൽപ്പെടുത്തി 536 കുളങ്ങളുടെ നവീകരണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരള ജല അതോറിറ്റി

നദികളെ തന്നെ സംഭരണികളാക്കി മാറ്റുകയെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

വരൾച്ചാ മുൻകരുതൽ നടപടികളെന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ജല ലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയാൻ 'ബ്ലൂ ബ്രിഗേഡ്' സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

ഹരിതകേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയുംചെയ്ത് മുടക്കംകൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്.

ഭൂജലവകുപ്പ്

ഭൂജലവകുപ്പ്, ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലനിധി

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലശേഷി പരിശോധന (യീൽഡ് ടെസ്റ്റ്) നടത്തിയും സ്രോതസ്സിന്റെ (കിണറുകൾ, കുഴൽ കിണറുകൾ എന്നിവയുടെ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് സമയം ക്രമീകരിച്ചും കുറഞ്ഞ അളവിൽ (40 lpcd- 70 lpcd) ജലവിതരണം പരിമിതപ്പെടുത്താനും നിർദ്ദേശങ്ങൾ നൽകിവരുന്നു. പമ്പിംഗ് യീൽഡ് ഇല്ലാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകിവരുന്നു. കൂടാതെ, ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവുചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. (ജലനിധി)-യുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 5200-ലധികം ഗാർഹിക മഴവെള്ള സംഭരണികളും 800-ലധികം മഴവെള്ള സംഭരണികൾ സ്കൂളുകളിലും ഇതിനകം നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായി മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്ന നീർത്തട പ്ലാനുകളും നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം/ ജലസമൃദ്ധിയുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു. ഭൂജലവകുപ്പ് നടപ്പിലാക്കുന്ന കൃത്രിമ ഭൂജലസംപോഷണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് അതാത് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ലോക പരിസ്ഥിതി ദിനം, ലോക തണ്ണീർത്തട ദിനം, ലോക ജലദിനം തുടങ്ങിയ ദിനാചരണങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ്/റെസിഡന്റ്സ് അസോസിയേഷനുകൾ/ഓഫീസുകൾ/കുടുംബശ്രീ-തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമെ, ഹരിതകേരളം മിഷന്റെ ഭാഗമായും ജലദുരുപയോഗം തടയുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ (ലഘുലേഖകൾ, ലഘുചിത്രങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ മുഖേന) നടന്നുവരുന്നു. 2018-ലെ ലോകജല ദിനത്തോടനുബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ ജലസംരക്ഷണ മാർഗ്ഗങ്ങളെയും പ്രശ്നങ്ങളെയും ആധാരമാക്കി ജലപാർലമെന്റ് നടത്തുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷൻ സ്വീകരിച്ചുവരുന്നു.

നിലവിൽ ജലം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കേരള ജല അതോറിറ്റി കർശന നടപടികൾ സ്വീകരിച്ച് അവബോധം നടത്തിവരുന്നു.

ഭൂജലവകുപ്പ് ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ ഭൂജല ഉപയോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ജില്ലാതലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു.

ജലദുരുപയോഗം തടയാൻ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ജലനിധിയുടെ നേതൃത്വത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**കേരള ജല അതോറിറ്റിക്കുണ്ടാകുന്ന ജലനഷ്ടം**

219 (5087) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി പ്രതിദിനം വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ 45 ശതമാനവും കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രതിദിനം ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) അറ്റകുറ്റപ്പണികൾക്കായി പ്രധാന നഗരങ്ങളിൽ മാത്രമുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ചുള്ള വിശദമായ പഠനം നടത്തിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനം ലഭിക്കാത്ത വെള്ളത്തിന്റെ അളവ് (Non-Revenue Water) ഏകദേശം 45 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ചോർച്ചമൂലമുള്ള ജലനഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial Loss) ഉൾപ്പെടുന്നു. ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് നിർണ്ണയിക്കാനായി ജല ശുദ്ധീകരണശാലകളിലും പ്രധാന വിതരണ പൈപ്പുകളിലും ബൾക്ക് മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഇത്തരം മീറ്ററുകൾ സ്ഥാപിച്ചശേഷം മാത്രമേ ജലനഷ്ടത്തിന്റെ തോത് കൃത്യമായി നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(സി) ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ബ്ലൂ ബ്രിഗേഡ് നടപ്പാക്കാനുള്ള നിർദ്ദേശം ഇതിനോടകംതന്നെ നൽകിക്കഴിഞ്ഞു.

**കേരള വാട്ടർ അതോറിറ്റി നേരിടുന്ന പ്രതിസന്ധികൾ**

220 (5088) ശ്രീ. ബി. സത്യൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിക്ക് വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും നൽകാനുള്ള കുടിശ്ശിക ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കരാറുകാർക്ക് വാട്ടർ അതോറിറ്റി കൊടുത്തുതീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വാട്ടർ അതോറിറ്റിയുടെ നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികൾ, കേന്ദ്രസഹായം നിലച്ചതുമൂലം സ്തംഭനാവസ്ഥയിൽ ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതിചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കിലോലിറ്റർ വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധന വിലയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ജലവിതരണ ശൃംഖലയിലെ പൈപ്പുകളുടെ ചോർച്ച വാട്ടർ അതോറിറ്റിക്ക് വിതരണ നഷ്ടം ഉണ്ടാക്കുന്നു.

സ്കീമുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം വർദ്ധിച്ചതിനനുസരിച്ച് ജീവനക്കാരുടെ അംഗീകൃത തസ്തികകൾക്ക് വർദ്ധനവ് ഉണ്ടായിട്ടില്ല. ഇത് ഒരു പരിധി വരെ അതോറിറ്റിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പിനുള്ള കേന്ദ്ര സഹായത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു. വർഷംതോറും ഉണ്ടാകുന്ന വരൾച്ച വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

(ബി) സർക്കാർ മേഖലയിലെ കുടിശ്ശികകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തി പിരിച്ചെടുക്കാൻ ശ്രമിച്ചുവരുന്നു. വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചുതീർക്കാനുള്ള അവസരം നൽകുകയും കുടിശ്ശിക നിവാരണത്തിനായി ഡിവിഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്ത് കുടിശ്ശിക നിവാരണം നടത്തിവരുന്നു. ഇതിനോട് അനുബന്ധിച്ച് എല്ലാ ജില്ലകളിലും 2018 ജനുവരി മാസത്തിൽ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി അദാലത്ത് നടത്തുകയുണ്ടായി.

(സി) കരാറുകാർക്ക് 295.56 കോടി രൂപയും ഒ & എം കരാറുകാർക്ക് ഏകദേശം 84.50 കോടി രൂപയും കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ഡി) ഉണ്ട്. 55 എണ്ണം.

(ഇ) കേന്ദ്ര സഹായത്തിലെ കുറവ് നികത്തുന്നതിലേയ്ക്കായി 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ NRDWP പദ്ധതികൾക്കായി പുതുക്കിയ ശീർഷകത്തിൽ അധികമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഭാരതപ്പുഴയിൽ നിന്നെടുക്കുന്ന കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നടപടി**

221 (5089) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനേകായിരം ജനങ്ങളുടെ കുടിവെള്ള സ്രോതസ്സായ ഭാരതപ്പുഴയുടെ മലിനീകരണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പുഴ മലിനീകരണം തടയാൻ ഏതെല്ലാം മാർഗ്ഗങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഭാരതപ്പുഴയിൽനിന്നും കുടിവെള്ളത്തിനായി പമ്പ് ചെയ്യുന്ന ജലം ഏതെല്ലാം വിധത്തിലാണ് ശുദ്ധീകരണം നടത്തുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട നദികളിലൊന്നായ ഭാരതപ്പുഴ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് മലിനീകരണം. പുഴയിലെ ജലലഭ്യത കുറയുന്നതിനനുസരിച്ച് ജലത്തിലെ മാലിന്യത്തിന്റെതോതും വർദ്ധിക്കുന്നു. നദിയിലെ നീരൊഴുക്ക് സുഗമവും സ്ഥായിയുമാക്കുന്നതിനും ഓരുവെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുമായി ജലസേചന വകുപ്പ് തടയണകളും റെഗുലേറ്ററും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് എതിരെയുള്ള ശിക്ഷാനടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഓർഡിനൻസിലൂടെ (2017-ലെ 27-ാം നമ്പർ ഓർഡിനൻസ്) ഭേദഗതി ചെയ്ത് 8-12-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഭാരതപ്പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അംഗങ്ങളായുള്ള ഒരു കോർ ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ ജല സംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ സമഗ്ര നീർത്തട പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്ന നീർത്തട പ്ലാൻ ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനാക്കി മാറ്റുകയും അതിൻപ്രകാരം മുൻഗണന അനുസരിച്ച് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. സമഗ്ര നീർത്തട പദ്ധതി നടപ്പിലാക്കുന്നതുവഴി നീർത്തടത്തിലെ പൊതു ജലലഭ്യത വർദ്ധിക്കുകയും തുടർന്ന് നദിയിലെ നീരൊഴുക്ക്

വർദ്ധിക്കുകയും ചെയ്യും. ഇതിന്റെ ഫലമായി ജലത്തിലെ മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ കഴിയും. പദ്ധതിയുടെ ആദ്യ ഘട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാകും നടപ്പിലാക്കുക. ഭാരതപ്പുഴയുടെ ചില കൈവഴികളിൽ മാലിന്യ നിർമ്മാർജ്ജന പരിപാടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ഇതിനകം സാധ്യമായിട്ടുണ്ട്.

ദേശീയ ഹരിത ട്രിബ്യൂണലിന്റെ 23-5-2016-ലെ O.A. No. 16 of 2016-ലെ ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറയുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിൻപ്രകാരം ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്ത് സ്ഥിതിചെയ്യുന്ന പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലെയും ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽനിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നതാണ് മലിനീകരണത്തിന് പ്രധാന കാരണം. തുടർന്ന് ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും സെക്രട്ടറിമാർക്ക് ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേയ്ക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്. ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയുവാൻ മലിനജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) ജലശുദ്ധീകരണശാലകൾ നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ ശാസ്ത്രീയമായ രീതിയിലുള്ള ജലശുദ്ധീകരണപ്രക്രിയകളായ എയറേഷൻ, ഫ്ലോക്കുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ഡിസിൻഫെക്ഷൻ എന്നിവ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. എന്നാൽ ജലശുദ്ധീകരണശാലകൾ നിലവിലില്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്.

**ജലസേചന പദ്ധതികളിലെ സംഭരണശേഷി**

222 (5090) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലസേചന പദ്ധതികളിലെ സംഭരണശേഷി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംഭരണശേഷിയുടെ കാര്യത്തിൽ മുന്നിൽനിൽക്കുന്ന ഡാമുകൾ ഏതെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വരൾച്ച പരിഹരിക്കാൻ പര്യാപ്തമായ ജലം നിലവിൽ ഡാമുകളിലുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംഭരണശേഷിയുടെ കാര്യത്തിൽ മുന്നിൽനിൽക്കുന്ന പ്രധാന ഡാമുകളുടെ വിശദാംശം അനുബന്ധമായി കൊടുക്കുന്നു.*

(സി) ഉണ്ട്. പ്രധാന പദ്ധതിയായ പഴശ്ശിയിൽ 9 മാസത്തേയ്ക്ക് വെള്ളമുണ്ട്. കെ.എസ്.ഇ.ബി.-യുടെ കക്കയം ടെയ്ൽ റെയ്സിൽ നിന്നുള്ള ജലം പെരുവണ്ണാമൂഴി ഡാമിൽ എത്തിച്ചേരുന്നതുകൊണ്ട് കുറ്റ്യാടി പദ്ധതിയിൽ വരൾച്ച കാലത്തേയ്ക്ക് ആവശ്യമായ ജലമുണ്ട്. മലമ്പുഴ അണക്കെട്ടിൽ 10 $mm^3$ ജലം വരൾച്ചാ നിവാരണത്തിന് കരുതൽ ശേഖരമായി മാറ്റിവച്ചിട്ടുണ്ട്. അവിടെ കുടിവെള്ള വിതരണത്തിന് ജൂൺ അവസാനം വരെ ആവശ്യമായ 7.5 $mm^3$ ജലവും കരുതി വച്ചിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഡാമിൽ നിലവിൽ 45.9473 $mm^3$ ജലമുണ്ട്. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾക്കും പുഴയിലൂടെയുള്ള നീരൊഴുക്ക് നിലനിർത്തുന്നതിനായി 4 $mm^3$ ജലം കരുതൽ ശേഖരമായി നിലനിർത്തിയിട്ടുണ്ട്.

വരൾച്ച പരിഹരിക്കാൻ പര്യാപ്തമായ ജലം മറ്റ് ഡാമുകളിലെല്ലാംതന്നെ നിലവിലുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ബുദ്ധിമുട്ടുകൾ**

223 (5091) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് കണക്ഷന് അപേക്ഷിക്കുന്ന ഉപഭോക്താവിന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണക്ഷൻ പ്രവൃത്തികൾ ചെയ്യുന്ന ലൈസൻസ്ഡ് പ്ലംബർമാരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും തമ്മിലുള്ള അവിശുദ്ധബന്ധം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജലലഭ്യതയുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കണക്ഷൻ നൽകുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. പരാതികളുടെ നിജസ്ഥിതി വാട്ടർ അതോറിറ്റിയുടെ വിജിലൻസ് സെൽ മുഖേനയും ജില്ലാതല ഓഫീസർമാർ മുഖേനയും പരിശോധന നടത്തി കേരള വാട്ടർ അതോറിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സ് ജോലികൾക്ക് പുറം കരാർ**

224 (5092) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് വിഭാഗത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും പ്രസ്തുത വിഭാഗത്തിന്റെ പ്രധാന ചുമതല എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗം കൈകാര്യം ചെയ്തുവരുന്ന ജോലികൾ പുറംകരാർ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ട്സ് വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | തസ്തികയുടെ പേര് | അനുവദിച്ചിട്ടുള്ള തസ്തികകൾ | നിലവിലുള്ള ജീവനക്കാർ |
|---|---|---|---|
| 1 | അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| 2 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 1 | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 2 | 2 |
| 4 | ഹെഡ് ക്ലാർക്ക് | 3 | 2 |
| 5 | എൽ.ഡി.സി./യു.ഡി.സി. | 4 | 2 |
| 6 | ലാസ്റ്റ് ഗ്രേഡ് | 1 | 1 |

കേരളത്തിലെ എല്ലാ ഓഫീസുകളുടെയും (Account Rendering Unit) പ്രതിമാസ അക്കൗണ്ട്സ് പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തി അതോറിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഉണ്ടാക്കുകയും ടി കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിനുശേഷം ഗവൺമെന്റിൽ സമർപ്പിക്കുകയുമാണ് ടി വിഭാഗത്തിന്റെ ചുമതല. അക്കൗണ്ട്സ്, ഫിനാൻസ്, പെൻഷൻ, ജി.പി.എഫ്., ഇന്റേണൽ ഓഡിറ്റ് തുടങ്ങിയ സെക്ഷനുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർ, അക്കൗണ്ട്സ് മാനേജർ, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് മെമ്പർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരാണ്.

(ബി) 28-11-2017-ലെ അതോറിറ്റിയുടെ 398-ാമത് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 2014-15 മുതൽ 2016-17 വരെയുള്ള അക്കൗണ്ട്സ് തീർപ്പാക്കുന്നതിന് പുറംകരാർ നൽകുവാൻ തീരുമാനിച്ചു. ഇതിനോടനുബന്ധിച്ചുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

225 (5093) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന് 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും 2018-19 വർഷത്തെ ബജറ്റിൽ ആയതിന് എന്തെങ്കിലും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018-19 വർഷത്തെ ബജറ്റിൽ ചൊക്ലി ഗ്രാമ പഞ്ചായത്തിലെ റെഗുലേറ്റർ കം ബ്രിഡ്ജിന് തുകയൊന്നും വകയിരുത്തിയിട്ടില്ല.

## വേങ്ങര തോട് സംരക്ഷണം

226 (5094) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സായ വേങ്ങര തോട് സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ശുദ്ധജല ലഭ്യത ഉറപ്പുവരുത്താനും വേനൽക്കാലത്ത് പച്ചക്കറി കൃഷിക്ക് ഉപയോഗയോഗ്യമാക്കാനും കഴിയുന്ന ഒരു പ്രധാന ജലസ്രോതസ്സായ വേങ്ങര തോട് സംരക്ഷിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) വേങ്ങര തോട് സംരക്ഷിക്കുന്നതിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥലം സന്ദർശിച്ച് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതി

227 (5095) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ തിരുനാവായ-കാടാമ്പുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ നിന്നും 80.12 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ഈ പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ട 81.40 ലക്ഷം രൂപയുടെ ധനാഭ്യർത്ഥന പരിഗണിച്ച്, പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരമുള്ള ടാർ കട്ടിംഗ് റേറ്റ് അനുസരിച്ച് 62.80 ലക്ഷം രൂപയായി നിജപ്പെടുത്തി നൽകി.

(സി) പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മൂർക്കനാട് കുടിവെള്ള പദ്ധതി

228(5097) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടപ്പിലാക്കിയതും നിലവിൽ നടന്നുവരുന്നതും ഭാവിയിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിവരം ലഭ്യമാക്കാമോ;

(സി) വരൾച്ചാകാലം മുൻകൂട്ടിക്കണ്ട് ജലലഭ്യതയ്ക്കായി എന്തെല്ലാം നടപടികളാണ് മൂർക്കനാട് കുടിവെള്ള പദ്ധതിയിലൂടെ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് മൂർക്കനാട് കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മങ്കട, കൂടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖല ഒഴികെയുള്ള ഘടകങ്ങൾ 13-2-2016-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ട അനുമതി ലഭിക്കാതിരുന്നത് കാരണമാണ് പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടത്. പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽ ഒടുക്കേണ്ടതായ തുക 7-11-2017-ൽ ഒടുക്കിയിട്ടുള്ളതാണ്. നിലവിൽ റോഡ് കുഴിച്ച് പൈപ്പിടുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ബാക്കി പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണർ, 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണികൾ, ഭൂതല ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ് എന്നിവിടങ്ങളിലെ വിതരണശൃംഖല എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണശൃംഖലയുടെ പണികളാണ് പൂർത്തീകരിക്കാനുള്ളത്. ഇതിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനി പൂർത്തീകരിക്കാനുള്ള മങ്കട, കൂട്ടിലങ്ങാടി എന്നീ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

**കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

229(5098) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ഏതെല്ലാം; എതെങ്കിലും കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഇല്ലാതായിട്ടുണ്ടോ;

(ബി) പമ്പ് കേടായതു കാരണം എത്ര കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് നിർത്തിവച്ചിട്ടുണ്ട്; കേടായ പമ്പുകൾ റിപ്പയറിംഗിനായി ഇനിയും ഇളക്കി മാറ്റാനുണ്ടോ;

(സി) പമ്പുകൾ റിപ്പയർചെയ്ത വകയിൽ ഇനിയും പണം നൽകുവാനുണ്ട് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുടിശ്ശികയുടെ കാരണത്താൽ പമ്പ് റിപ്പയർ ചെയ്യുവാൻ കാലതാമസം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോവളം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കുമളി - RWSS
2. പൂവാർ - കരിച്ചൽ - RWSS
3. അതിയന്നൂർ - RWSS
4. ഉച്ചക്കട – RWSS
5. പയറ്റുവിള – RWSS
6. ആട്ടറമൂല – RWSS
7. കോട്ടുകാൽ - RWSS
8. പുളിങ്കുടി - RWSS
9. ചൊവ്വര – RWSS
10. വെങ്ങാനൂർ - RWSS
11. ചാവടി - RWSS
12. അടിമലത്തുറ – RWSS
13. വിഴിഞ്ഞം - WSS
14. ബാലരാമപുരം, ആറാലുംമൂട് - RWSS
15. TWSS – നേമം ഏര്യാ

നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ

1. കല്ലിയൂർ, വെങ്ങാനൂർ, വിഴിഞ്ഞം പഞ്ചായത്തുകൾക്കും കോവളം ടൂറിസ്റ്റ് ഏരിയയ്ക്കുംവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

2. കാഞ്ഞിരംകുളം, കരിങ്കുളം, തിരുപുറം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

3. പള്ളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

4. അടിമലത്തുറ, കൊച്ചുതുറ തീരദേശ ജല വിതരണ പദ്ധതി.

5. അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

6. വെങ്ങാനൂർ പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജല വിതരണ ശൃംഖല സ്ഥാപിക്കൽ.

കോവളം നിയോജകമണ്ഡലത്തിൽ കല്ലിയൂർ പഞ്ചായത്ത്, വെങ്ങാനൂർ പഞ്ചായത്ത്, വിഴിഞ്ഞം കോർപ്പറേഷൻ പ്രദേശം, കോവളം ടൂറിസ്റ്റ് പ്രദേശം എന്നിവയ്ക്കായി വെള്ളായണി കായൽ സ്രോതസ്സായി 21.9 ദശലക്ഷം ലിറ്റർ ശേഷിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പ്രദേശത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ RWSS ഉച്ചക്കട വഴി വിതരണം ചെയ്യുന്ന ജലം RWSS മംഗലത്തുകോണത്തിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരുന്ന പ്രദേശങ്ങൾക്കുംകൂടി ഉപയോഗപ്പെടുത്താൻ സാധിക്കുന്നതുകൊണ്ട് പ്രസ്തുത മംഗലത്തുകോണം സ്കീം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ബി) പമ്പ് കേടായതുകാരണം കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് നിർത്തിവച്ചിട്ടില്ല. കേടായ പമ്പുകൾ റിപ്പയറിംഗിനായി ഇനിയും ഇളക്കി മാറ്റാനില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിശ്ശിക നൽകാത്തതിനാൽ അടിയന്തരമായി റിപ്പയർ ചെയ്യുവാൻ കോൺട്രാക്ടർമാർ വിമുഖത കാണിക്കുന്നുണ്ട്. 31.12.2016 വരെയുള്ള കുടിശ്ശിക കൊടുത്തിട്ടുണ്ട്. അവശേഷിക്കുന്ന തുക ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് നൽകുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

230(5099) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തി നടന്നുവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 2018-19 വർഷത്തിൽ പുതിയ ഏതെങ്കിലും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്

- ഇട്ടിവ പഞ്ചായത്തിൽ കോട്ടുക്കൽ കൃഷി ഫാമിന് സമീപം ഇത്തിക്കര ആറിനുകുറുകെ നബാർഡിന്റെ സഹായത്താലുള്ള ചെക്ക് ഡാമിന്റെ നിർമ്മാണം - പ്രവൃത്തി പൂർത്തീകരണഘട്ടത്തിലാണ്.
- ചടയമംഗലം പഞ്ചായത്തിൽ കുഴിയം ജല അതോറിറ്റി പമ്പ് ഹൗസിനു സമീപം ഇത്തിക്കര ആറിനുകുറുകെ തടയണ നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.
- ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് ജല അതോറിറ്റി പമ്പ് ഹൗസിന് സമീപം തടയണ നിർമ്മാണം - പ്രവൃത്തി പുരോഗതിയിലാണ്.
- പദ്ധതി സംരക്ഷണം - ചടയമംഗലം പഞ്ചായത്തിൽ ഇത്തിക്കര ആറിനു കുറുകെയുള്ള തടയണയുടെ (കുഴിയം പമ്പ് ഹൗസിനു സമീപം) സമീപമുള്ള ആറിന്റെ വശങ്ങളുടെ സംരക്ഷണം.
- പദ്ധതി സംരക്ഷണം - ചടയമംഗലം പഞ്ചായത്തിൽ ഇത്തിക്കര ആറിനു കുറുകെയുള്ള തടയണയുടെ (പൂങ്കോട് പുത്തൻവിള ജല അതോറിറ്റി പമ്പ് ഹൗസിനു സമീപം) സമീപമുള്ള ആറിന്റെ വശങ്ങളുടെ സംരക്ഷണം.

ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന 5 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

- നിലമേൽ പഞ്ചായത്തിലെ പാപ്പനംകോട് കുളത്തിന്റെ നവീകരണം
- ചിതറ പഞ്ചായത്തിലെ ആയിരക്കുഴി കുളത്തിന്റെ നവീകരണം
- കടയ്ക്കൽ പഞ്ചായത്തിലെ മറുപുറം കുളത്തിന്റെ നവീകരണം
- ഇട്ടിവ പഞ്ചായത്തിലെ മണലുവട്ടം കുളത്തിന്റെ നവീകരണം
- വെളിനല്ലൂർ പഞ്ചായത്തിലെ നെഉമാംകോട് ചിറയുടെ നവീകരണം

<u>കേരള ജല അതോറിറ്റി</u>

ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇട്ടിവ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്ന കുളത്തൂപ്പുഴ കുടിവെള്ള പദ്ധതിയും വെളിനല്ലൂർ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്ന കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ കുടിവെള്ള പദ്ധതിയും നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

<u>പദ്ധതി വിഭാഗം 2</u>

ചടയമംഗലം നിയോജകമണ്ഡലത്തിൽ വരുന്ന വെളിനല്ലൂർ പഞ്ചായത്തിന്റെ പരിധിയിൽ ഓയൂർ ബ്രാഞ്ച് കനാലിന്റെ ചെ. 4500 മീറ്റർ മുതൽ 7275 മീറ്റർ വരെയുള്ള ഭാഗം കനാൽ വൃത്തിയാക്കുന്നതിന്റെ പ്രവൃത്തി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഭൂജലവകുപ്പ്</u>

2016-17 സാമ്പത്തിക വർഷം ഭൂജല വകുപ്പ് ചടയമംഗലം നിയോജക മണ്ഡലത്തിലെ നിലമേൽ ഗ്രാമപഞ്ചായത്തിൽ 4 കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ജലലഭ്യത കൂടുതലുള്ള വേയ്ക്കൽ വാർഡിലെ വട്ടപ്പാറ, ആലുകുന്ന് എന്നീ പ്രദേശങ്ങളിൽ ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 2017-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 81 കൈപമ്പ് ഘടിപ്പിച്ച കുഴൽക്കിണറുകൾ നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

(ബി) 2018-19 വർഷത്തിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്ക് ഇപ്പോൾ അനുവാദം നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

231(5100) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ജലശുദ്ധീകരണത്തിന് ഏതൊക്കെ രീതികളാണ് അവലംബിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ശുദ്ധിയാക്കാതെ ജലം വിതരണം ചെയ്യേണ്ട സാഹചര്യം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) വാമനപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ, കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ രണ്ട് കുടിവെള്ള പദ്ധതികളും വെഞ്ഞാറമൂട്, ഇടിഞ്ഞാർ, പെരിങ്ങമല, പാലോട്, നെല്ലനാട് പ്രദേശങ്ങളിലേയ്ക്കുള്ള ഗ്രാമീണ പദ്ധതികളും.

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച ജലം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കി വിതരണം ചെയ്യുന്നു. സമഗ്ര കുടിവെള്ള പദ്ധതിയിൽ ട്രീറ്റ്മെന്റ് പ്ലാന്റിൽ എയറേഷൻ, ക്ലാരിഫിക്കേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫെക്ഷൻ എന്നീ പ്രക്രിയകൾ വഴി ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയ ജലമാണ് വിതരണം ചെയ്യുന്നത്.

(സി&ഡി) ഇല്ല.

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

232(5101) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ 195 കോടി രൂപയുടെ കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയും ഇപ്പോൾ കുട്ടനാട്ടിൽ നടന്നു കൊണ്ടിരിക്കുന്ന 70 കോടി രൂപയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സ്ഥാപിച്ച എത്ര പൈപ്പ് ലൈനുകളിൽനിന്ന് വെള്ളം പമ്പ് ചെയ്യാൻ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിലാണ് 195 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കാൻ കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ കുട്ടനാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന 70 കോടി രൂപയുടെ പദ്ധതി മൂന്ന് പാക്കേജുകളിലായി പണികൾ നടന്നുവരുന്നു. ഇവ യഥാക്രമം

പാക്കേജ് I-ട്രാൻസ്മിഷൻ സിസ്റ്റം-I (98% പണികൾ പൂർത്തീകരിച്ചു.)

പാക്കേജ് II-ട്രാൻസ്മിഷൻ സിസ്റ്റം-II (97% പണികൾ പൂർത്തീകരിച്ചു.)

പാക്കേജ് III- വിതരണശൃംഖല (ഡിസ്ട്രിബ്യൂഷൻ സിസ്റ്റം II-ന്റെ പണികൾ 66% പൂർത്തീകരിച്ചു.)

(ബി) വെള്ളം പമ്പ് ചെയ്യാൻ ആരംഭിച്ചിട്ടില്ല.

**സോഴ്സ് ഇല്ലാത്തതിനാൽ മുടങ്ങിയ കുടിവെള്ള പദ്ധതികൾ**

233(5102) <u>ശ്രീ. എം. രാജഗോപാലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിനുള്ള പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം സോഴ്സ് ഇല്ലാത്തതിനാൽ മുടങ്ങികിടക്കുന്ന എത്ര കുടിവെള്ള പദ്ധതികൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്നും അവ പ്രാവർത്തികമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം ഓഫീസിന്റെ പരിധിയിൽ കിണർ നിർമ്മാണത്തിനായി ഉദ്ദേശിച്ച സ്ഥലത്തെച്ചൊല്ലി കേസ് നിലവിലുള്ളതിനാൽ കൊല്ലം കോർപ്പറേഷന്റെ കുടിവെള്ള പദ്ധതിയുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന കല്ലടയാറ്റിലെ കടപ്പുഴ എന്ന സ്ഥലത്ത് കിണർ സ്രോതസ്സാക്കിയുള്ള കുടിവെള്ള പദ്ധതി താത്കാലികമായി മുടങ്ങി കിടക്കുകയാണ്. പ്രസ്തുത പദ്ധതിക്കാവശ്യമായ പമ്പിംഗിനുള്ള പൈപ്പുകൾ പൂർണ്ണമായും കരാറുകാരൻ സപ്ലൈ ചെയ്തിട്ടുള്ളതും ഭാഗികമായി സ്ഥാപിച്ചിട്ടുള്ളതുമാണ്. ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്ന അവസ്ഥയിൽ ശാസ്താംകോട്ട തടാകം സ്രോതസ്സാക്കിയിട്ടുള്ള കൊല്ലം ശുദ്ധജല വിതരണ പദ്ധതിക്കും മറ്റ് പ്രാദേശിക

ജലവിതരണ പദ്ധതികൾക്കും ബദൽ സ്രോതസ്സെന്ന നിലയിൽ കല്ലടയാറ്റിൽ നിന്നും ജലം ശേഖരിച്ച് ശാസ്താംകോട്ട ശുദ്ധീകരണശാലയിൽ എത്തിക്കുന്ന പദ്ധതിക്ക് 25-10-2014-ൽ 1450 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയുണ്ടായി.

കല്ലടയാറ്റിൽ കടപ്പുഴയിൽ കിണർ നിർമ്മിച്ച് ജലം ശേഖരിച്ച് 3800 M 800mm MS പൈപ്പ് കായലിനുകുറുകെ 930 മീറ്റർ 800 mm HDPE പൈപ്പ് എന്നിവയിലൂടെ ശാസ്താംകോട്ടയിൽ നിലവിലുള്ള ശുദ്ധീകരണശാലയിലെത്തിക്കുന്ന പദ്ധതിയാണ് വിഭാവന ചെയ്തത്. കടപ്പുഴ എന്ന സ്ഥലത്ത് ആറ്റുജലത്തിൽ ഉപ്പിന്റെ അംശം പരിധിയിലും കൂടുതലായതിനാൽ കിണർ പണിയാനുദ്ദേശിച്ച സ്ഥലത്തിനുതാഴെയായി " Salinity intrusion barrier" നിർമ്മിച്ചെങ്കിൽ മാത്രമെ ഈ ജലം കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുവാൻ പാടുള്ളൂവെന്നും " Salinity intrusion barrier" നിർമ്മാണം ഉറപ്പാക്കിയിട്ട് മാത്രമെ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയിലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. എന്നാൽ ഇതിന് ഭരണാനുമതി ജലസേചന വകുപ്പിൽനിന്നും നൽകുന്നതിന് മുൻപുതന്നെ സർക്കാർതല ചർച്ചയ്ക്കുശേഷം വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പണികൾ ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിച്ചു.

## നാദാപുരം തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് ഡിസ്ട്രിബ്യൂഷൻ പദ്ധതി

234(5103) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ഭാഗം ടെയിൽ എൻഡ് ഡിസ്ട്രിബ്യൂഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ (നം.ജി. 170803742/2017/സി.എം.ഒ.) എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നാദാപുരം മണ്ഡലത്തിലെ തുണേരി ബ്രാഞ്ച് കനാലിന്റെ അവസാനത്തിൽനിന്ന് തുടങ്ങുന്ന ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ വേറ്റുമ്മൽ കായപ്പനച്ചി കനാൽഭാഗം നിർമ്മിച്ച് പ്രസ്തുത പ്രദേശത്ത് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും അനുഭവപ്പെടുന്ന ജലദൗർലഭ്യത്തിന് ശാശ്വതപരിഹാരം

കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുഖേന ലഭിച്ച തദ്ദേശവാസികളുടെ പരാതി പരിശോധിക്കുകയും കനാൽ നിർമ്മിക്കാത്ത ഭാഗങ്ങളിൽ സർവ്വേ നടത്തി കനാൽ സ്ഥലം അളന്നുതിട്ടപ്പെടുത്തി നൽകുവാൻ വടകര താലൂക്ക് തഹസീൽദാർക്ക് കത്ത് നൽകിയതായി പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## കിണറുകളിലെ ജലശുദ്ധി പരിശോധിക്കാൻ സംവിധാനം

235(5104) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കിണറുകളിൽനിന്ന് ലഭിക്കുന്ന ജലം മാലിന്യ മുക്തമാണെന്ന് പരിശോധിച്ചുറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

ഉണ്ട്. ജല ഗുണനിലവാര പരിശോധന നടത്തുന്നതിന് കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഓരോ അനലിറ്റിക്കൽ ലാബും തിരുവനന്തപുരം ജില്ലയിൽ ഒരു റീജിയണൽ ലാബും ഭൂജല വകുപ്പിനുകീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുജനങ്ങൾക്ക് നിശ്ചിത ഫീസ് ഈടാക്കി ജല ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിവരുന്നു.

## വേതന സുരക്ഷാ പദ്ധതി

236(5105) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) വേതന സുരക്ഷാ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ ജീവനക്കാർക്ക് തൊഴിലുടമ നൽകുന്ന വേതനം ബന്ധപ്പെട്ട അധികാരികൾ അറിയുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വേതന സുരക്ഷാ പദ്ധതി കൃത്യമായി നടപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിവഴി തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാക്കുന്നു. ടി ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് പരിശോധിക്കുന്നതിനും ടി പദ്ധതി വഴി സാധിക്കുന്നു. സ്ഥാപന പരിശോധനകളിലൂടെയും ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്. മിനിമം വേതനം ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) വേതന സുരക്ഷാ പദ്ധതി വിശദമായി വിലയിരുത്തുകയും വകുപ്പിന് ആവശ്യമായ രീതിയിലുള്ള ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതി പോലെയുള്ള ലേബർ കമ്മീഷണറേറ്റിലെ ഇ-ഗവേണൻസ് പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നതിനുവേണ്ടി ലേബർ കമ്മീഷണറേറ്റിൽ ഒരു ഐ.റ്റി. സെക്ഷൻ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ള യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ച് അവരുടെ അധികാരപരിധിയിലുള്ള സ്ഥാപനങ്ങൾ വേതന സുരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ നേരിട്ട് വിലയിരുത്താനും നടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, ഫാക്ടറീസ് ആക്ട് എന്നീ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നത്. വേതന സുരക്ഷാ പദ്ധതി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന ചോദ്യവും ഈ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനത്തിൽ വെയിറ്റേജ് ലഭിക്കുന്ന തരത്തിലുള്ള ക്രമീകരണമാണ് നടപ്പിലാക്കുന്നത്.

## ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ

237(5106) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ വേണ്ടത്; വ്യക്തമാക്കുമോ;

(ബി) ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും സർവ്വീസ് ഡെലിവറി സ്ഥാപനങ്ങൾക്കും തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ നിർബന്ധമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിയമങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ രജിസ്ട്രേഷൻ നിർബന്ധമല്ലാത്തവരും ഒഴിവാക്കപ്പെട്ടവരും ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; രജിസ്ട്രേഷൻ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ കടകളും വാണിജ്യസ്ഥാപനങ്ങളും അതത് അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെകീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ടി രജിസ്ട്രേഷൻ വർഷാവർഷം പുതുക്കുകയും ചെയ്യേണ്ടതുണ്ട്. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട്, കരാർ തൊഴിലാളി നിയമം, ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷനുകൾ നിലവിലുണ്ട്.

(സി) കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ചില സ്ഥാപനങ്ങൾക്ക് ടി നിയമത്തിന്റെ പരിധിയിൽനിന്നും ഇളവ് നൽകിയിട്ടുണ്ട്. ഇളവ് നൽകിയിട്ടുള്ളതരം സ്ഥാപനങ്ങളുടെ വിവരം ചുവടെ പറയുന്നു.

(എ) ഏത് സ്ഥാപനത്തിലും മാനേജ്മെന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർ

(ബി) പ്രധാനമായും യാത്ര വേണ്ടിവരുന്ന ജോലികൾ ചെയ്യുന്നവരും കാൻവാസിംഗ്, കെയർടേക്കിംഗ് ജോലികൾക്ക് നിയമിച്ചിട്ടുള്ളവരും പേര് മസ്റ്റർ റോളിൽ ചേർത്തിട്ടില്ലാത്തവരുമായ ജീവനക്കാർ

(സി) കേന്ദ്ര, സംസ്ഥാന തദ്ദേശ ഭരണത്തിൽ കീഴിലുള്ളതും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കന്റോൺമെന്റ് അധികാരികളുടെ കീഴിലുള്ളതുമായ സ്ഥാപനങ്ങൾ

(ഡി) കൽക്കരി, എണ്ണപാടങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ

(ഇ) ഉത്സവാഘോഷങ്ങളോടനുബന്ധിച്ചുള്ളതും 15 ദിവസത്തിൽ അധികരിക്കാത്ത കാലയളവിൽ പ്രവർത്തിക്കുന്നതുമായ ബാസാറുകളിലെ സ്ഥാപനങ്ങൾ

(എഫ്) ഫാക്ടറീസ് ആക്ടിന്റെ നിർവചനത്തിൽപ്പെടാത്തതും പ്രത്യേക നിയമത്തിനു കീഴിൽ വരുന്നതുമായ സ്ഥാപനങ്ങൾ

(ജി) മാനസിക അസ്വാസ്ഥ്യമുള്ളവർ, ആലംബഹീനർ, അസുഖ ബാധിതരായവർ എന്നിവരെ ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ആശുപത്രികളും സ്ഥാപനങ്ങളും

(എച്ച്) സർക്കാരിന്റെ സാധാരണയോ പ്രത്യേകമായോ ഉള്ള ഉത്തരവിൻ പ്രകാരം വ്യക്തമാക്കിയിട്ടുള്ള മരുന്നു കടകൾ

(ഐ) ക്ലബ്ബുകൾ, റെസിഡൻഷ്യൽ ഹോട്ടലുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവയോടനുബന്ധിച്ചുള്ള ഹോസ്റ്റലുകൾ, ബോർഡിംഗ് സ്കൂളുകളോട് അനുബന്ധിച്ചുള്ള സ്ഥാപനങ്ങൾ എന്നിവ

(ജെ) റെയിവെ സ്റ്റേഷനുകൾ, തുറമുഖങ്ങൾ, കപ്പലുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്ന സ്ഥലങ്ങൾ ബോട്ടുകളിൽ നിന്ന് സാധനങ്ങൾ ഇറക്കുന്ന സ്ഥലങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള സ്റ്റാളുകൾ, ലഘുഭക്ഷണ ശാലകൾ എന്നിവ സ്ഥാപനം പ്രവർത്തനം ആരംഭിച്ച് 60 ദിവസത്തിനുള്ളിൽ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കേണ്ടതും ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വർഷാവർഷം പുതുക്കേണ്ടതുമാണ്.

**തൊഴിൽസമയം പുനഃക്രമീകരിക്കൽ**

238(5107) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽസമയം ചൂടിന്റെ കാഠിന്യം നിമിത്തം പുനഃക്രമീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുമോ; വിവരിക്കുമോ?

ഉത്തരം

(എ&ബി) വേനൽക്കാലം രൂക്ഷമായ സാഹചര്യത്തിൽ, കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്ന സാഹചര്യമുള്ളതിനാൽ സംസ്ഥാനത്തിനുള്ളിൽ വെയിലത്തുനിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽസമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ താഴെപ്പറയുന്ന രീതിയിൽ പുന:ക്രമീകരിച്ചുകൊണ്ട് 21-2-2018-ലെ ഇഎൻഎഫ് (2)/2216/2018 നമ്പർ ഉത്തരവ് ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി ഉത്തരവ് പ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12:00 മണി മുതൽ 3:00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 വരെയുള്ള സമയത്തിനുള്ളിൽ എട്ടു മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. രാവിലെയും ഉച്ചയ്ക്കുശേഷവും ഉള്ള മറ്റു ഷിഫ്റ്റുകളിലെ ജോലിസമയം ഉച്ചയ്ക്ക് 12:00 മണിക്ക് അസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിട്ടുണ്ട്.

**തൊഴിൽ വകുപ്പിൽ സേവനാവകാശ നിയമം**

239(5108) ശ്രീ. അബ്ദുൽ ഹമീദ് പി.:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) സേവനാവകാശം സംബന്ധിച്ച അവബോധം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. തൊഴിൽ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് നൽകപ്പെടുന്ന സേവനങ്ങൾ 12 തരം ഉണ്ട്. അവ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാനും ലഭ്യമാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും തൊഴിൽ വകുപ്പിലെ ഉയർന്ന

ഉദ്യോഗസ്ഥരെ അപ്പീൽ അധികാരികളായി 2013 ജൂലൈ 31 തീയതിയിലെ ഗസറ്റ് വിജ്ഞാപനം മുഖാന്തരം ലേബർ കമ്മീഷണർ നിയമിച്ചിട്ടുണ്ട്.

(ബി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുകയും സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇത് സംബന്ധിക്കുന്ന പ്രതിമാസ റിപ്പോർട്ടിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, രണ്ടാം അപ്പീലുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താറുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് കൃത്യസമയത്തുതന്നെ സേവനം ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു.

(സി) തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ സേവനാവകാശ നിയമത്തെക്കുറിച്ചും നൽകപ്പെടുന്ന സേവനങ്ങളെക്കുറിച്ചും ലഘുവിവരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ പ്രസ്തുത വിവരങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള പരസ്യബോർഡുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ സേവനാവകാശ നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ ഇത് സഹായകമാണ്.

## കാർഷിക മേഖലയിൽ പണിയെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികൾക്ക് തുല്യവേതനം

240(5109) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പണിയെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികളിലെ സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് തമ്മിൽ കാര്യമായ അന്തരം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാടത്ത് പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് തുല്യജോലി ചെയ്യുന്ന പുരുഷൻമാരേക്കാൾ കുറഞ്ഞ വേതനം ലഭിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ അന്തരം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കാർഷികമേഖലയിൽ പണിയെടുക്കുന്ന അവിദഗ്ദ്ധ തൊഴിലാളികൾക്ക് തുല്യവേതനം ഉറപ്പുവരുത്തുന്നതിന് ഈ മേഖലയിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയിൽ സ്ത്രീ-പുരുഷ തൊഴിലാളികളുടെ വേതന നിരക്ക് തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടനാട് കാർഷിക മേഖലയിൽ പുരുഷ-സ്ത്രീ തൊഴിലാളികളുടെ വേതന നിരക്കിൽ അന്തരമുണ്ട്. കുട്ടനാട് കാർഷിക മേഖലയിലെ കൂലി നിരക്കുകൾ നിശ്ചയിക്കപ്പെടുന്നത് കുട്ടനാട് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ്. മേൽവിഷയം വേതന പരിഷ്കരണം നടത്തുന്ന സന്ദർഭത്തിൽ ഐ.ആർ.സി.-യിൽ പരിഹാരം കണ്ടെത്താവുന്നതാണ്.

(സി) കാർഷിക മേഖലയിലെ മിനിമം വേതന നിരക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരമാണ് നിശ്ചയിക്കുന്നത്. നിലവിൽ ഈ മേഖലയിൽ എസ്.ആർ.ഒ. നമ്പർ 257/2017 പ്രകാരം വേതനം നിശ്ചയിച്ച് ആയത് നടപ്പിലാക്കിവരുന്നുണ്ട്. വേതന നിരക്കിലെ അന്തരം കുട്ടനാട് ഒഴികെ മറ്റെങ്ങും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**ഇതരസംസ്ഥാന തൊഴിലാളികൾ**

241(5110) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികളിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളുടെ ആകെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനാടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 192375 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 31-12-2017 വരെ 55289 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആവാസ് പദ്ധതിയുടെ ഭാഗമായും കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരവും രജിസ്റ്റർ ചെയ്ത ഇതര സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## യുവാക്കളുടെ തൊഴിൽ നൈപുണ്യവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

242(5111) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. ആന്റണി ജോൺ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകദേശം മുപ്പത്തിയഞ്ച് ലക്ഷം തൊഴിലന്വേഷകരുണ്ടെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾ പൂർത്തിയാക്കിയവർ ഉൾപ്പെടെ തൊഴിൽ നൈപുണ്യം ഉള്ളവർ കുറവാണെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നപരിഹാരത്തിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) യുവാക്കളുടെ തൊഴിൽശേഷിയും തൊഴിൽ നൈപുണ്യവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിവിധ മേഖലകളിൽ ഉൽകൃഷ്ട സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അന്താരാഷ്ട്ര നൈപുണ്യ പരിശീലനവും തൊഴിൽപ്രാപ്തിയും പരിപാടി (I-STEP) ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)-ന്റെ ലക്ഷ്യങ്ങൾ എന്തായിരുന്നു; നിലവിൽ നടത്തിവരുന്ന പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തെ തൊഴിൽ മേഖലയിലെ ദേശീയ നിലവാരത്തിലുള്ള പഠന പരിശീലന ഗവേഷണ സ്ഥാപനമാക്കി മാറ്റുവാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

(a) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

(b) എൻലൈറ്റെൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPiOR)

(c) സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ & ടീച്ചർ ട്രെയിനിംഗ് (CRETT)

(d) സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)

(e) സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED)

(f) കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA)

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ

3. കൗശൽ കേന്ദ്രങ്ങൾ

4. അക്രെഡിറ്റേഷൻ

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

6. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

(a) എംപ്ലോയബിലിറ്റി സെന്ററുകൾ

(b) കരിയർ ഡെവലപ്മെന്റ് സെന്റർ

7. മോഡൽ കരിയർ സെന്റർ.

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന കേന്ദ്ര പദ്ധതിയായ മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ഒരു ബന്ധം സ്ഥാപിക്കുക എന്നതാണ് ഇതിന്റെ

ലക്ഷ്യം. ഇത്തരം മാതൃകകളിലെല്ലാംതന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ KASE നൽകുന്നതാണ്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശരാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതലയാണ്. ഇവ KASE അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും.

(സി) തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും തൊഴിൽ നിയമങ്ങളെക്കുറിച്ചും തൊഴിൽ അവകാശങ്ങളെക്കുറിച്ചും തൊഴിൽ മേഖലയിൽ സംജാതമാകുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരമാർഗങ്ങളെക്കുറിച്ചും പരിശീലനം, നേതൃത്വ വികസന പരിശീലനം, ശിൽപ്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, മൺമറഞ്ഞ തൊഴിലാളി നേതാക്കൻമാരെക്കുറിച്ച് അനുസ്മരണ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക കൂടാതെ തൊഴിൽ മേഖലയുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട സാമൂഹിക പ്രസക്തമായ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തി ടി റിപ്പോർട്ടുകൾ സർക്കാരിനും പ്ലാനിംഗ് ബോർഡിനും നയരൂപീകരണത്തിനുതകുംവിധത്തിൽ സമർപ്പിക്കുക, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരണങ്ങൾ നടത്തുക എന്നിവയിലൂടെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും ബോധവൽക്കരണം നടത്തുക വഴി സംസ്ഥാനത്ത് മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും വ്യാവസായിക അന്തരീക്ഷവും സൃഷ്ടിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുക എന്നതാണ് കിലെയുടെ ലക്ഷ്യം. മേൽപ്പറഞ്ഞ ലക്ഷ്യം മുൻനിർത്തിക്കൊണ്ട്, തൊഴിൽ നിയമത്തെക്കുറിച്ചും തൊഴിലവകാശങ്ങളെക്കുറിച്ചും പരിശീലന പരിപാടികൾ, ശിൽപ്പശാലകൾ, നേതൃത്വ വികസന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ നിർദ്ദേശിക്കുന്ന വിഷയങ്ങളിലും മറ്റ് തൊഴിലനുബന്ധ വിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ നടത്തുകയും കിലെന്യൂസ് (ഇംഗ്ലീഷ്, മലയാളം), ഞാനും എന്റെ തൊഴിൽ നിയമങ്ങളും എന്ന ശീർഷകത്തിൽ (1) എംപ്രോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ (2) ചുമട്ടുതൊഴിലാളി നിയമം, 1978 (3) പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, 1972 (4) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും പദ്ധതികളും (5) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് 1952, തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ തുടങ്ങിയ കൈപുസ്തകങ്ങളും പ്രസിദ്ധീകരിച്ചു വരുന്നു.

(ഡി) കിലെയെ ദേശീയനിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതു സംബന്ധിച്ച് സർക്കാർ വിശദമായ പരിശോധന നടത്തിവരികയാണ്.

## ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപങ്ങൾ

243(5112) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ ക്ഷേമനിധി ബോർഡും ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നും ഓരോ ബാങ്കിലെയും അക്കൗണ്ടുകളിലെ ബാലൻസ് തുക, സ്ഥിരം നിക്ഷേപം ഉൾപ്പെടെയുള്ളതിന്റെ വിശദാംശം നൽകാമോ; 1-1-2018-ലെ കണക്ക് പ്രസിദ്ധീകരിക്കാമോ;

(സി) ഓരോ ബോർഡിന്റെയും ഭരണ ചെലവുകൾക്കുള്ള തുകയും തൊഴിലാളികളുടെ ആനുകൂല്യം നൽകുന്നതിനുള്ള തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ മിച്ചം ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ക്ഷേമനിധി ബോർഡുകളുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള പണം ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും മാത്രം പ്രയോജനപ്പെടുത്താനുള്ളതാണ്.

## കേരള കർഷക തൊഴിലാളി ക്ഷേമനിധി മലപ്പുറം ഡിവിഷണൽ ഓഫീസിലെ വിവിധ തസ്തികകൾ

244(5113) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി മലപ്പുറം ഡിവിഷണൽ ഓഫീസിൽ ഓഫീസർ ഉൾപ്പെടെ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള ജീവനക്കാരുടേയും ഒഴിവുകളുടേയും വിശദവിവരം നൽകുമോ;

(ബി) ഇതുമൂലം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതുമൂലമുള്ള പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുവാൻ ആവശ്യമായ ജീവനക്കാരെ എത്രയുംവേഗം നിയമിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ഡിവിഷണൽ ഓഫീസിൽ വെൽഫെയർ ഫണ്ട് ഓഫീസറുടെ തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഓഫീസിൽ നിലവിൽ മൂന്ന് ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു പാർടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഉള്ളത്. ഈ തസ്തികകളിലെല്ലാം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇല്ല. മലപ്പുറം വെൽഫെയർ ഫണ്ട് ഓഫീസറുടെ അധിക ചുമതല പാലക്കാട് വെൽഫെയർ ഫണ്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ആനുകൂല്യവിതരണം തടസ്സപ്പെട്ടിട്ടില്ല.

(സി) മലപ്പുറം ഡിവിഷണൽ ഓഫീസിൽ വെൽഫെയർ ഫണ്ട് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി. മേഖലയിലെ ജീവനക്കാർ**

245(5114) ശ്രീ. റോജി എം. ജോൺ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി മേഖലയിൽ പല കമ്പനികളും ജീവനക്കാരെ കുറയ്ക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഐ.ടി. മേഖലയിൽ എത്ര ജീവനക്കാരാണ് പ്രവർത്തിക്കുന്നത്; അവർക്കെല്ലാം ഇ.പി.എഫ്.-ൽ അംഗത്വമുണ്ടോ;

(സി) ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലാണോ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്;

(ഡി) ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥ സംസ്ഥാനത്തെ എല്ലാ മേഖലകളെയും ബാധിക്കുമെന്നതിനാൽ പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ സേവനവേതന സംരക്ഷണത്തിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ശക്തമായ ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.ടി. മേഖലയിലെ കമ്പനികളിൽ ജീവനക്കാരെ നിർബന്ധപൂർവ്വം ഒഴിവാക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) തൊഴിൽ വകുപ്പിലെ രേഖകൾ പ്രകാരം ഐ.ടി. മേഖലയിൽ 77843 ജീവനക്കാരാണ് പ്രവർത്തിക്കുന്നത്. ഇ.പി.എഫ്. അംഗത്വമുള്ള ജീവനക്കാരുടെ വിവരം ലഭ്യമല്ല.

(സി) ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിലല്ല മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്.

(ഡി) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധനകൾ നടത്തി തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങളെല്ലാം ജീവനക്കാർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ നിശ്ചയിച്ചിട്ടുള്ള വേതനം ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനാകും. ജീവനക്കാർക്ക് അവരുടെ വേജ് സ്ലിപ് ഓൺലൈനായി ലഭ്യമാകുകയും ചെയ്യുന്നു. സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കാത്തപക്ഷം ടി സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. 2018-ൽ നാളിതുവരെ ഐ.ടി. മേഖലയിൽ 19 സ്ഥാപന പരിശോധനകൾ നടത്തുകയും 10 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ബീഡി തൊഴിൽ മേഖല

246(5115) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ബീഡി വ്യവസായ തൊഴിൽ മേഖല പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ ബീഡി വ്യാപകമായതോടെ പ്രസ്തുത തൊഴിൽ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജി.എസ്.ടി നിലവിൽവരുന്നതിന് മുൻപ് 14.5% നികുതിയാണ് നിലവിൽ ഉണ്ടായിരുന്നത്. ഇപ്പോൾ 28% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ നികുതി വർദ്ധന സംസ്ഥാനത്ത് ബീഡിയുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ബീഡി ടാക്സ് അടയ്ക്കാതെ വ്യാജമായി സംസ്ഥാന വിപണിയിലെത്തുകയും കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുകയും ചെയ്യുന്നുണ്ട്. 28% നികുതി നൽകേണ്ടിവരുന്നതിനാൽ ദിനേശ് ബീഡി കമ്പനി ഉൾപ്പെടെയുള്ള നിർമ്മാതാക്കൾക്ക് ബീഡി വിലകൂട്ടി വിൽക്കേണ്ടി വരുന്നു. ഇത് സംസ്ഥാനത്തെ ബീഡി വ്യവസായ മേഖലയെ പ്രതിസന്ധിയിലാക്കുന്നു.

(ബി) കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇതിനുള്ള ബദൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 19-3-2018-ലെ സ.ഉ.(സാധാ) നമ്പർ 303/2018/തൊഴിൽ ഉത്തരവിലൂടെ 20 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനൊപ്പം ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തി വ്യാജ ബീഡിയുടെ വരവിനെ തടയുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**ഗ്രാമീണ മേഖലയിലെ അസംഘടിത തൊഴിലാളികളുടെ ക്ഷേമം**

247(5116) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ പണിയെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ ഗ്രാമീണ മേഖലകളിൽ പ്രതിദിനം പണിയെടുക്കുന്ന അസംഘടിത തൊഴിലാളികളുടെ കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ; വിശദമാക്കുമോ;

(സി) ഇവരുടെ ഉന്നമനത്തിനായി ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്; പേര് സഹിതം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ

പ്രവർത്തിക്കുന്നുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകടചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടി ബോർഡുകളിൽ അംഗങ്ങളാകുന്ന ഭൂരിഭാഗം തൊഴിലാളികളും ഗ്രാമീണ മേഖലയിൽ പണിയെടുക്കുന്നവരാണ്. ക്ഷേമനിധി ബോർഡുകളിൽ തൊഴിലാളികൾക്ക് അംഗത്വം നൽകുന്നത് ഗ്രാമീണ/നഗര വ്യത്യാസമില്ലാതെ അവരുടെ തൊഴിലിന്റെ സ്വഭാവം കണക്കിലെടുത്താണ്.

(ബി&സി) ലഭ്യമല്ല. അസംഘടിതരായ തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിനുകീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ബോർഡുകളിൽ 75 ലക്ഷത്തോളം അസംഘടിത തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മാത്രം 485436 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

## മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗ്രേഡിംഗ് സമ്പ്രദായം

248(5117) ശ്രീ. എസ്. ശർമ്മ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ആന്റണി ജോൺ :

ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ നിലവാരമുയർത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രേഡിംഗിനുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഉപഭോക്താക്കൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും തൊഴിലുടമകൾക്കും തൊഴിലാളികൾക്കും കൂടുതൽ പ്രയോജനം ലഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്കുകീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്"

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ.

ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്യൂവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ രൂപം നൽകിയ തൊഴിൽ നയത്തിൽ വിഭാവന ചെയ്യുകയും 2017-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇതുസംബന്ധിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. നിശ്ചിത മാനദണ്ഡങ്ങൾ ഉപയോഗിച്ച് തൊഴിലുടമയെ വിലയിരുത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കിയിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് പൂർണ്ണമായും ഓൺലൈനായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ വിശകലനം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതല കമ്മിറ്റി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് വജ്ര, സുവർണ്ണ, രജതം എന്നിങ്ങനെ ഗ്രേഡ് നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതും ടി സ്ഥാപനങ്ങളെ മാതൃകാ സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതുമാണ്. തൊഴിലാളികൾക്ക് അർഹമായ സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതോടൊപ്പം മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഗ്രേഡിംഗ് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള സാമൂഹ്യ ക്ഷേമ നടപടികൾ

249(5118) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തൊഴിലാളികളായി എത്ര പേർ കേരളത്തിൽ തൊഴിലെടുക്കുന്നുണ്ട്; സംസ്ഥാനങ്ങൾതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ തൊഴിലിനായി എത്തുന്ന ഇത്തരം തൊഴിലാളികളുടെ ആരോഗ്യ പരിശോധന, പോലീസ് വെരിഫിക്കേഷൻ എന്നിവ നടത്താറുണ്ടോ;

(സി) ഏതെല്ലാം സാമൂഹ്യക്ഷേമ നടപടികളാണ് ഇപ്പോൾ ഇവർക്കായി സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കേരളത്തിൽ ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഒരു സമ്പൂർണ്ണ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 192375 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 31-12-2017 വരെ 55289 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ. നമ്പർ (സാധാ.) 960/2016/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതരസംസ്ഥാനങ്ങളിൽ നിന്നുംവരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. ടി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ സഹായം (25,000 രൂപ), ടെർമിനൽ ബെനിഫിറ്റ് (10,000 രൂപ മുതൽ 25,000 രൂപ വരെ), വിദ്യാഭ്യാസ ആനുകൂല്യം (1,000 മുതൽ 3,000 വരെ), അപകടമരണ ധനസഹായം (50,000 രൂപ), ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം (5,000 രൂപ മുതൽ 15,000 രൂപ വരെ), പ്രസവ ധനസഹായം (15,000 രൂപ) തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് " ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്. ആവാസ് പദ്ധതിയുടെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

**നിർമ്മാണ മേഖലയിലെ തൊഴിലില്ലായ്മ**

250(5119) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ കടുത്ത പ്രതിസന്ധി കാരണം തൊഴിലാളികൾ ബുദ്ധിമുട്ടിലാണെന്നത് വസ്തുതയാണോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് കാരണം ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ തൊഴിൽരഹിതരാകുകയും അവർ സംസ്ഥാനം വിടുന്നതുമായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ കരാറുകാർക്ക് വൻതുക കുടിശ്ശികയായതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചതിനാൽ തൊഴിലാളികളുടെ തൊഴിലില്ലായ്മ രൂക്ഷമായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിർമ്മാണ മേഖലയിലെ പ്രതിസന്ധി കാരണം തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത കുറവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽലഭ്യത കുറവായതിനെത്തുടർന്ന് ഇതര സംസ്ഥാന തൊഴിലാളികളിൽ ഒരു വിഭാഗം അവരുടെ മാതൃസംസ്ഥാനങ്ങളിലേയ്ക്ക് മടങ്ങി പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## ഇ.എസ്.ഐ. കോർപ്പറേഷൻ

251(5120) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ.എസ്.ഐ. കോർപ്പറേഷൻ അതിവിദഗ്ദ്ധ ചികിൽസയ്ക്ക് വിധേയരായ തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ചത് എത്ര തൊഴിലാളികളെയാണ് ദോഷകരമായി ബാധിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

അതിവിദഗ്ദ്ധ ചികിത്സയ്ക്ക് വിധേയരായ 1997 തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. ആനുകൂല്യം പറ്റുന്ന തൊഴിലാളികൾ

252(5121) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഇ.എസ്.ഐ. ആനുകൂല്യം പറ്റുന്ന എത്ര തൊഴിലാളികളുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) കിടത്തിചികിത്സ ലഭ്യമാക്കാൻ കഴിയുംവിധം ഒരു ഇ.എസ്.ഐ. ആശുപത്രി ഒറ്റപ്പാലത്ത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 50415 തൊഴിലാളികൾ ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനായി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ ഒരു ഇ.എസ്.ഐ. ആശുപത്രി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഒറ്റപ്പാലം ആസ്ഥാനമാക്കി കിടത്തി ചികിത്സ ലഭ്യമാക്കുന്ന ആശുപത്രി സ്ഥാപിക്കാൻ സാധിക്കുന്നതല്ല.

## ഇ.എസ്.ഐ. അംഗങ്ങളായവരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് മാനദണ്ഡങ്ങളിൽ മാറ്റം

253(5122) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. തൊഴിലാളികൾക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എന്തെന്ന് വിശദമാക്കാമോ;

(സി) ഇ.എസ്.ഐ അംഗങ്ങളായ രണ്ടായിരത്തിലേറെ തൊഴിലാളികളുടെ, അതിവിദഗ്ധ ചികിത്സയ്ക്ക് വിധേയരായതിന്റെ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തിരിച്ചയച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) തൊഴിലാളികൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.എസ്.ഐ. ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ലഭിക്കേണ്ട അർഹത സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡങ്ങളിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി. തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നും രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും ടി കാലയളവിൽ ഏതെങ്കിലും രണ്ട് അംശദായ കാലയളവിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന വ്യവസ്ഥ ഇ.എസ്.ഐ. കോർപ്പറേഷൻ നിശ്ചയിച്ചു. ഈ സാഹചര്യത്തിൽ 2 വർഷത്തിൽ താഴെ സർവ്വീസുള്ള ഗുരുതരമായ അസുഖങ്ങളുള്ള ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കും കശുവണ്ടി മേഖലയിലടക്കം സീസണിലായി തൊഴിൽ ലഭിക്കുന്ന തൊഴിലാളികൾക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും വിദഗ്ധ ചികിത്സാ സേവനം ഇ.എസ്.ഐ. ആനുകൂല്യം വഴി ലഭിക്കാൻ തടസ്സമുണ്ടാകുന്നു.

അടിയന്തര സാഹചര്യങ്ങളിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് ഐ.പി. അടുത്തുള്ള സർക്കാർ ആശുപത്രികളിലോ പ്രൈവറ്റ് ആശുപത്രികളിലോ ചികിത്സിച്ചാൽ ചെലവാകുന്ന തുക റീ-ഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കില്ല.

30-8-2014-നശേഷം രജിസ്റ്റർചെയ്ത തൊഴിലാളി, രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് കാൻസർ, വൃക്കരോഗ ബാധിതനാണെങ്കിൽ പ്രസ്തുത രോഗങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാനുകൂല്യം ലഭിക്കുകയില്ല.

സെൻട്രൽ ഗവൺമെന്റ് ഹെൽത്ത് സ്കീം പാക്കേജിൽ ഉൾപ്പെടാതെ 10 ലക്ഷം രൂപയിൽ കൂടുതൽ ചികിത്സാച്ചെലവ് വരികയാണെങ്കിൽ ഇ.എസ്.ഐ. ഹെഡ്ക്വാർട്ടേഴ്സിന്റെ അനുമതി ആവശ്യമുണ്ട്.

(സി) 1997 തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ചിട്ടുണ്ട്.

(ഡി) കാരണം വ്യക്തമാക്കാതെയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ചത്.

(ഇ) തൊഴിലും എക്സൈസും വകുപ്പുമന്ത്രി 2017 ഡിസംബർ മാസം ബഹുമാനപ്പെട്ട കേന്ദ്ര തൊഴിലും എംപ്ലോയ്മെന്റും വകുപ്പുമന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്യുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരുമായി ആലോചിക്കാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ച നടപടിയിൽ സർക്കാരിന്റെ അതൃപ്തി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അർദ്ധ ഔദ്യോഗിക കത്ത് മുഖേന അറിയിക്കുകയും തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുയും ചെയ്തിരുന്നു. 22-01-2018-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ബോർഡ് യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷനോട് അനുകൂല നിലപാട് സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും എമർജൻസി സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും സ്വീകരിക്കുന്നതിന് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ച് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തയച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലും ഇ.എസ്.ഐ. കോർപ്പറേഷൻ അനുകൂല തീരുമാനം എടുത്തിട്ടില്ല.

## പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ

254(5123) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തുടങ്ങാനുദ്ദേശിക്കുന്ന പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ എവിടെയെല്ലാമാണെന്നറിയിക്കാമോ;

(ബി) നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ തുടങ്ങാനിരിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ആലത്തൂർ എന്ന സ്ഥലത്ത് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും അതിന്റെ പ്രവർത്തനത്തിന് 9 സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

## കെ.എസ്.ബി.സി.-യിൽ ഹെൽപ്പർ/പ്യൂൺ നിയമനം

255(5124) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.സി.-യിൽ നിലവിലുള്ള ഹെൽപ്പർ/പ്യൂൺ ലിസ്റ്റിൽ നിന്നും (കാറ്റഗറി നമ്പർ 355/2008) എത്ര വനിതകൾക്ക് നിയമനം നൽകി;

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം വനിതകളെ ഹെൽപ്പർമാരായി നിയമിക്കണം എന്നിരിക്കെ ദിവസവേതന വ്യവസ്ഥയിൽ താത്ക്കാലികമായി ജീവനക്കാരെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1-3-2018-ൽ വനിതാ ഹെൽപ്പർമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നു;

(ഡി) എത്ര ഒഴിവുകൾ പി.എസ്.സി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത ഒഴിവിൽ ഉടൻ നിയമനം നടത്തുമോ; അങ്ങനെയെങ്കിൽ വനിതകളെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 166 പേർക്ക് നിയമന ഉത്തരവ് നൽകിയതിൽ 54 പേർ ജോലിയിൽ പ്രവേശിച്ചു.

(ബി) ഷോപ്പുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി കൂടുതൽ കൗണ്ടറുകൾ തുറന്നപ്പോഴുണ്ടായ ജീവനക്കാരുടെ അഭാവം കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയുണ്ടായി.

(സി) 1-3-2018-ൽ ഹെൽപ്പർമാരുടെ ഒഴിവുകൾ ഒന്നുംതന്നെ പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.എസ്.ബി.സി.-യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിലവിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ 72 പേർ ജോലി ചെയ്തുവരുന്നു.

(ഡി) നിലവിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ 16 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ നൽകുന്നമുറയ്ക്ക് കെ.എസ്.ബി.സി.-യിൽനിന്നും നിയമന ഉത്തരവ് നൽകുന്നതാണ്.

## ഇന്ത്യാ സ്കിൽസ് കേരള-2018

256(5125) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രംഗത്ത് പുത്തനുണർവ് പകരുന്നതിനും യുവപ്രതിഭകളുടെ തൊഴിൽ വൈദഗ്ധ്യം അളക്കുന്നതിനുമായി ഇന്ത്യാ സ്കിൽസ് കേരള-2018 എന്ന പേരിൽ ഒരു മത്സരം സംഘടിപ്പിക്കുന്നുണ്ടോ;

(ബി) പ്രസ്തുത മത്സരം നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതൊക്കെ മേഖലകളിലാണ് തൊഴിൽ വൈദഗ്ധ്യം അളക്കുന്ന മത്സരങ്ങൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ഏജൻസികളാണ് ഈ സംരംഭത്തിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുക, തൊഴിൽ നൈപുണ്യമുള്ള പ്രതിഭകൾക്ക് അവരുടെ നൈപുണ്യശേഷി പ്രദർശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുക, വേൾഡ് സ്കിൽസ് 2019 പോലുള്ള ആഗോളതലത്തിലുള്ള മത്സര പരിചയത്തിലൂടെ നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഇന്ത്യാ സ്കിൽ കേരള 2018-ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) കാർപ്പെന്ററി, പെയിന്റിംഗ് & ഡെക്കറേറ്റിംഗ്, പ്ലംബിംഗ് & ഹീറ്റിംഗ്, റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, വെൽഡിംഗ്, വോൾ & ഫ്ലോർ ടൈലിംഗ്, ഫാഷൻ ടെക്നോളജി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് CAD, സി.എൻ.സി മില്ലിംഗ്, സി.എൻ.സി. ടർണിങ്, ബേക്കറി, റെസ്റ്റോറന്റ് സർവ്വീസ്, ഫ്ലോറിസ്റ്ററി, ഗ്രാഫിക് ഡിസൈൻ ടെക്നോളജി, 3 ഡി ഡിജിറ്റൽ ഗെയിം ആർട്ട്, വെബ് ഡിസൈൻ & ഡെവലപ്മെന്റ്, ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ, ഇലക്ട്രോണിക്സ്, മൊബൈൽ റോബോട്ടിക്സ്, ഓട്ടോ മൊബൈൽ ടെക്നോളജി എന്നീ 20 സ്കിൽ സെക്ടറുകളിലാണ് തൊഴിൽ വൈദഗ്ദ്ധ്യം അളക്കുന്ന മത്സരങ്ങൾ നടത്തുന്നത്.

(ഡി) വ്യാവസായിക പരിശീലന വകുപ്പ്, കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്നിവർ സംയുക്തമായാണ് ഇത് സംഘടിപ്പിച്ചത്.

## ഐ.ടി.ഐ.-കളിലെ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി

257(5126) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ കോഴ്സുകളും സിലബസും സംബന്ധിച്ച എന്തെങ്കിലും പഠന റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് റിപ്പോർട്ട് തേടുന്നതിനും അതനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ നവീകരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് (സി.റ്റി.എസ്.) കീഴിലുള്ള കോഴ്സുകളാണ് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നടത്തപ്പെടുന്നത്. ടി സ്കീമിനുകീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ഇപ്രകാരം പരിഷ്കരിച്ച കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള അധികാരം ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി.) ആണ്. ഇപ്രകാരം നവീകരിച്ച കോഴ്സുകൾ എൻ.സി.വി.റ്റി.-യുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

## നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് തൊഴിൽ പരിശീലന വകുപ്പിന്റെകീഴിൽ വരുന്ന സ്ഥാപനങ്ങളിലെ പഠന പദ്ധതി പരിഷ്കരിക്കുന്നതിന് നടപടി

258(5127) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും തൊഴിൽ മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിത ബുദ്ധി ഉപയോഗിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിർമിത ബുദ്ധിയിലോ മറ്റ് നൂതന സാങ്കേതികവിദ്യകളിലോ യുവാക്കൾക്ക് ഫലപ്രദമായ പരിശീലനം ലഭിക്കാതിരിക്കുകയാണെങ്കിൽ ഭാവിയിൽ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(സി) അസാപ് സഹായത്തോടെ സ്കൂൾ കോളേജ് സാങ്കേതിക വിദ്യാഭ്യാസ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രസ്തുത സാങ്കേതികവിദ്യകൾ വ്യാപകമാക്കാൻ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇക്കാര്യത്തിൽ നീതി ആയോഗിന്റെ മാർഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവിടങ്ങളിൽ ഇത് സംബന്ധിച്ച് ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) തൊഴിൽ വകുപ്പിന്റെ കീഴിലോ അസാപ്പ് മുഖേനയോ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിത ബുദ്ധി ഉപയോഗപ്പെടുത്തി കൊണ്ടുള്ള പരിശീലന പദ്ധതികൾ നിലവിലില്ല. നിർമിത ബുദ്ധിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്ന മേഖലകളിൽ ഇത്തരത്തിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് നീതി ആയോഗിന് ശിപാർശകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

## തേവലക്കര ഐ.ടി.ഐ.-യിൽ ഫിറ്റർ ട്രേഡ്

259(T5128) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേവലക്കര ഐ.ടി.ഐ.-യിൽ ഐ.ടി.ഐ. ഫിറ്റർ ട്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കൊല്ലം ജില്ലയിൽ എത്ര ഐ.ടി.ഐ.-കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്; കുന്നത്തൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എത്ര ഐ.ടി.ഐ. കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്;വ്യക്തമാക്കുമോ;

(സി) തേവലക്കര ഐ.ടിഐ.-യിൽ അനുവദിച്ചിട്ടുള്ള കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) തേവലക്കര ഐ.ടി.ഐ.-യിൽ ഐ.ടി.ഐ. ഫിറ്റർ ട്രേഡ് അനുവദിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) തേവലക്കര ഐ.ടി.ഐ.-യിൽ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള സൗകര്യം ലഭ്യമല്ല.

(ബി) കൊല്ലം ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ചന്ദനത്തോപ്പ്, ചാത്തന്നൂർ എന്നീ രണ്ട് ഐ.ടി.ഐ.-കളിൽ ഫിറ്റർ ട്രേഡ് നിലവിലുണ്ട്. വകുപ്പിന്റെ കീഴിൽ കുന്നത്തൂർ മണ്ഡലത്തിന്റെ പരിധിയിൽ ഐ.ടി.ഐ.കൾ ഒന്നും തന്നെ നിലവിലില്ല.

(സി) സർവ്വേയർ, പ്ലംബർ, വെൽഡർ എന്നീ ട്രേഡുകളാണ് (2 യൂണിറ്റ് വീതം) തേവലക്കര ഐ.ടി.ഐ.-യിൽ അനുവദിച്ചിട്ടുള്ളത്.

(ഡി) തേവലക്കര ഐ.ടി.ഐ. പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിലവിലുള്ള ട്രേഡുകൾക്ക് പുറമെ പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുള്ള ക്ലാസ്സ്, വർക്ക്ഷോപ്പ് എന്നിവ ലഭ്യമല്ല. കൂടാതെ പ്രസ്തുത ഐ.ടി.ഐ. സ്ഥിതിചെയ്യുന്ന സ്ഥലം കോസ്റ്റൽ റഗുലേഷൻ സോൺ (CRZ)-ന്റെ പരിധിയിൽ ഉൾപ്പെട്ട സ്ഥലമാകയാൽ പുതിയ കെട്ടിട നിർമ്മാണത്തിന് CRZ-ന്റെ അനുമതി ലഭ്യമല്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പുതിയതായി ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് നടപടി

260(5129) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(ബി) പുതിയതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് എന്തെല്ലാം മുൻഗണനാക്രമങ്ങളാണ് പരിഗണിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) നിലവിൽ വ്യവസായ പരിശീലനകേന്ദ്രങ്ങളില്ലാത്ത അസംബ്ലി നിയോജകമണ്ഡലങ്ങളിൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2018-19 വർഷത്തെ ബജറ്റിൽ മയ്യനാട് പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരാമർശിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർപ്രവർത്തനത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് അനുയോജ്യവും പര്യാപ്തവുമായ സ്ഥലം (ഡി.ജി.റ്റി. നിബന്ധന പ്രകാരമുള്ള) സൗജന്യമായി ലഭ്യമാക്കുന്നതിനും ഐ.ടി.ഐ.-യ്ക്ക് സ്ഥലം ലഭ്യമായി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത് വരെ ഐ.ടി.ഐ. താൽക്കാലികമായി പ്രവർത്തിക്കുന്നതിനാവശ്യമായ വാടകരഹിതമായ കെട്ടിടം ലഭ്യമാക്കുന്നതിനും വിധേയമായാണ് വകുപ്പിൽ ഐ.ടി.ഐ. അനുവദിക്കുന്നത്. കൂടാതെ ജലം, വൈദ്യുതി, ഗതാഗതം തുടങ്ങിയ ഭൗതിക സൗകര്യങ്ങളും പുതുതായി ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പരിഗണിക്കുന്നതാണ്. നിലവിൽ വ്യവസായ പരിശീലന കേന്ദ്രങ്ങളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് വകുപ്പ് സാധ്യതാപഠനം നടത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ

261(5130) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെയും സഹകരണ സ്ഥാപനങ്ങളിലെയും താത്കാലിക നിയമനങ്ങളും സ്ഥിര നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

1959-ലെ Compulsory Notification Of Vacancies Act-ൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ 25-ൽ കൂടുതൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ് എന്ന് മാത്രമേ നിഷ്കർഷിച്ചിട്ടുള്ളൂ. സഹകരണ സ്ഥാപനങ്ങളിലെ താൽക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാറുണ്ട്.

## പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷനും നിയമനവും

262(5131) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും 2017 ഡിസംബർ 31 വരെ രജിസ്റ്റർ ചെയ്തവരുടെ എണ്ണം അറിയിക്കാമോ;

(ബി) ഓരോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 2017 വർഷം നിയമനം ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

| | | |
|---|---|---|
| (എ) തിരുവനന്തപുരം | - | 44690 |
| എറണാകുളം | - | 33929 |
| കോഴിക്കോട് | - | 49634 |
| ആകെ | - | 128253 |
| (ബി) തിരുവനന്തപുരം | - | 396 |
| എറണാകുളം | - | 136 |
| കോഴിക്കോട് | - | 114 |
| ആകെ | - | 646 |

(സി) ഇപ്പോൾ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നിയമനം

263(5132) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് വിവിധ തസ്തികകളിലായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്;

(ബി) വിവിധ ഡിപ്പാർട്ട്മെന്റുകളിൽ താൽക്കാലികമായി ഒഴിവു വരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി നിയമനം നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ജനുവരിവരെ 20,051 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്.

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എംപ്ലോയ്മെന്റ് വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ്എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും 26-12-2016-ലെ 104693/ജി2/2016/തൊഴിൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

264(5133) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവസവേതന/കരാർ വ്യവസ്ഥകളിലുള്ള നിയമനങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദിവസവേതന/കരാർ വ്യവസ്ഥയിലുള്ള നിയമനങ്ങൾ ചില സ്ഥാപനങ്ങളിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരിക്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർചെയ്ത തൊഴിൽരഹിതരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന്, കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരമുള്ള സ്ഥാപന പരിശോധനകൾ വഴി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സർക്കാരിതര/സ്വകാര്യ തൊഴിൽ മേഖലകളിലെ ഒഴിവുകൾക്ക് തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിന് നിയുക്തി എന്ന പേരിലുള്ള തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ അവരവരുടെ യോഗ്യതയ്ക്കനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും എല്ലാത്തരം തൊഴിലന്വേഷകർക്കും ഉന്നത വിദ്യാഭ്യാസത്തിനായി ശ്രമിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന കരിയർ ഡെവലപ്മെന്റ് സെന്ററുകളും എപ്ലോയ്മെന്റ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇക്കാര്യത്തിൽ യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകളും തൊഴിൽരഹിതർക്ക് സഹായകരമാകുന്നു. വിവിധ മൽസരപ്പരീക്ഷകൾക്ക് പരിശീലനം, കെസ്റു, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബ്, മുൻഗണനാ വിഭാഗത്തിൽപ്പെട്ട (വിധവ, അവിവാഹിത, വിവാഹമോചിത) സ്ത്രീകൾക്കായുള്ള ശരണ്യ, ഭിന്നശേഷിക്കാർക്കുള്ള കൈവല്യ എന്നീ സ്വയംതൊഴിൽ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി പുനഃസ്ഥാപിക്കാൻ നടപടി

265(5134) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തശേഷം യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്ക്, സീനിയോറിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കാൻ എത്ര വർഷം കൂടുമ്പോഴാണ് പ്രത്യേക അവസരം നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) എന്നാണ് അവസാനമായി ഇത്തരത്തിൽ അവസരം നൽകിയത്; ജില്ല തിരിച്ചാണോ സംസ്ഥാന വ്യാപകമായാണോ ഇത്തരത്തിൽ അവസരം നൽകുന്നതെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലുള്ളവർക്ക് സീനിയോറിറ്റിയോടുകൂടി രജിസ്ട്രേഷൻ പുതുക്കാൻ പുതിയ തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് വർഷാവർഷം അവസരം നൽകി വരുന്നുണ്ട്.

(ബി) 5-8-2017-ലെ G.O.(Rt) 1024/2017/LBR പ്രകാരം 1-1-97 മുതൽ 31-7-2017 വരെ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവരവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 2-9-2017 മുതൽ 31-10-2017 വരെ സമയം അനുവദിച്ചുകൊണ്ടുള്ള ഉത്തരവാണ് അവസാനമായി പുറപ്പെടുവിച്ചിട്ടുള്ളത്. സംസ്ഥാനവ്യാപകമായിട്ടാണ് ഇത്തരത്തിൽ അവസരം നൽകുന്നത്.

(സി) ഇല്ല.

(ഡി) പ്രത്യേക പുതുക്കൽ ആനുകൂല്യം സംസ്ഥാന വ്യാപകമായിട്ടാണ് നടപ്പിലാക്കിവരുന്നത്. ആകയാൽ ഏതെങ്കിലും ഒരു ജില്ലയ്ക്ക് മാത്രമായി ടി ആനുകൂല്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറില്ല.

## സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്

266(5135) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്രയാണ്; ഇത് ദേശീയ ശരാശരിയേക്കാൾ എത്ര വ്യത്യാസമുണ്ട്;

(ബി) തൊഴിൽരഹിതരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ അഭ്യസ്തവിദ്യരായവർ എത്രയാണ്;

(സി) തൊഴിലില്ലായ്മ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് സമഗ്രമായ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ ഉത്പാദന നിർമ്മാണ മേഖലകളിലെ വളർച്ചാതോത് കുറഞ്ഞതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ജനസംഖ്യയുടെയും സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്ത തൊഴിലന്വേഷകരുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ നിരക്ക് കണക്കാക്കുമ്പോൾ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 10.5 ആണ്. ദേശീയ തൊഴിലില്ലായ്മ നിരക്ക് 3.90-ഉം. ഇതിൽനിന്നും സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് എന്നതാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) സ്ത്രീകൾ-2221034

പുരുഷന്മാർ-1296377

ഇവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| നിരക്ഷരർ | 4057 |
| എസ്.എസ്.എൽ.സി. ക്ക് താഴെ | 363688 |
| എസ്.എസ്.എൽ.സി. | 2002675 |

| | |
|---|---|
| പ്ലസ്-ടു | 781823 |
| ബിരുദം | 295551 |
| ബിരുദാനന്തര ബിരുദം | 69617 |
| ആകെ | 3517411 |

ഇതിൽ നിരക്ഷരരായ 4057 പേരെ ഒഴിവാക്കിയാൽ അഭ്യസ്തവിദ്യരായവർ 3513354 പേരാണ്.

(സി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനം നൽകി വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി സമൂഹം അഭിമുഖീകരിക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

<u>എംപ്ലോയബിലിറ്റി സെന്റർ</u>

കേരളത്തിലെ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

<u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന

ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമായിരിക്കും കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതികവിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. തൊഴിൽ അവബോധ പരിശീലന ക്ലാസ്സുകൾ നയിക്കുന്നതിന് അതത് മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ഫാക്കൽറ്റികളുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്.

മോഡൽ കരിയർ സെന്റർ പദ്ധതി

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി രാജ്യത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിങ് നൽകുകയും ഏതെങ്കിലും നൈപുണ്യത്തിന്റെ അഭാവമുള്ളപക്ഷം അവരെ പരിശീലന കേന്ദ്രത്തിലേയ്ക്ക് നയിച്ച് നൈപുണ്യ പരിശീലനം നൽകി ശരിയായ തൊഴിൽ നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്.

വിവിധ തൊഴിലുകളെക്കുറിച്ചും ലഭ്യമായ പരിശീലന പരിപാടികളെക്കുറിച്ചും അറിയുന്നതിന് ഉദ്യോഗാർത്ഥികൾക്ക് NCS പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി പൂർണ്ണമായും ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ ഉദ്യോഗാർത്ഥികൾക്ക് www.ncs.gov.in എന്ന ജോബ് പോർട്ടലിൽ ഒറ്റതവണ രജിസ്ട്രേഷൻ നടത്തി, അവർക്ക് നേരിട്ട് മോഡൽ കരിയർ സെന്ററിലെ കൗൺസിലിംഗ് വേക്കൻസി ആവശ്യപ്പെടുന്ന ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കരിയർ

സെന്റർ മുഖേന നടത്തുന്ന ജോബ് മേള എന്നിവ എല്ലാ സുതാര്യതയോടുംകൂടി ബുക്ക് ചെയ്യാവുന്നതാണ്. നിലവിൽ സ്വകാര്യമേഖലയിലുള്ള തൊഴിൽ പോർട്ടലിൽ നിന്നും വ്യത്യസ്തമായി അപേക്ഷകരുമായി ആശയവിനിമയം നടത്തുകയും ആവശ്യമുണ്ടെങ്കിൽ തൊഴിലന്വേഷകർക്ക് കൗൺസിലിങ്ങും ട്രെയിനിംഗും ഏർപ്പെടുത്തി സാമർത്ഥ്യമുള്ളവരാക്കിയശേഷം മികച്ച തൊഴിൽദായകരെ കണ്ടെത്തി തൊഴിൽ നേടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് മോഡൽ കരിയർ സെന്ററുകൾകൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) പരിശോധിച്ചിട്ടില്ല.

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

267(5136) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്രദമാകുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇപ്രകാരം എത്ര ലഹരി വിരുദ്ധ ക്ലബ്ബുകളാണ് പ്രവർത്തിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(ഡി) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉല്പന്നങ്ങൾ വിതരണം നടത്തുന്ന മാഫിയകളെക്കുറിച്ച് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ/കോളേജുതലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ/

കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായി. വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽത്തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ലഹരി മാഫിയകളെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. ആയവ ഉപയോഗിച്ചും പരാതികൾ അറിയിക്കാവുന്നതാണ്.

**ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ**

268(5137) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. കെ. ശശി:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിക്കെതിരെയുള്ള സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കും മദ്യവിപത്തിനുമെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(സി) ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യത എപ്രകാരമാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ കായിക

ലഹരി എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചുനയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽവച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ചിൽ സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. സ്കൂൾ - കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂൾ - കോളേജ് വിദ്യർത്ഥികൾക്കായി ക്വിസ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായി.

(ബി) എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടുകൂടിയാണ് പൊതുജനങ്ങളിൽ എത്തിക്കുന്നത്.

(സി) ലഹരിവിരുദ്ധ പ്രചാരണം ലക്ഷ്യംവച്ചുള്ള സന്ദേശങ്ങൾ എഫ്.എം. റേഡിയോകൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. മേൽ പ്രകാരം സന്ദേശങ്ങൾ പ്രമുഖ ടി.വി. ചാനലുകളിലൂടെ പ്രചരിപ്പിച്ചുവരുന്നു. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. നവമാധ്യമങ്ങളിൽ ആനിമേഷൻ പോലെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

## മദ്യനയംമൂലം തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

269(5138) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയംമൂലം ജോലിയും ജീവിതമാർഗ്ഗവും നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി മദ്യത്തിന് അഞ്ച് ശതമാനം സെസ്സ് ഏർപ്പെടുത്തിയിരുന്നോ; പ്രസ്തുത സെസ്സിലൂടെ ഇതിനകം എത്രകോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികളുടെ പുനരധിവാസത്തിനായി നാളിതുവരെ ഇതിൽ നിന്ന് എന്ത് തുക ചെലവഴിച്ചു; എത്ര തൊഴിലാളികൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് അറിയിക്കുമോ;

(സി) ബാറുകൾ അടച്ചുപൂട്ടിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ പുനർജനി 2030 എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; പ്രസ്തുത പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സെസ്സ് വഴി പിരിച്ചെടുക്കുന്ന തുക പുനർജനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കുവേണ്ടി മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂവെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2014 ഒക്ടോബർ മാസം മുതൽ ബിവറേജസ് കോർപ്പറേഷൻ മുഖാന്തിരം വിൽക്കുന്ന മദ്യത്തിന്മേൽ 5% പുനരധിവാസ നികുതി ചുമത്തിയിരുന്നു. ലഭിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2014-15 | 124.80 കോടി രൂപ |
| 2015-16 | 293.75 കോടി രൂപ |
| 2016-17 | 308.73 കോടി രൂപ |
| 2017-18(ഫെബ്രുവരി വരെ) | 299.85 കോടി രൂപ |
| ആകെ | 1027.13 കോടി രൂപ |

(ബി) 8651 തൊഴിലാളികൾക്ക് സമാശ്വാസമായി 7,65,31,500 രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) 2014-15 വർഷത്തെ മദ്യനയത്തെത്തുടർന്ന് ബാറുകൾ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മദ്യാസക്തിക്ക് അടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ, 22-8-2014-ലെ സ.ഉ. (എം.എസ്.) നമ്പർ 139/2014/നി.വ. പ്രകാരം പ്രഖ്യാപിച്ച മദ്യനയത്തിൽ 'പുനർജനി 2030' എന്ന പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ്സ് ഏർപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നു. കൂടാതെ പൂട്ടുന്ന ബാറുകളിലെ തൊഴിലാളികളെയും മദ്യക്കുപ്പിയിൽ സ്റ്റിക്കർ ഒട്ടിക്കുന്ന ജോലിയിൽ

ഏർപ്പെട്ടിരിക്കുന്നവരെയും പുനരധിവസിപ്പിക്കുന്നതിനുവേണ്ടി കേരള ആൾക്കഹോൾ എഡ്യൂക്കേഷൻ റിസർച്ച് റിഹാബിലിറ്റേഷൻ & കോമ്പൻസേഷൻ ഫണ്ട് (KAERCF) രൂപീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. മദ്യപാനത്തിനെതിരെ പ്രചരണം നടത്തുന്നതിനും ഇതുസംബന്ധിച്ച ഡേറ്റ സമാഹരിക്കുക, മദ്യപാനംമൂലം തകർന്നവരെ സംരക്ഷിക്കുക, തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുനരധിവാസം തുടങ്ങിയ ആവശ്യങ്ങൾക്കുവേണ്ടി പ്രസ്തുത ഫണ്ട് ഉപയോഗിക്കുവാനും ലക്ഷ്യമിട്ടിരുന്നു. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനയിലൂടെ ഇതിനുള്ള പണം കണ്ടെത്താനും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന് ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി 11-1-2018-ലെ സ.ഉ.(സാധാ.) നമ്പർ 31/2018/നി.വ പ്രകാരം എക്സൈസ് കമ്മീഷണർ കൺവീനറായി ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബാറുകൾ അനുവദിക്കുന്നതിനുള്ള ദൂരപരിധി**

270(5139) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാറുകൾ അനുവദിക്കുന്നതിനുള്ള ദൂരപരിധി വെട്ടിക്കുറച്ചത് ആരാധനാലയം, വിദ്യാലയം എന്നിവയുടെ പ്രവർത്തനത്തിന് ദോഷകരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം**

271(5140) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉദ്ദേശിക്കുന്നില്ല. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ മദ്യനയമാണ് സർക്കാർ നടപ്പിലാക്കുന്നത്.

## ബിവറേജസ് കോർപ്പറേഷനിലെ സെക്യൂരിറ്റി വിഭാഗം ജീവനക്കാർ

272(5141) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ സപ്ലൈ ചെയ്യുന്നത് ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനവും എത്ര കാലമായി സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്നതിനുള്ള കോൺട്രാക്റ്റിൽ ബിവറേജസ് കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നുവെന്നും ഓരോ സ്ഥാപനത്തിനും കരാർ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും മാനദണ്ഡങ്ങളും വിശദീകരിക്കുമോ;

(സി) 2016-17-ലും 2017-18-ലും കരാർ പുതുക്കിയത് എപ്പോഴാണെന്നും എന്ത് അടിസ്ഥാനത്തിലാണ് കരാർ പുതുക്കിയതെന്നും വ്യക്തമാക്കുമോ;

(ഡി) 2016-17, 2017-18 വർഷങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചതെപ്പോഴാണെന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) ഓരോ ഏജൻസിയും /സ്ഥാപനവും എത്ര സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓരോ സെക്യൂരിറ്റി ജീവനക്കാരനും ബിവറേജസ് കോർപ്പറേഷൻ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ജി) ബിവറേജസ് കോർപ്പറേഷൻ നൽകുന്ന വേതനം സെക്യൂരിറ്റി ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണോ അതോ ഏജൻസിയുടെ അക്കൗണ്ടിലേക്കാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ നിയമിക്കുന്നത് കരാറടിസ്ഥാനത്തിലാണ്. താഴെപ്പറയുന്ന ഏജൻസികൾക്കാണ് കരാർ നൽകിയിട്ടുള്ളത്:

1. ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ്, തിരുവനന്തപുരം

2. ബി. ആർ. ജോബ് കൺസൾട്ടൻസി, പാലോട്.

3. ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് & മാൻപവർ സർവ്വീസ്, കൊച്ചി

4. എ. കെ. ജി. മെമ്മോറിയൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി, തലശ്ശേരി.

(ബി) കോർപ്പറേഷന്റെ ചില്ലറ വിൽപനശാലകളിൽ സെക്യൂരിറ്റി വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് 2017 മാർച്ച് 9-ാം തീയതി മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് ഏജൻസികളുമായി കരാറിലേർപ്പെട്ടിരിക്കുന്നത്. വെയർഹൗസുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനായി 2012 ജൂലൈ മുതൽ ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ്, തിരുവനന്തപുരം എന്ന ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ KEXCON എന്ന ഏജൻസി മുഖേന സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കണമെന്ന് സർക്കാർ സർക്കുലർ ഉണ്ടായിരുന്നെങ്കിലും ചില്ലറ വിൽപ്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് KEXCON വിമുഖത കാണിച്ചതിനാൽ ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് സ്വകാര്യ ഏജൻസികളിൽനിന്നും ടെണ്ടർ ക്ഷണിക്കുന്നതിന് ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനമെടുക്കുകയും ആയതിൻപ്രകാരം ചില്ലറ വില്പനശാലകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് 2016 നവംബർ മാസം ടെണ്ടർ ക്ഷണിക്കുകയും നോട്ടീസ് പ്രകാരം പ്രമുഖ ദിനപത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആയതുപ്രകാരം ടെണ്ടറിൽ ഏഴ് ഏജൻസികൾ പങ്കെടുക്കുകയും കോർപ്പറേഷൻ നിശ്ചയിച്ചിരുന്ന കുറഞ്ഞ നിരക്കായ 67.45 രൂപ/മണിക്കൂർ എന്ന നിരക്ക് 4 ഏജൻസികൾ സമർപ്പിക്കുകയും ടി 4 ഏജൻസികളും ഒരുമിച്ച് 4 മേഖലകളിലായി സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനുള്ള കരാർ എടുക്കാമെന്ന് സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 4 ഏജൻസികൾക്ക് കരാർ നൽകുകയും ചെയ്തു.

(സി) 2016-17 കാലഘട്ടത്തിൽ ഷോപ്പുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിരുന്നില്ല. 2017-18 കാലഘട്ടത്തിലാണ് ടി കരാർ നൽകിയത്. 2017 മാർച്ച് മുതൽ ഒരു വർഷക്കാലത്തേയ്ക്കാണ് കരാർ ഒപ്പിട്ടിരുന്നത്. ടി കരാർ കാലാവധി 2018 മാർച്ച് 8-ാം തീയതി അവസാനിച്ച സാഹചര്യത്തിൽ പുതിയ ടെണ്ടർ ക്ഷണിക്കുന്നതുവരെ ടി ഏജസികളുമായുള്ള കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) 2016-17 കാലഘട്ടത്തിൽ ഷോപ്പുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനായി കരാർ ക്ഷണിച്ചിരുന്നില്ല. 2017-18 കാലഘട്ടത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനായി 2016 നവംബറിലാണ് ടെണ്ടർ അപേക്ഷ ക്ഷണിച്ചത്. ടി ടെണ്ടറിൽ 7 ഏജൻസികൾ പങ്കെടുക്കുകയുണ്ടായി.

(ഇ) <u>ചില്ലറ വില്പനശാലകളിൽ</u>

1. ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ്-252
2. ബി. ആർ. ജോബ് കൺസൾട്ടൻസി -352
3. ബ്രോഡ് വ്യൂ സെക്യൂരിറ്റീസ് & മാൻപവർ സർവ്വീസ് -300
4. എ.കെ.ജി. മെമ്മോറിയൽ ലേബർ കോൺട്രാക്ട് സൊസൈറ്റി-294

<u>വെയർഹൗസുകളിൽ</u>

ഫോഴ്സ് ഇന്ത്യ മാനേജ്മെന്റ് സർവ്വീസസ് & സെക്യൂരിറ്റീസ് മുഖേന 113 സെക്യൂരിറ്റി ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) മണിക്കൂറിൽ 67.45 രൂപ കരാറിൽ നിർദ്ദേശിച്ച നിരക്കിലാണ് കോർപ്പറേഷൻ വേതനം മേൽപ്പറഞ്ഞ ഏജൻസികൾക്ക് അനുവദിച്ചുനൽകുന്നത്.

(ജി) കോർപ്പറേഷൻ നൽകുന്ന വേതനം അതത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് കൈമാറുന്നത്.

## പഞ്ചായത്തുകളുടെ പദവിക്കനുസൃതമായി മദ്യഷോപ്പുകൾ തുറക്കാമെന്ന സുപ്രീംകോടതി വിധി

273(5142) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ/സംസ്ഥാന പാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളുടെ പദവി അനുസരിച്ച് മദ്യഷാപ്പുകൾ തുറക്കാമെന്ന് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) അടച്ചുപൂട്ടിയ എത്ര കള്ളുഷാപ്പുകൾ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ തുറക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ദൂരപരിധി നിയമത്തെ തുടർന്ന് പൂട്ടിയ ബിയർ/വൈൻ പാർലറുകളും ബാറുകളും ഈ വിധിയുടെ അടിസ്ഥാനത്തിൽ വീണ്ടും തുറക്കുന്നതിന് വഴി തെളിഞ്ഞിട്ടുണ്ടോ;

(ഡി) എത്ര ബിയർ/വൈൻ പാർലറുകളും ബാറുകളുമാണ് ഇപ്രകാരം തുറക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 23-2-2018-ലെ എം.എ.നമ്പർ 690-692/2017-ലെ ഉത്തരവ് പ്രകാരം വികസിത ഭൂപ്രദേശത്തിന്റെ സ്വഭാവ വിശേഷങ്ങളും വൈപുല്യവും പരിഗണിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി 11-7-2017-ലെ സിവിൽ അപ്പീൽ നമ്പർ 10243/2017-ാം ഉത്തരവിൽ മുനിസിപ്പൽ ഏരിയയെന്ന പദപ്രയോഗം ഉപയോഗിച്ച സാഹചര്യങ്ങൾ മുൻനിർത്തിയും ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സംസ്ഥാന ഗവൺമെന്റുകൾക്ക് എടുക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

(ബി) 16-3-2018-ലെ ജി.ഒ.(എം.എസ്.)നമ്പർ 23/2018/നി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ടി ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾ പാലിക്കുന്നവയ്ക്ക് തുറന്നുപ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) 16-3-2018-ലെ ജി.ഒ.(എം.എസ്.)നമ്പർ 23/2018/നി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകൾ അനുവദിക്കുന്നതാണ്.

## വാമനപുരം എക്സൈസ് റേഞ്ചിനുകീഴിലെ മയക്കുമരുന്നുകേസുകൾ

274(5143) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുമായി ബന്ധപ്പെട്ട് വാമനപുരം എക്സൈസ് റേഞ്ചിനുകീഴിൽ 2015 മുതൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഈ കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രതികളെ വെറുതെ വിട്ടിട്ടുണ്ടെങ്കിൽ അത്തരത്തിലുള്ള കേസുകൾ എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം എക്സൈസ് റേഞ്ചിനുകീഴിൽ 2015 മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്കുമരുന്ന് കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണം |
|---|---|
| 2015 | 2 |
| 2016 | 3 |
| 2017 | 12 |
| 2018 മാർച്ച് 16 വരെ | 7 |
| ആകെ | 24 |

(ബി&സി) ടി കേസ്സുകളെല്ലാം ബഹു മാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

**മവേലിക്കര എക്സൈസ് റെയ്ഞ്ച് ആഫീസുകൾക്ക് കെട്ടിടം**

275(5144) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ മാവേലിക്കര, നൂറനാട് എക്സൈസ് റെയ്ഞ്ച് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അത് വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ അടിയന്തരമായി പരിഹരിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലിക്കര എക്സൈസ് റെയ്ഞ്ച് ഓഫീസ്, എക്സൈസ് സർക്കിൾ ഓഫീസ് എന്നിവ ഉൾപ്പെടുന്ന മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 31-1-2018-ലെ സ.ഉ.(കൈ)നമ്പർ 33/2018/ആർ.ഡി. പ്രകാരം 11.25 ആർ റവന്യൂ ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്ന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

നൂറനാട് എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥലം ലഭ്യമായിട്ടില്ല.

(ബി&സി) തുക അനുവദിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി എക്സൈസ് ഓഫീസ് പുതുക്കിപ്പണിയാൻ നടപടി

276(5145) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി എക്സൈസ് ഓഫീസ് പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) കാലപ്പഴക്കംകൊണ്ട് തകർന്ന നിലയിലായ പ്രസ്തുത കെട്ടിടം എത്രയും വേഗം പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) നടത്തിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ പ്രശ്നങ്ങൾ

277(5146) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ മദ്യപാനത്തിന്റെ ഗ്രാഫ് ഉയരുന്നതിന്റെ സാമൂഹിക - സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

സർക്കാർ നിർദ്ദേശാനുസരണം 2015-ൽ കേരള ആൾക്കഹോൾ ടീം ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. വിജയകുമാർ.കെ.-യുടെ നേതൃത്വത്തിൽ പത്തംഗ വിദഗ്ദ്ധ സംഘം നടത്തിയ പഠനത്തിൽ കേരളത്തിലെ വർദ്ധിച്ചുവരുന്ന ലഹരിയോടുള്ള ആസക്തി നിയന്ത്രണവിധേയമാക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലഹരിക്ക് അടിമകളായവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവരുന്നതിന് ലഹരി മോചന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ടിൽ ഊന്നിപ്പറയുന്നുണ്ട്. ആദിവാസി, തീരദേശ മേഖലകളിൽ കൂടുതൽ ശ്രദ്ധ

കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും ലഹരിമുക്ത ചികിത്സനേടി സാധാരണ ജീവിതത്തിലേക്ക് മടങ്ങിവന്നവരെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ലഹരി മുക്തരായവരെ അവജ്ഞയോടെ കാണുന്ന സമൂഹത്തിന്റെ നിലവിലുള്ള രീതി മാറ്റുന്നതിന് ബോധവത്കരണം നടത്തേണ്ടതിന്റെ ആവശ്യകതയും റിപ്പോർട്ടിൽ വിശദമാക്കുന്നുണ്ട്.

**ഡി-അഡിക്ഷൻ സെന്ററുകൾ**

278(5147) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കമരുന്നിനും അടിമകളായവരെ സഹായിക്കുന്നതിനു വേണ്ടി എക്സൈസ് വകുപ്പിന്റെകീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) വകുപ്പിന്റെകീഴിൽ പുതിയ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കോതമംഗലം മണ്ഡലത്തിൽ എവിടെയെങ്കിലും പുതിയ ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിന് സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) എക്സൈസ് വകുപ്പിനുകീഴിൽ കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രവർത്തനങ്ങൾ**

279(5148) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി എന്ന കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പ്രവർത്തനം ഫലപ്രദമാക്കാനായി നൽകുന്ന സഹായങ്ങളും തുടർപ്രവർത്തനങ്ങളും ഉൾപ്പെടെ സർക്കാർ പങ്കാളിത്തം വ്യക്തമാക്കുമോ;

(ബി) ഇവരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഹരിക്കടിമപ്പെട്ട എത്ര പേർക്ക് ചികിത്സ നൽകി;

(സി) എത്ര പേരെ സാധാരണ നിലയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലഹരിമുക്ത കേരളം എന്ന ലക്ഷ്യം മുന്നിൽക്കണ്ട് രൂപീകരിച്ചിട്ടുള്ളതാണ് "വിമുക്തി" മിഷൻ. കേരള സംസ്ഥാന എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലാണ് വിമുക്തി മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാനത്തുടനീളം വ്യത്യസ്തമായ രീതികളിൽ ലഹരിവിരുദ്ധ സന്ദേശ പ്രചരണങ്ങൾ വിമുക്തി മിഷൻ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ സന്ദേശങ്ങൾ പകർന്നുനൽകുന്ന തെരുവ് നാടകങ്ങൾ, മാജിക് ഷോകൾ , കയ്യുറ പാവനാടകം, കിറ്റി ഷോ എന്നിങ്ങനെ വിവിധങ്ങളായ കലാരൂപങ്ങൾ അവതരിപ്പിച്ചുവരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിക്കുവാൻ സ്പോർട്സ് കൗൺസിലിന്റെയും മറ്റ് സ്പോർട്സ് അസോസിയേഷനുകളുടെയും സഹകരണത്തോടെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി കായിക മത്സരങ്ങളും നടത്തിവരുന്നു. ആദിവാസി തീരദേശ പിന്നോക്ക മേഖലകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ഒപ്പം ലഹരിക്ക് അടിമകളായവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായിട്ടുള്ള പുനരധിവാസ പ്രവർത്തനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നു.

(ബി&സി) വിമുക്തിയുടെ ഭാഗമായി ഡി-അഡിക്ഷൻ ചികിത്സകൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ/താലൂക്ക് ആശുപത്രികളോട് അനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കോഴിക്കോട് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡി-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

**ലഹരിമുക്ത കേരളം**

280(5149) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ലഹരിമുക്ത കേരളം' നടപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഈ സർക്കാർ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർചെയ്ത അബ്കാരി/എൻ.ഡി.പി.എസ്/കോട്പ കേസുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റുചെയ്തുവെന്നും റെയ്ഡുകളിൽ കണ്ടെത്തിയ ലഹരി വസ്തുക്കൾ സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "വിമുക്തി"യെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺവഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളേയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിക്കെതിരെ കായിക ലഹരിയെന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

"വിമുക്തി" മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന പദ്ധതിയുടെ ഭാഗമായി 19 വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരിയിൽ സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലമത്സരങ്ങളും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ചിൽ സംസ്ഥാനതല മത്സരവും സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 39913 അബ്കാരി കേസ്സുകളും 9064 എൻ.ഡി.പി.എസ്. കേസ്സുകളും 125314 കോട്പ കേസ്സുകളും കണ്ടെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

281(5150) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിദ്യാർത്ഥി രക്ഷാകർതൃ അധ്യാപക സമിതിയെ വിനിയോഗിച്ച് കർമ്മ സേനയ്ക്ക് രൂപംനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ആഭിമുഖ്യത്തിൽ വൈവിധ്യമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ-സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തിവരുന്നത്. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കണ ക്ലാസുകൾ, പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരുവിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളിൽ ചുമയ്ക്കെതിരെ ഉപയോഗിക്കുന്ന കഫ് സിറപ്പുകളും വേദന സംഹാരികളും മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങളും ഉൾപ്പെടെയുള്ള ചില മരുന്നുകൾ ലഹരി മരുന്നുകളായി വ്യാപകമായി, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഉപയോഗിക്കുന്നത് തടയുന്നതിനായി എല്ലാ

ജില്ലകളിലെയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെയും മെഡിക്കൽ സ്റ്റോർ ഉടമകളുടെ അസോസിയേഷൻ പ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി മെഡിക്കൽ സ്റ്റോർ ഉടമകൾക്ക് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ വിദ്യാലയങ്ങളുടെ 100 യാർഡ് ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളും മറ്റ് ലഹരിവസ്തുക്കളും വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകിവരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോട് അനുബന്ധിച്ച് എല്ലാ വർഷവും ലഹരിവിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തിവരുന്നു.

(ബി) കർമ്മ സേനയ്ക്ക് രൂപം നൽകിയിട്ടില്ല.

## മലപ്പുറം ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയ്ക്കെതിരെ നടപടി

282(5151) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയുടെ സ്വാധീനം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പ്രസ്തുത മാഫിയ നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തുവാനും ശക്തമായ നിയമനടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ;

(സി) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ നടത്തിയ പരിശോധനയും തുടർനടപടികളും വിശദീകരിക്കാമോ;

(ഡി) ജില്ലയിൽ ലഹരി-കഞ്ചാവ് മാഫിയയുടെ പ്രവർത്തനം നേരിടാൻ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 2018 ജനുവരി മുതൽ മാർച്ച് 15 വരെയുള്ള കാലയളവിൽ ലഹരി, കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുമായി ബന്ധപ്പെട്ട് 1100 റെയ്ഡുകൾ നടത്തി. 241 അബ്കാരി കേസ്സുകളും 158 എൻ.ഡി.പി.എസ്. കേസ്സുകളും 1100 കോട്പ കേസ്സുകളും കണ്ടെത്തി. അബ്കാരി കേസ്സുകളിൽ 207 പേരെയും എൻ.ഡി.പി.എസ്. കേസ്സുകളിൽ 145 പേരെയും അറസ്റ്റുചെയ്ത് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 17.5 ലിറ്റർ ചാരായം, 569.29 ലിറ്റർ വിദേശ മദ്യം, 1175 ലിറ്റർ കോട, 91.8 ലിറ്റർ അരിഷ്ടം, 16 ലിറ്റർ കള്ള്, 69.22 ലിറ്റർ അന്യസംസ്ഥാന മദ്യം, 25.484 കി.ഗ്രാം. കഞ്ചാവ്, 3 കഞ്ചാവ് ചെടി, 0.342 ഗ്രാം ബ്രൗൺ ഷുഗർ, 2.203 ഗ്രാം എൽ.എസ്.ഡി., 50 ഗ്രാം എം.ഡി.എം.എ., 6330 മി.ഗ്രാം ചരസ്, 955 പാക്കറ്റ്/239.4 കി.ഗ്രാം പുകയില ഉല്പന്നങ്ങൾ എന്നിവയും കണ്ടെടുത്തു. ഈ കാലയളവിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് 52 ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ബോധവത്കരണത്തിന്റെ ഭാഗമായി ലഹരിക്കെതിരെ 'കായിക ലഹരി' എന്ന പരിപാടിയുടെ ഭാഗമായി സംസ്ഥാന ജില്ലാതല കബഡി മത്സരവും, വോളിബോൾ മത്സരവും നടത്തുകയുണ്ടായി. ജില്ലയിലെ എക്സൈസ് ജീവനക്കാർ നടത്തുന്ന നാടകവും വിവിധ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് എക്സിബിഷൻ, സംഗീതശില്പം, കുട്ടികളുടെ നാടകം, പപ്പറ്റ്ഷോ, സി.ഡി. പ്രദർശനം തുടങ്ങിയ ബോധവത്കരണ പരിപാടികളും നടത്തിവരുന്നു.

(ഡി) ജില്ലയിൽ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ലഹരി മരുന്ന് ഉപയോഗവും വില്പനയും തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഈ സ്ക്വാഡ് നടത്തി വരുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5096-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 a.m]

## II അടിയന്തരപ്രമേയം

### ശിക്ഷ ഇളവുചെയ്യൽ

മി. സ്പീക്കർ: ഈ നോട്ടീസ് വായിച്ചതിൽനിന്നും അടുത്ത കാലത്ത് സർക്കാർ സ്വീകരിച്ച ഏതെങ്കിലും നടപടിമൂലം അടിയന്തര സാഹചര്യമുണ്ടായതായി കാണുന്നില്ല. ശ്രീ. സണ്ണി ജോസഫ് എന്നെ കാണുകയുമുണ്ടായില്ല. ഏതായാലും അനുവദിക്കുന്നതിൽ തടസ്സമില്ല. റൂൾ 50-യുടെ ഒരു അടിയന്തര പ്രാധാന്യം ഞാൻ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്.

പ്രമാദമായ കൊലപാതക കേസ്സുകളിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കൊടുംകുറ്റവാളികളെ രാഷ്ട്രീയ പരിഗണനയുടെ പേരിൽ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കാനുള്ള നീക്കംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2014-ലെ ജയിൽ ചട്ടങ്ങൾ പ്രകാരമാണ് ജയിലിലെ അന്തേവാസികൾക്ക് സാധാരണ അവധിയും അടിയന്തര അവധിയും നൽകുന്നത്. ശിക്ഷായിളവ് ഭരണഘടനയുടെ 161-ാം ആർട്ടിക്കിൾ പ്രകാരവും കേരള ജയിൽ ചട്ടം 397 പ്രകാരവും നിലനിൽക്കുന്നതാണ്. തടവുകാരെ മാനസികമായി ഉയർന്ന നിലയിലേയ്ക്കെത്തിക്കുന്നതിനാണ് ഇത്തരത്തിലുള്ള നടപടികൾ നിശ്ചയിച്ചിട്ടുള്ളത്. ചില പ്രത്യേക കേസ്സുകളിൽ ചില നിയന്ത്രണങ്ങളുമുണ്ട്. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സർക്കാർ നടപടിയെടുത്തിട്ടുള്ളൂ. ശിക്ഷിക്കപ്പെട്ട് വിയ്യൂർ സെൻട്രൽ ജയിലിലെത്തി വർഷങ്ങൾ കഴിഞ്ഞിട്ടും സാധാരണ പരോൾ അനുവദിക്കാത്തവരുടെ കാര്യങ്ങൾ 3-11-2017-ന് ചേർന്ന ജില്ലാ പരോൾ അവലോകന കമ്മിറ്റി പരിശോധിക്കുകയുണ്ടായി. 30 പേരുടെ കേസ്സുകൾ പരിശോധിച്ചതിൽ 19 പേർക്ക് പരോൾ അനുവദിക്കുന്നതിന് കമ്മിറ്റി ശിപാർശ ചെയ്തു. വിവിധ തരത്തിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 15 ദിവസത്തേയ്ക്കാണ് പരോൾ അനുവദിച്ചത്. ഇതിന്റെ ഭാഗമായി ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളുടെയും മധു ഈച്ചരത്ത് എന്ന കോൺഗ്രസ് പ്രവർത്തകൻ കൊല്ലപ്പെട്ട കേസ്സിലെ പ്രതികളായ

അഞ്ച് യു.ഡി.എഫ്. പ്രവർത്തകരുടെയും പ്രശ്നം തടവുകാർ എന്ന രീതിയിൽ കമ്മിറ്റിയുടെ മുമ്പിൽ വരികയുണ്ടായി. ചട്ടപ്രകാരമുള്ള പരോൾ കമ്മിറ്റി അംഗീകരിച്ച് നൽകിയിരുന്നു. വ്യവസ്ഥ പ്രകാരമാണ് ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടുള്ളത്. രാഷ്ട്രീയപരമായ വിവേചനമോ സർക്കാരിന്റെ ഇടപെടലോ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല. അവശത അനുഭവിക്കുന്നവരും 65 വയസ്സ് കഴിഞ്ഞവരുമായ തടവുകാരുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്ന രീതിയും നിലവിലുണ്ട്. അതുപ്രകാരം ശിക്ഷായിളവ് ലഭിച്ച തടവുകാരിൽ വർഗ്ഗീസ് വധക്കേസ്സിലെ പ്രതി ലക്ഷ്മണയും ഉൾപ്പെടുന്നു. അത് നൽകിയത് കഴിഞ്ഞ സർക്കാരാണ്. അതിനുപുറമെ ജയിൽ അഡ്വൈസറി ബോർഡിന്റെ ശിപാർശ അനുസരിച്ച് 482 തടവുപുള്ളികളെയും സ്പെഷ്യൽ റെമിഷൻ പ്രകാരം മുൻസർക്കാർ വിട്ടയച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്താകട്ടെ സ്പെഷ്യൽ റെമിഷൻ പ്രകാരം ഒരാളെയും നാളിതുവരെ വിട്ടയച്ചിട്ടില്ല. 70 വയസ്സ് കഴിഞ്ഞവരെ ജയിൽ മോചിതരാക്കുന്ന കാര്യം പരിഗണിക്കണമെന്ന മുൻ ജയിൽ ഡി.ജി.പി. അലക്സാണ്ടർ ജേക്കബിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ജയിൽ പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരം 59 അന്തേവാസികളുടെ വിവരങ്ങൾ ശേഖരിച്ച് അഡ്വൈസറി ബോർഡിനു മുമ്പാകെ വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായാണ് അവരുടെ വിവരങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിലെ പ്രൊബേഷണറി ഉദ്യോഗസ്ഥരുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും മുന്നിൽ വന്നത്. അത് നിയമാനുസൃത നടപടി മാത്രമാണ്. അതോടൊപ്പം അവരുടെ മെഡിക്കൽ റിപ്പോർട്ടും തേടാറുണ്ട്. ഇത്തരത്തിലുള്ളവരുടെ കാര്യങ്ങൾ പരിശോധിക്കേണ്ടത് സർക്കാരിന്റെ നടപടിക്രമങ്ങളിൽപ്പെട്ടതാണ്. അതുപ്രകാരമാണ് വിവരം ശേഖരിക്കാൻ നിർദ്ദേശം നൽകിയത്. ഏതെങ്കിലും തടവുകാരെ വിട്ടയയ്ക്കാനുള്ള നിർദ്ദേശം സർക്കാർ നൽകിയിട്ടില്ല. ഇളവ് അനുവദിക്കുന്നവരുടെ കൂട്ടത്തിൽ 14 വർഷം ശിക്ഷ അനുഭവിച്ചവരും ഉൾപ്പെടും. ഇത്തരത്തിൽ എല്ലാ സർക്കാരുകളുടെ കാലത്തുമുള്ള സ്വാഭാവിക നടപടിക്രമം മാത്രമാണ് നടന്നിട്ടുള്ളത്. സർക്കാരിന്റെ സ്വാഭാവിക നടപടിക്രമത്തെ സംബന്ധിച്ചാണ് അടിയന്തരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളം വളരെയേറെ വേദനയോടെ കേട്ടതാണ് ടി.പി. ചന്ദ്രശേഖരന്റെ കൊലപാതകം. 2012 മേയ് 5-ന് രാത്രി 51 വെട്ടേറ്റാണ് അദ്ദേഹം മരിച്ചത്. ആ കൊലക്കേസിൽ ഗൂഢാലോചനാക്കുറ്റം ചുമത്തപ്പെട്ട 13-ാം പ്രതിയായ പി.കെ. കുഞ്ഞനന്തനെ എസ്.സി. 867/2012 കേസ്സിൽ 28-1-2014-ന് കോഴിക്കോട് വിചാരണ കോടതി ജീവപര്യന്തം തടവ് വിധിക്കുകയും തുടർന്ന് കുഞ്ഞനന്തൻ കണ്ണൂർ സെൻട്രൽ ജയിലിൽ കൺവിക്ട് നമ്പർ 2492 ആയി ശിക്ഷ

അനുഭവിച്ചുകൊണ്ടിരിക്കുകയുമാണ്. ശിക്ഷ വിധിച്ച കോഴിക്കോട് ജില്ലാ കോടതി പറഞ്ഞിരുന്നു; " The sentence of life imprisonment awarded to the accused is for the whole of the remaining life of them subject to the remission granted by the appropriate Government under section 432 Crl.P.C. which, in turn, is subject to the provision contained in section 433A Crl.P.C" എന്ന്. സിആർ.പി.സി. 432, 433A വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഇവർക്ക് ജീവിതത്തിന്റെ മുഴുവൻ കാലത്തെയും തടവ് (life imprisonment) എന്നതിൽനിന്നും ഗവൺമെന്റ് ഇളവ് അനുവദിക്കാൻ പാടുള്ളൂവെന്ന് വിചാരണ കോടതി വിധിന്യായത്തിന്റെ പാരഗ്രാഫ് നമ്പർ 838(8)-ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ വ്യവസ്ഥകളെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. സിആർ.പി.സി. 432-ൽ പറഞ്ഞിരിക്കുന്നത് റെമിഷനെക്കുറിച്ചാണ്. റെമിഷൻ അനുവദിക്കുന്ന സമയത്ത് ഒരു കാരണവശാലും അപ്പീൽ പെൻഡിംഗിൽ ഉണ്ടാകാൻ പാടില്ല എന്നാണ് പറഞ്ഞത്. ഈ കേസിൽ അപ്പീൽ പെൻഡിംഗിലാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതികൾക്ക് അവാർഡ് ചെയ്ത ശിക്ഷ പോരാ, വധശിക്ഷ തന്നെ നൽകണമെന്നാവശ്യപ്പെട്ട് ഗവൺമെന്റും ടി.പി. ചന്ദ്രശേഖരന്റെ കുടുംബാംഗങ്ങളും ശിക്ഷ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് പ്രതികളും അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അങ്ങനെ മൂന്ന് അപ്പീലുകൾ കേരള ഹൈക്കോടതിയിൽ ഇപ്പോൾ പെൻഡിംഗിലാണ്. അപ്പീലുകൾ പെൻഡിംഗിലായതിനാൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരമില്ലെന്ന് കേരള ഹൈക്കോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. 2013 (2) KLT 41: To grant suspension of sentence while appeal is pending: If appeal is pending, Government would have no jurisdiction to grant suspension of sentence under S.432 of Crl.P.C.. Only Appellate Court has jurisdiction to grant suspension of sentence, pending appeal. Visal Kumar vs State of Kerala. ഇതൊരു നിയമ വിദ്യാർത്ഥി ശിക്ഷിക്കപ്പെട്ട കേസ്സിന്റെ വിധിയാണ്. അപ്പീൽ പെൻഡിംഗിലായാൽ ഇക്കാര്യത്തിൽ സർക്കാരിനല്ല അപ്പലേറ്റ് കോടതിക്കാണ് അധികാരമുള്ളത് എന്നാണ് കേരള ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. രണ്ടാമത്തെ കാര്യം, സിആർ.പി.സി. 433 A വകുപ്പ് പറയുന്നത് Restriction on powers of remission or commutation in certain cases എന്നാണ്. ഇന്ത്യൻ പാർലമെന്റ് 18-12-1978-ലെ പ്രത്യേക നിയമ ഭേദഗതിയിലൂടെ കൂട്ടിച്ചേർത്തതാണിത്; " Notwithstanding anything contained in section 432, where a sentence of imprisonment for life is imposed on conviction of a person for an offence for which death is one of the

punishment provided by law, or where a sentence of death imposed on a person has been commuted under section 433 into one of imprisonment for life. Such person shall not be released from prison unless he had served atleast fourteen years of imprisonment" .

അതായത് ഒരു കേസിലെ പ്രതി ജീവപര്യന്തം ശിക്ഷിക്കപ്പെടുകയോ അല്ലെങ്കിൽ മറ്റൊരു ശിക്ഷ ജീവപര്യന്തമാക്കി കമ്മ്യൂട്ട് ചെയ്യപ്പെടുകയോ ചെയ്താൽ അത്തരം കേസുകളിലെ പ്രതികൾക്ക് 14 കൊല്ലം ജയിൽശിക്ഷ അനുഭവിക്കാതെ ശിക്ഷായിളവിന് അർഹതയില്ലെന്നാണ് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള സിആർ.പി.സി.437(A)-ൽ പറഞ്ഞിരിക്കുന്നത്. ഇതുസംബന്ധിച്ച് പരമോന്നത നീതിപീഠമായ സുപ്രീം കോടതി ചീഫ് ജസ്റ്റിസിന്റെ അധ്യക്ഷതയിലുള്ള അഞ്ചംഗ ബഞ്ച് വളരെ വ്യക്തമായി വിശകലനം ചെയ്തിട്ടുണ്ട്. 2016 (1) KLT SN 9: When we refer to S.433-A, we find that the expression used in the said Section for the purpose of grant of remission relating to a person convicted and directed to undergo life imprisonment, it stipulates that "such person shall not be released from prison unless he had served atleast fourteen years of imprisonment". വധശിക്ഷ വിധിക്കാവുന്ന കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഒരു വ്യക്തി 14 വർഷം തടവുശിക്ഷ അനുഭവിക്കാതെ ഇത്തരത്തിലുള്ള ആനുകൂല്യമോ ശിക്ഷായിളവോ നൽകാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ഇവിടെ വളരെ പ്രസക്തമാണ്. ഇത് മറ്റ് ഹൈക്കോടതികളും വിധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമ വ്യവസ്ഥകൾ പൂർണ്ണമായും ലംഘിച്ചുകൊണ്ടാണ് ഇളവ് നൽകിയിരിക്കുന്നത്. വളരെ ക്രൂരമായ ഒരു കുറ്റകൃത്യത്തിനാണ് ശിക്ഷ വിധിച്ചത്. ട്രയൽ കോടതിയുടെ വിധിന്യായത്തിലെ ഖണ്ഡിക 824-ൽ പറയുന്നത്, " The murder in this case was cold-blooded, pre-planned and brutal. The motive of the crime was not any personal enmity. The manner in which the murder was committed reveals extreme depravity. The action of accused not only was inhuman but ruthless and barbaric. It shocks not only the judicial conscience but the collective conscience of the society. നിയമപീഠത്തിന്റെ മനഃസാക്ഷിയെ മാത്രമല്ല, സമൂഹ മനഃസാക്ഷിയെക്കൂടി ബാധിക്കുന്നതാണ് ഈ നിഷ്ഠുരമായ ക്രൂരകൃത്യം. മനുഷ്യത്വരഹിതമായ കൊലപാതകമെന്ന് കോടതി വിധിച്ച കേസിലെ 13-ാം പ്രതി കുഞ്ഞനന്തനെയാണ് മോചിപ്പിക്കാൻ ശ്രമിക്കുന്നത്. അങ്ങനെയല്ല എന്ന് മുഖ്യമന്ത്രി പറയുന്നത് വാസ്തവവിരുദ്ധമാണ്. സോഷ്യൽ ജസ്റ്റിസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഇന്ന് ശ്രീമതി കെ. കെ. രമയുടെ സ്റ്റേറ്റ്മെന്റ്

നടന്നതിനെക്കുറിച്ച് മാർക്സിസ്റ്റുപാർട്ടി പറഞ്ഞത് ഞങ്ങൾ അന്വേഷിക്കുമെന്നാണ്. മാർക്സിസ്റ്റ് പാർട്ടി അന്വേഷിച്ചപ്പോൾ അവർ ശ്രീമതി കെ. കെ. രമയോട് അന്വേഷിച്ചില്ല. ഈ കേസ് പാർട്ടി അന്വേഷിക്കുമെന്ന് പറയുമ്പോൾ ആരാണ് അന്വേഷണ കമ്മീഷനെന്ന് വ്യക്തമാക്കണ്ടേ? നിയമവ്യവസ്ഥയ്ക്ക് സമാന്തരമായി അന്വേഷിക്കുമെന്ന് പറയുമ്പോൾ അതുമായി ബന്ധപ്പെട്ട് കൊലചെയ്യപ്പെട്ട ടി. പി. ചന്ദ്രശേഖരന്റെ അമ്മയായ പത്മിനി ടീച്ചറോടോ ഭാര്യ രമയോടോ മകൻ അനന്തുവിനോടോ രമയുടെ അച്ഛനായ മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയ കമ്മിറ്റി സെക്രട്ടറിയായിരുന്ന മാധവേട്ടനോടോ ഒന്നും ചോദിച്ചിട്ടില്ല. പാർട്ടി ചില ആളുകൾ കുറ്റക്കാരാണെന്ന് കണ്ടെത്തി. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ജയിൽ ഉപദേശക സമിതി അന്വേഷിക്കുന്നു എന്നാണ്. സർവ്വശ്രീ പി. ജയരാജൻ, പാനൊളി വത്സൻ, എം സി. രാഘവൻ എന്നിവരാണ് കണ്ണൂർ ജയിൽ ഉപദേശക സമിതി അംഗങ്ങൾ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഓഫീസ് സ്റ്റാഫിൽപ്പെട്ട ആളായിരുന്നു ശ്രീ. എം. സി. രാഘവൻ. ഇതിനേക്കാൾ ഭേദം കിർമാണി മനോജിനെയും കൊടി സുനിയെയും ആകാശ് തില്ലങ്കേരിയെയും ജയിൽ ഉപദേശക സമിതിയിൽ അംഗങ്ങളാക്കുന്നതായിരുന്നു. ശ്രീ. പി. ജയരാജന് ധാരാളം ജോലിയുണ്ട്. ആ തിരക്കിൽ അദ്ദേഹത്തിന്റെ ഈ ജോലി കിർമാണി മനോജ് ഇതിനേക്കാൾ ഭംഗിയായി നിർവ്വഹിക്കും.

കേരളത്തിലെ ജനങ്ങളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിക്കാനും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. കൊലക്കേസ്സിൽ പ്രതികൾ ശിക്ഷിക്കപ്പെടുന്നത് ഇനി അത് ആവർത്തിക്കാതിരിക്കാനും ആരുടെയും ജീവനെടുക്കാനുള്ള അവകാശമില്ലെന്ന് ബോദ്ധ്യപ്പെടുത്താനുമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21 അനുസരിച്ച് പൗരന്റെ ജീവിക്കാനുള്ള അവകാശം (Right to Life and Personal Liberty) സംരക്ഷിക്കപ്പെടണം. അതിനാണ് ആർട്ടിക്കിൾ 302 അനുസരിച്ച് കുറ്റം ചെയ്യുന്ന പ്രതികളെ ശിക്ഷിക്കുന്നത്. അത്തരം പ്രതികളെ നിയമവിരുദ്ധമായി ജയിൽ തുറന്നുവിടുന്നത് മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാണ്. നിർഭയമായി, നീതിപൂർവ്വം, സ്വജനപക്ഷപാതമില്ലാതെ പ്രവർത്തിക്കാമെന്ന ഭരണഘടന തൊട്ടുള്ള സത്യപ്രതിജ്ഞയുടെ നഗ്നമായ ലംഘനത്തിനാണ് ഈ സർക്കാർ തയ്യാറാകുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു കേസിലെ പ്രതി ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുമ്പോൾ അയാളെ വിട്ടയയ്ക്കുന്ന ഘട്ടത്തിൽ നിയമപ്രകാരം പരിശോധിക്കേണ്ട വകുപ്പുകളാണ് ബഹുമാന്യനായ അംഗം ഇവിടെ

ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം പ്രതിയെ വിട്ടയയ്ക്കുമ്പോൾ ബാധകമായ കാര്യങ്ങളാണ്. അക്കൂട്ടത്തിൽ അദ്ദേഹം ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹത്തിന് പ്രത്യേക വിരോധമുള്ള കണ്ണൂരിലെ ചിലരുടെ പേരുകളും ഇവിടെ പരാമർശിച്ചിട്ടുണ്ട്. അതിലേയ്ക്കൊന്നും ഞാൻ വിശദമായി പോകുന്നില്ല, അതിന്റെ ആവശ്യമില്ല. ഈ പ്രശ്നം ഉന്നയിച്ചത് സദുദ്ദേശ്യത്തോടുകൂടിയാണെങ്കിലും നിയമപ്രകാരം പരിശോധന നടത്തണ മെന്നതാണ് പ്രശ്നം. നിയമപ്രകാരമുള്ള പരിശോധനകൾ പൂർത്തിയാക്കാതെ ആരെയും വിട്ടയയ്ക്കുന്ന നിലപാട് സ്വീകരിക്കില്ല. അതുകൊണ്ടുതന്നെ അദ്ദേഹം പ്രകടിപ്പിച്ച ഒരാശങ്കയും ഇവിടെ നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി ഞങ്ങളുടെ ആശങ്ക കൂടുതൽ ബലപ്പെടുത്തുകയാണ്. സാധാരണഗതിയിൽ വിശദമായി സംസാരിക്കുന്ന മുഖ്യമന്ത്രി രണ്ട് വാചകത്തിൽ പ്രസംഗം ഒതുക്കി. പ്രതികളെ വിട്ടയയ്ക്കുമ്പോൾ മാത്രം പരിഗണിക്കേണ്ട കാര്യമാണ് പ്രമേയവതാരകനായ ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. വിട്ടയയ്ക്കാനുള്ള നടപടികൾ ആരംഭിച്ചു എന്നതാണ് ഇവിടത്തെ പ്രശ്നം. ഒരു സുപ്രഭാതത്തിൽ ആർക്കും ആരെയും വിട്ടയയ്ക്കാൻ കഴിയില്ല. ടി.പി. കേസ്സിലെ 13-ാം പ്രതി കുഞ്ഞനന്തനെ മോചിപ്പിച്ചാൽ ക്രമസമാധാന പ്രശ്നമുണ്ടാകുമോയെന്ന് ആരാഞ്ഞുകൊണ്ടുള്ള സന്ദേശം കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ എത്തിയിട്ടുണ്ട്. കുഞ്ഞനന്തനെ മോചിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി മാർച്ച് 14-ന് കൊളവല്ലൂർ എസ്. ഐ., ശ്രീമതി കെ. കെ. രമയുടെ മൊഴിയെടുത്തിരുന്നു. ഇന്ന് മാർച്ച് 23 ആണ്. സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരും ഇതേ വിഷയത്തിൽ ഇന്ന് രമയുടെ വീട്ടിലെത്തി മൊഴിയെടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ടി. പി. കേസിലെ പ്രതികൾക്ക് കൂടുതൽ ശിക്ഷ ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാരിന്റെ അപ്പീൽ ഹൈക്കോടതിയിൽ നിലനിൽക്കുകയാണ്. അപ്പോഴാണ് കുഞ്ഞനന്തനെ മോചിപ്പിക്കാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രതികളെയൊന്നും വിട്ടയച്ചിട്ടില്ല, അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു എന്നാണ്. ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ ജയിൽ മോചിതനാക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്ന് പറഞ്ഞ ഒരു വാചകം ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. ഒരു വർഷത്തെ ജയിൽ

ശിക്ഷ വിധിക്കപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ ശിക്ഷ പൂർത്തിയാക്കുന്നതിന് ഏതാനും ദിവസംമുമ്പ് മോചിപ്പിക്കുന്നതിനെക്കുറിച്ച് 2011 നവംബർ 4-ന് ഇന്നത്തെ സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയും അന്നത്തെ പ്രതിപക്ഷ ഉപനേതാവുമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, "നമ്മുടെ ഇപ്പോഴത്തെ ജയിൽ നിയമം 78(2) അനുസരിച്ച് ഒരാൾക്ക് ഇളവ് കൊടുക്കുന്നത് ഭരണഘടനയുടെ 161-ാം വകുപ്പായാൽപ്പോലും പരമാവധി ഒരാളുടെ ശിക്ഷാ കാലാവധിയുടെ മൂന്നിലൊന്ന് ഭാഗം മാത്രമേ ഇളവ് ചെയ്യാൻ പാടുള്ളൂ" എന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ വാദമനുസരിച്ചാണെങ്കിൽ കുഞ്ഞനന്തന് ശിക്ഷ ഇളവ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചിന്തിക്കാനേ കഴിയില്ല. കുഞ്ഞനന്തൻ മൂന്നിൽരണ്ട് ഭാഗം ശിക്ഷ അനുഭവിച്ചു കഴിഞ്ഞോ? ഇന്നിപ്പോൾ നിങ്ങൾ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ പുണ്യാഹം തളിച്ച് കൂടെ കൂട്ടിയിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹം അഴിമതി വിരുതനല്ല, അഴിമതിയുടെ ലവലേശം പോലുമില്ല. നിങ്ങളുടെ കൂടെ വന്നുകഴിഞ്ഞാൽ എല്ലാവരും പരിശുദ്ധരാണ്. ഞങ്ങളോടൊപ്പം നിൽക്കുമ്പോൾ അഴിമതിക്കാരും നിങ്ങളോടൊപ്പം നിൽക്കുമ്പോൾ പരിശുദ്ധരുമാണ്. അതാണല്ലോ നിങ്ങളുടെ പുതിയ സിദ്ധാന്തം. ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്ക് ഇപ്പോൾ യാതൊരു കുഴപ്പവുമില്ല. അദ്ദേഹത്തിന് മുന്നോക്കക്ഷേമ കോർപ്പറേഷന്റെ ക്യാബിനറ്റ് പദവി നൽകി നിങ്ങൾക്കൂടെ നിർത്തിയിരിക്കുകയാണ്. അത് വേറെ ഇഷ്യൂവാണ്. കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച കൊലപാതകമായിരുന്നു ടി.പി. ചന്ദ്രശേഖരന്റേത്. ഒരു ആഫ്രിക്കൻ പഴമൊഴിയുണ്ട്; Axe forgets, but the tree remembers. വെട്ടിയ മഴു വേഗം മറക്കും പക്ഷേ വെട്ടുകൊണ്ട മരം മറക്കില്ല. അതുപോലെ കേരളത്തിന്റെ സമൂഹം ഇത് മറക്കില്ല. കേരള സമൂഹത്തിൽ ആഴത്തിൽ ഏൽപ്പിച്ച മുറിവാണ് ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം. ഇപ്പോൾ കുഞ്ഞനന്തന്റെ സ്ഥിതിയെന്താണ്? അദ്ദേഹമിപ്പോൾ ജയിലിനകത്തല്ല, എല്ലാ ദിവസവും പുറത്തുതന്നെയാണ്. കുഞ്ഞനന്തൻ 25-2-2015 മുതൽ 22-6-2017 വരെ 16 തവണയാണ് പരോളും സ്പെഷ്യൽ പരോളും ലഭിച്ച് പുറത്തുവന്നത്. മാത്രമല്ല, കുഞ്ഞനന്തന്റെ കാര്യത്തിൽ നിയമം കാറ്റിൽപ്പറത്തി തുടരെത്തുടരെ പരോൾ അനുവദിച്ചിരിക്കുകയാണ്. ശിക്ഷിക്കപ്പെട്ടതിനുശേഷവും 2014-ലും 2017-ലും കുഞ്ഞനന്തനെ പാനൂർ ഏരിയ കമ്മിറ്റിയിൽ സി.പി.ഐ.(എം) ഉൾപ്പെടുത്തി. ഇത്തവണ കുത്തുപറമ്പ് സി.പി.ഐ.(എം) ലോക്കൽ കമ്മിറ്റിയുടെ പൊതുസമ്മേളനത്തിൽ കുഞ്ഞനന്തൻ ഇരിക്കുന്നതിന്റെ ഫോട്ടോ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ഇതേ സമ്മേളനത്തിൽ പൊതുപ്രകടനം നടത്തിയത് പരോളിലിറങ്ങിയ കുഞ്ഞനന്തനായിരുന്നു. പാനൂർ ചെണ്ടയാടിൽ നടന്ന സി.പി.ഐ.(എം) ഏരിയ സമ്മേളനത്തിലെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തത് കുഞ്ഞനന്തനായിരുന്നു. അതിന്റെ ഫോട്ടോ എന്റെ കൈവശമുണ്ട്. കുഞ്ഞനന്തൻ തനിക്ക് ഏറെ പ്രിയപ്പെട്ടവനാണെന്ന് ടി. പി. കേസിൽ

ശിക്ഷിക്കപ്പെട്ടപ്പോൾ ശ്രീ. പിണറായി വിജയൻ മാധ്യമങ്ങളോട് പറഞ്ഞത് എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. പരോളിലിറങ്ങുന്ന പ്രതി പരോൾ നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതും സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്യുന്നതും ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയാൻ താല്പര്യമുണ്ട്. ഏതെങ്കിലുമൊരു പരോൾ പ്രതിക്ക് അങ്ങനെ ചെയ്തതായി കാണാൻ കഴിയുമോ? ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾക്ക് സുഖചികിത്സ നൽകുകയാണ്. "ടി.പി. കേസ് പ്രതികളുടെ സുഖചികിത്സാ വാർത്ത ചോർന്നു, ആശുപത്രി ഉദ്യോഗസ്ഥരെ തെറിപ്പിച്ചു." പ്രതികൾക്ക് ജയിലിൽ ചികിത്സ ലഭ്യമാക്കണം. പക്ഷേ ഇവിടെ "ഊഴമിട്ടുഴിച്ചിൽ" ആണ്. ആ ചികിത്സയുടെ വാർത്ത പുറത്തുവന്നതിന്റെ പേരിൽ നിരവധി ആശുപത്രി ഉദ്യോഗസ്ഥരെ തെറിപ്പിക്കുകയാണുണ്ടായത്. അവർ KAT (Kerala Administrative Tribunal)-ൽ പോയാണ് സ്റ്റേ വാങ്ങിയത്. "കുറ്റവാളികൾക്ക് ജയിലിൽ പരമസുഖം, കമ്പനികൾ ഒത്തുകളിച്ചു, ക്യാമറ ടെണ്ടർ റദ്ദാക്കി", ഇതെല്ലാം ജയിലുകളിൽ നടക്കുന്ന കാര്യങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത് നിയമപരമായ നടപടിയാണെന്നാണ്. പക്ഷേ ഇവിടെ നിയമങ്ങൾ ലംഘിക്കപ്പെടുകയാണ്. കെ. സി. രാമചന്ദ്രനും കുഞ്ഞനന്തനും എന്നും പരോൾ നൽകുന്നു. ക്രൂരമായ ഒരു രാഷ്ട്രീയ കൊലപാതകം നടത്തിയവർക്ക് ഇന്ന് നൽകിക്കൊണ്ടിരിക്കുന്ന പരോൾ നിയമവിരുദ്ധമാണ്. ഒരു രാഷ്ട്രീയ പ്രസ്ഥാനം ഇത്തരം കൊലപാതകങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കൊലപാതകികളെയെല്ലാം സംരക്ഷിക്കുകയും ചെയ്യുന്ന നടപടി അത്യന്തം അപകടകരമാണ്. കൊലപാതകം ഒരു ശൈലിയായി സ്വീകരിച്ച് മുന്നോട്ടുപോകുന്നതായാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. ടി.പി. കേസ്സിലെ പ്രതികൾ ഉൾപ്പെടെയുള്ളവരെ വിട്ടയയ്ക്കാൻ നേരത്തെ ഈ ഗവൺമെന്റ് ശ്രമിച്ചിരുന്നു. ഗവർണറുടെ ഇടപെടൽമൂലമാണ് ആ ശ്രമം പരാജയപ്പെട്ടത്. അല്ലെങ്കിൽ ഇതിനുമുമ്പുതന്നെ ആ പ്രതികൾ പുറത്തുവരുമായിരുന്നു. ഒരു പാർട്ടി അധികാരത്തിലേറുമ്പോൾ ആ പാർട്ടിക്ക് ഇഷ്ടമുള്ള കൊലയാളികളെ തുറന്നുവിടാൻ തുടങ്ങിയാൽ സമൂഹത്തിന്റെ നിലനിൽപ്പ് എത്രത്തോളം അപകടത്തിലാകും? " Supreme Court allows the states to release life convicts but with riders" എന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പ്രധാനപ്പെട്ട ഒരു വാചകം ഞാൻ വായിക്കാം. " These include that State governments cannot release those prisoners on remission whose prison terms are specified to continue till the end of their lives. ജീവപര്യന്തം എന്നുപറയുന്നത് ജീവിതാവസാനമായി മാറുകയാണ്. അതുസംബന്ധിച്ച് സുപ്രീംകോടതിയുടെ പ്രസക്തമായ വിധികളുണ്ട്. അത്തരമൊരു സാഹചര്യത്തിൽ കുഞ്ഞനന്തനെ മോചിപ്പിക്കാനുള്ള ഗവൺമെന്റിന്റെ കുത്സിതശ്രമമാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അടിയന്തരാവസ്ഥ കാലത്ത് കുളങ്ങരോത്ത് രാഘവൻ മൃഗീയമായി കൊലചെയ്യപ്പെട്ട സംഭവം അങ്ങ് ഓർക്കുന്നുണ്ടാകും. അതിലെ പ്രതി മന്ത്രം ദിവാകരനായിരുന്നു. അയാൾ പ്രതിയായിരിക്കുമ്പോഴാണ് അയാളുടെ ഭാര്യയെ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരന്റെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെടുത്തിയത്. ശ്രീ. സണ്ണി ജോസഫിന് അത് ഓർമ്മയുണ്ടാകും. ..........(ബഹളം)........ എനിക്കറിയാം. ........ അവിടെ ഇരിക്ക്, xxx* അന്ന് ജനിച്ചിട്ടില്ല. ...(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അന്ന് കൊലപാതകക്കേസ്സിൽ ശിക്ഷിക്കപ്പെട്ട മന്ത്രം ദിവാകരൻ എത്ര വർഷം ജയിലിൽ കിടന്നു; എത്ര പ്രാവശ്യം പരോൾ കിട്ടിയിരുന്നു? 4 വർഷം മാത്രമാണ് ജയിലിൽ കിടന്നത്. അക്കാര്യം അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ഒരു അംഗത്തെ xxxxx* എന്നുവിളിച്ചത് ശരിയായില്ല. അത് പിൻവലിക്കുകയാണ് വേണ്ടത്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ആ പരാമർശം പിൻവലിക്കുന്നു.

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രം ദിവാകരന്റേത് ലൈഫ് ഇംപ്രിസൺമെന്റായിരുന്നില്ല, 7 വർഷത്തെ തടവുശിക്ഷയായിരുന്നു. ലൈഫ് ഇംപ്രിസൺമെന്റും 7 വർഷത്തെ തടവും തമ്മിൽ വ്യത്യാസമുണ്ട്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് അത് അറിയില്ലേ? മറ്റൊന്ന്, അങ്ങ് നടത്തിയ പരാമർശം പിൻവലിക്കണം. ഒരു കൊലക്കേസ്സിലെ പ്രതിയാണെങ്കിലും ഭാര്യക്ക് ജോലി കൊടുക്കാൻ പാടില്ലേ? ഭാര്യ ആ കേസ്സിലെ പ്രതിയാണോ? അങ്ങയുടേത് സ്ത്രീ വിരുദ്ധ പരാമർശമാണ്. അത് പിൻവലിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, പേഴ്സണൽ സ്റ്റാഫിൽ ജോലി നൽകുന്നതിന് ഞാൻ എതിരല്ല. നിങ്ങൾ അങ്ങനെ ചെയ്തുവെന്ന് ഞാൻ ഓർമ്മപ്പെടുത്തിയതാണ്. നിങ്ങൾക്ക് അങ്ങനെ ചെയ്യാം. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ കുറ്റവാളികൾക്ക് ശിക്ഷായിളവ് കൊടുക്കുന്നതു സംബന്ധിച്ച് തീരുമാനിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ പിന്നെന്താണ് സംശയം? ഗവൺമെന്റ് അത്തരത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ഇല്ലാത്ത തീരുമാനത്തെ സംബന്ധിച്ച് എന്തിനാണ് അപ്രിഹെൻഷനുണ്ടാക്കുന്നത്?

---

* പരാമർശം പിൻവലിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത്തരത്തിലൊരു അപ്രിഹെൻഷനു ണ്ടാകുന്നത് ന്യായമാണ്. കാരണം നിങ്ങൾ എല്ലാ ദിവസവും പ്രതികളെ തുറന്നുവിടുകയും അവർക്ക് സുഖചികിത്സയും സംരക്ഷണവും കൊടുക്കുകയുമാണ്. ഞങ്ങൾക്ക് മാത്രമല്ല, കേരളത്തിലെ പൊതു സമൂഹത്തിനും ഇക്കാര്യത്തിൽ ആശങ്കയുണ്ട്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ സംരക്ഷിക്കാനുള്ള നീക്കങ്ങൾ നടക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ബാലിശമായ ഒരു കാര്യമാണ് ഉന്നയിച്ചത്. ഒരു വ്യക്തി ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്നാൽ അയാളുടെ ഭാര്യക്ക് ജോലി കൊടുത്തുവെന്നുപറയുന്നത് അത്ര വലിയ മഹാ കാര്യമൊന്നുമല്ല. ഗൃഹനാഥൻ ജയിലിലായപ്പോൾ ആ കുടുംബത്തെ സംരക്ഷിക്കാൻ ഭാര്യക്ക് ജോലി കൊടുത്തതിൽ എന്ത് തെറ്റാണുള്ളത്? ജീവപര്യന്തമെന്നാൽ 14 വർഷമാണെന്ന് സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. എന്നാൽ അത് ജീവിതകാലം മുഴുവനാണെന്നാണ് രാജീവ് ഗാന്ധി വധക്കേസിൽ മുരുകനെ മോചിപ്പിക്കുന്ന പ്രശ്നം വന്നപ്പോൾ സുപ്രീംകോടതി വിധിച്ചത്. അതനുസരിച്ച് ഒരു കാരണവശാലും ശിക്ഷയിൽനിന്ന് ഒഴിവാക്കാൻ ഈ ഗവൺമെന്റിന് സാധ്യമല്ല. അതിനെ നിയമപരമായിത്തന്നെ ഞങ്ങൾ നേരിടും. കാരണം ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്ക് എതിരായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. 70 വയസ് കഴിഞ്ഞുവെന്ന കാരണം പറഞ്ഞാണ് മൂന്നോ നാലോ വർഷമെത്തുമ്പോൾ തടവുശിക്ഷയിൽനിന്ന് ഒഴിവാക്കുന്നത്. 70 അല്ല, 80 ആയാലും ഹീനമായ കുറ്റകൃത്യത്തിന്റെ കാഠിന്യം കുറയുന്നില്ല. 70-ഉം 80-ഉം വയസ് കഴിഞ്ഞ ഒട്ടേറെ ആളുകൾ നമ്മുടെ ജയിലുകളിൽ ഉണ്ടെന്നുള്ള കാര്യം മറക്കരുത്. 9 മാസത്തിനുള്ളിൽ 211 ദിവസമാണ് ഈ സർക്കാർ കുഞ്ഞനന്തന് പരോൾ കൊടുത്തത്. അത് ചെറിയ കാര്യമാണോ? ഇത്രയും നിഷ്ഠൂരമായ കൊലപാതകം ആസൂത്രണം ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സുഹൃത്തായ കുഞ്ഞനന്തൻ 211 ദിവസം പരോളിൽ പുറത്തുവന്നു. ഇത് ഈ സംസ്ഥാനത്തോടും ജനങ്ങളോടുമുള്ള വെല്ലുവിളിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ പൊതുസമൂഹത്തിന് ഉത്കണ്ഠയുണ്ട്. ആ ഉത്കണ്ഠയാണ് ഞങ്ങൾ ഇവിടെ പ്രകടിപ്പിച്ചത്. അതിനെ നിസ്സാരവൽക്കരിച്ച മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

10.00 AM]

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശങ്കയൊന്നും വേണ്ടെന്ന് പറയുകയും പ്രതികളെ വിട്ടയയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുകയും ചെയ്തു. പ്രതികളെ വിട്ടയയ്ക്കുന്നതിനുമുമ്പ് സാമൂഹ്യനീതി വകുപ്പിന്റെ പ്രൊബേഷണറി ഓഫീസർ വിവരങ്ങൾ ശേഖരിക്കുമെന്നും അവശത, വയസ്സ് എന്നീ കാര്യങ്ങൾ പരിഗണിക്കുമെന്നും പറയുകയുണ്ടായി. അപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർ ശ്രീമതി കെ. കെ. രമയെ പോയി കാണുന്നത് കുഞ്ഞനന്തനെ വിട്ടയയ്ക്കാനുള്ള നടപടിക്രമങ്ങളുടെ ഭാഗമാണെന്ന് ഉറപ്പാണ്. അതുതന്നെയാണ് കൊളവല്ലൂർ എസ്.ഐ., ശ്രീമതി കെ. കെ. രമയുടെ മൊഴി എടുത്തതിനുപിന്നിലുമുള്ളത്. കുഞ്ഞനന്തൻ പലപ്പോഴും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പരോളിൽ ഇറങ്ങുകയും ജയിലിൽകിടന്ന 2014-17 വരെയുള്ള കാലഘട്ടത്തിൽ പാനൂർ ഏരിയ കമ്മിറ്റിയിൽ വരികയും ചെയ്തു. പരോളിൽ ഇറങ്ങി സി.പി.ഐ.(എം)-ന്റെ കുന്നോത്ത് പറമ്പ് ലോക്കൽ സമ്മേളനത്തിൽ പങ്കെടുക്കുന്നു, പൊതു സമ്മേളന വേദിയിൽ ഇരിക്കുന്നു, പൊതുപ്രകടനത്തെ നയിക്കുന്നു, പാനൂർ ചെണ്ടയാട് സി.പി.ഐ.(എം) ഏരിയ സമ്മേളനത്തിന്റെ സ്വാഗത ഓഫീസ് ഉദ്ഘാടനം ചെയ്യുന്നു. ഇതൊക്കെ പരോൾ വ്യവസ്ഥയ്ക്ക് എതിരാണ്. അതിനെതിരെ എന്ത് നടപടിയാണ് ജയിൽ/ആഭ്യന്തര വകുപ്പുകൾ സ്വീകരിച്ചത്? ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിക്ക് ഇത്ര ലാഘവത്തോടെ സ്വൈരവിഹാരം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന സാഹചര്യത്തിൽ ശിക്ഷായിളവും നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 70 വയസ് കഴിഞ്ഞവരുടെ കാര്യം ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ 69-ാമത്തെ വയസ്സിൽ അല്പം ഡയബറ്റിക്സ് ഒക്കെയുള്ള ഒരാളെ കൊലപാതകം ചെയ്യാൻ വിടുന്നതായിരിക്കും നല്ലത്. കാരണം, അയാൾക്ക് ഒരു വർഷം കഴിഞ്ഞ് പുറത്തിറങ്ങാം. അതുകൊണ്ട് പ്രായവും കൊലപാതകവും തമ്മിൽ ബന്ധിപ്പിച്ചാൽ അത് തെറ്റായ സന്ദേശമായിരിക്കും നൽകുക. ദയവായി അതിന് ഇടവരുത്തരുത്. നിയമപരമായി നേരിട്ടാൽ കുഞ്ഞനന്തന് ഒരിക്കലും പുറത്തിറങ്ങാൻ കഴിയില്ലെന്ന് ഞങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഏതെങ്കിലും രീതിയിലുള്ള ശ്രമം നടന്നാൽ ഞങ്ങൾ നിയമപരമായിത്തന്നെ നേരിടുമെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് തൃപ്തികരമല്ലാത്ത ഉത്തരം നൽകിയതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, മുഖ്യമന്ത്രി ആദ്യം ഇവിടെ സംസാരിച്ചപ്പോൾ 59-ഓളം അന്തേവാസികളുടെ പേരുവിവരം ശേഖരിക്കുന്നുവെന്നും അതൊരു വിവരശേഖരണം മാത്രമാണെന്നുമാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ രണ്ടാമത്തെ മറുപടി പ്രസംഗം സ്വാഭാവികമായും ആശങ്ക വർദ്ധിപ്പിക്കുന്ന ഒന്നുതന്നെയാണ്. വ്യക്തമായി ഒന്നും പറയാതെയാണ് അദ്ദേഹം മറുപടി പ്രസംഗം അവസാനിപ്പിച്ചത്. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു, ശ്രീമതി കെ. കെ രമയുടെ മൊഴി പോലീസ് രേഖപ്പെടുത്തി, സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥർ വിവരശേഖരണത്തിന് അവിടെ പോകുന്നു. ഇതിലൂടെ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത് ശിക്ഷായിളവ് നൽകി കുഞ്ഞനന്തനെ ജയിൽ മോചിതനാക്കുക എന്നുള്ളതുതന്നെയാണ്. അതിനുള്ള നടപടിക്രമങ്ങളും പശ്ചാത്തലവും ഗവൺമെന്റ് കൃത്യമായി ഒരുക്കിക്കൊണ്ടിരിക്കുന്നുവെന്ന വസ്തുത യാഥാർത്ഥ്യവുമാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ അത് സംഭവിക്കുമെന്ന് ഞങ്ങൾ കരുതുകയാണ്. അക്കാര്യം നിയമപരമായി നേരിടുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞിരിക്കുകയാണ്. നിയമങ്ങളെയും കീഴ്വഴക്കങ്ങളെയും ജയിൽ ചട്ടങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഗവൺമെന്റ് ഇത്തരം നടപടികളിലേയ്ക്ക് നീങ്ങുന്നത്. അതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇവിടെ നടന്ന ചർച്ചയിലൂടെ പുറത്തുവന്ന വസ്തുതകൾ വ്യക്തമാക്കുന്നത് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ സാധാരണ നിയമം ബാധകമല്ല എന്നാണ്. ഭരിക്കുന്ന മുഖ്യകക്ഷിയുടെ എതിരാളികളെ എങ്ങനെയും നിഷ്ഠൂരമായി കൊലചെയ്യാം, കുറ്റക്കാരെ ശിക്ഷിക്കാൻ തയ്യാറല്ല. ഭരിക്കുന്നവരാണ് പ്രതികളായി വരുന്നതെങ്കിൽ അവർക്ക് ബദലായി പ്രതികളെ സപ്ലൈ ചെയ്യുകയും തെറ്റായ തെളിവുകൾ നിരത്തി അവരെ വിട്ടയയ്ക്കാൻ നോക്കുകയും ചെയ്യുന്നു. കോടതി അവരെ ശിക്ഷിച്ചാൽത്തന്നെ അവർക്ക് നിയമവിരുദ്ധമായി, അസാധാരണ നിലയിൽ ജാമ്യം കൊടുത്ത് കൂടുതൽ സമയവും പുറത്ത് ചെലവഴിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നു, വിട്ടയയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു. പൗരന്മാരെ സംബന്ധിച്ചിടത്തോളം നിയമവാഴ്ചയല്ല ഇവിടെ നടക്കുന്നത്, പാർട്ടി ഭരണമാണ്. പാർട്ടിക്ക് അനുകൂലമായി നിൽക്കുന്ന ആളുകൾക്ക് മാത്രമേ നിയമ സംരക്ഷണമുള്ളൂവെന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഈ സമീപനത്തെ ശക്തമായി എതിർക്കുന്നു. ഇത് ഫാസിസത്തിന്റെ വ്യക്തമായ രൂപമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തു പോയി. പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ജനസംഖ്യാനുപാതിക സംവരണം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിൽ 2 ശതമാനത്തോളമുള്ള ആദിവാസികളുടെ തൊഴിലിനുള്ള സംവരണവും ഏകദേശം 2 ശതമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരുടെ തൊഴിലവസരങ്ങൾ കുറയുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രത്യേക പ്രമേയം പാസ്സാക്കി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത് അങ്ങേയറ്റം സ്വാഗതാർഹമാണ്. ജില്ലാടിസ്ഥാനത്തിലുള്ള ആദിവാസി ജനസംഖ്യ വയനാട്, ഇടുക്കി, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ കൂടുതലാണ്. വയനാട്ടിൽ ആദിവാസി ജനസംഖ്യ 18 ശതമാനമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത് 11998 പേരാണ്. 2 ശതമാനമായി കണക്കാക്കിയാൽ അതിൽ 240 പേർക്ക് മാത്രമാണ് തൊഴിൽ കിട്ടുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള ഓരോ വ്യത്യസ്ത ആദിവാസി വിഭാഗത്തിന്റെയും ജനസംഖ്യയ്ക്ക് ആനുപാതികമായി സംവരണം വർദ്ധിപ്പിക്കാൻ കഴിയുന്ന നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഒ.ബി.സി.യിൽ വിശ്വകർമ്മ, ധീവര തുടങ്ങിയ വിഭാഗങ്ങൾക്ക് സംവരണത്തിനകത്ത് സംവരണം കൊടുത്തിട്ടുണ്ട്. അതുപോലെ പിന്നോക്കം നിൽക്കുന്ന ആദിവാസികൾക്കും മറ്റ് ജനവിഭാഗങ്ങൾക്കുമെല്ലാം സംവരണാനുകൂല്യങ്ങൾ എത്രത്തോളം ലഭ്യമാക്കാൻ കഴിയുമോ അത്രയും ലഭ്യമാക്കാൻ കഴിയണം. ജില്ലാടിസ്ഥാനത്തിൽ ആദിവാസികളുടെ ജനസംഖ്യാ തോത് അനുസരിച്ച് സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാന സർക്കാർ സർവ്വീസിലെ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ്. അതനുസരിച്ച് 10 ശതമാനം സംവരണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് നൽകുന്നതിൽ രണ്ട് ശതമാനമാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ളത്. ഭരണഘടനയിലെ 16-ാം അനുച്ഛേദപ്രകാരം മതിയായ പ്രാതിനിധ്യം ഇതുവഴി സർക്കാർ സർവ്വീസിൽ ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ 33 ശതമാനത്തോളംപേർ വയനാട്

ജില്ലയിലുണ്ട്. അവർ ജില്ലാടിസ്ഥാനത്തിലുള്ള ജനസംഖ്യയുടെ 18.53 ശതമാനം വരും. അതിനനുസരിച്ചുള്ള സംവരണം അവർക്ക് ലഭിക്കുന്നില്ലെന്നാണ് ശ്രീ. സി. കെ. ശശീന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. ഒരു സംസ്ഥാനത്ത് സംവരണം നിശ്ചയിക്കുന്നത് സംസ്ഥാന ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ്. അത് ജില്ലാടിസ്ഥാനത്തിലോ കൂടുതൽ ആളുകൾ താമസിക്കുന്ന പ്രത്യേക പ്രദേശങ്ങളുടെ അടിസ്ഥാനത്തിലോ നിശ്ചയിക്കാൻ കഴിയുന്നതല്ല. ചില പ്രത്യേക വിഭാഗങ്ങൾ ചില ജില്ലകളിൽ കൂടുതലാണ്. അവർക്ക് ആ ജില്ലകളിൽ പ്രത്യേക ആനുകൂല്യം നൽകുന്നത് നിയമപരമല്ല. അപ്രകാരമുള്ള സംവരണം ഒരു ജാതിമത വിഭാഗത്തിനും അനുവദിക്കാൻ കഴിയില്ല. വയനാട് ജില്ലയിൽ പട്ടിക ഗോത്രവർഗ്ഗക്കാരുടെ ജനസംഖ്യ മറ്റിതര പ്രദേശങ്ങളെക്കാൾ കൂടുതലായതിനാൽ ജില്ലാടിസ്ഥാനത്തിൽ തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. സംസ്ഥാന സർക്കാർ നിയമനത്തിലെ സംവരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന് തീരുമാനമെടുക്കാൻ കഴിയുകയില്ല. പട്ടികവർഗ്ഗക്കാർക്ക് ജില്ലാടിസ്ഥാനത്തിലുള്ള ജനസംഖ്യാ തോത് അനുസരിച്ചുള്ള നിയമനം കിട്ടുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ, നിലവിലുള്ള നിയമവ്യവസ്ഥയിൽ അത് സാധിക്കുകയില്ല. സംവരണം സംസ്ഥാനത്തിന് മൊത്തത്തിലുള്ളതാണ്. ജില്ലാ അടിസ്ഥാനത്തിൽ ഒരു പ്രത്യേക ജാതിയുടെയോ മതത്തിന്റെയോ പേരിൽ അത് വീതിച്ചുകൊടുക്കാൻ സാധിക്കില്ല.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, സംവരണം നടപ്പിലാക്കാനുള്ള ബുദ്ധിമുട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. എന്നാൽ ആദിവാസി ജനവിഭാഗങ്ങൾക്കെല്ലാം ഒരുപോലെ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന് സംവരണത്തിനകത്ത് ഒ.ബി.സി., വിശ്വകർമ്മ, ധീവര എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം നൽകുന്നതുപോലെതന്നെ എല്ലാ ആദിവാസി ജനവിഭാഗങ്ങൾക്കും അവരുടെ ജനസംഖ്യാ തോതനുസരിച്ച് സംവരണം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഇവിടെ ഒരു പ്രസ്താവന നടത്തിയിരുന്നു. ഏത് തസ്തികയിലാണോ ആ വിഭാഗത്തിൽപ്പെട്ടവരുടെ ഒഴിവുള്ളത് അത് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കും. നേരത്തെ ഞാൻ പറഞ്ഞ പ്രശ്നം നിയമപരമായതാണ്. അതുകൊണ്ടാണ് സാധിക്കുകയില്ലെന്ന് പറഞ്ഞത്. ആ വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

## (2) ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മലപ്പുറം ജില്ലയിലെ ദേശീയപാത 17 അതായത്, പുതിയ എൻ.എച്ച്. 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ വലിയ ഭീതിയും ആക്ഷേപങ്ങളുമൊക്കെ ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞ മാസം 14-ാം തീയതി ഇറക്കിയ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ പുതിയ സർവ്വേ അനുസരിച്ചുള്ള അലൈൻമെന്റുമായി ബന്ധപ്പെട്ടാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട ജില്ലാ കളക്ടർ എം.എൽ.എ.-മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചിരുന്നെങ്കിലും ഈ പ്രത്യേക അജണ്ട വച്ചിരുന്നില്ല. അതുകൊണ്ട് ജില്ലയിലെ ഒരു എം.എൽ.എ.-യും കുറെ പഞ്ചായത്ത് പ്രസിഡന്റുമാരും മാത്രമാണ് അതിൽ പങ്കെടുത്തത്. ആ യോഗത്തിൽ സാറ്റലൈറ്റിന്റെ അടിസ്ഥാനത്തിലുണ്ടാക്കിയ പ്ലാനുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിശദീകരിച്ചത്. പ്രസ്തുത സ്ഥലം സന്ദർശിച്ച് ഭൂവുടമകളുമായി ബന്ധപ്പെടാനുള്ള ഒരു സാഹചര്യവും ഇതുവരെ ഉണ്ടായിട്ടില്ല. കഴിഞ്ഞ കുറേ വർഷങ്ങളായി പലതവണ നാഷണൽ ഹൈവേയുടെ അലൈൻമെന്റുമായി ബന്ധപ്പെട്ട് സർവ്വേകൾ നടത്തിയിരുന്നു. കുറെക്കാലം അതിന്റെ ഒച്ചപ്പാടുണ്ടാകും, അതുകഴിയുമ്പോൾ അവസാനിക്കും. നേരത്തെയുള്ള അലൈൻമെന്റിനേക്കാൾ ജനങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് ഇപ്പോഴത്തെ അലൈൻമെന്റ് എന്നതാണ് പൊതുവെയുള്ള ആക്ഷേപം. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് കൂടിയ മീറ്റിംഗിൽ ഞങ്ങളെല്ലാവരും പങ്കെടുത്തിരുന്നു. സ്ഥലം നഷ്ടപ്പെടുന്നവർക്ക് ആക്ഷേപങ്ങളും പരാതികളും നൽകുന്നതിന് അടുത്ത മൂന്നാം തീയതിവരെ അവസരമുണ്ട്. എന്നാൽ അതിനുമുമ്പായി കഴിഞ്ഞ തിങ്കളാഴ്ചതന്നെ കുറ്റിപ്പുറം ഭാഗത്തുനിന്ന് അളവെടുപ്പ് തുടങ്ങിയിരിക്കുകയാണ്. കോട്ടയ്ക്കൽ, വേങ്ങര, തിരൂരങ്ങാടി, വള്ളിക്കുന്ന് എന്നിങ്ങനെ നാലഞ്ച് മണ്ഡലങ്ങളിലൂടെയാണ് ഈ നാഷണൽ ഹൈവേ കടന്നുപോകുന്നത്. അവിടെയൊക്കെ നേരത്തെയുണ്ടായിരുന്ന അലൈൻമെന്റിനേക്കാൾ കൂടുതൽ കുടിയൊഴിപ്പിക്കൽ വേണ്ടിവരും. നിലവിലുള്ള റോഡിന്റെ വീതി കൂട്ടാനാവശ്യമായ സ്ഥലം ഇരുഭാഗത്തുനിന്നും തുല്യമായെടുക്കുക, വലിയ വളവുള്ള സ്ഥലങ്ങളിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തുക എന്നുള്ളതായിരുന്നു പൊതുവെയുണ്ടായിരുന്ന ധാരണ. എന്നാൽ നേരത്തെ വളവില്ലാത്തിടത്ത് കൂടുതൽ വളവുണ്ടാക്കുന്ന രീതിയിലുള്ള സ്കെച്ചുകളാണ് ഇവിടെ വന്നിട്ടുള്ളത്. പാലച്ചിറവിള ഭാഗത്തും കൊളപ്പുറത്തും നേരത്തെയുള്ളതിനേക്കാൾ വലിയ വളവ് വരുത്തിക്കൊണ്ടാണ് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത്. എന്തൊക്കെയോ ചില ദുരൂഹതകൾ, അല്ലെങ്കിൽ ആരെയെങ്കിലും തൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ഇതിന്റെ

ഭാഗമായി നടക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പരാതികളിന്മേൽ ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ യുക്തമായ നടപടിയെടുത്ത് അവരുമായി കൂടിക്കാഴ്ച നടത്തി നഷ്ടപരിഹാരത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തശേഷമേ സ്ഥലമെടുപ്പ് നടപടികളുമായി പോകാൻ പാടുള്ളൂ. എന്നാൽ ആദ്യംതന്നെ സ്ഥലമെടുപ്പിനായി പോലീസിന്റെ അകമ്പടിയോടുകൂടി റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ അവിടെ പോകുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയുമാണ് ചെയ്തത്. മത സ്ഥാപനങ്ങൾ, പള്ളികൾ, മദ്രസകൾ, അമ്പലങ്ങൾ, ഖബർസ്ഥാനുകൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി ഒഴിപ്പിക്കേണ്ടിവരും. ആദ്യത്തെ അലൈൻമെന്റ് വന്നപ്പോൾ സ്ഥലം പോകുമെന്നുള്ളതുകൊണ്ട് മറ്റൊരു സ്ഥലത്ത് വീടുവച്ച ആളുകൾക്ക് ആ വീടും നഷ്ടമാകുന്ന അവസ്ഥയാണ്. ആരെയൊക്കെയോ തൃപ്തിപ്പെടുത്താൻ തയ്യാറാക്കിയ അലൈൻമെന്റാണിത് എന്നാണ് തോന്നുന്നത്. 1956-ലെ ആക്ട് അനുസരിച്ച് മാത്രമേ നഷ്ടപരിഹാരം നൽകൂ എന്നാണ് പത്രങ്ങളിൽ ഇതുസംബന്ധിച്ച് വന്നിട്ടുള്ള വാർത്ത. മീറ്റിംഗിൽ പറഞ്ഞിരുന്നത് മെച്ചപ്പെട്ട, മെട്രോയ്ക്ക് കൊടുത്തതുപോലുള്ള നഷ്ടപരിഹാരം ലഭ്യമാക്കുമെന്നാണ്. അതൊന്നുമില്ലാത്ത രീതിയിൽ ജനങ്ങളെ കബളിപ്പിക്കുന്ന നടപടിയാണ് റവന്യൂ വിഭാഗത്തിന്റെയും പോലീസിന്റെയും ഭാഗത്തു നിന്നുണ്ടാകുന്നത്. റോഡുകൾ വേണ്ടെന്നോ വീതി കൂട്ടേണ്ടെന്നോ ആരും പറയുന്നില്ല. ഇക്കാര്യത്തിൽ എം.എൽ.എ.മാരെയും മറ്റ് ജനപ്രതിനിധികളെയും കുറ്റപ്പെടുത്തുന്ന രീതിയിലുള്ള ഒരു സമീപനമാണ് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. ഇതെല്ലാംതന്നെ എം.എൽ.എ.-മാർ കണ്ട് ബോധ്യപ്പെട്ടതാണ് എന്നാണ് ജനങ്ങളോട് അവർ പറയുന്നത്. ഞങ്ങൾക്ക് ജനങ്ങളുടെയിടയിൽ പോകാൻ കഴിയാത്ത, ജനങ്ങൾ ഞങ്ങളെ പ്രതിസ്ഥാനത്ത് നിർത്തുന്ന ഒരു അവസ്ഥയാണുള്ളത്. ഇപ്പോൾ അവിടത്തെ ജനങ്ങൾ പ്രക്ഷോഭം നടത്തുകയാണ്. ജനപ്രതിനിധികളായ ഞങ്ങൾക്ക് മാറി നിൽക്കാൻ കഴിയില്ല. ഞങ്ങൾക്ക് അവരുടെകൂടെ നിൽക്കേണ്ടിവരും. അത്തരത്തിലൊരു സാഹചര്യം സൃഷ്ടിക്കുന്നതിനുപകരം എല്ലാപേരെയും വിശ്വാസത്തിലെടുക്കാനും ഭൂമി നഷ്ടപ്പെടുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകാനും ശാസ്ത്രീയമായ ഒരു അലൈൻമെന്റ് ഉണ്ടാകുന്നതുവരെ ഇപ്പോൾ നടത്തുന്ന സർവ്വേ നടപടി നിർത്തിവയ്ക്കാനും ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർക്കും ജില്ലാ ഭരണകൂടത്തിനും നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവിടത്തെ സ്ഥിതി ഓരോ ദിവസവും മോശമായിക്കൊണ്ടിരിക്കുകയാണ്. അത് കൂടുതൽ മോശമാകാനുള്ള സാഹചര്യമുണ്ടാക്കരുതെന്നും അറിയാത്ത കാര്യത്തിന് എം.എൽ.എ.മാരെ കുറ്റപ്പെടുത്തുന്ന സ്ഥിതിയുണ്ടാകരുതെന്നും മലപ്പുറം ജില്ലയിൽ

കുറേക്കാലമായി നീണ്ടുനിൽക്കുന്ന നാഷണൽ ഹൈവേ സ്ഥലമെടുപ്പ് ഇനിയെങ്കിലും നല്ല രീതിയിൽ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നിർദ്ദേശം നൽകണമെന്നമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് ദേശീയ പാതയ്ക്ക് സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ആളുകളെല്ലാം എതിരാണെന്നാണ് അദ്ദേഹം പറയുന്നത്. പോലീസുകാർക്ക് നിങ്ങളുടെ നാട്ടിലെ ഒരു ക്ലബ്ബിലെ ചെറുപ്പക്കാർ വെള്ളംകൊടുക്കുന്ന ചിത്രം മാതൃഭൂമി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അതാണ് ഈ കാണുന്നത് (മൊബൈൽ ഫോൺ ഉയർത്തിക്കാണിച്ചു). അപ്പോൾ അങ്ങ് പറഞ്ഞതുപോലെയുള്ള സംഘർഷമൊന്നും അവിടെയില്ല. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമാണ് ഭൂമിയെടുത്തത്. കേന്ദ്രഗവൺമെന്റ് പറയുന്ന കാര്യം നടത്തേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതല്ലാതെ പിണറായി ഗവൺമെന്റല്ല ഇത് ചെയ്യുന്നത്. അങ്ങനെയാണ് പ്രചരിപ്പിക്കുന്നത്. മുൻകാലങ്ങളെക്കാൾ മെച്ചപ്പെട്ട രീതിയിലാണ് അലൈൻമെന്റ് അംഗീകരിച്ചതെന്നാണ് മനസ്സിലാക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുമായി ബന്ധപ്പെട്ട് മൂന്ന് യോഗങ്ങൾ നടത്തിയിട്ടുണ്ട്. ആദ്യ യോഗം 17-3-2017-ലും മൂന്നാമത്തെ യോഗം 6-5-2017-ലുമാണ് നടന്നത്. 6-5-2017-ൽ കൂടിയ ജനപ്രതിനിധികളടക്കമുള്ളവരുടെ യോഗതീരുമാനപ്രകാരം 29-5-2017-ലാണ് ഇപ്പോഴത്തെ അലൈൻമെന്റ് ഡിസ്ട്രിക്ട് കളക്ടർ സമർപ്പിച്ചിരിക്കുന്നത്. അങ്ങ് ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചതുപോലെ ഇവിടെ ആരോടും ചോദിക്കാതെയല്ല ചെയ്തിട്ടുള്ളത്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട പത്രവാർത്ത സംബന്ധിച്ച് അങ്ങ് പറയുകയുണ്ടായി. നഷ്ട പരിഹാരത്തെപ്പറ്റി തെറ്റായ വാർത്തകൾ ബോധപൂർവ്വം പ്രചരിപ്പിക്കുകയാണ്. 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരമല്ല കോമ്പൻസേഷൻ നൽകുന്നത്. അത് ഭൂമി ഏറ്റെടുക്കാനുള്ള നിയമമാണ്. അതുപോലും അറിയാത്തവർ പത്രലേഖകരായി ചമഞ്ഞ് നടന്നാലെങ്ങനെയാണ്? പുസ്തകം വായിക്കാതെ, ഭരണഘടന വായിക്കാതെ താന്തോന്നിത്തം എഴുതിപ്പിടിപ്പിക്കുകയാണ്. അവരെയൊന്നും പത്രലേഖകരായി ഞങ്ങൾ അംഗീകരിക്കില്ല. അവരെയെല്ലാം വിദ്വേഷികളായിട്ടാണ് കാണുന്നത്. ആദ്യം പുസ്തകം വായിക്കണം. എന്തിനാണ് ആളുകളെ കുറ്റപ്പെടുത്തുന്നത്? 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരം സ്ഥലമെടുക്കുകയാണ് ചെയ്യുന്നത്. 2013-ലാണ് കോമ്പൻസേഷൻ ആക്ട് നിലവിൽ വന്നത്. 1956-ലെ നാഷണൽ ഹൈവേ ആക്ട് പ്രകാരം സ്ഥലമെടുത്താൽ 77,000 രൂപയേ കിട്ടുകയുള്ളൂ എന്നാണ് ഒരു

പത്രമെഴുതിയത്. കോഴിക്കോട് ജില്ലയിലെ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള ഭാഗത്ത് ഒരു സെന്റിന് കിട്ടുന്നത് 7,44,000 രൂപയാണ്. എങ്ങനെയാണത് കിട്ടുന്നത് എന്നതിന്റെ കമ്പ്യൂട്ടേഷനൊക്കെ എന്റെ കയ്യിലുണ്ട്, സമയമില്ലാത്തതുകൊണ്ട് ഞാൻ അതൊന്നും ഇവിടെ പറയുന്നില്ല. 2013-ലെ നിയമപ്രകാരം ദേശീയപാതയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ഒന്നാമതായി മാർക്കറ്റ് വാല്യൂ കൊടുക്കും. രണ്ടാമത് അതിന്റെ മൾട്ടിപ്ലിക്കേഷൻ ഫാക്ടർ, ഒന്ന് മുതൽ രണ്ടിരട്ടി വരെ. അർബൻ ഏരിയയിൽ നിന്നുള്ള അകലമാണ് ദേശീയപാതയുടെ അടിസ്ഥാനം. Solatia cent percent ആണ്. Value of assets attached to land or building, അതും ചേർക്കും. കൂടാതെ പ്രഖ്യാപിച്ചുകഴിഞ്ഞ് പൈസ കൊടുക്കുന്നതുവരെ തുകയുടെ 12% പലിശയായി കൊടുക്കും. ഇതെല്ലാംകൂടി കൂട്ടുമ്പോൾ വെങ്ങളം ഭാഗത്ത് ഒരു സെന്റിന് 7,44,000 രൂപ കിട്ടും. എല്ലായിടത്തും അങ്ങനെ കിട്ടണമെന്നില്ല. ചിലയിടത്ത് കുറവായിരിക്കും, മറ്റിടത്ത് കൂടുതലായിരിക്കും. ഇതെല്ലാം എന്തിനാണ് പത്രങ്ങൾ മറച്ചുവയ്ക്കുന്നത്? അവർ തന്നെയല്ലേ നാലുവരിയാക്കണമെന്നാവശ്യപ്പെട്ട് വർഷങ്ങളായി മുഖപ്രസംഗം എഴുതുന്നത്? ദേശീയപാത നാലുവരിയാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. ഉടൻതന്നെ അതിനെതിരായി പത്രക്കാർ എഴുതുകയാണ്. ഈ ആത്മാർത്ഥതയില്ലായ്മയാണ് കീഴാറ്റൂരിലും നടന്നത്. അതുകൊണ്ടാണ് ഞാൻ അത് ഷാർപ്പായി പറയുന്നത്. ഗവൺമെന്റിന് ഇന്ന സ്ഥലത്തുകൂടി തന്നെ റോഡ് പോകണമെന്ന് യാതൊരു നിർബന്ധവുമില്ല, അങ്ങനെ തീരുമാനിച്ചിട്ടുമില്ല. അതിനൊരു അലൈൻമെന്റുണ്ട്. ആ പാത നിലനിൽക്കുന്നതിന് നൂറ് മൈൽ ദൂരെക്കൂടി പോകാൻ കഴിയുമോ? അങ്ങ് ഉത്തരവാദിയല്ലെങ്കിലും ഞാൻ അങ്ങയോട് പറയുകയാണ്, മുസ്ലീം ലീഗിലെ ചില നേതാക്കളുടെ സ്ഥലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒഴിവാക്കിയിരുന്നു. മുസ്ലീം ലീഗാണെന്ന ആക്ഷേപമുണ്ട്. ഞങ്ങൾ അന്ന് ഇടപെട്ടില്ല. അവർക്കൊക്കെ വിഷമമുണ്ടായിട്ടുണ്ടാകും. നാഷണൽ ഹൈവേ 45 മീറ്ററാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. 27.5 മീറ്റർ വീതം ഇരുഭാഗത്തും വരും. റോഡിന്റെ മധ്യഭാഗത്ത് നിന്ന് തുല്യമായി എടുക്കണമെന്നാണ് തീരുമാനം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അങ്ങനെ തീരുമാനിച്ചില്ല. ഞാനത് മാറ്റി തീരുമാനിച്ചു. അതോടുകൂടി വലിയ ആശ്വാസമായി. തുല്യമായെടുക്കുമ്പോൾ ചില ഭാഗത്ത് വ്യത്യാസം വരും.

ശ്രീ. സി. കെ. നാണു: സർ, ഈ നിയമസഭയിലെ എല്ലാ കക്ഷികളും അതിനുവേണ്ടി കൂട്ടായി തീരുമാനിച്ചതല്ലേ?

ശ്രീ. ജി. സുധാകരൻ: സർ, അതെ. കീഴാറ്റൂരിന്റെ പ്രശ്നം കഴിഞ്ഞ ദിവസം

ഇവിടെ അടിയന്തരപ്രമേയമായി വന്നപ്പോൾ ഞാൻ ഈ ഇഷ്യൂ പറഞ്ഞതാണ്. റോഡിന്റെ ഒരു ഭാഗം ആറോ റെയിൽവേ ക്രോസോ കടലോ ആരാധനാലയമോ ആണെങ്കിൽ അവിടെനിന്ന് സ്ഥലമെടുക്കാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ മറുഭാഗത്ത് കൂടുതൽ സ്ഥലമെടുക്കും. അങ്ങനെ നീതിയുക്തമായാണ് എടുത്തിരിക്കുന്നത്. മലപ്പുറത്ത് രാഷ്ട്രീയ പിൻബലം കൊടുത്ത് ഇങ്ങനെയൊരു പ്രക്ഷോഭം നടത്തുന്നത് മുസ്ലീം ലീഗ് തന്നെയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 45 മീറ്ററിനുവേണ്ടി നിങ്ങളുടെ ഭാഗത്തുനിന്നും ആദ്യം ആവശ്യപ്പെട്ടത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ്. അതുപോലെ ഞങ്ങളും കോൺഗ്രസ്സും ആവശ്യപ്പെട്ടിട്ടുണ്ട്. 30 മീറ്റർ മതിയെന്ന് ചന്ദ്രിക ദിനപത്രത്തിൽ മുഖപ്രസംഗം എഴുതിയിരിക്കുകയാണ്. അതുകണ്ട് ഞാൻ വളരെ വിഷമിച്ചു. നിങ്ങളല്ലേ 45 മീറ്റർ വേണമെന്ന് പറഞ്ഞത്? ഞങ്ങളുടെ നാട്ടിൽ എരണ്ട എന്നൊരു കിളിയുണ്ട്. രണ്ടുമൂന്ന് ലക്ഷം എരണ്ടകൾ വന്ന് പാടശേഖരത്തിലോട്ട് വീഴും. അതുകണ്ട് കൃഷിക്കാർ ആത്മഹത്യ ചെയ്യാൻ തുടങ്ങും. കാരണം, പിന്നെയവിടെ ഒറ്റ നെല്ലുണ്ടാകില്ല. എല്ലാം ആ കിളികൾ കൊത്തിക്കൊണ്ടുപോകും. അതുപോലെയാണ് വയൽക്കിളികളുടെ കാര്യത്തിലുള്ള രാഷ്ട്രീയ ഇടപെടൽ. അവർ കൃഷിക്കാരെ ദുഃഖത്തിലാഴ്ത്തുകയാണ് ചെയ്യുന്നത്. കോൺഗ്രസ്സുകാർ മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. അലൈൻമെന്റുമായി ബന്ധപ്പെട്ട് തർക്കമുണ്ടാകേണ്ട കാര്യമില്ല. അതിൽ എന്തെങ്കിലും മാറ്റം വേണമെങ്കിൽ നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് പറയണം. അല്ലാതെ ഞാനും മുഖ്യമന്ത്രിയും ഈ സഭയും എന്ത് ചെയ്യണം? നിങ്ങൾ എൻ.എച്ച്.എ.ഐ.-യോട് പറയൂ. ബി.ജെ.പി.ക്കാരും സമരം ചെയ്യാൻ പോകുകയല്ലേ? നിങ്ങൾ അവരോട് പറയണം. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ മാന്യത കൊണ്ടാണ് ഞങ്ങൾ ഇതുവരെ അങ്ങനെ പറയാത്തത്. നിങ്ങൾ അവരോട് പറയൂ. അല്ലെങ്കിൽ ദേശീയപാത നാലുവരിയാക്കണ്ടെന്ന് തീരുമാനിക്കൂ. അങ്ങനെയാണെങ്കിൽ എന്റെ വീടും രക്ഷപ്പെടും. എന്റെ വീട് പോകുകയില്ലായിരുന്നു, ശ്രീ. ഉമ്മൻ ചാണ്ടിയുടെ അലൈൻമെന്റ് പ്രകാരം പടിഞ്ഞാറുള്ള രാജമ്മ ചേച്ചിയുടെ വീട് പോകുമായിരുന്നു. അവർ പോലീസ് സ്റ്റേഷനിൽ ബോധംകെട്ട് വീണപ്പോൾ ഞാൻ മനഃപൂർവ്വം മാറ്റിയതാണ്. നമ്മുടെ ഒരു ചെറിയ വീടൊന്നുമല്ല പ്രശ്നം. വീട് പോയാൽ കോമ്പൻസേഷൻ കിട്ടും. അതുകൊണ്ട് നമുക്ക് വേറെ വീട് വച്ചുകൂടെ; നല്ല തുകയല്ലേ കിട്ടുന്നത്? അതുകൊണ്ട് മുസ്ലീം ലീഗ് ഇങ്ങനെയൊരു നിലപാടെടുക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഏറ്റവും വേഗം വികസനകാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളവരാണ് നിങ്ങൾ. ഇവിടെ യാതൊരു വിധത്തിലുള്ള അന്യായവുമില്ല. കൃത്യമായാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. അവിടെ നിങ്ങൾക്ക്

നല്ല വില കിട്ടും. ഇപ്പോൾ പറയുന്ന ഈ അപവാദങ്ങളൊന്നും ശരിയല്ല. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ അത് നാഷണൽ ഹൈവേ അതോറിറ്റിക്ക് അയയ്ക്കും. കീഴാറ്റൂരിലെ ഫ്ലൈ ഓവറിനെക്കുറിച്ച് ശ്രീ. ജയിംസ് മാത്യു ഇവിടെ ഉന്നയിച്ചിരുന്നു. അപ്പോൾ അങ്ങോട്ട് അയച്ചുകൊടുക്കാമെന്ന് ഞാനതിന് മറുപടിയും പറഞ്ഞതാണ്. കത്ത് ഞാൻ അയച്ചുകഴിഞ്ഞു. പരിഗണിക്കുന്നത് അവരുടെ ഇഷ്ടം, പണം തരുന്നത് അവരല്ലേ; ഇതിലൊന്നും സംസ്ഥാന ഗവൺമെന്റിന് നിർബന്ധമില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ ഇങ്ങനെ പീഡിപ്പിക്കേണ്ട കാര്യമില്ല. ഒരു കൂട്ടം പത്രക്കാർ ഞങ്ങൾക്കെതിരായി ഒരു കോലാഹലവുമുണ്ടാക്കേണ്ട. അതൊന്നും നടക്കുന്ന കാര്യമല്ല. വളരെ സുതാര്യവും സത്യസന്ധവും നീതിയുക്തവും വികസനപരവുമായാണ് കാര്യങ്ങൾ ചെയ്യുന്നത്. എന്ത് മാറ്റമുണ്ടെങ്കിലും അത് മാറ്റേണ്ടതാണെങ്കിൽ കേന്ദ്ര ഗവൺമെന്റിനോട് പറയാം. അതിന് ഞങ്ങളും നിങ്ങളുടെ കൂടെയുണ്ട്. ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന ഈ അലൈൻമെന്റ് മാറ്റേണ്ട യാതൊരു സാഹചര്യവുമില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ബഹുമാനപ്പെട്ട മന്ത്രി വികാരം കൊള്ളുകയാണ്. അതിന്റെ ആവശ്യമില്ല. കാരണം 45 മീറ്റർ റോഡ് വേണ്ടെന്ന് മുസ്ലീം ലീഗോ കോൺഗ്രസ്സോ പറഞ്ഞിട്ടില്ല. ചന്ദ്രിക പത്രത്തിൽ പറഞ്ഞിട്ടുണ്ടാകും. പല പത്രങ്ങളും പലതും പറയും. അതൊന്നും നോക്കണ്ട. ഒരു എം.എൽ.എ.യും ഒരു ജനപ്രതിനിധിയും വേണ്ടെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, വികാരമൊന്നുമല്ല, വിചാരമാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ദേശാഭിമാനിയിൽ വരുന്നത് മുഴുവൻ നിങ്ങൾ പറയുന്നതാകണമെന്നില്ലല്ലോ?

ശ്രീ. ജി. സുധാകരൻ:സർ, പത്രങ്ങളിൽ പലതും വരുമെന്ന് അങ്ങനെ തള്ളിപ്പറയരുത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ദേശാഭിമാനിയിൽ തന്നെ ഗവൺമെന്റിന് എതിരായി വന്നിട്ടുണ്ടല്ലോ. ആ ചർച്ചയിലേയ്ക്ക് പോകണ്ട.

ശ്രീ. ജി. സുധാകരൻ: സർ, ചന്ദ്രികയിൽ അങ്ങനെ പലതും പറയുമെന്ന് മുസ്ലീം ലീഗിന്റെ നേതാവിന് പറയാമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ചന്ദ്രിക പത്രത്തിൽ വരുന്നത് അതിന്റെ അഭിപ്രായമാണ്. അതിനൊരു എഡിറ്റോറിയൽ ബോർഡും മറ്റ് സംവിധാനങ്ങളുമുണ്ട്. ദേശാഭിമാനിയും മറ്റ് പത്രങ്ങളും പറയുന്നുണ്ടല്ലോ. ഞങ്ങൾക്ക് 45 മീറ്റർ വേണ്ടെന്ന അഭിപ്രായമില്ല. ഞാനും ബഹുമാനപ്പെട്ട മന്ത്രി

പറയുന്നതിനോട് യോജിക്കുകയാണ്. രണ്ടു ഭാഗത്തുനിന്നും തുല്യമായി എടുക്കണം. വളവും തിരിവും വരുന്ന സ്ഥലത്ത് അതിനനുസരിച്ച് ചെയ്യണമെന്നാണ് പറഞ്ഞത്. ഇപ്പോൾ നിലവിലുള്ള വളവിനെക്കാൾ വലിയ വളവായാണ് ചെയ്യുന്നത്. 3 (A) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ പിറ്റേന്നുതന്നെ പോയി കുറ്റിയടിക്കുയാണോ ചെയ്യുന്നത്; അതാണോ നിയമം? അതിനെപ്പറ്റി അങ്ങ് ഒന്നും പറഞ്ഞില്ല. അടുത്ത മൂന്നാം തീയതിവരെ പരാതി നൽകാൻ സമയമുണ്ട്. ഡെപ്യൂട്ടി കളക്ടർ (എൽ.എ)-ക്ക് പരാതി കിട്ടിയാൽ അതുമായി ബന്ധപ്പെട്ട കക്ഷികളോട് സംസാരിച്ച ശേഷമാണ് ചെയ്യേണ്ടത്. സോഷ്യൽ ഇംപാക്റ്റ് സ്റ്റഡി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണം. ഇതൊന്നും ചെയ്യാതെ യുദ്ധകാലാന്തരീക്ഷം സൃഷ്ടിച്ച് മീറ്റിംഗ് കൂടി പിറ്റേന്നുതന്നെ ഉദ്യോഗസ്ഥരെ അയയ്ക്കുകയാണ് ചെയ്തത്. നാഷണൽ ഹൈവേ അതോറിറ്റിയോട് പരാതിപ്പെടാനാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുന്നത്. ജില്ലാ കളക്ടർ നാഷണൽ ഹൈവേ അതോറിറ്റിയുടെ നിയന്ത്രണത്തിലല്ലല്ലോ. ജില്ലാ കളക്ടറും ജില്ലാ ഭരണകൂടവുമാണ് പ്രവർത്തിക്കേണ്ടത്. നാഷണൽ ഹൈവേയിൽ വളവോ തിരിവോ അശാസ്ത്രീയമാണെന്ന പരാതിയോ ഉണ്ടെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയിലാണോ പരാതി പറയേണ്ടത്? അതോ ജില്ലാ അഡ്മിനിസ്ട്രേഷനിൽ വന്ന് അപാകതകൾ തിരുത്താൻ ഗവൺമെന്റിനോടാണോ പറയേണ്ടത്? അതുംകൂടി ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഞങ്ങളാരും ഇതിന് എതിരല്ല. മലപ്പുറം ജില്ലയിൽ പ്രശ്നങ്ങളുണ്ടാകരുതെന്ന ആഗ്രഹമുണ്ട്. എം.എൽ.എ.-മാരെല്ലാവരും 45 മീറ്റർ വീതിയാക്കുന്നതിന് അനുകൂലമാണ്. ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അലൈൻമെന്റ് മാറ്റിയെന്ന്. അലൈൻമെന്റിന് തകരാറുണ്ടെങ്കിൽ മാറ്റണം. ഇപ്പോഴത്തെ അലൈൻമെന്റിന് തകരാറുണ്ടെങ്കിൽ അതും മാറ്റേണ്ടി വരും. ബഹുമാനപ്പെട്ട മന്ത്രി ജില്ലാ കളക്ടറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ച് നിജസ്ഥിതി മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടു പോകണം. 3-ാം തീയതി വരെ അളക്കുന്നതിനോ കുറ്റിയടിക്കുന്നതിനോ അധികാരമില്ല. അത് പരാതി കൊടുക്കാനുള്ള സമയമാണ്. അതുവരെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ജില്ലാ ഉദ്യോഗസ്ഥന്മാരെയും എം.എൽ.എ.-മാരെയും വിളിച്ച് യോഗം നടത്താനും തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ അലൈൻമെന്റ് പ്രകാരം ഒരു ആരാധനാലയവും പോകുകയില്ലെന്ന വ്യക്തമായ റിപ്പോർട്ട് വന്നിട്ടുണ്ട്. അത് പലതവണ ചർച്ച ചെയ്തതാണ്. അവർ കുറ്റിയടിക്കുന്നുണ്ടെങ്കിൽ അത്

നിയമപ്രകാരമാണ്. ഇപ്പോൾ ചെയ്തില്ലെങ്കിൽ കാലതാമസമുണ്ടാകും. ആക്ഷേപമുള്ളവർക്ക് ഇനിയും പരാതി നൽകാം. വേഗത കുറച്ചിട്ടില്ല. ഒരു വളവ് ഒഴികെ ബാക്കിയുള്ളവ ഇല്ലാതായി. ആ വളവിൽ മാത്രം വേഗത അല്പം കുറച്ചിട്ടുണ്ട്. ബാക്കിയെല്ലായിടത്തും വേഗത 100 കി.മീ. തന്നെ വച്ചിട്ടുണ്ട്. ഡിസൈനെല്ലാം കറക്ടാണ്. ആരാധനാലയമൊന്നും ഉൾപ്പെടുന്നില്ല, അതിന്റെ കാര്യത്തിൽ സമരമൊന്നും നടക്കുന്നില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതിന്റെ ഉദ്ദേശ്യശുദ്ധിയെ മാനിച്ചുകൊണ്ട് പറയുകയാണ് ഇവിടെ വികാരത്തിന്റെ പ്രശ്നമില്ല. സംസ്ഥാന ഗവൺമെന്റിന് സ്വന്തമായി ഇതിൽ ഒരു തീരുമാനവുമില്ല. കളക്ടറെ വിളിച്ച് ഞാൻ പറഞ്ഞാൽ നാളെ എന്റെ പേരിൽ വിജിലൻസ് കേസ് വരുമെന്ന് ഉറപ്പല്ലേ? അതൊക്കെ എനിക്കറിയാം. കളക്ടറൊന്നും ഞങ്ങളുടെ പോക്കറ്റിലല്ല. അങ്ങ് പറഞ്ഞതിൽ ബേസിക്കായ, കോൺസ്റ്റിറ്റ്യൂഷണലായ മിസ്റ്റേക്ക് ഉണ്ട്. ഇന്ത്യയിൽ എവിടെയാണെങ്കിലും കളക്ടർ സംസ്ഥാന ഗവൺമെന്റിന് കീഴിലാണെങ്കിലും IAS-ന് കേന്ദ്ര ഗവൺമെന്റിന്റെ കൺട്രോൾ കൂടിയുണ്ട്. അതെല്ലാം അങ്ങേയ്ക്ക് അറിയാം. ഞങ്ങൾക്ക് നേരിട്ട് വിളിച്ച് പറയാൻ കഴിയുകയില്ല. തുല്യമായി ഭൂമിയെടുക്കാമെന്നിരിക്കെ, ഒരുവശത്ത് മാത്രം സ്ഥലമെടുക്കുകയാണെങ്കിൽ പരാതി തന്നാൽ പരിഗണിക്കാവുന്നതേയുള്ളൂ, അതിൽ തർക്കമില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഐ.എ.എസ്.-കാരുടെ സർവ്വീസ് ചട്ടങ്ങൾ അഖിലേന്ത്യാ സർവ്വീസാണെന്നേയുള്ളൂ. കേരള ഗവൺമെന്റിനാണ് ഇവിടെ ജോലി ചെയ്യുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കൺട്രോൾ. സർവ്വീസ് കാര്യം മാത്രമേ അവിടെയുള്ളൂ. അല്ലാതെ ഒരു അധികാരവുമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതാണ് ശരി. ഐ.എ.എസ്.-ന്റെ ഈ പറഞ്ഞ പ്രശ്നമൊക്കെയുണ്ടെങ്കിലും കളക്ടർ സംസ്ഥാന ഗവൺമെന്റിനുകീഴിലുള്ള ഒരു പ്രധാന പോസ്റ്റ് തന്നെയാണ്. അനാവശ്യമായി ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ കേന്ദ്രം ശ്രമിക്കുന്ന കാലമാണിത്. തെറ്റിദ്ധാരണയ്ക്കിടയാക്കുന്ന ഒരു സ്റ്റേറ്റ്മെന്റാണ് അത്. കളക്ടർ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥനാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് സമ്മതിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ബേസിക്കായ കാര്യങ്ങൾ പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. യാതൊരു ദുരുദ്ദേശ്യവുമില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ നേരിട്ട് സംസാരിക്കാം. ഒരു കുഴപ്പവുമില്ല.

# IV സബ്മിഷൻ

## (1) ചോദ്യപേപ്പർ ചോർച്ച

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ഗവൺമെന്റ് വന്നശേഷം വിവിധ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ചോർന്ന് കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷമാണ് എസ്.എസ്.എൽ.സി. കണക്ക് പരീക്ഷ വീണ്ടും നടത്തേണ്ടിവന്നത്. അതുസംബന്ധിച്ച വിജിലൻസ് അന്വേഷണവും അലസിപ്പോയി. ആർക്കുമെതിരായി കേസ് രജിസ്റ്റർ ചെയ്തിട്ടുപോലുമില്ല. ചോദ്യകർത്താവിനും പരീക്ഷാ കമ്മിറ്റി ചെയർമാനുമെതിരായി പ്രഖ്യാപിച്ച വകുപ്പുതല നടപടി ചെറിയ ശിക്ഷയിൽ ഒതുങ്ങി, ഗൂഢാലോചന അന്വേഷിച്ചില്ല. ഇന്ന് ഞെട്ടിപ്പിക്കുന്ന വാർത്തയാണ് എല്ലാ മാധ്യമങ്ങളും കൊടുത്തിട്ടുള്ളത്. രണ്ടാംവർഷ ഹയർ സെക്കൻഡറി ഫിസിക്സ് ചോദ്യപേപ്പർ ചോർത്തി വാട്ട്സ്ആപ് വഴി പ്രചരിപ്പിച്ചതിനെത്തുടർന്ന് സൈബർ പോലീസ് കേസെടുത്തു. ചോദ്യപേപ്പർ ചോർന്നതായി തെളിഞ്ഞാൽ പരീക്ഷ റദ്ദാക്കുമെന്ന് ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് അറിയിച്ചിട്ടുണ്ട്. കുട്ടികളിൽ ഇത് വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. കഴിഞ്ഞ ബുധനാഴ്ചയാണ് ജില്ലാ കോ-ഓർഡിനേറ്റർക്ക് വാട്ട്സ്ആപ് വഴി ഫിസിക്സിന്റെ ചോദ്യപേപ്പർ ലഭിച്ചത്. ചോദ്യങ്ങൾ കൈകൊണ്ട് പകർത്തിയ നിലയിലാണ് വാട്ട്സ്ആപിൽ കിട്ടിയത്. അതോടൊപ്പം വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ ഈ മാസം 26-ാം തീയതി നടക്കേണ്ട അഗ്രികൾച്ചറൽ, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് എന്നീ വിഷയങ്ങളുടെ ചോദ്യപേപ്പർ ചോരുകയും അത് വ്യാപകമായി വാട്സ്ആപ്പിൽ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. വയനാട്, പാലക്കാട് ജില്ലകളിലെ രണ്ട് സ്കൂളുകളിൽ നിന്നാണ് ചോദ്യപേപ്പർ ചോർന്നത് എന്നാണ് മാധ്യമ റിപ്പോർട്ടുകളിൽനിന്ന് അറിയുന്നത്. സംഭവത്തിന് ഉത്തരവാദികളായ അഞ്ച് പേരെയും വിദ്യാഭ്യാസ വകുപ്പ് സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന വാർത്ത വന്നു. എന്നാൽ സസ്പെൻഡ് ചെയ്യപ്പെട്ടവരുടെ പേരുപോലും അതീവ രഹസ്യമാക്കി വച്ചിരിക്കുകയാണ്. ചോദ്യപേപ്പർ പായ്ക്കറ്റിന് മുകളിൽ കോഡ് തെറ്റായി രേഖപ്പെടുത്തിയതാണ് ചോർച്ചയ്ക്ക് കാരണമെന്നാണ് അറിയാൻ കഴിയുന്നത്. കോഡ് തെറ്റായി രേഖപ്പെടുത്തിയതുമൂലം പായ്ക്കറ്റ് മാറി പൊട്ടിച്ചുവെന്നതാണ് വിദ്യാഭ്യാസ വകുപ്പിന്റെ വിശദീകരണം. ഈ സർക്കാർ അധികാരത്തിലേറിയശേഷം എസ്.എസ്.എൽ.സി.-യുടെയും പ്ലസ് ടുവിന്റെയും ചോദ്യപേപ്പറുകൾ പലതവണ ചോർന്നു. ഇത്തരത്തിൽ നിരന്തരമായി ചോദ്യപേപ്പർ ചോരുമ്പോൾ പരീക്ഷാക്രമം തന്നെ താളംതെറ്റുകയും കുട്ടികൾ ബുദ്ധിമുട്ടിലാകുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ

വർഷം നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. കണക്ക് പരീക്ഷയിൽ ചോദ്യപേപ്പർ ചോർന്നപ്പോൾ ഒരു നടപടിയുമുണ്ടായില്ല. നിസ്സാരമായ വകുപ്പുതല അന്വേഷണത്തോടെ അത് അവസാനിച്ചു. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം അപമാനകരമാണ്. നിരന്തരമായി ചോദ്യപേപ്പർ ചോരുന്നത് കർശനമായി നിയന്ത്രിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഇതിന് ഉത്തരവാദികളായ ആളുകളുടെ പേരുകൾ പുറത്തുവിടണം. അവർക്കെതിരെ ശക്തമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):സർ, 22-3-2018-ന് രാവിലെ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്റർക്ക് ഫിസിക്സ് ചോദ്യങ്ങളടങ്ങിയ വാട്ട്സ്ആപ് സന്ദേശം ലഭിച്ചിരുന്നു. കൈകൊണ്ട് എഴുതി തയ്യാറാക്കിയ പ്രസ്തുത ചോദ്യങ്ങളിൽ ചിലത് 21-3-2018-ന് നടന്ന പ്ലസ് ടു ഫിസിക്സ് പരീക്ഷയുടെ ചോദ്യപേപ്പറിലെ ചില ചോദ്യങ്ങൾക്ക് സമാനമാണെന്ന വിധത്തിലാണ് സന്ദേശം ലഭിച്ചത്. ജില്ലാ കോ-ഓർഡിനേറ്റർ ഡയറക്ടറേറ്റിലേയ്ക്ക് വിവരം കൈമാറിയ ഉടൻ ഇക്കാര്യത്തിൽ പരിശോധന നടത്തുകയും കോ-ഓർഡിനേറ്റർ അയച്ചുതന്ന സന്ദേശത്തിലുൾപ്പെട്ട ചില ചോദ്യങ്ങൾ പ്ലസ് ടു ഫിസിക്സ് പരീക്ഷയുടെ ചോദ്യപേപ്പറുമായി സാമ്യമുള്ളതായി കണ്ടെത്തിയതിനാൽ വാട്ട്സ്ആപ് സന്ദേശത്തിന്റെ നിജസ്ഥിതി അറിയാനും സന്ദേശം പ്രചരിച്ചത് പരീക്ഷാ തീയതിക്ക് മുമ്പാണോ ശേഷമാണോയെന്ന് സ്ഥിരീകരിക്കുന്നതിനുമായി ഹയർ സെക്കൻഡറി ഡയറക്ടർ ഡി.ജി.പി.-ക്ക് പരാതി നൽകി. ഈ പരാതി പ്രകാരം തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിൽ ഐ.ടി. ആക്ട് 43 r/w 66, ഐ.പി.സി. 406 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 10/2018 ആയി കേസ് രജിസ്റ്റർചെയ്ത് സൈബർ പോലീസ് സ്റ്റേഷനിൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു. ചോർച്ച നടന്നതായി ഇതുവരെ സ്ഥിരീകരണമൊന്നും ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് മറച്ചുവയ്ക്കാൻ ഒന്നുമില്ല. ഏതെങ്കിലും തരത്തിലുള്ള പരാതി ലഭിക്കുന്നതിന് മുമ്പുതന്നെ കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണത്തിന് സ്വമേധയാ നടപടി സ്വീകരിക്കുകയായിരുന്നു. ചോദ്യപേപ്പർ ചോർന്നുവെന്ന പ്രചരണം നടക്കുന്നുണ്ട്. ചില ചോദ്യങ്ങളിൽ സമാനതകളുണ്ടായി എന്നതാണ് പ്രശ്നം. അതുതന്നെ പരീക്ഷയ്ക്ക് മുമ്പാണോ പിന്നീടാണോ എന്ന് തെളിഞ്ഞിട്ടുമില്ല. അന്വേഷണത്തിൽ വിവരം കൃത്യമായി ബോധ്യപ്പെട്ടശേഷം ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർക്കെതിരെ കർശനമായ നടപടിയുമായി മുന്നോട്ട് പോകുന്നതാണ്. പരീക്ഷകളുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാനാവശ്യമായ നടപടി സർക്കാർ

സ്വീകരിച്ചുവരുന്നു. 23-3-2017-ൽ നടന്ന എസ്.എസ്.എൽ.സി. ഗണിതശാസ്ത്ര പരീക്ഷയുടെ ചോദ്യപേപ്പറിൽ സമാനതകൾ കണ്ടെത്തിയെന്ന ആരോപണത്തിൽ സർക്കാർ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള വിജിലൻസ് അന്വേഷണം അന്തിമഘട്ടത്തിലാണ്. ഇവിടെയും ചോദ്യപേപ്പർ ചോർന്നതായി വിജിലൻസിന്റെ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(2) സ്പെഷ്യൽ റൂൾസ്

ശ്രീ. റ്റി. വി. രാജേഷ്: സർ, വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങൾക്കുള്ള സ്പെഷ്യൽ റൂൾസ് സംബന്ധിച്ചുള്ളതാണ് ഈ സബ്മിഷൻ. കേരളത്തിൽ നിലവിൽ 85 വകുപ്പുകളിലായി സ്പെഷ്യൽ റൂൾസ് അമെന്റ് ചെയ്യാത്തതുമൂലം നിയമനം നടക്കാത്ത സ്ഥിതിയുണ്ട്. പല തസ്തികകളിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടെങ്കിൽപ്പോലും സ്പെഷ്യൽ റൂൾസ് യഥാക്രമം തയ്യാറാക്കാത്തതുകൊണ്ട് നിയമന നടപടികൾ നീണ്ടുപോകുകയാണ്. 138-ഓളം തസ്തികകൾക്ക് സ്പെഷ്യൽ റൂൾസ് അടിയന്തരമായി തയ്യാറാക്കേണ്ടതുണ്ട്. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന മുറയ്ക്കുതന്നെ സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി തയ്യാറാക്കുന്നതിനാവശ്യമായ സംവിധാനംകൂടി ഒരുക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് വലിയ താല്പര്യമെടുത്തിട്ടുണ്ട്. 2017 ഒക്ടോബർ 7-ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാനായി സ്ഥാപനങ്ങൾ വളരെയധികം കാലതാമസം വരുത്തുന്നതായും ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും കാണിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ടെന്ന് അതിൽ പറയുന്നുണ്ട്. മേൽ സാഹചര്യത്തിൽ നിയമനം പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതിനായി വിശേഷാൽ ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) സമയബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുന്ന ഗവൺമെന്റ് ഓർഡറാണത്. ഈ ഓർഡർ ഒക്ടോബറിലാണ് പുറപ്പെടുവിച്ചതെങ്കിലും ഇപ്പോഴും ചില വകുപ്പുകൾ ഡ്രാഫ്റ്റ് മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. ഭിന്നശേഷിക്കാർക്ക് മൂന്ന് ശതമാനം സംവരണം ബാധകമാക്കുന്ന കാര്യത്തിൽ വ്യക്തത ലഭിക്കാത്തതിനാൽ പെൻഡിംഗിലുള്ള കേസുകളുമുണ്ട്. മറ്റ് ചിലത് കറക്ഷനുവേണ്ടി ഗവണമെന്റിലേക്ക് അയച്ചിരിക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുനൽകിയ വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ സ്പെഷ്യൽ റൂൾസ് എത്രയുംവേഗം രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് 2014-ൽതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി രൂപീകരിച്ച് ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കാനും 7-10-2017-ലെ സർക്കുലർ മുഖാന്തിരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് സമയബന്ധിതമായി രൂപീകരിക്കാനും നിലവിലുള്ളവയിൽ ആവശ്യമായ ഭേദഗതി വരുത്താനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ദിവസം ചട്ടങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രശ്നം ഞാൻ സഭയിൽ പ്രസ്താവിച്ചിരുന്നു. ചട്ടങ്ങളുടെ കാര്യമായാലും സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട കാര്യമായാലും ബന്ധപ്പെട്ടവരുടെ യോഗം അടിയന്തരമായി വിളിച്ചുചേർത്ത് അവലോകനം നടത്തുന്നതാണ്.

(3) സർക്കാർവക സ്ഥലം ഉപയോഗപ്പെടുത്തൽ

ശ്രീ. കെ. സി. ജോസഫ്: സർ, ഡൽഹിയിലെ സംസ്ഥാന ഗവൺമെന്റിന്റെ കേരളാ ഹൗസ് ക്യാമ്പസ് 2.4 ഏക്കർ, ട്രാവൻകൂർ ഹൗസ് 8 ഏക്കർ, കപൂർത്തല പ്ലോട്ട് 3.94 ഏക്കർ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കുന്നതിനായി അഡീഷണലായി ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, ബാങ്കറ്റ് ഹാൾ, കോൺഫറൻസ് ഫെസിലിറ്റി, ബിസിനസ് സെന്റർ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം. 23-2-2018-ലെ ജി.എ.ഡി. ഉത്തരവനുസരിച്ച് നിലവിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് ഡിമോളിഷ് ചെയ്യാൻ പോകുകയാണ്. കപൂർത്തല പ്ലോട്ടിൽ 56-ഉം ട്രാവൻകൂർ ഹൗസിൽ 24-ഉം കേരളാ ഹൗസിൽ 12-ഉം ക്വാർട്ടേഴ്സുകളാണുള്ളത്. നിലവിലുള്ള ക്വാർട്ടേഴ്സുകൾ ഡിമോളിഷ് ചെയ്തശേഷം 45 കി.മീ. അകലെയുള്ള നരേല, സിരാസ്പൂർ, രോഹിണി എന്നിവിടങ്ങളിൽ ഡൽഹി ഡെവലപ്മെന്റ് അതോറിറ്റി (ഡി.ഡി.എ.)-യുടെ ക്വാർട്ടേഴ്സ് വാങ്ങി ജീവനക്കാരെ താമസിപ്പിക്കാൻ പോകുകയാണ്. അതിന് കണക്കാക്കുന്ന ചെലവ് 35 കോടി രൂപയാണ്. ഒറിജിനൽ പ്ലാനിൽ കപൂർത്തല ഹൗസിലെ 50 സെന്റിൽ 100 ഫ്ലാറ്റുണ്ടാക്കാൻ അലോട്ട് ചെയ്തിരുന്നത് 15 കോടി രൂപയാണ്. ആ 15 കോടി രൂപയ്ക്ക് 100 ഫ്ലാറ്റ് അവിടെ നിർമ്മിക്കാൻ സാധിക്കും. അതിനുപകരം 35 കോടി രൂപ മുടക്കി ഡി.ഡി.എ.യുടെ ക്വാർട്ടേഴ്സ് വാങ്ങാൻ പോകുന്നത് ആരുടെ താല്പര്യം

സംരക്ഷിക്കാനാണ്? "കേരളാ ഹൗസ് ജീവനക്കാരെ ഒഴിപ്പിക്കുന്നു; ഫ്ലാറ്റുകൾ വാഗ്ദാനം ചെയ്തതിൽ അഴിമതിയെന്ന് ആരോപണം" -വാർത്ത വന്നതാണ്. ഞാൻ അഴിമതി ആരോപണം ഉന്നയിക്കുന്നില്ല. അങ്ങ് ഇത് പരിശോധിക്കണം. നമ്മുടെ ജീവനക്കാരല്ലേ, അവരുടെ മക്കൾ പഠിക്കുന്നത് കപൂർത്തല ഹൗസിന്റെയും കേരളാ ഹൗസിന്റെയും ക്യാമ്പസിനടുത്തുള്ള കേരളാ സ്കൂളിലാണ്. അവരെ ദൂരെക്കൊണ്ടുപോയി താമസിപ്പിച്ചാൽ കുട്ടികൾ എങ്ങനെയാണ് സ്കൂളിൽ പോകുന്നത്? സംസ്ഥാന ഗവൺമെന്റ് ഒരു നല്ല എംപ്ലോയർ ആയിരിക്കണം. കോർപ്പറേറ്റ് കമ്പനിയെപ്പോലെ സ്വന്തം ജീവനക്കാരെ ദ്രോഹിക്കാൻ പാടില്ല. കപൂർത്തല ഹൗസ് ക്യാമ്പസിന് 4 ഏക്കറും ട്രാവൻകൂർ ഹൗസിന് 8 ഏക്കറുമുണ്ട്. അവിടെ 50 സെന്റ് മാറ്റിവച്ച് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് പകരം ഇവരെ ഡി.ഡി.എ.യുടെ ഉപയോഗയോഗ്യമല്ലാത്ത ഫ്ലാറ്റിലേയ്ക്ക് മാറ്റാൻ പോകുന്നത് ക്രൂരതയാണ്. അങ്ങാണ് നമ്മുടെ ജീവനക്കാരുടെ താല്പര്യം സംരക്ഷിക്കേണ്ടത്. അവർ ഫാമിലിയായി താമസിക്കുന്നവരാണ്. ഡി.ഡി.എ. ക്വാർട്ടേഴ്സിൽ സിംഗിൾ ബെഡ്റൂമാണുള്ളത്. അതിൽ പ്രായപൂർത്തിയായ പെൺമക്കളുള്ള ഫാമിലിക്ക് താമസിക്കാൻ സാധിക്കുമോ? അതുകൊണ്ട് അവർക്ക് രണ്ട് ബെഡ്റൂമുള്ള ഫ്ലാറ്റെങ്കിലും നിർമ്മിക്കണം. അതിനുവേണ്ടി 15 കോടി രൂപ മതിയാകും. 35 കോടി രൂപ ചെലവാക്കി ഡി.ഡി.എ.-യുടെ ഫ്ലാറ്റ് വാങ്ങാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഡൽഹിയിലെ സൗകര്യങ്ങളെപ്പറ്റി നമ്മൾ കുറേക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണ്. പണ്ട് ഞാൻ എം.എൽ.എ. ആയിരുന്നപ്പോഴും ഈ പ്രശ്നം ചർച്ച ചെയ്തത് കേട്ടിട്ടുണ്ട്. ന്യൂഡൽഹിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ സമഗ്ര വികസനത്തിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിലവിലുള്ള ട്രാവൻകൂർ പാലസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായിവരുന്നു. കേരളത്തിന്റെ സാംസ്കാരികത്തനിമ നിലനിർത്തുന്ന ഒരു സമുച്ചയമായി ഈ കെട്ടിടത്തെ വികസിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ആർട്ട് ഗ്യാലറി, മ്യൂസിയം, ലൈബ്രറി, ഓഡിറ്റോറിയം, വിവിധ ഓഫീസുകൾ, എക്സിബിഷൻ ഹാൾ തുടങ്ങിയവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ആയുർവ്വേദ ആശുപത്രി, പഠന കേന്ദ്രം എന്നിവയുൾപ്പെടെയുള്ള ഹബ്ബായി കപൂർത്തല പ്ലോട്ടിനെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള ഹൗസ് കോമ്പൗണ്ടിൽ 150 മുറികൾ, ഡോർമെറ്ററികൾ, കോൺഫറൻസ് ഹാളുകൾ, ബിസിനസ് സെന്റർ എന്നിവയോടുകൂടിയ അതിഥി മന്ദിരം നിർമ്മിക്കാനും ഉദ്ദേശിക്കുന്നു. കേരളാ ഹൗസ് ജീവനക്കാരുടെ താമസ

സൗകര്യത്തിനായി ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ വാങ്ങി ക്വാർട്ടേഴ്സായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിഥി മന്ദിരത്തിന്റെ നടത്തിപ്പിനാവശ്യമായ അവശ്യ ജീവനക്കാർക്ക് അതിഥി മന്ദിരത്തിന് സമീപംതന്നെ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതാണ്. പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളപ്പിറവി ദിനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കപൂർത്തല പ്ലോട്ടിൽ 15 കോടി രൂപ ചെലവഴിച്ചുകൊണ്ട് ജീവനക്കാർക്ക് ഫ്ലാറ്റ് നിർമ്മിക്കാമെന്നിരിക്കെ 35 കോടി രൂപയ്ക്ക് ഫ്ലാറ്റ് വാങ്ങാൻ പോകുന്നതായി അറിയുന്നു. അക്കാര്യം പരിശോധിക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ അങ്ങ് പ്രകടിപ്പിക്കുന്നതു പോലെയുള്ള ഒരു ആശങ്കയും വേണ്ട. ഡൽഹിയിൽ നല്ല യാത്രാസൗകര്യമുണ്ട്. മെട്രോ സ്റ്റേഷന്റെ അടുത്താണ് ഈ ഫ്ലാറ്റ്. അവിടെ നിന്ന് മെട്രോയിൽ കയറിയാൽ ഇവിടെ വന്ന് ഇറങ്ങാൻ സാധിക്കും. ഒരു പ്രയാസവും അവർക്കുണ്ടാകില്ല.

### (4) <u>അണകെട്ടുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ചിറ്റൂർ-കൊല്ലങ്കോട് പ്രദേശത്ത് പത്ത് ദിവസം കഴിഞ്ഞാൽ കുടിക്കാനുള്ള വെള്ളംപോലും കിട്ടില്ല. ഇപ്പോൾ അവിടെ ലോറിയിലാണ് വെള്ളം വിതരണം ചെയ്യുന്നത്. അതിനുള്ള സോഴ്സ് പോലുമില്ലാതാകുന്ന ഒരു അവസ്ഥയാണ് തമിഴ്നാടിന്റെ പ്രവൃത്തിമൂലം ഉണ്ടാകാൻ പോകുന്നത്. പറമ്പിക്കുളം കരാർ പ്രകാരം അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ കേരളത്തിന് അവകാശപ്പെട്ടതാണ്. ഞാൻ ഇതുസംബന്ധിച്ച് 2017-ൽ അങ്ങേയ്ക്ക് ഒരു കത്ത് നൽകിയിരുന്നു. അതിൽ പറഞ്ഞിരുന്ന ആറോളം കാര്യങ്ങൾ ചെയ്തു. ഇപ്പോൾ അവർ അവിടെ പുതിയൊരു ഡാം കെട്ടിക്കൊണ്ടിരിക്കുകയാണ്, അതിന്റെ ഫോട്ടോ അങ്ങയുടെ കയ്യിൽ എത്തിച്ചിട്ടുണ്ട്. ആ ഡാം കെട്ടി അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ മുഴുവൻ അവർ കൊണ്ടുപോയാൽ ഭാരതപ്പുഴയുടെ ഒഴുക്കുതന്നെ നിൽക്കും, അതൊരു പുഴയല്ലാത്ത അവസ്ഥയുണ്ടാകും. മേയ് 15 വരെ 200 ക്യുസെക്സ് വെള്ളമെങ്കിലും കിട്ടിയില്ലെങ്കിൽ നെന്മാറ, കൊല്ലങ്കോട്, പട്ടാമ്പി എന്നിവിടങ്ങളിലൊക്കെ ബുദ്ധിമുട്ടുണ്ടാകും. JWRD ബോർഡിലെ നമ്മുടെ ഉദ്യോഗസ്ഥരെ ശക്തമായ നടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തിയാൽ തീർച്ചയായും കരാർ പ്രകാരമുള്ള വെള്ളം നേടിയെടുക്കാനുള്ള എല്ലാ സാധ്യതകളുമുണ്ട്. അവരുടെ വെള്ളമൊന്നും നമുക്കാവശ്യമില്ല. നമ്മളാണെങ്കിൽ ധാരാളം വെള്ളം കൊടുക്കുന്നുമുണ്ട്. കാവേരിയിൽ നിന്ന് 147 ടി.എം.സി. വെള്ളം

കൊടുക്കുന്നു. കൂടാതെ മുല്ലപ്പെരിയാർ, പറമ്പിക്കുളം, ശിരുവാണി എന്നിവയിൽ നിന്നും വെള്ളം കൊടുക്കുന്നുണ്ട്. എന്നിട്ടും ഷോളയാറിലേയ്ക്ക് 12.25-ഉം പാലക്കാടിലേയ്ക്ക് 7.25-ഉം മാത്രമാണ് നമുക്ക് തരുന്നത്. നമ്മൾ ഒന്നും ചെയ്യുകയില്ലെന്ന ധാരണ അവരുടെ മനസ്സിലുണ്ട്. അതുകൊണ്ടാണ് തമിഴ്നാട് ഇത്രയും ധിക്കാരപരമായ നടപടി സ്വീകരിക്കുന്നത്. അതുകൊണ്ട് എഗ്രിമെന്റ് പ്രകാരമുള്ള വെള്ളം നേടിയെടുക്കാനുള്ള പരിപൂർണ്ണമായ ചുമതല JWRD ബോർഡിലെ ഉദ്യോഗസ്ഥർക്ക് നൽകണം. അവർ ചുമതലയെടുത്തില്ലെങ്കിൽ നടപടിയെടുക്കുമെന്ന രീതിയിലുള്ള നിർദ്ദേശം വന്നാൽ തീർച്ചയായും അത് നേടിയെടുക്കാൻ സാധിക്കും. അതിൽ ശക്തമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അതീവ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ഭാരതപ്പുഴയുടെ പോഷകനദിയായ നല്ലാറിനു കുറുകെ തമിഴ്നാട് പുതിയ തടയണ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്നും പ്രവൃത്തിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും തമിഴ്നാടിനോട് ആവശ്യപ്പെട്ടെങ്കിലും അതിന് അവർ തയ്യാറായിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം കൃത്യമായ അളവിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഫെബ്രുവരി 8, 12 തീയതികളിൽ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. പാലക്കാട് ജില്ലയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമവും വരൾച്ചമൂലം കർഷകർ നേരിടുന്ന ഗുരുതരമായ പ്രശ്നവും കത്തിൽ സൂചിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് 26-2-2018-ന് നടന്ന ഉദ്യോഗസ്ഥതല ചർച്ചയിൽ മണക്കടവ് വിയറിൽ മാർച്ച് 1 വരെ 400 ക്യൂസെക്സ്, മാർച്ച് 15 വരെ 300 ക്യൂസെക്സ് എന്ന അളവിൽ ജലം നൽകാമെന്നും അതിനുശേഷമുള്ള ജലവിതരണം തുടർന്നുള്ള ഉദ്യോഗസ്ഥതല ചർച്ചകൾക്കുശേഷം നിശ്ചയിക്കാമെന്നും തമിഴ്നാടുമായി ധാരണയായി. എന്നാൽ ധാരണപ്രകാരമുള്ള ജലം ലഭ്യമാകാതെ വന്നപ്പോൾ വീണ്ടും ഇടപെട്ടതിനെത്തുടർന്ന് ഏറെക്കുറെ കൃത്യമായി ജലം ലഭിച്ചെങ്കിലും മാർച്ച് 15-ലെ കണക്ക് പ്രകാരം 500 ദശലക്ഷം ഘന അടിയുടെ കുറവ് വന്നിട്ടുണ്ട്. ഈ കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ട് മാർച്ച് 16 മുതൽ 31 വരെ 200 ക്യൂസെക്സും അതിനുശേഷം മേയ് 15 വരെ 100 ക്യൂസെക്സും ജലം മണക്കടവ് വിയറിൽ ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് തമിഴ്നാട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തീരുമാനത്തിലെത്താൻ ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെള്ളം നേടിയെടുക്കാനുള്ള ശക്തമായ നടപടിയുണ്ടാകണം.

ശ്രീ. പിണറായി വിജയൻ: സർ, അത്തരം നടപടിയാണ് ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. അത് ത്വരിതപ്പെടുത്തുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(5) ബാലനീതി നിയമം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ ശിശു സംരക്ഷണ കേന്ദ്രങ്ങൾ മാർച്ച് 31-നകം ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തില്ലെങ്കിൽ അടച്ചുപൂട്ടുമെന്ന ഭീഷണിയിലാണ്. അമ്പതിനായിരത്തിലധികം കുട്ടികളാണ് ഈ ബാലസംരക്ഷണ കേന്ദ്രങ്ങളിൽ ഇന്ന് താമസിക്കുന്നത്. സുപ്രീം കോടതി വിധിയെ തുടർന്നാണ് കേന്ദ്രഗവൺമെന്റ് പുതിയ നിബന്ധനകൾ നിഷ്കർഷിച്ചത്. നൂറ് കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് മൂന്ന് ലക്ഷത്തിലധികം രൂപയുടെ ചെലവ് വരും. കേരളത്തിലെ പല ശിശുസംരക്ഷണ കേന്ദ്രങ്ങൾക്കും രജിസ്ട്രേഷൻ പുതുക്കി നൽകാൻ തയ്യാറാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അവ പലതും അടച്ചുപൂട്ടുകയാണ്. ഇത്തരം സ്ഥാപനങ്ങളിലെ അനാഥ കുട്ടികൾ എവിടെ പോകും? ഇത് കേരളത്തിനുമുന്നിൽ വലിയൊരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. ഇക്കാര്യത്തിൽ എന്ത് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; ഈ കുട്ടികളെ സംരക്ഷിക്കാനും പാർപ്പിക്കാനുമുള്ള ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയുമോ? വളരെ അടിയന്തരമായി ഇതിന് പരിഹാരം കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബാലനീതി നിയമം 2015, സെക്ഷൻ 41 പ്രകാരം ആറ് മാസത്തിനകം രാജ്യത്തെ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളും നിർബന്ധമായി രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. നിയമത്തിൽ തന്നെ അങ്ങനെ നിബന്ധനയുണ്ട്. Children in conflict with law and children in need of care and protection എന്ന വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. ഈ വ്യവസ്ഥ പാലിക്കാത്ത സ്ഥാപന അധികൃതർക്ക് ഒരു വർഷത്തെ തടവോ ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണെന്നും 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ 42-ാം വകുപ്പിൽ പറയുന്നുണ്ട്. ഈ വ്യവസ്ഥയിൽനിന്ന് തങ്ങളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർചെയ്ത നിരവധി സ്ഥാപനങ്ങൾ സുപ്രീം കോടതിയെ

സമീപിച്ചതിനെത്തുടർന്ന് രജിസ്ട്രേഷൻ നടപടികൾക്ക് സുപ്രീം കോടതി താൽക്കാലിക സ്റ്റേ അനുവദിച്ചിരുന്നു. നിരന്തരമായി ആ സ്റ്റേ പുതുക്കിക്കൊണ്ടാണ് അടുത്ത കാലംവരെ നിലനിന്നിരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു കേസ് വന്നതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതി ഉത്തരവനുസരിച്ച് എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. സുപ്രീം കോടതി വിധിയനുസരിച്ച് സർക്കാർ പത്രപ്പരസ്യം നൽകിയെങ്കിലും വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചത്. ഇതിനിടെ സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഒരു വിധി പുറപ്പെടുവിക്കുകയുണ്ടായി. സുപ്രീം കോടതിയുടെ വിധിയുമായി ചേർന്നുപോകുന്നതാണെങ്കിലും ഹൈക്കോടതി വിധിയിലെ ചില പരാമർശങ്ങൾ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഇളവ് നൽകുമോ എന്ന സംശയം തോന്നുന്ന തരത്തിലുള്ളതായിരുന്നു. പക്ഷേ, ഹൈക്കോടതി വിധിയിലും സുപ്രീം കോടതി വിധിയനുസരിച്ചുതന്നെ എല്ലാ സ്ഥാപനങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് പ്രത്യേകം സൂചിപ്പിച്ചിരുന്നു. അതോടൊപ്പം ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്ന വിഭാഗത്തിൽ യത്തീംഖാനകൾ പോലുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്താൻ കഴിയില്ലെന്ന പരാമർശവും ഉണ്ടായിരുന്നു. രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളുടെ സ്വത്ത് സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കുകയില്ലെന്നും അവിടെയുള്ള കുട്ടികളെ മാത്രം ഏറ്റെടുത്ത് ബാലനീതി നിയമം, മാതൃകാ ചട്ടങ്ങൾ എന്നിവ നിഷ്കർഷിക്കുന്ന സൗകര്യങ്ങളുള്ള സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ മാനേജ്മെന്റിൽ ഇടപെടാൻ സർക്കാരിന് കഴിയുകയില്ലെന്നും ഹൈക്കോടതി വിധിയിലുണ്ട്.

മി. സ്പീക്കർ: ദീർഘമായ മറുപടിയാണെങ്കിൽ മേശപ്പുറത്ത് വച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സുപ്രീം കോടതി വിധിയനുസരിച്ച് ഈ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ നിവൃത്തിയില്ലെന്ന സ്ഥിതിയാണിപ്പോൾ. ഇതുസംബന്ധിച്ച് ഗവൺമെന്റിന് സുപ്രീം കോടതിയിൽ ഒരു സത്യവാങ്മൂലം നൽകേണ്ടിവന്നു. ഹൈക്കോടതി വിധി വന്നപ്പോഴുണ്ടായ ചില സംശയനിവാരണത്തിന് സമയം ആവശ്യമായി വന്നതുകൊണ്ട് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്ക് ആറ് മാസത്തെ സമയംകൂടി അനുവദിച്ചുതരണമെന്ന് ആവശ്യപ്പെട്ടെങ്കിലും സുപ്രീം കോടതി അതിന് തയ്യാറായില്ല. പകരം മാർച്ച് 31-നകം എല്ലാ സ്ഥാപനങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നും മേയ് 31-നകം സംസ്ഥാനത്തെ മുഴുവൻ സ്ഥാപനങ്ങളുടെയും ഡാറ്റാ ബേസ് സുപ്രീം

കോടതി മുമ്പാകെ ഹാജരാക്കണമെന്നുമുള്ള നിർദ്ദേശമാണ് ഗവൺമെന്റിന് കിട്ടിയത്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 1165 സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സുപ്രീം കോടതിയുടെയും ജൂവനൈൽ ജസ്റ്റിസ് ആക്ടിലെയും നിർദ്ദേശങ്ങൾ പാലിക്കാനോ രജിസ്ട്രേഷൻ പുതുക്കാനോ കഴിയുകയില്ലെന്നും ക്ലോസ് ഡൗൺ ചെയ്യുകയാണെന്നും പറഞ്ഞ് 165 സ്ഥാപനങ്ങൾ പോയിട്ടുണ്ട്. ബാലനീതി നിയമത്തിലെ മാതൃകാചട്ടം അനുസരിക്കാനും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനും കഴിയുകയില്ല എന്നുപറഞ്ഞാണ് അവർ സ്ഥാപനങ്ങൾ പൂട്ടാൻ ആവശ്യപ്പെട്ടത്. 1165 സ്ഥാപനങ്ങളിൽ 560 സ്ഥാപനങ്ങൾക്ക് ഇതിനകം രജിസ്ട്രേഷൻ നൽകിക്കഴിഞ്ഞു. രജിസ്റ്റർ ചെയ്യാൻ ഇനി ബാക്കിയുള്ളത് 441 സ്ഥാപനങ്ങളാണ്. നേരത്തെ പൂട്ടിപ്പോയ 165 സ്ഥാപനങ്ങളിലെ കുട്ടികളിൽ രക്ഷിതാക്കളുള്ളവരെ ഏറ്റെടുക്കണമെന്ന് സാമൂഹ്യനീതി വകുപ്പ് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. രക്ഷിതാക്കളില്ലാത്ത കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ ഹോമുകളിൽ പാർപ്പിച്ച് സംരക്ഷിക്കുന്നുണ്ട്. ഇപ്പോൾ ചില സ്ഥാപനങ്ങൾ അപേക്ഷ നൽകുന്നുണ്ട്. മാർച്ച് 31-ഓടുകൂടി മഹാഭൂരിപക്ഷം സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുമെന്നാണ് കരുതുന്നത്. അവർക്ക് ജൂവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം വന്നാൽ അത് ഗവൺമെന്റ് ചർച്ചചെയ്ത് പരിഹരിക്കുമെന്നാണ് പറയാനുള്ളത്.

11.00 AM]

### (6) ബദൽ റോഡ് നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തെ പ്രധാന ആദിവാസി മേഖലകളിലൊന്നായ അട്ടപ്പാടിയിലേയ്ക്ക് നിലവിലുള്ള ചുരം റോഡിന് പുറമെ ഒരു ബദൽ റോഡുകൂടി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ. കിഫ്ബിയിൽ ഉൾപ്പെടുത്തി നിലവിലുള്ള ചുരം റോഡിന് 80 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇത് അടിയന്തരമായി പൂർത്തീകരിക്കണം. അതോടൊപ്പം അട്ടപ്പാടിയിലേയ്ക്ക് മറ്റൊരു പുതിയ റോഡുകൂടി ആവശ്യമാണ്. അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും ആവശ്യങ്ങളും ഉയർന്നിട്ട് വർഷങ്ങളായി. അട്ടപ്പാടി ബദൽ റോഡ് എന്ന പേരിൽ വന്നിട്ടുള്ള ഒരു ആശയമാണിത്. ഈ റോഡ് അഗളി, കാരറ, മുണ്ടമ്പാറ, പാറവളവ്, കുറുക്കംകുണ്ട്, പൂഞ്ചോല, കാഞ്ഞിരം വഴി മണ്ണാർക്കാട്-പാലക്കാട് റോഡിലെ ചിറക്കൽപ്പടിയിൽ എത്തിച്ചേരുന്നതാണ്. ഈ റോഡ് നിലവിൽവരുന്നത് അട്ടപ്പാടിയുടെ വികസനത്തിന് വളരെയേറെ

സഹായകരമായിരിക്കും. ഇപ്പോൾ നിലവിലുള്ള റോഡിൽ മരം വീഴുകയോ ഉരുൾ പൊട്ടുകയോ ചെയ്ത് തടസ്സമുണ്ടായാൽ അട്ടപ്പാടിയിലുള്ളവർക്ക് മണ്ണാർക്കാട് എത്തണമെങ്കിൽ കോയമ്പത്തൂർ-പാലക്കാട് വഴി 200 കിലോമീറ്റർ സഞ്ചരിക്കേണ്ട ദുരവസ്ഥയാണുള്ളത്. ഇക്കഴിഞ്ഞ വർഷകാലത്ത് അങ്ങനെയൊരു സാഹചര്യമുണ്ടായി. ഞാൻ ഉൾപ്പെടെ അന്ന് അട്ടപ്പാടിയിലെത്താൻ പാലക്കാട് വഴി 200 കിലോമീറ്റർ യാത്ര ചെയ്താണ് പോയത്. പുതിയ റോഡ് നിലവിൽ വന്നാൽ അട്ടപ്പാടിയുടെ വികസനത്തിനും ആദിവാസി സമൂഹത്തിന്റെ അഭിവൃദ്ധിക്കുമുള്ള പ്രധാനപ്രവൃത്തിയായി മാറും. ഈ റോഡിന്റെ കുറച്ചുഭാഗം വനം വകുപ്പിന്റെ അധീനതയിലുള്ളതാണ്. അത് വലിയ കാടല്ല, പുൽമേടുകളാണ്. ഇതിന് കേന്ദ്രത്തിൽനിന്ന് പ്രത്യേക അനുമതി വാങ്ങേണ്ടിവരും. അത് വാങ്ങി ഈ റോഡ് നിലവിൽവന്നാൽ ദൂരം കുറയ്ക്കാൻ കഴിയും. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പും സർക്കാരും പ്രത്യേക താല്പര്യമെടുക്കണം. ഈ വിഷയം സംബന്ധിച്ച് 2013-ൽ ഞാൻ ഈ സഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നിരുന്നു. അന്നത്തെ സർക്കാർ അത് തത്വത്തിൽ അംഗീകരിക്കുകയും സാധ്യതാ പഠനം നടത്തുന്നതിന് 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാമെന്ന് അന്നത്തെ മന്ത്രി പറയുകയും ചെയ്തിരുന്നതാണ്. അട്ടപ്പാടി ബദൽ റോഡ് എന്ന ആശയം ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ കയ്യിലുണ്ട്. ഒറ്റ റോഡുകൊണ്ട് ബുദ്ധിമുട്ടുന്ന അട്ടപ്പാടിക്ക് ഇതിലൂടെ വലിയ വികസനം ഉണ്ടാക്കാവുന്നതാണ്. അതുകൊണ്ട് ബദൽ റോഡ് എന്ന ആശയം നടപ്പിലാക്കുന്നതിന് ശക്തമായി ശ്രമിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ് .

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച സബ്മിഷൻ 52.692 കിലോമീറ്റർ നീളമുള്ള മണ്ണാർക്കാട്-ചിന്നതടാകം റോഡിനെ സംബന്ധിച്ചുള്ളതാണ്. കോഴിക്കോട്-പാലക്കാട് ദേശീയപാതയിൽ മണ്ണാർക്കാടിന് സമീപമുള്ള നെല്ലിപ്പുഴയിൽ നിന്നാണ് ഇത് ആരംഭിക്കുന്നത്. ആനമൂളി-മുക്കാലി-കൽക്കണ്ടി-താവളം-അഗളി-കോട്ടത്തറവഴി ആനക്കട്ടിയിലാണ് ഇത് അവസാനിക്കുന്നത്. മണ്ണാർക്കാടിനെ അട്ടപ്പാടിയുമായി ബന്ധിപ്പിക്കുന്ന ഏക റോഡാണിത്. ഇത് നവീകരിക്കാനായി 2017-18-ലെ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് വച്ചുകൊണ്ട് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ റോഡ് അട്ടപ്പാടി മേഖലയിലെ ചുരം ഭാഗത്തുകൂടിയാണ്

കടന്നുപോകുന്നത്. പ്രസ്തുത റോഡിൽ 14 ഹെയർപിൻ വളവുകളും മറ്റനവധി വളവുകളുമുണ്ട്. വർഷകാലത്തെ പ്രകൃതിക്ഷോഭംമൂലം ഈ റോഡ് പൂർണ്ണമായോ ഭാഗികമായോ ഒലിച്ചുപോകുന്നത് സർവ്വസാധാരണമാണ്. അതുകൊണ്ട് ഈ റോഡിന്റെ പുനർനിർമ്മാണം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള ശാശ്വത പരിഹാരം കൂടിയാണ് മേൽപ്പറഞ്ഞ ബദൽ റോഡ്. നിർദ്ദിഷ്ട റോഡ് കോഴിക്കോട്-പാലക്കാട് റോഡിലെ ചിറക്കൽപ്പടിയിൽനിന്നും ആരംഭിച്ച് കാഞ്ഞിരം-പൂഞ്ചോല-പാറവളവ്-മുണ്ടമ്പാറ-കാരറ-പുലിക്കടവ് വഴി അഗളിയിലാണ് എത്തുന്നത്. ബദൽ പാതയ്ക്ക് 29 കിലോമീറ്ററാണ് ദൈർഘ്യം. ഈ പാതയിൽ ചിറയ്ക്കൽപ്പടി മുതൽ പൂഞ്ചോല വരെയുള്ള ആദ്യഭാഗവും പാറവളവ് മുതൽ അഗളി വരെയുള്ള അവസാന ഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണ്. എന്നാൽ പൂഞ്ചോല മുതൽ പാറവളവ് വരെയുള്ള 5 കിലോമീറ്റർ വരുന്ന മദ്ധ്യഭാഗത്ത് രണ്ടര കിലോമീറ്റർ ദൂരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ബാക്കി രണ്ടര കിലോമീറ്റർ ദൂരം വനം വകുപ്പിന്റെയും അധീനതയിലാണ്. വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്തെ റോഡ് നിർമ്മിക്കാൻ അവരുടെ അനുവാദം ആവശ്യമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടാൽ അവരുടെ അധീനതയിലുള്ള ഭാഗം വിട്ടുതരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വനം വകുപ്പിന്റെ അധീനതയിലുള്ളത് രണ്ടര കിലോമീറ്റർ അല്ല ആറ് കിലോമീറ്റർ വനപ്രദേശമാണെന്ന അവകാശവാദമാണ് അവർ ഇപ്പോൾ ഉന്നയിക്കുന്നത്. അതിൽ പൂഞ്ചോലയ്ക്കടുത്ത് പത്താം ബ്ലോക്ക് മുതൽ ഓടക്കുന്ന് വരെയുള്ള ഏകദേശം നാല് കിലോമീറ്റർ നിബിഢമായ നിത്യഹരിത വനമാണെന്നും വനം വകുപ്പ് അറിയിച്ചിരിക്കുകയാണ്. ഈ റോഡ് നിർമ്മിക്കുകയാണെങ്കിൽ ജൈവ സന്തുലിതാവസ്ഥ തകിടം മറിയുമെന്നാണ് വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരിക്കുന്നത്. എന്നാൽ ബദൽ റോഡ് നിർമ്മാണം പ്രാവർത്തിക മാക്കിയാൽ നിലവിലുള്ള ചുരം റോഡിൽ ഗതാഗതം തടസ്സപ്പെടുന്ന സന്ദർഭങ്ങളിൽ വാഹനങ്ങൾ വഴിതിരിച്ച് വിടുന്നതിനും ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിനും സാധിക്കുന്നതാണ്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന് ചെലവായ 61 ലക്ഷം രൂപ 2013-ൽ അനുവദിച്ചെങ്കിലും അത് നടപ്പാക്കാത്തതിനാൽ പണം കാലഹരണപ്പെടുകയാണ് ചെയ്തത്. വനം വകുപ്പിന്റെ കീഴിലുള്ള ഭാഗം സർവ്വേ നടത്തുന്നതിനായി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പാലക്കാട് റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗം കത്ത് നൽകിയിട്ടുണ്ട്. വനം വകുപ്പിന്റെ അനുവാദം ലഭിച്ചാലുടനെ നടപടി ആരംഭിക്കാവുന്നതാണ്.

## (7) മെഡിക്കൽ ക്യാമ്പ്

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമ്മുടെ സംസ്ഥാനത്ത് 12.38 ശതമാനം വയോജനങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ത്രിതല പഞ്ചായത്തുകളുടെ വികസന ഫണ്ടിൽനിന്നും 5 ശതമാനം തുക വൃദ്ധർക്കായി നീക്കിവയ്ക്കണം എന്നാണ് വൃദ്ധനയം സൂചിപ്പിക്കുന്നത്. എന്നാൽ പാലിയേറ്റീവ് കെയർ, രോഗികൾ, വയോജനങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയാണ് ഇന്ന് 5 ശതമാനം പ്രയോജനപ്പെടുത്തുന്നത്. ഇത് അപര്യാപ്തമാണ്. വൃദ്ധ ജനസംഖ്യ വളരെക്കൂടുതലുള്ള ഒരു സംസ്ഥാനത്ത് അവർക്ക് അർഹമായ പരിഗണന നൽകേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവുപ്രകാരം ഊരുകൂട്ടങ്ങളിലും അടിയന്തര സാഹചര്യത്തിലും മാത്രമേ മെഡിക്കൽ ക്യാമ്പ് നടത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതിയുള്ളൂ. ഈ ഉത്തരവ് നിലനില്ക്കുന്നതുമൂലം ത്രിതല പഞ്ചായത്തുകൾക്ക് വയോജനങ്ങൾക്കുവേണ്ടി മെഡിക്കൽ ക്യാമ്പുകൾപോലും നടത്താൻ സാധിക്കുന്നില്ല. ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെകീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ മാസത്തിലൊരിക്കൽ അങ്കണവാടികൾ കേന്ദ്രീകരിച്ച് അങ്കണവാടി വർക്കേഴ്സിന്റെയും ഹെൽപ്പർമാരുടെയും സഹായത്തോടെ വയോജനങ്ങൾക്കായി 'സൗഹൃദ സായാഹ്നം' എന്ന പേരിൽ ഒരു സംഗമം നടത്തുന്നുണ്ട്. ഈ സംഗമത്തിൽ 60 വയസ്സുമുതൽ 100 വയസ്സുവരെ പ്രായമുള്ളവർ പങ്കെടുക്കുന്നു. മാസത്തിലൊരിക്കൽ ഒത്തുകൂടുന്ന വയോജനങ്ങൾക്ക് അവരുടെ മാനസികോല്ലാസത്തിന് ഉതകുന്ന കലാപരിപാടികൾ സംഘടിപ്പിക്കുകയും അവരെ അതിൽ പങ്കാളികളാക്കുകയും ചെയ്യുന്ന നല്ലൊരു പദ്ധതിയാണിത്. കഴിഞ്ഞ നാലുവർഷമായി ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 പഞ്ചായത്തുകളിൽ വയോജനങ്ങൾക്കുവേണ്ടി ഈ പദ്ധതി നടപ്പാക്കിവരുന്നു. ഇപ്രകാരം 'സൗഹൃദ സായാഹ്നം' പദ്ധതിയിൽ പങ്കുചേരുന്നവരുടെ പ്രധാന ആവശ്യം സംഗമദിവസം തന്നെ ഒരു ആയുർവ്വേദ ക്യാമ്പ് നടത്തി ആയുർവ്വേദ ലേപനങ്ങളടക്കമുള്ള മരുന്നുകൾ ലഭ്യമാക്കിയിരുന്നെങ്കിൽ വലിയ സഹായകമാകും എന്നതാണ്. ഇടുക്കി പോലുള്ള പ്രദേശങ്ങളിൽ വളരെ സഹായകരമായ ഒരു കാര്യമാണത്. അക്കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊള്ളണമെങ്കിൽ ഗവൺമെന്റ് ഉത്തരവിൽ ഭേദഗതി വരുത്തണം. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയെന്നുള്ളതാണ് ഈ സബ്മിഷന്റെ ആവശ്യം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):സർ, ആശുപത്രി സംവിധാനത്തിന് പുറത്ത് പദ്ധതിയുടെ ഭാഗമായി നടക്കുന്ന വിദഗ്ദ്ധ പരിശോധനയും ചികിത്സയും

കൂടാതെയുള്ള മരുന്നുകൾ, ടോണിക്കുകൾ, ആയുർവ്വേദ ലേപനങ്ങൾ എന്നിവയുടെ വിതരണവും ദുരുപയോഗവും തടയുന്നതിനാണ് ഇത്തരമൊരു നിബന്ധന മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പ്രത്യേകം പരിഗണിക്കാൻ കഴിയുന്നതാണോയെന്ന് പരിശോധിക്കാം. സെൻസസ് പ്രകാരം കേരളത്തിൽ 60 വയസ്സിനുമുകളിലുള്ളവർ 12.8 ശതമാനമാണ്. ഈ സാഹചര്യത്തിൽ പദ്ധതി വിഹിതത്തിൽ വയോജനങ്ങൾക്കുള്ള വിഹിതം അപര്യാപ്തം തന്നെയാണ്. എന്നാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇത് പ്രായോഗികമാക്കാൻ കഴിയാത്തതിനാൽ ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് മാത്രമായി പരിഗണിക്കാവുന്നതും വയോജനങ്ങൾക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതുമാണ്.

### (8) ചുഴപ്പ്-നെടിയോരം റോഡ് നിർമ്മാണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ചുഴപ്പ്-നെടിയോരം തെക്കേമല റോഡിന്റെ നിർമ്മാണഘട്ടത്തിലുള്ള പ്രതിസന്ധി സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ദേശീയപാത 183-ന് സമാന്തരമായി പോകുന്ന ആ റോഡിന് ഏതാണ്ട് 20 മീറ്റർ മുതൽ 50 മീറ്റർ വരെ നീളത്തിലും 3 മീറ്റർ മുതൽ 10 മീറ്റർ വരെ ഉയരത്തിലും സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതുണ്ട്. ദേശീയപാതയ്ക്ക് ഭീഷണിയാകുമെന്നതിനാൽ അത് നിർമ്മിക്കാതെ ആ റോഡ് പൂർത്തിയാക്കാൻ കഴിയില്ല. അതുപോലെ ചെയിനേജ് 175 മുതൽ 350 മീറ്റർ വരെയുള്ള ഭാഗത്ത് 120 മീറ്റർ നീളത്തിലും 15 മീറ്റർ താഴ്ചയിലും സംരക്ഷണഭിത്തിയും 6.5 മീറ്റർ ഉയരമുള്ള കലുങ്കുകളും ഐറിഷ് ഓടകളും നിർമ്മിക്കേണ്ടതുണ്ട്. വലിയ പാറക്കെട്ടുകളുള്ള സ്ഥലത്ത് ഐറിഷ് ഓടകൾ നിർമ്മിച്ചില്ലെങ്കിൽ റോഡ് കുത്തിയൊലിച്ചുപോകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് അതിന്റെ എസ്റ്റിമേറ്റ് പുന:ക്രമീകരിക്കുന്നതിന് അനുവദിക്കണം. ആദ്യത്തെ എസ്റ്റിമേറ്റ് 9 കോടി 2 ലക്ഷം രൂപയായിരുന്നു. അത് റിവൈസ് ചെയ്തപ്പോൾ 7 കോടി 68 ലക്ഷം രൂപയ്ക്കാണ് പ്രാഥമികാനുമതി കിട്ടിയത്. എന്നാൽ 5 കോടി 30 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്. ഈ സാഹചര്യത്തിൽ ആ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടത്ര നന്നായി കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൊക്കയാർ പഞ്ചായത്തിലെ കൊക്കയാർ-വടക്കേമല-ഉറുമ്പിക്കര റോഡിനും സമാന സ്ഥിതിയാണ്. രണ്ട് റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സംരക്ഷണ പ്രവൃത്തികളൊഴികെയുള്ള റോഡിന്റെ പണി പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. അതിപ്പോൾ പ്രാരംഭദശയിലാണ്. ഒഴിവാക്കപ്പെട്ട സംരക്ഷണ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ളനടപടി സ്വീകരിച്ചുവരുന്നുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് ടി സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അംഗം സൂചിപ്പിച്ച കൊക്കയാർ-വടക്കേമല-ഉറുമ്പിക്കര റോഡിനെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### (1) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

### (2) 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, 2018-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ: സർ, ആരാധനാലയങ്ങളിൽ വിശ്വാസികൾക്ക് നിർഭയവും സുരക്ഷിതവുമായ അന്തരീക്ഷം നിലനിർത്തുക, ആരാധനാലയങ്ങളോട് അനുബന്ധിച്ച് നടക്കുന്ന മത-രാഷ്ട്രീയ-സംഘടന പ്രവർത്തനങ്ങൾമൂലം സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ തടയുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് സ്വകാര്യ ബില്ലിന് ബഹുമാനപ്പെട്ട അംഗം ശ്രീ. റ്റി. വി. രാജേഷ് നോട്ടീസ് നൽകിയിട്ടുള്ളത്. അത് ഗവൺമെന്റ് സമ്മതിക്കുന്നു. ബില്ലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളോട് സർക്കാരിന് തത്വത്തിൽ യോജിപ്പാണുള്ളത്. 2011-ലെ കേരള പോലീസ് ആക്ടിന്റെകീഴിൽ ചട്ടങ്ങൾ രൂപീകരിച്ച് ആരാധനാലയങ്ങളിലെ ആയുധ-കായിക പരിശീലനം തടയുന്ന നടപടി പുരോഗമിച്ചുവരികയാണ്. ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബില്ലിന്റെ വ്യാപ്തി കുറെക്കൂടി വിപുലമാണ്. ഒരു നിയമ നിർമ്മാണത്തിലൂടെ ബില്ലിന്റെ അവതാരകൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ

നല്ലനിലയിൽ എങ്ങനെ നടപ്പിലാക്കാമെന്നത് സർക്കാർ ഗൗരവമായി പരിഗണിക്കും. കേരളത്തിൽ പ്രവർത്തിച്ചുവരുന്ന നിയമപരിഷ്കരണ കമ്മീഷന്റെ അഭിപ്രായങ്ങളും ഇക്കാര്യത്തിൽ പ്രസക്തമായിരിക്കുമെന്ന് കരുതുന്നു. അങ്ങയുടെ ബിൽ കുറെക്കൂടി വിപുലമായി അവതരിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ പാസ്സാക്കേണ്ടതില്ലെന്നാണ് എം.എൽ.എ.-യോട് അഭ്യർത്ഥിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ ഉദ്യമത്തെ സർക്കാർ അംഗീകരിച്ചിരിക്കുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാൻ തയ്യാറായ സംസ്ഥാന സർക്കാരിനെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. മാനവികതയ്ക്കും ബഹുസ്വരതയ്ക്കും കേളികേട്ട നാടാണ് കേരളം. വ്യത്യസ്ത ജാതി-മത-സാമുദായിക സംഘടനകളുടെകീഴിലുള്ള ധാരാളം ആരാധനാലയങ്ങൾ കേരളത്തിലുണ്ട്. അവരവരുടെ ആചാരാനുഷ്ഠാനങ്ങൾ ഭംഗിയായും ഭംഗം വരാതെയും നടന്നുവരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. വിവിധ മതസ്ഥർ ഒന്നിച്ചുചേർന്നുള്ള ആരാധനാ കേന്ദ്രങ്ങളും ആഘോഷങ്ങളും നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ആരാധനാലയങ്ങൾ നോക്കിയാൽ അവ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റേതായിരിക്കും. പക്ഷെ അവിടത്തെ ഉത്സവങ്ങൾ, നേർച്ചകൾ, ഉറൂസുകൾ, പെരുന്നാളുകൾ എന്നിവ ഇതര മതസ്ഥരുടെയും വിഭാഗങ്ങളുടെയും സർവ്വാത്മനായുള്ള സഹകരണം കൊണ്ടാണ് ഭംഗിയായി നടക്കുന്നുവെന്നത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ബീമാപള്ളിയിലെ ചന്ദനക്കുടം നേർച്ചയിൽ പങ്കെടുക്കുന്നത് മുസ്ലീം വിഭാഗക്കാർ മാത്രമല്ല, ഇതര മത വിഭാഗത്തിൽപ്പെടുന്നവരുമുണ്ട്. ഇത്തരത്തിലുള്ള ഒരുപാട് ഉദാഹരണങ്ങൾ കേരളത്തിൽ ചൂണ്ടിക്കാണിക്കാൻ കഴിയും. ഏതാണ്ട് ഒരേ സ്ഥലത്ത് പ്രധാനപ്പെട്ട മൂന്ന് മതവിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം മതസമന്വയത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും പ്രതീകമാണ്. പക്ഷെ അടുത്തകാലത്തായി സമാധാനവും സൗഹാർദ്ദപരവുമായ അന്തരീക്ഷം നിലനിന്നിരുന്ന നമ്മുടെ ആരാധനാലയങ്ങളെ ദുരുപയോഗം ചെയ്യാനായി ചില മത-വർഗ്ഗീയ-തീവ്രവാദ സംഘടനകൾ പല തന്ത്രങ്ങളും പ്രയോഗിച്ചുവരികയാണ്. വിശ്വാസത്തിന്റെ പേരിൽ തങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് അവർ ആരാധനാലയങ്ങളെ മറയാക്കി സംരക്ഷണ സമിതികളും മറ്റുമുണ്ടാക്കി ആരാധനാലയങ്ങളോടനുബന്ധിച്ച് ഓഫീസും മറ്റ് കേന്ദ്രങ്ങളും സ്ഥാപിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതായി കാണാൻ കഴിയും. ഇത് ആരാധനാലയങ്ങളുടെ ആത്മീയാന്തരീക്ഷവും നാടിന്റെ

സൗഹാർദ്ദവും സമാധാനവും തകർക്കാനിടയാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നിലപാട് ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ടാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗത്തിന്റെ പ്രതിരൂപമാണ് ദേവാലയങ്ങൾ. ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമാണ് ദേവാലയങ്ങൾ. ആ ദേവാലയങ്ങളെ പിശാചിന്റെ കൂടാരമാക്കി മാറ്റാനാണ് ചിലർ ശ്രമിക്കുന്നത്. അത് അനുവദിക്കാൻ പാടില്ല. അതിനെതിരായി ശക്തമായ നിലപാടുണ്ടാകണം. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത നിലയിൽ രാഷ്ട്രീയാധികാരത്തിനുവേണ്ടി ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തുന്ന സന്ദർഭം കൂടിയാണിത്. ആരാധനാലയങ്ങൾ ഏത് വിഭാഗത്തിന്റേതുമാകട്ടെ, അവയെ മതവിദ്വേഷ പ്രചരണ കേന്ദ്രമാക്കി മാറ്റാനാണ് ഇത്തരം ശക്തികൾ ശ്രമിക്കുന്നത്. ആർ.എസ്.എസ്. പോലുള്ള സംഘടനകളുടെ പ്രഖ്യാപിതമായൊരു പരിപാടിയാണിത്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കേന്ദ്രസർക്കാർ ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകുകയാണ്. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന വാർത്തകൾ വളരെയേറെ ഉത്കണ്ഠ ഉളവാക്കുന്നവയാണ്. ക്ഷേത്രങ്ങളിൽ ആയുധ പരിശീലനത്തിന് കേന്ദ്ര മന്ത്രിമാർ നേതൃത്വം കൊടുക്കുന്നുവെന്ന വാർത്തകൾ മാധ്യമങ്ങളിൽ വരുന്നുണ്ട്. ഇതിന്റെ പിന്നിൽ കൃത്യമായ വർഗ്ഗീയ അജണ്ടയാണുള്ളത്. നമ്മുടെ നാട്ടിൽ ജാതിമത സങ്കുചിത ബോധമുണ്ടാക്കി തങ്ങളുടെ സംഘടനകളെ വളർത്തിയെടുക്കാനാണ് ഈ ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാലയങ്ങളിൽ ഇടപെടുന്നതിനും അതുവഴി വിശ്വാസികളെ വഴിതെറ്റിക്കുന്നതിനും പ്രത്യേക സംഘടനകൾവരെ ആർ.എസ്.എസ്. പോലുള്ളവ ഉണ്ടാക്കിയിട്ടുണ്ട്. ക്ഷേത്ര സംരക്ഷണ സമിതി അതിന് ഉദാഹരണമാണ്. വിശ്വഹിന്ദു പരിഷത്ത് ഒരു സാംസ്കാരിക സംഘടനയാണെന്നാണ് പറയുന്നത്. പക്ഷെ എന്ത് പ്രവർത്തനമാണ് അവർ നടത്തുന്നത്? മറയില്ലാത്ത വിഷലിപ്തമായ വർഗ്ഗീയ പ്രചരണമാണ് അവർ നടത്തുന്നത്. നമ്മുടെ സമൂഹത്തിൽ വളരെ സൗഹാർദ്ദത്തോടെ കഴിയുന്ന വ്യത്യസ്ത മതവിഭാഗങ്ങളെ അകറ്റാനും അവർക്കിടയിൽ വിദ്വേഷമുണ്ടാക്കാനും അതുവഴി മുതലെടുപ്പ് നടത്താനുമാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, ഇതുവഴി വലിയ തോതിലുള്ള പണസമാഹരണവും അവർ നടത്തുന്നുണ്ട്. പ്രത്യക്ഷത്തിൽ ക്ഷേത്ര സംരക്ഷണ സമിതിയും സാംസ്കാരിക സംഘടനകൾ എന്ന മേൽവിലാസത്തിൽ പ്രവർത്തിക്കുന്ന സംഘടനകളും നിഷ്പക്ഷമെന്ന് തോന്നാമെങ്കിലും അവർ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയവും അവരുടെ നിലപാടും കടുത്ത ഭീകരതയുടേതാണെന്നത് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇവർക്ക് വിദേശത്തുനിന്നും വലിയ തോതിൽ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നു. ഇത് ഏതെങ്കിലും ഒരു

മതവിഭാഗത്തിന്റെയിടയിൽ മാത്രമല്ല, ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും വ്യത്യസ്ത മതവിഭാഗങ്ങളിൽ ഇത്തരം സംഘടനകൾ വളരെ സജീവമാണ്. പല മേഖലകളിൽ നിന്നായി ഒഴുകിയെത്തുന്ന നിയമ വിധേയമായതും അല്ലാത്തതുമായ വൻ പണശേഖരമാണ് അവരുടെ പ്രവർത്തനങ്ങൾക്ക് പിൻബലമാകുന്നത്. മതവിദ്വേഷ പ്രചരണങ്ങളിലൂടെ ആളുകളെ തങ്ങളിലേയ്ക്ക് ആകർഷിക്കാനാണ് ഇത്തരം സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ ലോക പരിസ്ഥിതിയുമായി ചേർത്തുവേണം ഇത്തരം കാര്യങ്ങളെ കാണാൻ.

ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ മത-രാഷ്ട്രീയ മുദ്രാവാക്യം ഉയർന്നുവരുന്നുണ്ട്. അതും നമുക്കിവിടെ വിശകലനം ചെയ്യേണ്ടതായിട്ടുണ്ട്. പ്രത്യക്ഷത്തിൽ ദേശദ്രോഹ വിവക്ഷിത മുദ്രാവാക്യങ്ങൾ മുഴക്കുന്ന ഇത്തരം സംഘടനകൾ സാമ്രാജ്യത്വ ശക്തികളുടെ കൈകളിലെ കളിപ്പാവകളാണ്. അതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മതത്തിൽ ഭീകര-വർഗ്ഗീയ പ്രവർത്തനങ്ങൾക്ക് സാധൂകരണം കണ്ടെത്താനാണ് ഇത്തരം ശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും മതവിഭാഗത്തിൽ പ്പെട്ടവർക്കും ഒരു മതവിഭാഗത്തിലുംപെടാത്തവർക്കും ഐക്യത്തോടെ, സഹിഷ്ണുതയോടെ ജീവിക്കാൻ കഴിയണം. ആരാധനാലയങ്ങളെ ദുരുപയോഗം ചെയ്യാൻ ശ്രമിക്കുന്ന, ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാത്ത മത-തീവ്രവാദ ശക്തികൾക്കെതിരായി ശക്തമായ നിലപാട് സമൂഹത്തിൽ ഉയർന്നു വരേണ്ടതായിട്ടുണ്ട്. ജനങ്ങളെ ഭിന്നിപ്പിച്ച് അതുവഴി രാഷ്ട്രീയാധികാരം നേടുകയെന്നുള്ളതാണ് ഇവരുടെ അജണ്ട. ഇത്തരം ഭീകര ജനവിരുദ്ധ ശക്തികളുടെ കൈകളിൽ ആരാധനാലയങ്ങൾ പെട്ടുപോകാതിരിക്കാൻ വിശ്വാസികൾക്കിടയിൽ ജാഗ്രതയുണ്ടാകണം. അതിന് പ്രാദേശികമായ കൂട്ടായ്മകൾ വേണം. അതുകൊണ്ടുമാത്രം ആപത്കരമായ ഈ പ്രണവതയെ നമുക്ക് ചെറുക്കാൻ കഴിയില്ല. ഈ ഭീഷണിയെ ഇല്ലാതാക്കാനാകില്ല. ആരാധനാലയങ്ങൾ കൂടുതൽ യാഥാസ്ഥിതികവൽക്കരിക്കാനുള്ള നീക്കങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

മതമൈത്രിയുടെ നിലപാട് സ്വീകരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ നാട്ടിലെ ജനങ്ങൾ പൊതുവിൽ അത്തരം നിലപാടാണ് സ്വീകരിക്കുന്നത്. അത്തരത്തിലുള്ള ആളുകളെ തങ്ങളുടെ വരുതിയിൽ നിർത്താനുള്ള ഗൂഢശ്രമമാണ് ഇത്തരം ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. മഹനീയമായ നമ്മുടെ നാടിന്റെ മതേതര പൈതൃകത്തിൽ വിള്ളൽ വീഴ്ത്താനുള്ള ആസൂത്രിതമായ, സംഘടിതമായ നീക്കമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ പാർട്ടികൾ മതസ്ഥാപനങ്ങളെ ദുരുപയോഗം ചെയ്യുന്നത് തടയാൻ ഫലപ്രദമായ നിയമമുണ്ട്. നമ്മുടെ രാജ്യത്ത് ഒട്ടേറെ ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അമൃത്സറിലെ

സുവർണ്ണക്ഷേത്രത്തിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. സുവർണ്ണക്ഷേത്രത്തെ മറയാക്കി വിഘടന-വിധ്വംസക പ്രവർത്തനം നടത്താനാണ് ഒരു വിഭാഗം ആളുകൾ മുന്നോട്ടുവന്നത്. ഇത്തരം നിരവധി അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ മതസ്ഥാപനങ്ങളെ നഗ്നമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ 1988-ൽ The Religious Institutions (Prevention of Misuse) Act കൊണ്ടുവന്നത്. രാഷ്ട്രീയാവശ്യത്തിനുവേണ്ടി ആരാധനാലയങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുകയെന്നതാണ് ആ കേന്ദ്ര നിയമത്തിന്റെ ലക്ഷ്യം. അത് നിലവിലുണ്ട്. 2015-ൽ പാർലമെന്റിൽ ഇന്ത്യൻ നാഷണൽ ലോക്ദൾ (ഐ.എൻ.ഡി.എൽ) അംഗമായ ലോക്സഭാ എം.പി. ശ്രീ. ദുഷ്യന്ത് ചൗതാല ഈ നിയമത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നു. അതിൽ പരമാവധി ശിക്ഷ 5 വർഷമാണ്. ആ ഭേദഗതിയിലൂടെ അഞ്ച് വർഷമെന്ന ശിക്ഷയുടെ കാലപരിധി വർദ്ധിപ്പിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. അതിന് അദ്ദേഹത്തിന് ചില കാരണങ്ങൾ ഉണ്ടായിരുന്നു. ഗുർമീത് റാം എന്നുപറയുന്ന ഒരു ആൾദൈവത്തിന്റെ ആരാധനാലയത്തിൽ നിന്നാണ് ഈ അടുത്തകാലത്ത് ഏറ്റവും വലിയ ആയുധശേഖരം കണ്ടെത്തിയത്. അദ്ദേഹത്തിന് 'ദേരാ സച്ചാ സൗദാ' എന്നുപറയുന്ന പ്രത്യേകമായൊരു മതം തന്നെയുണ്ട്. പക്ഷെ അതിനുമുമ്പുതന്നെ ഇക്കാര്യങ്ങൾ മനസ്സിലാക്കിയാണ് ഐ.എൻ.ഡി.എൽ. അംഗം പാർലമെന്റിൽ ഇത്തരത്തിൽ ഒരു ഭേദഗതി വേണമെന്നാവശ്യപ്പെട്ടത്. നമുക്കെല്ലാവർക്കും അവിടെ നടന്നിട്ടുള്ള കാര്യങ്ങൾ അറിയാം. അദ്ദേഹത്തെ അറസ്റ്റ് ചെയ്തപ്പോൾ ഒരു നഗരം തന്നെ വളരെ പെട്ടെന്ന് കത്തിച്ചാമ്പലാക്കാൻ കഴിയുന്ന അതീവ വിസ്ഫോടന ശേഷിയുള്ള ആയുധങ്ങളുടെ കൂമ്പാരങ്ങളാണ് അവിടെ നിന്നും കണ്ടെത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിലവിലുള്ള കേന്ദ്രനിയമം പലപ്പോഴും അപര്യാപ്തമാണെന്നാണ് ശ്രീ. ദുഷ്യന്ത് ചൗതാല ഒരു സ്വകാര്യ ബില്ലിലൂടെ പാർലമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. 1988-ലെ ആക്ടിൽ രാഷ്ട്രീയ പാർട്ടികൾ മതസ്ഥാപനങ്ങളെ ദുരുപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ കൃത്യമായി പറയുന്നുണ്ട്. 'ആയുധങ്ങളും ആയുധങ്ങളുടെ ഉപയോഗവും പാടില്ല. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ ഒരു കാരണവശാലും ഇത്തരം സ്ഥാപനങ്ങളിൽ സംരക്ഷിക്കാൻ പാടില്ല. അതോടൊപ്പം ഒരു മതസ്ഥാപനത്തിലും ഫോർട്ടിഫിക്കേഷൻ പാടില്ല. രാജ്യത്തിന്റെ പരമാധികാരത്തിനും ഐക്യത്തിനും വിഘാതമാകുന്ന പ്രവർത്തനം പ്രോൽസാഹിപ്പിക്കാൻ പാടില്ല' തുടങ്ങിയ കാര്യങ്ങളൊക്കെ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇന്ന് രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല പല സംഘടനകളും സാംസ്കാരിക സംഘടനകളുടെ ലേബലിലാണ് പ്രവർത്തിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് സമയക്രമം പാലിച്ചാൽ ഇന്ന് നാലഞ്ച് ബില്ലുകൾകൂടി എടുക്കാൻ സാധിക്കും.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഉടൻ അവസാനിപ്പിക്കാം. ഞാൻ പ്രധാന പോയിന്റിലേയ്ക്ക് വരികയാണ്. നമ്മുടെ രാജ്യത്ത് നിരവധി വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിച്ച സംഘടനയാണ് ആർ.എസ്.എസ്. അത് ഒരു സാംസ്കാരിക സംഘടനയാണെന്നാണ് ആർ.എസ്.എസ്. പറയുന്നത്. കേന്ദ്രനിയമം കൊണ്ടുമാത്രം ആർ.എസ്.എസ്. പോലെയുള്ള ഭീകരസംഘടനകളെ ശരിയാംവിധം നിയന്ത്രിക്കാൻ കഴിയില്ല. ഇത്തരം പ്രവർത്തനങ്ങളിൽനിന്നും അവരെ തടയാൻ കഴിയില്ലെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ ഒരു ശക്തമായ നിയമം സംസ്ഥാന ഗവൺമെന്റ് കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്നത്. വർഗ്ഗീയ ഭീകരസംഘടനയാണ് ആർ.എസ്.എസ്. എന്ന് ഞാൻ പറഞ്ഞു. രാജ്യത്തെ നിരവധി വർഗ്ഗീയ കലാപങ്ങളിൽ ഇവരുടെ പങ്ക് ജുഡീഷ്യൽ കമ്മീഷനുകൾ പുറത്തു കൊണ്ടുവന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ മതനിരപേക്ഷതയെ, ജനാധിപത്യത്തെ വിലമതിക്കാത്ത ഇത്തരം സംഘടനകളെ നിയന്ത്രിക്കാൻ കഴിയണം. മാറാട് കലാപത്തെക്കുറിച്ച് ഇവിടെ കഴിഞ്ഞ ദിവസം ചർച്ച ചെയ്തിട്ടുള്ളതാണ്. ആ കലാപത്തെക്കുറിച്ച് അന്വേഷിച്ച തോമസ് പി. ജോസഫ് കമ്മീഷൻ എന്താണ് പറഞ്ഞത്? മാറാട് പള്ളിയിൽ മയ്യത്ത് കട്ടിലിന്റെ അടിയിൽനിന്നും ബോംബും മറ്റ് നിരവധി ആയുധങ്ങളും കണ്ടെടുത്തുവെന്നും ഒരു കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

ശ്രീ. എം. സ്വരാജ്: സർ, വളരെ പ്രധാനപ്പെട്ട വിഷയത്തെ സംബന്ധിച്ച ബില്ലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ ആരാധനാലയങ്ങൾ സാഹോദര്യത്തിന്റെയും സാംസ്കാരികമായ ഉണർവ്വിന്റെയും കേന്ദ്രങ്ങളാകേണ്ടതാണ്. ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നത് നമ്മുടെ ബഹുമാന്യനായ മന്ത്രി ഡോ. കെ. ടി. ജലീൽ ഒരിക്കൽ സ്വകാര്യ സംസാരത്തിൽ സൂചിപ്പിച്ച കാര്യമാണ്. പഞ്ചാബിലെ സുവർണ്ണക്ഷേത്രം സന്ദർശിക്കാൻ അവിടെ ചെന്നപ്പോൾ മറ്റൊരു മതസ്ഥനായ തനിക്ക് ക്ഷേത്രത്തിനകത്തേയ്ക്ക് പ്രവേശിക്കാമോ എന്ന സംശയം തോന്നിയപ്പോൾ അവിടത്തെ പുരോഹിതനോട് അക്കാര്യം ചോദിച്ചു. പുഞ്ചിരിച്ചുകൊണ്ട് ആ പുരോഹിതൻ ഡോ. കെ. ടി. ജലീലിനെ ചേർത്തുപിടിച്ചുകൊണ്ട് ഈ ക്ഷേത്രം എത്രമാത്രം ഞങ്ങളുടേതാണോ അത്രമാത്രം നിങ്ങളുടേതുകൂടിയാണ് എന്നുപറയുകയും അദ്ദേഹത്തെ ഉള്ളിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുകയും ചെയ്തു. യഥാർത്ഥത്തിൽ അതൊരു മനോഭാവമാണ്. ലോകത്തിന്റെ പല ഭാഗത്തുമുള്ള പ്രശസ്തമായ ആരാധനാലയങ്ങളുടെയെല്ലാം

സ്വഭാവം ഇതാണ്. ജാതിക്കും മതത്തിനും വിശ്വാസത്തിനും അതീതമായി എല്ലാവരെയും സ്വാഗതം ചെയ്യുന്ന മലർക്കെ തുറന്നുകിടക്കുന്ന വാതിലുകളാണ്. അതാണ് ആരാധനാലയങ്ങളുടെ സംസ്കാരം. എന്നാൽ നമ്മുടെ നാട്ടിലെ ഒരു വിഭാഗം, ഒരു വിഭാഗം എന്നുമാത്രം പറഞ്ഞുകൂടാ, ചില വിഭാഗം നിക്ഷിപ്ത താൽപ്പര്യക്കാർ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് രാഷ്ട്രീയ സംഘടനാ പ്രവർത്തനം മാത്രമല്ല ആയുധ പരിശീലനംതന്നെ നടത്തുകയാണ്. ഈ സന്ദർഭത്തിൽ ജാതിക്കും മതത്തിനും വിശ്വാസത്തിനുമെല്ലാം അതീതമായി എല്ലാ മനുഷ്യർക്കും കടന്നുവരാനും സാഹോദര്യം പങ്കുവയ്ക്കാനും കഴിയുന്ന ഇടങ്ങളായി നമ്മുടെ ആരാധനാലയങ്ങൾ നിലനിൽക്കേണ്ടതല്ലേ?

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് ചർച്ച തുടരുകയല്ലേ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ രണ്ടുമിനിറ്റുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ ശ്രീ. സ്വരാജ് പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. ഡോ. കെ. ടി. ജലീൽ സ്വരാജിനോട് പങ്കുവച്ച സുവർണ്ണക്ഷേത്രം സന്ദർശിച്ചപ്പോഴുണ്ടായ അനുഭവമാണ് ശ്രീ. സ്വരാജ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ന് ലോകത്തിലെ പല രാജ്യങ്ങളും ആരാധനാലയങ്ങളെ ഭീകരപ്രവർത്തനങ്ങൾക്ക് മറയാക്കി, സൗകര്യമാക്കി മാറ്റുന്നതിനെതിരായി ഫലപ്രദമായ നിയമനിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുകയാണ്. പല യുറോപ്യൻ രാജ്യങ്ങളും ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്, ഇക്കാര്യത്തിൽ ശക്തമായ ഒരു നിയമം നമുക്ക് ആവശ്യമാണ് എന്നാണ്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. റ്റി. വി. രാജേഷ് വളരെ സുപ്രധാനവും കാലോചിതവുമായ ഒരു ബില്ലിനെപ്പറ്റിയാണ് സംസാരിക്കുന്നത്. ക്ഷേത്രോത്സവങ്ങളും ശ്രീകൃഷ്ണ ജയന്തിയുമൊക്കെ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന പ്രവണത അടുത്തകാലത്ത് വളർന്നുവന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? ക്ഷേത്രോത്സവങ്ങൾപോലും രാഷ്ട്രീയപാർട്ടികൾ ഏറ്റെടുത്ത് അതിന്റേതായ ആഘോഷങ്ങൾ നടത്തുന്നു. ശ്രീകൃഷ്ണജയന്തി രാഷ്ട്രീയാടിസ്ഥാനത്തിൽ നടത്തുന്നതിനോടുള്ള അങ്ങയുടെ നിലപാടെന്താണ്?

ശ്രീ. റ്റി. വി. രാജേഷ്: സർ, അങ്ങ് ഈ നിലപാടിനോട് യോജിക്കുന്നുണ്ടെങ്കിലും അങ്ങ് പുലർത്തുന്ന വീക്ഷണത്തിന്റെ ഒരു പോരായ്മ ഞാൻ കാണുന്നു. ഏതെങ്കിലും ഒരു ആരാധനാലയം ശ്രീകൃഷ്ണ ജയന്തി നടത്തുന്നതിനെ

ആരും എതിർത്തിട്ടില്ല. പക്ഷേ ആർ.എസ്.എസ്. നടത്തുന്ന വർഗ്ഗീയപ്രചരണത്തെ അങ്ങ് എന്താണ് കാണാതെ പോകുന്നത്? അങ്ങയുടെ പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായ ശ്രീ. പി. സി. വിഷ്ണുനാഥ് ബാലഗോകുലത്തിന്റെ ശാഖകളെക്കുറിച്ചും ശോഭയാത്രകളെക്കുറിച്ചും പറഞ്ഞ ഒരു കാര്യമുണ്ട്. വളരെ ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ മസ്തിഷ്കത്തിൽ വർഗ്ഗീയത കുത്തിവയ്ക്കാനുള്ള വർഗ്ഗീയതയുടെ ലബോറട്ടറിയാണ് ശോഭയാത്ര എന്നുപറഞ്ഞത് അങ്ങയുടെ പാർട്ടിയുടെ ജനറൽ സെക്രട്ടറിയായ ശ്രീ. പി. സി. വിഷ്ണുനാഥാണ്. ഏതെങ്കിലും ഒരു അമ്പലത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഘോഷയാത്രയെ ഞങ്ങളാരും എതിർക്കുന്നില്ല. പക്ഷേ അവസാനമായി കണ്ണൂർ നഗരത്തിൽ നടന്ന ശോഭയാത്രയിൽ ഉയർന്ന മുദ്രാവാക്യം എന്താണെന്ന് അറിയാമോ? "ഒറ്റ കയ്യാ ജയരാജാ, നിന്നെ പിന്നെ കണ്ടോളാം, നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടു." ഇതിൽ എന്ത് വിശ്വാസമാണുള്ളത്? ശ്രീകൃഷ്ണന്റെ സന്ദേശമോ വീക്ഷണമോ ആണോ ഈ മുദ്രാവാക്യത്തിലൂടെ അവർ മുന്നോട്ടുവച്ചത്? അല്ല. അത് കൃത്യമായ അജണ്ടയാണ്. അതാണ് നമ്മൾ കാണേണ്ടത്.

മി. സ്പീക്കർ: തുടർചർച്ചയുണ്ടെങ്കിൽപ്പിന്നെ നീട്ടിക്കൊണ്ടുപോകണ്ട.

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രീ. പി. ടി. തോമസ് ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങൾ രാഷ്ട്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അതിലും ശ്രീ. പി. ടി. തോമസിന്റെ മനസ്സിനുള്ളിൽ, between the lines, ഒരു ആക്രമണത്തിന്റെ ശൈലിയുണ്ട്. അത് എന്തുമാകട്ടെ, ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയ്ക്കിടെ വിളിക്കുന്ന മുദ്രാവാക്യത്തെക്കുറിച്ച് ശ്രീ. റ്റി.വി. രാജേഷ് ഇവിടെ സൂചിപ്പിച്ചു. യഥാർത്ഥത്തിൽ അഷ്ടമിരോഹിണിയുടെ ഘോഷയാത്ര തെരുവിൽ കൊണ്ടുപോകേണ്ട കാര്യമില്ല എന്നത് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത്, മതവികാരം അല്ലെങ്കിൽ മതവിശ്വാസം എന്നത് മനുഷ്യന്റെ മൃദുവായ ഒരു വികാരമാണ്. പലപ്പോഴും ആ മതവിശ്വാസത്തെ ചൂഷണം ചെയ്യുകയാണ്. 'Catch them young' എന്ന ആർ.എസ്.എസ്.-ന്റെ തിയറിയുണ്ട്. ആ തിയറിയുടെ ഭാഗമായാണ് കൃഷ്ണഭക്തിയുള്ള കുടുംബങ്ങളിലെ കുഞ്ഞുങ്ങളെ കൊണ്ടുപോയി കണ്ണന്റെ വേഷം അണിയിച്ച് ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയിൽ പങ്കെടുപ്പിക്കുന്നത്. അത്തരത്തിൽ കണ്ണന്റെ വേഷമിട്ട ചില കുട്ടികളെങ്കിലും പിന്നീട് കൊലപാതക കേസ്സിൽ പ്രതിയായത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, അതിൽ സംശയമില്ല. ആലപ്പുഴ ചേർത്തലയിൽ അനന്തു എന്ന പ്ലസ് വൺ വിദ്യാർത്ഥി ശാഖയിൽ പോകാൻ തയ്യാറാകാത്തതിനെത്തുടർന്ന് ആളുകളുടെ കൺമുന്നിൽ വച്ച് വെട്ടിക്കൊന്ന ഭീകര സംഘടനയല്ലേ ആർ.എസ്.എസ്.? അതുപറയാൻ പ്രതിപക്ഷത്തിന് നാവ് പൊങ്ങില്ല. അത് അവരുടെ രാഷ്ട്രീയമാണ്. എനിക്ക് ശ്രീ. പി. ടി. തോമസിനോട് പറയാനുള്ളത്, ഇക്കാര്യത്തിൽ അത്ര നിഷ്കളങ്കനായി അങ്ങ് മാറരുത് എന്നുമാത്രമാണ്. കണ്ണൂരിൽ നടന്നതാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ, 'മഹത്ജന്മങ്ങൾ മാനവ നന്മയ്ക്ക്' എന്ന മുദ്രാവാക്യം ഉയർത്തി എല്ലാ മനുഷ്യരെയും ഒന്നായി കാണുന്ന മാനവ മൈത്രിയുടെ, മതമൈത്രിയുടെ മഹത്തായ, മഹിമയാർന്ന ഒരു സംസ്കാരം ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് അത്തരമൊരു ജാഥ അവിടെ നടത്തിയത്. അത് ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ പേരിലല്ല, സാംസ്കാരിക സംഘടനയുടെ പേരിലാണ്. ഞാൻ പറയുന്നു, കോൺഗ്രസ്സും അത്തരം നിലപാട് സ്വീകരിക്കണം. വർഗ്ഗീയ സംഘടനകൾക്ക് നമ്മുടെ ഈശ്വരന്മാരെ, ദൈവങ്ങളെ, മഹത്തായ അവതാരങ്ങളെ വിട്ടുകൊടുക്കാതിരിക്കാനുള്ള ജാഗ്രതയാണ് നമുക്ക് വേണ്ടത്. പലപ്പോഴും കോൺഗ്രസ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന പ്രീണന നിലപാട്, കണ്ടില്ലെന്നു നടിക്കുന്ന മനോഭാവം, ഇതൊക്കെയാണ് പ്രശ്നങ്ങളുണ്ടാക്കുന്നത്. അതുകൊണ്ട് നമുക്ക് ഇക്കാര്യത്തിൽ ശക്തമായ നിലപാടുണ്ടാകണം. ഞാൻ ചർച്ച തുടരാനാണ് ആഗ്രഹിക്കുന്നത്. ഒരു ശക്തമായ നിയമനിർമ്മാണത്തിലൂടെ മാത്രമേ കേരളത്തിൽ ഇതിനെ തടയാൻ കഴിയുകയുള്ളൂ.

കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ സ്ഥിതിയെന്താണ്? ആ ക്ഷേത്രത്തെയും മറ്റ് നിരവധി ക്ഷേത്രങ്ങളെയും ആർ.എസ്.എസ്. കയ്യടക്കിവച്ചിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ ഏതാണ്ട് 25 ക്ഷേത്രങ്ങളിലാണ് ആർ.എസ്.എസ്.-ന്റെ ശാഖ നടക്കുന്നത്. ഇത് സാംസ്കാരിക പ്രവർത്തനമാണോ? ആയുധ പരിശീലനം എങ്ങനെയാണ് സാംസ്കാരിക പ്രവർത്തനമാകുന്നത്? അതുകൊണ്ട് ആർ.എസ്.എസ്. ആയാലും എസ്.ഡി.പി.ഐ. ആയാലും മറ്റ് മത-സാംസ്കാരിക സംഘടനകളായാലും ആരാധനാലയങ്ങൾ എന്നുപറയുന്നത് മനുഷ്യരുടെ ആത്മനിർവൃതിക്കുവേണ്ടിയുള്ളതാണ്. വിശ്വാസിയെ സംബന്ധിച്ചിടത്തോളം വളരെ പരിപാവനമായ ഒരു കേന്ദ്രമാണത്. അവിടം വർഗ്ഗീയതയുടെ കേന്ദ്രമാക്കി മാറ്റാൻ, വർഗ്ഗീയതയുടെ ഒരു മറയാക്കി മാറ്റാൻ ഒരു കാരണവശാലും അനുവദിച്ചുകൂടാ. അതിനെതിരായി ശക്തമായ നിലപാടുണ്ടാകണം. ഒരു നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്നുപറഞ്ഞുകൊണ്ട് താൽക്കാലികമായി ചർച്ച അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

മി. സ്പീക്കർ: നിയമനിർമ്മാണ പ്രക്രിയയിൽ അവരവരുടെ വ്യക്തിപരമായ സംഭാവന അർപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല അവസരമാണ് സ്വകാര്യ ബില്ലുകൾ. നമ്മുടെ സഭയിലെ താരതമ്യേന യുവാക്കളും പുതുമുഖങ്ങളുമാണ് അക്കാര്യത്തിൽ വളരെ സജീവമായ പങ്കാളിത്തം വഹിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് അഞ്ചുപേരുടെ ബില്ലുകളാണ് പരിഗണനയ്ക്ക് വരുന്നത്. അല്പാല്പം സമയം അനുവദിച്ചാൽ അവർക്കെല്ലാം ബിൽ അവതരിപ്പിക്കാൻ സാധിക്കും.

(ii) 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2018-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെയുള്ള വിദ്യാഭ്യാസം പൂർണ്ണമായും കെ.ഇ.ആർ.-ന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിയമനം സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ കെ.ഇ.ആർ. അദ്ധ്യായം XXXII ആയി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.ഇ.ആർ.-ലെ മറ്റ് വ്യവസ്ഥകൾ ബാധകമാക്കിയിട്ടില്ല. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഘടനാപരവും അക്കാദമികവുമായ എല്ലാവശങ്ങളും പഠിച്ച് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിക്കാനായി 19-10-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 3779/2017 പ്രകാരം മുൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടറായ ഡോ. എം. എ. ഖാദർ ചെർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഹയർ സെക്കണ്ടറി അടക്കമുള്ള പൊതുവിദ്യാഭ്യാസം ഉൾപ്പെടുത്തി സമഗ്രമായ കെ.ഇ.ആർ പരിഷ്കരണം സർക്കാർ ലക്ഷ്യമിടുന്നു. അതിനാൽ ഈ വിഷയത്തിൽ ഇപ്പോൾ അനൗദ്യോഗിക ബിൽ പ്രസക്തമല്ല. അതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിലെ ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ഹൈസ്കൂൾ തലം നിയന്ത്രിതമായി നിലവിലുള്ള വ്യവസ്ഥിതികൾക്കനുസരിച്ച് കെ.ഇ.ആർ-ന്റെ അടിസ്ഥാനത്തിൽ വളരെ വ്യക്തമായി നടക്കുന്നുവെന്നത് സന്തോഷകരം തന്നെയാണ്. അക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ശരിയാണ്.

ഇങ്ങനെ നല്ല രീതിയിൽ നടന്നുവരുന്നതിനിടയ്ക്കാണ് 1999-ൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും നല്ല പരിഷ്കരണം എന്ന തരത്തിൽ നിലവിലുണ്ടായിരുന്ന പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പ്ലസ് ടു ആരംഭിച്ചത്. ഇതിനാവശ്യമായ പ്രത്യേക ആക്ടും റൂളും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. നിലവിലുള്ള ഒരു വ്യവസ്ഥിതിക്കപ്പുറത്ത് പുതുതായ ഒരു തലം ഉണ്ടാക്കിയിട്ടില്ല എന്നും അങ്ങ് വളരെ കാര്യമായി പറയുകയുണ്ടായി. ഒരു നിയമം ഇല്ലാത്തതുകൊണ്ട് അതിനുപകരമായി നിലവിലുള്ള കെ.ഇ.ആർ.-ലെ XXXII-ാമത്തെ ചാപ്റ്ററായുണ്ടാക്കിയ സ്പെഷ്യൽ റൂൾ അനുസരിച്ചാണ് ഇന്ന് ഹയർ സെക്കണ്ടറി തലങ്ങളിലുള്ള അദ്ധ്യാപകരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ തീരുമാനങ്ങളെടുക്കുന്നതെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതിന്റെ ഫലമായി അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രിൻസിപ്പാൾമാരും മറ്റ് ബന്ധപ്പെട്ടവരും ഇന്ന് പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അങ്ങ് അത് ചർച്ചയിൽ പറഞ്ഞതുമാണ്. അതുകൊണ്ടാണ് അതിനുപകരമായി ഒരു പുതിയ റൂളുണ്ടാക്കി അപാകതകൾ പരിഹരിക്കുന്നതിനായി ഈ ബിൽ അവതരിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിച്ചത്. അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പരിഹരിക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തന്നെ അറിയാം മൂന്നാമത്തെ ഖണ്ഡത്തിലെ 1-ാംഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നത്, " The Government may have regulate primary and other stages of education and courses of instruction of the Government and the Private Schools" എന്നാണ്. സമയക്കുറവുള്ളതുകൊണ്ട് ചട്ടം ഞാൻ ഇവിടെ വായിക്കുന്നില്ല. അങ്ങേയ്ക്ക് അറിയാവുന്നതാണ്. നിലവിൽ കെ.ഇ.ആർ.-ലെ ചാപ്റ്റർ XXXII അനുസരിച്ച് സംസ്ഥാനത്തെ ഹയർ സെക്കണ്ടറി മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളൊന്നും തീർപ്പാക്കാൻ അധികൃതർക്ക് കഴിയുന്നില്ല. ചാപ്റ്റർ XXXII-ൽ ആവശ്യമായ ഭേദഗതി വരുത്തി സമഗ്രമായ മാറ്റം വരുത്താതെ അതിന് പരിഹാരം കാണാൻ കഴിയുകയുമില്ല. മാറ്റം വരുത്തിയാൽ മാത്രമേ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് വിദ്യാഭ്യാസ രംഗത്ത് പരിഹരിക്കാൻ കഴിയാത്ത ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അവ പരിഹരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾക്ക് പകരമായി ഒരു ആക്ടും റൂളും ഉണ്ടാകേണ്ടതുണ്ട്. കേരള വിദ്യാഭ്യാസ റൂളിൽ മൂന്നാം വകുപ്പിൽ ഒന്നാം ഉപവകുപ്പ് " The Government may regulate all stages of education from Primary to Higher Secondary and courses of instruction in Government and the Private Schools" എന്നാക്കിയാൽ ഒട്ടനവധി മാറ്റം വരുത്താൻ കഴിയും. വിദ്യാഭ്യാസ മേഖല ഹൈടെക് ആക്കുന്നതിനെയും മികവുറ്റതാക്കുന്നതിനെയും കുറിച്ച് ഒട്ടനവധി കാര്യങ്ങൾ ഇന്നലെ അങ്ങ് പറഞ്ഞു. അവ വിദ്യാഭ്യാസ മേഖലയ്ക്ക് വളരെ അഭിമാനകരമായ കാര്യങ്ങളാണ്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

പൂർത്തീകരിക്കേണ്ടതും പ്രായോഗികതലത്തിൽ കൊണ്ടുവരേണ്ടതും പ്രാവർത്തികമാക്കേണ്ടതും അദ്ധ്യാപകരാണ്. ആ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി അത് പ്രായോഗികമാക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കാതെ അങ്ങ് ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല എന്നത് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് അതിനാവശ്യമായ നടപടി ഇതിലുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. റൂൾ 51 (എ)-ൽ പറയുന്നത് 1 മുതൽ 10 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിൽ ഹ്രസ്വകാലയളവിൽ നിയമനാംഗീകാരം ലഭിച്ചവർക്ക് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ക്ലെയിം കിട്ടാവുന്നതാണ് എന്നാണ്. ഇത് ചാപ്റ്റർ XXXII-ൽ ഇല്ല. ഹയർ സെക്കണ്ടറിയിൽ ചാപ്റ്റർ 32 പറയുന്നേയില്ല. ഹൈസ്കൂൾ തലത്തിൽ അദ്ധ്യാപകർക്ക് ക്ലെയിം ലഭിച്ചാൽ മറ്റൊരു ഒഴിവ് വരുമ്പോൾ അവരെ നിർബന്ധമായും നിയമിക്കണം എന്നുള്ള കൃത്യമായ നിയമമുണ്ട്. പക്ഷേ ഹയർ സെക്കണ്ടറിയിൽ അത്തരത്തിലുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് അദ്ധ്യാപകർ പ്രയാസം അനുഭവിക്കുകയാണ്. അതോടൊപ്പം ജൂനിയർ HSST പ്രൊമോഷനായി സീനിയർ HSST ആകേണ്ട വ്യവസ്ഥ ചാപ്റ്റർ XXXII-ൽ പറയുന്നില്ല. ഹൈസ്കൂളിൽ ജൂനിയറിൽ നിന്നും സീനിയറായി പ്രൊമോഷൻ ലഭിക്കുന്നതിനെക്കുറിച്ചൊക്കെ കെ.ഇ.ആർ.-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. പക്ഷേ കെ.ഇ.ആർ. ചാപ്റ്റർ XXXII-ൽ കൃത്യമായി പറയാത്തതുകൊണ്ട് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ഇത്തരത്തിൽ പ്രൊമോഷൻ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നു. അതുപോലെ ഹയർ സെക്കണ്ടറി സീനിയറിൽ നിന്നും പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ചാപ്റ്റർ XXXII-ൽ പറയുന്നില്ല. അതുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ അങ്ങയുടെ മുന്നിലും കോടതി മുമ്പാകെയും വിദ്യാഭ്യാസ വകുപ്പിലും വന്നിട്ടുണ്ട്, കേസുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ജൂനിയർ തസ്തികയിൽനിന്നും സീനിയർ, പ്രിൻസിപ്പാൾ തസ്തികകളിലേയ്ക്ക് സീനിയോറിറ്റി മാനദണ്ഡം പാലിക്കാതെ പ്രൊമോഷൻ നൽകുന്ന അവസ്ഥാവിശേഷം ഇന്ന് ഹയർ സെക്കണ്ടറിയിലുണ്ട്. സീനിയോറിറ്റി സംബന്ധിക്കുന്ന ചട്ടങ്ങൾ ചാപ്റ്റർ XXXII-ൽ ഉൾപ്പെടുത്തിയിട്ടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സ്വകാര്യ ബിൽ അവതരിപ്പിച്ചുകൊണ്ട് വിശദീകരിക്കാൻ ശ്രമിക്കുന്നത് ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്ലെയിം, സേവന-വേതന പ്രശ്നങ്ങൾ, പ്രൊമോഷൻ സാദ്ധ്യതകൾ എന്നിവയും അദ്ധ്യാപകർക്ക് അനുകൂലമായി പരിഷ്കാരങ്ങളും നിയമഭേദഗതികളും വരണമെന്നുള്ളതും സംബന്ധിച്ചാണ്. ഹയർ സെക്കണ്ടറിയിൽ ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. അവിടെ പ്രിൻസിപ്പാൾമാർക്ക് ജോലി

ഭാരത്തിന്റെ പ്രശ്നമുണ്ടെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. അവർ പഠിപ്പിക്കുകയും അഡ്മിനിസ്ട്രേഷന്റെ ഭാഗമായുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കുകയും വേണം. അത് ഈ സഭയിൽത്തന്നെ പലപ്രാവശ്യം ചർച്ചയിൽ വന്നതാണ്. ഹൈസ്കൂൾ വിഭാഗത്തിനുള്ള ഓഫീസും ക്ലറിക്കൽ സംവിധാനങ്ങളും ഹയർ സെക്കണ്ടറിയിലില്ല എന്ന പ്രശ്നം അവർ പറയാറുണ്ട്. അതിൽ വസ്തുതയുണ്ട്. സമഗ്രമായ പരിഷ്കാരം വരുമ്പോൾ അതിന് പരിഹാരമുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരത്തെ പറഞ്ഞിരുന്നു. പക്ഷേ താൽക്കാലികമായി ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചുകൊണ്ട് അവർക്ക് ജോലിഭാരത്തിൽനിന്നും ആശ്വാസം നൽകാൻ കഴിയുമോയെന്ന് ആലോചിക്കേണ്ടതാണ്. അത് ബഹുമാനപ്പെട്ട മന്ത്രി കൺസിഡർ ചെയ്യട്ടെ. പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി മേഖലകളുമായി ബന്ധപ്പെട്ട് ഡിസ്കഷൻ നടക്കുമ്പോഴുള്ള ഒരു പ്രധാന പ്രശ്നം അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ അല്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നം കുട്ടികളുമായി ബന്ധപ്പെട്ടുള്ളതാണ്. അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമുക്ക് ഇൻഫ്രാസ്ട്രക്ചറുണ്ട്. വിദ്യാഭ്യാസ മേഖലയെ വികസിപ്പിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗവൺമെന്റ് നടപടി കൈക്കൊള്ളുകയാണ്. അതോടൊപ്പംതന്നെ ക്വാളിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലും ഗവൺമെന്റ് നടത്തുന്നുണ്ട്. പക്ഷേ അത് ഉറപ്പാക്കുന്നതിന് ആരോഗ്യകരമായ അന്തരീക്ഷം രൂപപ്പെട്ട് വരണം. ആ അന്തരീക്ഷം രൂപപ്പെട്ട് വരണമെങ്കിൽ ഹയർ സെക്കണ്ടറിയും ഹൈസ്കൂളും വേർതിരിഞ്ഞുനിന്ന് വളരെ സങ്കുചിതമായി പരസ്പരം കലഹിക്കുന്ന മോശമായ അന്തരീക്ഷം പൊതുവിദ്യാലയങ്ങളിൽ വികസിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. അതിന് സ്കൂളുകൾക്ക് ഒരു അഡ്മിനിസ്ട്രേഷൻ ഹെഡ് മാത്രമേ ഉണ്ടാകാവൂ. സാധിക്കുമെങ്കിൽ പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെ ഒന്നിപ്പിക്കണം. അക്കാര്യം സംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം? ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ പ്രതികരിക്കുമ്പോൾ എത്ര വേഗതയിൽ നമ്മളെല്ലാം ആഗ്രഹിക്കുന്ന കാര്യങ്ങൾ യാഥാർത്ഥ്യമാക്കുമെന്ന് അറിയാൻ എനിക്ക് താൽപ്പര്യമുള്ളതുകൊണ്ടാണ് ഞാൻ ഇടപെട്ടത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഹുമാന്യനായ അംഗം പറഞ്ഞ കാര്യം വളരെ ശരിയാണ്. അതാണ് ഞാനും അങ്ങയോട് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, നമുക്കിത് തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

വിദ്യാഭ്യാസ മേഖലയെ ഉന്നതങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുവെന്ന് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞു. അതിനോടനുബന്ധിച്ചാണ് ഞാൻ പറഞ്ഞത് അദ്ധ്യാപകരെ കൺവെൻഷണൽ ടൈപ്പിൽ നിന്നും നിലവിലുള്ള പുതിയ വ്യവസ്ഥിതികൾക്കനുസരിച്ച് മാറ്റാൻ ശ്രമിക്കണമെന്ന്. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ അച്ചടക്ക നടപടി, കോർപ്പറേറ്റ് മാനേജ്മെന്റ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം, നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കാര്യം എന്നിവയൊക്കെ ഇതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഈ ബില്ലിന്റെ ചർച്ച തുടർന്നുകൊണ്ടുപോകണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## (iii) 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2017-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജല ലഭ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പി. ടി. തോമസ് സ്വകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ ആ ബില്ലിനെ പിന്താങ്ങാൻ അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ആരും ഈ സഭയിലില്ല എന്നത് വളരെ സങ്കടകരമാണ്.

ശ്രീ. പി. ടി. തോമസ്: സർ, രാജ്യസഭാ ഇലക്ഷൻ നടക്കുകയല്ലേ; എല്ലാവരും വോട്ട് ചെയ്യാൻ പോയിരിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വോട്ട് ചെയ്യാം. നമുക്ക് വിഷയത്തിലേയ്ക്ക് വരാം. ഇന്നലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സുപ്രധാനമായ ഒരു വിധിയുണ്ടായതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിധിയുടെ വിശദാംശങ്ങൾ എനിക്ക് കിട്ടിയിട്ടില്ല. ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫലപ്രദമായി ഇടപെടണം എന്നൊരു നിർദ്ദേശം ഉള്ളതായാണ് മാധ്യമങ്ങളിൽനിന്നും മനസ്സിലാകുന്നത്.

ഇതുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങൾ നിലവിലുണ്ട്. കേരള വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട്, 1986 പ്രകാരമാണ് കേരള വാട്ടർ അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. കേരള ഗ്രൗണ്ട് വാട്ടർ റെഗുലേഷൻ ആന്റ് കൺട്രോൾ ആക്ട്, 2002 പ്രകാരമാണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി രൂപീകരിച്ചത്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003-ന് അടുത്തിടെ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്ന് ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്ക് 3 വർഷം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും നൽകുന്ന കർശനമായ പീനൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരള വെറ്റ് ലാന്റ് അതോറിറ്റി ആക്ട് പ്രകാരം പരിസ്ഥിതി വകുപ്പ് കേരള വെറ്റ് ലാന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത്രയും അതോറിറ്റികളും സംവിധാനങ്ങളും ഉള്ളപ്പോൾ മറ്റൊരു അതോറിറ്റിയിലേയ്ക്ക് പോകേണ്ട ആവശ്യമില്ല. ഈ സംവിധാനങ്ങളെ ഫലപ്രദമാക്കാനുള്ള കാര്യക്ഷമമായ ഇടപെടലാണ് ആവശ്യം. അത് സർക്കാർ പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച തരത്തിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് മറ്റൊരു അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ലെന്നാണ് സർക്കാർ നിലപാട്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണംമൂലം ശുദ്ധജലം ലഭ്യമല്ലാതാകുന്ന അവസ്ഥ ഒഴിവാക്കി പൊതുജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ഒരു അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കുന്നത്. Samuel Taylor Coleridge-ന്റെ പ്രസിദ്ധമായ കവിതയിൽ 'Water, water, everywhere, not a drop to drink' എന്നുപറയുന്നതാണ് ഇന്നത്തെ അവസ്ഥ. ശുദ്ധജലവിതരണം വകുപ്പിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ കൊടുക്കുന്ന ജലത്തിന്റെ 60 ശതമാനത്തിലേറെയും ശുദ്ധമല്ലെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ, ശുദ്ധവായു, ശുദ്ധജലം തുടങ്ങി ഒരു വ്യക്തി മൗലികമായി ആർജ്ജിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായി വിലയിരുത്താനും ലഭ്യമാകുന്ന ജലം ശുദ്ധമാണെന്ന് ഉറപ്പുവരുത്താനുമുള്ള നടപടികളുണ്ടാകണമെന്നാണ് ഈ ബില്ലിലൂടെ പ്രധാനമായും ഞാൻ മുന്നോട്ടു വയ്ക്കുന്നത്. കഴിഞ്ഞ വർഷത്തെ ലോക ജലദിനത്തോടനുബന്ധിച്ച് 'എന്തുകൊണ്ട് മലിനജലം' എന്ന പ്രമേയമാണ് ഐക്യരാഷ്ട്രസഭ ഏറ്റെടുത്തത്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ഒരു ദിവസം മൂവായിരത്തിലധികം കുട്ടികളാണ് മലിനജലം കുടിക്കുന്നതുകൊണ്ട് മരണമടയുന്നത്. ഇങ്ങനെ 32 ലക്ഷത്തിലധികം കുട്ടികളാണ് ഓരോ വർഷവും മരിക്കുന്നത്. ഇത് യുനസ്കോയുടെ റിപ്പോർട്ടിലും പറയുന്നു. മലിനജലംമൂലം മുതിർന്നവരടക്കം ഏകദേശം 3 കോടിയോളം ആളുകൾ

ഒരു വർഷം ലോകത്ത് മരിക്കുന്നുണ്ടെന്നാണ് കണക്ക്. ഈ സാഹചര്യത്തിൽ ശുദ്ധജലത്തിന്റെ പ്രാധാന്യം സംബന്ധിച്ച് വേണ്ട രീതിയിൽ ഗൗരവതരമായി ചിന്തിച്ചിട്ടുണ്ടോയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ പുഴകൾ മലിനമാകുന്നത് എങ്ങനെയാണ്; അതിന്റെ പരിണിതഫലങ്ങൾ എന്തെല്ലാമാണ്; ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കാനുള്ള വഴികൾ എന്തെല്ലാമാണ്; ഇക്കാര്യങ്ങളെ സംബന്ധിച്ച് വലിയതോതിലുള്ള പ്രചരണം അനിവാര്യമായ കാലഘട്ടമാണിത്. ഭൂമിയുടെ ഉപരിതലത്തിന്റെ രണ്ടിൽമൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. ബാക്കി ഒരു ഭാഗം മാത്രമാണ് കര. ഇത്രയും ജലം ഭൂമിയിൽ ലഭ്യമാണെങ്കിലും ഇതിൽ ഭൂരിഭാഗവും കടലിലെ ഉപ്പുവെള്ളമാണ്. ബാക്കി വരുന്ന തുച്ഛമായ ഭാഗം മാത്രമാണ് ശുദ്ധജലമുള്ളത്. ഭൂമിയിൽ ലഭ്യമായ ജലത്തിന്റെ നല്ലൊരുപങ്കും ഇപ്പോൾ പരിപൂർണ്ണമായി മലിനപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. വ്യവസായ ശാലകൾ, കൃഷിയിടങ്ങൾ, നഗരാവശിഷ്ടങ്ങൾ മുതലായവയിൽനിന്ന് വരുന്ന മാലിന്യംമൂലം നമ്മുടെ പുഴകളും തോടുകളും ജലാശയങ്ങളുമെല്ലാം ദിനംതോറും മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ജലമലിനീകരണത്തിന്റെ മറ്റൊരു സ്രോതസ്സ് കൃഷിയിടങ്ങളിൽനിന്നുള്ള മാലിന്യങ്ങളാണ്. കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കളും കീടനാശിനികളും മഴവെള്ളത്തിൽക്കൂടി ഒലിച്ച് നദികളെയും ഭൂഗർഭ ജലസ്രോതസ്സുകളെയും മലിനമാക്കിക്കൊണ്ടിരിക്കുകയാണ്. തണ്ണീർമുക്കം ബണ്ടിലൂടെ കുട്ടനാട്ടിലെ പാടങ്ങളിൽ ഓരുവെള്ളം കയറുന്നത് ഒഴിവാക്കാൻ കഴിഞ്ഞെങ്കിലും മണ്ണിന്റെയും ജലത്തിന്റെയും രാസപരവും ഭൗതികവുമായ അഭിലക്ഷണങ്ങളിൽ കാര്യമായ മാറ്റം വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ പലപല കാരണങ്ങൾകൊണ്ട് നമ്മുടെ ശുദ്ധജല സ്രോതസ്സുകൾ അടഞ്ഞുവരികയാണ്.

കേരളത്തിലെ ഭൂഗർഭ ജലസ്രോതസ്സുകളുടെ പ്രധാനപ്രശ്നം മലജന്യ അണുക്കളാണ്. ഇതര ജീവാണുക്കൾ, മലജന്യ അണുക്കൾ എന്നിവ മൂലമുള്ള മലിനീകരണമാണ് ഏറ്റവും കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ട്. മഴക്കാലത്താണ് ജൈവമലിനീകരണത്തിന് കൂടുതൽ സാധ്യതയെന്നാണ് കിണറുകളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള ഒരു പഠനത്തിൽ കാണുന്നത്. മണ്ണിന്റെ ഘടന, കിണറിന്റെ നിർമ്മാണം, കക്കൂസുകളുടെ നിർമ്മാണരീതി, കിണറും കക്കൂസും തമ്മിലുള്ള ദൂരം തുടങ്ങിയ പല കാര്യങ്ങളും ജല മലിനീകരണവുമായി ബന്ധപ്പെട്ട് കിടക്കുന്നു. സെപ്റ്റിക് ടാങ്ക്/കക്കൂസും കിണറും തമ്മിൽ 15 മീറ്ററെങ്കിലും ദൂരം വേണമെന്ന നിബന്ധന കേരളത്തിൽ പലയിടത്തും പാലിക്കാൻ കഴിയുന്നില്ല, പട്ടണങ്ങളിൽ പ്രത്യേകിച്ച്. ഇന്ന് 7.5 മീറ്ററായി അത് കുറച്ചിട്ടുണ്ട്. ഇതിലും അകലം കുറച്ചാൽ വെള്ളത്തിൽ അണുബാധയുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിണറുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതും

കിണറിന് സമീപം വെള്ളം കെട്ടിക്കിടക്കുന്നതും പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. മഴക്കാലത്ത് കിണറിന് സമീപം അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നതിനാൽ അണുക്കൾക്ക് മണ്ണിൽക്കൂടി ഊർന്നിറങ്ങി കിണറുകളെ മലിനപ്പെടുത്താൻ കഴിയും. മഴക്കാലത്ത് ജലജന്യ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നതിന് ഇതും കാരണമായിട്ടുണ്ട്. വീട്ടിലും പരിസരത്തും വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് കൊതുകുകൾ പെരുകുന്നു. ഈ കൊതുകുകളാണ് പലപ്പോഴും ചിക്കൻ ഗുനിയ, മലമ്പനി, ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ പരത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. ടി. തോമസ്, ഇനി രണ്ട് ബില്ലുകളുടെ അവതരണവും മൂന്ന് ബില്ലുകളുടെ തുടർചർച്ചയുമുണ്ട്. സമയം കുറവാണ്.

ശ്രീ. പി. ടി. തോമസ്: സർ, വാട്ടർ അതോറിറ്റി ശുദ്ധജല വിതരണമാണ് ഉദ്ദേശിക്കുന്നതെങ്കിലും, ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ കഴിഞ്ഞ ദിവസം പ്രസംഗത്തിലൊക്കെ ചൂണ്ടിക്കാണിച്ചതാണ്. കേരളം പോലെ ഇത്രയും ഡെൻസിറ്റിയുള്ള ഒരു സംസ്ഥാനത്ത് സ്വീവേജ് ട്രീറ്റ്മെന്റിനുള്ള യാതൊരു സൗകര്യങ്ങളുമില്ല. പ്രത്യേകിച്ച് 87-ഓളം മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും ജനസാന്ദ്രത കൂടുതലുള്ള സാഹചര്യത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നാമമാത്രമായിട്ടാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, തിരുവനന്തപുരത്തും എറണാകുളത്തും അഞ്ച് ശതമാനം ആളുകൾ മാത്രം ഉപയോഗിക്കുന്ന ഏരിയയിലാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുള്ളത്. സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം ഇല്ലാത്തതാണ് കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം. അതുകൊണ്ട് കായലുകളിലും കുളങ്ങളിലും ജലാശയങ്ങളിലുമെല്ലാം ഈ മലജന്യമായ മാലിന്യങ്ങൾ അടിഞ്ഞുകൂടി നമ്മുടെ ജലസ്രോതസ്സുകളെ പരിപൂർണ്ണമായും അപകടത്തിലാക്കിക്കൊണ്ടിരിക്കുകയാണ്.

എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയും എറണാകുളവും അടക്കമുള്ള സ്ഥലങ്ങളിൽ വലിയ ഫ്ലാറ്റുകൾ കെട്ടിപ്പടുത്ത് ആകർഷണീയമായ പരസ്യങ്ങൾ നൽകി അമേരിക്കയിലും മറ്റ് വിദേശ രാജ്യങ്ങളിലുമൊക്കെയുള്ള ആളുകളെ ആകർഷിക്കുന്നു. അവർ ഫ്ലാറ്റ് കാണുകപോലും ചെയ്യാതെ ബുക്ക് ചെയ്യും. അങ്ങനെ ഫ്ലാറ്റെടുത്ത് പൈസയെല്ലാം കൊടുത്തു കഴിയുമ്പോഴാണ് അറിയുന്നത് 90 ശതമാനം ഫ്ലാറ്റുകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാറില്ല എന്ന്. അഥവാ എവിടെയെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ വർദ്ധിച്ച ഇലക്ട്രിസിറ്റി ചാർജ്ജും മറ്റും കാരണം അത് പ്രവർത്തിപ്പിക്കുകയുമില്ല. ആയിരവും രണ്ടായിരവും ആളുകൾ താമസിക്കുന്ന ഫ്ലാറ്റുകൾ എന്റെ മണ്ഡലമായ തൃക്കാക്കര, കാക്കനാട് മേഖലയിലുണ്ട്. ഈ ഫ്ലാറ്റുകളിൽനിന്നുള്ള കക്കൂസ് മാലിന്യം മുഴുവൻ ടാങ്കർ ലോറിക്കാർക്ക് കൊടുക്കും. അവർ വെള്ളം കാണുന്ന സ്ഥലത്ത് വണ്ടി നിർത്തി ഇത് പമ്പ് ചെയ്ത് കളഞ്ഞുപോകുകയാണ് ചെയ്യുന്നത്. അവർ ഗുണ്ടകളെയും കൊണ്ടാണ് നടക്കുന്നത്. പോലീസിനുപോലും അവരെ തടയാൻ കഴിയുന്നില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, അങ്ങ് പറയുന്നത് സമൂഹം ഏറ്റെടുക്കേണ്ട ഗൗരവമായ വിഷയമാണ്. ജലാശയങ്ങളിലും എല്ലാ തരത്തിലുള്ള ജലസ്രോതസ്സുകളിലും (Water bodies) വിസർജ്ജ്യങ്ങൾ ഒഴുക്കി വിടുകയോ ചപ്പുചവറുകൾ വലിച്ചെറിയുകയോ മാലിന്യങ്ങൾ നിക്ഷേപിക്കുകയോ ചെയ്യുന്നത് ജാമ്യമില്ലാത്ത കുറ്റമാക്കി വ്യവസ്ഥ ചെയ്തുകൊണ്ട് വരുത്തിയ ഭേദഗതി ഓർഡിനൻസിലൂടെയാണ് ഇറക്കിയത്. അങ്ങ് അതിനെ സ്വാഗതം ചെയ്യുന്നുണ്ടോ എന്നുകൂടി പറയാമോ?

ശ്രീ. പി. ടി. തോമസ്: സർ,തീർച്ചയായും അതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് അറസ്റ്റ് ചെയ്യും, അകത്തിടുമെന്നൊക്കെ പറഞ്ഞാൽ ഈ മാലിന്യം എവിടെ കൊണ്ടുപോയി കളയും എന്ന ചോദ്യത്തിനുകൂടി നമ്മൾ ഉത്തരം കൊടുക്കേണ്ടതല്ലേ? അതാണ് ശ്രീ. പി. ടി. തോമസ് പറഞ്ഞ വിഷയം. എല്ലാ ജില്ലയിലും നാല് ട്രീറ്റ്മെന്റ് പ്ലാന്റെങ്കിലും ഉണ്ടായാലേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ.

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിലെ ഗവൺമെന്റ് ആദ്യമായി ഇത് അഡ്രസ് ചെയ്യുകയാണ്. തിരുവനന്തപുരത്ത് വർഷങ്ങളായി മുട്ടത്തറയിലടക്കം ട്രീറ്റ്മെന്റ് പ്ലാന്റുണ്ട്. അതിന്റെ ഫുൾ കപ്പാസിറ്റിയിൽ ഇപ്പോൾ ഉപയോഗിക്കുന്നില്ല. എന്നുമാത്രമല്ല, അവിടെനിന്ന് പുറത്തുവരുന്ന സ്ലഡ്ജ് മലപോലെ കൂട്ടിയിടുകയാണ്. വളമായി ഉപയോഗിക്കുന്നതിന് ആരുമത് കൊണ്ടുപോകുന്നില്ല. കൊച്ചിയിൽ നാമമാത്രമായാണ് ട്രീറ്റ്മെന്റ് പ്ലാന്റുള്ളത്. കേരളത്തിൽ ഇത് വ്യാപകമാക്കുന്നതിനു വേണ്ടി ബഡ്ജറ്റിൽ ഇത്തവണ 50 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുകയാണ്. ആദ്യമായിട്ടാണ് നമ്മൾ ഇതിനെ അഡ്രസ് ചെയ്യുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമങ്ങളെയെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. ഒരു മിനിട്ടുകൊണ്ട് ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഒരു പ്രധാനപ്പെട്ട കാര്യംകൂടി പറഞ്ഞുകൊണ്ട് തുടർ ചർച്ചയ്ക്കായി മാറ്റുകയാണ്. കേരളത്തിലെ 44 നദികളിൽ 39 എണ്ണവും മാലിന്യമാണെന്നാണ് കേന്ദ്ര ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ട്. വെള്ളത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം CWRDM-ന്റെ പഠനം അനുസരിച്ച് 83 ശതമാനം കിണറുകളും മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. വർഷത്തിൽ 3000 മില്ലീ മീറ്റർ മഴ കിട്ടിയിരുന്ന കേരളത്തിൽ 2016-ൽ 1600 മില്ലീ മീറ്ററായി കുറഞ്ഞിരിക്കുകയാണ്. കുപ്പിവെള്ളത്തെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിലെ പത്രത്തിൽ

ഞെട്ടിപ്പിക്കുന്ന വാർത്തയാണ് കണ്ടത്. ശുദ്ധമാണെന്ന് വിചാരിച്ച് ഇപ്പോൾ ഫാഷൻ പോലെ ട്രെയിനിലും യാത്രയിലും എല്ലാവരുടെ കൈവശവും കുപ്പിവെള്ളമാണ്. കുപ്പിവെള്ളത്തിൽ 60 ശതമാനത്തിലേറെ പ്ലാസ്റ്റിക്കിന്റെ അംശം നിറഞ്ഞതും അത് മാരക രോഗങ്ങൾ ഉണ്ടാക്കുന്നതുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല, കേരളത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള കുപ്പിവെള്ള ഫാക്ടറികൾക്ക് പലതിനും ലൈസൻസ് ഇല്ല. ഏകദേശം മുപ്പതിനായിരത്തിലധികം കോടി രൂപയുടെ കുടിവെള്ള വിപണനമാണ് രാജ്യത്ത് നടക്കുന്നത്. അതിൽ പ്രമുഖ കമ്പനികളുടെ ലേബൽ ഒട്ടിച്ചൊക്കെയാണ് കൊണ്ടുവരുന്നത്. കുപ്പിവെള്ളം ശുദ്ധമാണെന്ന ധാരണ തെറ്റായിരിക്കുന്നു. അതടക്കമുള്ള കാര്യങ്ങൾ ഗൗരവതരമായി പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാം. പത്ത് മിനിട്ട് കഴിഞ്ഞു. ഇനിയും അഞ്ച് ബില്ലുകളുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങ് പറഞ്ഞത് വളരെ ഗൗരവമുള്ളൊരു വിഷയമാണ്. സ്വകാര്യ കുടിവെള്ള കമ്പനികൾ ഇത്തരത്തിൽ ഗുണമേന്മയില്ലാത്ത കുടിവെള്ളം കൊണ്ടുവരുന്നതിന്റെ പ്രശ്നമാണല്ലോ പറഞ്ഞത്. ഇതൊക്കെ പരിഗണിച്ചുകൊണ്ടാണ് സർക്കാർ ഉടമസ്ഥതയിൽ കുടിവെള്ള വിതരണത്തിനുള്ള ഒരു പ്ലാന്റ് അരുവിക്കരയിൽ തുടങ്ങുന്നതിന് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ മന്ത്രിയായിരുന്ന കാലത്ത് തറക്കല്ലിട്ടത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നും ചെയ്തില്ല. ഇപ്പോഴത് എന്തായി എന്ന് എനിക്കറിയില്ല. ശ്രീ. വി. എസ്. സുനിൽ കുമാർ ചെയർമാനും ഞങ്ങളൊക്കെ അംഗങ്ങളുമായിരുന്ന നിയമസഭാ സമിതി ഒരു തവണ അവിടെ സന്ദർശിക്കുകയും ഉദ്യോഗസ്ഥരെയൊക്കെ വിളിച്ചുവരുത്തി ഉടനെ അതിന്റെ നിർമ്മാണം പുനരാരംഭിക്കണമെന്ന് പറയുകയും ചെയ്തിരുന്നു. എന്നാൽ ഇന്നും അത് നടന്നിട്ടില്ല. സ്വകാര്യ കുടിവെള്ള ലോബികൾക്കുവേണ്ടി സർക്കാരിന്റെ പദ്ധതി മുടങ്ങിക്കിടക്കുന്ന സാഹചര്യം പണ്ടുമുതലേ ഉണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റിന് ആവശ്യമായ യന്ത്രോപകരണങ്ങൾ കഴിഞ്ഞയാഴ്ച ജപ്പാനിൽ നിന്ന് ഇറക്കുമതി ചെയ്തു. ഈ വർഷം വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വിപണിയിലിറങ്ങും.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തൊടുപുഴയിൽ വാട്ടർ അതോറിറ്റി മാതൃകാപരമായ ഒരു കുപ്പിവെള്ള പ്ലാന്റ് തുടങ്ങിയിരുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ശുദ്ധജലം എല്ലാവരുടെയും അവകാശമാണ്. പക്ഷേ ഒന്ന് മനസ്സുവച്ചാൽ കൊടുക്കാവുന്ന കുടിവെള്ളത്തിന്റെ കാര്യത്തിൽ ഡിപ്പാർട്ടുമെന്റും ബഹുമാനപ്പെട്ട മന്ത്രിയും അടക്കമുള്ള ആളുകൾ താൽപര്യമെടുക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. കുടിവെള്ളക്ഷാമം രൂക്ഷമായിരുന്നപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിക്കാൻ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞിരുന്നു. അവിടെ ടാങ്കിൽ വെള്ളമുണ്ട്. അത് കൊടുക്കാനുള്ളൊരു സൗകര്യമുണ്ടാക്കിയാൽ നന്നായിരിക്കും. എം.ഡി.-യുടെ പക്കൽ ഫയലുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി അക്കാര്യമൊക്കെ ഗൗരവത്തോടെ ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ഇത് തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ശ്രീ. പി. ടി. തോമസ് ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞു, 44 നദികളിൽ 39 നദികളും ഇപ്പോൾ മലിനമായി കിടക്കുകയാണെന്ന്. ബാക്കിയുള്ള 5 നദികൾ ഏതൊക്കെയാണെന്ന് അങ്ങ് പറയുമോ?

ശ്രീ. പി. ടി. തോമസ്: സർ, പാമ്പാർ അടക്കമുള്ള നാല് നദികളാണ് ഇപ്പോൾ മാലിന്യമില്ലാത്തതായി ഉള്ളത്. ഇത് തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

12.00 Noon]

(iv) 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. ആർ. രാജേഷ്: സർ, 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 445, 446 പ്രകാരം ബഹുമാന്യനായ അംഗം ശ്രീ. ആർ. രാജേഷ് തന്റെ അനൗദ്യോഗിക ബില്ലിൽ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും നിവർത്തിക്കപ്പെടും എന്നതിനാൽ നാലാം നമ്പർ അനൗദ്യോഗിക ബിൽ പരിഗണിക്കേണ്ടതില്ല എന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. ആർ. രാജേഷ്: സർ, 'എല്ലാം നിവർത്തിക്കപ്പെടും' എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മുനിസിപ്പാലിറ്റി ബില്ലിൽ ഇക്കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ അതിനാവശ്യമായ നടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നില്ല എന്നതാണ് ആക്ഷേപം. അതുകൊണ്ടാണ് 446-ാം വകുപ്പിന്റെ ഒരു ഭേദഗതിയെന്ന നിലയിൽ 'ബി' എന്ന ഉപവകുപ്പുകൂടി ചേർക്കണമെന്ന് ഈ ബില്ലിന്റെ ഭാഗമായി ആവശ്യപ്പെടുന്നത്. നഗരപ്രദേശങ്ങളിലെ ഗാർഹിക മേഖലയിൽ ചെറുകിട കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ശാസ്ത്രീയവും പരിസ്ഥിതി സൗഹാർദ്ദപരവുമായ ബയോഗ്യാസ് പ്ലാന്റ്, വൈദ്യുതോല്പാദനമടക്കമുള്ള ഊർജ്ജോല്പാദന സൗകര്യങ്ങൾ എന്നിവയോടുകൂടി മാറ്റേണ്ടതാണെന്നതാണ് ഈ ഭേദഗതി. കുടിവെള്ളത്തെക്കുറിച്ചുള്ള ബിൽ അവതരിപ്പിച്ചപ്പോഴും 87-ഓളം വരുന്ന നഗരസഭകളിൽ ശാസ്ത്രീയ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലാത്തതിന്റെ ഭാഗമായി ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നതിനെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ നഗരങ്ങളും ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള പട്ടണങ്ങളും കേരളത്തിലാണുള്ളത്. ഇവിടെ നിലനിൽക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് മലിനീകരണം. ക്ഷീരമേഖല ശക്തിപ്പെടരുത് എന്നല്ല, ശക്തിപ്പെടണം. ഇത്തരം കാര്യങ്ങൾകൂടി ഫലപ്രദമായി നിർവ്വഹിച്ചെങ്കിൽ മാത്രമേ നമ്മുടെ ക്ഷീരമേഖലയെക്കൂടി സംരക്ഷിക്കാനാകൂ. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മുനിസിപ്പാലിറ്റികളിൽ നടക്കുന്നുണ്ട്, നിവർത്തിക്കുന്നുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. പക്ഷെ പരിസ്ഥിതി മലിനീകരണമുണ്ടാക്കുന്ന ഇത്തരം പ്രശ്നങ്ങൾക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കാനും ക്ഷീരകർഷകരെ സഹായിക്കുന്നതിനുമുള്ള ഇടപെടൽ നടത്തണം. പരാതിയുണ്ടായാൽ സ്റ്റോപ് മെമ്മോ കൊടുക്കുക, അത് നിർത്തിവയ്ക്കുക, അന്യായമായി നീട്ടിക്കൊണ്ടു പോകുക ഇതൊക്കെയാണ് ചെയ്യുന്നത്. അതിനുപകരം അവർ സ്വീകരിക്കേണ്ട ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയും കൃത്യമായും സമയബന്ധിതമായും അത് നടപ്പിലാക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് ഭേദഗതി ചൂണ്ടിക്കാണിക്കാനുള്ളത്. ചർച്ച തുടരണമെന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

## (v) 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബിൽ

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2018-ലെ കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നമ്മുടെ നാട്ടിൽ മദ്യപാനാസക്തിയും മദ്യപാനവുംമൂലമുള്ള പ്രശ്നങ്ങൾ വലിയ സാമൂഹ്യ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. അതിനാലാണ് ശ്രീമതി യു. പ്രതിഭ ഹരി കേരള ഗാർഹിക പരിസരത്തും പൊതുസ്ഥലങ്ങളിലുമുള്ള മദ്യപാനം തടയൽ ബില്ലിന് അവതരണാനുമതി തേടിയിരിക്കുന്നത്. മദ്യപാനവും മദ്യപാനാസക്തിയും ഉയർത്തുന്ന വെല്ലുവിളികൾ വിവിധ മാർഗ്ഗങ്ങളിലൂടെ ഫലപ്രദമായി നേരിടേണ്ടതാണെന്ന കാര്യത്തിൽ സർക്കാരിന് യാതൊരു എതിരഭിപ്രായവുമില്ല, അതിനോട് യോജിക്കുന്നു. പ്രസ്തുത വെല്ലുവിളികളെ നിയമപരമായി നേരിടുന്നതിന് ഈ ബില്ലുകൊണ്ട് മാത്രം കഴിയുമോയെന്ന കാര്യം കൂടുതൽ പരിശോധന ആവശ്യമുള്ളതാണ്. നിലവിലുള്ള 1960-ലെ ഇന്ത്യൻ ശിക്ഷാ നിയമം, 2011-ലെ കേരളാ പോലീസ് ആക്ട്, 2005-ലെ ഗാർഹിക പീഡന നിയമം, കേരള അബ്കാരി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ ഉൾക്കൊണ്ടുള്ള കാര്യങ്ങളും ഇതിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിനെപ്പറ്റി കൂടുതൽ പരിശോധന ആവശ്യമാണ്. പൊതുസ്ഥലങ്ങളിൽ മദ്യപിക്കുന്നവർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമഭേദഗതികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഗാർഹിക പരിസരത്ത് നടത്തുന്ന മദ്യപാനം ശിക്ഷാർഹമാക്കി പ്രഖ്യാപിച്ചാൽ അത് ഭരണഘടനയുടെ 21-ാം അനുഛേദം ഉറപ്പ് നൽകുന്ന സ്വകാര്യതയ്ക്കുള്ള അവകാശത്തിനെതിരാകുമോ എന്ന കാര്യവും നിയമപരമായി പരിശോധിക്കേണ്ടതുണ്ട്. വ്യക്തമായ നിർവ്വചനങ്ങളോ, നടപടിക്രമങ്ങളോ ഇല്ലാതെ നിയമം പാസ്സാക്കാൻ പ്രയാസമാണ്. അങ്ങനെ ചെയ്താൽ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടും. അവതാരകയുടെ ഉദ്ദേശ്യശുദ്ധിയെ സർക്കാർ പൂർണ്ണമായി അംഗീകരിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയോടുകൂടിയ നിലപാടെടുക്കേണ്ടിവരും എന്നതിനാൽ ഈ സഭയിൽ ഈ ബിൽ അംഗീകരിക്കുന്നില്ല, അത് പാസ്സാക്കേണ്ടതില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, സംസ്ഥാനത്ത് മദ്യാപാനാസക്തിയും മദ്യപാനം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും വലിയതോതിൽ സാമൂഹ്യവെല്ലുവിളികൾ ഉയർത്തുന്നുണ്ട്. മദ്യപാനത്തിനെതിരായി സർക്കാർ ധാരാളം നടപടികളെടുക്കുന്നുണ്ടെങ്കിലും അവയൊന്നും വേണ്ടത്ര വിജയം കൈവരിക്കുന്നില്ല. നമ്മുടെ ഗാർഹിക പരിസരങ്ങളും പൊതുസ്ഥലങ്ങളും മദ്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത അത്യന്താപേക്ഷിതമായതുകൊണ്ടാണ് നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഏകദേശം 59 ശതമാനം കുറ്റകൃത്യങ്ങളും 40 ശതമാനം റോഡപകടങ്ങളും ഉണ്ടാകുന്നത് മദ്യപാനംമൂലമാണ്. അമിത മദ്യപാനികളുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുവരുന്നു. പെഗ്ഗിൽ കഴിക്കുന്നവരല്ല, കുപ്പിയോടെ മദ്യം കഴിക്കുന്നവരുടെ എണ്ണമാണ് ഇപ്പോൾ നാട്ടിൽ വർദ്ധിച്ചുവരുന്നത്. ആൽക്കഹോൾ ആൻഡ് ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെ വിവരമനുസരിച്ച് കേരളത്തിൽ 18 വയസ്സിൽ താഴെയുള്ള കുട്ടികളാണ് 18 ശതമാനത്തോളം മദ്യ ഉപഭോക്താക്കളെന്ന് കണ്ടെത്തിയിരിക്കുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായം 21 വയസ്സാണെന്ന് പറയുന്നുണ്ടെങ്കിലും പലപ്പോഴും 15, 16 വയസ്സുള്ള കുട്ടികളുടെയിടയിൽപ്പോലും മദ്യ ഉപഭോഗമുണ്ട്. മദ്യം ഉപയോഗിച്ചതിനുശേഷം സെക്ഷ്വൽ ഹരാസ്മെന്റ്, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളിലേയ്ക്ക് കുട്ടികളടക്കം പോകുന്നതുകൊണ്ടാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം ആവശ്യമാണെന്ന രീതിയിലുള്ള ഒരു ബിൽ അവതരിപ്പിക്കുന്നത്. സ്റ്റേറ്റ് പോപ്പുലേഷന്റെ 34 ശതമാനം പേരും ആൽക്കഹോൾ ഉപയോഗിക്കുന്നുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ സ്റ്റഡിയിൽ 45 ശതമാനം പുരുഷൻമാരും ആൽക്കഹോൾ ഉപയോഗിക്കുന്നതായാണ് പറയുന്നത്. മനുഷ്യരുടെയിടയിലുള്ള മദ്യപാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുള്ളതായി പറയാം. സ്വാതന്ത്ര്യാനന്തര ജനാധിപത്യ സമൂഹത്തിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനും മദ്യം വിൽക്കുന്നതിനുമൊക്കെ അനുവദനീയ നിയമങ്ങളുണ്ട്. പലപ്പോഴും നിയമവ്യവസ്ഥകൾ പാലിക്കുന്നതിന് തർക്കവിതർക്കങ്ങൾ ഉണ്ടാകുമ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടലും തീർപ്പു കൽപ്പിക്കലുമൊക്കെ ഉണ്ടാകുന്നുണ്ട്. പക്ഷെ ഒരു നിരോധനംകൊണ്ട് ജനങ്ങളുടെയിടയിലെ മദ്യപാന ശീലത്തെ മാറ്റാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. മദ്യനിരോധനമല്ല, മദ്യവർജ്ജനമാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത നയം. നിരോധനത്തെക്കാൾ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതുണ്ടെന്നാണ് ഈ ബിൽ ചൂണ്ടിക്കാണിക്കുന്നത്. അത്തരത്തിലൊരു നിയന്ത്രണത്തിന്റെ അനിവാര്യതയിലേയ്ക്കാണ് ഈ ബിൽ വിരൽചൂണ്ടുന്നത്. എവിടെയിരുന്ന് മദ്യം കഴിച്ചാലും അതുമൂലമുള്ള ദൂഷ്യഫലം ഒന്നുതന്നെയാണ്. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് മദ്യപിക്കാൻ പണം നൽകാത്തതുകൊണ്ട് ശുഭ എന്ന സ്ത്രീയെ ഭർത്താവ്

മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി. അതുപോലെയാണ് ആലപ്പുഴയിൽ മകന് മദ്യപിക്കാൻ പണം നൽകാത്തതിനാൽ അമ്മയ്ക്കു നേരെയുണ്ടായ അതിക്രമം. ഇന്ന് സമൂഹത്തിൽ നടക്കുന്ന പല ക്രൈമിന്റേയും പിന്നിൽ മദ്യപാനശീലമുണ്ട്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പറുടെ ഈ ബില്ലിനെ ഞങ്ങൾ എല്ലാപേരും സ്വാഗതം ചെയ്യുന്നു. ഇന്നത്തെ കാലഘട്ടത്തിൽ വളരെ അനിവാര്യമായ ഒരു ബിൽ കൊണ്ടുവന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെതന്നെ മദ്യവർജ്ജനത്തിൽ മദ്യത്തിന്റെ ലഭ്യത ഒരു പ്രധാന ഘടകമാണ്. മദ്യത്തിന്റെ ലഭ്യതകൂടി കുറയേണ്ടതല്ലേ? ഇപ്പോൾ നമ്മുടെ ഗവൺമെന്റിന്റേത് മദ്യം വ്യാപകമാക്കുന്ന നിലപാടാണ്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ ഒരു അഭിപ്രായംകൂടി രേഖപ്പെടുത്തിയാൽ നന്നായിരുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തേക്കാൾ അധികമായി ഒരു തുള്ളി മദ്യംപോലും ഈ സർക്കാർ വിൽക്കുന്നില്ല എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടല്ലോ.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, മദ്യാസക്തിക്കെതിരെ നമ്മളെല്ലാവരും കൃത്യമായ നിലപാടെടുത്തുപോകുന്നവരാണ്. മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കണം, അതിലൊന്നും തർക്കമില്ല. ഓരോ ഫെസ്റ്റിവൽ കഴിയുമ്പോഴും ബിവറേജസ് ഔട്ട്ലെറ്റിൽ വിറ്റ മദ്യത്തിന്റെ കണക്കുവരും. അങ്ങനെ കണക്കുവന്നപ്പോൾ തിരൂരിലായിരുന്നു ഏറ്റവും കൂടുതൽ മദ്യം വിറ്റത് എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടായിരുന്നോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അരീക്കോട് ഒരു അച്ഛൻ ഇന്ന് വിവാഹം നടക്കേണ്ട മകളെയാണ് ഇന്നലെ കുത്തിക്കൊന്നത്. നാലുമണിക്ക് വയറുനിറയെ മദ്യം കഴിച്ചതിനുശേഷമാണ് ഈ ക്രൂരകൃത്യം ചെയ്തത്. ഇങ്ങനെ കേരളത്തിൽ ഏത് ക്രൈമിന്റേയും പിന്നിൽ പരിശോധിച്ചാൽ മദ്യമാണെന്ന് നമുക്ക് കണ്ടെത്താൻ കഴിയും. മദ്യം വ്യാപകമാകുന്നതോടൊപ്പം ക്രൈമിന്റെ സാധ്യത കൂടുകയാണ്. മേശപ്പുറത്ത് കിട്ടുന്ന വെള്ളം പെട്ടെന്ന് എടുത്ത് കുടിക്കും, അപ്പുറത്താണ് വെള്ളമുള്ളതെങ്കിൽ അത് കുടിക്കാൻ സമയമെടുക്കും. ഇതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, കേരളത്തിൽ പുതിയ ബാറുകളൊന്നും തുറക്കുന്നില്ല, നല്ലൊരു ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ഇതിൽ മറ്റു ദുരുദ്ദേശ്യങ്ങൾ ആവശ്യമില്ല. ഇവിടെ പുതിയ

ബാറുകൾ അനുവദിക്കുകയാണെന്നും എൽ.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് മദ്യം ഒഴുക്കുകയാണെന്നുമുള്ള പ്രചരണമുണ്ട്, അത് സത്യമല്ല. പുതിയ മദ്യശാല തുറക്കുന്നതിന് എൽ.ഡി.എഫ്. സർക്കാർ അനുമതി നൽകിയിട്ടില്ല. പുതുതായി ഒരു കാര്യവും കേരളത്തിൽ സംഭവിച്ചിട്ടില്ല. മറ്റ് രാഷ്ട്രീയ ചർച്ചകളിലേയ്ക്ക് വരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ന് ലോകത്ത് മനുഷ്യൻ കടലിൽ മുങ്ങി മരിക്കുന്നതിനേക്കാൾ കൂടുതൽ മദ്യത്തിൽ മുങ്ങി മരിക്കുകയാണ്. ഇത് തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച

(i) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിലെ പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച ഈ ബിൽ ഇതിനോടകം രണ്ടുതവണ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സമഗ്രവും സർവ്വതല സ്പർശിയുമായ ചർച്ച ഈ വിഷയത്തിൽ ആവശ്യമാണ്. ഈ ബില്ലിൽ അടങ്ങിയിട്ടുള്ള ആശയം, ആധുനിക കാലത്ത് കൂടുതൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം നമ്മുടെ കാഴ്ചപ്പാടുകളുടെ വികാസത്തിന്റെ ഭാഗം കൂടിയാണ്. ഭൂമിയും പ്രപഞ്ചമാകെയും മനുഷ്യർക്ക് മാത്രം അവകാശപ്പെട്ടതല്ലെന്നും മനുഷ്യർക്കെന്നപോലെ മറ്റെല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ അവരുടെ സ്വാഭാവികമായ പരിതസ്ഥിതിയിൽ നിലനിൽക്കാൻ അവകാശമുണ്ടെന്നുമുള്ള ബോധത്തിന്റെ അടിസ്ഥാനത്തിലാണ് സഭ ഈ ബിൽ ചർച്ച ചെയ്തിട്ടുള്ളത്. ഇവിടെയിപ്പോൾ വളരെ പരിമിതമായ സമയമേ നമ്മുടെ മുമ്പിലുള്ളൂ, മറ്റ് ബില്ലുകൾകൂടി പരിഗണിക്കേണ്ടതുണ്ട്. ഈ ബിൽതന്നെ കൂടുതൽ സമയമെടുത്ത് ചർച്ച ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇത് തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റ് ബില്ലുകൾ പരിഗണിക്കേണ്ട സാഹചര്യമൊരുക്കുകയാണ്. തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കണം.

(ചർച്ച തുടരും )

ശ്രീ. എ. പ്രദീപ് കുമാർ: സർ, ബില്ലുകളൊക്കെ തുടർചർച്ചയ്ക്കായി

മാറ്റിവയ്ക്കുകയാണ്. ഇത് ഈ സഭയുടെ മാത്രം പ്രശ്നമല്ല, കാലാകാലങ്ങളായി തുടരുന്നതാണ്. മുമ്പും ഇതുപോലെ ബഹുമാനപ്പെട്ട ചെയറിന്റെ സജഷന് വിധേയമായി ഞാൻ ഒരു ബിൽ തുടർചർച്ചയ്ക്കായി മാറ്റി വച്ചിട്ടുണ്ട്. നാളിതുവരെ അത് പുറത്തുവന്നിട്ടില്ല. ബർമുഡ ട്രയാംഗിളിന്റെ മുകളിൽക്കൂടി വിമാനം പോയാൽ അത് പിന്നെ കാണില്ല. അതുപോലെയാണ് ബില്ലുകളുടെ സ്ഥിതി. തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റിവച്ചാൽ പിന്നെ ഇതൊരിക്കലും തിരിച്ചു വരാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഗംഭീരമായി പഠിച്ച് തയ്യാറായി നിയമനിർമ്മാണത്തിന് സജ്ജമായി വന്നതാണ്. അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി കുറച്ചുകൂടി സമയം അവർക്ക് കൊടുക്കണം, ഇപ്പോഴെന്തെങ്കിലും ചെയ്യാനല്ല, ഇത് ഗൗരവമായി ചെയർ ആലോചിക്കണം എന്നാണ് പറയാനുള്ളത്.

(2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ചയ്ക്കായി നോട്ടീസ് നൽകിയിരുന്ന ശ്രീ. വി. ടി. ബൽറാം സഭയിൽ ഹാജരല്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(ii) 2017- ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: സർ, 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലാണിത്. ഇത് ഒരു തവണ സഭയുടെ മുമ്പാകെ അവതരിപ്പിച്ചതാണ്. എന്നാൽ ഈ ബില്ലിന്മേൽ വിശാലമായ ചർച്ച നടക്കേണ്ടതുള്ളതിനാലാണ് വീണ്ടും ചർച്ചയ്ക്ക് തുടക്കംകുറിക്കാൻ തീരുമാനിച്ചത്. ബില്ലിന്റെ അന്തസ്സത്ത പൂർണ്ണമായി പ്രകടിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ചർച്ചയ്ക്ക് ആവശ്യമായ സമയമില്ലാത്തതുകൊണ്ട് വീണ്ടും വിശദമായ ചർച്ച നടത്തേണ്ടതുണ്ടെന്ന് ആമുഖമായി സൂചിപ്പിക്കുകയാണ്. കേരളത്തിലെ പത്രപ്രവർത്തന രംഗത്തെ നട്ടെല്ലായി പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട മേഖലയാണ് പ്രാദേശിക പത്രപ്രവർത്തക മേഖല. പത്ര-ദൃശ്യ മാധ്യമ രംഗത്ത് ഏതാണ്ട് 80 ശതമാനത്തിലധികം വാർത്തകൾ നൽകുന്നത് പ്രാദേശിക പത്രപ്രവർത്തകരാണ്. പ്രാദേശിക പത്രപ്രവർത്തകർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രാദേശിക പത്രങ്ങളുടെയും പ്രധാന പത്രങ്ങളുടെയും പ്രാദേശിക ലേഖകരും ഫോട്ടോഗ്രാഫർമാരെയുമാണ്. ഏതാണ്ട് 3000 പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. നഗരങ്ങളും ഗ്രാമങ്ങളും താലൂക്ക് മണ്ഡലങ്ങളും കേന്ദ്രീകരിച്ച്

പണിയെടുക്കുന്ന ഇവർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് തുടക്കംകുറിച്ച മലയാള പത്രമാധ്യമ പ്രവർത്തനത്തിന് ഏതാണ്ട് 170 വയസ്സ് തികയുന്ന ഘട്ടത്തിലാണ് ഈ പ്രധാനപ്പെട്ട ബിൽ സഭയുടെ മുമ്പാകെ വയ്ക്കാൻ ആഗ്രഹിക്കുന്നത്. ഇവർക്ക് യാതൊരു തൊഴിൽ സുരക്ഷിതത്വവുമില്ല എന്നുമാത്രമല്ല, തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനംപോലും ഇവർക്ക് ലഭിക്കുന്നില്ല. ഡെയ്‌ലി വേജസ് തൊഴിലാളിക്ക് 600 രൂപയെങ്കിലും നൽകണമെന്ന് കേരളത്തിന്റെ തൊഴിൽനയം തന്നെ പറയുന്നുണ്ട്. എന്നാൽ ഇവർക്ക് ഇപ്പോഴും 1,000 രൂപയ്ക്കും 1,500 രൂപയ്ക്കും ഇടയിലുള്ള തുകയാണ് പ്രതിമാസം ലഭിക്കുന്നത്. ആരോഗ്യ ചികിത്സാ പദ്ധതികളോ ക്ഷേമനിധിയോ സൗജന്യ യാത്രാ സൗകര്യങ്ങളോ ഇവർക്കില്ല. എന്നാൽ വാർത്തകൾ സംഭരിക്കുന്നതിനുവേണ്ടി രാപ്പകൽ ഇവർ പണിയെടുക്കുന്നത് പലപ്പോഴും പ്രതിഫലം പ്രതീക്ഷിച്ചല്ല, മാധ്യമ പ്രവർത്തനം നടത്താനുള്ള ആഗ്രഹം കൊണ്ടാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത് പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെക്കുറിച്ചാണ്. പല പ്രാദേശിക പത്രപ്രവർത്തകരും ഫുൾടൈം ജോലിയായല്ല ഇത് ചെയ്യുന്നത്. അവർ അദ്ധ്യാപകരായും മറ്റും ജോലി ചെയ്യുന്നവരാണ്. അതിനിടയ്ക്ക് പാർട്ട് ടൈമായാണ് പ്രാദേശിക പത്രപ്രവർത്തനത്തിൽ ഏർപ്പെടുന്നത്. അവരെക്കൂടി ക്ഷേമനിധിയിൽ കൊണ്ടുവരണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ മുഴുവൻസമയ പത്രപ്രവർത്തകർക്ക് മാത്രമായി ക്ഷേമനിധി കൊണ്ടുവരണമെന്നല്ല ഉദ്ദേശിച്ചത്. പത്രപ്രവർത്തന രംഗത്ത് വിരാജിക്കുന്ന എല്ലാവർക്കും ഇത് ഉപയോഗപ്പെടണം. ഇവരിൽ എല്ലാവരും സർക്കാർ സർവീസിൽ പോയി ആനുകൂല്യങ്ങൾ നേടി പത്രപ്രവർത്തന രംഗത്തേയ്ക്ക് വന്നവരല്ല. പ്രാദേശിക പത്രപ്രവർത്തനത്തിന് സഹായം ലഭിക്കാത്തതുകൊണ്ട് വീട്ടിലെ ദുരിതം പരിഹരിക്കുന്നതിനായി എന്തെങ്കിലും പുറംപണികൾക്ക് അപൂർവ്വമായി ആളുകൾ പോകുന്നുണ്ടായിരിക്കാം. പക്ഷേ സമൂഹത്തിന്റെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മനുഷ്യരെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ അതിൽ പ്രാദേശിക പത്രപ്രവർത്തകരും ഉൾപ്പെടും. അവർ സമൂഹത്തിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ഇതിനായി ഒരു കോടി രൂപ ബജറ്റിൽ മാറ്റിവച്ചു.

എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രണ്ട് കോടി രൂപ മാറ്റിവച്ചു. എന്നാൽ ഇതുവരെ ഒരു നടപടിയുമെടുത്തിട്ടില്ല. പ്രാദേശിക പത്രപ്രവർത്തകരടക്കമുള്ള കരാർ തൊഴിലാളികളെ സ്ഥിരം ജീവനക്കാരായി കണക്കാക്കി അവർക്കുവേണ്ടി ക്ഷേമനിധി ആരംഭിക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ പറഞ്ഞതാണ്. അതിന് തടസ്സമായി ബന്ധപ്പെട്ടവർ പറഞ്ഞിരുന്നത് വേജ് ബോർഡിന്റെ പരിധിയിൽ ഈ വിഷയം ഇല്ല എന്നാണ്. ഇത് തികച്ചും തെറ്റായ ഒരു കാര്യമാണ്. കാരണം കേന്ദ്രസർക്കാർ അംഗീകരിച്ച അവസാനത്തെ വേജ് ബോർഡിൽ രണ്ട് സ്ഥലത്ത് പ്രാദേശിക പത്രപ്രവർത്തകരെക്കുറിച്ച് വളരെ കൃത്യമായി പറയുന്നുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ കൊണ്ടുവന്ന ക്ഷേമനിധി നിലവിലുണ്ട്. അതിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്കും അംഗമാകാമെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ആ ക്ഷേമനിധിയിൽ ഇവർക്ക് അംഗമാകുന്നതിന് രണ്ടുതരത്തിലുള്ള തടസ്സങ്ങളുണ്ട്. അതിലൊന്ന്, വേജ് ബോർഡിന്റെ പരാമർശത്തിൽ ഇവർ ഉൾപ്പെട്ടിരുന്നില്ല എന്നതാണ്. എന്നാൽ ഇപ്പോൾ രണ്ട് സ്ഥലത്ത് ഉൾപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് പത്ര മുതലാളിമാർ സമർപ്പിച്ച അന്യായത്തിൽ സുപ്രീംകോടതി വിധി പറഞ്ഞിട്ടുള്ളത് കേരളത്തിന്റെ ആദരണീയനായ ഗവർണർ ജസ്റ്റിസ് പി. സദാശിവം ചീഫ് ജസ്റ്റിസായിരുന്ന ബഞ്ചാണ്. നമ്മുടെ നാട്ടിലെ പ്രാദേശിക പത്രപ്രവർത്തകരുടെ ദുരിതങ്ങളും ദുഃഖങ്ങളും മാറ്റാൻ, അവർക്ക് സമൂഹത്തിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന പ്രശ്നമാണ് ഈ ബില്ലിന്റെ ഭാഗമായി ഞാൻ ഉന്നയിക്കുന്നത്. വളരെ ദീർഘമായ ചർച്ചകൾ ഇതിനാവശ്യമാണ്. പതിനായിരക്കണക്കിന് ആളുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. നാട്ടിൻപുറങ്ങളിൽപ്പോലും രണ്ടോ മൂന്നോ പ്രാദേശിക ടി.വി. ചാനലുകൾ ഇപ്പോൾ സജീവമാണ്. പത്രമാധ്യമങ്ങളിൽ നേരത്തെയുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി പ്രാദേശിക വാർത്തകളുടെ ഒരു കുത്തൊഴുക്കുണ്ട്. താലൂക്ക് തലത്തിലും മണ്ഡലം തലത്തിലുമുള്ള എഡിഷനുകൾക്കു പുറമെ, ഭാവിയിൽ കൂടുതൽ വാർത്ത ലഭിക്കാൻ പഞ്ചായത്ത് തലത്തിലുള്ള എഡിഷനും വരുന്ന വിധത്തിൽ പ്രാദേശിക പത്രപ്രവർത്തകർ ഇന്ന് നമ്മുടെ സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായി മാറിയിട്ടുണ്ട്.

ബഹുമാനപ്പെട്ട റ്റി. വി. രാജേഷ് സൂചിപ്പിച്ചപോലെ അത്തരം ചില ക്ഷേമനിധികളിൽ ഇവരെ അംഗങ്ങളാക്കാൻ സാങ്കേതികമായ തടസ്സങ്ങൾ ബന്ധപ്പെട്ടവർ ഉന്നയിക്കുകയാണ്. ഞാൻ ചുരുക്കുകയാണ്, സംസാരിക്കാൻ ഏറെ കാര്യങ്ങളുള്ളതുകൊണ്ട് കൂടുതൽ വിശദമായ ചർച്ചകൾക്കുവേണ്ടി ഇത് മാറ്റിവയ്ക്കുകയാണ്. പ്രാദേശിക പത്രപ്രവർത്തക ബിൽ യാഥാർത്ഥ്യമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തുടർചർച്ച ആവശ്യമാണെന്ന് അറിയിക്കുകയാണ്.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 26-ാംതീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021